# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 13, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി.ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1659/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..85

II. **ചരമോപചാരം**

എച്ച്.ആർ. ഭരദ്വാജ്, ടി. നാണു മാസ്റ്റർ എന്നിവരുടെ നിര്യാണം ..406

III. **അടിയന്തരപ്രമേയം**

കോവിഡ് 19-നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

(ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു) ..407

IV. **മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസ്സുകൾ ..452

V. **റിപ്പോർട്ട് സമർപ്പണം**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്
പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴു
മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ ..458

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് ..458

VI. **റിപ്പോർട്ട് പരിഗണന**

കാര്യോപദേശകസമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് ..459

VII. **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ലൈഫ് മിഷൻ ഭവന പദ്ധതി

-മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ..463

*പേജ്*

**VIII. ധനകാര്യം**

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..464

**IX. നിയമനിർമ്മാണകാര്യം**

2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും ..480

2020-ലെ കേരള ധനകാര്യ ബില്ലിന്റെയും 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെയും അവതരണം ..482

**അനുബന്ധം - I - VI** ..484

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

*2020 മാർച്ച് 13, വെള്ളി*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2020 മാർച്ച് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *241

#### ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം

1(*241) ശ്രീമതി യു. പ്രതിഭ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽപ്പെട്ടവരുടെയും കുടുംബാംഗങ്ങളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ;

(ബി) വീടും ഉപജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി നൽകിയ സഹായങ്ങൾ എന്തെല്ലാമാണ്; തീരപ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും തീരസുരക്ഷയ്ക്കുമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഓഖിയുടെയും കാലാവസ്ഥാ വ്യതിയാനംകൊണ്ട് ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളുടെയും പശ്ചാത്തലത്തിൽ കടൽ മത്സ്യബന്ധനം സുരക്ഷിതമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണ്; മറൈൻ ആംബുലൻസ് പ്രവർത്തനസജ്ജമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, (എ) 2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് സംസ്ഥാനത്ത് 52 മത്സ്യത്തൊഴിലാളികൾ മരിക്കുകയും 91 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) വീടും ഉപജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി നൽകിയ സഹായങ്ങൾ, തീരപ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും തീരസുരക്ഷയ്ക്കുമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(സി) മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 1132 ലൈഫ് ബോയെകൾ വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ 1500 കിലോമീറ്റർ വരെ ദൂരത്തിൽ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം എത്തിക്കുന്നതിന് ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള 'നാവിക്' ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് DAT, GPS, VHF, മറൈൻ റേഡിയോ, എക്കോ സൗണ്ടർ എന്നിവയും മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP, VMS എന്നിവയും സബ്സിഡിയോടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് അപകടമുന്നറിയിപ്പുകളും കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും വിവരം നൽകുന്നതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഇൻകോയിസ് ടി നമ്പരുകളിലേയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്. 2018-19 മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാക്കുന്നതിനായി മൂന്ന് മറൈൻ ആംബുലൻസുകൾ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പുരോഗമിക്കുകയാണ്. ഇതിൽ ഒരെണ്ണം 2020 മാർച്ച് 9-ന് നീറ്റിലിറക്കിക്കഴിഞ്ഞു. 2020 മാർച്ച് 31-നകം ഒരു മറൈൻ ആംബുലൻസ് പ്രവർത്തനസജ്ജമാകും. ബാക്കി ഏപ്രിൽ മാസത്തിലും നിർമ്മാണം പൂർത്തീകരിക്കും.

ശ്രീമതി യു. പ്രതിഭ: സർ, വറുതിയുടെ നാളുകൾ പിന്തള്ളി സമൃദ്ധിയിലേയ്ക്ക് തീരപ്രദേശത്തെ കൊണ്ടുപോകാനും കടലിന്റെ മക്കളുടെ കണ്ണീരൊപ്പി അവരോടൊപ്പം നിൽക്കാനും കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. ആ മേഖലയിൽ ഇടപെട്ട കാര്യങ്ങളെപ്പറ്റി കഴിഞ്ഞ ദിവസം ഉപധനാഭ്യർത്ഥന ചർച്ചയിൽ വളരെ വിശദമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നമ്മളെല്ലാവരും കേട്ടതാണ്. സാമ്പത്തിക പ്രതിസന്ധി ലോകമെങ്ങും ഉണ്ടാകുന്നുണ്ട്. പ്രതിസന്ധി കാലഘട്ടത്തിലും തീരപ്രദേശത്തിന്റെ മക്കളോട് മുണ്ട് മുറുക്കിയുടുക്കാൻ പറയുകയോ അവരുടെ വികസനകാര്യങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളോ ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. എന്നാൽ, ഹാർബർ എഞ്ചിനീയറിംഗ് മേഖലയിൽ കല്ലുകെട്ടൽ ഉൾപ്പെടെയുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്ന് പ്രത്യേകമായി എന്തെങ്കിലും സഹായങ്ങൾ കിട്ടുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തീരദേശ സംരക്ഷണമെന്ന പേരിൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയില്ല. മുമ്പ് ഹാർബറുകൾക്കായി പദ്ധതിയുണ്ടായിരുന്നു. ഈ പദ്ധതി തുടങ്ങുമ്പോൾ എൺപത് ശതമാനം തുക കേന്ദ്ര സർക്കാരും ഇരുപത് ശതമാനം സംസ്ഥാന സർക്കാരുമായിരുന്നു വഹിച്ചിരുന്നത്. പിന്നീടതിൽ കേന്ദ്ര-സംസ്ഥാന അനുപാതം 60:40-ലേയ്ക്കും 50:50-ലേയ്ക്കും 40:60-ലേയ്ക്കും മാറി. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത്തരം സബ്സിഡിയോടുകൂടിയുള്ള ഹാർബർ വികസനം അവസാനിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ അവർ നമ്മളെ അറിയിച്ചിരിക്കുന്നത് എഫ്.ഐ.ഡി.എഫ്. (Fisheries Infrastructure Development Fund)-ൽ നിന്ന് നമുക്ക് വായ്പയെടുക്കാമെന്നാണ്. 'എത്ര ഹാർബറുകൾക്കു വേണമെങ്കിലും നിങ്ങൾ വായ്പയെടുത്തുകൊള്ളൂ, പലിശ സബ്സിഡി ഞങ്ങൾ തരും' എന്ന പുതിയ പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ മാറുകയാണ്. അതിനാൽ ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പിന്മാറുന്ന ഒരു സ്ഥിതിയാണിപ്പോൾ ഉണ്ടായിട്ടുള്ളത്.

ശ്രീമതി യു. പ്രതിഭ: സർ, ഏറെ പ്രശംസനീയമായ ഒരു പദ്ധതിയാണ് 'ശുചിത്വ സാഗരം'. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് മാലിന്യം അടിഞ്ഞ് മത്സ്യപ്രജനനം കുറയുന്നതിന്റെ അടിസ്ഥാനത്തിൽ തുറമുഖ എഞ്ചിനീയറിംഗ്, ഫിഷറീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകളും മത്സ്യത്തൊഴിലാളികളും ചേർന്ന് അവ കരയിലെത്തിക്കുകയും അത് ലോകശ്രദ്ധ ആകർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ധാരാളം പ്ലാസ്റ്റിക് മാലിന്യങ്ങൾ കരയിലെത്തിക്കുന്നുണ്ടെന്നാണ് തോട്ടപ്പള്ളി ഹാർബർ അടക്കമുള്ളിടത്തുനിന്നും അറിയാൻ കഴിയുന്നത്. കരയിലെത്തിക്കുന്ന ഇത്തരം മാലിന്യങ്ങൾ ഒറ്റത്തവണയായി സംസ്കരിക്കുന്നതിനുള്ള ഇടപെടൽ നീണ്ടകര ഹാർബറിൽ ചെയ്തതുപോലെ എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കുമോ? ഏറ്റവും ശ്രദ്ധേയമായിട്ടുള്ളതും അഭിനന്ദനാർഹവുമായ ഒരു പദ്ധതിയാണിത്. ഈ ജനവരി ഒന്നാം തീയതി മുതൽ കേരള സർക്കാർ ഒറ്റത്തവണ പ്ലാസ്റ്റിക് നിരോധിച്ചതുകൊണ്ട് പഴയതുപോലുള്ള മാലിന്യം ഇനിയുണ്ടാകില്ല. നിലവിലുള്ള മാലിന്യം സംസ്കരിക്കുന്നതിന് നീണ്ടകര മോഡൽ എല്ലായിടത്തേയ്ക്കും വ്യാപിപ്പിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിന് ഉദ്ദേശിക്കുന്നുണ്ട്. യു.എൻ.ഒ.-യും വേൾഡ് ഇക്കണോമിക് ഫോറവും അടക്കം അഭിനന്ദനം അറിയിച്ച ഒരു പദ്ധതിയാണ് നീണ്ടകരയിൽ ആരംഭിച്ച 'ശുചിത്വ സാഗരം' പദ്ധതി. മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും സഹകരണത്തോടുകൂടി കടലിൽനിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം കരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും വിവിധ കേന്ദ്ര ഗവൺമെന്റ് ഏജൻസികളും സംയുക്തമായി ഏറ്റെടുത്ത ഒരു പദ്ധതിയാണിത്. ഇതുപ്രകാരം ഇപ്പോൾ നീണ്ടകര ഹാർബറിൽനിന്നുമാത്രം 52,000 ടൺ പ്ലാസ്റ്റിക് മാലിന്യം സംഭരിച്ച് ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഇതേ മോഡൽ കൊച്ചി, ബേപ്പൂർ ഹാർബറുകളിൽക്കൂടി ഉടൻ വിന്യസിക്കണമെന്ന് ആഗ്രഹിക്കുകയാണ്. ക്രമേണ മറ്റ് ഹാർബറുകളിലേയ്ക്കും ഇത് പരീക്ഷിക്കാവുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഹൈദരാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ നാഷണൽ റൂറൽ ഡെവലപ്മെന്റ് ബോർഡിനെ തീരപ്രദേശത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് നേരത്തെ നിശ്ചയിച്ചിരുന്നു. അവർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതികൾ എവിടെവരെയായി? കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ നടപ്പിൽ വന്നെങ്കിൽ മാത്രമേ തീരപ്രദേശത്തെ

മത്സ്യത്തൊഴിലാളികൾക്ക് Coastal Regulation Zone (CRZ)-ൽ നിന്ന് exemption കിട്ടുകയുള്ളൂ. പക്ഷേ മാർച്ച് 31-ന് കാലാവധി കഴിയുന്നതിനുമുമ്പ് തന്നെ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ കേന്ദ്ര ഗവൺമെന്റിന് സബ്മിറ്റ് ചെയ്യുന്നതിന് ഗവൺമെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതിന് മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ 2011-ൽ കൊണ്ടുവന്ന CRZ നിയന്ത്രണത്തിനനുസൃതമായി കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് സ്റ്റേറ്റ് ഗവൺമെന്റാണ്. കഴിഞ്ഞ അഞ്ച് വർഷവും അത് തയ്യാറാക്കാതിരുന്നതുകൊണ്ടാണ് നമ്മൾ ഇത്രയും വലിയ സമ്മർദ്ദത്തിലായത്. ഇപ്പോൾ ഈ ഗവൺമെന്റ് അതിന്റെ എല്ലാ നടപടികളും പൂർത്തീകരിക്കുക യാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത ദിവസങ്ങളിൽ അതുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ നടത്തിയിരുന്നു. പെട്ടെന്നുതന്നെ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിലും മഹാപ്രളയത്തിൽനിന്ന് നാട്ടുകാരെ രക്ഷിച്ച കേരളത്തിന്റെ സ്വന്തം സൈന്യമെന്ന നിലയിലും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്താൻ സർക്കാർ ചെയ്ത കാര്യങ്ങൾ അക്കമിട്ട് നിരത്തിയിട്ടുണ്ട്. ഏതാണ്ട് 4,490 കോടി രൂപയാണ് ഈ കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് വിവിധ പദ്ധതികൾക്ക് നൽകിയത്. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് യാനങ്ങൾ. കടൽക്ഷോഭവും യന്ത്രത്തകരാറുംമൂലം യാനങ്ങൾ കടലിലേയ്ക്ക് താഴ്ന്നുപോയാൽ അതിൽനിന്ന് രക്ഷപ്പെടുത്തിക്കൊണ്ടു വരാനുള്ള ഒരു മാർഗ്ഗവും ഇന്ന് നമുക്കില്ല. വർക്കലയിൽ കഴിഞ്ഞ ദിവസം ഒരു കോടി രൂപയുടെ ബോട്ട് വെള്ളത്തിൽ താഴ്ന്നുപോയി. അദാനി ഗ്രൂപ്പിനെ കൊണ്ടുവന്നുനോക്കിയിട്ടും അതിനെ രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ക്രെയ്ൻ പോലുള്ള സംവിധാനം അടിയന്തരമായി കൊണ്ടുവന്നാലേ മതിയാകൂ. അതിനുവേണ്ടുന്ന നടപടികളെന്തെങ്കിലും സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ആഴക്കടലിലേയ്ക്ക് മുങ്ങിപ്പോകുന്ന ബോട്ടുകൾ പൊക്കിയെടുക്കാനുള്ള ക്രെയ്ൻ സംവിധാനം നമുക്കുമില്ല, ഇന്ത്യാ ഗവൺമെന്റിനും ഇല്ല. മുങ്ങിപ്പോയ ബോട്ടുകളെ പൊക്കിയെടുക്കാൻ കഴിയുന്നില്ല. അത്തരം സിസ്റ്റമിന്ന് നിലവിലില്ല. അത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ആഴക്കടലിലേയ്ക്ക് മുങ്ങിപ്പോകുന്ന വള്ളങ്ങൾക്ക് പകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയല്ലാതെ അത് പൊക്കിയെടുക്കുകയെന്നത് ഇന്നത്തെ കാലത്ത് അസാധ്യമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ഉറപ്പ് നൽകാൻ കഴിയില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, മത്സ്യത്തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട് ഒട്ടേറെ ശ്രദ്ധേയമായ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കുന്നുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് 'പുനർഗേഹം' പദ്ധതിയാണ്. അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര വീടുകൾ ഐഡന്റിഫൈ ചെയ്തു; ഇക്കാര്യത്തിൽ ഏത് രീതിയിലുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, സമുദ്ര തീരത്തുനിന്ന് അൻപത് മീറ്ററിനകത്ത് താമസിക്കുന്ന തൊഴിലാളികളാണ് കടൽക്ഷോഭത്തിൽപ്പെട്ട് ദുരിതത്തിനിരയാകുന്നത്. അത് മനസ്സിലാക്കിയ ഗവൺമെന്റ് ശാശ്വത പരിഹാരമെന്ന മട്ടിലും ഓഖിയുടെ പശ്ചാത്തലത്തിലുമാണ് 'പുനർഗേഹം' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 18,685 വീടുകളാണ് തീരദേശത്ത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അൻപത് മീറ്ററിനകത്തുള്ളത്. അവരെയാകെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഈ വർഷം തുടക്കം കുറിച്ചിരിക്കുകയാണ്. വരുന്ന മൂന്ന് വർഷംകൊണ്ടാണ് അത് സാധ്യമാകുന്നത്. 2022 വരെ നീണ്ടുനിൽക്കുന്നതും 2,450 കോടി രൂപ ചെലവ് വരുന്നതുമായ പ്രസ്തുത പദ്ധതിക്ക് 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്. കേരളത്തെ സംരക്ഷിച്ച, കേരളത്തിന്റെ സൈനികരായ മത്സ്യത്തൊഴിലാളികൾക്കുള്ള പ്രതിബദ്ധതയാണ് ഈ പദ്ധതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശംഖുംമുഖത്ത് അത് ഉദ്ഘാടനം ചെയ്തു. 323 തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് തുടക്കം കുറിച്ചു. ഇതിൽ എല്ലാ തീരദേശ എം.എൽ.എ.-മാരുടെയും സഹായംകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭൂമി കണ്ടെത്താനും കണ്ടെത്തിക്കഴിഞ്ഞാൽ ഒരു വീടിന് പത്ത് ലക്ഷം രൂപ വച്ച് വിതരണം ചെയ്യാനും ഡിപ്പാർട്ടുമെന്റ് സന്നദ്ധമാണ്. ഒരുമിച്ച് വലിയ ശ്രമം നടത്തിയാൽ 18,685 വീടുകളിലെ ആളുകളെയും സമയബന്ധിതമായി പുനരധിവസിപ്പിക്കാൻ കഴിയും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഓഖി ദുരന്തത്തിൽ 143 പേരാണ് മരണപ്പെട്ടത്. അവരുടെ കുടുംബാംഗങ്ങൾക്ക് ജോലി വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, അതിൽ പത്താം ക്ലാസ്സ് തോറ്റവരായിട്ടുള്ള 42 പേർക്ക് മാത്രമാണ് നെറ്റ് ഫാക്ടറിയിൽ 10,000 രൂപ ശമ്പളത്തിൽ ജോലി നൽകിയിട്ടുള്ളത്. അവർക്ക് യാത്രാചെലവ് തന്നെ ഏകദേശം 6,000 രൂപയോളം വരുന്നുണ്ട്. പക്ഷേ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള ഒരാൾക്കുപോലും ജോലി കൊടുത്തിട്ടില്ല. 2017-ൽ ഓഖി

ദുരന്തമുണ്ടായപ്പോൾ ചെയ്ത വാഗ്ദാനം ഇന്നുവരെ പാലിക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ 2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ ഓഖി പാക്കേജ് എന്ന് നടപ്പിലാക്കിത്തുടങ്ങും; എസ്.എസ്.എൽ.സി. പാസ്സായ ഒരാൾക്കെങ്കിലും ഇതുവരെ ജോലി നൽകിയിട്ടുണ്ടോ; എപ്പോൾ അവർക്ക് ജോലി നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഓഖി ദുരന്തത്തിൽ മരണപ്പെട്ട 143 കുടുംബങ്ങളുടെ എല്ലാ സ്ഥിതിവിവര കണക്കുകളും ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിൽ പ്രായമായവരെ അത്തരത്തിലാണ് നമ്മൾ പരിഗണിക്കുന്നത്. 40 വയസ്സിൽ താഴെയുള്ള പത്താംതരം പാസ്സാകാത്ത 42 പേർക്കാണ് താൽകാലികമായി മത്സ്യഫെഡിൽ ജോലി നൽകിയിട്ടുള്ളത്. നാല്പത് വയസ്സിൽ താഴെ പത്താം തരത്തിനു മുകളിലുള്ള 12 പേരാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി റിവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആരോഗ്യ വകുപ്പിൽ ജോലി കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അവർക്ക് ജോലി കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. എത്രയും പെട്ടെന്ന് ആവശ്യമായ നടപടി സ്വീകരിക്കും. നാലായിരത്തി ചില്ല്വാനം കോടി രൂപയുടെ പാക്കേജാണ് ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഇത്രയും ബൃഹത്തായ തീരസംരക്ഷണവും തീരസുരക്ഷയും അടങ്ങുന്ന പദ്ധതി നടപ്പിലാക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്; ഇല്ലെങ്കിൽ അത് നിർഭാഗ്യകരമെന്നേ പറയാനുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, പുനർഗേഹം പദ്ധതി പ്രകാരം എന്റെ മണ്ഡലത്തിലെ നിരവധി മത്സ്യത്തൊഴിലാളികൾ മാറി താമസിക്കാൻ തയ്യാറായിട്ടുണ്ട്. പക്ഷേ, അവർക്ക് കൊടുക്കാമെന്നുപറയുന്ന 6 ലക്ഷം രൂപയ്ക്ക് മൂന്ന് സെന്റ് ഭൂമി ലഭ്യമാകാൻ ഒരു സാധ്യതയുമില്ല. സർക്കാർഭൂമി ആ ഭാഗത്ത് ലഭ്യവുമല്ല. അവർക്ക് നിലവിൽ താമസിക്കുന്ന തൊഴിൽ മേഖല വിട്ട് ദൂരെ പോകാൻ പ്രയാസവുമുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുത്ത് അവർക്ക് വീട് നിർമ്മിച്ച് കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞതുപോലുള്ള ബുദ്ധിമുട്ട് ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. പക്ഷേ, മൂന്ന് സെന്റ് തന്നെ വേണമെന്നില്ല, രണ്ട് സെന്റ് ഭൂമിയായാലും വീട് വയ്ക്കാൻ കഴിയും. ഒരുപാട്

സ്ഥലങ്ങളിൽ അത് ലഭ്യമാണ്. തീരദേശത്തുനിന്നും ഒരു കിലോമീറ്ററിനുള്ളിൽ തന്നെയാണ് അവർ താമസിക്കേണ്ടത്. കഴിയുന്നത്ര സർക്കാർ ഭൂമി ലഭ്യമാകുന്നിടത്ത് അങ്ങനെ ചെയ്യാം. കുറേ സ്ഥലങ്ങളിൽ അത് കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. അല്ലാത്ത സ്ഥലങ്ങളിൽ രണ്ട് സെന്റെങ്കിലും മിനിമം വാങ്ങാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലാണ് നടത്തുന്നത്. ചില സന്നദ്ധ സംഘടനകൾ സഹായിക്കാൻ തയ്യാറാണ്. അതുകൊണ്ടാണ് ഞാൻ നേരത്തെതന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സഹായം അഭ്യർത്ഥിച്ചത്. ഗവൺമെന്റിന് 10 ലക്ഷം രൂപയിൽ കൂടുതൽ യൂണിറ്റ് കോസ്റ്റ് ഒരു തൊഴിലാളിക്ക് കൊടുക്കാൻ കഴിയില്ല. ഇതുതന്നെ 2450 കോടി രൂപയാണ് ചെലവ് വരുന്നത്. അത്രയുംതുക കണ്ടെത്തുകയെന്നത് ശ്രമകരമായ ജോലിയാണ്. അതിനപ്പുറത്തേയ്ക്ക് പോകുകയെന്നത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അസാധ്യവുമാണ്. അതുകൊണ്ട് എല്ലാവരുടെയും സഹകരണമാണ് ഇക്കാര്യത്തിൽ വേണ്ടത്. ഒരുമിച്ച് നിന്നാൽ ഭൂമി കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ദശാബ്ദങ്ങളായി മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ് ചീനവലകൾ. ഇത് നീക്കം ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, നിയമവിരുദ്ധമായി ഒരുപാട് സ്ഥലങ്ങളിൽ ചീനവലകൾ സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ഒരു കേസ് വരികയും അതിന്റെ ഭാഗമായി ഇവ അതിവേഗം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഉത്തരവ് വരികയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് വിവിധ ജില്ലകളിൽനിന്നുള്ള ട്രേഡ് യൂണിയനുകളും ജനപ്രതിനിധികളും ഹൈക്കോടതി ഉത്തരവ് അതുപോലെ നടപ്പിലാക്കരുതെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ, ഇത് നീക്കം ചെയ്തേ മതിയാകൂ. പല സംഘടനകളും അഞ്ചും പത്തും ചീനവലകൾ വച്ചിട്ടുണ്ട്. അതുപോലെ നിയമവിരുദ്ധമായ ഒരുപാട് കാര്യങ്ങൾ കായലുകളിൽ നടക്കുന്നുണ്ട്. അവയൊക്കെ നിയമ-നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള ചർച്ച തുടങ്ങിയിട്ടുണ്ട്. കോടതിവിധി ലംഘിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയില്ല. കഴിയുന്നത്ര സമന്വയമുണ്ടാക്കി ഒന്നോ രണ്ടോ ചീനവലയ്ക്കപ്പുറം ഒരാൾക്കും കൊടുക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. അങ്ങനെ ന്യായമായ തീരുമാനമെടുക്കാനുള്ള ചർച്ചയിലേയ്ക്ക് ഗവൺമെന്റ് കടന്നിരിക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഓഖി, സുനാമി ദുരന്ത കാലങ്ങളിൽ വലിയ നാശനഷ്ടമുണ്ടായ പ്രദേശമാണ് ചെല്ലാനം മുതൽ മുനമ്പം വരെയുള്ള തീരപ്രദേശം. വലിയ തോതിൽ തീരം നഷ്ടമാകുന്നത് തടയാൻവേണ്ടി പഠനങ്ങളും ഉപദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അത് എപ്പോൾ നടപ്പിലാക്കുമെന്ന് പറയാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഓഖി പാക്കേജിൽത്തന്നെ 58 കോടി രൂപ കേരള സർക്കാർ വകയിരുത്തി തീരസംരക്ഷണ പദ്ധതി ആരംഭിച്ചു. ഇപ്പോൾ 'ഓഫ് ഷോർ ബ്രേക്ക് വാട്ടർ' എന്ന പേരിൽ ജിയോ ട്യൂബ് വച്ചിട്ടുള്ള ഒരു പുതിയ പദ്ധതി എൻ.ഐ.ഒ.റ്റി.(National Institute of Ocean Technology)-യുടെ സാങ്കേതിക സഹായത്തോടുകൂടി കേരളത്തിലെ പൂന്തുറയിൽ ആവിഷ്കരിച്ചു. ഇന്നലെ അതിന്റെ റിവ്യൂ നടത്തിയിരുന്നു. ഇപ്പോൾ പൈലറ്റായി ചെയ്യുന്നത് 700 മീറ്ററാണ്. പൂന്തുറ മുതൽ ശംഖുംമുഖം വരെയുള്ള 7 കിലോമീറ്റർ തീരം സംരക്ഷിക്കാൻ ജിയോട്യൂബ് വച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പ്രയോഗത്തിൽ വരുത്താനാണുദ്ദേശിക്കുന്നത്. കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്തുത പദ്ധതി എന്ന് നടപ്പാക്കുമെന്ന് ചോദിച്ചിരുന്നു. ഇന്നലെ അതിന്റെ ടെണ്ടർ ഓപ്പൺ ചെയ്തു. ഒരു കരാറുകാരനെ കിട്ടിയിട്ടുണ്ട്. ഇന്നലെ എൻ.ഐ.ഒ.റ്റി.-യുടെ ഡയറക്ടർ കേരളത്തിൽ എത്തുകയും ഞങ്ങളുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായി ഏപ്രിൽ ആദ്യവാരം നിർമ്മാണം തുടങ്ങാനാണ് ആലോചിക്കുന്നത്. പൈലറ്റ് പ്രോജക്ടായ 700 മീറ്റർ മൂന്ന് മാസംകൊണ്ട് ചെയ്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചെന്നൈയിൽ കടലൂരിലാണ് ഈ പദ്ധതി മുമ്പ് പ്രയോഗിച്ചിട്ടുള്ളത്. കേരളത്തിൽ ആദ്യമായി പാറയ്ക്ക് പകരം ജിയോ ട്യൂബ് വച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. അത് വിജയകരമായാൽ വലിയൊരു മാറ്റത്തിന് സാക്ഷ്യം വഹിക്കാൻ കഴിയും. കേരളത്തിന്റെ മലകളെല്ലാം ഇടിക്കുകയെന്നതിൽ നിന്നുംമാറി ജിയോ ട്യൂബ് വച്ച് തീരം സംരക്ഷിക്കുകയെന്ന അടിസ്ഥാനപരമായ മാറ്റത്തിന് തുടക്കം കുറിക്കുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സമുദ്രം മാലിന്യമുക്തമാക്കുന്നതിന് സഹായകരമായ രീതിയിൽ മത്സ്യത്തൊഴിലാളികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ടുവന്ന് സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ സംസ്കരണ കേന്ദ്രത്തിലേയ്ക്ക് ഇവ എത്തിക്കാനുള്ള സംവിധാനം വേണ്ടത്ര പ്രാവർത്തികമായിട്ടില്ല. അതിന്റെ ഫലമായി എന്റെ മണ്ഡലത്തിലെ കായംകുളം ഹാർബറിൽ വലിയ തോതിലുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുകയാണ്. തുടക്കത്തിൽ പഞ്ചായത്ത് തലത്തിൽ

മുൻകയ്യെടുത്ത് അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. പക്ഷേ, പഞ്ചായത്തിന്റെ ഫണ്ട് തീർന്നതോടുകൂടി ഈ സാധനങ്ങൾ അവിടെ കെട്ടിക്കിടക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമുണ്ടാക്കി കടലിൽനിന്നും കരയിലെത്തിക്കുന്ന മാലിന്യങ്ങൾ എന്റെ മണ്ഡലത്തിന്റെ അടുത്തുള്ള പ്ലാന്റായ നീണ്ടകരയിൽ എത്തിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മാലിന്യങ്ങൾ കായംകുളം ഹാർബറിൽ കെട്ടിക്കിടക്കുന്നത് സംബന്ധിച്ച് ഒരു വിവരവും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിന് വളരെ കൃത്യമായ ഒരു പദ്ധതി നമുക്കുണ്ട്. മാത്രമല്ല, കടലിൽനിന്നും കൊണ്ടുവരുന്ന മാലിന്യങ്ങൾ അപ്പോൾ തന്നെ ശേഖരിക്കാൻ SAF (Society for Assistance to Fisherwomen)-ൽ പത്തിരുപത്തിയഞ്ച് പേർക്ക് പരിശീലനം നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അവർ അത് ശേഖരിച്ച് കൊണ്ടുവരുന്ന സമയത്തുതന്നെ വൃത്തിയാക്കി ഷ്രെഡ്ഡിംഗ് യൂണിറ്റിൽ ഏൽപ്പിക്കുകയാണ്. അതുകൊണ്ടുമാത്രം പോരാത്തതുകൊണ്ട് കോസ്റ്റൽ പഞ്ചായത്തുകളിലെയും പ്ലാസ്റ്റിക് ഞങ്ങൾ ശേഖരിച്ചിരുന്നു. അങ്ങനെ ആലപ്പാട് പഞ്ചായത്തിന്റെ പ്ലാസ്റ്റിക്കും വളരെ കൃത്യമായി കൊണ്ടുവരാൻ സംവിധാനമുണ്ട്. മാലിന്യങ്ങൾ ഹാർബറിൽ എവിടെയാണ് കെട്ടിക്കിടക്കുന്നതെന്നത് എന്റെ ശ്രദ്ധയിൽവന്നിട്ടില്ല. അത് പരിശോധിക്കാം.

ശ്രീ. എ. എൻ. ഷംസീർ: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ ശക്തമായ ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. എന്റെ ചോദ്യം, കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസ് (INCOIS)-ന്റെ നിലവാരത്തിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷൻ സ്റ്റഡീസ് (KUFOS)-നെ ഉയർത്താൻ നമുക്ക് സാധിക്കുമോ? അതുപോലെതന്നെ ഹാർബർ മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനത്തിൽ വരുമെന്ന് കുറേ നാളുകളായി പറയുന്നു; ഇതുവരെയും നിലവിൽ വന്നിട്ടില്ല. അതുകൊണ്ട് പല ഹാർബറുകളും പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. ഹാർബർ മോണിറ്ററിംഗ് കമ്മിറ്റി എപ്പോൾ നിലവിൽ വരുമെന്ന് പറയാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, 'ഇൻകോയിസ്'-ന്റെ നിലവാരത്തിലേയ്ക്ക് കുഫോസിന് വരാൻ കഴിയില്ല. ഇൻകോയിസ് ഒരു കേന്ദ്ര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ അപ്പപ്പോൾ നൽകുകയും ചെയ്യുന്ന പ്രശസ്തമായ ഒരു ഗവേഷണ സ്ഥാപനമാണ്. കുഫോസ് ഒരു യൂണിവേഴ്സിറ്റിയാണ്. അതിനും ഇൻകോയിസിന്റെ

സാങ്കേതിക സഹായം തേടാവുന്നതാണ്. അത്തരത്തിൽ വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെ ശാസ്ത്രീയ നേട്ടങ്ങൾ കൈവശമാക്കി മുന്നോട്ട് പോകാൻ കഴിയേണ്ടതാണ് കുഫോസ്. രണ്ടും രണ്ട് സ്ഥാപനങ്ങളാണ്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റി 12 ഹാർബറുകളിൽ നിലവിൽ വന്നു. ആ 12 ഹാർബറുകളുടെയും തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കിയ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് അവരെ പരിശീലിപ്പിക്കാൻ കഴിഞ്ഞ രണ്ടാഴ്ച മുമ്പ് കൊച്ചിയിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും എല്ലാ ഹാർബറുകളിൽനിന്നുമുള്ള പ്രതിനിധികൾ അവിടെ എത്തുകയും ചെയ്തിരുന്നു; അതിന് തുടക്കം കുറിച്ചുകഴിഞ്ഞു.

## റോഡ് നിർമ്മാണ പ്രവർത്തനത്തിൽ കണ്ടെത്തിയ അപാകതകൾ

2(*242) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവർത്തനത്തിൽ എന്തൊക്കെ അപാകതകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) നിർത്തിവച്ച പ്രവൃത്തികളുടെ കിഫ്ബി റിപ്പോർട്ട് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ&ബി) കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിലുള്ള 10 റോഡുകളുടെ നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടായി. കിഫ്ബിയുടെ സ്റ്റോപ്പ് മെമ്മോ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

---

+

(സി) ഉണ്ട്. കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ നിർമ്മാണച്ചുമതലയുള്ള ഉദ്യോഗസ്ഥരിൽനിന്നും കരാറുകാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയുടെ പുരോഗതി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നിർത്തിവച്ച 10 പ്രവൃത്തികളിൽ 9 എണ്ണത്തിന്റെയും ഒബ്സർവേഷൻ മെമ്മോയിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അതുപ്രകാരം ആ പ്രവൃത്തികളുടെ സ്റ്റോപ്പ് മെമ്മോ കിഫ്ബി പിൻവലിക്കുകയും പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ സ്റ്റോപ്പ് മെമ്മോ മാത്രമാണ് നിലവിൽ പിൻവലിക്കാത്തത്. ഒബ്സർവേഷൻ മെമ്മോയിലെ എല്ലാ നിർദ്ദേശങ്ങളും ഉടനടി പാലിച്ച് ആവശ്യമായ റിപ്പോർട്ട് രേഖകൾ സഹിതം നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

പത്ത് പദ്ധതികളുള്ളതിൽ M/s. കുദ്രോളി കൺസ്ട്രക്ഷൻസ് കമ്പനിയാണ് മൂന്ന് പദ്ധതികളിലും വീഴ്ച വരുത്തിയിട്ടുള്ളത്. അമരവിള- ഒറ്റശേഖരമംഗലം റോഡ്, കല്ലടുക്ക-ചെർക്കള റോഡ്, കൽപ്പറ്റ-വാരാമ്പറ്റ റോഡ് എന്നിവയിലാണ് അവരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളത്. M/s. അശ്വതി കൺസ്ട്രക്ഷൻസ് കള്ളിക്കാട്-പാറശ്ശാല ഹിൽ ഹൈവേയുടെ കാര്യത്തിലും M/s. ശ്രീധന്യ കൺസ്ട്രക്ഷൻസ് ആയൂർ-ഇത്തിക്കര റോഡിന്റെ കാര്യത്തിലും M/s. അക്ഷയാ ബിൽഡേഴ്സ് കൺസ്ട്രക്ഷൻസ് പാങ്ങോട്- കടയ്ക്കൽ-ചിങ്ങോലി-ചടയമംഗലം റോഡിന്റെ കാര്യത്തിലും M/s. എ. ഇബ്രാഹിം കുട്ടി കമ്പനി അടൂർ ടൗൺ ബ്രിഡ്ജ് റോഡിന്റെ കാര്യത്തിലും M/s. ഫറൂക്ക് കൺസ്ട്രക്ഷൻസ് കൈതവന പഴയനടക്കാവ്-അമ്പലപ്പുഴ വടക്കേനട റോഡിന്റെ കാര്യത്തിലും M/s. കെ.സി.പി. എഞ്ചിനീയേഴ്സ് എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ കാര്യത്തിലും M/s. ബാബ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് പേരാമ്പ്ര-ചെറുവണ്ണൂർ-വടകര റോഡിന്റെ കാര്യത്തിലുമാണ് വീഴ്ച വരുത്തിയിട്ടുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ന്യൂനതകളും അതിന് പൊതുമരാമത്ത് വകുപ്പ് നൽകിയ മറുപടിയും പരിശോധിക്കുമ്പോൾ ഒട്ടുമിക്ക ന്യൂനതകളും അംഗീകരിച്ചുകൊണ്ടുള്ള മറുപടിയാണെന്ന് മനസ്സിലാക്കാൻ കഴിയും. പണി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നു; യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്താതെ റോഡിൽ മെക്കാഡം ടാറിംഗ് നടത്തുന്നു; ക്വാളിറ്റി കുറഞ്ഞ വർക്ക് ചെയ്യുന്ന എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഒട്ടുമിക്കതും അംഗീകരിച്ചിരിക്കുന്നു. പത്ത് വർക്കുകളിൽ പലതും അംഗീകരിച്ചുകൊണ്ടുള്ള മറുപടിയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്ത് പതിവ് ശൈലിയിൽത്തന്നെ ഇത്തരത്തിലുള്ള അലംഭാവമുണ്ടായിട്ടുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. അത്തരം കാര്യങ്ങൾ

ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; കിഫ്ബിയിൽ മാത്രമല്ല സമസ്ത തലങ്ങളിലും സമയബന്ധിതമായി റോഡ് വർക്കുകൾ തീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂവായിരത്തിലേറെ റോഡുകൾ PWD പുനർനിർമ്മിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഇരുന്നൂറോളം റോഡുകൾ നിർമ്മിച്ചതിൽ പത്തെണ്ണത്തിനാണ് പ്രശ്നമുണ്ടായത്. കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ച തിരുത്താനുള്ള കെൽപ്പില്ലായ്മയാണ് പ്രധാന കാരണം. ദീർഘകാലത്തെ തെറ്റായ പ്രവർത്തനങ്ങളുടെ ഫലമായി പല അപാകതകളിലും മുങ്ങിക്കിടന്ന എഞ്ചിനീയറിംഗ് വിഭാഗം വളരെയധികം മാറിയിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. അവശേഷിക്കുന്ന പ്രശ്നങ്ങളാണ് ഇതിലുള്ളത്. ഇതെല്ലാം പരിശോധിച്ച് തിരുത്തലുകൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ കോൺട്രാക്ടർക്കും യഥാസമയം കോൺട്രാക്ടറെ തിരുത്താതിരുന്ന എഞ്ചിനീയർമാർക്കുമെതിരെ കർശന നിലപാടെടുക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കിഫ്ബി പ്രവൃത്തികളെ അങ്ങ് വിശേഷിപ്പിക്കുന്നത് 'കിംബി' എന്നാണ്. അത് ഈ സഭയിൽത്തന്നെ നമ്മൾ കേട്ടതാണ്. അതുപോലെ കിഫ്ബിയിൽ കുറേ ബഹൻമാർ ഇരിക്കുന്നുവെന്ന് അങ്ങ് പരസ്യമായി പറഞ്ഞിട്ടുണ്ട്. അത്തരത്തിലൊരു നിലപാട് സ്വീകരിക്കാനുള്ള കാരണമെന്താണ്; ആ നിലപാടിൽ അയവ് വന്നിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, അതൊക്കെ ബഹുമാനപ്പെട്ട അംഗം സ്വയം പറഞ്ഞുണ്ടാക്കുന്ന നിലപാടാണ്. ഞാനിപ്പോൾ കിഫ്ബിയെന്നുതന്നെയാണ് പറഞ്ഞത്. അതെല്ലാവരും കേട്ടതാണ്. ഇതൊന്നും പ്രധാനപ്പെട്ട കാര്യമല്ല. ആദ്യകാലത്ത് ഒരു ദിവസം ഞാൻ വായിച്ചപ്പോൾ അങ്ങനെ പറഞ്ഞുവെന്നുള്ളത് ശരിയാണ്. അതിനെന്താണ് പ്രശ്നം; അങ്ങനെ പറഞ്ഞതുകൊണ്ട് അതിന്റെ പേര് മാറുമോ? ഇതൊക്കെ ദുർവ്യാഖ്യാനത്തിന് വേണ്ടിയാണെങ്കിൽ അതിന്റെ ആവശ്യമില്ല. അങ്ങയുടെ മണ്ഡലത്തിലെ തൊണ്ണൂറ്റിയെട്ട് ശതമാനം റോഡുകളും ഗതാഗത യോഗ്യമല്ലേ; ഒരു സ്പെല്ലിംഗ് മിസ്റ്റേക്കുകൊണ്ട് അതിനെന്തെങ്കിലും കുഴപ്പമുണ്ടായോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇതൊരിക്കൽ പറഞ്ഞതാണ്, അതൊക്കെ അവസാനിപ്പിക്കണം. അതൊന്നുമല്ല ഇവിടത്തെ പ്രശ്നം. എഞ്ചിനീയർമാർ ഇപ്പോഴും നൂറ് ശതമാനവും ശരിയായിട്ടില്ലെന്നതാണ് ഇവിടത്തെ യഥാർത്ഥ പ്രശ്നം. തൊണ്ണൂറ് ശതമാനമേ ശരിയായിട്ടുള്ളൂ. അക്കാര്യം അങ്ങേയ്ക്കുമറിയാം; അത് പരിഹരിക്കാം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, നിർത്തിവച്ചിരിക്കുന്ന കിഫ്ബി പദ്ധതികളിൽ പത്ത് പ്രവൃത്തികൾ Kerala Road Fund Board (KRFB)-ഉം, നാലെണ്ണം INKEL-ഉം, രണ്ടെണ്ണം KITE-ഉം ആണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. അവ ഇപ്പോൾ നിർത്തിവയ്ക്കേണ്ട സാഹചര്യം വന്നു. ഇത്തരം പ്രശ്നങ്ങളുടെ വെളിച്ചത്തിൽ Special Purpose Vehicle (SPV)-ന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പത്തെണ്ണത്തിൽ ഒന്നുപോലും INKEL-ന്റേത് ഇല്ല. റോഡ് നിർമ്മാണമൊന്നും അവരെ ഏൽപ്പിക്കാറില്ല. കാരണം അവർക്ക് അതിനുള്ള കപ്പാസിറ്റിയൊന്നുമില്ല. അവരെ ഏൽപ്പിച്ച പാലങ്ങൾപോലും പണിയുന്നില്ല. അതുകൊണ്ട് അവരെ ഒഴിവാക്കിയിട്ടുണ്ട്. ഈ വർക്കുകളെല്ലാം KRFB-യുടേതാണ്. KRFB ആണ് SPV. പാലങ്ങൾ നിർമ്മിക്കാൻ INKEL തയ്യാറായെങ്കിലും ഒരു പ്രവൃത്തിയും അവർക്ക് ചെയ്യാൻ കഴിഞ്ഞില്ല. അത് വേറെ ഇഷ്യുവാണ്. ഗുണനിലവാരം മെച്ചപ്പെടുത്താൻ കിഫ്ബിയിൽനിന്നുതന്നെ നിരന്തരം ട്രെയിനിംഗും മറ്റും നൽകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമുഖേന സൂപ്പർ റോഡൊക്കെ നിർമ്മിച്ചില്ലേ? ധാരാളം പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി കുറേ എഞ്ചിനീയർമാരുടെ നോട്ടക്കുറവും കോൺട്രാക്ടർമാരുടെ ആധിപത്യത്തെ ചെറുക്കാൻ കഴിവില്ലാത്തവരുമുണ്ട്. അല്ലെങ്കിൽ ഈ ഒബ്സർവേഷനിലെ ഓരോന്നും വായിച്ചുനോക്കൂ. അതൊക്കെ നിസ്സാരമായി പരിഹരിക്കേണ്ടതല്ലേ? പിന്നെ യൂട്ടിലിറ്റി ഷിഫ്റ്റ് ചെയ്യാൻ എഞ്ചിനീയർ വിചാരിച്ചാലും നടക്കുകയില്ല. അത് കെ.എസ്.ഇ.ബി.എൽ.-ഉം വാട്ടർ അതോറിറ്റിയും മാറ്റേണ്ടതാണ്. അവർക്ക് അവരുടേതായ രീതികളുണ്ട്. ഇതൊക്കെ എല്ലായിടത്തുമുള്ള പ്രശ്നങ്ങളാണ്. അതിന്റെ ഫലമായി കാലതാമസം വന്നുവെന്നുള്ളത് ഞാനിവിടെ എടുത്തു പറയുന്നില്ലന്നേയുള്ളൂ. ചിലത് അങ്ങനെയാണ്, അതവർ വിശദീകരിച്ചിട്ടുണ്ട്. കിഫ്ബിയുടെ ചെയർമാനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വൈസ് ചെയർമാനായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും പി.ഡബ്ല്യൂ.ഡി. മന്ത്രിയെന്ന നിലയിൽ എനിക്കും ഗുണനിലവാരത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ. നമുക്കത് തിരുത്തിക്കാം. പത്ത് വർക്കുകൾ നിർത്തിവച്ചത് ഷോക്കല്ലേ; അതിന്റെ പേരുകൾ നിയമസഭയിൽ പറയുകയല്ലേ; M/s. കുദ്രോളി കൺസ്ട്രക്ഷൻ കമ്പനി എന്ത് കമ്പനിയാണ്? അവരുടെ വർക്കുകളെല്ലാം ഇങ്ങനെയാണെന്നുള്ളത് നിങ്ങൾ അറിഞ്ഞിരിക്കണം. ഈ പത്ത് വർക്കുകളിൽ മൂന്നെണ്ണം അവരാണ് എടുത്തിരിക്കുന്നത്. വർക്കിൽ മര്യാദ പാലിക്കുന്നില്ലെങ്കിൽ അവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യും. പക്ഷേ, വലിയ കമ്പനിയായതുകൊണ്ട് ഞാനത് ചെയ്യുന്നില്ല.

ശ്രീ. അനൂപ് ജേക്കബ് : സർ, വിവിധ കാരണങ്ങളാൽ സ്റ്റോപ്പ് മെമ്മോ നൽകിയ റോഡുകളുടെ കാര്യങ്ങൾ അങ്ങിവിടെ സൂചിപ്പിച്ചു. സ്റ്റോപ്പ് മെമ്മോ കാരണമല്ലാതെ വിവിധ വർക്കുകൾ സംസ്ഥാനത്ത് ഇപ്പോഴും നിലച്ചിരിക്കുകയാണ്. അതിന്റെ പ്രധാന കാരണം, വർക്ക് എഗ്രിമെന്റ് വച്ച സമയത്തില്ലാതിരുന്ന നിബന്ധനകൾ പിന്നീട് കിഫ്ബിയുടെ ഗൈഡ്‌ലൈൻസിലൂടെ വന്നു എന്നതാണ്. അതുകാരണം അനവധി റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നിലച്ചുപോയിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ പിറവം-മണീട് റോഡിന്റെ വർക്ക് ഇതുപോലെ നിലച്ചുപോയതാണ്. ഇത്തരത്തിൽ പല കാരണങ്ങളാൽ മൂവാറ്റുപുഴ ഡിവിഷനുകീഴിലുള്ള അഞ്ച് വർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഞാനിപ്പോൾ സൂചിപ്പിച്ച റോഡിന് 2019 ഫെബ്രുവരിയിൽ എഗ്രിമെന്റ് വച്ചതാണ്. നവംബർ മാസത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ അടിസ്ഥാനത്തിൽ പുതിയ ഗൈഡ്‌ലൈൻസ് കൊണ്ടുവന്നു. ഇതുകാരണം നവംബർ മുതൽ ഇതിന്റെ വർക്ക് മുഴുവനായി നിലച്ചു. ഇപ്പോൾ റോഡ് പകുതി മുക്കാലും കുത്തിപ്പൊളിച്ചിട്ടിരിക്കുകയാണ്. നാലഞ്ച് മാസമായി റോഡ് കുത്തിപ്പൊളിച്ചിട്ടിരിക്കുന്നതിനാൽ പൊടി പറക്കുകയും റോഡിൽ വലിയ കുഴികൾ അപകടകരമായ നിലയിൽ നിൽക്കുകയും ചെയ്യുന്നു. നികുതി കൊടുക്കുന്നവന് കിഫ്ബിയുടെ സാങ്കേതികത്വം അറിയേണ്ട കാര്യമില്ല. ആദ്യം എഗ്രിമെന്റ് വച്ച സന്ദർഭത്തിൽ ഇല്ലാതിരുന്ന നിബന്ധനകൾ പിന്നീട് വന്നു. ഇതിനകത്ത് ഒരു കോ-ഓർഡിനേഷനുണ്ടാകുന്നില്ല. ഡിപ്പാർട്ടുമെന്റും കിഫ്ബിയും തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവം കാണാൻ കഴിയുന്നു. എഗ്രിമെന്റ് വച്ച സമയത്തുള്ള നിബന്ധനകൾക്ക് വിധേയമായി ഇത്തരത്തിലുള്ള വർക്കുകൾ പുനരാരംഭിക്കാൻ ഗവൺമെന്റ് തീരുമാനിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, എഗ്രിമെന്റിൽ പിശകുണ്ടെങ്കിൽ അത് തിരുത്തിയേ മതിയാകൂ. കിഫ്ബി എന്നുപറയുന്നത്, യു.ഡി.എഫ്.-ന്റെ ഭരണകാലത്തുള്ളതുപോലെയല്ല, കുറച്ചുകൂടി മികച്ച സംവിധാനമാണ്, പുതിയ ആക്ട് ആണ്. അവരുടെ മാനദണ്ഡമനുസരിച്ച് നിർമ്മിച്ചേ മതിയാകൂ. ആദ്യം എഗ്രിമെന്റ് വച്ചപ്പോൾ ആരെങ്കിലും അപാകത കാണിച്ചിട്ടുണ്ടെങ്കിൽ അതൊന്നും അംഗീകരിക്കാനാകില്ല. അങ്ങ് പറയുന്നത് ശരിയാണ്, വർക്ക് വേഗം നടക്കണമെന്ന കാര്യത്തിൽ നമുക്ക് പ്രഷറുണ്ട്. റോഡുകൾ കുത്തിപ്പൊളിച്ച് അധികകാലം ഇടരുത്. അങ്ങ് പറഞ്ഞതെല്ലാം അങ്ങയുടെ മണ്ഡലത്തിലെ കാര്യമാണ്. തീർച്ചയായും അത് കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താം. പി.ഡബ്ല്യു.ഡി.-യും കാര്യങ്ങൾ ചെയ്യാം; അങ്ങനെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കാം.

<u>ശ്രീ. അനിൽ അക്കര</u>: സർ, തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളിൽ ഒന്നാണ് സംസ്ഥാന പാതയായ തൃശ്ശൂർ-കുറ്റിപ്പുറം റോഡ്. പാറമേൽകാവ് അമ്പലത്തിന്റെ ഭാഗത്തുനിന്ന് തുടങ്ങി കുറ്റിപ്പുറത്ത് അവസാനിക്കുന്ന റോഡാണിത്. ഏഴ് വർഷം മുമ്പാണ് ഈ റോഡ് പൂർണ്ണമായും ടാർ ചെയ്തത്. അതിനുശേഷം പാച്ച് വർക്കുകൾ മാത്രമാണ് നടക്കുന്നത്. പാച്ച് വർക്കുകൾക്ക് മാത്രമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ റീ-ബിൽഡ് കേരള മുഖേന ഈ റോഡ് പൂർണ്ണമായും പുതിയ രീതിയിൽ നിർമ്മിക്കുമെന്ന് തത്വത്തിൽ അംഗീകരിച്ച എ.എസ്. നമ്മൾ കാണുകയുണ്ടായി. അതോടൊപ്പം ചില മേഖലയിൽ അതായത്, മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം കിഫ്ബിയിൽ ഫണ്ട് അനുവദിച്ച് റോഡ് നാല് വരിയാക്കുമെന്നുള്ള വലിയൊരു വാർത്തയും അതുമായി ബന്ധപ്പെട്ട് വരികയുണ്ടായി. സത്യത്തിൽ അതൊന്നും ഇപ്പോൾ നടക്കാത്ത സ്ഥിതിയാണുള്ളത്. ഏഴ് വർഷമായി ആ റോഡിന്റെ പാച്ച് വർക്കുകൾ മാത്രമാണ് നടക്കുന്നത്. ഈ റോഡ് ഒരു മണ്ഡലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. തൃശ്ശൂർ, വടക്കാഞ്ചേരി, മണലൂർ, കുന്ദംകുളം, കുറ്റിപ്പുറം തുടങ്ങി അഞ്ചാറ് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡാണിത്. ഇപ്പോൾ ആ റോഡിന്റെ നിർമ്മാണം റീ-ബിൽഡ് കേരളയിലാണോ, ബഡ്ജറ്റിലാണോ, കിഫ്ബിയിലാണോ നടത്തുന്നതെന്ന് ആർക്കും അറിയാത്ത സ്ഥിതിയാണ്. കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഈ റോഡിനെ അടിയന്തരമായി റീ-ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇത് ഇപ്പോൾ ചോദിച്ച ചോദ്യത്തിൽ വരുന്നതല്ല. കിഫ്ബി നോട്ടീസ് നൽകി നിർത്തിവയ്പ്പിച്ച പ്രവൃത്തിയെ സംബന്ധിച്ചാണ് ചോദിച്ചത്. അങ്ങ് പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. അത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതാണോയെന്ന് ലിസ്റ്റ് നോക്കിയാൽ മതിയാകും. കിഫ്ബി പദ്ധതിയിലാണെങ്കിൽ എനിക്ക് നോക്കാൻ കഴിയും. ബഡ്ജറ്റ് വർക്കാണെങ്കിൽ നമുക്ക് ചർച്ച ചെയ്ത് പരിഹാരം കാണാം. ദീർഘകാലം റോഡ് കുത്തിപൊളിച്ച് ഇടുന്നതിനോട് ഈ ഗവൺമെന്റിന് യോജിപ്പില്ല. അവിടവിടങ്ങളിലായി ചില റോഡുകൾ പൊളിഞ്ഞ് കിടപ്പുണ്ട്. അത് നന്നാക്കാത്തതിന് പല കാരണങ്ങളുണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിനതീതമായ കാര്യങ്ങളുമുണ്ട്. എല്ലാം ഒറ്റപ്രാവശ്യംകൊണ്ട് ശരിയാകുകയില്ല. ഇക്കാര്യം ഗൗരവമായി പരിശോധിക്കാം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പി.ഡബ്ല്യൂ.ഡി. റോഡുകളിൽ രൂപപ്പെട്ടു വരുന്ന കുഴികൾപോലും ഇപ്പോൾ അടച്ചുകിട്ടാൻ വലിയ കാലതാമസം വന്നുകൊണ്ടിരിക്കുകയാണ്. പഴയകാലത്ത് എൻ.എം.ആർ. വർക്കേഴ്സ്

എന്നൊരു വിഭാഗമുണ്ടായിരുന്നു. ഇത്തരത്തിൽ രൂപപ്പെട്ടുവരുന്ന കുഴികൾ മണിക്കൂറുകൾക്കകം അവർ അടയ്ക്കുമായിരുന്നു. അതിന് സമാനമായ ഏതെങ്കിലും ഒരു സംവിധാനം നടപ്പാക്കിയെടുക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ചല്ല അംഗം പറയുന്നത്. പ്രളയംമൂലം 2018-ൽ എട്ട് മാസത്തോളം ഒരുപണിയും ചെയ്യാൻ സാധിച്ചില്ല. അക്കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ? 2019-ലും മഴയുണ്ടായി, അത് ഡിസംബർ മാസം വരെ നീണ്ടുനിൽക്കുകയായിരുന്നു. എന്നാൽ 2019 ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി നടത്തിയ ഓഡിറ്റിൽ 98.2% റോഡുകൾ ഗതാഗതയോഗ്യമായിയെന്നാണ് കാണാൻ കഴിഞ്ഞത്. അത് ഞാൻ വീണ്ടുംവീണ്ടും ഓഡിറ്റ് ചെയ്തു. എല്ലാ എം.എൽ.എ.-മാർക്കും അതുസംബന്ധിച്ചറിയാം. നൂറ് ശതമാനം ഗതാഗതയോഗ്യമായ റോഡുകളുമുണ്ട്. ബാക്കി 1.8 ശതമാനമുള്ളത് ഒന്നുകിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വർക്ക് നടക്കുകയോ, കെ.എസ്.ഇ.ബി.എൽ.-ന്റെ പോസ്റ്റ് സ്ഥാപിക്കുന്ന വർക്ക് നടക്കുകയോ, അല്ലെങ്കിൽ റോഡ് നിർമ്മിച്ചുകൊണ്ടിരിക്കുകയോ ആണ്. അതും ശരിയാകണം. ഒരു കുഴിയുണ്ടായാൽ ഉടൻ അടയ്ക്കുന്ന സംവിധാനത്തിന് ടെണ്ടർ ചെയ്യണം. ഇതെല്ലാം എല്ലാവരും അറിഞ്ഞിരിക്കണം. കുഴിയുണ്ടായത് അന്യായമായിട്ടാണെങ്കിൽ അതിന്മേൽ നടപടിയെടുക്കാം. ചിലപ്പോൾ ഓവർലേയുടെ പിരീഡ് കഴിഞ്ഞുകാണും. അങ്ങനെ പല പ്രശ്നങ്ങളുമുണ്ട്. കുഴിയുണ്ടായാൽ ഉടനെ അടയ്ക്കാനുള്ള സംവിധാനമുണ്ട്. SLTF (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്) പദ്ധതി മുഖേന 800 കോടി രൂപയാണ് ചെലവഴിച്ചത്. അങ്ങയുടെ മണ്ഡലത്തിനും മൂന്നര കോടിയോളം രൂപ നൽകിയിട്ടുണ്ട്. അവിടത്തെ റോഡുകളിൽ നിലവിൽ എത്ര കുഴികളുണ്ടെന്ന് പരിശോധിക്കണം. വേഗം നടപ്പിലാക്കണമെന്ന് ആഗ്രഹിച്ച് പറയുന്നതാണെങ്കിലും ഇത് ടെണ്ടർ ചെയ്തേ മതിയാകൂ. അല്ലെങ്കിൽ അഴിമതി ആരോപണമാണ് ഭാവിയിലുണ്ടാകാൻ പോകുന്നത്. അതിനാൽ അതെല്ലാം ഇനി എങ്ങനെ നടപ്പാക്കണമെന്ന് ആലോചിക്കാം. കുഴികൾ അടയ്ക്കുന്നതിനുമാത്രം മുമ്പ് സംവിധാനമുണ്ടായിരുന്നു എന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അത് വളരെ മാതൃകാപരവുമായിരുന്നു. ആ വർക്കേഴ്സിനെ പിരിച്ചുവിട്ടത് എന്തിനാണെന്ന് എനിക്കറിയില്ല. ഇതുസംബന്ധിച്ച് പരിശോധിക്കാം. പുതിയ നവീകരണങ്ങൾ ഏർപ്പെടുത്തുകയാണ്. ഒരു കുഴിയുണ്ടായാൽ ഒരാഴ്ചയ്ക്കകം അത് ഇല്ലാതാക്കണമെന്ന അങ്ങയുടെ ആഗ്രഹത്തോട് യോജിക്കുന്നു. എന്നാൽ ഇപ്പോഴത്തെ സമ്പ്രദായംകൂടി മനസ്സിലാക്കണം. അല്ലെങ്കിൽ വേറെ ആരോപണങ്ങൾ ഭാവിയിലുണ്ടാകും. ഇതിനുവേണ്ടി പ്രായോഗികമായ പുതിയൊരു സംവിധാനം കേരളത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബി സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ട് പിൻവലിക്കാതെ അത് നിലനിൽക്കുന്ന എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ പ്രവൃത്തി മണ്ണാർക്കാട് നിയോജകമണ്ഡലത്തിലാണ്. അങ്ങാണ് അതിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. പ്രവൃത്തി ആരംഭിച്ച് ഒരു വർഷം കഴിഞ്ഞതിനുശേഷമാണ് കിഫ്ബി ഇതിന് സ്റ്റോപ്പ് മെമ്മോ നൽകുന്നത്. ഡി.പി.ആർ.(Detailed Project Report) -ന് വിരുദ്ധമായി പ്രവൃത്തികൾ ചെയ്തുവെന്നാണ് അതിന് പറയുന്ന കാരണം. ഇതിന് നാട്ടുകാർ എന്തുപിഴച്ചു; കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) അംഗീകരിച്ച് നൽകിയ പ്രവൃത്തികൾ ചെയ്തുവെന്നാണ് പി.ഡബ്ല്യൂ.ഡി. പറയുന്നത്. ഇപ്പോഴും കിഫ്ബി പി.ഡബ്ല്യൂ.ഡി.-യെയാണ് കുറ്റപ്പെടുത്തുന്നത്. അങ്ങേയ്ക്ക് കിഫ്ബിയോടുള്ള സമീപനം മാറിയിട്ടുണ്ടെങ്കിലും കിഫ്ബിയും പി.ഡബ്ല്യൂ.ഡി.-യും തമ്മിൽ കാര്യങ്ങൾ സ്മൂത്തായിയെന്ന് തോന്നുന്നില്ല. ഇതിന് നാട്ടുകാരാണ് ബുദ്ധിമുട്ടുന്നത്. വലിയ പ്രക്ഷോഭങ്ങളാണ് അവിടെ നടക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ..........

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2020 മാർച്ച് 10-ാം തീയതി കിഫ്ബി പ്രസ്തുത റോഡ് സന്ദർശിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇപ്പോൾ കൊറോണ വൈറസ് ബാധയായതിനാൽ വന്നില്ലെന്നാണ് ഇന്നലെ ലഭിച്ച വിവരം. കൊറോണയായതിനാൽ റോഡ് സന്ദർശിക്കുന്നതിന് എന്താണ് കുഴപ്പം; അതിനാൽ അടിയന്തരമായി സ്റ്റോപ്പ് മെമ്മോ പിൻവലിക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ എൻ. ഷംസുദ്ദീൻ സഭയിൽ നടത്തുന്ന പ്രസംഗം ഞാൻ ശ്രദ്ധിക്കാറുണ്ട്. അങ്ങ് വസ്തുതകളല്ല, മറ്റ് പലകാര്യങ്ങളുമാണ് എപ്പോഴും പറയുന്നത്. അതുപോലെ ഇതിലും പറഞ്ഞു. അങ്ങനെ പറഞ്ഞതിൽ എനിക്ക് ആക്ഷേപമില്ല. അതിനൊന്നും മറുപടി പറയാൻ സാധിക്കില്ല. എന്റെ മനോഭാവമെന്ന് അങ്ങ് പറഞ്ഞു, ഞങ്ങളുടെ കാബിനറ്റല്ലേ ഇതെല്ലാം തീരുമാനിച്ചത്? ഞാൻ അച്ചടക്കമുള്ള ഒരു പാർട്ടിക്കാരനാണ്. ഞാൻ പാർട്ടിയിൽ വന്നിട്ട് അമ്പത്തിനാല് വർഷത്തോളമായി. പതിനാല് വയസ്സിൽ മെമ്പർഷിപ്പ് ലഭിച്ചതാണ്. ശ്രീ. എൻ. ഷംസുദ്ദീൻ താരതമ്യേന ചെറുപ്പമല്ലേ; ഏതെങ്കിലും കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ പറയേണ്ട സ്ഥലത്ത് പറയാൻ എനിക്കറിയാം. നമുക്ക് ബഡ്ജറ്റിൽ പണമില്ലല്ലോ? നിങ്ങൾക്കെല്ലാം പ്രയോജനമുള്ളതല്ലേ കിഫ്ബി പദ്ധതി. കിഫ്ബിയുള്ളതുകൊണ്ടല്ലേ അങ്ങയുടെ മണ്ഡലത്തിൽ ഈ റോഡ് നിർമ്മാണം ലഭിച്ചത്. അതിലെന്തെങ്കിലും അപാകതയുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം, പക്ഷേ അത് ഈ ചർച്ചയിലല്ല. അങ്ങയുടെ മണ്ഡലത്തിലെ പ്രവൃത്തി നിർത്തിവച്ചതും സ്റ്റോപ്പ് മെമ്മോ

പിൻവലിക്കാത്തതും അങ്ങയുടെ കുറ്റമല്ല. പ്രവൃത്തികളുടെ മന്ദഗതിയാണ് അതിനുള്ള പ്രധാന കാരണമെന്നുള്ളത് ശരിയാണ്. അതിന്റെ കാലാവധി പൂർത്തിയാകാൻ ഇനി ഒരു മാസമേയുള്ളൂ. അമ്പത് ശതമാനം വർക്കുപോലും കഴിഞ്ഞിട്ടില്ല. കെ.സി.പി. എഞ്ചിനീയേഴ്സല്ലേ വർക്ക് എടുത്തത്; വർക്ക് തീരാത്തത് അവരുടെ കുറ്റമല്ലേ; അവരെക്കൊണ്ട് വർക്ക് ചെയ്യിപ്പിക്കാൻ നമ്മുടെ എഞ്ചിനീയർമാർക്ക് സാധിച്ചോ? പത്ത് റോഡുകളുടെ പണി ചെയ്യുന്ന എഞ്ചിനീയർമാർക്കാണ് പ്രശ്നം. ബാക്കിയുള്ള 190 വർക്കുകൾക്കും പ്രശ്നമില്ല. നിർമ്മാണത്തിനുപയോഗിക്കുന്ന ഡ്രോയിംഗുകളിൽ ഡി.പി.ആർ. പ്രൊഫൈൽ ഡ്രോയിംഗുകൾ ഇല്ലാതെയാണ് വർക്ക് ചെയ്യുന്നത്. ഇൻസ്പെക്ഷൻ അതോറിറ്റി ചെന്നപ്പോൾ ഇത് കമ്പനി വച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത് ഗൗരവമുള്ള കാര്യമല്ലേ; അതവിടെ വയ്ക്കേണ്ടതല്ലേ; പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർ തെറ്റ് കാണിച്ചാൽ അത് പറയണ്ടേ; അത് മൂടിവയ്ക്കുന്നത് എന്തിനാണ്; ഞങ്ങളിവിടെ പരസ്യമായി പറഞ്ഞിരിക്കുകയല്ലേ; നിങ്ങൾ ഇതിനെല്ലാം അതീതനായി ദൈവികശക്തിയുള്ള ഒരാളായി ഭാവിക്കുന്നതെന്തിനാണ്? ശ്രീ. എൻ. ഷംസുദ്ദീൻ മിടുക്കനാണെന്ന് ഞാൻ എപ്പോഴും പറയും. പക്ഷേ പറയുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. എന്റെ ഉപദേശത്തിൽ പേഴ്സണലായിത്തന്നെ പറഞ്ഞിട്ടുണ്ട്. മതിയായ റീ-ഇൻഫോഴ്സ്മെന്റ് നൽകാതെയാണ് ആർ.സി.സി. വർക്കുകൾ നടത്തുന്നതെന്നുള്ളത് ഗൗരവമുള്ള കാര്യമല്ലേ; റീ-ഇൻഫോഴ്സ്മെന്റ് നൽകാതിരുന്നതല്ലേ പാലാരിവട്ടത്തെ പ്രശ്നം; അവിടത്തെ എഞ്ചിനീയർമാർ കോൺട്രാക്ടർമാരോട് കാണിച്ചത് തോന്ന്യാസമല്ലേ? അതാണ് അവിടത്തെ പ്രധാന പ്രശ്നം. അതുകൊണ്ടാണ് അതിന് ബലമില്ലെന്ന് വന്നത്. ഇപ്പോൾ അത്തരത്തിൽ റോഡുകളിലും കാണിക്കുന്നുണ്ടല്ലോ; നമ്മൾ അത് കണ്ടുപിടിച്ചു. ഫീഡർ ലബോറട്ടറി സൈറ്റിൽ സ്ഥാപിച്ചിട്ടില്ല. കാലിബറേഷൻ ചെയ്തിട്ടില്ലാത്ത സി.ഡി.എ. മെഷീൻ സൈറ്റിലില്ല. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ല. ഈ കോൺട്രാക്ടറെ ഇപ്പോൾത്തന്നെ പിരിച്ചുവിടേണ്ടതാണ്. ഇയാൾക്ക് കോൺട്രാക്ടറാകാൻ അവകാശമില്ല. എന്ത് കെ.സി.പി.? ഇയാൾ കോൺട്രാക്ടർ ആണോ; ഇത് റിപ്പോർട്ട് ചെയ്യാത്ത എഞ്ചിനീയറുടെ പേരിൽ ഞാൻ നടപടിയെടുക്കും. പി.ഡബ്ല്യൂ.ഡി.-യിലെ 183 പേർക്കെതിരെ നടപടിയെടുക്കാമെങ്കിൽ മൂന്ന് പേർക്കെതിരെയും ഞാൻ നടപടിയെടുക്കും. ഒരു കുഴപ്പവുമില്ല. നടപടിയെടുത്തും തിരുത്തിയും ആരെയും പുറത്താക്കാനല്ല, എല്ലാം കറക്ട് ചെയ്യുകയാണ്. ഇത്രമാത്രം ക്രമക്കേടുകളിലും അഴിമതിയിലും മുങ്ങിക്കുളിച്ച ഒരു വകുപ്പുണ്ടോ? കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് മാത്രമാണെന്നൊന്നും ഞാൻ പറയുന്നില്ല. ഞങ്ങൾ അതെല്ലാം മാറ്റുകയാണ്. മാറ്റിയതുകൊണ്ട് അവിടെയും ഇവിടെയുമെല്ലാം മഞ്ഞു പെയ്തുകഴിഞ്ഞ് മരം പെയ്യുന്നതുപോലെയുണ്ട്. അങ്ങും ഇടയ്ക്കിടയ്ക്ക് വർക്ക് നടക്കുന്നിടത്ത് പോയി നോക്കണം. അഴിമതി നടത്തുന്നവരെ കണ്ടുപിടിക്കണം, അതിനുള്ള അധികാരം അങ്ങേയ്ക്കുണ്ട്. ഒബ്സർവേഷൻ മെമ്മോയിലെ എല്ലാ നിർദ്ദേശങ്ങളും ഉടനടി പാലിച്ച് ആവശ്യമായ രേഖകൾ

സഹിതം റിപ്പോർട്ട് നൽകുന്നതിനുള്ള നിർദ്ദേശമുണ്ട്. വസ്തുത ഇതാണെന്ന് മനസ്സിലാക്കണം. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി. മുഴുവൻ കുഴപ്പമാണെന്നല്ല, നല്ല എഞ്ചിനീയർമാരുമുണ്ട്. 3000 റോഡുകൾ, 4000 സർക്കാർ കെട്ടിടങ്ങൾ, 514 പാലങ്ങൾ ഇവയെല്ലാം അവർ നിർമ്മിക്കുകയല്ലേ? അവിടെയും ഇവിടെയുമൊക്കെ ചില പ്രശ്നങ്ങളുണ്ട്. അത് നമ്മൾതന്നെ കണ്ടെത്തുന്നുവെന്നുള്ളതാണ് അതിന്റെ പ്രാധാന്യം. നമ്മളും നിങ്ങളും അത് മൂടിവയ്ക്കുന്നില്ല. ഞാനോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ, മന്ത്രിസഭയോ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോ ആരും ഇതൊന്നും മൂടിവയ്ക്കുന്നില്ല, നമ്മൾ തുറന്നുപറയുകയാണ്. അങ്ങനെ തുറന്ന് പറയുന്നതിന്റെ ഗുണം ഈ നാട്ടിലുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ 176 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള പാലത്തിന്റെ പണി അതിവേഗം തീരുകയാണ്. ഒരു സ്ഥലത്തിന്റെ പ്രശ്നമാണുള്ളത്. അതിപ്പോൾ പണി തീരും. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച വർക്കാണത്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഉന്നയിച്ച കാലവിളംബം എന്നുള്ള പ്രശ്നവും എഞ്ചിനീയർമാരുടെയും കോൺട്രാക്ടർമാരുടെയും ഭാഗത്തുള്ള ടെക്നിക്കലായ വീഴ്ചകളും അംഗീകരിച്ചുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. മറ്റ് കാര്യങ്ങൾക്കൊന്നും ഇവിടെ മറുപടി പറയേണ്ടതില്ല.

ശ്രീ. എം. രാജഗോപാലൻ: സർ, റോഡുകളുടെ പ്രവർത്തനം വളരെ വിസ്മയകരമായ വേഗത്തിൽ നടക്കുകയാണ്. കാലവർഷം വരാൻ പോകുകയാണ്. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ചില പ്രതിസന്ധികൾ പലയിടങ്ങളിലും നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു ഏകോപനം ഉറപ്പുവരുത്തുന്നതിന് പി.ഡബ്ല്യൂ.ഡി., വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. എന്നീ വകുപ്പുകളുടെയെല്ലാം മേധാവികളുടെ ഒരു യോഗം മണ്ഡലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ വിളിച്ചുചേർക്കുന്നതിനുള്ള അടിയന്തര നിർദ്ദേശം നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിന് വ്യക്തമായ സർക്കാർ ഉത്തരവുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനിക്കാർ, ബി.എസ്.എൻ.എൽ. എന്നിവയുമായി നാല് കോൺഫറൻസുകൾ നടത്തി. അതിന് കൃത്യമായ ജി.ഒ. ഉണ്ട്. ആ ജി.ഒ. വയലേറ്റ് ചെയ്യപ്പെട്ടും; പല സ്ഥലത്തും വയലേറ്റ് ചെയ്യപ്പെടുകയാണ്. അതിന്റെ ഫലമായി വകുപ്പുകൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നാണ് മാധ്യമങ്ങൾ പറയുന്നത്. ചില ഉദ്യോഗസ്ഥന്മാർ ആവശ്യമില്ലാത്ത പ്രസ്താവനകളും നൽകും. കോൺഫറൻസ് ചേരുന്നതിന് യാതൊരു പ്രശ്നവുമില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മണ്ഡലങ്ങളിൽ

എം.എൽ.എ.-മാർ ചെയർമാൻമാരായ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതാത് മണ്ഡലങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ എല്ലാവരും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അവിടെവച്ച് പ്രശ്നങ്ങൾ പരിശോധിച്ച് തിരുത്തലുകൾ വരുത്താം. ഇല്ലെങ്കിൽ സ്റ്റേറ്റിലേയ്ക്ക് അയയ്ക്കാം. ഏതായാലും ഇതിന് ഒരു ഏകോപനമുണ്ട്. കാരണം ഒരു ലക്ഷം വർക്കുകൾ ചെയ്യുമ്പോൾ 5-10 വർക്കുകളുടെ പ്രശ്നങ്ങളാണ് പുറത്തുവരുന്നത്. അതിന് പല കാരണങ്ങളുണ്ട്. ഇവിടെ ഒരുമിച്ച് അതിനൊരു മറുപടി പറഞ്ഞ് പരിഹരിക്കാൻ സാധിക്കുന്നതല്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും അത് എപ്പോഴും പരിഹരിക്കാൻ തന്നെ ശ്രമിച്ചുകൊണ്ടിരിക്കും.

ശ്രീ. ഷാഫി പറമ്പിൽ: സർ, എന്റെ നിയോജക മണ്ഡലത്തിൽ ആദ്യമായി കിഫ്ബി പദ്ധതി മുഖേന പ്രഖ്യാപിച്ച റോഡായിരുന്നു കണ്ണനൂർ-ചുങ്കമന്നം റോഡ്. കണ്ണാടി പഞ്ചായത്തിനെയും മാത്തൂർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റോഡാണിത്. ഇൻവെസ്റ്റിഗേഷൻ ഏജൻസിയുമായി ബന്ധപ്പെട്ട കാലതാമസമാണെന്നാണ് ആദ്യം പറഞ്ഞത്. കേരളത്തിൽ വളരെ ചുരുക്കം ഇൻവെസ്റ്റിഗേഷൻ ഏജൻസികളാണ് ഇത് ചെയ്യുന്നത്. അവർ ഇൻവെസ്റ്റിഗേഷനിൽ എത്താൻ തന്നെ ഒന്നോ രണ്ടോ വർഷത്തിലധികം എടുത്തു എന്നതാണ് സത്യം. ഇൻവെസ്റ്റിഗേഷന് വന്നതിനുശേഷം സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട കാര്യമാണ് അവർ സൂചിപ്പിച്ചത്. അതിനായി ആദ്യം സർവ്വേ ടീം വന്നു. ജില്ലാ കളക്ടറും ബഹുമാനപ്പെട്ട മന്ത്രിയും പങ്കെടുത്ത അവലോകന യോഗത്തിൽ എത്രയും പെട്ടെന്ന് പണി പൂർത്തിയാക്കണമെന്ന് പാലക്കാട് കളക്ടർക്ക് അങ്ങ് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ആദ്യം പ്രഖ്യാപിച്ച കിഫ്ബി പ്രോജക്റ്റിന്റെ ഭാഗമായ റോഡിന്റെ നിർമ്മാണ പ്രവർത്തനംപോലും ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കിഫ്ബി പ്രവർത്തനങ്ങൾ അനന്തമായി വൈകുന്ന സാഹചര്യം ഒഴിവാക്കി, പ്രഖ്യാപിച്ച പ്രവൃത്തികൾ എത്രയുംവേഗം നടപ്പിലാക്കുമോ? എന്റെ മണ്ഡലത്തിൽ മൂന്ന് പ്രവൃത്തികളാണ് പ്രഖ്യാപിച്ചത്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്ത ഇറിഗേഷനുമായി ബന്ധപ്പെട്ട ഒരു പ്രോജക്റ്റും ആരംഭിക്കുന്നില്ല. പതിനഞ്ച് ദിവസത്തിനകം എസ്റ്റിമേറ്റ് എത്തിക്കണമെന്ന് അങ്ങ് നേരിട്ട് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെ എത്തിയിട്ടില്ല. നിരവധി തവണ നിർദ്ദേശം നൽകിയിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതുപോലുമില്ല. ഈ സാഹചര്യമൊഴിവാക്കി പ്രഖ്യാപിച്ച പദ്ധതികൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട അങ്ങയുടെ മണ്ഡലത്തിൽ പ്രഖ്യാപിച്ച മൂന്ന് പദ്ധതികളും ആരംഭിച്ചിട്ടില്ലെന്നുള്ള കാര്യം ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ഏതായാലും അങ്ങയുടെ മണ്ഡലത്തിലെ കിഫ്ബി വർക്കുകളുടെ റിവ്യൂ അടിയന്തരമായി നടത്തി പ്രശ്നമെന്താണെന്ന് കണ്ടുപിടിക്കാം. സാധാരണ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു, ഇനി പരിഹരിക്കാത്ത പ്രശ്നമെന്തെങ്കിലും ഉണ്ടോയെന്നുള്ള കാര്യം എനിക്കറിയില്ല. അക്കാര്യം പരിശോധിക്കാം. അത് ദൗർഭാഗ്യകരമായിട്ടുള്ള സ്ഥിതിയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലുണ്ടായ ഒരു ആക്സിഡന്റിൽപ്പെട്ട് നാല് കുട്ടികൾ ഗുരുതരമായ പരിക്കുകളോടെ ചികിത്സയിലാണ്. റോഡിന്റെ സേഫ്റ്റിയുമായി ബന്ധപ്പെട്ട് നടപ്പാതയുടെ ഒരു പ്രശ്നമാണെന്നാണ് യഥാർത്ഥത്തിൽ ആ ഫോട്ടോ കാണുമ്പോൾ മനസ്സിലാകുന്നത്. കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള സേഫ്റ്റി കോറിഡോർ പദ്ധതി ഏകദേശം പൂർത്തിയായി. അടൂർ വരെയുള്ള പദ്ധതികൾ പൂർത്തീകരിച്ചു. ബാക്കി പദ്ധതികൾ ഇപ്പോൾ ഏറ്റെടുത്തിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡിന്റെ സൈഡുകളിൽ എല്ലായിടത്തും നടപ്പാതകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോ; ഇപ്പോൾ പല സ്ഥലത്തും ആളുകൾ എൻക്രോച്ച് ചെയ്യതിന്റെ ഭാഗമായി 8 മീറ്റർ വീതി പി.ഡബ്ല്യൂ.ഡി. റോഡിന് ലഭിക്കുന്നില്ല. 8 മീറ്റർ വീതി എടുത്താൽ തീർച്ചയായും ഒരു നടപ്പാതകൂടി നിർമ്മിക്കാൻ കഴിയും. അതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇപ്പോൾ പുതുതായി നിർമ്മിക്കുന്ന റോഡുകളിലെല്ലാം നടപ്പാതകൾ നിർമ്മിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ആദ്യകാലത്തൊന്നും പാലങ്ങളിൽപ്പോലും നടപ്പാതകളില്ലായിരുന്നു. നടപ്പാതയില്ലാത്തതിന്റെ പ്രശ്നംകൊണ്ടല്ല ഈ കുട്ടികളെ കാറിടിച്ചത്. ഞാൻ ആ വീഡിയോ മൂന്നുതവണ കണ്ടതാണ്. ഡ്രൈവർ മദ്യപിച്ചുവെന്ന് പറയുമ്പോഴും ഇടിക്കുന്ന കാര്യത്തിൽ എന്ത് കൃത്യതയാണെന്ന് മനസ്സിലാക്കണം. ഒരു സൈഡിൽകൂടി വരുന്ന വണ്ടി എതിർസൈഡിൽ കൂടി വരുന്ന കുട്ടികളെ ഇടിച്ചതിനുശേഷം കൃത്യമായി വീണ്ടും ആദ്യം വന്ന സൈഡിലേയ്ക്ക് പോകുകയാണ്. ഒരു മദ്യപാനിയാണെങ്കിൽ ഇവിടെ വണ്ടി മറിയേണ്ടതല്ലേ; ഒന്നും സംഭവിച്ചില്ല. എന്തോ ഒരു മാനസിക വിഭ്രാന്തിയിലുണ്ടായിട്ടുള്ള ഒരു കാര്യമാണ്. നടപ്പാതയിൽ നിന്നവനെ ഇടിച്ച് തെറിപ്പിച്ചിട്ടുണ്ട്. അത് നേരത്തെ നിർമ്മിച്ച റോഡായിരിക്കും. പുനർനിർമ്മാണം നടത്തുമ്പോൾ നടപ്പാതകൾ നിർമ്മിക്കാം. ചെങ്ങന്നൂർ-അടൂർ വരെയുള്ള സേഫ്റ്റി കോറിഡോർ പദ്ധതിക്കുവേണ്ടി 90 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. അവിടെ നടപ്പാതയും എല്ലാ സംവിധാനങ്ങളുമുണ്ടാകും. അങ്ങനെയുള്ള സംവിധാനങ്ങളുണ്ടായാലും ഇതുപോലെ മദ്യപാനികളും മനോരോഗികളും ഫുട്ട്പാത്തിനകത്ത് കയറി ഇടിക്കില്ലെന്ന കാര്യത്തിൽ ഇപ്പോൾ ഇവിടെവച്ച് ഉറപ്പ് പറയാൻ സാധിക്കില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അരൂർ മണ്ഡലത്തിലെ കാര്യം മാത്രമല്ല പൊതുവിൽ കാണുന്നത്, റോഡുകളിൽ കാൽനട യാത്രക്കാർക്ക് വഴി നടക്കാനുള്ള സൗകര്യങ്ങൾ കുറഞ്ഞുവരികയാണ് എന്നതാണ്. റോഡ് ടാർ ചെയ്ത് വീതി കൂട്ടുമ്പോൾ അങ്ങേയറ്റവും ഇങ്ങേയറ്റവും പോകുകയാണ്. വാഹനം വളരെ സ്പീഡിൽ പോകുമ്പോൾ സ്വാഭാവികമായും നടന്ന് പോകുന്നവർക്ക് സുരക്ഷിതമല്ലാത്ത ഒരവസ്ഥ ഉണ്ടാകുന്നുണ്ട്. ഇതിനൊരു ക്രമീകരണമുണ്ടാക്കാൻ പൊതുവെ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഏതാണ്ട് നാല് റോഡുകളുടെ പ്രവൃത്തികളാണ് കിഫ്ബിയിൽ ആദ്യം മുതൽ അനുവദിച്ചത്. അതിൽ ഒരു റോഡിന്റെ പ്രവൃത്തിപോലും ഇതുവരെ ആരംഭിച്ചിട്ടില്ല. ഒരു റോഡ് ഏറ്റവും പ്രയാസമായ അവസ്ഥയിൽ കിടക്കുകയാണ്. ഇപ്രാവശ്യം ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ അനുവദിച്ചു. പി.ഡബ്ല്യൂ.ഡി. എത്രയും പെട്ടെന്ന് വർക്കുകൾ പൂർത്തിയാക്കുമെന്നാണ് കരുതുന്നത്. ബാക്കി പ്രവൃത്തികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. നിരന്തരമായി ഉദ്യോഗസ്ഥരുടെ മീറ്റിംഗ് ഞാൻ വിളിച്ചുചേർത്തിരുന്നു. കൂടാതെ കിഫ്ബി സി.ഇ.ഒ., ശ്രീ. കെ. എം. എബ്രഹാമുമായി സംസാരിച്ചു. അദ്ദേഹം തിരുവനന്തപുരത്ത് കിഫ്ബി ഓഫീസിൽ മീറ്റിംഗുകൾ വിളിച്ചുചേർത്തു. നിർഭാഗ്യമെന്ന് പറയട്ടെ, ഇതുവരെ ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. ഈ സീസണിലും പ്രവൃത്തി ആരംഭിക്കാതെപോയാൽ അടുത്ത വർഷം തെരഞ്ഞെടുപ്പ് വർഷമായതിനാൽ സ്വാഭാവികമായും വർക്കുകൾ ആരംഭിക്കാനുള്ള പ്രയാസങ്ങളുണ്ടാകും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. അങ്ങനെ വന്നാൽ കിഫ്ബിയുടെ ഭൂപടത്തിൽ കിഫ്ബി റോഡുകളില്ലാത്ത ഒരു മണ്ഡലമായി പാലക്കാടിനോടൊപ്പം വണ്ടൂർകൂടി ചേർത്തുവയ്ക്കുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഇത് ആരംഭിക്കുന്നതിന് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, പ്രധാന ചോദ്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചതുപോലെ അത് കിഫ്ബിയിൽ നിന്ന് ഒരു നോട്ടീസ് നൽകി നിർത്തിവച്ചതൊന്നുമല്ല. നേരത്തെ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ അങ്ങയുടെ മണ്ഡലത്തിലും എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് പരിശോധിക്കാം. വേണമെങ്കിൽ അവിടെയും റിവ്യൂ നടത്തി നേരിട്ട് ബോദ്ധ്യപ്പെടുത്താം. സാധാരണഗതിയിൽ അങ്ങനെ സംഭവിക്കാറില്ല. എന്നാൽ അസാധാരണമായ സംഭവങ്ങളുണ്ടെങ്കിൽ അവ പരിശോധിച്ച് സർക്കാരിന് മാറ്റാൻ കഴിയുന്നതാണെങ്കിൽ തീർച്ചയായും മാറ്റാം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മിക്കുന്നുണ്ട്. അതിന്റെ പണി വളരെ വേഗത്തിൽ പോകുകയാണ്. എന്നാൽ അതിന്റെ സെൻട്രലിൽ വനം വകുപ്പിന്റെ കുറച്ച് സ്ഥലം നൽകാത്തതിന്റെ ഫലമായി ആ റോഡിന്റെ പ്രവൃത്തി ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. സർക്കാർ ഇടപെട്ട്, പൊതുമരാമത്ത് വകുപ്പുതന്നെ ഇടപെട്ട് അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; മലയോര ഹൈവേയുടെ പ്രവൃത്തി വളരെ വേഗത്തിൽ നടത്തുന്നതുപോലെ തീരദേശ ഹൈവേയുടെ പ്രവൃത്തി നടക്കുന്നില്ല. അതുംകൂടി വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ കാര്യങ്ങൾ നടക്കുന്നതുകൂടി മനസ്സിലാക്കണം. 47 റീച്ചുള്ളതിൽ 12 റീച്ചിന് വനം വകുപ്പ് സ്ഥലം നൽകിയിട്ടേയില്ല. ഞാൻ പലതവണ സൂചിപ്പിച്ചതാണ്. വനം വകുപ്പ് സ്ഥലം നൽകുമെന്ന് പ്രതീക്ഷിക്കുന്നില്ല. അത് മന്ത്രിമാരുടെ കുറ്റമല്ല, വനം വകുപ്പ് സ്ഥലം നൽകുന്ന മുറയ്ക്ക് മാത്രമേ റോഡുകളുടെ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. 19 റീച്ചിന്റെ അംഗീകാരമായി. 10 എണ്ണം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ എല്ലാം പൂർത്തിയായി. 21-ാം തീയതി അതിന്റെ ഉദ്ഘാടനം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചിരുന്നതാണ്. കൊറോണ വൈറസ് ബാധകാരണം അത് മാറ്റിവച്ചു. തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് തുടങ്ങിയ ജില്ലകളിലൊക്കെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട്. വനം വകുപ്പിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമായിരിക്കും, വീണ്ടുംവീണ്ടും ചോദ്യം ചോദിച്ചാൽ എങ്ങനെയാണ് മറുപടി പറയാൻ സാധിക്കുന്നത്.

രണ്ടാമത്, തീരദേശ ഹൈവേയ്ക്ക് സ്ഥലം വേണ്ടേ; സ്ഥലം അനുവദിച്ചോ; മലപ്പുറത്ത് ഒറ്റ സ്ഥലത്ത് മാത്രമല്ലേ സ്ഥലം ലഭിച്ചത്. സ്ഥലം കിട്ടുന്നില്ല. മലയോര ഹൈവേയിൽ സൗജന്യമായി സ്ഥലം നൽകാമെന്ന് എം.എൽ.എ.-മാർ അംഗീകരിച്ചതുകൊണ്ട് അവർ അതിന് പണം കൊടുക്കുന്നില്ല. അത് കിട്ടുന്നുണ്ട്. വനം വകുപ്പൊഴികെ ബാക്കിയെല്ലാമാകും. വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു ശ്രമിക്കാത്തതുകൊണ്ടല്ല, അത് എനിക്കറിയാം. തീരദേശ ഹൈവേയുടെ കാര്യത്തിൽ സ്ഥലം കിട്ടുന്നില്ല. പൈസ കൊടുത്താലും സ്ഥലം കിട്ടുന്നില്ല. മത്സ്യത്തൊഴിലാളികളെ ബലം പ്രയോഗിച്ച് മാറ്റാൻ സാധിക്കില്ല. ഇതിനൊക്കെ പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ എത്രയോ യോഗം ചേർന്നു. വൻകിട വികസനത്തിന്റെ കാര്യത്തിൽ നേരിട്ട് കാര്യങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ആ

സ്ഥലത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അക്കാര്യത്തിൽ എല്ലാവരും തുല്യദുഃഖിതരാണ്. 6500 കോടി രൂപയാണ് തീരദേശ ഹൈവേയ്ക്കുവേണ്ടി കെട്ടിവച്ചിരിക്കുന്നത്. ഒരു പ്രശ്നവുമില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ അങ്ങ് ശ്രമിച്ചിട്ടും സ്ഥലം ഇതുവരെ കിട്ടിയിട്ടില്ല. ഇതിൽ ഒരു Introspection കൂടി വേണം. നമ്മുടെ നാടിന്റെ സ്ഥിതി അതാണ്. പക്ഷേ ഇത് എപ്പോഴെങ്കിലും പൂർത്തീകരിക്കും. ഈ ഗവൺമെന്റ് ഒരു റീച്ച് തുടങ്ങിക്കഴിഞ്ഞു. സ്ഥലം ലഭ്യമായാൽ എല്ലാം തുടങ്ങാൻ തയ്യാറാണ്. അത്തരം ചോദ്യങ്ങൾ ആവർത്തിക്കാതിരിക്കാനാണ് പറയുന്നത്. അങ്ങ് ചോദിച്ചാലും എനിക്ക് വേറൊന്നും പറയാൻ സാധിക്കില്ല. സ്ഥലമുണ്ടെങ്കിൽ ചെയ്യാം. സ്ഥലത്തിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നു. മത്സ്യത്തൊഴിലാളികൾ കൂട്ടായി താമസിക്കുകയാണ്. അവർ അവിടെനിന്നും മാറുകയില്ല. മാറണമെങ്കിൽ വലിയൊരു ക്യാമ്പയിൻ നടത്തണം. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കുന്ന തരത്തിൽ അവർക്ക് സ്ഥലം നൽകിയാലേ സാധിക്കുകയുള്ളൂ. അതെല്ലാം വികേന്ദ്രീകരിച്ചുകൊണ്ടുള്ള നടപടികളും ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

**തുറമുഖത്തുനിന്ന് വിപണിയിലേയ്ക്ക് എന്ന പദ്ധതി**

3(*243) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരുടെ ചൂഷണംകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് വിപണി ശാക്തീകരണത്തിനായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) തുറമുഖത്തുനിന്ന് വിപണിയിലേയ്ക്ക് എന്ന പദ്ധതിയുടെ ലക്ഷ്യത്തെക്കുറിച്ച് അറിയിക്കാമോ; മാർക്കറ്റുകളുടെ ആധുനീകരണത്തിനും കോൾഡ് ചെയിൻ വിപുലീകരിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(സി) മൂല്യവർദ്ധിതോല്പന്നങ്ങൾ വിപണിയിലെത്തിച്ച് മത്സ്യ ത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, (എ) കടലിൽനിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുമാറുള്ള നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം 41 ഫിഷ് മാർട്ടുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ഹാർബറിൽനിന്നും നേരിട്ട് എത്തിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ മത്സ്യഫെഡ് മുഖേന പ്രവർത്തിച്ചുവരുന്നു.

ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വപൂർണ്ണമായ അന്തരീക്ഷത്തിൽ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നതിനും സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്ന പദ്ധതി തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരവും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

മത്സ്യ വികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനമൊട്ടാകെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ലഭ്യമായിരുന്നു. ഇതിൽ 36 മത്സ്യമാർക്കറ്റുകൾ ഇതിനോടകം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. 2 എണ്ണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനായി 502.00 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മാർക്കറ്റുകളുടെ ആധുനീകരണത്തിനായി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ ആലപ്പുഴ

ജില്ലയിലെ അരൂർ എന്നീ മാർക്കറ്റുകൾ തെരഞ്ഞെടുത്ത് മത്സ്യഫെഡ് മുഖാന്തരം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ 65 മത്സ്യമാർക്കറ്റുകൾ വികസിപ്പിക്കുന്നതിന് 193.47 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും കിഫ്ബിക്ക് ഡി.പി.ആർ. നൽകി അനുമതി നേടുന്നതിന് ശ്രമിച്ചുവരികയുമാണ്.

(ബി) മത്സ്യഫെഡ് മുഖാന്തിരം ആവിഷ്കരിച്ച 'തീരത്തുനിന്ന് മാർക്കറ്റിലേയ്ക്ക്' എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നിന്ന് നേരിട്ടും മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ് മാർട്ടുകൾ വഴി ന്യായവിലയ്ക്ക് കൃത്യ അളവിൽ നൽകുകയെന്നതാണ് ഈ ഫിഷ് സ്റ്റാളുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് മത്സ്യഫെഡിന്റെ 41 ഫിഷ്മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു. പ്രീ-പ്രോസസിംഗ് സെന്ററുകളടക്കം കൊണ്ടുവന്ന് കൂടുതൽ വൃത്തിയുള്ള മത്സ്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ തീരത്തുനിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന് തന്നെ എത്തിക്കുന്നതിന് "അന്തിപ്പച്ച" എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 2-ഉം, കൊല്ലം ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ കേന്ദ്രീകരിച്ച് 3 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം സ്ഥാപിച്ചുവരുന്ന മത്സ്യമാർക്കറ്റുകളിൽ മത്സ്യം കേടുകൂടാതെ സൂക്ഷിച്ച് വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം/ഫ്രീസർ സംവിധാനം എന്നിവ ഉൾപ്പെടുത്തിയാണ് രൂപകൽപ്പന ചെയ്യുന്നത്.

(സി) മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാന്റിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്.

മത്സ്യഫെഡിന്റെ "റെഡി ടു കുക്ക്" ഉൽപ്പന്നങ്ങളായ ചിൽഡ് & ഡ്രസ്ഡ് മത്സ്യങ്ങൾ, മത്സ്യ സമോസ, മത്സ്യകട്ലറ്റ് എന്നിവ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കൂടാതെ "റെഡി ടു ഈറ്റ്" ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, നെത്തോലി പീര, മത്തി പീര, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ചില്ലി ഫിഷ് കറിക്കൂട്ട്, തേങ്ങ ചേർത്ത മത്സ്യക്കറിക്കൂട്ട് എന്നിവയും "മത്സ്യഫെഡ് ഈറ്റ്സ്" & " മത്സ്യഫെഡ് ട്രീറ്റ്സ്" എന്ന പേരിൽ

വിപണിയിലെത്തിച്ചിട്ടുണ്ട്. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിന് ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശീതീകരിച്ച മത്സ്യത്തിന്റെയും ചെമ്മീൻ തോടിൽ നിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തി വരുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ഉൽപ്പന്നങ്ങളുടെ വില കൃത്യമായി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിവരിച്ചത്. ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അവ എത്രത്തോളം വിജയകരമാകുമെന്നതിനെ സംബന്ധിച്ച് ഒരു പഠനം അങ്ങ് നടത്തിയിട്ടുണ്ടോ; ഉൾനാടൻ മത്സ്യകൃഷിയിൽ നിന്നുള്ള കരിമീനടക്കമുള്ള മത്സ്യങ്ങളുടെ ഓൺലൈൻ വ്യാപാരത്തെക്കുറിച്ച് മത്സ്യഫെഡ് കൂടുതൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, രണ്ട് വ്യത്യസ്ത കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ചൂഷണം ഒഴിവാക്കുന്നത് സംബന്ധിച്ചുള്ളതാണ് പ്രധാന ചോദ്യം. രണ്ടാമത്തെ ചോദ്യം തൊഴിൽ സാധ്യത വർദ്ധിപ്പിച്ചുകൊണ്ടുള്ള മാർക്കറ്റിംഗിനെ സംബന്ധിച്ചാണ്.

ഗുണനിലവാരം ഉറപ്പാക്കി മത്സ്യത്തൊഴിലാളികളുടെ വരുമാനം മികച്ചതാക്കുന്നതിനാണ് 2018-ലെ കേരള മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബിൽ സഭയിൽ സർക്കുലേറ്റ് ചെയ്തത്. നിർഭാഗ്യവശാൽ ഓരോ സഭാസമ്മേളനങ്ങളിലും തിരക്കുകൾ കാരണം പ്രസ്തുത ബിൽ പാസ്സാക്കാൻ സാധിച്ചിട്ടില്ല. വളരെ ഗൗരവതരമായ പഠനം നടത്തിയശേഷമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.നിയമവിധേയമായ ഒരു പരിരക്ഷ ഉറപ്പാക്കിക്കൊണ്ടല്ലാതെ മാലിന്യം കലർത്തി മത്സ്യ വിൽപ്പന നടത്തുന്നവർക്ക് കർശന ശിക്ഷ ഉറപ്പാക്കാൻ സാധിക്കില്ല. അക്കാര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തശേഷമാണ് പ്രസ്തുത ബില്ലിലേയ്ക്കുള്ള കാര്യങ്ങൾ വന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സഭാസമ്മേളന കാലയളവിൽ പ്രസ്തുത ബിൽ പാസ്സാക്കാൻ കഴിയുമെന്നാണ് കരുതിയിരുന്നതെങ്കിലും കൊറോണ വൈറസ് ബാധയുടെ സാഹചര്യത്തിൽ നമുക്കതിന് സാധിക്കുമെന്ന് തോന്നുന്നില്ല. എത്രയും പെട്ടെന്ന് ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തിക്കൊണ്ട് മാത്രമേ ഗുണമേന്മയുള്ള മത്സ്യം നാട്ടിലെ ജനങ്ങൾക്ക് ഉറപ്പാക്കാനും തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കാനും നമുക്ക് സാധിക്കൂ. പ്രസ്തുത ബിൽ പാസ്സാക്കാനായുള്ള അടിയന്തര നടപടികളിലേയ്ക്ക് പോകുകയെന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ ദിവസം ഞാൻ തിരുവനന്തപുരത്തുള്ള മത്സ്യഫെഡിന്റെ ഒരു മാർക്കറ്റിൽ പോയിരുന്നു. അവിടെ നിന്നും വിലകൂടിയ ഒരു മത്സ്യവും അങ്ങ് നേരത്തെ സൂചിപ്പിച്ചവയിൽ ഉൾപ്പെടുന്ന മറ്റ് ഉൽപ്പന്നങ്ങളും വാങ്ങുകയും ഏകദേശം 2500 രൂപയുടെ ബിൽ ഒടുക്കുകയും ചെയ്തു. എന്നാൽ ആ മത്സ്യം കട്ട് ചെയ്ത് കിട്ടുന്നതിനായി ഒന്നേകാൽ മണിക്കൂർ ആ മാർക്കറ്റിൽ കാത്തുനിൽക്കേണ്ടി വന്നു. അവസാനം ആ മത്സ്യം ഞാനവിടെ ഉപേക്ഷിച്ച് വരേണ്ട അവസ്ഥയുണ്ടായി. ഒരു എം.എൽ.എ. എന്ന രീതിയിലല്ല മറിച്ച് ഒന്നേകാൽ മണിക്കൂർ ഒരു മത്സ്യം കട്ട് ചെയ്ത് കിട്ടാൻ താമസമെടുക്കുകയെന്നത് ഒരു കസ്റ്റമറിനുണ്ടാക്കുന്ന ബുദ്ധിമുട്ടുകൂടി മനസ്സിലാക്കി ഇത്തരം മാർക്കറ്റുകളിൽ കൂടുതൽ പരിഷ്കരണങ്ങൾ നടപ്പാക്കാൻ സാധിക്കുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതൊരു പ്രശ്നമാണ്. ക്വാളിറ്റിയുള്ള മത്സ്യം ലഭ്യമായാൽ ജനങ്ങൾ അവിടെ ക്യൂ നിൽക്കും. "അന്തിപ്പച്ച" എന്ന സംവിധാനം മത്സ്യഫെഡ് ആരംഭിച്ചു. അവിടെ ഹാർബറിൽ നിന്ന് നേരിട്ട് കൊണ്ടുവരുന്ന ഫ്രഷ് മത്സ്യമാണുള്ളത്. ജനങ്ങൾ അവിടെ വന്ന് ക്യൂ നിൽക്കുകയാണ്. പലരും ഫോണിൽ വിളിച്ച് ഞങ്ങളുടെ പ്രദേശത്തും "അന്തിപ്പച്ച" ലഭ്യമാക്കാമോ എന്ന് ചോദിക്കുകയാണ്. അത് ജനങ്ങൾ വളരെ അട്രാക്ടീവായി സ്വീകരിക്കുന്നുണ്ട്. കൂടുതൽ സംവിധാനമൊരുക്കി ഇത്തരം കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് നല്ല വില ലഭിക്കാൻ വേണ്ടിയുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത് സ്വാഗതാർഹമാണ്. ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മത്സ്യ മാർക്കറ്റുകളും അന്തിപ്പച്ചയും തുടങ്ങിയിട്ടുള്ളത്. നമുക്ക് ഇന്ന് ലഭിക്കുന്ന മത്സ്യങ്ങളിൽ വലിയൊരളവ് ഉദരരോഗങ്ങൾക്കും കാൻസർ പോലുള്ള മാരകരോഗങ്ങൾക്കും നിമിത്തമാകുന്ന രൂപത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അന്തിപ്പച്ച മൊബൈൽ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഉൾപ്രദേശങ്ങളിൽ നല്ല മത്സ്യം എത്തിക്കുന്നതിനും ഉള്ള നടപടി മത്സ്യഫെഡിന്റെ കീഴിൽ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മൊബൈൽ യൂണിറ്റിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുകയാണ്. CIFT (Central Institute of Fisheries Technology) -ന്റെ സാങ്കേതികവിദ്യ ലഭ്യമാക്കിയിട്ടുണ്ട്. മോഡലായി 20 യൂണിറ്റ് നൽകിയിട്ടുണ്ട്. ഈ മാസം 13-ാം തീയതി ആലപ്പുഴയിൽ നടക്കുന്ന

പരിപാടിയിൽ ആദ്യത്തെ 3 യൂണിറ്റുകൾ വിതരണം ചെയ്യാനായി തീരുമാനിച്ചതാണ്. എന്നാൽ കൊറോണ വൈറസ് ബാധ കാരണം പ്രസ്തുത പരിപാടി മാറ്റിവയ്ക്കേണ്ടിവന്നു. മൊബൈൽ മാർട്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗിനെക്കുറിച്ച് നേരത്തെയിവിടെ ചോദിച്ചു, ഓൺലൈൻ മാർക്കറ്റിംഗ് നല്ലതാണ്, എന്നാൽ അനുബന്ധ തൊഴിലാളികളുടെ തൊഴിൽ നഷ്ടമാക്കിക്കൊണ്ട് പെട്ടെന്ന് അതിലേയ്ക്ക് മാറാൻ സാധിക്കില്ല. അതിനാൽ അവരുടെകൂടി സഹകരണം ഉറപ്പാക്കിക്കൊണ്ട് ഇത്തരം കാര്യങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി ഇടനിലക്കാരായി പ്രവർത്തിക്കുന്നവരെ ഒഴിവാക്കാനായി മത്സ്യഫെഡിന്റെ കീഴിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന മത്സ്യബന്ധന തുറമുഖങ്ങളിലും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും മത്സ്യലേലത്തിൽ ഇടപെടുന്നത് ശക്തിപ്പെടുത്താൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യഫെഡ് എണ്ണൂറിലധികം സഹകരണ സംഘങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിലും 350 എണ്ണത്തിൽ താഴെ മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളു. എന്നാൽ പ്രവർത്തിക്കുന്നവയ്ക്ക് കേരളത്തിൽ എല്ലാ സ്ഥലത്തും ലാന്റിംഗ് സെന്ററുകൾ പോലെയുള്ള പശ്ചാത്തല സൗകര്യം ഉറപ്പായിട്ടുമില്ല. 24 ഹാർബറുകളിൽ അത് ഇപ്പോഴും പൂർണ്ണമായി കാര്യക്ഷമമായിട്ടില്ല. ധാരാളമായി ലാന്റിംഗ് സെന്ററുകൾ വേണ്ടതായുണ്ട്. അടുത്ത വർഷത്തെ നമ്മുടെ പ്രയോറിറ്റി ഇത്തരം ലാന്റിംഗ് സെന്ററുകൾ ഉറപ്പാക്കുന്നതിലാണ്. ലാന്റിംഗ് സെന്ററുകൾ ഉറപ്പാക്കിയാൽ ഫ്രഷ് മത്സ്യം എത്തിക്കുകവഴി കുറച്ചുകൂടി കാര്യക്ഷമമായി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവായി തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിയുന്നരീതിയിൽ വരുമാനം ഉറപ്പാക്കാൻ സാധിക്കും. ഇതിനായി കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റ്മെന്റ് തീരത്ത് വേണ്ടിവരും. അതിന് കഴിയുന്ന തരത്തിലേയ്ക്ക് പോകാൻ നമുക്ക് സാധിച്ചിട്ടില്ലെന്നത് വസ്തുതയാണ്. തീരത്ത് ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കൊണ്ടുവരാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, മത്സ്യ കച്ചവടത്തിനും സംസ്കരണത്തിനും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഇപ്പോൾ നിർദ്ദേശിച്ച പുതിയ മാനദണ്ഡങ്ങൾ അതേ

രീതിയിൽത്തന്നെ കേരളത്തിൽ നടപ്പാക്കുമോ; കേരളത്തിന് അനുയോജ്യമായ രീതിയിൽ ഇവയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ സാധിക്കും; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ടോ; പുതിയ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുമ്പോൾ വലിയ കോൾഡ് സ്റ്റോറേജുകൾക്കുള്ള സൗകര്യമുണ്ടാക്കുന്ന രീതിയിൽ അവ രൂപകൽപ്പന ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് ഡിപ്പാർട്ടുമെന്റും സംയുക്തമായി ഇത്തരം കാര്യങ്ങൾ നടത്തുന്നത്. എന്നാൽ നിലവിലുള്ള നിയമത്തിൽ ശിക്ഷ കുറവാണ്. ഇപ്പോൾ ഞങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്ന മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലനം ബില്ലിൽ കുറച്ചുകൂടി കടുത്ത ശിക്ഷയാണ് ശിപാർശ ചെയ്തിരിക്കുന്നത്. ശിക്ഷ വർദ്ധിപ്പിച്ചാൽ മാത്രമേ ഇവ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ പരിമിതിയുണ്ട്. അതിന് മാറ്റം വരുത്താനാണ് പുതിയൊരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഹാർബറുകളിലെ കോൾഡ് സ്റ്റോറേജുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഹാർബറുകളുടെ മെയിന്റനൻസിന്റെ ഭാഗമായി കൂടുതൽ കോൾഡ് സ്റ്റോറേജുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് മുൻഗണന നൽകുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി

4 (*244) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതോടൊപ്പം അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ഘടകമായ, വികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്ക് സമമായ ശേഷി ആർജ്ജിക്കാൻ സംസ്ഥാനത്തെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള നവീകരണ പരിവർത്തന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാലയങ്ങൾ സാങ്കേതികവിദ്യാ സൗഹൃദമായിക്കഴിഞ്ഞ സ്ഥിതിക്ക് പഠനവിഭവങ്ങൾ തദനുസൃതം ആസൂത്രണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ; കാലാനുസൃതമായ സിലബസ് പരിഷ്കരണത്തിന് നടപടിയെടുക്കുമോ എന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

1. 4752 സെക്കന്ററി, ഹയർസെക്കന്ററി സ്കൂളുകളിലെ ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്തി ബോധന പ്രക്രിയയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ പരിശീലനങ്ങളും അദ്ധ്യാപകർക്ക് നൽകി. കൂടാതെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനും അവ ക്ലാസ്മുറികളിൽ പ്രവർത്തനാധിഷ്ഠിതമായി പ്രയോഗിക്കുന്നതിനുമാവശ്യമായ പരിശീലനങ്ങൾ എല്ലാ ഹൈസ്കൂൾ-ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അദ്ധ്യാപകർക്കും നൽകിക്കഴിഞ്ഞു.

2. പഠനം വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കുന്നതിന് 'സമഗ്ര' എന്ന പ്രത്യേക വെബ് പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭാഗങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾച്ചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

3. അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിങ്ങനെ സംഘടിപ്പിച്ചുവരുന്നുണ്ട്. എൽ.പി./ യു.പി. ഹൈസ്കൂൾ പ്രഥമാദ്ധ്യപകർക്കും വൊക്കേഷണൽ ഹയർ സെക്കന്ററി കരിയർ മാസ്റ്റർമാർക്കുമാണ് സി.ഇ.പി. പരിശീലന പരിപാടി പ്രധാനമായും നൽകുന്നത്. വിദ്യാഭ്യാസ ഓഫീസർമാർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾ എന്നിവർക്കാണ് എൽ.ഇ.പി. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

4. ഡയറ്റ് ഫാക്കൽറ്റികൾക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP) സംഘടിപ്പിച്ചുവരുന്നു. വിവിധ വിഭാഗത്തിൽപ്പെട്ട എല്ലാ ഡയറ്റ് ഫാക്കൽറ്റികൾക്കും പ്രത്യേകം ബാച്ചുകളായി, വ്യത്യസ്ത മൊഡ്യൂളുകൾ ഉപയോഗിച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

5. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ അടിസ്ഥാനപ്പെടുത്തി ഇതിനനുസൃതമായി അദ്ധ്യാപക പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വികസിത രാജ്യങ്ങളിലെ സമപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും ശേഷികളും സംസ്ഥാനത്തെ വിദ്യാർത്ഥികളും നേടണമെന്ന് ഉറപ്പാക്കാനാണ്. ഇതിനായി വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പഠനബോധന നിലവാരം ഉയർത്തുന്നതിനാവശ്യമായ കർമ്മ പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വിദ്യാലയങ്ങൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കി.

2. വായനയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി സാർവ്വത്രികമാക്കി.

3. അദ്ധ്യാപക പരിശീലനം മെച്ചപ്പെടുത്തി.

4. ഓരോ കുട്ടിയേയും തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഒരു പുതിയ മെന്ററിംഗ് പദ്ധതി സഹിതം ആവിഷ്കരിച്ചു.

5. അദ്ധ്യാപകർക്ക് ആവശ്യമായി വരുന്ന കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകി.

6. വിദ്യാലയങ്ങളിൽ പുതിയ പഠന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

(സി) ഉണ്ട്. കാലാനുസൃതമായ സിലബസ് പരിഷ്കരണത്തിനായി ഗവേഷണ പരിപാടികളും വിശദമായ ചർച്ചകളും എസ്.ഇ.ആർ.റ്റി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

### മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ

5 (*245) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എം. മുകേഷ് :

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വികസന തോതുമായി തുലനം ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതിയും അതുവഴി സാമൂഹ്യനിലയും ശ്രദ്ധേയമായ രീതിയിൽ പിന്നിലായതിനാൽ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) വിദ്യാഭ്യാസത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ മാനവശേഷി വികസിപ്പിച്ച് പരമ്പരാഗത തൊഴിൽ മേഖലയിലുള്ള ആശ്രിതത്വം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളുകളുടെ നവീകരണത്തിനും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം സാധ്യമാക്കുന്നതിനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) മത്സ്യബന്ധനം മുതൽ വിപണനം വരെയുള്ള രംഗങ്ങളിൽ സാങ്കേതികവിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവിലക്ക് ഉപഭോക്താക്കളിലെത്തിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ . മേഴ്സിക്കുട്ടി അമ്മ):

(എ) പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽതാഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554 രൂപയും മത്സ്യത്തൊഴിലാളികളുടേത് 81,494 രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട് . തത്ഫലമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (2018-19-ലെ ത്വരിത പരിശോധനാ കണക്കുപ്രകാരം) പൊതുവിഭാഗത്തിന്റ ആളോഹരി പ്രതിശീർഷ വരുമാനം 2,25,484 രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,10,960 രൂപയുമാണ്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി
6. ഓഖി പുനരധിവാസ പദ്ധതികൾ
7. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.)

(ബി) 1. സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഘട്ടംഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വലിയതുറ, ബേപ്പൂർ, താനൂർ, അഴീക്കൽ എന്നീ സ്കൂളുകൾ ആദ്യഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 24.71 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ ഓരോ സ്കൂളിനും അടിയന്തരമായി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചുവരുന്നു.

II. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം സാധ്യമാക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. വിദ്യാതീരം പദ്ധതി.
2. മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി.
3. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.
4. കരിയർ ഗൈഡൻസ് പദ്ധതി.
5. ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി.
6. സ്മാർട്ട് ക്ലാസ് റൂം

(ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യ ലഭ്യത ഉറപ്പുവരുത്തുവാനും ഗുണമേന്മയുള്ള മത്സ്യങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിക്കുവാനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുമാറുള്ള നിയമനിർമ്മാണം സർക്കാർ പരിഗണിച്ചുവരുന്നു. കൂടാതെ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ മത്സ്യങ്ങളിൽ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ Central Institute of Fisheries Technology തയ്യാറാക്കിയ പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യ ഉപയോഗിച്ച് വരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥം കലർന്ന മത്സ്യം കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നിയമപരമായ നടപടി സ്വീകരിച്ചുവരുന്നു. CIFT-ന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മുംബെയിലുള്ള Hi Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ലിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ജില്ലകൾ തോറും ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യമൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ശക്തമായ പരിശോധനകൾ നടത്താറുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യ മാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. ഫിഷിംഗ് ഹാർബറുകളുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവും ആക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഹാർബറുകളിൽ നിന്ന് നേരിട്ട് മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡ് മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 5 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഗുണമേന്മയുള്ള മത്സ്യം വിൽക്കുന്നതിനായി മത്സ്യഫെഡിന്റെ 41 ഫിഷ് മാർട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

## മത്സ്യവിത്തുകളുടെ ഉൽപ്പാദന വർദ്ധനവ്

6 (*246) ശ്രീമതി ഷാനിമോൾ ഉസ്മാൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മൊത്തം മത്സ്യോല്പാദനത്തിന്റെ എഴുപത്തിയൊന്ന് ശതമാനവും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ആയിരിക്കെ സംസ്ഥാനത്തിന്റെ സംഭാവന ഇരുപത്തിയെട്ട് ശതമാനം മാത്രമാണെന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമാണോ; എങ്കിൽ മത്സ്യവിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ആണ്. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ മത്സ്യോൽപ്പാദനം 6,72,767 മെട്രിക് ടൺ ആണ്. ഇതിൽ ഉൾനാടൻ മത്സ്യോൽപ്പാദനം 1,89,081 മെട്രിക് ടൺ ആണ്. ഇത് ആകെ ഉൽപ്പാദനത്തിന്റെ 28% ആണ്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ മത്സ്യോൽപ്പാദനം 8,01,757 മെട്രിക് ടൺ ആണ്. ഇതിൽ ഉൾനാടൻ മത്സ്യോൽപ്പാദനം 1,92,027 മെട്രിക് ടൺ ആണ്. ഇത് ആകെ ഉൽപ്പാദനത്തിന്റെ 24% ആണ്.

(ബി) കേരളത്തിന്റെ മത്സ്യകൃഷിയുടെ പ്രധാന പരിമിതി, മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. ഈ കാലയളവിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ കേരള സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ്. സംസ്ഥാനത്ത് മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യമേഖലയുടെ

വികസനത്തിൽ ഉൾപ്പെടുത്തി 50 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 26 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ദൈനംദിന നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ 4 വർഷ കാലയളവിൽ 22 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷം മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും നിർമ്മാണത്തിനായി 9 കോടി രൂപയും ദൈനംദിന നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി 12 കോടി മത്സ്യവിത്തുകൾ ആവശ്യമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന മത്സ്യവിത്തിന്റെ ഉൽപ്പാദനശേഷി 2.44 കോടിയിൽനിന്നും 7.88 കോടിയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

ഗുണമേന്മയുള്ള മത്സ്യവിത്താണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതെന്നും കർഷകർക്ക് വിതരണം ചെയ്യുന്നതെന്നും ഉറപ്പാക്കുന്നതിന് സംസ്ഥാന മത്സ്യവിത്തുകേന്ദ്രം കൊല്ലം, തേവള്ളിയിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി മൂന്ന് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും സ്ഥാപിച്ച് പ്രവർത്തനങ്ങളാരംഭിച്ചു. മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ്, മത്സ്യവിത്തിന്റെ പരിശോധന, 2014-ലെ മത്സ്യവിത്തു നിയമം ലംഘിച്ച് പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കൽ മുതലായവയാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും നിർവ്വഹിച്ചുവരുന്നത്.

**അർദ്ധ അതിവേഗ റെയിൽപ്പാത പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട്**

7 (T*247) <u>ശ്രീ. കെ. ആൻസലൻ</u>
<u>ശ്രീ. എസ്. ശർമ്മ</u>
<u>ശ്രീ. പി. കെ. ശശി</u>
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ റെയിൽവെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും സംയുക്തമായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനി ഏറ്റെടുത്ത തിരുവനന്തപുരം-കാസർകോട് അർദ്ധ അതിവേഗ റെയിൽപാത പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ട് റെയിൽ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പു ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവൃത്തികളും ഉടൻ തന്നെ തുടങ്ങുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

1. തിരുവനന്തപുരം - കാസർഗോഡ് വരെ സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ.
2. മാനന്തവാടി വഴിയുള്ള തലശ്ശേരി -മൈസൂർ റെയിൽവേ ലൈൻ.
3. കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോഴുപയോഗമില്ലാത്തത്) പുനർനിർമ്മാണം.
4. നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽ ലൈൻ

ഇതിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മൂന്നും നാലും പാതയ്ക്ക് റെയിൽവേ ബോർഡിന്റെ തത്വത്തിലുള്ള (In - principle) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗ യോഗ്യമല്ലാത്തത്) പുനഃനിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. തലശ്ശേരി-മൈസൂർ റെയിൽപ്പാത, നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽപ്പാത പദ്ധതികളെ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ പഠനം പുരോഗമന ഘട്ടത്തിലാണ്.

(ബി&സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യു ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ 'സിസ്ട്ര' സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (In- principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്.

ഈ പദ്ധതി നടപ്പുസാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നടപ്പ് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. പദ്ധതിക്കായി മറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല.

66405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള 8,656 കോടി രൂപയടക്കം 19940 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30% ആണ്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് kfw, JICA തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവന ചെയ്യുന്നത്.

ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പത്താംക്ലാസ്, ഹയർസെക്കന്ററി പരീക്ഷകളുടെ നടത്തിപ്പ്

8 (*248) ശ്രീ. ആർ. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പത്താംക്ലാസ്, ഹയർസെക്കന്ററി പരീക്ഷകൾ സുഗമമായും പരാതിരഹിതമായും നടത്തുന്നതിന് ജാഗ്രത്തായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിൽ നിന്ന് വ്യത്യസ്തമായി പാഠപുസ്തകങ്ങളും സ്കൂൾ യൂണിഫോമുകളും യഥാസമയത്ത് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പാഠ്യപദ്ധതിയുടെ ഭാരത്തിനനുസൃതമായി നിർണയിച്ചിട്ടുള്ള സാധ്യായ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) അക്കാദമിക മികവിന്റെ മാനകമായി വാർഷിക പരീക്ഷക്ക് അമിത പ്രാധാന്യം ലഭിച്ചുവരുന്നുണ്ടോ; പഠിതാക്കളുടെ സമഗ്ര വിലയിരുത്തൽ പ്രക്രിയയിൽ മാറ്റം സാധ്യമാണോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകൾ സുഗമമായി നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയിരുന്നു. എസ്.എസ്.എൽ.സി. ചോദ്യ പേപ്പറുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ സ്റ്റോറേജ് സെന്ററിൽ സൂക്ഷിക്കുകയും മതിയായ പോലീസ് കാവൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങൾക്ക് ആവശ്യമായ ചോദ്യ പേപ്പറുകൾ വിവിധ സ്റ്റോറേജ് സെന്ററുകളിൽ നിന്നും സോർട്ട് ചെയ്ത് ട്രഷറി/ബാങ്ക് ലോക്കറിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. മുൻകരുതലായി ഉത്തരക്കടലാസുകൾ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ അധികമായി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചോദ്യ പേപ്പർ വിതരണം സുഗമമായി നടത്തുന്നതിനാവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരീക്ഷാവേളയിലെ ക്രമക്കേടുകൾ തടയുന്നതിനായി പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പരീക്ഷാ കേന്ദ്രത്തിലേയ്ക്കും ആവശ്യാനുസരണം ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ നിയമിച്ചിട്ടുണ്ട്. ചോദ്യ പേപ്പറുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ സുരക്ഷിതമായി എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിൽ കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തിപ്പിനായി ആവശ്യമായ രീതിയിലുള്ള ക്രമീകരണം ചെയ്യാൻ ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2019-20 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അതാത് ടേമുകൾക്ക് മുമ്പേ തന്നെ വിതരണം പൂർത്തീകരിച്ചിരുന്നു. 2020-21 അദ്ധ്യയന വർഷത്തെ ഒന്നാം വോള്യം പാഠപുസ്തകങ്ങൾ ഇതിനകംതന്നെ വിതരണം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോമുകളുടെ വിതരണം ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) അവിചാരിതമായി നഷ്ടപ്പെടുന്ന അദ്ധ്യയന ദിനങ്ങൾ ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കി ക്രമീകരിച്ചിരുന്നു.

(ഡി) ഒരു പഠനത്തിന്റെ ഭാഗമായി ഇത്തരത്തിലൊരു നിഗമനം എസ്.സി.ഇ.ആർ.റ്റി. രൂപീകരിച്ചിട്ടില്ല. സ്കൂൾ അധിഷ്ഠിത വിലയിരുത്തൽ പദ്ധതിയുടെ ഭാഗമായി അനുഗുണമായ ചില മാറ്റങ്ങൾ സാദ്ധ്യമാണ്. 'സഹിതം' പോലുള്ള ചില വിലയിരുത്തൽ മേഖലയിലെ ഇടപെടലുകൾ നടത്തിവരുന്നു.

## പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

9 (*249) ശ്രീ. പി. കെ. ശശി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കൊണ്ടും കനത്ത മഴകൊണ്ടും തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിനും ഉപരിതലം പുതുക്കി ഗതാഗതയോഗ്യമാക്കുന്നതിനും നടത്തിയ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അറ്റകുറ്റപ്പണികൾക്കായി പ്രത്യേകം ചീഫ് എഞ്ചിനീയർ ഓഫീസ് സ്ഥാപിച്ചത് അറ്റകുറ്റപ്പണികളിലെ അലംഭാവം ഒഴിവാക്കാൻ സഹായകരമായിട്ടുണ്ടോ; സംസ്ഥാനത്തെ കാലവർഷത്തിന്റെ പ്രത്യേകത കാരണം എല്ലാ വർഷവും അറ്റകുറ്റപ്പണി നടത്തേണ്ടി വരുന്നത് ഒഴിവാക്കാൻ അറ്റകുറ്റപ്പണിയിലെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഇടപെടൽ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക വേണ്ടി വന്നെന്നും അതിനായി കേന്ദ്രസഹായം ലഭ്യമായിരുന്നോ എന്നും അറിയിക്കാമോ;

(ഡി) റോഡിലുണ്ടാകുന്ന തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിന് മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) പ്രളയത്തെത്തുടർന്ന് 2018-19 വർഷങ്ങളിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിലെ റോഡുകൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ എല്ലാം ഗതാഗതയോഗ്യമാക്കിയിരുന്നു. 2018-19, 2019-20 വർഷങ്ങളിൽ 11000 കി. മീ. റോഡുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാൻഫണ്ട്, നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തി റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ 714 കി. മീ. റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് 2019-ലെ പ്രളയത്തിൽ തകർന്ന ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ദേശീയ പാതകളുടെ ശാശ്വത പരിഹാരത്തിനായി ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ (181 കി.മീ.) അനുവദിച്ച് ടെണ്ടർ ചെയ്ത് പദ്ധതി അവാർഡ് ചെയ്യുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ 535 കോടി രൂപയുടെ ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. ഇതിൽ 265 കി.മീ. 424 കോടി രൂപയുടെ ബലപ്പെടുത്തൽ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

റിക്ക് ലിമിറ്റഡ് നവീകരണ പ്രവർത്തനം നടത്തിയ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ചെറ്റച്ചൽ റോഡ്, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്, കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പി.പി.പി. ആന്യൂറ്റി മോഡിൽ പൂർത്തീകരിച്ചു. 13 വർഷക്കാലത്തെ പരിപാലനവും ഉൾപ്പെടുത്തിയാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. 13 വർഷം റോഡുകൾ കാരാറുകാരൻ സ്വന്തം ചെലവിൽ പരിപാലിക്കേണ്ടതാണ്. ആയതിനാൽ കൺസഷണയർ തന്നെ ടി റോഡിന്റെ പരിപാലന പ്രവൃത്തികൾ നടത്തിവരുന്നു. മഴക്കെടുതിയിലും പ്രളയത്തിലും മേൽ റോഡുകൾക്ക് തകർച്ച ഉണ്ടായിട്ടില്ല.

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികളുടെ മേൽനോട്ടം നിലവിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നിരത്ത് വിഭാഗത്തിൽ അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേരിട്ട് പ്രവൃത്തികൾ ടണ്ടർ ചെയ്യുകയും പണികൾ നേരിട്ട് നടത്തിവരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിൽ പാലങ്ങൾ, നിരത്തുപരിപാലനം എന്നീ വിഭാഗങ്ങൾ പുതുതായി രൂപീകരിച്ചത് ഓരോ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായിട്ടാണ്. അപ്രകാരം വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ സംയുക്ത പ്രവർത്തനങ്ങൾ മുഖേന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വകുപ്പിന് കീഴിലെ ഒട്ടുമിക്ക റോഡുകളും സമയബന്ധിതമായി ഗതാഗത യോഗ്യമാക്കാനും പ്രളയ

പുനർനിർമ്മാണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. നിരത്തുപരിപാലന വിഭാഗം ചീഫ് എഞ്ചിനീയർ എല്ലാ ജില്ലകളും സന്ദർശിക്കുകയും അറ്റകുറ്റപ്പണികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുകയും ചെയ്യാറുണ്ട്.

(സി) 2018-ലെയും 2019-ലെയും പ്രളയത്തെത്തുടർന്ന് വകുപ്പിന് മൊത്തം 16,480 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. 2018 ആഗസ്റ്റിലെ പ്രളയത്തെത്തുടർന്ന് തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ഭൂരിഭാഗം റോഡുകളും ഗതാഗത യോഗ്യമാക്കിയിരുന്നു. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന നടപടികളും ഏറ്റെടുത്തിരുന്നു. എന്നാൽ 2019-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് റോഡുകൾക്ക് തുടർന്നും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. 2019-ൽ 5031 കി.മീ. റോഡുകൾക്ക് തകർച്ച സംഭവിച്ചു. എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 വർഷം പ്ലാൻ ഫണ്ടിൽനിന്നും പ്രളയാനന്തര പുനർ നിർമ്മാണത്തിനായി 1191 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽനിന്നും 882 കോടി രൂപയും അനുവദിച്ച് ഭരണാനുമതി നൽകുകയുണ്ടായി. 11000 കി.മീ. റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയും 312.38 കി.മീ. റോഡുകളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കുയുണ്ടായി. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. ദുരന്ത നിവാരണ വകുപ്പിൽ നിന്നും പ്രളയത്തെത്തുടർന്ന് 2018-19-ൽ 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു. NABARD ഫണ്ടിൽ ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷം നോൺ പ്ലാൻ ഫണ്ടിൽ നിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാംതന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്നു.

2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കി വരുന്നു. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ

മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ കെ.എസ്.ടി.പി. മുഖാന്തരമുള്ള പുനർ നിർമ്മാണം ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ സാമ്പത്തിക സഹായത്തോടെയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മുന്നോടിയായി ലോകബാങ്ക്/ ജർമ്മൻ ബാങ്ക് എന്നിവരുടെ സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന പ്രതിനിധി സംഘം കെ.എസ്.ടി.പി.ക്ക് കൈമാറിയ റോഡുകളിൽ 2019 ജനുവരി മാസം സന്ദർശനം നടത്തുകയും പുനർ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ ഒരു മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു. ജർമ്മൻ ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് മുൻഗണനാക്രമത്തിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ചെന്നൈ ആസ്ഥാനമായ M/s L&T Infrastructure Ltd. മുഖേന റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചു. തുടർന്ന് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ. ദൈർഘ്യം വരുന്ന 31 റോഡുകളുടെ പട്ടിക ആദ്യഘട്ടമായി അംഗീകരിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് 13-8-2019-ലെ സ.ഉ(കൈ)നമ്പർ 25/2019/ ആ.സാ.വ. ഉത്തരവ് പ്രകാരം പുനർ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും നിർദ്ദേശമനുസരിച്ച് പ്രകൃതി ദുരന്തങ്ങളിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശിപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി 4 കൺസൾട്ടന്റുകളുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. 6 മാസം കാലാവധിയായി നൽകിയിട്ടുള്ള കരാർ പ്രകാരം റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കാവുന്നതും തുടർന്ന് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 2020 മേയ് മാസത്തോടെ റോഡുകളുടെ പുനർ നിർമ്മാണം ആരംഭിക്കാവുന്നതുമാണ്.

(ഡി) നിലവിൽ റോഡിലുണ്ടാകുന്ന തകരാറുകൾ അതിവേഗം പരിഹരിക്കുന്നതിന് പോട്ട്ഹോൾ ഫില്ലിംഗ് മെഷീൻ അധികമായി വാങ്ങുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണം നിരോധിച്ച ഉത്തരവ്**

10 (*250) ശ്രീ. അൻവർ സാദത്ത് :

ശ്രീ. പി. ടി. തോമസ് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നിരോധിച്ചും 1500 ചതുരശ്ര അടിയിൽ കൂടുതലുള്ള മറ്റ് നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയും കഴിഞ്ഞ വർഷം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ; ഈ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) പട്ടയ ഭൂമിയിലുള്ള അനധികൃത നിർമ്മാണങ്ങൾ വ്യവസ്ഥകളോടെ സാധൂകരിച്ച് നൽകുന്നതിനും വ്യവസ്ഥകൾ പാലിക്കാത്ത നിർമ്മിതികൾ ഏറ്റെടുത്ത് പാട്ടത്തിന് നൽകുന്നതിനും തീരുമാനം കൈക്കൊണ്ട് 22-8-2019-ലെ സ.ഉ. (കൈ)269/2019 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉരത്തരവ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C)1801/2010 നമ്പർ കേസിലെ ഇടക്കാല വിധിന്യായത്തിൽ മൂന്നാർ മേഖലയിൽ വ്യാപകമായി ഭൂമി കയ്യേറ്റവും അനധികൃത ക്വാറി പ്രവർത്തനങ്ങളും അനധികൃത നിർമ്മാണങ്ങളും നടക്കുന്നതായി ബഹുമാനപ്പെട്ട കോടതി നിരീക്ഷിക്കുകയും മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ വിവിധ കേസുകളിലെ വിധിന്യായങ്ങളിൽ ഏതാവശ്യത്തിനാണോ ഭൂമി പതിച്ചു നൽകിയത് ആ ആവശ്യത്തിനുമാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂവെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പട്ടയ ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലംഘിച്ചുകൊണ്ട് വ്യാപകമായ നിർമ്മാണങ്ങൾ നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഭാവിയിൽ പട്ടയഭൂമിയിലുള്ള ചട്ടലംഘനത്തോടുകൂടിയുള്ള നിർമ്മാണങ്ങൾ തടയുക എന്ന ലക്ഷ്യത്തോടു കൂടിയുമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റാറ്റസ്കോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 22-8-2019-ലെ സ.ഉ.(കൈ)269/2019 നമ്പർ ഉത്തരവിനെതിരെ പ്രതിഷേധങ്ങൾ വിവിധ കോണുകളിൽ നിന്നും ഉന്നയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആവശ്യമെങ്കിൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## മിച്ചഭൂമിയിലെ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കാൻ നടപടി

11(*251) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ഏറ്റെടുത്ത മിച്ചഭൂമിയിലെ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) ഇത്തരം വസ്തുക്കൾ യഥാവിധി സംരക്ഷിക്കാത്തതുകാരണം ഇവ കൈക്കലാക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം വസ്തുക്കൾ തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) റവന്യൂ വകുപ്പ് ഏറ്റെടുത്ത മിച്ചഭൂമിയിലെ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനായി 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 86 (6) , 98, 122 വകുപ്പുകൾ പ്രകാരവും 1970-ലെ കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങളിലെ 25, 26 എന്നീ ചട്ടങ്ങൾ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നിയമാനുസൃത നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം സ്വീകരിക്കുന്നതാണ്.

(സി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ 86-ാം വകുപ്പ് പ്രകാരം മിച്ചഭൂമി ഏറ്റെടുക്കുന്ന വേളയിൽ 1970-ലെ കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങളിലെ ചട്ടം 22 അനുശാസിക്കുംപ്രകാരമുള്ള മഹസറും സ്കെച്ചും തയ്യാറാക്കിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത മഹസറിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ ശരിയായ വിവരണവും വിലപിടിപ്പുള്ള വസ്തുക്കൾ, ചമയങ്ങൾ എന്നിവയുണ്ടെങ്കിൽ അവയുടെ വിവരണവും കുടികിടപ്പുകാരുണ്ടെങ്കിൽ അവരുടെ പേരും മേൽവിലാസവും മറ്റ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടാകും. ആയതിനാൽ അത്തരം വസ്തുക്കളുടെ സംരക്ഷണവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്.

## പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ പദ്ധതി

12(*252) ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കെ. ബാബു :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി. ആവിഷ്കരിച്ച 'ഉണ' പദ്ധതി പ്രകാരം 2017-18-ൽ നടത്തിയ സാമ്പിൾ വിശകലനത്തിൽ അപ്പർ പ്രൈമറി തലത്തിലെ ഇരുപത്തി മൂന്ന് ശതമാനം കുട്ടികൾ പഠന പിന്നോക്കാവസ്ഥയുള്ളവരാണെന്ന കണ്ടെത്തലിന്റെയടിസ്ഥാനത്തിൽ വ്യക്തിഗത പഠന പരിശീലന പ്രവർത്തനങ്ങളിലൂടെ ഇത്തരം കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പഠന പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം കുടുംബത്തിലെ പ്രശ്നങ്ങളും സാമ്പത്തിക ദുർബലാവസ്ഥയുമാണെന്നതിനാൽ ഇത്തരക്കാരുടെ പ്രശ്നങ്ങൾ കണ്ടെത്തി ഉചിതമായ ഇടപെടൽ വഴിയും പഠനബോധന തന്ത്രങ്ങളിലൂടെയും ഇവ പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഇതിന് പരിശീലനം സിദ്ധിച്ച അധ്യാപകരുണ്ടോയെന്ന് അറിയിക്കുമോ;

(സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെയും ഓട്ടിസം ബാധിച്ചവരെയും പരിശീലിപ്പിക്കുന്നതിന് ആവശ്യത്തിന് റിസോഴ്സ് പേഴ്സൺസ് ഉണ്ടോ; സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യങ്ങൾ ഉയർത്താൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) കണക്ക്, സയൻസ് തുടങ്ങി ചില വിഷയങ്ങളിലുള്ള പൊതു പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേകം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): (എ) 'തുണ' പദ്ധതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികളുടെ ഏകോപനത്തോടെയുള്ള വ്യക്തിഗത പഠന പരിശീലനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) കുടുംബപ്രശ്നങ്ങളും പഠനാന്തരീക്ഷം ഇല്ലായ്മയും പഠന പിന്നോക്കാവസ്ഥയുടെ കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി പദ്ധതി വികസിപ്പിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കൗൺസിലിംഗ് പ്രോഗ്രാം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതി, വിദ്യാഭ്യാസ വകുപ്പിന്റെ രക്ഷാകർതൃ വിദ്യാഭ്യാസം എന്നിവ നിലവിലുള്ള പദ്ധതികളാണ്.

(സി) ഓട്ടിസം ബാധിച്ചവരടക്കമുള്ള ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്നതിനായി എലിമെന്ററി, സെക്കന്ററി വിഭാഗങ്ങളിലായി പൊതു വിദ്യാലയങ്ങളിൽ 2337 റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിന് സംസ്ഥാനത്തെ സർക്കാർ മേഖലയിൽ 7 സ്പെഷ്യൽ കേന്ദ്രങ്ങളും എയ്ഡഡ് മേഖലയിൽ 36 സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. സർക്കാർ സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രതിവർഷ പദ്ധതി വിഹിതത്തിൽനിന്നും 65 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. കൂടാതെ, ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ പഠന സാമഗ്രികളും വിതരണം ചെയ്യുന്നുണ്ട്.

(ഡി) കണക്ക്, സയൻസ് തുടങ്ങിയ വിഷയങ്ങളിലുള്ള കുട്ടികളുടെ പഠന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധ, ശാസ്ത്രരംഗം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി ഉല്ലാസ ഗണിതം, മൂന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഗണിതവിജയം, ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിന് 'ഗണിതോത്സവം' തുടങ്ങിയ പരിപാടികൾ ഗണിതത്തിലും പ്രൈമറി ക്ലാസ്സുകളിൽ 'ശാസ്ത്ര കൗതുകം', യു.പി., ഹൈസ്കൂൾ ക്ലാസ്സുകളിൽ 'ശാസ്ത്രപാർക്ക്' എന്നീ പരിപാടികൾ ശാസ്ത്രത്തിലും നടപ്പിലാക്കിവരുന്നു.

## റോഡ് നിർമ്മാണ രീതികളിലെ മാറ്റങ്ങൾ

13 (*253) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ വളരെ വേഗം പൊട്ടിപ്പൊളിയുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം നിർമ്മാണത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കാമോ;

(ബി) കയർ ഭൂവസ്ത്രം, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇതിനകം എത്ര കിലോമീറ്റർ റോഡ് മേല്പറഞ്ഞവ ഉപയോഗിച്ച് നിർമ്മിച്ചുവെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സെൻട്രൻ റോഡ് ഫണ്ട് പദ്ധതികളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതുമൂലം റോഡ് നിർമ്മാണത്തിലുണ്ടായിട്ടുള്ള മേന്മ വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) ഇപ്പോൾ പൊതുമരാമത്ത് റോഡുകൾ വളരെ വേഗം പൊട്ടിപ്പൊളിയുന്നില്ല. ഈ സർക്കാർ നിലവിൽ വന്നശേഷം പുതിയകാലം പുതിയ നിർമ്മാണം എന്ന നയം രൂപീകരിച്ചു. ഈ നയം ഉൾക്കൊണ്ടുകൊണ്ട് പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത്

ഡിസൈൻ ചെയ്ത് ബി.എം.&ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആയതിനാൽ തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾ വരെ ദീർഘകാലം ഈടുനിൽക്കുന്നവയാണ്. ഈ റോഡ് നിർമ്മാണ വേളയിൽതന്നെ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലി കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി റോഡുകൾക്ക് കുറുകെയായും സമാന്തരമായും ഡക്ടുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനാൽ റോഡ് വെട്ടിപ്പൊളിക്കുന്നത് തടയുവാൻ സാധിക്കുന്നു. കൂടാതെ ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു.

(ബി) പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ, മോഡിഫൈഡ് ബിറ്റുമിൻ എന്നിവയും റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. ഈ റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നവയാണ്. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ ഈ റോഡുകളുടെ പ്രത്യേകതയാണ്.

(സി) 2016-17 മുതൽ 2019-20 വരെ 335.35 കി.മീ. ദൂരം പ്ലാസ്റ്റിക് മാലിന്യം (ഏകദേശം 495 ടൺ) ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് നാളിതുവരെ 49 കി.മീ.. ദൂരം റോഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ചും 2117.2 കി.മീ. ദൂരം നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയിൽ അംഗീകാരം ലഭിച്ച 56 പ്രവൃത്തികൾക്കും 2019-20 അംഗീകാരം ലഭിച്ച് ആരംഭിക്കാനിരിക്കുന്ന ഉപരിതലം പുതുക്കൽ/ബലപ്പെടുത്തൽ പ്രവൃത്തികൾക്കും നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കലർത്തി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്.

**തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്ന നടപടി**

14 (*254) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്::
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്നതു കൊണ്ട് സർക്കാരിനും ഭൂവുടമകൾക്കും അധിക ബാധ്യതയുണ്ടാകുമോയെന്ന് വിശദീകരിക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ കേന്ദ്രസർക്കാരിന് ഭൂമി വിവരങ്ങൾ നൽകേണ്ടിവരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോ എന്നറിയിക്കാമോ;

(സി) ആധാർ ഇല്ലാത്തവരുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ആധാർ സംബന്ധിച്ച കോടതി വിധി പദ്ധതിയെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) തണ്ടപ്പേരും ആധാറും ബന്ധിപ്പിക്കുന്നതുകൊണ്ട് സർക്കാരിനോ ഭൂവുടമകൾക്കോ അധിക ബാധ്യതയുണ്ടാവുകയില്ല. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അതുവഴി ഒരു ഭൂഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കും. ഭൂമി സംബന്ധമായ വിവരങ്ങൾ ആധാർ അധിഷ്ഠിത യുണീക് റ്റി.പി. (UTP) യുമായി ബന്ധപ്പെടുത്തിയാൽ സംസ്ഥാനത്തെ ഏതൊരു കൈവശക്കാരന്റെയും ഭൂ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കപ്പെടുകയും ആവശ്യമുള്ള സമയം ലഭ്യമാകുന്നതുമാണ്.

(ബി) ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുക എന്നതാണ് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഭൂവിവരങ്ങൾ കേന്ദ്ര സർക്കാരിന് നൽകേണ്ടിവരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലാത്തതാണ്.

(സി) ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാകുംവിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധാർ ഇല്ലാത്തവരായി വളരെ കുറച്ചുപേർ മാത്രമെ കാണാൻ സാധ്യതയുള്ളൂ. അവരുടെ കാര്യത്തിൽ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കും. എന്തായാലും ആധാർ നമ്പർ ഇല്ലാത്ത ഭൂവുടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരും. ഭൂവുടമയുടെ സമ്മതത്തോടെ തന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India (UIDAI) യുടെ അനുവാദ പ്രകാരവും ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**വനഭൂമി കൈവശക്കാർക്ക് പട്ടയം**

15 (*255) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടേയും അനുമതി ലഭിച്ച വനഭൂമിയിൽ, പട്ടയം നല്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) വനഭൂമി കൈവശം സംബന്ധിച്ച റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(സി) സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ഭൂമിയിൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പട്ടയം നല്കാതിരിക്കുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ, അർഹരായവർക്ക് പട്ടയം നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) അത്തരത്തിൽ പട്ടയം അനുവദിക്കുമ്പോൾ ഈ ഭൂമിയിൽ നിലനില്ക്കുന്ന മരങ്ങളുടെ കാര്യത്തിൽ എന്തടിസ്ഥാനത്തിലുള്ള തീർപ്പാണ് നല്കുന്നതെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽപ്പെട്ട 28,588.159 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 64,335 പട്ടയങ്ങളിലായി ആകെ 17,650.6526 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഭൂമി അർഹരായ അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ചതും പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടതുമായ 19000 ഏക്കർ വനഭൂമിയുടെ വിതരണ നടപടികൾ നടന്നുവരുന്നതാണ്. നാളിതുവരെ വിതരണം ചെയ്ത ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കേന്ദ്രാനുമതി ലഭിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | വിതരണം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | പാലക്കാട് | 4361.3027 | 1005.90 |
| 2 | മലപ്പുറം | 203.64 | 6.8798 |
| 3 | വയനാട് | 3008.080 | 977.4242 |
| 4 | കണ്ണൂർ | 83 | 0 |
| 5 | കാസർഗോഡ് | 37.023 | 30.3644 |
| | ആകെ | 7693.0457 | 2020.5684 |

(ബി) 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും പ്രസ്തുത വിശദാംശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി നടന്നു വരുന്നതുമാണ്.

(സി) സംയുക്ത പരിശോധന പൂർത്തിയായതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതും വിവിധ കാരണങ്ങളാൽ (സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്തവ, നിശ്ചിത സമയപരിധിക്കുള്ളിൽ ഫോറം 2 സമർപ്പിക്കാത്തവ, മരങ്ങളുടെ വില, മതിയായ രേഖകൾ സമർപ്പിക്കാത്തവ മുതലായവ) പട്ടയവിതരണം തടസ്സപ്പെട്ട കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി 22-6-2019-ലെ സ.ഉ. (കൈ) നം. 189/2019/റവ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അക്കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തി പട്ടയം നൽകുന്നതിനുതകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർ നടപടികൾ സ്വീകരിക്കുന്നതിന് അവ്യക്തത നിലനിൽക്കുന്നുവെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം നൽകി 6-3-2020-ലെ സ.ഉ. (കൈ) നമ്പർ 90/2020/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ഡി) 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് 1993-ലെ പ്രത്യേക ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരിക്കൽ) പ്രകാരം പട്ടയം നൽകുന്നതിന് അത്തരം ഭൂമിയിൽ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭിക്കേണ്ടതുണ്ട്. കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ടി ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുവാൻ വ്യവസ്ഥയില്ലാത്തതാണ്.

(ഇ) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രകാരം പട്ടയം അനുവദിക്കുമ്പോൾ ടി ചട്ടത്തിലെ ചട്ടം 13 പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

16 (*256) പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. സിലബസിൽ അധ്യയനം നടത്തിക്കൊണ്ടിരുന്ന എറണാകുളത്തെ അരൂജാസ് സ്കൂളിലെ പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കാതെ പോയതിന്റെ പശ്ചാത്തലത്തിൽ മറ്റ് സ്കൂളുകളിൽ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിക്കുന്നവയുൾപ്പെടെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ കണ്ടെത്തി അടച്ചു പൂട്ടാൻ നടപടിയെടുക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ 'സമ്പൂർണ്ണ' വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്ന ഉത്തരവ് സംസ്ഥാനേതര സിലബസനുസരിച്ച് അധ്യയനം നടത്തുന്ന സ്കൂളുകൾ പാലിക്കുന്നുണ്ടോ എന്നുറപ്പാക്കാൻ സാധിക്കുമോ;

(സി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരമോ എൻ.ഒ.സി.യോ നൽകുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ; സ്കൂളുകൾ ഇവ പാലിക്കുന്നുണ്ടെന്നുറപ്പുവരുത്താൻ ഏതെങ്കിലും തരത്തിലുള്ള പരിശോധന സാധ്യമാണോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എണ്ണത്തിലെ കൃത്യത ഉറപ്പാക്കാനായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസിലും സ്റ്റേറ്റ് സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂൾ അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തി വയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 01-03-2019-ലെ ജി.ഒ.(എം.എസ്) നമ്പർ 22/2019/പൊ.വി.വ. പ്രകാരം സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സിലബസുള്ള സ്കൂളുകൾക്കും 22-05-2019-ലെ ജി.ഒ.

(എം.എസ്)നം. 45/2019/പൊ.വി.വ. പ്രകാരം സ്റ്റേറ്റ് സിലബസുള്ള സ്കൂളുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ തലത്തിൽ അംഗീകാരം/എൻ.ഒ.സി. നൽകുകയും ചെയ്തുവരുന്നു. ഈ നടപടി പൂർത്തീകരിക്കുന്നതോടൊപ്പം അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതെയോ അംഗീകാരം ലഭിക്കാതെയോ ഇനിയും അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ടെങ്കിൽ അത് സംബന്ധമായ തുടർ നടപടികളെക്കുറിച്ചാലോചിക്കുന്നതാണ്.

(ബി) സംസ്ഥാന സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾക്കുപുറമെ സംസ്ഥാനേതര സിലബസുകളായ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. എന്നീ സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങളും സമ്പൂർണ്ണ വെബ്സൈറ്റിലൂടെ ഓൺലൈനായി ശേഖരിക്കുന്നതിന് മുന്നോടിയായി, ഈ സിലബസുകളിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും സമ്പൂർണ്ണയിൽ പ്രവേശിക്കുന്നതിനും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള വ്യക്തിഗത ലോഗിൻ വിവരങ്ങൾ കൈറ്റിൽ നിന്നും 2019-20 അദ്ധ്യയന വർഷം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ സംവിധാനത്തിലൂടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും വരുന്ന അദ്ധ്യയന വർഷത്തിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നതാണ്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അംഗീകാരത്തിനുള്ള എൻ.ഒ.സി.യോ അംഗീകാരമോ നൽകുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ സിബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി.ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതിന് 1-3-2019-ലെ ജി.ഒ.(എം.എസ്)നം. 22/2019/പൊ.വി.വ പ്രകാരം മാർഗ്ഗനിർദ്ദശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഓരോ സ്കൂളധികൃതരും എൻ.ഒ.സി.ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കൂളും രേഖകളും സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയത്തും പരിശോധിക്കാവുന്നതാണ് എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള പരിശോധന സാധ്യമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു. നിലവിലെ UID സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും

17 (*257) ശ്രീ. ഇ. കെ. വിജയൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയനിലവാരം പുലർത്തുന്നതിനായി സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണോ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എഞ്ചിനിയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ മോഡ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ; സംസ്ഥാനത്ത് എത്ര തുകയ്ക്കുമേലുള്ള പദ്ധതികളാണ് പ്രസ്തുത മോഡിൽ നടപ്പാക്കുന്നതെന്നറിയിക്കുമോ;

(സി) ഈ വിധത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്റ്റാന്റ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിൽ ഇവിടുത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിനായി ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്.

(ബി-ഡി) ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ മോഡിലാണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി

പീരിഡും ഫ്ലെക്സിബിൾ പേവ്മെന്റിൽ നിർമ്മിക്കുകയോ, സ്ട്രെങ്ത്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരിഡുമുണ്ട്. പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാൻഡ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും 10 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരിഡുണ്ട്.

മറ്റ് പ്രവൃത്തികൾക്ക് 40 എം.എം.-ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷവും അതിൽ കുറവ് കനമുള്ളവയ്ക്ക് 1 വർഷവുമാണ് ഡിഫക്റ്റ് ലയബിലിറ്റി പീരീഡ്.

(ഇ) ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

### സ്കൂളുകളിലെ ഐ.സി.ടി. ഉപകരണങ്ങൾ

18 (*258) ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ശക്തീകരണ യജ്ഞത്തിന്റെ ഭാഗമായി നൽകിയ പ്രൊജക്ടർ, ലാപ്ടോപ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുയോ അല്ലെങ്കിൽ അദ്ധ്യാപകർ സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങളുടെ ഉപയോഗം സജീവമാക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പ്രൊജക്ടർ, ലാപ്ടോപ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് ഇതുവരെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സ്കൂളുകൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങൾ പരമാവധി കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും ഉപയോഗിക്കാത്ത ഉപകരണങ്ങളുണ്ടെങ്കിൽ അവ സ്കൂളുകളിൽനിന്ന് തിരിച്ചെടുക്കുന്നതിനും സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും ധാരണാപത്രത്തിൽ ഒപ്പിട്ടശേഷമാണ് ഉപകരണ വിതരണം നടത്തിയത്.

2060 ഹൈടെക് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ സഹായത്താൽ അമ്മമാർക്ക് പ്രത്യേക ഐ.ടി. പരിശീലനം ക്രമീകരിക്കുകയും പ്രസ്തുത പരിശീലനത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്കും ഇടപെടാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിന് കൈറ്റിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 2018-19-ലും 2019-20-ലും ഓൺലൈൻ സർവ്വേയും ഓഡിറ്റും നടത്തിയിട്ടുണ്ട്.

ഓരോ സ്കൂളിനും നൽകുന്ന ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച പ്രത്യേക ബോർഡ് ഓരോ സ്കൂളിലും സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) കൈറ്റ് മുഖാന്തരം നടത്തിയ സർവ്വെ/ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ 0.01% അദ്ധ്യാപകർ മാത്രമാണ് ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20-ൽ നടത്തിയ സർവ്വെയുടെ പ്രാഥമിക കണക്കനുസരിച്ച് 99.99% അദ്ധ്യാപകരും ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠവിനിമയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിന്റെ പ്രവർത്തനങ്ങളെയും കുട്ടികളുടെ പഠനത്തെയും ബാധിക്കാത്ത വിധത്തിൽ ബന്ധപ്പെട്ട അധികാരികളുടെ അറിവോടെ ആവശ്യമെങ്കിൽ അദ്ധ്യാപകർക്ക് സ്വകാര്യ ആവശ്യത്തിനല്ലാതെ ഉപകരണങ്ങൾ വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാവുന്നതാണ്. 2019-20-ലെ സർവ്വെ പ്രകാരം 28% അദ്ധ്യാപകർ പാഠഭാഗങ്ങൾ തയ്യാറാക്കുന്നതിനായി ലാപ്ടോപ് വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കും ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകൾക്ക് നൽകിയ ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും ഉപയോഗിക്കാത്തവയുണ്ടെങ്കിൽ അവ സ്കൂളുകളിൽനിന്ന് തിരിച്ചെടുക്കുന്നതിനും സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും ധാരണാപത്രത്തിൽ ഒപ്പിട്ടശേഷമാണ് ഉപകരണ വിതരണം നടത്തിയത്.

2060 ഹൈടെക് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ സഹായത്താൽ അമ്മമാർക്ക് പ്രത്യേക ഐ.ടി. പരിശീലനം ക്രമീകരിക്കുകയും പ്രസ്തുത പരിശീലനത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ പരമാവധി ഉപയാഗം ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്കും ഇടപെടാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിക്കുന്നതിന് കൈറ്റിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 2018-19-ലും 2019-20-ലും ഓൺലൈൻ സർവ്വേയും ഓഡിറ്റും നടത്തിയിരുന്നു.

ഓരോ സ്കൂളിനും നൽകുന്ന ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച പ്രത്യേക ബോർഡ് ഓരോ സ്കൂളിലും സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേയ്ക്ക് വാങ്ങാവുന്ന ഉപകരണങ്ങൾ അവയ്ക്കാവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപ്പനാനന്തര സേവനം വ്യവസ്ഥകൾ തുടങ്ങിയവ ഉൾപ്പെടുത്തി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് വിതരണം ചെയ്ത എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി, പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം, കോൾ സെന്റർ സംവിധാനം, ജില്ലകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം, ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തിയിട്ടുണ്ട്.

ഹാർഡ്വെയർ പരാതികൾ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ പരിഹരിച്ചില്ലെങ്കിൽ വിതരണക്കാരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള സംവിധാനമുണ്ട്.

## സംസ്ഥാനത്തെ ഭൂമി സംബന്ധമായ വിവരങ്ങൾ

19 (*259) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി, ഉടസ്ഥരില്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) പൊതു ആവശ്യത്തിനുള്ള വിവിധ പദ്ധതികൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ടി വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള രജിസ്റ്ററുകൾ ബന്ധപ്പെട്ട എല്ലാ റവന്യൂ ഓഫീസുകളിലും സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് 8-5-2019-ലെ സ.ഉ.(സാധാ) നമ്പർ 1077/2019/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ) നേതൃത്വത്തിൽ ലാന്റ് മാനേജ്മെന്റ് സെൽ എന്ന പേരിൽ ഒരു സെൽ രൂപീകരിച്ച് പ്രൊഫോർമ തയ്യാറാക്കി ജില്ലകൾക്ക് അയച്ച് നൽകി വിവരശേഖരണം നടത്തി വരുന്നതുമാണ്.

(ബി) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. റവന്യൂ റിക്കാർഡുകൾ പ്രകാരം (ReLIS) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം 2263333.9647 ഏക്കറാണ്. (915938.7591 ഹെക്ടർ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം | | |
|---|---|---|
| ജില്ല | വിസ്തീർണ്ണം | കൈവശങ്ങൾ |
| തിരുവനന്തപുരം | 40219.862764 | 116117 |
| കൊല്ലം | 75502.487587 | 123414 |
| പത്തനംതിട്ട | 14626.592675 | 77003 |
| ആലപ്പുഴ | 15995.702721 | 90232 |
| കോട്ടയം | 29291.889035 | 104906 |
| ഇടുക്കി | 104777.24284 | 72456 |
| എറണാകുളം | 101350.563115 | 109966 |
| തൃശ്ശൂർ | 54551.23 | 129267 |
| പാലക്കാട് | 163137.898416 | 137079 |
| മലപ്പുറം | 74396.342463 | 58427 |
| കോഴിക്കോട് | 41967.12434 | 38683 |
| വയനാട് | 105204.926808 | 33014 |
| കണ്ണൂർ | 91577.73423 | 39011 |
| കാസർഗോഡ് | 3339.16216 | 15052 |
| ആകെ | 915938.7591 ഹെക്ടർ (2263333.9647 ഏക്കർ) | 1144627 |

സംസ്ഥാനത്ത് ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമികൾ 1964-ലെ കേരള എസ്ച്ചീറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. അപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ നിലവിലെ വിസ്തീർണ്ണം 2769.8399 ഹെക്ടറാണ് (6844.4234509 ഏക്കർ) ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| എസ്ച്ചീറ്റ് ഭൂമി സംബന്ധിച്ച വിവരം | |
|---|---|
| ജില്ല | വിസ്തീർണ്ണം (ഹെ.ആർ) |
| തിരുവനന്തപുരം | 3.2073 |
| കൊല്ലം | 0 |
| പത്തനംതിട്ട | 6.288 |
| ആലപ്പുഴ | 0 |

| | |
|---|---|
| കോട്ടയം | 0.0205 |
| ഇടുക്കി | 0.582 |
| എറണാകുളം | 0.2906 |
| തൃശ്ശൂർ | 2.7773 |
| പാലക്കാട് | 0.433 |
| മലപ്പുറം | 0.3797 |
| കോഴിക്കോട് | 1700.0652 |
| വയനാട് | 761.3065 |
| കണ്ണൂർ | 294.9413 |
| കാസർഗോഡ് | 0.0485 |
| ആകെ | 2769.8399 |

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമ വഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താൽപര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാന്റ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29-07-2019-ലെ സ.ഉ. (എം.എസ്) 243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തി വരുന്നതുമാണ്.

(ഡി) വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 05-06-2018-ലെ സ.ഉ(പി) 31/2018/ആർ.ഡി. പ്രകാരം ലഘൂകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്.

## കിഫ്ബി സഹായത്തോടെ റോഡ് നിർമ്മാണ പദ്ധതികൾ

20 (*260) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന റോഡ് നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാനായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) താമരശ്ശേരി ചുരം പാതയിലെ ഗതാഗതത്തിരക്കും കാലവർഷം സൃഷ്ടിക്കുന്ന നാശനഷ്ടങ്ങൾ കൊണ്ടുണ്ടാകുന്ന ഗതാഗത സ്തംഭനവും പരിഹരിക്കാൻ അറുനൂറ്റി അമ്പതു കോടി രൂപ ചെലവിൽ സമാന്തര തുരങ്കപാത നിർമ്മിക്കാനുള്ള പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; പദ്ധതി പ്രാവർത്തികമാക്കാനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ജില്ലാ റോഡുകൾ വരെയുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ബി.എം.&ബി.സി.യായി ഉയർത്തുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) വിശദ വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. 01-11-2016-ലെ സ.ഉ.(സാധാ) നം. 1502/2016/പൊ.മ.വ. പ്രകാരം ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡിനെയാണ് തുടക്കത്തിൽ ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിരീക്ഷണവും നിർമ്മാണവും പ്രവൃത്തി പരിചയമുള്ള ഏജൻസിയെ ഏൽപ്പിക്കാവുന്നതാണെന്ന് തീരുമാനിച്ചതിൻ പ്രകാരം പ്രസ്തുത പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനും ടേൺകീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയും കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ 12-2-2019-ലെ സ.ഉ.(സാധാ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

212/19/പൊ.മ.വ., 31-5-2019-ലെ സ.ഉ. (സാധാ) നം. 684/2019/പൊ.മ.വ. എന്നീ ഉത്തരവുകൾ പ്രകാരം നിയോഗിക്കുകയുണ്ടായി. 18-2-2020-ലെ സ.ഉ(കൈ) 21/2020/പൊ.മ.വ പ്രകാരം മേൽ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് കൊങ്കൺ റയിൽ കോർപ്പറേഷന് അനുവദിക്കേണ്ട സെന്റേജ് ചാർജ്ജ് 9.5% ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബിയും കൊങ്കൺ റെയിൽ കോർപ്പറേഷനും പൊതുമരാമത്ത് വകുപ്പും ചേർന്ന് എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിന് കീഴിലുള്ള പ്രധാന ജില്ലാ റോഡുകൾ ഘട്ടം ഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിച്ച് വരുന്നുണ്ട്. ടി റോഡുകളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ദീർഘകാലം ഈട് നിൽക്കുന്ന രീതിയിലുള്ള ബി.എം. &ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ നീണ്ടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

## അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം

21 (*261) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. അംഗീകാരമില്ലാത്ത സ്കൂളിൽ പഠിച്ചതിന്റെ പേരിൽ ഇരുപത്തൊമ്പത് വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതാനായില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സിലബസ് പ്രകാരം അധ്യാപനം നടത്തുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഏതൊക്കെ ക്ലാസ്സുകളിലേയ്ക്കുള്ള പഠന സിലബസാണ് സി.ബി.എസ്.ഇ. നേരിട്ട് നിശ്ചയിച്ച് നല്കി അഫിലിയേറ്റഡ് സ്കൂളുകളിൽ പഠിപ്പിക്കുന്നത് എന്നറിയിക്കുമോ;

(ഡി) സി.ബി.എസ്.ഇ. സിലബസ് പിന്തുടരുന്ന സ്കൂളുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉള്ളതെന്നറിയിക്കുമോ;

(ഇ) സി.ബി.എസ്.ഇ. സ്കൂളുകളിൽ വിശേഷിച്ചും എട്ടാം ക്ലാസ്സ് വരെ കൃത്യമായ സിലബസും നിയതമായ പാഠപുസ്തകങ്ങളും ഇല്ലാത്തതിനാൽ സ്കൂൾ മാനേജ്മെന്റുകൾക്ക് താല്പര്യമുള്ള സിലബസും പാഠപുസ്തകങ്ങളും വിദ്യാർത്ഥികളിൽ അടിച്ചേല്പിക്കുന്ന രീതിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാകുമെന്നറിയിക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): (എ) ഉണ്ട്. കൊച്ചി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂളിൽ സി.ബി.എസ്.ഇ. സിലബസിൽ പഠിച്ചിരുന്ന 29 വിദ്യാർത്ഥികൾക്കാണ് 2020-ലെ പത്താം ക്ലാസ് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യമുണ്ടായത്. സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. ലഭിക്കുകയോ സി.ബി.എസ്.ഇ. അഫിലിയേഷൻ നേടുകയോ ചെയ്തിട്ടില്ലാത്ത സ്കൂളാണിത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷനുവേണ്ടിയുള്ള എൻ.ഒ.സി/അംഗീകാരം നൽകുന്നതിനായി ജി.ഒ.(എം.എസ്) നം.22/2019/ പൊ.വി.വ. തീയതി 1-03-2019 പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂൾ സർക്കാരിന്റെ എൻ.ഒ.സി/ അംഗീകാരത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സിലബസ് പ്രകാരം അദ്ധ്യാപനം നടത്തുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന എൻ.ഒ.സി.-യും അംഗീകാരവും ആവശ്യമാണ്. 1-3-2019-ലെ ജി.ഒ.(എം.എസ്.)നം.22/2019/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾക്ക് ആയത് പരിശോധിച്ച് എൻ.ഒ.സി./അംഗീകാരം നൽകി വരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 31-5-2020 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ഒൻപതാം ക്ലാസ് മുതലാണ് സി.ബി.എസ്.ഇ. അഫിലിയേഷന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നത്. 9, 10, 11, 12 ക്ലാസ്സുകളിലെ സിലബസാണ് സി.ബി.എസ്.ഇ. നേരിട്ട് നിശ്ചയിച്ച് നൽകുന്നത്.

(ഡി) സംസ്ഥാന സർക്കാർ നൽകിവരുന്ന എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിലാണ് അൺ എയ്ഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നത്. എന്നാൽ ആർ.റ്റി.ഇ. ആക്ട് പ്രകാരം സർക്കാരിന്റെ അംഗീകാരം കൂടി ആവശ്യമായതിനാൽ സർക്കാർ നൽകുന്ന എൻ.ഒ.സി.യിൽ തന്നെ അംഗീകാരവും കൂടി നൽകിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അംഗീകാരത്തിനുള്ള എൻ.ഒ.സി.യോ അംഗീകാരമോ നൽകുന്നതിന് അതാത് കാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി.ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതിന് 01-03-2019-ലെ ജി.ഒ.(എം.എസ്)നം. 22/2019/പൊ.വി.വ. പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഓരോ സ്കൂളധികൃതരും എൻ.ഒ.സി.ക്കായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കൂളും രേഖകളും സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും പരിശോധിക്കാവുന്നതാണ് എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമുള്ള സ്കൂളുകളിന്മേൽ സംസ്ഥാന സർക്കാരിന് എന്തൊക്കെ നിയന്ത്രണങ്ങൾ വരുത്താമെന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സി.ബി.എസ്.ഇ. സ്കൂളുകളിലെ സിലബസ് സംബന്ധിച്ച് സർക്കാരിന് ഇടപെടാൻ സാധിക്കുമോയെന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

22 (*262) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഭൂമിയുടെ ലഭ്യതയും ധനസഹായ ലഭ്യതയും ഉറപ്പാക്കാത്ത പദ്ധതികൾക്ക് അംഗീകാരം നൽകുക വഴി പദ്ധതികൾ പരാജയപ്പെടുന്നതായി സി & എ.ജി. നിരീക്ഷിച്ചിട്ടുണ്ടോ;

(സി) ഇത്തരം പിഴവുകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഗൃഹശ്രീ ഭവന പദ്ധതി

2. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടക വീട് പദ്ധതി

3. ആശ്വാസ വാടക വീട് പദ്ധതി

4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

(ബി) നിരീക്ഷിച്ചിട്ടുണ്ട്. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.7.1-ൽ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത, പ്രോജക്ടുകൾക്കുള്ള ധനസഹായ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാതെ പദ്ധതികൾക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കേരള സർക്കാരിൽ നിന്നും അംഗീകാരം തേടിയത് പദ്ധതികളുടെ നിർവ്വഹണം പരാജയപ്പെടാൻ കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

(സി) ഫണ്ട്/ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത എന്നിവ പരിശോധിച്ചശേഷം മാത്രം പ്രോജക്ടുകൾ ഏറ്റെടുത്താൽ മതിയെന്ന തീരുമാനം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എടുത്തിട്ടുണ്ട്.

## തുറന്ന് പ്രവർത്തിപ്പിച്ച കശുവണ്ടി ഫാക്ടറികൾ

23 (*263) ശ്രീ. ഡി. കെ. മുരളി :

ശ്രീ. സജി ചെറിയാൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായിരുന്ന കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള അടച്ചിട്ടിരുന്ന ഫാക്ടറികളെല്ലാം വർഷം മുഴുവൻ പ്രവർത്തിപ്പിക്കാനും പുതുതായി തൊഴിലാളികളെ നിയമിക്കാനും സാധ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കശുവണ്ടി വ്യവസായത്തിന്റെ ബഹുഭൂരിഭാഗവും സ്വകാര്യ മേഖലയിലായിരിക്കുന്നതിനാൽ തൊഴിലാളി താല്പര്യം പരിഗണിച്ച് അടഞ്ഞു കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ നടത്തിയ പ്രവർത്തനം ഫലം കണ്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ വ്യവസായത്തിന്റെ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിൽ നിന്ന് എന്തെങ്കിലും സഹായം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതിസന്ധി നേരിട്ടിരുന്ന ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് മതിയായ ഹാജരില്ലെന്ന കാരണത്താൽ അർഹതപ്പെട്ട ഇ.പി.എഫ്. പെൻഷൻ നിഷേധിക്കുന്ന കേന്ദ്ര നടപടി പിൻവലിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും അടഞ്ഞുകിടക്കുകയായിരുന്നു. ഫാക്ടറികൾ തുറന്ന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 2016 ആഗസ്റ്റ് 17-ന് കശുവണ്ടി വികസന കോർപ്പറേഷനും ആ മാസം തന്നെ കാപ്പെക്സും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു.

ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് തടസ്സമില്ലാതെ ലഭിക്കുന്നതിന് സർക്കാർ കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും ഗുണമേന്മയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നു. ഇതിനകം 20000 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കിയിട്ടുണ്ട്.

പ്രവർത്തന മൂലധനമായും ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനും ബ്രാന്റ് ബിൽഡിംഗിനും ഗ്രാറ്റിവിറ്റി നൽകുന്നതിനുമായി കശുവണ്ടി വികസന കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 196.50 കോടി രൂപയും കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന വായ്പാ കുടിശ്ശിക ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിന് 80 കോടി രൂപയും ഉൾപ്പെടെ ആകെ 276.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാറ്റിവിറ്റി ഇനത്തിൽ തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന 2013 വരെയുള്ള കുടിശ്ശിക ഇതിനകം കൊടുത്തു തീർത്തിട്ടുണ്ട്.

കാപ്പെക്സിന് ആകെ 56.16 കോടി രൂപ പ്രവർത്തന മൂലധനമായും ഫാക്ടറികളുടെ നവീകരണത്തിനും ഗ്രാറ്റിവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികൾക്ക് നൽകാനുള്ള ഗ്രാറ്റിവിറ്റി കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുന്നതിന് സർക്കാർ ശ്രമം നടത്തിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ 2019-ൽ 161 തൊഴിൽ ദിനങ്ങളും കാപ്പെക്സ് 214 തൊഴിൽ ദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഒരു വർഷം ഏറ്റവും കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷനിൽ ഇതിനകം 3000 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്. ആയിരം തൊഴിലാളികളെക്കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാപ്പെക്സിൽ ഇതിനകം 1750 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്.

(ബി) കടക്കെണിയിലായതുകാരണം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനായി സർക്കാർ ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം വിവിധ ബാങ്കുകൾ മുഖാന്തിരം വായ്പ ലഭ്യമാക്കി 50-ലധികം ഫാക്ടറികൾ തുറക്കുന്നതിന് നടപടി സ്വീകരിച്ചു. വായ്പയായി 31 കോടിയിലധികം രൂപ കശുവണ്ടി വ്യവസായികൾക്ക് ലഭ്യമാക്കി. പുനരുദ്ധാരണ പാക്കേജ് പ്രകാരമുള്ള പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യവസായികൾക്ക് ബാങ്കുകൾ നൽകുന്ന ധനസഹായം അവലോകനം ചെയ്യുന്നതിനായി 2-3-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എസ്.എൽ.ബി.സി.യുടെയും ബന്ധപ്പെട്ട മറ്റുള്ളവരുടെയും യോഗം വിളിച്ചിരുന്നു. വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാനും അർഹതയുള്ളവർക്ക് അധിക വായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരു വർഷത്തെ സാവകാശം അനുവദിക്കാനും ബഹുമാന്യനായ മുഖ്യമന്ത്രി ബാങ്കുകളോട് ആവശ്യപ്പെട്ടു.

സർക്കാർ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി 2020 ഫെബ്രുവരി മാസത്തെ കണക്കുപ്രകാരം 511 കശുവണ്ടി ഫാക്ടറികൾ കേരളത്തിൽ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമായിട്ടില്ല.

(ഡി) ഇ.പി.എഫ്. പെൻഷൻ സ്കീം 1995 പ്രകാരം പെൻഷൻ ലഭിക്കുന്നതിന് ഒരു ഇ.പി.എഫ്. മെമ്പർക്ക് പത്ത് വർഷത്തെ യോഗ്യതാ സർവ്വീസ് ഉണ്ടായിരിക്കണം. പെൻഷൻ സർവ്വീസ് പരിഗണിക്കുന്നത് പെൻഷൻ കോൺട്രിബ്യൂഷൻ അടയുന്ന ദിവസങ്ങളെ ആശ്രയിച്ചാണ്. പലപ്പോഴും കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന ദിവസ വേതനക്കാർക്ക് വർഷം മുഴുവൻ പ്രവൃത്തി ദിനങ്ങൾ ലഭിക്കാത്തതിനാൽ പെൻഷൻ ലഭിക്കാനാവശ്യമായ മിനിമം

സർവ്വീസ് കാലയളവായ 10 വർഷം അതായത് 3650 ദിവസങ്ങൾ ലഭിക്കാത്തതിനാൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. പക്ഷെ മതിയായ ഹാജർ ഇല്ലെന്ന കാരണത്താൽ തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന ഗവൺമെന്റ് മുഖാന്തിരം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് ഇ.പി.എഫ് പെൻഷന് 3650 ദിവസങ്ങൾ ആവശ്യമാണെന്നതിന് മാറ്റം വരുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് പ്രയോജനം കിട്ടണമെങ്കിൽ കേന്ദ്രസർക്കാർ പെൻഷൻ വ്യവസ്ഥകളിൽ ഇനിയും മാറ്റം വരുത്തേണ്ടതുണ്ട്.

**റോഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി**

24 (*264) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ സുരക്ഷിതവും ഗതാഗതയോഗ്യവും ആണെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) റോഡുകളുടെ തകർച്ചയ്ക്കും അതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 31-12-2019-ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾ എല്ലാംതന്നെ ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. 31-12-2019-ന് മുമ്പ് 97% റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിരുന്നു. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളത്. നിലവിൽ 98.6% റോഡുകളും ഗാതാഗതയോഗ്യമാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിൽ അനുവദിച്ച നോൺ പ്ലാൻഫണ്ടിൽ നിന്നും 11,000 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് പദ്ധതി/

പദ്ധതിയേതരം/റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് റോഡ് സുരക്ഷ സംവിധാനങ്ങളായ റോഡ് മാർക്കിംഗുകൾ, റോഡ് സ്റ്റഡുകൾ, സൈൻബോർഡുകൾ, ക്രാഷ്ബാരിയറുകൾ, റമ്പിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, ഡീലിനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിച്ചുവരുന്നു. റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിനുവേണ്ടി ആവശ്യമായ റോഡ് സുരക്ഷാ ഐറ്റംസ് ഉൾപ്പെടുത്തിയാണ് ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡ് സുരക്ഷാ വിഭാഗവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകൾ സുരക്ഷിതവും ഗതാഗതയോഗ്യവും ആക്കുന്നതിനുമായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ടായി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. ദേശീയപാത വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്നബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻബോർഡുകൾ, റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ, മാർക്കിംഗുകൾ എന്നിവ സ്ഥാപിച്ച് അപകടസാധ്യത കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിക്കും ഗവേഷണത്തിനും ഡിസൈനിംഗിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പംതന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി

25 (*265) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകമാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി ഇതിൽ നിന്ന് ഏതൊക്കെ തരത്തിൽ വിഭിന്നമാണ് എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ അക്കാദമിക-അടിസ്ഥാന സൗകര്യ നിലവാരം, വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നടപ്പാക്കിയ സ്കൂളുകളുടേതുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അറിവ് നേടുന്നതിനൊപ്പം തൊഴിൽ നേടുക എന്നതിലേക്കായി കേന്ദ്രസർക്കാർ നടപ്പാക്കിയ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള കോഴ്സുകൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രായോഗിക പരിശീലനം നൽകുന്നതിന് വേണ്ടത്ര ലാബ് സജ്ജീകരണങ്ങളും സ്കൂൾ വർക്ക്ഷോപ്പുകളും സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) രാജ്യത്താകമാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതിയായ National Skill Qualification Frame work (എൻ.എസ്.ക്യൂ.എഫ്) നടപ്പാക്കുന്നതിനുള്ള കേന്ദ്ര പദ്ധതി ഘട്ടം ഘട്ടമായി കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്. ആദ്യ ഘട്ടമായി 101 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) VHSE പാഠ്യപദ്ധതിയിൽ നിന്ന് വ്യത്യസ്തമായി NSQF പാഠ്യപദ്ധതിയിൽ പഠിതാവിന് വ്യവസായിക അനുബന്ധ പ്രവർത്തനങ്ങളുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന് സാധിക്കുന്നു. NSQF മുഖേന വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ദേശീയതലത്തിൽ ഗുണനിലവാരം

ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം സൃഷ്ടിക്കപ്പെടുക മാത്രമല്ല, പഠിതാക്കൾക്ക് രാജ്യത്തെല്ലായിടത്തും സ്വീകാര്യമായ യോഗ്യത കൈവരിക്കുവാനും സാധിക്കുന്നു. കൂടാതെ ഇവർക്ക് ദേശീയവും അന്തർദ്ദേശീയവുമായ ചലനാത്മകത ഉറപ്പാക്കുകയും ചെയ്യുന്നു.

(സി) താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഡി) ഉണ്ട്. 2018-19, 2019-20 അദ്ധ്യയന വർഷങ്ങളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ച ആകെ 17 എൻ.എസ്.ക്യൂ.എഫ്. ജോബ് റോളുകൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. നിലവിലുള്ള വൊക്കേഷണൽ കോഴ്സുകളുമായി സാമ്യമുള്ള ജോബ് റോളുകളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ ലാബ് സംവിധാനങ്ങളിൽ സമഗ്രമായ മാറ്റം വേണ്ടിവന്നിട്ടില്ല. എന്നിരുന്നാലും NSQF അധിഷ്ഠിത ജോബ് റോളുകൾ നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ ലാബുകൾ നവീകരിച്ചിട്ടുണ്ട്.

## ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ

26 (*266) ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ നടപ്പാക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ. (സാധാ) നം. 552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സേവനം നൽകുന്നതിനും ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യുണീക് തണ്ടപ്പേർ പദ്ധതി സഹായകമാകുന്നതാണ്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി

ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാന്റ് ഇൻഫർമേഷന് സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

27 (*267) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ എത്ര റീച്ചുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ഡി) ഇതിനകം പ്രവർത്തനം ആരംഭിച്ച റീച്ചുകളുടെ നിർമ്മാണത്തിനായി എന്തു തുക മുടക്കിയിട്ടുണ്ട്;

(ഇ) മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ വനം വകുപ്പിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റീച്ചുകളിലാണ് മാറ്റം വരുത്തുന്നതെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ&ബി) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനുവേണ്ടി 3500

കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സ.ഉ.(സാധാ) 942/2017/പി.ഡബ്ല്യു.ഡി. തീയതി 10-07-2017 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതുവരെ 27 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കണ്ണൂർ-1, കാസർഗോഡ്-4) ഇതിൽ 20 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഈ 20 റീച്ചുകൾക്കുമായി 1675.927 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 513.589 കി.മീ.. ആണ്. ഇതിൽ 200.55 കി.മീ. വരുന്ന 9 റീച്ചുകളുടെ പ്രവൃത്തി ആരംഭിച്ചു. കിഫ്ബിയുടെ അംഗീകാരം ലഭിച്ച റീച്ചുകളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) മലയോര ഹൈവേ നിർമ്മാണത്തിനായി ഫ്രീസറണ്ടറായി ഭൂമി ഏറ്റെടുത്ത് നടപ്പിലാക്കുന്ന തരത്തിലാണ് വിഭാവന ചെയ്തിരിക്കുന്നത്. ചില ഇടങ്ങളിൽ ഭൂമി ഇത്തരത്തിൽ ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. കൂടാതെ വനഭൂമി വിട്ടുകിട്ടുന്നതിനും വിവിധ നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ 8 ജില്ലകളിലായി 102.208 കി.മീ.. നീളത്തിൽ 108.5231 ഹെക്ടർ വനഭൂമി ആവശ്യമുണ്ട്. വനഭൂമി വിട്ടുകിട്ടേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. അതാത് ഡിവിഷനുകളിൽ നിന്നും പരിവേഷ് പോർട്ടലിൽ അപേക്ഷ അതാത് വന വിഭാഗത്തിലെ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസിലെ നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

2. ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസിലെ നോഡൽ ഓഫീസർ അപേക്ഷകൾ പരിശോധിച്ച് അപേക്ഷകൻ ഡി.എഫ്.ഒ.യ്ക്കും ജില്ലാ കളക്ടർമാർക്കും അപേക്ഷകളുടെ പകർപ്പ് സമർപ്പിച്ചതിന്റെ അക്നോളജ്മെന്റ് സ്ലിപ്പ് സഹിതം അപേക്ഷ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർക്ക് കൈമാറും.

3. ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ അതാത് അപേക്ഷകൾ പരിശോധിച്ച്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- ആയതു 40 ഹെക്ടറിനുള്ളിൽ ആണെങ്കിൽ 30 ദിവസങ്ങൾക്കകവും
- 40 ഹെക്ടർ മുതൽ 100 ഹെക്ടർ വരെ ആണെങ്കിൽ 45 ദിവസങ്ങൾക്കകവും
- 100 ഹെക്ടറിന് മുകളിൽ ആണെങ്കിൽ 60 ദിവസങ്ങൾക്കകവും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് കൈമാറും.

4. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അപേക്ഷകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് കൈമാറും.

- 40 ഹെക്ടറിനുള്ളിൽ ആണെങ്കിൽ 10 ദിവസങ്ങൾക്കകവും
- 40 ഹെക്ടറിന് മുകളിലാണെങ്കിൽ 30 ദിവസങ്ങൾക്കകവും

5. നോഡൽ ഓഫീസർ തന്റെ കണ്ടെത്തലുകൾക്കൊപ്പം നിർദ്ദേശം പരിശോധിച്ചതിനുശേഷം സെക്രട്ടറി വനം വകുപ്പിന് താഴെകൊടുത്തിരിക്കുന്ന മുറയ്ക്ക് കൈമാറും.

- 5 ഹെക്ടർ വരെ, 10 ദിവസങ്ങൾക്കകം.
- 5 മുതൽ 40 ഹെക്ടർ 20 ദിവസങ്ങൾക്കകം.
- 40 ഹെക്ടർ മുതൽ 100 ഹെക്ടർ 25 ദിവസങ്ങൾക്കകവും.
- 100 ഹെക്ടറിനുമുകളിൽ ആണെങ്കിൽ 30 ദിവസങ്ങൾക്കകം.

6. സെക്രട്ടറി അപേക്ഷകൾ പരിശോധിക്കുകയും തുടർന്ന് അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ മിനിസ്റ്ററി ഓഫ് എൻവയോൺമെന്റ്, ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചേയ്ഞ്ച്, ബാംഗ്ലൂരിലേയ്ക്ക് കൈമാറുകയും ചെയ്യും.

7. അപേക്ഷ ലഭിച്ച് 45 ദിവസങ്ങൾക്കുള്ളിൽ മിനിസ്റ്ററി ഓഫ് എൻവയോൺമെന്റ് ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച്, ബാംഗ്ലൂരിൽ നിന്നും ഇൻസ്പെക്ഷൻ നടത്തി 5 മുതൽ 40 ഹെക്ടർ കൂടുതലുള്ള വനഭൂമി ഉൾപ്പെടുന്ന എല്ലാ നിർദ്ദേശങ്ങളും റീജിയണൽ എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിക്കുകയും റീജിയണൽ എംപവേർഡ് കമ്മിറ്റി 30 ദിവസങ്ങൾക്കുള്ളിൽ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

8. ഉപദേശം ലഭിച്ച് അഞ്ച് ദിവസത്തിനുള്ളിൽ റീജിയണൽ ഓഫീസ് റീജിയണൽ എംപവേർഡ് കമ്മിറ്റി ഉപദേശങ്ങൾ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ഫോറസ്റ്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് മന്ത്രാലയത്തിന് കൈമാറും.

9. ശേഷം കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയ സമിതി കൂടുതൽ അന്വേഷണത്തിനുശേഷം അത് ആവശ്യമെന്ന് തോന്നിയാൽ നിശ്ചിത വ്യവസ്ഥകൾ നിറവേറ്റുന്നതിന് വിധേയമായി പ്രിൻസിപ്പൽ അംഗീകാരം നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതാകും. ഇത്തരം നടപടി ക്രമങ്ങൾ പദ്ധതി നടത്തിപ്പിനായി കാലതാമസം ഉണ്ടാകുന്നതാണ്.

(ഡി) കിഫ്ബിയിൽ നിന്നും മലയോര ഹൈവേയുടെ 20 റീച്ചുകൾക്കായി 1675.927 കോടി രൂപയുടെ സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി വിലയിരുത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഇതുവരെയായി 138.33 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഏതാനും ഡിവിഷനുകളിലെ ചില മേഖലയിൽ അലൈൻമെന്റ് പുനഃക്രമീകരണം വേണ്ടി വരുമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## വിദ്യാർത്ഥികൾക്ക് മികവിന് അനുസൃതമായി പ്രോത്സാഹനം നൽകാൻ പദ്ധതി

28 (*268) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിയ്ക്കുന്നതിനോ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി പ്രോത്സാഹനം നൽകുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ സ്കൂളുകളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി&സി)

1. പൊതുവിദ്യാഭ്യാസത്തെ തൊഴിൽ നൈപുണ്യവുമായി കോർത്തിണക്കി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് 2018-19 അദ്ധ്യയന വർഷം മുതൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) പാഠ്യപദ്ധതി നടപ്പിലാക്കി വരുന്നു.

2. വി.എച്ച്.എസ്.ഇ. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, കരിയർ പ്ലാനിംഗ് എന്നിവ നടപ്പിലാക്കി വരുന്നു.

3. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസിലിംഗ് സെൽ (CG&AC) പ്രവർത്തിച്ചുവരുന്നു. 2018-19 അക്കാദമിക വർഷം മുതൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ മുഴുവൻ ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

4. പത്താം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് അവരവരുടെ അഭിരുചി ഏത് മേഖലയിലാണെന്ന് മനസ്സിലാക്കി പ്ലസ് വൺ കോഴ്സിന് ചേരുന്നതിന് K-DAT (Kerala Differential Aptitude Test) സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ട്.

5. കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് ഓരോ വർഷവും കലാപരമായ ഒരു പ്രത്യേക തൊഴിൽ മേഖല തെരഞ്ഞെടുത്ത് അതിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനായി സിത്താർ (SITAR- Students Initiative for Training Artificial Rejuventation) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6. ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ കാർഷിക പരിസ്ഥിതി വിജ്ഞാനം ശക്തിപ്പെടുത്തുന്നതിന് കൃഷിയിലെ സാംസ്കാരിക അനുഭവങ്ങൾ കണ്ടെത്തുന്നതിനുമായി 'നെല്ല്'പദ്ധതി കരിയർ ഗൈഡൻസ് സെൽ നടപ്പിലാക്കി വരുന്നുണ്ട്.

## പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ

29 (*269) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസന പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന പൊതുമരാമത്ത് വകുപ്പിൽ പുതിയ കാലം പുതിയ നിർമ്മാണം എന്ന തത്വത്തിലധിഷ്ഠിതമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ നിർമ്മാണ ശൈലികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളിൽ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് പ്രായോഗികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന തത്വത്തിലധിഷ്ഠിതമായി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും നിർമ്മിതികളും പരിസ്ഥിതി സൗഹൃദ അപകടരഹിത സുരക്ഷിത റോഡ് നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഈ നയം ഉൾക്കൊണ്ടുകൊണ്ട് പ്രധാനപ്പെട്ട റോഡുകൾ മണ്ണിന്റെ ഘടന, വാഹന സാന്ദ്രത, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത ബി.എം. ആന്റ് ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആയതിനാൽ തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾ വരെ ഈടുനിൽക്കുന്നവയാണ്. റോഡ് നിർമ്മാണ വേളയിൽതന്നെ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലി കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി

റോഡുകൾക്ക് കുറുകെയായും സമാന്തരമായും ഡക്ടുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനാൽ റോഡ് വെട്ടിപ്പൊളിക്കുന്നത് തടയുവാൻ സാധിക്കുന്നു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകിയിരിക്കുന്നു*.

(ബി) പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിൽ പരിസ്ഥിതി സൗഹാർദ്ദമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ജി.ഒ.(ആർ.ടി) നം. 527/2018/PWD തീയതി 26-3-2018 പ്രകാരവും റോഡ് നിർമ്മാണത്തിനായി ഗുണമേന്മയുള്ള കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ G.O(Rt)No.872/ 2019/PWD തീയതി 12-07-2019 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II-ൽ നൽകിയിരിക്കുന്നു.*

(സി) കെട്ടിട നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ട്. G.O(MS)No.28/2013/പൊ.മ.വ. തീയതി 07-03-2013 എന്ന ഉത്തരവ് പ്രകാരം ഈ നയം അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -III-ൽ നൽകിയിട്ടുണ്ട്.*

## പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾ

30 (*270) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർ സ്കൂൾ അധികൃതരുടെ അനാസ്ഥമൂലം ഇരുപത്തൊമ്പത് വിദ്യാർത്ഥികൾക്ക് സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെയും രക്ഷിതാക്കളെയും വഞ്ചിച്ച സ്കൂൾ അധികൃതർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്.

(ബി) അനധികൃതമായും അംഗീകാരമില്ലാതെയും പ്രവർത്തിക്കുന്ന അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കുട്ടികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതാൻ സാധിക്കാത്ത വിവരം പുറത്ത് വരുന്നതിനുമുമ്പുതന്നെ 20-02-2020 തീയതിയിൽ എൻ.എസ്.(2)/76423/2016/ ഡി.ജി.ഇ.നമ്പർ കത്ത് പ്രകാരം എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

(സി) കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനുമുമ്പ് ആ സ്കൂളിന് എൻ.ഒ.സി.യോ അഫിലിയേഷനോ ഉള്ളതാണോയെന്ന് ഉറപ്പുവരുത്തണമെന്ന് രക്ഷകർത്താക്കൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് മാധ്യമങ്ങളിൽ ഔദ്യോഗികമായി വാർത്തകൾ എല്ലാ വർഷവും നൽകി വരുന്നു. അതുപോലെ സർക്കാർ എൻ.ഒ.സി. നൽകിയിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളുടെ വിവരം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

1(2588) ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(ബി) ഈ രംഗത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്കായി അന്തർ ദേശീയ നിലവാരത്തിലുള്ള എന്തെല്ലാം പരിശീലന പരിപാടികളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിനായി കെ.എച്ച്.ആർ.ഐ.-യുടെ കീഴിലുള്ള ലാബുകളെ എൻ.എ.ബി.എൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ തലത്തിലുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കായി നടത്തിവരുന്നു.

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് അതത് വിഭാഗങ്ങളിൽനിന്നും സമർപ്പിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഒന്നാംഘട്ട ഗുണനിലവാര പരിശോധനയാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നത്. ഈ ഗുണനിലവാര പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനായി കെ.എച്ച്.ആർ.ഐ.-യുടെ മൂന്ന് ലാബുകൾ (ഫ്ലെക്സിബിൾ പേവ്മെന്റ് ലാബ്, കോൺക്രീറ്റ് ആന്റ് സ്ട്രക്ച്ചേർസ് ലാബ്, സോയിൽ മെക്കാനിക്സ് ആന്റ് ഫൗണ്ടേഷൻ ലാബ്), എൻ.എ.ബി.എൽ. നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്കായി "Sustainable pavement technologies, cold mix recycling, full - depth reclamation, hot - mix recycling sustainable concrete pavements, white topping, roller compacted concrete” തുടങ്ങിയ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലന പരിപാടികൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്. Michigan State University, Worcester Polytechnic Institute, USA എന്നിവിടങ്ങളിൽ നിന്നുള്ള പ്രഗല്ഭരാണ് പരിശീലനങ്ങൾ നടത്തിയത്.

(ഡി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള ലാബുകളെ NABL (National Accreditation Board for Testing and calibration Laboratories) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെ.എച്ച്.ആർ.ഐ. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ പ്രാരംഭ ഘട്ട പരിശീലനങ്ങൾ പൂർത്തിയായി. ലാബുകൾക്ക് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## സ്റ്റേറ്റ് ഹൈവേ അതോറിറ്റി ഓഫ് കേരള സ്ഥാപിക്കുന്നതിനുള്ള നടപടി

2(2589) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള എന്നീ സ്ഥാപനങ്ങൾ സംയോജിപ്പിച്ച് സ്റ്റേറ്റ് ഹൈവേ അതോറിറ്റി ഓഫ് കേരള (എസ്.എച്ച്.എ.കെ) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് അത് നടത്തിയതെന്നും ഇതിലേക്കായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) സ്റ്റേറ്റ് ഹൈവേ അതോറിറ്റി ഓഫ് കേരള സ്ഥാപിക്കുന്നതിനായി പ്രോജക്ട് ഡയറക്ടർ, കെ.എസ്.ടി.പി. പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പഠനത്തിനും ചർച്ചകൾക്കുംശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

## റോഡുകളുടെ സമീപത്തെ പെട്രോൾ പമ്പുകൾക്ക് ഫീസ്

3(2590) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ദേശീയ പാതയുടെ വശങ്ങളിലെ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രറോഡ് ഗതാഗത ഹൈവേ മന്ത്രാലയം ഫീസ് ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വൻ ലാഭത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ കമ്പനികളിൽ നിന്ന് സംസ്ഥാന പൊതുമരാമത്ത് റോഡുകളുടെ സമീപത്ത് സ്ഥാപിക്കുന്ന പെട്രോൾ പമ്പുകൾക്ക് ഫീസ് ഈടാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇത്തരത്തിൽ ഫീസ് ഈടാക്കുമ്പോൾ സംസ്ഥാന ഖജനാവിൽ എത്ര രൂപ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഇത്തരത്തിൽ ലഭിക്കുന്ന തുക റോഡ് സംരക്ഷിക്കുന്നതിനും സുരക്ഷയൊരുക്കുന്നതിനും ചെലവഴിക്കുന്ന വിഷയം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ സമീപത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നില്ല.

(ബി) ദേശീയപാതയിലെ വശങ്ങളിലെ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24-07-2013 തീയതിയിലെ കത്ത് നമ്പർ RW/NH-33023/19/99-DO-III പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്.

(സി-ഇ) ഇത്തരത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്.

**സർക്കാർ പ്രവൃത്തികൾക്ക് മണ്ണ് ലഭിക്കാനുള്ള ബുദ്ധിമുട്ട്**

4(2591) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ അടിയന്തര നിർമ്മാണ പ്രവൃത്തികൾക്ക് ഫിൽ ചെയ്യാനും മറ്റും ആവശ്യത്തിന് മണ്ണ് ലഭിക്കാൻ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. നിലവിൽ റോഡുകളുടെ നിർമ്മാണവേളയിൽ എക്സ്കവേഷൻ വഴി ലഭിക്കുന്ന മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് ഫിൽ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ മണ്ണ് ലഭ്യമാക്കാനും പൊതുനിരത്തിലൂടെ പ്രവൃത്തി ചെയ്യുന്ന സ്ഥലത്തേയ്ക്ക് ലോറിയിൽ കൊണ്ടുപോകാനും റവന്യൂ വകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും വിവിധ അനുമതികൾ ആവശ്യമാണ്. പ്രസ്തുത അനുമതികൾ ലഭിക്കാൻ നേരിടുന്ന കാലതാമസം കാരണം പാലങ്ങളുടെ അനുബന്ധ റോഡിന്റെയും മറ്റും നിർമ്മാണം പൂർത്തീകരിക്കുവാൻ താമസം വരുന്നുണ്ട്. ലഭ്യമായ മറ്റ് പ്രദേശങ്ങളിൽനിന്ന് മണ്ണ് എത്തിക്കുമ്പോഴുള്ള നഷ്ടം മുന്നിൽക്കണ്ട് പ്രാദേശിക മാർക്കറ്റ് നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തിയായ കരമന-കളിയിക്കാവിള നാലുവരി പാത നിർമ്മാണത്തിന് (പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെ)

ഫിൽ ചെയ്യാൻ മണ്ണ് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് കണ്ട് ഹിൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അധിക മണ്ണ് പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

മണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മൈനിംഗ്, ജിയോളജി, ഇറിഗേഷൻ, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

5(2592) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയതോ പരിഗണനയിൽ ഉള്ളതോ ആയ ഏറ്റവും പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടം, പാലം, കിഫ്ബി, കെ.എസ്.റ്റി.പി വിഭാഗങ്ങൾക്കുകീഴിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ദേശീയപാത വിഭാഗത്തിനുകീഴിൽ തൊണ്ടയാട് ഫ്ലൈ ഓവർ, രാമനാട്ടുകര ഫ്ലൈ ഓവർ, കൊല്ലം ബൈപ്പാസ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചു. വൈറ്റില ഫ്ലൈ ഓവർ, കുണ്ടന്നൂർ ഫ്ലൈ ഓവർ, ആലപ്പുഴ ബൈപ്പാസ് എന്നീ പദ്ധതികൾ ഉടനെ പൂർത്തീകരിക്കും. കൂടാതെ തീരദേശ ഹൈവേ നിർമ്മാണത്തിനായി 6500 കോടി രൂപ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ 53 കോടി രൂപയുടെ പദ്ധതി സ്ഥലം ലഭ്യമായ മലപ്പുറം ജില്ലയിൽ ആരംഭിച്ച് പുരോഗമിച്ചുവരുന്നു. കൂടാതെ കരമന-കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണം (പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം), കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണം, ആറ്റിങ്ങൽ ടൗൺ ഇംപ്രൂവ്മെന്റ് എന്നീ പദ്ധതികൾ ആരംഭിച്ച് പുരോഗമിച്ചുവരുന്നു.

ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിച്ച പ്രധാന പദ്ധതിയായ കുണ്ടന്നൂർ ഫ്ലൈഓവറിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

RICK Ltd. -ന് കീഴിൽ സർക്കാർ ഉത്തരവ് നമ്പർ 1687/2016/പൊ.മ.വ. തീയതി 11-12-2016 പ്രകാരം കോഴിക്കോട് - ബാലുശ്ശേരി റോഡ് - 20.32 കി.മീ., തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് - 20.4 കി.മീ., ഈരാറ്റുപേട്ട-വാഗമൺ റോഡ് - 23.8 കി.മീ. എന്നീ 3 കിഫ്ബി പ്രവൃത്തികളുടെ റോഡ് വീതി കൂട്ടുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

കെ.ആർ.എഫ്.ബി. യുടെ കീഴിൽ ഡി.ബി.എഫ്.ഒ.റ്റി വ്യവസ്ഥയിൽ 15 വർഷത്തെ പരിപാലനം ഉൾപ്പെടെ പൂർത്തീകരിച്ച പദ്ധതിയാണ് കോഴിക്കോട് നഗരപാത വികസന പദ്ധതി. 22.25 കി.മീ. ദൈർഘ്യമുള്ള 6 കോറിഡോറുകൾ ഈ പദ്ധതിയിൽ പൂർത്തീകരിക്കുകയും അതിന്റെ 15 വർഷത്തെ പരിപാലനവും നടന്നുവരികയാണ്. 23.11 കോടി രൂപ അർദ്ധ വാർഷിക ആന്വിറ്റി ആയി നൽകിവരുന്നു. കണ്ണൂർ നഗരത്തിലെ പ്രധാനപ്പെട്ട 44.06 കി.മീ. ദൈർഘ്യമുള്ള 11 റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഡി.ബി.എഫ്.ഒ.റ്റി. വ്യവസ്ഥയിൽ 17 വർഷത്തെ പരിപാലനം ഉൾപ്പെടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കണ്ണൂർ നഗര പാത വികസന പദ്ധതി. 401 കോടി രൂപ നിർമ്മാണ ചെലവിനും 337.6 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുമായി ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയിൽ ആധുനിക നിലവാരത്തിലുള്ള റോഡ്, ഡ്രെയിനേജ്, യൂട്ടിലിറ്റി ഡക്ടുകൾ, ബസ്ബേ, ബസ് ഷെൽട്ടർ, നടപ്പാത, സൈൻ ബോർഡ്, സിഗ്നൽ ലൈറ്റുകൾ, മറ്റ് റോഡ് സുരക്ഷാ ഉപാധികൾ എന്നിവ വിഭാവന ചെയ്തിരിക്കുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ പ്രക്രിയ റവന്യൂ വകുപ്പിനുകീഴിൽ നടന്നുവരുന്നു.

## ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയ പ്രവൃത്തികൾ

6(2593) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തിൽ പൊതുമരാമത്ത് വകുപ്പിലെ കെട്ടിടം, നിരത്ത്, പാലം എന്നീ വിഭാഗങ്ങളിൽ ഏതൊക്കെ പ്രവൃത്തികൾ ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

2019-20 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ വർക്കല മണ്ഡലത്തിലെ സെൻട്രൽ റോഡ് ഫണ്ട് പ്രവൃത്തിയായ നരിക്കല്ല്-തച്ചോട്-ചാവർകോട്-ഞെക്കാട് റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ടും പാലങ്ങൾ വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട്-പാഞ്ചിക്കാട്ട് കടവ് എന്നീ പാലങ്ങൾ, ആലപ്പുഴ ജില്ലയിലെ കൈനകരി-മുണ്ടക്കൽ പാലം, എറണാകുളം ജില്ലയിലെ ഏലൂർക്കര ഉളിയന്നൂർ പാലം, കളമൂർക്കാവ് ബ്രിക്ക് പാലം, കണ്ണങ്കാട് വെല്ലിംഗ്ടൺ ഐലന്റ്, മലപ്പുറം ജില്ലയിലെ SLTE Work 2018-19 SR-Reconstruction of collapsed retaining wall on the side of Mathapuzha Bridge in Vallikkunnu LAC in Malappuram District എന്ന പ്രവൃത്തി, കണ്ണൂർ ജില്ലയിലെ മമ്പറം പാലം എന്നിവയും ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

7(2594) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ, കാര്യക്ഷമത, സുതാര്യത, ആധുനികവത്കരണം തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ സംബന്ധിച്ച് ജീവനക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽ പരീക്ഷണാത്മകവും നവീനവുമായ രൂപകല്പന ഏർപ്പെടുത്തുന്നതിനായി ഡിസൈൻ വിഭാഗത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ ചെയ്ത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വഴി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ നിന്നുള്ള ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾക്കുശേഷം കരാറുകാരൻ മുഖേന നടപ്പിലാക്കിവരുന്നു. സമയബന്ധിതമായിത്തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കരാറിൽ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. യഥാസമയം പണി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധന കർശനമാക്കുകയും നിർമ്മാണ പ്രവൃത്തികളിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടം നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ഗുണനിലവാര പരിശോധന കൃത്യമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധന ലാബുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മ പരിശോധനയ്ക്കായി 3 റീജിയണൽ ഓഫീസുകൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിലവിലുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും ഗുണനിലവാര പരിശോധന നിർബന്ധമാക്കുകയും പരിശോധനാ ഫലം തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ ബിൽ തുക അനുവദിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും ഡിസൈൻ തയ്യാറാക്കി മികവുറ്റ രീതിയിൽ പാലങ്ങളുടെ പ്രവൃത്തി നടത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ പുതിയ സാങ്കേതിക വിദ്യകളായ Soil Stabilization, Gabion wall, Soil railing, Shreded plastic കലർത്തിയ ടാറിംഗ്, NRMB ഉപയോഗിച്ചുള്ള ടാറിംഗ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. റോഡുകളുടെ ഉപരിതല നവീകരണത്തിനായി മില്ലിംഗ് എന്ന നവീന ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്നു. മില്ലിംഗിനായി മില്ലിംഗ് മെഷീനും സോയിൽ സ്റ്റെബിലൈസേഷനായി സോയിൽ സ്റ്റെബിലൈസറും പുതുതായി ഉപയോഗിച്ചുതുടങ്ങി. കൂടാതെ vibratory rollers, paver with sensors, prematric rollers എന്നിവയും ഉപയോഗിക്കുന്നു. കോൺക്രീറ്റിംഗ് സമയത്ത് അഡ്മിക്ചറുകളും വൈബ്രേറ്ററുകളും ഉപയോഗിക്കുന്നു. Bow String type structures, cable stayed/extra dosed type integral arch type പാലങ്ങൾ നിർമ്മിക്കുന്നുണ്ട്.

(സി) നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളെക്കുറിച്ച് വകുപ്പിലെ സാങ്കേതിക വിഭാഗങ്ങളിലുള്ള ജീവനക്കാർക്ക് വർഷംതോറും നടത്തിവരുന്ന പരിശീലനങ്ങളുടെ ഭാഗമായി, പോയ വർഷം, Design of Civil Infrastructure Projects using Geosynthetics & Flexible solutions, Sustainable concrete pavements (White topping), Polymerized Road Tarring എന്നീ വിഷയങ്ങളിൽ എഞ്ചിനീയർമാർക്കും Total Station Survey-ൽ Overseer മാർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ Design & Construction of High Embankments, Ground Improvement Techniques for Soft Soil & Geosynthetic Soil Structures, Corrosion in Reinforced concrete structures & Remedial measures എന്നിങ്ങനെ നൂതന വിദ്യകളെക്കുറിച്ചുള്ള നിരവധി വിഷയങ്ങൾ ഉൾപ്പെടുത്തി. Indian Academy of Highway Engineers, National Council for Cement & Building Materials തുടങ്ങിയ വിദഗ്ദ്ധ പരിശീലന കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്ന പരിശീലനങ്ങളിലേയ്ക്ക് എഞ്ചിനീയർമാരെയും ഓവർസീയർമാരെയും depute ചെയ്യുന്നുണ്ട്.

(ഡി) റോഡ് ഡിസൈനിംഗ് നവീനമായ രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡിസൈൻ കാര്യാലയത്തിലെ വിവിധ യൂണിറ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചു. ഡിസൈൻ അഭിരുചിയുള്ളവരെ ഡിസൈൻ വിഭാഗത്തിലേയ്ക്ക് നിയമിച്ചുവരുന്നു. ആധുനിക സോഫ്റ്റ്‌വെയറുകളുടെ പരിശീലനം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിവരുന്നു. പൊതുമരാമത്ത് വകുപ്പ് ആർകിടെക്ചറൽ വിഭാഗത്തിൽനിന്നും ലഭിക്കുന്ന കെട്ടിടങ്ങളുടെ ഡ്രോയിങ്ങുകൾ അനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കൽ, ഭൂകമ്പം മുതലായ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കത്തക്കരീതിയിൽ ഏറ്റവും പുതിയ രീതിയിൽ പരിഷ്കരിച്ച ഐ.എസ്. 1893 -2016, ഐ.എസ്. 13920 -2016 എൻ.ബി.സി. -2016 കോഡുകളുടെ നിർദ്ദേശങ്ങൾ പ്രകാരം ഇ.റ്റി.എ ബി.എസ്-2017, എസ്.എ.എഫ്.ഇ. -2016 മുതലായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് സ്ട്രക്ചറൽ ഡ്രോയിങ്ങുകൾ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി നിർവ്വഹണ ഓഫീസുകളിലേയ്ക്ക് നൽകിവരുന്നു. പാലങ്ങളുടെ ഡിസൈൻ സൗന്ദര്യാത്മകമായ രീതിയിലും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്രദമാക്കുന്ന രീതിയിലുമാണ് തയ്യാറാക്കുന്നത്. റോഡ് ഡിസൈന് ഉപയോഗിക്കുന്ന നവീന സോഫ്റ്റ്‌വെയറായ സിവിൽ-3 ഡി ഉപയോഗിച്ച് ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള ഡിസൈൻ ചെയ്ത് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കൾ

8(2595) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതും സംസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തുന്നത്; എങ്കിൽ അത്തരം വസ്തുക്കൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കൊല്ലം ഡിവിഷന്റെ പരിധിയിൽ തമിഴ്നാട്ടിൽ കുറ്റാലത്ത് 56.68 ഏക്കർ സ്ഥലത്തായി കേരളാ പാലസ് സ്ഥിതി ചെയ്യുന്നു.

(ബി) കേരളാ പാലസ് കുറ്റാലത്തിന്റെ ഭരണവും പരിപാലനവും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലത്തിന്റെ പരിധിയിലാണ്. ടി പാലസിന്റെ പരിപാലനം നടത്തുന്നതിന് ഒരു കെയർടേക്കറും അഞ്ച് ഗാർഡനർമാരും ഒരു പാർട്ട് ടൈം സ്വീപ്പറും സേവനം നടത്തുന്നുണ്ട്.

(സി) ഇല്ല.

## കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

9(2596) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുമരാമത്ത് വകുപ്പ് ലഘൂകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഒരു പ്രവൃത്തിയും ചെയ്യാതെ ലൈസൻസ് കൈവശം വെച്ചിട്ടുള്ള കരാറുകാർ അതിന് യോഗ്യരാണോ എന്ന് പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കരാറുകാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ?

ഉത്തരം

(എ) 27-12-2019-ലെ ജി.ഒ.(എം.എസ്)നമ്പർ 60/2019/പൊ.മ.വ.. പ്രകാരം 2020 ഏപ്രിൽ 1 മുതൽ കരാറുകാർക്ക് രജിസ്ട്രേഷൻ എടുക്കുവാനും പുതുക്കുവാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് പിഴ കൂടാതെ അടക്കേണ്ട കാലാവധി 2019 ഡിസംബർ 31 എന്നത് 2020 ഫെബ്രുവരി 29 വരെയും പിഴയോടുകൂടി ഫീസ് അടയ്ക്കേണ്ട തീയതി 2020 ജനുവരി 31 എന്നത് 2020 മാർച്ച് 31 വരെയും ദീർഘിപ്പിച്ചുകൊണ്ട് 18-2-2020-ലെ ജി.ഒ(എം.എസ്) നമ്പർ 22/2020/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 12.02.2020-ലെ സ.ഉ(സാധാ) നമ്പർ 165/2020 പൊ.മ.വ.. പ്രകാരം സർക്കാർ മേഖലയിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് രജിസ്ട്രേഷൻ പുതുക്കുന്ന ഘട്ടത്തിൽ കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും അതോടൊപ്പം നിലവിലെ വർക്ക് രജിസ്റ്ററും ഏറ്റെടുത്ത പ്രവൃത്തികളുടെ ഗുണനിലവാരവും പെർഫോർമെൻസും വിലയിരുത്തി പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അതിന് മുകളിൽ റാങ്കുള്ള ഉദ്യോഗസ്ഥനോ നൽകുന്ന സാമ്പത്തികമായി കഴിവുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകാവുന്നതാണ്. പ്രസ്തുത ഉത്തരവിൽ കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതും 'സി' ക്ലാസ് കരാറുകാർക്ക് ലൈസൻസ് പുതുക്കുന്നതിന് കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽനിന്നും ഒഴിവാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി&സി) പി.ഡബ്ല്യു.ഡി. മാനുൽ Clause 1910.3(V) പ്രകാരം ലൈസൻസ് കാലാവധി കാലയളവിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രവൃത്തി ചെയ്യാത്തതോ അഞ്ച് പ്രവൃത്തികൾ ക്വാട്ട് ചെയ്യാത്തതോ ആയ കരാറുകാർക്ക് ലൈസൻസ് പുതുക്കൽ നിഷേധിക്കാവുന്നതാണ്.

അത്തരം കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകുന്നതല്ല. ലൈസൻസ് റദ്ദാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## ടെണ്ടർ നടപടികൾ സുതാര്യമാക്കാൻ സംവിധാനം

10(2597) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സുതാര്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടർ നിർബന്ധമുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും മോണിറ്റർ ചെയ്യാനും സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെയുള്ള കരാറുകാർക്ക് ഓൺലൈനായി ടെണ്ടറുകൾ പരിശോധിക്കുവാനും സമർപ്പിക്കുവാനും സാധിക്കുന്നുണ്ട്. കൂടാതെ പ്രൈസ് സോഫ്റ്റ്‌വെയറുമായി ഇ-ടെണ്ടർ പോർട്ടൽ ലിങ്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്.

(സി) ഇ-ടെണ്ടർ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ടെണ്ടർ ഡോക്യുമെന്റിന്റെ ഹാർഡ് കോപ്പിയും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ്

11(2598) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും പി.ഡബ്ള്യു.ഡി. ഓഫീസിനെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) " പുതിയ കാലം പുതിയ നിർമ്മാണം" എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി 05/01/2018-ലെ ജി.ഒ.(എം.എസ്)നമ്പർ 01/2018/പൊ.മ.വ.. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സിമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക.

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(ഡി) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(ബി) ഇല്ല.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

12(2599) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; ഇത് നിർമ്മാണത്തിലുള്ള അഴിമതിയും തട്ടിപ്പും പുറത്ത് കൊണ്ടുവരുന്നതിന് പര്യാപ്തമാണോ;

(ബി) ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോഴും ക്രമക്കേട് നടക്കുന്നതായി വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(സി) അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ 2019-ൽ എത്ര പേരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അധികമായി വിജിലൻസ് വിഭാഗത്തിൽ 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 4 എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വിഭാഗം ജീവനക്കാരും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, 9 ക്ലാർക്കുമാർ എന്നീ സാങ്കേതികേതര വിഭാഗം ജീവനക്കാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വിജിലൻസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിൽ പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതിക്ക് പുറമെ സർക്കാർ തലത്തിലും വി.എ.സി.ബി.-യിൽനിന്നും ലഭിക്കുന്ന പരാതികളും അന്വേഷിച്ച് റിപ്പോർട്ട് മേലധികാരികൾക്ക് സമർപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും ഇവ സഹായിച്ചിട്ടുണ്ട്.

(ബി) ചില പ്രവൃത്തികളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ആയതിന്മേൽ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, സർക്കാരിനുണ്ടായ നഷ്ടം ഈടാക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുറ്റക്കാരായ കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുന്നുമുണ്ട്.

(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗം നോർത്ത് സർക്കിളിനുകീഴിൽ മുഹമ്മദ് സൈദ് എന്ന കരാറുകാരനെയും സൗത്ത് സർക്കിളിനുകീഴിൽ M/s.ശബരി എന്റർപ്രൈസസിനേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

13(2600) ശ്രീ. പി. കെ. ശശി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഇൻവെസ്റ്റിഗേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി എല്ലാ ജില്ലകളിലും പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ റീജിയണൽ ലാബുകളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കോൺട്രാക്ടർമാർക്കും എക്സിക്യൂഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ആധുനിക പരിശോധന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാബുകളിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ പി.ഡബ്ല്യു.ഡി വിജിലൻസ് വിഭാഗത്തിനെയും അതാത് എക്സിക്യൂഷൻ വിഭാഗത്തിനെയും അറിയിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള 2nd tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

## കിഫ്ബി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സ്ഥിതി

14(2601) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി ഏറ്റെടുക്കുന്നതായി പ്രഖ്യാപിച്ച നൂറ്റിയെൺപത്തിരണ്ട് റോഡുകളിൽ എത്ര റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയെന്നും എത്ര പ്രവൃത്തി ടെൻഡർ ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷം പ്രഖ്യാപിച്ച അറുപത്തിയൊൻപത് പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയെന്നും എത്രയെണ്ണം ടെൻഡർ ചെയ്തുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10-7-2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ.. പ്രകാരം 182 റോഡ് പ്രവൃത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 40 പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാംഗീകാരം ലഭിക്കുകയും അതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തു.

(ബി) 10-7-2017-ലെ സ.ഉ.(സാധാ)നം.942/2017/പൊ.മ.വ. പ്രകാരം 69 പാലങ്ങൾ/മേൽപ്പാലങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 29 പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാംഗീകാരം ലഭിക്കുകയും അതിൽ 2 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തു.

## കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ

15(2602) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതുമായ പ്രവൃത്തികൾക്ക് എല്ലാം കൂടി എത്ര കോടി രൂപയാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ ഇതിനകം നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അതിനെല്ലാം കൂടി ആകെ എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 20073.78 കോടി രൂപയുടെ ധനാനുമതി കിഫ്ബി ഇതുവരെ നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | ചേർത്തല-തണ്ണീർമുക്കം റോഡ് പുനരുദ്ധാരണം- ചെയിനേജ് 0/0000 മുതൽ 5/950 വരെ. | 10,70,00,066.00 രൂപ |
| 2 | മുട്ടത്തിപ്പറമ്പ്-ആർത്തുങ്കൽ റോഡ് | 10,43,53,085.00 രൂപ |
| 3 | കണ്ണൂർ ജില്ലയിലെ ആറാംമയിൽ പാറപ്രം റോഡ് (പാറപ്രം ഓലയമ്പലം സിക്സ്ത് മൈൽ റോഡ് പുനരുദ്ധാരണം-ചെയിനേജ്-0/000 മുതൽ 5/167 വരെ & 5/900 മുതൽ 9/405 വരെ) | 10,44,35,859.00 രൂപ |
| 4 | അയത്തിൽ-പള്ളിമുക്ക് റോഡ് പുനരുദ്ധാരണം | 7,82,43,216.00 രൂപ |
| 5 | വാറങ്കവല-കോൾഗേറ്റ് കാവുങ്കൽ റോഡ് | 13,38,52,188.00 രൂപ |
| 6 | കണിച്ചുകുളങ്ങര ബീച്ച്-എൻ.എച്ച്-കായിപ്പുറം-കായലോരം റോഡ് പുനരുദ്ധാരണം | 9,03,71,673.00 രൂപ |
| 7 | കോഴിക്കോട് ജില്ലയിലെ പയ്യോളി-പേരാമ്പ്ര റോഡ് | 30,23,14,539.00 രൂപ |
| | ആകെ | 92,05,70,626.00 രൂപ |

കൂടാതെ പാലോട് ബ്രൈമൂർ, കൊല്ലകടവ് കുളനട, വെള്ളോറ കക്കര, കാങ്കോൽ ചീമേനി എന്നീ പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇവയുടെ ഫൈനൽ ബില്ലുകൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകൾ

16(2603) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്ക് എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പല സ്ഥലങ്ങളിലും കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത അപാകതകൾ തിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കിഫ്ബിയിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനം നടത്തുമ്പോഴുള്ള എല്ലാ ഉത്തരവാദിത്വവും കിഫ്ബി പദ്ധതിയിൽ ചുമതലപ്പെടുത്തിയ പ്രവൃത്തികളിലും പാലിക്കേണ്ടതാണ്.

(ബി) കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിലെ മെല്ലെപോക്കും ഗുണനിലവാരത്തിലുള്ള ന്യൂനതകളും ചൂണ്ടിക്കാട്ടി 10 പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി.

(സി) ഇല്ല.

കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകിയ സാഹചര്യത്തിൽ നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരിൽനിന്നും കരാറുകാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയുടെ പുരോഗതി പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നിർത്തിവച്ച 10 പ്രവൃത്തികളിൽ 9 പ്രവൃത്തികളുടെയും ഒബ്സർവേഷൻ മെമ്മോയിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അതുപ്രകാരം ആ പ്രവൃത്തികളുടെ സ്റ്റോപ്പ് മെമ്മോ കിഫ്ബി പിൻവലിക്കുകയും അതിൻപ്രകാരം പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എം.ഇ.എസ് കോളേജ്-പയ്യനാടം റോഡിന്റെ സ്റ്റോപ്പ് മെമ്മോ മാത്രമാണ് നിലവിൽ പിൻവലിക്കാത്തത്. ഒബ്സർവേഷൻ മെമ്മോയിലെ എല്ലാ നിർദ്ദേശങ്ങളും ഉടനടി പാലിച്ച് ആവശ്യമായ റിപ്പോർട്ട് രേഖകൾ സഹിതം നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ

17(2604) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ബസ് സർവ്വീസ് ഉൾപ്പെടെ നടത്തുന്ന പ്രധാന ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഗ്രാമീണ റോഡുകൾ എറ്റെടുക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നും തന്നെ ഏറ്റെടുക്കേണ്ടതില്ലായെന്നതാണ് സർക്കാർ തീരുമാനം. നിലവിലുള്ള പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഇത് സംബന്ധിച്ച resolution പാസാക്കി ശിപാർശ സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. കൂടാതെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി Implementing Agency ആയി പൊതുമരാമത്ത് വകുപ്പിനെ തീരുമാനിച്ച് സർക്കാർ ഉത്തരവാകുന്ന പ്രവൃത്തികൾ പഞ്ചായത്ത് resolution-ന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

## റോഡുകളുടെ തകർച്ചയുടെ ഉത്തരവാദിത്വം

18(2605) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ തകർച്ചയ്ക്കും അത് മൂലമുണ്ടാകുന്ന അപകടങ്ങൾക്കും എഞ്ചിനീയർമാർക്കും ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്തം ചുമത്തുന്ന തരത്തിൽ നയരൂപീകരണം വേണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ച് നയരൂപീകരണം നടത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം പാലാരിവട്ടത്ത് ശ്രീ. യദുലാൽ എന്നയാൾ റോഡിലെ കുഴിമൂലമുണ്ടായ അപകടത്തിൽപ്പെട്ട് മരിച്ചതുമായി ബന്ധപ്പെട്ട് റോഡുകളുടെ തകർച്ചയ്ക്കും അതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം ചുമത്തേണ്ടതാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

**പരിയാപുരം-അങ്ങാടിപ്പുറം-എറാക്കോട്-വലംബൂർ റോഡ്**

19(2606) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷൻ ഉൾപ്പെടുത്തിയ പരിയാപുരം-അങ്ങാടിപ്പുറം-എറാക്കോട്-വലംബൂർ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(ബി) എസ്റ്റിമേറ്റ് (RO/2019/1992) പ്രകാരം തകർന്ന് കിടക്കുന്ന പ്രസ്തുത റോഡിന് ഫണ്ട് വകയിരുത്തുമോ;

(സി) ബജറ്റിൽ 20% പ്രൊവിഷൻ നൽകിയിട്ടും പ്രസ്തുത റോഡിന് ഫണ്ട് അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷൻ ഉൾപ്പെടുത്തിയ പരിയാപുരം-അങ്ങാടിപ്പുറം-എറാക്കോട്-വലംബൂർ റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

20(2607) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് എന്ത് തുക അനുവദിച്ചു; ഇതിലെത്ര ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ;

(ബി) തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഹൈക്കോടതി മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് നിരത്തുവിഭാഗത്തിനുകീഴിൽ കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ വിവിധ ജില്ലകളിലായി ഏകദേശം 5031 കി.മീ. റോഡുകൾക്ക് നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 2019 പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 706.47 കോടി രൂപ അനുവദിച്ചു. ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* ഈ പ്രവൃത്തികൾ എല്ലാംതന്നെ നടപ്പിലാക്കിവരുന്നു. പ്ലാൻ ഫണ്ടിൽനിന്നും ലഭിച്ച 623 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. ഈ ഫണ്ട് ഉപയോഗിച്ച് 3000 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ എല്ലാം 31-12-2019-ന് മുൻപ് ഗതാഗതയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം 97% റോഡുകളും ഡിസംബർ 31-നകം ഗതാഗതയോഗ്യമാക്കിയിരുന്നു. അറ്റകുറ്റപ്പണികൾ എല്ലാം മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ 2019-ലെ പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിംഗിലും 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിംഗിലുമായി കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 2020 ജനുവരി 31-ാം തീയതിക്കകം ദേശീയപാതകളുടെ എല്ലാ കുഴികളും അടച്ചിട്ടുണ്ട്.

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

21(2608) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. എസ്. രാജേന്ദ്രൻ</u>:
<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയംമൂലം തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുനർനിർമ്മിക്കേണ്ട റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ന്റെ ഭാഗമായി ജർമ്മൻ/ലോക ബാങ്കിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ എന്നേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇത് എന്നേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രളയംമൂലം തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ പ്രകൃതി ദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി)നം.462/2018/ഡി.എം.ഡി, തീയതി 28-8-2018 പ്രകാരം ദുരന്ത നിവാരണ വകുപ്പിൽനിന്നും പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 71.25 കോടി രൂപ അനുവദിച്ചിരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തെത്തുടർന്ന് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. റോഡുകൾ എല്ലാം തന്നെ അടിയന്തരമായി ഗതാഗതയോഗ്യമാക്കിയിരുന്നു. തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലായി 10678 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 2018-19 വർഷം 1667 കോടി രൂപയുടെ ഭരണാനുമതിയും നബാർഡിൽനിന്നും 2018-19, 2019-20 വർഷങ്ങളിൽ 602 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കിവരുന്നു. ഈ വർഷം പ്ലാൻ ഫണ്ടിൽനിന്നും 623 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

ദേശീയപാത വിഭാഗത്തിനുകീഴിൽ സംസ്ഥാനത്ത് 2019-ലെ പ്രളയത്തിൽ തകർന്ന ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ദേശീയപാതകളുടെ ശാശ്വത പരിഹാരത്തിനായി ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ

ഭാഗമായി 178 കോടി രൂപ (181 കി.മീ.) അനുവദിച്ച് ടെണ്ടർ ചെയ്ത് പദ്ധതി അവാർഡ് ചെയ്യുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ 535 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിൽ 265 കി.മീ. 424 കോടി രൂപയുടെ ബലപ്പെടുത്തൽ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ പൂർത്തീകരണ കാലാവധി 6 മാസം മുതൽ 1 വർഷം വരെയാണ്.

(ബി) പ്രളയത്തെ തുടർന്ന് റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ, റോഡുകളുടെ പ്രാധാന്യം, വാഹന സാന്ദ്രത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്താണ് റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയത്.

(സി&ഡി) ലോക ബാങ്ക്, KFW (ജർമ്മൻ ബാങ്ക്) ഐ.ഡി.ബി തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായത്തോടെയാണ് "റീബിൽഡ് കേരള" പദ്ധതി KSTP മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ 819 കി.മീ. വരുന്ന 31 റോഡുകളുടെ പുനർ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് നം(കൈ)25/2019/ആ.സാ.വ തീയതി 13.08.2019 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനുശേഷം മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള റോഡുകളുടെ പട്ടികയിൽനിന്നും 12, 23 എന്നീ ക്രമനമ്പറുകൾ പ്രകാരമുള്ള റോഡുകൾ ഒഴിവാക്കി സർക്കാർ ഉത്തരവ് നം.(കൈ)35/2019/ആ.സാ.വ തീയതി 23.12.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷമേ പുനർനിർമ്മാണത്തിനാവശ്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ

22(2609) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിലും അപകടം സൃഷ്ടിക്കുന്ന രീതിയിലുമുള്ള നിരവധി കയ്യേറ്റങ്ങൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ റോഡുകൾ കയ്യേറി പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നത് തടയുന്നതിനും റോഡുകൾ സമ്പൂർണ്ണമായി കാൽനടയ്ക്കും വാഹന ഗതാഗതത്തിനും ഉതകുന്ന രീതിയിൽ നിർമ്മിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ ബോധ്യപ്പെട്ടാൽ കയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞുപോകാത്ത കയ്യേറ്റക്കാർക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ കയ്യേറ്റം ഒഴിപ്പിച്ചുവരുന്നു. ഇതുകൂടാതെ WP(C) No. 22750/2018(P)-മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-1-2020, 29-2-2020 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

റോഡുകൾ അപകടങ്ങൾ കുറയ്ക്കുന്നതിനും കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ തിരക്കുള്ള ജംഗ്ഷനുകളിൽ സ്ഥലലഭ്യത അനുസരിച്ച് ഫുട്പാത്തുകൾ നൽകാറുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4/6 വരി പാതയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പുവരുത്തുന്നുണ്ട്.

## ദേശീയപാതകൾ, ബൈപ്പാസുകൾ, സ്റ്റേറ്റ് ഹൈവേകൾ എന്നിവയുടെ നിർമ്മാണം

23(2610) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം തുടങ്ങിയതും പൂർത്തീകരിക്കാത്തതുമായ ദേശീയപാതകൾ, ബൈപ്പാസുകൾ, സ്റ്റേറ്റ് ഹൈവേകൾ എന്നിവ എതെല്ലാമെന്നും ഇവയ്ക്കായി ലഭ്യമാകേണ്ട കേന്ദ്രസഹായം എത്രയെന്നും എത്ര ലഭ്യമായെന്നും സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്രസഹായം നേടിയെടുത്ത്, സംസ്ഥാനവിഹിതം ലഭ്യമാക്കി നിർദ്ദിഷ്ട സമയത്ത് ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയപാത വിഭാഗത്തിനുകീഴിൽ ആലപ്പുഴ ബൈപ്പാസ് നിർമ്മാണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർമ്മാണത്തുകയുടെ തുല്യ വിഹിതം വഹിച്ച് നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. ഇത് 98.6% പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മാണം തുടങ്ങിയതും പൂർത്തീകരിക്കാത്തതുമായ ദേശീയപാതകൾ, ബൈപ്പാസുകൾ, സ്റ്റേറ്റ് ഹൈവേകൾ എന്നീ പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവുമായി ബഹുമാന്യരായ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിരന്തരം കത്തുകൾ നൽകുകയും കേന്ദ്ര മന്ത്രിയുമായി ചർച്ചകൾ നടത്തുകയും NHAI യുമായി കേരളത്തിൽ വച്ച് യോഗം ചേരുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ 17-2-2020-ന് NHAI യുമായി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവലോകന യോഗം നടത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെടുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുവാൻ പദ്ധതി

24(2611) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നുംതന്നെ നിലവിൽ പരിഗണനയിലില്ല. LSGD റോഡുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് മന്ത്രിസഭായോഗം 2016-ൽ തീരുമാനിച്ചു. LSGD റോഡുകൾ ഏറ്റെടുക്കാനുള്ള പദ്ധതി പരിഗണിച്ചപ്പോഴാണ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ സ്വത്തും അധികാരവും തിരിച്ച് പിടിക്കേണ്ടതില്ല എന്ന് മന്ത്രിസഭായോഗം തീരുമാനിച്ചത്. 2011-2016-ന് മുമ്പ് 3 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള അസംഖ്യം ഗ്രാമ-നഗര റോഡുകൾ മാനദണ്ഡങ്ങൾ ലംഘിച്ച് ഏറ്റെടുത്തതുകൊണ്ടാണ് ആ മണ്ഡലങ്ങളിൽ ഒരു കാലത്തും PWD യുടെ പ്രവർത്തനം മാതൃകാപരമാകാൻ കഴിയാത്തത്. സങ്കുചിതമായ രാഷ്ട്രീയ കാരണങ്ങളാലും ചില വ്യക്തികളുടെ താൽപര്യ പ്രകാരവുമാണ് വലിയ നിലയിൽ 2011-2016-ൽ ഇപ്രകാരം PWD റോഡുകൾ ഏറ്റെടുത്തത്. മാനദണ്ഡം പാലിച്ചിട്ടില്ല പല കാര്യങ്ങളിലും.

## ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസുകൾ

25(2612) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മോൾ & മീഡിയം ടൗണുകളിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് മുന്നോടിയായി ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് റൈറ്റ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുമോ;

(സി) ഇക്കാര്യങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചില ടൗണുകളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആവശ്യം വരുന്ന ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്.

**ഫുട്പാത്തുകളിൽ അനധികൃതമായുള്ള വാഹനപാർക്കിംഗ്**

26(2613) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതയടക്കമുള്ള പ്രധാന പാതകൾക്കിരുവശവും കാൽനടയാത്രക്കാർക്കായി ഫുട്പാത്തുകൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഫുട്പാത്തുകളിൽ അനധികൃതമായുള്ള വാഹനപാർക്കിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അലക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള വൈദ്യുത പോസ്റ്റുകളും അനധികൃത വാഹന പാർക്കിംഗും ഫുട്പാത്തുകളിലേയ്ക്ക് ഇറക്കിവച്ചിരിക്കുന്ന വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ വിപണന വസ്തുക്കളും മറ്റും ഒഴിവാക്കി കാൽനടയാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിരത്ത്, ദേശീയപാത വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രധാന റോഡുകളിൽ കാൽനടയാത്രക്കാർക്കായി ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവ അനുസരിച്ച് കാൽനടയാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ ഫുട്പാത്തുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകൾ ഉണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫുട്പാത്തുകൾകൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിവരുന്നത്. കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിലും ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം ഫുട്പാത്തുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും ഫുട്പാത്തുകൾ നിർമ്മിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫുട്പാത്തുകളിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി റോഡുകളിൽ ആവശ്യമായ സൂചന (നോ പാർക്കിംഗ്) ബോർഡുകളും മറ്റ് റോഡ് മാർക്കിംഗുകളും നൽകിവരുന്നുണ്ട്.

(സി) അലക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ വൈദ്യുത പോസ്റ്റുകൾ മുഖേനയുള്ള അപകടങ്ങൾ തടയുന്നതിന് 05-10-2019-ലെ സർക്കാർ കത്ത് നം. എച്ച്1/133/2019-പൊ.മ.വ..-ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കെ.എസ്.ഇ.ബി.എൽ. അധികൃതർക്കും തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. ഫുട്പാത്തുകളിലേയ്ക്ക് ഇറക്കിവച്ചിരിക്കുന്ന കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടി സ്വീകരിക്കാറുണ്ട്.

## പണി പൂർത്തീകരിച്ച പാലങ്ങൾ

27(2614) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽ പണി പൂർത്തീകരിച്ച പാലങ്ങൾ എത്രയാണ്; ഇതിൽ കോഴിക്കോട് ജില്ലയിലെ പാലങ്ങളുടെ വിവരവും ചെലവഴിച്ച തുകയും അറിയിക്കാമോ;

(ബി) ഇപ്പോൾ പണി ആരംഭിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരിക്കാൻ ബാക്കി നില്ക്കുന്നതുമായ ജില്ലയിലെ പാലങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന്റെ കീഴിൽ കേരളത്തിൽ 72 പാലങ്ങളുടെ പണി പൂർത്തീകരിച്ചു. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ അഞ്ച് പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പണി പൂർത്തീകരിച്ച പാലങ്ങളുടെ വിവരവും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പാലത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | എലന്ത് കടവ് പാലം | 566.00 |
| 2 | മൊയോട്ടക്കടവ് പാലം അപ്രോച്ച് റോഡ് | 10.57 |
| 3 | കിഴക്കോത്ത് പള്ളിക്കടവ് ഫൂട്ട് ബ്രിഡ്ജ് | 59.63 |
| 4 | പാറക്കടവ് ബ്രിഡ്ജ് | 158.00 |
| 5 | തോട്ടുമുക്കം ബ്രിഡ്ജ് | 385.00 |
| 6 | പള്ളിപ്പടി ബ്രിഡ്ജ് | 253.00 |

| (1) | (2) | (3) |
|---|---|---|
| 7 | മേലേ കുരുടൻ കടവ് പാലം | 9.57 |
| 8 | പന്നിക്കോട്ടൂർ ബ്രിഡ്ജ് | 101.27 |
| 9 | കടിയങ്ങാട് പാലം | 472.23 |
| 10 | മരപ്പാലം | 243.76 |
| 11 | മാട്ടുമ്മൽത്തോട് പാലം | 125.00 |
| 12 | പാലരുകണ്ടിത്താഴം മിനി ബ്രിഡ്ജ് | 60.00 |
| 13 | ചെമ്പൈത്തോട് പാലം | 100.00 |
| | **മൊത്തം** | **2,544.03** |

(ബി)

| ക്രമ നമ്പർ | പാലത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കുളിമാട് പാലം | 2150.00 |
| 2 | ചെടിയാലക്കടവ് പാലം | 900.00 |
| 3 | നട്ടത്തോട് പാലം | 182.00 |
| 4 | തൃക്കുറ്റിശ്ശേരി പാലം | 153.00 |
| 5 | കോവിലകംതാഴം(ബാക്കി പ്രവൃത്തി) | 149.10 |
| | **മൊത്തം** | **3534.10** |

ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 28 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചുവരുന്ന കോരപ്പുഴ പാലത്തിന്റെ പുനർ നിർമ്മാണം.

## പാലങ്ങളുടെ ബലപരിശോധന

28(2615) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ 260-ലധികം പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിരുന്നോ;

(ബി) കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്ത് ഉണ്ടായ പ്രകൃതി ക്ഷോഭത്തിൽ എത്ര പാലങ്ങളാണ് പൂർണ്ണമായും തകർന്നത്; ഇതിൽ നേരത്തെ ബലപരിശോധന നടത്തിയവ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ബലപരിശോധനയിൽ പുനർനിർമ്മിക്കണമെന്ന് കണ്ടെത്തിയ പാലങ്ങളുടെയും പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന പാലങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിനായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമായിരുന്നു. കഴിഞ്ഞ രണ്ട് പ്രളയത്തിനുശേഷമുള്ള പരിശോധനയിൽ 67 പാലങ്ങൾ കൂടി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം പാലങ്ങൾ വിഭാഗത്തിനുകീഴിൽ ആകെ 229 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമായി കാണുന്നു. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ പാലങ്ങളുടെ ബലപരിശോധന നടത്തിയതിൽ കൊല്ലം ജില്ലയിലെ ദേശീയപാത 744-ലെ കോയിക്കൽ പാലവും മലപ്പുറം ജില്ലയിലെ ഓരേടംപാലവും പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിലുള്ള പൊല്ലംപാറ (വയനാട്), പെരിയവാര (ഇടുക്കി), കുണ്ടറച്ചോല (പാലക്കാട്) എന്നീ 3 പാലങ്ങളും 2019-ലെ പ്രളയത്തിൽ കൈപ്പനിക്കടവ് (മലപ്പുറം), പോത്തുണ്ടി (കോഴിക്കോട്), കച്ചേരിക്കടവ് പഴയപാലം (കണ്ണൂർ), നടുത്തോട് (കോഴിക്കോട്) എന്നീ പാലങ്ങളും ഗതാഗതയോഗ്യമല്ലാത്തവിധം തകർന്നു. പ്രളയത്തിന് മുൻപ് ബലപരിശോധന നടത്തിയ 162 പാലങ്ങളിൽ മുകളിൽ പറഞ്ഞ തകർന്ന പാലങ്ങൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ദേശീയപാത 185-ലെ (അടിമാലി-കുമളി ദേശീയപാത) ചെറുതോണി പാലത്തിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതും നേരത്തെ ബലപരിശോധന നടത്തിയ പാലങ്ങളിൽ ഉൾപ്പെട്ടതല്ല.

(സി) ബലപരിശോധനയിൽ പുനർനിർമ്മിക്കണമെന്ന് കണ്ടെത്തിയ 6 പാലങ്ങളുടെ (തൃക്കുട്ടിശ്ശേരി പാലം - കോഴിക്കോട്, തട്ടാരി പാലം - കണ്ണൂർ, ഇരിണാവ് പാലം - കണ്ണൂർ, പുഴയ്ക്കൽ പാലം - തൃശ്ശൂർ, മുറിയൻതോട് പാലം - തൃശ്ശൂർ, Culvert near Thrikkayil Temple – ആലപ്പുഴ) നിർമ്മാണം പൂർത്തിയായി. പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്ന പാലങ്ങളുടെ നിർമ്മാണം ഒന്നുംതന്നെ പൂർത്തിയായിട്ടില്ല.

(ഡി) പണി പൂർത്തിയാക്കിയ 6 പാലങ്ങൾക്കുമായി ആകെ 2757.05 ലക്ഷം രൂപ ചെലവഴിച്ചു.

## നിർമ്മാണം പൂർത്തിയായ പാലങ്ങൾ

29(2616) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി എത്ര പാലങ്ങളുടെ പണിയാണ് പൂർത്തിയാക്കിയത്; അതിനായി ആകെ എന്ത് തുക ചെലവഴിച്ചു;

(ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇതിനകം എത്ര പാലങ്ങളുടെ നിർമ്മാണം പൂർത്തിയായി എന്നും അതിനായി ആകെ എന്ത് തുക ചെലവഴിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ 144 പാലങ്ങളുടെ പണിയാണ് പൂർത്തിയാക്കിയത്. അതിനായി ആകെ 953.86 കോടി രൂപ ചെലവഴിച്ചു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 97 കോടി രൂപ ചെലവിൽ 4 പാലങ്ങളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ കീഴിൽ 71 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അതിനായി ആകെ 625.96 കോടി രൂപ ചെലവഴിച്ചു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 16.20 കോടി രൂപ ചെലവിൽ 5 പാലങ്ങളുടെ പണിയും പൂർത്തിയായിട്ടുണ്ട്.

## ദേശീയപാത വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ

30(2617) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ പാതാ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി റോഡ് വീതികൂട്ടുന്ന പ്രവൃത്തികൾ എവിടെയെങ്കിലും തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദവിവരങ്ങൾ പ്രത്യേകം നൽകാമോ?

## ഉത്തരം

(എ) കേരളത്തിൽ ദേശീയപാത വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. നടന്നുകൊണ്ടിരിക്കുന്നു.

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി റോഡ് വീതി കൂട്ടുന്ന പ്രവൃത്തികൾ തുടങ്ങിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. ദേശീയപാത 66-ൽ കി.മീ. 170/600 മുതൽ കി.മീ. 189/200 വരെയുള്ള തലശ്ശേരി മാഹി ബൈപ്പാസിന്റെ നാലുവരിപ്പാത നിർമ്മാണം.
2. ദേശീയപാത 66-ലെ നീലേശ്വരത്തുള്ള റെയിൽവേ മേൽപ്പാലം.
3. ദേശീയപാത 66-ലെ കഴക്കൂട്ടം മുതൽ ടെക്നോപാർക്ക് ജംഗ്ഷൻ വരെയുള്ള എലിവേറ്റഡ് ഹൈവേ നിർമ്മാണം.

(സി) കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയപാത 66-ലെ അഴിയൂർ മുതൽ വെങ്ങളം വരെ (കി. മീ 188/000-230/400) – ഡി പി ആർ സ്റ്റേജ്.

3A നോട്ടിഫൈഡ് - 108.2908 Ha (100%)

3D നോട്ടിഫൈഡ് - 100.5463 Ha (92.85%)

3G പൊസ്സെഷൻ - 11.9736 Ha (11.06%)

2. ദേശീയപാത 66-ലെ പാലൊളി പാലം നിർമ്മാണം കി. മീ 203/160 (മൈനർ ബ്രിഡ്ജ്) മൂരാട് പാലം നിർമ്മാണം കി.മീ. 204/895 (മേജർ ബ്രിഡ്ജ്) ബന്ധപ്പെട്ട സർവ്വീസ് റോഡോടുകൂടിയ ക്യാരേജ് വേ എന്നിവ ബിഡ്ഡിംഗ് സ്റ്റേജിലാണ് 3 A നോട്ടിഫൈഡ് – 4.3154 Ha (100%)

3D നോട്ടിഫൈഡ് - 4.3154 Ha (100%)

3G പൊസ്സെഷൻ - 1.7484 Ha (40.51%)

3. ദേശീയപാത 66-ലെ കോഴിക്കോട് ബൈപ്പാസ് 6 വരി പാത നിർമ്മാണം (കി.മീ. 230/400 മുതൽ 258/800 വരെ) കരാർ ഒപ്പിട്ടിട്ടുണ്ട്. സ്ഥലമേറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായിട്ടുണ്ട്.

## ദേശീയപാത വികസനം

31(2618) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 45 മീറ്ററിൽ ദേശീയപാത വികസിപ്പിക്കാനും ചെലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനും തീരുമാനിച്ചിട്ടും ദേശീയപാത നിർമ്മാണ പ്രവർത്തനത്തിന് ഒട്ടും വേഗതയില്ലാത്ത സാഹചര്യമുണ്ടോ;

(ബി) ദേശീയ പാത വികസന പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര തുകയ്ക്കായി സമർപ്പിച്ച അപേക്ഷകൾ ചില മേഖല ഓഫീസുകളിൽ നിന്ന് മടക്കിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഭൂമി ഏറ്റെടുക്കൽ നടപടിയെയും അതുവഴി ടെണ്ടർ നടപടികളെയും താമസിപ്പിക്കുമോ;

(ഡി) സംസ്ഥാന വിഹിതം മുൻകൂറായി നിക്ഷേപിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെടുകയുണ്ടായോ; ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കലും ടെണ്ടർ നടപടികളും വേഗത്തിലാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കാനുള്ള ചെലവിന്റെ 25% സംസ്ഥാനം വഹിക്കാമെന്ന് ധാരണാപത്രം ഒപ്പിട്ടതിനുശേഷവും കാസർഗോഡ് ജില്ലയിലെ ടെണ്ടറിനുള്ള അംഗീകാരം നൽകാൻ കേന്ദ്ര സർക്കാരിന്റെ SFC യോഗം ചേരാത്തതിനാൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. RECTLARR Act 2013 പ്രകാരം നഷ്ടപരിഹാരത്തുക തീരുമാനിക്കുന്ന എല്ലാ പ്രൊപ്പോസലുകളും NHAI പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) സ്ഥലമേറ്റെടുപ്പിന്റെ സംസ്ഥാന വിഹിതം മുൻകൂറായി നിക്ഷേപിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ സുഗമമായി നടക്കുന്നുണ്ട്. തലപ്പാടി മുതൽ മുഴപ്പിലങ്ങാട് വരെയുള്ള ഭാഗം 5 പ്രോജക്ടുകളായി വേർതിരിച്ച് ബിഡ്ഡിംഗ് സ്റ്റേജിലാണ്. എൻ.എച്ച് 66-ന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൃത്യമായ ഇടപെടൽ കേന്ദ്രസർക്കാരുമായും ദേശീയപാത അതോറിറ്റി അധികാരികളുമായും നടത്തുന്നുണ്ട്. ഏറ്റവും ഒടുവിൽ 17-2-2020-ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുമായി ചേർന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു യോഗം ചേരുകയുണ്ടായി. നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്ന നിർദ്ദേശം ദേശീയപാത അതോറിറ്റിക്ക് പ്രസ്തുത യോഗത്തിൽ നൽകിയിട്ടുണ്ട്.

## സ്ത്രീ സൗഹൃദ വിശ്രമ മുറികൾ

32(2619) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന സ്ത്രീ സൗഹൃദ വിശ്രമ മുറികൾ, ടോയ്ലറ്റ് ബ്ലോക്കുകൾ എന്നിവയ്ക്കായി എത്ര പദ്ധതികൾക്ക് അനുമതി നൽകിയെന്നും ഇതിലേയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്നും കായംകുളം മണ്ഡലത്തിൽ എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചു എന്നും ഇതിലേക്കായി ഓരോ കേന്ദ്രങ്ങൾക്കും ചിലവായിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന സ്ത്രീ സൗഹൃദ വിശ്രമമുറികൾ, ടോയ്ലറ്റ് ബ്ലോക്കുകൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തികളുടെ എണ്ണം | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 22 | 414.67 |
| 2017-2018 | 31 | 516.84 |
| 2018-2019 | 15 | 347.59 |
| 2019-2020 | 17 | 253.27 |
| ആകെ | 85 | 1532.37 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ 14 പദ്ധതികൾക്കായി 217 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ പൂർത്തിയാക്കിയ 5 പ്രവൃത്തികൾക്കായി 68,91,000 രൂപ ചെലവാക്കിയിട്ടുണ്ട്.

## സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

33(2620) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് അറിയിക്കാമോ;

(ബി) ഏതു വർഷം വരെ രജിസ്റ്റർ ചെയ്തവർക്കാണ് ഇപ്പോൾ സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സീനിയോറിറ്റി മറികടന്ന് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൂടുതൽ ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെ താമസസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് അവർ ജോലി ചെയ്തുവരുന്ന കാര്യാലയത്തിന്റെ 20 കി. മീ. ചുറ്റളവിൽ സ്വന്തമായി വീട് ഇല്ലാത്ത പക്ഷം അവർ ജോലി ചെയ്തുവരുന്ന കാര്യാലയം മുഖേന രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ച് നൽകുന്നതാണ്. 2006-ലെ റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവൺമെന്റ് സർവന്റ്സ് ക്വാർട്ടേഴ്സ്, റിവൈസ്ഡ് പി.ഡബ്ല്യൂ.ഡി. മാന്വൽ 2012-ലെ para 2808-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം Appendix 2800 c-യിലെ നിയമങ്ങൾ എന്നിവ അനുസരിച്ച് അതത് ജില്ലാ കളക്ടറാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്.

(ബി) ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഇല്ല. 2006-ലെ റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവൺമെന്റ് സർവന്റ്സ് ക്വാർട്ടേഴ്സ്, ചട്ടം 10 പ്രകാരം തിരുവനന്തപുരം ജില്ലയിലെ നിശ്ചിത എണ്ണം ക്വാർട്ടേഴ്സുകൾ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് അനുവദിച്ചുവരുന്നു. കൂടാതെ പ്രസ്തുത ഉത്തരവിലെ ചട്ടം 32-ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി പ്രകാരം സർക്കാരിൽനിന്നും ക്വാർട്ടേഴ്സ് അനുവദിക്കാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ ഭരണകാലത്ത് 21 ക്വാർട്ടേഴ്സുകൾക്കായി 3345.02 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 599 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**വർക്കലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്**

34(2621) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദീകരിക്കാമോ;

(സി) തടസ്സങ്ങളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വർക്കലയിൽ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൻപ്രകാരം സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.

(ബി&സി) ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നുമില്ല.

**വി.വി.ഐ.പി. വിസിറ്റിന് എറണാകുളത്തെ റോഡുകൾക്ക് തുക**

35(2622) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ വി.വി.ഐ.പി വിസിറ്റിനോടനുബന്ധിച്ച് ഏതെങ്കിലും റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക എന്നറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയായോ;

(സി) സന്ദർശനം നടത്തിയ വി.വി.ഐ.പി.-കളുടെ പേരുവിവരങ്ങളും തീയതിയും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) എറണാകുളം നിയോജകമണ്ഡലത്തിൽ വി.വി.ഐ.പി വിസിറ്റിനോടനുബന്ധിച്ച് താഴെ പറയുന്ന റോഡുകൾക്ക് തുക അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആലുവ-എറണാകുളം റോഡ് - 3 ലക്ഷം രൂപ

ബ്രോഡ്‌വേ റോഡ് - 10.4 ലക്ഷം രൂപ

ബി.ടി.എച്ച് റോഡ് - 5 ലക്ഷം രൂപ

ബോൾഗാട്ടി ബസ് സ്റ്റോപ്പ്-ഹൈക്കോടതി റോഡ് - 2.72 ലക്ഷം രൂപ

ഹൈക്കോടതി ജംഗ്ഷൻ-ലോകോളേജ് റോഡ് - 2.1 ലക്ഷം രൂപ

ലോകോളേജ് റോഡ്-ബി.ടി.എച്ച് റോഡ് - 2.61 ലക്ഷം രൂപ

ബി.ടി.എച്ച് റോഡ്-ജോസ് ജംഗ്ഷൻ - 2.21 ലക്ഷം രൂപ

ജോസ് ജംഗ്ഷൻ-തേവര - 2.75 ലക്ഷം രൂപ

(സി) ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി 7-6-2019, 8-6-2019 എന്നീ തീയതികളിലും നെതർലാൻഡ് രാജാവും രാജ്ഞിയും 17-10-2019, 18-10-2019 എന്നീ തീയതികളിലും സന്ദർശനം നടത്തിയിട്ടുണ്ട്.

**പി.യു.കെ.സി. റോഡിന്റെ നവീകരണം**

36(2623) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡുകളിലൊന്നായ പി.യു.കെ.സി റോഡിന്റെ നവീകരണത്തിനായി കിഫ്ബിയിൽ എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പി.യു.കെ.സി റോഡിന്റെ നവീകരണ പ്രവൃത്തികൾ ഏത് രീതിയിൽ നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്; ഏതൊക്കെ പ്രവൃത്തികളാണ് ആയതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ;

(സി) പി.യു.കെ.സി റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള നവീകരണ പ്രവൃത്തിയുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡുകളിലൊന്നായ പി.യു.കെ.സി. റോഡിന്റെ ആദ്യഘട്ട നവീകരണത്തിനായി 92.58 കോടി രൂപയുടെ ഡി.പി.ആർ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) 14 മീറ്റർ വീതിയിൽ ബി.എം.&ബി.സി. നിലവാരത്തിൽ നിലവിലുള്ള റോഡിന്റെ വളവുകൾ ഒഴിവാക്കി ആവശ്യമായ സ്ഥലത്ത് കൾവർട്ടുകളും ഡ്രെയിനേജുകളും റോഡ് സുരക്ഷാ ക്രമീകരണങ്ങളും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവുകളും ഉൾപ്പെടുത്തിയാണ് ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത്.

(സി) പി.യു.കെ.സി. റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള നവീകരണ പ്രവൃത്തിക്കുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി ആയതിന്റെ വിശദാംശങ്ങൾ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

37(2624) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് റോഡ്സ് വിഭാഗം മുഖേന മങ്കട നിയോജക മണ്ഡലത്തിൽ ബഡ്ജറ്റ് വർക്കുകളിലൂടെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് നൽകാമോ;

(ബി) അത്തരത്തിൽ നിലവിൽ പുരോഗമിച്ച് വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ചെറുപുഴ കനാൽ പള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ പ്രവൃത്തി**

38(2625) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സൊസൈറ്റി പണി ചെയ്യുന്ന ചെറുപുഴ കനാൽ പള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് എത്ര കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും എത്രകോടി രൂപക്കാണ് പ്രവൃത്തി ടെൻഡർ നൽകിയതെന്നും അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചു കൂട്ടിയ എം.എൽ.എ.-മാരുടെ കോൺഫറൻസിലെ തീരുമാന പ്രകാരം മലയോര ഹൈവേയുടെ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട കരുപഞ്ചാൻ പാലത്തിന്റെ പ്രവൃത്തി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഊരാളുങ്കൽ സൊസൈറ്റി പണി ചെയ്യുന്ന ചെറുപുഴ കനാൽ - വള്ളിത്തോട് വരെയുള്ള മലയോര ഹൈവേ 2020 മാർച്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.

(ബി) 237.20 കോടി രൂപയ്ക്ക് ഭരണാനുമതിയും 191.53 കോടി രൂപയ്ക്ക് പ്രവൃത്തി ദർഘാസ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കരുവഞ്ചാൽ പാലം പുനർനിർമ്മാണത്തിനായി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിൽ പണി പൂർത്തീകരിക്കാനുള്ള റോഡുകൾ**

39(2626) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 -ലെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പണിയാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡുകളുടെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ 4 പ്രവൃത്തികളാണ് നെന്മാറ മണ്ഡലത്തിലുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കൊണ്ടാഴി - മായന്നൂർ റോഡ് പുനരുദ്ധാരണം**

40(2627) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പി.ഡബ്ള്യു.ഡി. റോഡ് വിഭാഗം ഡിവിഷനിലെ വടക്കാഞ്ചേരി സബ് ഡിവിഷനിലെ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന, ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി - മായന്നൂർ പി.ഡബ്ള്യു.ഡി. റോഡ് അവസാനമായി പുനരുദ്ധാരണം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന വലിയ ഗതാഗത പ്രാധാന്യം ഉള്ള ഈ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന ചേലക്കര നിയോജക മണ്ഡലത്തിലെ കൊണ്ടാഴി - മായന്നൂർ റോഡിൽ കി.മീ.. 1/400 മുതൽ 1/810, 2/440 മുതൽ 6/200, 7/700 മുതൽ 9/000 വരെ 'ബഡ്ജറ്റ് വർക്ക് 2009-10 – കൊണ്ടാഴി - മായന്നൂർ റോഡ് പുനരുദ്ധാരണം' എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2010-11 കാലഘട്ടത്തിലാണ് അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയത്. കി.മീ. 9/000 മുതൽ 10/914 വരെയുള്ള ഭാഗം റോഡ് 2018 ഡിസംബർ മാസത്തിലാണ് ഉപരിതലം പുതുക്കൽ നടത്തിയത്.

(ബി) കൊണ്ടാഴി - മായന്നൂർ റോഡ് 0/000 മുതൽ 10/914 വരെ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് 2019-20 Vol. II ക്രമ നമ്പർ 1089 ആയി 1100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പര്യാപ്തമായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല.

**പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം**

41(2628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അവശേഷിക്കുന്ന പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ ഭാഗം റോഡ് നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ളത് ഏതൊക്കെ കമ്പനികൾക്കാണ്; കരാറിൽ ഏർപ്പെട്ടത് എന്നാണ്; നിർമ്മാണ കാലാവധി എത്രയാണ്; ഓരോ റീച്ചിനും എത്ര തുക വീതമാണ് നൽകുന്നത്;

(സി) നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി മാതൃകയിൽ മൂന്ന് പാക്കേജുകളായാണ് നടത്തുന്നത്. ഇതിൽ പത്തനാപുരം തുടങ്ങി കോന്നി റിപ്പബ്ലിക്കൻ സ്കൂൾ വരെയുള്ള പാക്കേജ് 8 എ യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടത്തിയെങ്കിലും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്തിട്ടില്ല. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8 ബിയുടെയും പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8 സിയുടെയും വർക്കുകൾ യഥാക്രമം 22-08-2019-ലും 24-10-2019-ലും കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 8 എ, 8 ബി, 8 സി എന്നീ പ്രവൃത്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി)

i. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8 എ യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേസ് കോടതിയിൽ പരിഗണനയിലുള്ളതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസ് തീർപ്പായതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

ii. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8 ബി യുടെയും പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8 സി യുടെയും വർക്കുകൾ 22-08-2019-ലും 24-09-2019-ലും കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ റോഡ് പ്രവൃത്തികൾ

42(2629) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതിമൂലം പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് 21-8-2018-ലെ 1309/2018/ പൊ.മ.വ.. ഉത്തരവ് പ്രകാരം ഒന്നാംഘട്ടമായി ഭരണാനുമതി നൽകിയ 1000 കോടി രൂപയിൽ ഉൾപ്പെടുത്തിയ എറണാകുളം ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കോതമംഗലം താലൂക്കിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വീതി

43(2630) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ പട്ടയനടപടികളുടെ ഭാഗമായി താലൂക്കിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ആവശ്യമായ വീതി അളന്ന് തിട്ടപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കോതമംഗലം-കുട്ടമ്പുഴ, കോതമംഗലം-വടാട്ടുപാറ, കുട്ടമ്പുഴ-ഉരുളൻ തണ്ണി, കുട്ടമ്പുഴ-ആനക്കയം അടക്കമുള്ള റോഡുകളുടെ ആവശ്യമായ വീതി നിർണ്ണയിക്കുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും 4230379/2020/Min/PWD എന്ന രസീത് നമ്പറിൽ 7-2-2020-ന് പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(സി) കോതമംഗലം താലൂക്കിലെ പട്ടയനടപടികൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കോതമംഗലം-കുട്ടമ്പുഴ, കോതമംഗലം-വടാട്ടുപാറ, കുട്ടമ്പുഴ-ഉരുളൻതണ്ണി, കുട്ടമ്പുഴ-ആനക്കയം റോഡുകളുടെ വീതി അളന്ന് തിരിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭൂതത്താൻകെട്ട് - വടാട്ടുപാറ റോഡ് (22 മീറ്റർ വീതി) ആനക്കയം-കുട്ടമ്പുഴ-പൂയംകുട്ടി റോഡ് (22 മീറ്റർ വീതി) ഉരുളൻതണ്ണി-കുട്ടമ്പുഴ റോഡ് (15 മീറ്റർ വീതി) എന്നീ റോഡുകളുടെ ഭാവി വികസനത്തിനുവേണ്ടി ടി റോഡുകൾക്ക് ആവശ്യമായ വീതി ഒഴിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിയമ പ്രകാരമുള്ള ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച് സർക്കാർ അനുമതിയോടുകൂടി മാത്രമേ ബാക്കി വരുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്ന നടപടി സ്വീകരിക്കാവൂ എന്ന വിവരം കോതമംഗലം തഹസിൽദാരെ മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്തുമുഖേന അറിയിച്ചിട്ടുണ്ട്.

(സി) അളന്നുതിരിച്ച് തരുന്നതിന് മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ കോതമംഗലം തഹസിൽദാർക്ക് (4-3-2020-ലെ എ 9-2833/18 നമ്പർ കത്ത്) നൽകിയിട്ടുണ്ട്.

## എറണാകുളം മണ്ഡലത്തിലെ ബി.എം.ആന്റ് ബി.സി. റോഡുകൾ

44(2631) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ എത്ര റോഡുകൾ ബി.എം.ആന്റ് ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ ഉയർത്താനുണ്ട് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിലവാരത്തിൽ റോഡുകൾ ഉയർത്തുവാനുള്ള നടപടികൾ ഈ വർഷം പൂർത്തിയാക്കുമോ;

(ഡി) ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ ഇല്ലാത്ത റോഡുകൾ പ്രസ്തുത നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ 18 റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ അധികാരപരിധിയിൽ വരുന്ന ദേശീയപാത 66-ൽ 432/076 കി.മീ.. മുതൽ 437/273 കി.മീ.. വരെയും ദേശീയപാത 966 ബി-ൽ 3/020 കി.മീ.. മുതൽ 3/878 കി.മീ. വരെയും വരുന്ന റോഡുകൾ ബി.എം. & ബി.സി നിലവാരത്തിലാണ് നിർമ്മിച്ചിട്ടുള്ളത്.

(ബി) 3 റോഡുകൾ

(സി) NH 17-ജി.എൽ.പി.എസ്. റോഡ് ബി.എം. & ബി.സി നിലവാരത്തിൽ ഈ വർഷം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ജി.എൽ.പി. സ്കൂൾ റോഡിനുവേണ്ടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

45(2632) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്, എസ്.എൽ.ടി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ വിശദാംശം നൽകുമോ;

(ബി) അവയിൽ ഓരോന്നിന്റെയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പണികൾ പുരോഗമിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് മുഖാന്തരമുള്ള പ്രവൃത്തികൾ**

46(2633) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്ര റോഡ് ഫണ്ട് മുഖാന്തരം പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര റോഡ് ഫണ്ട് മുഖാന്തരം പാലക്കാട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**പാങ്ങോട്-ചിങ്ങേലി ചടയമംഗലം റോഡ് നിർമ്മാണം**

47(2634) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങോട്-ചിങ്ങേലി ചടയമംഗലം റോഡ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് ചടയമംഗലം മുതൽ കടയ്ക്കൽ വരെ പൂർണ്ണമായി തകർന്ന അവസ്ഥയിലാണെന്ന പരാതി ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) കിഫ്ബി വഴിയുള്ള റോഡ് നിർമ്മാണ പ്രവൃത്തി ചടയമംഗലം മുതൽ കടയ്ക്കൽ വരെ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ റോഡ് സഞ്ചാര യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് റോഡ് വിഭാഗം വഴി മറ്റേതെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടി റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നെങ്കിലും ചിങ്ങേലി മുതൽ കടയ്ക്കൽ വരെ ഏകദേശം 7.800 കി. മീ ദൂരം റോഡ് കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പ്രോജക്ടിനായി നൽകിയിട്ടുള്ളത്, ടി പ്രവൃത്തി പൂർത്തീകരിച്ച് വാട്ടർ അതോറിറ്റി നാളിതുവരെ കൈമാറി തന്നിട്ടില്ല. ആയതിനാൽ പ്രവൃത്തിയിൽ തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ കടയ്ക്കൽ തിരുവാതിര മഹോത്സവം പ്രമാണിച്ച് 27-02-2020-ന് മുൻപായി കെ.ആർ.എഫ്.ബി-യുടെ അനുമതിയോടെ 1.500 കി.മീ. ദൂരം ബി.സി. ഓവർലെ പ്രവൃത്തി നടത്തി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

**മണാശ്ശേരി-കുളിമാട് റോഡിന്റെ നവീകരണം**

48(2635) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണാശ്ശേരി-കുളിമാട് റോഡിൽ കി.മീ. 5/700 മുതൽ 6/100 വരെയുള്ള ഭാഗം ഉയർത്തി നവീകരിക്കുന്നതിന് വേണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുൻകൂറായി സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് ഉടമകൾ ഒപ്പിട്ടുനൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം നവീകരിക്കുന്നതിന് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി തയ്യാറാക്കിയ 4 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ 12-03-2020-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആലുങ്ങൽ-വലിയപറമ്പ്-നീറാട് റോഡ്

49(2636) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ആലുങ്ങൽ-വലിയപറമ്പ്-നീറാട് റോഡ് ബി.എം ആന്റ് ബി.സി ചെയ്യുന്നതിന് അനുവദിച്ച ഫണ്ട് എത്രയെന്ന് അറിയിക്കാമോ; വിശമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നീണ്ടുപോകാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റി റസ്റ്ററേഷൻ തുക അടച്ചിട്ടും റസ്റ്ററേഷൻ പ്രവൃത്തിയും ബി.എം ആന്റ് ബി.സി പ്രവൃത്തിയും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എത്രനാൾ കൂടി വേണമെന്ന കാര്യം അറിയിക്കാമോ?

ഉത്തരം

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ആലുങ്ങൽ വലിയപറമ്പ്-നീറാട് റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിന് കി.മീ. 0/000 മുതൽ 0/350 വരെ 20 ലക്ഷം രൂപയും കി.മീ. 0/350 മുതൽ 1/100 വരെ 42 ലക്ഷം രൂപയും കി.മീ. 3/200 മുതൽ 4/400 വരെ 78 ലക്ഷം രൂപയും ചേർത്ത് ആകെ 140 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി-ഡി) കി.മീ.. 0/000 മുതൽ 3/225 വരെയുള്ള ഭാഗത്ത് പൈപ്പ് ഇടുന്നതിനായി കേരള വാട്ടർ അതോറിറ്റി 2017-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി വാങ്ങിയെങ്കിലും 2019 ജൂൺ മാസത്തിലാണ് കട്ടിംഗ് പ്രവൃത്തികൾ നടന്നത്. എന്നാൽ ഈ സമയത്തും മുഴുവൻ ഭാഗവും കട്ട് ചെയ്തില്ല. 2019 ആഗസ്റ്റ് മാസത്തിൽ ആലക്കപ്പറമ്പ് അങ്ങാടിയിൽ പൈപ്പ് ഇടുവാൻ ബാക്കിയുണ്ട് എന്ന് പറയുകയും കട്ട് ചെയ്യുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി നിശ്ചിതസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പിന് റെസ്റ്ററേഷൻ വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 3/100 മുതൽ 3/700 വരെയുള്ള ഭാഗത്ത് കേരള വാട്ടർ അതോറിറ്റി പൈപ്പ് ഇടുന്നതിന് അനുമതി നൽകിയ പ്രകാരം ആവശ്യമായ റസ്റ്റോറേഷൻ തുക വാട്ടർ അതോറിറ്റി 2020 ഫെബ്രുവരി മാസം അടച്ചതിനെ തുടർന്ന് 10,45,000 രൂപയുടെ റസ്റ്റോറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## മനക്കകടവ്-പത്താംമൈൽ റോഡിന്റെ നിർമ്മാണം

50 (2637) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനക്കകടവ്-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡിന്റെ ബി.എം& ബി.സി പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി നടത്തുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം വ്യക്തമാക്കാമോ?

### ഉത്തരം

(എ) കിഫ്ബിയിൽനിന്നും ലഭ്യമായ പുതുക്കിയ അലൈൻമെന്റ് ഫിക്സ് ചെയ്തതിനുശേഷം പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്താൽ മതിയെന്ന് കിഫ്ബിയിൽനിന്നും നിർദ്ദേശം ലഭിച്ചതനുസരിച്ച് ലഭ്യമായ പുതുക്കിയ അലൈൻമെന്റ് പ്രകാരം പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പട്ടിമറ്റം - തെക്കേക്കവല മുതൽ പത്താംമൈൽ വരെയുള്ള കിഫ്ബിയുടെ പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി 46 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേലത്തിൽ ലഭിച്ച തുക നിശ്ചയിച്ച തുകയുടെ 50 ശതമാനത്തിൽ താഴെ ആയതിനാൽ ടി ക്വട്ടേഷൻ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പാലക്കാട് - പെരിന്തൽമണ്ണ റോഡ്

51(2638) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പാലക്കാട്-പെരിന്തൽമണ്ണ റോഡ് നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡാണ് നവീകരിക്കുന്നത്;

(ബി) പ്രസ്തുത റോഡ് എത്ര മീറ്റർ വീതിയിൽ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.റ്റി.പി നിർവ്വഹണ ചുമതല വഹിക്കുന്നതുമായ പാലക്കാട് ജില്ലയിലെ 36.80 കി.മീ. ദൈർഘ്യമുള്ള പാലക്കാട് - പെരിന്തൽമണ്ണ റോഡിന്റെ പുനർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി M/s L&T Infra Engineering Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. M/s L&T Infra Engineering Ltd. സമർപ്പിച്ച കരട് പദ്ധതി രൂപരേഖ പ്രകാരം പ്രസ്തുത റോഡ് 19 മീറ്റർ വീതിയിൽ നവീകരിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ തെക്കിൽ അലറ്റി റോഡ്

52(2639) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തെക്കിൽ അലറ്റി റോഡ് നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഡി.പി.ആർ.-ലെ അപാകതമൂലം വന്നിട്ടുള്ള അധിക പ്രവൃത്തികൾക്ക് അനുമതി നൽകാത്തത് പ്രവൃത്തിയുടെ നല്ല നിലയിലുള്ള പൂർത്തീകരണത്തിന് തടസമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി നല്ല നിലയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തെക്കിൽ അലറ്റി റോഡ് നിർമ്മാണ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിന് പൂർണ്ണമായുള്ള അംഗീകാരം കിഫ്ബിയിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് നഗരസഭയിൽ എം.ജി. റോഡിലെ നവീകരണ പ്രവൃത്തികൾ

53(2640) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നഗരസഭയിലെ എം.ജി.റോഡിൽ ഫുട്പാത്ത് നിർമ്മാണത്തിനും കൈവരിയ്ക്കും ഡ്രെയിനേജിനും കൂടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയ്ക്കുള്ളതാണെന്നും ടെണ്ടർ ചെയ്തത് എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(സി) ടെണ്ടർ കാലാവധി എത്രയാണെന്നും കരാറുകാരൻ ആരാണെന്നും പ്രവൃത്തി തുടങ്ങിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും നഗരത്തിലെ പ്രധാന റോഡ് പ്രവൃത്തി പകുതിയിലാക്കിയതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം എപ്പോൾ മാറിക്കിട്ടുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് നഗരസഭയിലെ എം.ജി. റോഡിൽ ഫുട്പാത്ത് നിർമ്മാണത്തിനും കൈവരിക്കും ഡ്രെയിനേജിനും കൂടി 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 2 കോടി രൂപയ്ക്കുള്ളതാണ്. 27-2-2019-ലാണ് പ്രവൃത്തി ടെണ്ടർ ചെയ്തത്.

(സി) 5 മാസമാണ് ടെണ്ടർ കാലാവധി. ശ്രീ. ശിവശങ്കരൻ എം.ജി, കിട്ടൂർ, കുമ്പള, കാസർഗോഡ് ആണ് കരാറുകാരൻ. പ്രവൃത്തി തുടങ്ങിയത് 25-05-2019-നാണ്.

(ഡി) പ്രവൃത്തി പൂർത്തിയായിട്ടില്ല. കാസർഗോഡ് നഗരത്തിന്റെ ഏറ്റവും മധ്യഭാഗത്തായി കാസർഗോഡ് പഴയ ബസ്സ്റ്റാന്റ്, മാർക്കറ്റ്, ജനറൽ ഹോസ്പിറ്റൽ, കാസർഗോഡ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ ഉൾപ്പെടുന്ന ഏറ്റവും തിരക്കേറിയ റോഡാണ് എം.ജി റോഡ്. സൈറ്റ് കൈമാറിയതിനുശേഷം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ അതിശക്തമായ ട്രാഫിക് തിരക്ക് കാരണം ട്രാഫിക് പോലീസിന്റെ സഹായം ലഭ്യമായിട്ടുപോലും കരാറുകാരന് പകൽ സമയങ്ങളിൽ പ്രവൃത്തി നടത്തുവാൻ സാധിച്ചിരുന്നില്ല. അതിനാൽ തന്നെ രാത്രികാലങ്ങളിലാണ് ഭൂരിഭാഗം പ്രവൃത്തികളും നടന്നുവരുന്നത്. ആയതിനാൽ പ്രവൃത്തിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ ചില വ്യാപാര സ്ഥാപനങ്ങൾ പൊതുമരാമത്ത് സ്ഥലം കയ്യേറി നിലവിലുള്ള ഓടകൾക്ക് മുകളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിപ്പിച്ചെടുക്കുന്നതിനും കാലതാമസം നേരിടുകയുണ്ടായി. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൂന്നോളം കച്ചവടക്കാർ കോടതിയെ സമീപിക്കുകയും പ്രവൃത്തിക്കെതിരെ താത്കാലിക സ്റ്റേ സമ്പാദിക്കുകയും ചെയ്തിരുന്നു. ഇതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചു. കഴിഞ്ഞ വർഷകാലത്ത് കാസർഗോഡ് ജില്ലയിലുണ്ടായ അതിശക്തമായ മഴയെത്തുടർന്ന് കരാറുകാരന് ഏകദേശം മൂന്ന് മാസത്തോളം പ്രവൃത്തി നിർത്തി വയ്ക്കേണ്ടതായി വന്നിരുന്നു. ഇതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ സാഹചര്യങ്ങളിൽ 31-3-2020-ന് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

54(2641) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ ഏതെല്ലാം: വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം റോഡുകൾ ഗതാഗതയോഗ്യമല്ലാതെ തകർന്നുകിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡുകൾ അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ ചുവടെ ചേർക്കുന്നു.

1. അമ്പലപ്പാറ - മണ്ണൂർ കി.മീ. 0/000 മുതൽ 10/726 വരെ
2. ലക്കിടി റെയിൽവേസ്റ്റേഷൻ റോഡ് കി.മീ. 0/000 മുതൽ 4/000 വരെ
3. മംഗലം - മുരുക്കുംപറ്റ റോഡ് കി.മീ. 0/000 മുതൽ 4/600 വരെ
4. ഒറ്റപ്പാലം - മണ്ണാർക്കാട് റോഡ് കി.മീ. 0/000 മുതൽ 16/900 വരെ
5. ഒറ്റപ്പാലം - പെരിന്തൽമണ്ണ റോഡ് കി.മീ. 0/000 മുതൽ 8/000 വരെ
6. വിരോട് - ചുനങ്ങാട് റോഡ് കി.മീ. 0/000 മുതൽ 3/000 വരെ
7. പാലക്കാട് - പൊന്നാനി റോഡ് കി.മീ. 22/000 മുതൽ 36/000 വരെ
8. കടമ്പഴിപ്പുറം - ചിരട്ടിമല - വെങ്ങശ്ശേരി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ
9. പത്തിരിപ്പാല - ചന്ദാ ക്രിപലാനി റോഡ് കി.മീ. 0/000 മുതൽ 3/000 വരെ
10. അമ്പലപ്പാറ - മേലൂർ കീഴൂർ റോഡ് കി.മീ. 0/000 മുതൽ 3/000 വരെ
11. ഒറ്റപ്പാലം റെയിൽവേസ്റ്റേഷൻ റോഡ് കി.മീ. 0/000 മുതൽ 0/600 വരെ
12. ഒറ്റപ്പാലം - മയന്നൂർ റോഡ് കി.മീ. 0/000 മുതൽ 1/270 വരെ

ഇവയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകളോ ഗതാഗത യോഗ്യമല്ലാത്ത റോഡുകളോ ഒന്നും തന്നെ ഇല്ല. വിവിധ പദ്ധതികളിലായി റോഡുകളുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും നടന്നുവരികയാണ്.

**മാവേലിക്കര മണ്ഡലത്തിലെ നവീകരിക്കുന്ന റോഡുകൾ**

55(2642) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ തട്ടാരമ്പലം-മാവേലിക്കര-പന്തളം റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.റ്റി.പി. നിർവ്വഹണ ചുമതല വഹിക്കുന്നതുമായ മാവേലിക്കര നിയോജകമണ്ഡലത്തിലെ 7.9 കി.മീ. ദൈർഘ്യമുള്ള തട്ടാരമ്പലം - മിച്ചൽ ജംഗ്ഷൻ - കൊച്ചാലംമൂട് റോഡിന്റെയും 10.70 കി.മീ. ദൈർഘ്യമുള്ള മാങ്ങാംകുഴി - പന്തളം റോഡിന്റെയും പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി M/s Egis India Consulting Engineers Pvt. Ltd. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള സർവ്വേ നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) മാർച്ച് മാസത്തോടെ പൂർത്തിയാക്കി ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തോടെ 2020 മേയ് മാസത്തോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 2020 ജൂൺ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കഞ്ഞിപ്പുര-മൂടാൽ റോഡിന്റെ ഡി.പി.ആർ**

56(2643) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ഞിപ്പുര-മൂടാൽ 0/000 മുതൽ 6/000 വരെയുള്ള റോഡിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) 7.5 മീറ്റർ വീതി കണക്കാക്കി കഞ്ഞിപ്പുര - മൂടാൽ 0/000 മുതൽ 6/000 വരെയുള്ള റോഡിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ഇല്ല.

(സി) ഭരണാനുമതി ലഭിച്ച തുകയ്ക്കകത്തുനിന്നുകൊണ്ട് അടിയന്തരമായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ്

57(T2644) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി-നാദാപുരം -പെരിങ്ങത്തൂർ-കൂത്തുപറമ്പ്-മട്ടന്നൂർ എയർപോർട്ട് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കുമോ;

(ഡി) ഈ റോഡിന്റെ പ്രധാന വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ 'കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ് - മട്ടന്നൂർ റോഡ്'-ന്റെ ആകെ നീളം 53.15 കി.മീ. ആണ്. ഇതിൽ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെ വരുന്ന 23.29 കി.മീ. കോഴിക്കോട് ജില്ലയിലും ബാക്കി 29.86 കി.മീ. കണ്ണൂർ ജില്ലയിലുമാണ് വരുന്നത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കർണ്ണാടക) ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഫൈനൽ ഡി.പി.ആർ തയ്യാറാക്കിയതിനുശേഷം മാത്രമേ പ്രവൃത്തിക്കായി ആവശ്യമായ ചെലവ് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാവുകയുള്ളൂ.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**തുടിക്കോട്-വാക്കോട് റോഡിനായി ഭരണാനുമതി**

58(2645) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പട്ടിയപ്പൻ-തരിശ്-എസ്.റ്റി. കോളനി റോഡിന് പകരം നിർദ്ദേശിച്ച തുടിക്കോട്-വാക്കോട് റോഡിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ 2020 മാർച്ച് 31-ന് മുൻപായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 31-3-2018-ലെ സ.ഉ (സാധാ) നം. 633/2018/പൊ.മ.വ. പ്രകാരം പട്ടിയപ്പൻ തരിശ് - എസ്.റ്റി. കോളനി റോഡ് (ട്രൈബൽ റോഡ്) അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡിന് പകരം 'കല്ലടിക്കോട് - തുടിക്കോട് റോഡ് കി.മീ. 1/900 മുതൽ 7/300 വരെ' എന്ന പ്രവൃത്തി നടത്തുവാൻ നിർദ്ദേശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ 03-01-2020-ൽ പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുണ്ടായി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കുമ്പളങ്ങി-പെരുമ്പടപ്പ് റോഡിന്റെ നിർമ്മാണ പ്രവൃത്തി**

59(2646) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള, തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളങ്ങി-പെരുമ്പടപ്പ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(ബി) റോഡ് പണിയുടെ ടെണ്ടർ പൂർത്തീകരിച്ചിട്ടുണ്ടോ; ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുമ്പളങ്ങി-പെരുമ്പടപ്പ് റോഡിന്റെ പ്രവൃത്തിയുടെ നടത്തിപ്പിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 4 തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും പ്രതികരണം ഒന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ (Negotiated Quotation) നടത്തുകയും സിംഗിൾ ക്വട്ടേഷൻ (Single Quotation) ലഭിച്ചിട്ടുള്ളതുമാണ്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കഞ്ഞിക്കുഴി ഫ്ലൈഓവർ**

60(2647) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിനാവശ്യമായ തുക ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയർ (ദേശീയപാത) സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്കായി എത്ര സെന്റ് ഭൂമി ഏറ്റെടുക്കേണ്ടി വരും; വിശദമാക്കാമോ;

(ബി) കാലതാമസം കൂടാതെ കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിനായി ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി 2020-21 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി ഫ്ലൈഓവർ നിർമ്മാണത്തിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനും ആവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ട്. നടപ്പാത, ഓട എന്നിവയുടെ നിർമ്മാണത്തിനായി 2000$m^2$ (49.42 സെന്റ്) ഭൂമി കൂടി ഏറ്റെടുക്കേണ്ടതായി വരും. ഇതിനായി കോട്ടയം സ്പെഷ്യൽ തഹസീൽദാർ എൽ.എ (ജനറൽ) ഏകദേശം 5,61,00,000 രൂപ നഷ്ടപരിഹാര തുക കണക്കാക്കിയിട്ടുണ്ട്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ദേശീയപാത വിഭാഗം ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അത് ത്വരിതപ്പെടുത്താവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ റോഡുകൾ ഏറ്റെടുക്കാൻ നടപടി**

61(2648) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും ഒ.ഡി.ആർ. സ്റ്റാറ്റസിൽ ഉള്ളതും ഒന്നിൽ കൂടുതൽ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ റോഡുകൾ പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

നിലവിൽ ഗ്രാമീണറോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാർ തീരുമാനം.

**കുണ്ടന്നൂർ ഫ്ലൈ ഓവർ**

62(2649) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടന്നൂർ ഫ്ലൈ ഓവർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) പൈലുകൾ, പൈൽ ക്യാപ്പുകൾ, പിയറുകൾ, പിയർ ക്യാപ്പുകൾ, ഗർഡറുകൾ, പ്രധാന സ്ലാബുകൾ, ക്രാഷ് ബാരിയേഴ്സ്, മീഡിയനുകൾ ഉൾപ്പെടെ ഫ്ലൈഓവറിന്റെ പ്രധാന ഭാഗങ്ങളുടെ നിർമ്മാണം, വൈറ്റില ഭാഗത്തുള്ള അപ്രോച്ച് റോഡിനുള്ള റീട്ടെയിനിംഗ് വാളിന്റെ നിർമ്മാണം, അരൂർ ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള റീട്ടെയിനിംഗ് വാൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പൈലുകളുടെ നിർമ്മാണം, അരൂർ ഭാഗത്തെ സ്ലിപ്പ് റോഡുകളുടെ നിർമ്മാണം, ഇവയോട് ചേർന്നുള്ള ഗ്യാബിയോൺ വാളിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പ്രധാന സ്ലാബിന് മുകളിലുള്ള ടാറിംഗ്, വൈറ്റില ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള മണ്ണ് ഫില്ലിംഗ്, GSB, WMM ഉൾപ്പെടെയുള്ള ടാറിംഗ് ജോലികൾ പൂർത്തിയാക്കാനുണ്ട്. അരൂർ ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ

ഭാഗമായുള്ള പൈൽ ക്യാപ്പ് കോൺക്രീറ്റിംഗ്, ഗ്യാബിയോൺ, വാൾ വർക്ക്, റീട്ടെയിനിംഗ് വാളുകൾ, മണ്ണ് ഫില്ലിംഗ്, ടാറിംഗ്, പെയിന്റിംഗ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സൈൻ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 2020 ഏപ്രിൽ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചെറുവത്തൂർ - ചീമേനി ഐ.ടി. പാർക്ക് പാലാവയൽ ചിറ്റാരിക്കൽ-ഭീമനടി-മുക്കട റോഡ്

63(2650) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ നാഷണൽ ഹൈവേയെ മലയോര മേഖലകളായ വെള്ളരിക്കുണ്ട്, ചിറ്റാരിക്കൽ എന്നീ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതും 58 കിലോമീറ്റർ ദൈർഘ്യമുള്ളതുമായ ചെറുവത്തൂർ-ചീമേനി ഐ.ടി. പാർക്ക് പാലാവയൽ ചിറ്റാരിക്കൽ-ഭീമനടി-മുക്കട റോഡ് എസ്.എച്ച്. ആയി ഉയർത്താൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

ചെറുവത്തൂർ മുതൽ മുക്കട വരെയുള്ള 58.00 കി.മീ. നീളമുള്ള റോഡ് കാസർഗോഡ് ജില്ലയിലെ അഞ്ച് പ്രധാന ജില്ലാ പാതകൾ (MDR) ചേർന്ന റോഡാണ്.

1. ചെറുവത്തൂർ - ചീമേനി - തടിയൻമാട റോഡ് കി.മീ. 0/000 മുതൽ 9/000 വരെ
2. ചീമേനി - കാക്കടവ് റോഡ് കി.മീ.. 0/000 മുതൽ 11/000 വരെ
3. ചീമേനി - പാലവയൽ - ഓടകൊല്ലി റോഡ് കി.മീ. 11/000 മുതൽ 53/000 വരെ
4. ചിറ്റാരിക്കൽ - ഭീമനടി റോഡ്
5. ഭീമനടി - മുക്കട റോഡ് കി.മീ. 0/000 മുതൽ 8/000 വരെ

ഈ റോഡിൽ നിലവിൽ കിഫ്ബി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ചെറുവത്തൂർ മുതൽ കാക്കടവ് വരെയുള്ള 20 കി.മീ. മാത്രമേ 7 മീറ്റർ വീതിയിൽ പുനരുദ്ധാരണം ചെയ്യാൻ സ്ഥലം ലഭ്യമായിട്ടുള്ളൂ. നിലവിലെ സാഹചര്യങ്ങളിൽ ചെറുവത്തൂർ മുതൽ കാക്കടവ് വരെയുള്ള 20 കി.മീ. ഭാഗങ്ങളിൽ റോഡ് സംസ്ഥാന പാതയായി ഉയർത്തുവാനുള്ള വീതി ലഭ്യമാണ്. ബാക്കി ഭാഗങ്ങളിൽ സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ ഉയർത്തുവാൻ നിലവിൽ സ്ഥലം ഉള്ളതായി കാണുന്നില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

64(2651) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ ബി.എം & ബി.സി. നിലവാരത്തിൽ പൂർത്തീകരിക്കാനുള്ളതും നടന്നുവരുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാം എന്നറിയിക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) മെയിന്റനൻസ് ഫണ്ട് (എസ്.എൽ.ടി.എഫ്. ഫ്ലഡ്) വിനിയോഗിച്ച് അറ്റകുറ്റപ്പണി നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപ അനുവദിച്ചു; വർഷം തിരിച്ച് വിശദാംശം നൽകാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളിൽ കിഫ്ബി പ്രവൃത്തി മാത്രമാണ് പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടുള്ളത്. കിഫ്ബി ഗൈഡ്‌ലൈൻ പ്രകാരം റോഡിന്റെ ജ്യോമെട്രിക് ഡിസൈൻ അംഗീകരിച്ചു ലഭിക്കുന്നതിനുള്ള കാലതാമസവും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുണ്ടായ കാലതാമസവുംമൂലമാണ് പ്രവൃത്തി സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തത്. കിഫ്ബി ഗൈഡ്‌ലൈൻ പ്രകാരം ജ്യോമെട്രിക് ഡിസൈൻ കിഫ്ബി സർവ്വെ നടത്തി ലഭ്യമാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഫീൽഡ് പരിശോധന പൂർത്തീകരിച്ച് ജ്യോമെട്രിക് ഡിസൈൻ പ്രകാരം സാധ്യമാകാത്ത ഭാഗങ്ങൾ കിഫ്ബിയിൽ റിപ്പോർട്ട് ചെയ്യുകയും 09-03-2020-ൽ കിഫ്ബി പ്രൊജക്ട് എക്സാമിനർ സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം മനയ്ക്കക്കടവ് - പള്ളിക്കര റോഡ് നിലവിലെ വീതി പ്രകാരം 5.50 മീറ്ററിൽ മെക്കാഡം ടാറിംഗ് ചെയ്യുന്നതിന് നിലവിലുള്ള റോഡിന്റെ വീതി അളന്ന് നൽകിയിട്ടുണ്ട്. കിഴക്കമ്പലം-പട്ടിമറ്റം റോഡ് 7 മീറ്ററും പട്ടിമറ്റം-പത്താംമൈൽ റോഡ് 7 മീറ്ററും പട്ടിമറ്റം-നെല്ലാട് റോഡ് 5.5 മീറ്ററും മെക്കാഡം ചെയ്യുന്നതിന് ജ്യോമെട്രിക് ഡിസൈൻ പ്രകാരം സാധ്യമായ ഭാഗങ്ങളിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള ഇനീഷ്യൽ ലെവൽ സമർപ്പിക്കുവാനും ജ്യോമെട്രിക് ഡിസൈൻ സാധ്യമാകാത്ത ഭാഗങ്ങളിൽ വെർട്ടിക്കൽ പ്രൊഫൈലിൽ മാറ്റം വരുത്താതെ ചെയ്യുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുമതി നൽകാം എന്നും അറിയിച്ചിട്ടുണ്ട്. അതുപ്രകാരം ഫീൽഡിൽ സെന്റർ ലൈൻ സെറ്റ് ഔട്ട് ചെയ്യുന്നതിനും ലെവൽസ് എടുക്കുന്നതിനും അടിയന്തര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ലെവൽ റിപ്പോർട്ട് ചെയ്യുന്നതുപ്രകാരം പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകൾ**

65(2652) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ചൂണ്ടി-രാമമംഗലം-മീമ്പാറ-തിരുവാണിയൂർ റോഡ്, പെരിങ്ങാല-പുത്തൻകുരിശ് റോഡ് എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി ലഭിക്കുന്നതിന് ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) അടിയന്തര പ്രാധാന്യം നൽകി പ്രസ്തുത റോഡുകൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ചൂണ്ടി - രാമമംഗലം റോഡ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്ന വിഷയം പെരുമ്പാവൂർ സബ് ഡിവിഷൻ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. പെരിങ്ങാല – പുത്തൻകുരിശ് റോഡിന്റെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി തയ്യാറാക്കിയെങ്കിലും പ്രവൃത്തിയുടെ പേര് മാറ്റുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികൾ**

66(2653) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഒടുവള്ളത്തട്ട് നടുവിൽ-കുടിയാൻമല റോഡിന്റെ നിർമ്മാണം**

67(2654) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഒടുവള്ളത്തട്ട് നടുവിൽ-കുടിയാൻമല റോഡിന്റെ എത്ര ശതമാനം ജോലി പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിൽ മിച്ചമുള്ള തുക ഉപയോഗിച്ച് വൈദ്യുതി പോസ്റ്റുകളും ലൈറ്റും മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഒടുവള്ളത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന്റെ 60% നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അതിന് കേന്ദ്ര അനുമതി വേണം.

(സി) റോഡ് പ്രവൃത്തി 31-05-2020-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വാടാനാംകുറിശ്ശി മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി**

68(2655) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വാടാനാംകുറിശ്ശി മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ മേൽപ്പാല നിർമ്മാണത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തികളുടെയും അവരിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ ഉടമകൾ സ്ഥലം ഏറ്റെടുക്കുന്നതിന് സമ്മതം നൽകിയിട്ടുണ്ടോ; ഇനിയും സമ്മതം നൽകാത്ത വ്യക്തികൾ ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 27-7-2017-ലെ ഓർഡർ നം. APR-2/136/2017/KIIFB മുഖേന കിഫ്ബി പദ്ധതി അംഗീകരിക്കുകയും 30.09 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരുമിച്ച് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന 10 റെയിൽവേ മേൽപ്പാലങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. ഇതിനായി ഇ.പി.സി കോൺട്രാക്റ്റ് വ്യവസ്ഥയിൽ പദ്ധതി ചെയ്യുന്നതിനായുള്ള ടെണ്ടർ രേഖകൾ ആർ.ബി.ഡി.സി.കെ-യും കിഫ്ബിയും സംയുക്തമായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ട സ്വകാര്യ വ്യക്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഒരാൾ ഒഴിച്ച് എല്ലാവരും സമ്മതം നൽകിയിട്ടുണ്ട്. നാരായണൻ ടി.കെ. എന്നയാളുടെ ഓങ്ങല്ലൂർ-2 വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 236/1/1-ലെ 0.07 ആർ സ്ഥലമാണ് സമ്മതം ലഭിക്കാനുള്ളത്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

69(2656) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി എന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തി വരുന്നു എന്നും എന്തെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളിലാണെന്നുമുള്ള വിശദാംശം വർഷം തിരിച്ച് അറിയിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ഒടുവള്ളത്തട്ട് നടുവിൽ-കുടിയാൻമല റോഡിന്റെ പ്രവൃത്തി**

70(2657) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡ് സി.ആർ.എഫ്. പദ്ധതിയിൽ എന്നാണ് വർക്ക് ഓർഡർ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) റോഡിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ബൈപ്പാസ് റോഡായ പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് നവീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3-8-2017 ലാണ് വർക്ക് ഓർഡർ നൽകിയത്.

(ബി) റോഡിന്റെ ആദ്യത്തെ 3.68 കി.മീ.. ബി.എം. പൂർത്തിയാക്കി (താവുന്ന് കവല വരെ). താവുന്ന് കവല മുതൽ വേങ്കുന്ന് കവല വരെ നിരത്ത് വിഭാഗം നടപ്പിലാക്കുന്ന ഹിൽ ഹൈവേയുടെ ഭാഗമായതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കിക്കൊണ്ടാണ് സി.ആർ.എഫ്. പദ്ധതിയിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നത്. വേങ്കുന്ന് കവല മുതൽ 8.3 കി.മീ. വരുന്ന ബാക്കി ഭാഗം ബി.എം. ആരംഭിക്കുന്നതിനുള്ള ഘട്ടത്തിലാണ്. 31-5-2020-നകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് നവീകരിക്കാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

**നിട്ടറ പാലം നിർമ്മാണം**

71(2658) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച മാനന്തവാടി

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുനെല്ലി നിട്ടറ പാലം നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സാങ്കേതിക അനുമതിക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുനെല്ലി നിട്ടറ പാലത്തിനായി 12-02-2020-ലെ PWD-24/APR-2/2020/KIIFB, ഉത്തരവ് പ്രകാരം 12.77 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ നിർദ്ദേശ പ്രകാരം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റാന്നി വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി

72(2659) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന പുതിയ വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; എത്ര രൂപയാണ് ഇതിനായി മാറ്റി വെച്ചിരിക്കുന്നതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാകുമെന്നും അറിയിക്കാമോ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എത്ര സ്ഥലം ഏറ്റെടുത്തു എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; ഇനി എന്തൊക്കെ നടപടികളാണ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) റാന്നി അങ്ങാടിയിൽ നിന്നും ആരംഭിക്കുന്ന റാന്നി വലിയ പാലത്തിന് 11 പിയറുകൾ ഉണ്ട്. ഇതിൽ 9 പിയറുകളുടെ ഫൗണ്ടേഷൻ പൂർത്തിയായി. നദിയിൽ ഉൾപ്പെടെ 6 പിയറുകൾ പൂർത്തിയായിട്ടുണ്ട്. 3 പിയർ ക്യാപ്പുകളും പൂർത്തിയായി. 2 സ്പാനുകളുടെ ബീമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 24,31,61,486 രൂപയാണ് കരാർ തുക. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 28-07-2020 ആണ്.

(ബി) ഈ പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല.

(സി) 31-10-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നം. 3120/2019/ആർ.ഡി.യുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിർത്തികൾ നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 5% കണ്ടിജൻസി ചാർജ്ജ് റവന്യൂ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഇപ്പോൾ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം ടെണ്ടർ ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.

**പൂനൂർ പാലം നിർമ്മാണവും അനുബന്ധ പ്രവൃത്തിയും**

73(2660) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂനൂർ പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പൂനൂർ പാലം നിർമ്മാണ പ്രവൃത്തിയിൽ അനുബന്ധമായി പൂനൂർ ടൗൺ നവീകരണ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൂനൂർ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി 4.787 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഇല്ല. പൂനൂർ പാലം നിർമ്മാണത്തിൽ ടൗൺ നവീകരണ പ്രവൃത്തി കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 10 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും 4.787 കോടി രൂപയ്ക്ക് മാത്രമാണ് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായത്. ആയതിനാൽ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് ടൗൺ നവീകരണം ഒഴിവാക്കി പാലം നിർമ്മാണവും അപ്രോച്ച് റോഡും പുഴ സംരക്ഷണവും ഉൾപ്പെടുത്തിയ 4.787 കോടി രൂപയുടെ എസ്റ്റിമേറ്റാണ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നത്.

### നെന്മാറ മണ്ഡലത്തിലെ ബലക്ഷയം വന്ന പാലങ്ങൾ

74(2661) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ബലക്ഷയം വന്ന പാലങ്ങൾ ഏതെല്ലാമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പാലങ്ങളുടെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. കണ്ണന്നൂർ കടവ് പാലം, ഗോവിന്ദപുരം പാലം, ഊട്ടറ പാലം എന്നീ പാലങ്ങൾക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

1. കണ്ണന്നൂർ കടവ് പാലം

ഈ പാലത്തിന്റെ പുനർ നിർമ്മാണത്തിനായുള്ള 465 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിന്മേലുള്ള അഭിപ്രായത്തിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്.

2. ഗോവിന്ദപുരം പാലം

പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

3. ഊട്ടറ പാലം

കിഫ്ബിയിൽ ഉൾപ്പെടുത്തി റെയിൽവേ ഓവർ ബ്രിഡ്ജ് ഉൾപ്പെടെ ചെയ്യാൻ ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്.

### തേർമല - വളവുകരി പാലം

75(2662) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നുച്യാട് പുഴയിൽ തേർമല-വളവുകരി റോഡിൽ പാലം നിർമ്മിക്കാനായി 2016 മാർച്ചിൽ 760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ പാലത്തിന് ഭരണാനുമതി നൽകി ടെൻഡർ വിളിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിക്ക് 780 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഭരണാനുമതിയോടൊപ്പം പ്രത്യേകാനുമതി നൽകിയിട്ടില്ലായിരുന്നു. പ്രത്യേകാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ചീഫ് എഞ്ചിനീയറിൽ നിന്നും അധിക വിവരങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**രാമന്തളി-പാണ്ഡ്യാലക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി**

76(2663) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ രാമന്തളി - പാണ്ഡ്യാലക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഈ പാലത്തിന്റെ നിർമ്മാണം നാഷണൽ ഹൈവേ വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരദേശ ഹൈവേയിൽ രണ്ട് തെങ്ങ്-വലിയപറമ്പ (രാമന്തളി-പാണ്ഡ്യാലക്കടവ്)പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗമാണ് നടപ്പിലാക്കുന്നത്.

(ബി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസൈൻ ലഭിച്ച് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

**വട്ട്യാംതോട് പാലം പുനർനിർമ്മാണം**

77(2664) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വട്ട്യാം തോട്-മണിക്കടവ് റോഡിലെ വട്ട്യാം തോട് പാലം പുനർനിർമ്മിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനുശേഷം ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## കാക്കേരി ജീപ്പബ്ൾ പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും

78(2665) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ കാക്കേരി ജീപ്പബ്ൾ പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാക്കേരി ജീപ്പബ്ൾ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച റിപ്പോർട്ട് 28-11-2019-ൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

## ചൂളക്കടവ് പാലത്തിനുള്ള സാങ്കേതികാനുമതി

79(2666) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഭരണാനുമതി ലഭിച്ചതുമായ പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടർനടപടികൾക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി തേടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. സ്ഥലമേറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകുന്ന മുറയ്ക്ക് മാത്രമേ സ്ഥലലഭ്യതാ സാക്ഷ്യപത്രത്തോടൊപ്പം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. നടപടിക്രമങ്ങൾ പൂർത്തിയാക്കി കാലതാമസമില്ലാതെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**വടവന്നൂർ പാലം പുനർനിർമ്മിക്കാൻ ഭരണാനുമതി**

80(2667) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലം പുനർനിർമ്മിക്കാൻ ഭരണാനുമതി ആയത് എപ്പോഴാണെന്ന് അറിയിക്കുമോ;

(ബി) ഭരണാനുമതി ആയിട്ടും തുടർനടപടികളിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കും; വിശദമാക്കുമോ?

ഉത്തരം

(എ) G.O.(Rt)No.1146/2019/PWD തീയതി 25-9-2019 പ്രകാരം ഭരണാനുമതി ആയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഫൈനൽ ഡിസൈൻ (GAD) 29-2-2020-ൽ ലഭിച്ചു. ഡിസൈൻ പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കാലതാമസം വന്നിട്ടില്ല.

(സി) സാങ്കേതികാനുമതി ഉടൻതന്നെ നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ കൈപ്പിനി പാലം**

81(2668) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നിലമ്പൂർ മണ്ഡലത്തിൽ തകർന്നടിഞ്ഞ കൈപ്പിനി പാലം എന്നാണ് നിർമ്മിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നോട്ടീസ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ടെണ്ടറിൽ പങ്കെടുത്തവരും ടെണ്ടർ നേടിയ കരാറുകാരന്റെ പേരും വിലാസവും കോൺട്രാക്ട് ലൈസൻസ് നമ്പറും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കൈപ്പിനി പാലത്തിന്റെ എസ്റ്റിമേറ്റിന്റെ പകർപ്പും വിവിധ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) കൈപ്പിനി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അരീഷോ കൺസ്ട്രക്ഷൻ കമ്പനിക്കുള്ള ബന്ധമെന്താണെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായി അരീഷോ കൺസ്ട്രക്ഷൻ കമ്പനിയുടെ വാഹനങ്ങൾ അടക്കമുള്ളവ ഉപയോഗിച്ചതെന്തിനെന്നും വ്യക്തമാക്കാമോ;

(ഇ) പി.ഡബ്ല്യൂ.ഡി. പാലങ്ങളുടെ ലൈഫ് സ്പാൻ സാധാരണ എത്ര വർഷം കണക്കാക്കിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയെന്നത് അറിയിക്കാമോ;

(എഫ്) കൈപ്പിനി പാലത്തിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്ത തീയതിയും പൂർത്തീകരിച്ച പാലം ഉദ്ഘാടനം ചെയ്ത തീയതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലയളവിലാണ് പാലം നിർമ്മിച്ചത്. 19-3-2011-ൽ പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നോട്ടീസ് എന്നിവയുടെ പകർപ്പ് അനുബന്ധം (1)ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ടെണ്ടർ നേടിയ കരാറുകാരന്റെ പേര് M/s. ഏറനാട് എഞ്ചിനീയറിംഗ് എന്റർപ്രൈസസ്, കോഡൂർ (പി.ഒ), മലപ്പുറം, രജിസ്ട്രേഷൻ നം. 8A 2000-01. പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Name of Tenderer | Quoted Rate (above estimate Rate) |
|---|---|
| K. Moideenkutty Haji | Forty five % (45%) |
| C.T. Varghese | Twenty four % (24%) |
| Ernad Engineering Enterprises | Twenty Two% (22%) |
| P.T.Mathew Construction Co (P) Ltd | Forty five % (45%) |
| K.M.Salim | Forty Six % (46%) |
| General Manager (N), KSCC Ltd, Kozhikkode | Thirty three point eight zero (33.80%) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധം (2)ൽ ഉള്ളടക്കം ചെയ്യുന്നു.* ജി.ഒ. (പി) നം. 13/2012/പി.ഡബ്ല്യു.ഡി തീയതി 1-2-2012 പ്രകാരമാണ് ക്വാളിറ്റി മോണിറ്ററിംഗ് സിസ്റ്റം നിലവിൽ വന്നത്. ഇതിനു മുമ്പത്തെ പ്രവൃത്തികളിൽ പരിശോധനാ റിപ്പോർട്ടുകൾ ഫയലിംഗ് ചെയ്തു സൂക്ഷിക്കാറില്ല.

(ഡി) അരീഷോ കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രസ്തുത പ്രവൃത്തിയുമായി ബന്ധം ഇല്ല.

(ഇ) ഏറ്റവും ഉയർന്ന ജലനിരപ്പ് കണക്കാക്കിയാണ് പാലങ്ങൾ രൂപകൽപ്പന ചെയ്യുന്നത്. പി.ഡബ്ല്യു.ഡി പാലങ്ങൾ ഐ.ആർ.സി പ്രകാരം 100 വർഷത്തേയ്ക്കാണ് ഡിസൈൻ ചെയ്യാറുള്ളത്.

(എഫ്) കൈപ്പിനി പാലത്തിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്ത തീയതി 22-12-2005- ഉം പൂർത്തീകരിച്ച് പാലം ഉദ്ഘാടനം ചെയ്ത തീയതി 19-3-2011-ഉം ആണ്.

## നച്ച്യാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

82(2669) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള നച്ച്യാട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ടെണ്ടർ നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മലയോര ഹൈവേയുടെ ഭാഗമായി DFIP-യിൽ ഫണ്ട് അനുവദിച്ചിട്ടുള്ള നച്ച്യാട് പാലത്തിന്റെ മണ്ണ് പരിശോധന പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ബോറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെട്ടിക്കടവ് പാലം സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ

83(2670) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ വെട്ടിക്കടവ് പാലം സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസത്തിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ചെട്ടിക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ചെട്ടിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് വിശദമായ രൂപരേഖയ്ക്കായി 31-10-2019-ൽ ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള പാലത്തിൽ നിന്ന് ഇടത് ഭാഗത്തായിട്ടാണ് പുതിയ പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്. വിശദമായ ഡിസൈൻ ലഭിച്ചാൽ മാത്രമേ അപ്രോച്ച് റോഡിനാവശ്യമായ ഭൂമിയുടെ അളവ് കൃത്യമായി അറിയാൻ കഴിയൂ. കൂടാതെ, നിലവിലുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമകളുടെ യോഗം വിളിച്ചുകൂട്ടി തുടർ നടപടികൾ എടുത്തുവരികയാണ്. പ്രസ്തുത പാലത്തിന്റെ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## തിരുവനന്തപുരം ജില്ലയിലെ പാലങ്ങൾ

84(2671) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിച്ച പാലങ്ങളും പ്രവൃത്തി ആരംഭിച്ച പാലങ്ങളും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ പുതുതായി നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ച പാലങ്ങൾ എത്രയെന്നും രൂപരേഖ തയ്യാറാക്കി വരുന്നവ എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം 98 പാലങ്ങളുടെയും ദേശീയപാത വിഭാഗം 6 പാലങ്ങളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ 9 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. 8 പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

(സി) തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ പുതുതായി നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ 9 പാലങ്ങളാണ് ഉള്ളത്. 5 പാലങ്ങളുടെ രൂപരേഖ തയ്യാറായി വരുന്നു.

**മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

85(2672) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സ്ഥലമേറ്റെടുക്കലിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മഞ്ചേരിക്കുഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി Original Requisition പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ കുന്നത്തുനാട് വില്ലേജിൽ പൂർത്തിയായിട്ടുണ്ട്. കാക്കനാട് വില്ലേജിൽ ഒരു വ്യക്തിയുടെ 7.20 ആർ സ്ഥലംകൂടി ഏറ്റെടുത്ത് ലഭിക്കാനുണ്ട്. നിലവിലുള്ള എൽ.എ. ആക്ട് പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികളിലൂടെ മാത്രമേ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂയെന്നും ഭൂമി ഏറ്റെടുക്കലിനായി 9-2-2016-ലെ ജി.ഒ. (ആർ.ടി)നം 312/2016/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം അനുവദിച്ച തുക ഈ ഭൂമി ഏറ്റെടുക്കുന്നതിന് അപര്യാപ്തമാണെന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) എറണാകുളം അറിയിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ മെട്രോ പദ്ധതിക്കുവേണ്ടി പാലത്തിന്റെ Vertical Clearance 5m വേണ്ടതിനാൽ പാലത്തിന്റെ ഡിസൈൻ പുതുക്കി ലഭ്യമാക്കേണ്ടിവന്നു. അത് പ്രകാരം ഇടച്ചിറ ഭാഗത്ത് (കാക്കനാട് വില്ലേജ്) പാലത്തിന് ഇരുവശവും ഉള്ള സ്ഥല ഉടമകൾക്ക്

സർവ്വീസ് റോഡ് നൽകുന്നതിനായി 7.5 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. പാലത്തിന്റെ ആലുവ ഭാഗത്തും (കുന്നത്തുനാട് വില്ലേജ്) അപകട സാധ്യത കുറയ്ക്കുന്നതിനായി അധികമായി 2.5 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇടച്ചിറ ഭാഗത്ത് (കാക്കനാട്) ഏറ്റെടുത്ത് ലഭിക്കാനുള്ള 18 സെന്റ് സ്ഥലത്തിനുപുറമേ 7.5 സെന്റ് സ്ഥലവും ആലുവ ഭാഗത്ത് (കുന്നത്തുനാട് വില്ലേജ്) 2.5 സെന്റ് സ്ഥലവും ഉൾപ്പെടെ ആകെ 28 സെന്റ് സ്ഥലം ആണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന നടത്തിവരുന്ന പ്രവൃത്തികൾ

86(2673) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നു എന്നും എന്തെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളിലാണെന്നുമുള്ള വിശദാംശം വർഷം തിരിച്ച് അറിയിക്കുമോ?

### ഉത്തരം

തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന നടപ്പിലാക്കിയതും നടന്നുവരുന്നതും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## മൂലക്കീൽകടവ് പാലം

87(2674) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തെയും കല്ല്യാശ്ശേരി മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽകടവ് പാലത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പാലത്തിന് എപ്പോൾ ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കുവേണ്ടി കെ.ആർ.എഫ്.ബി.-യിൽ 13-2-2020-ൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ പേര് കൃത്യതവരുത്തി ഡി.പി.ആർ resubmit ചെയ്യാൻ കേരള റോഡ് ഫണ്ട് ബോർഡ് 3-3-2020-ൽ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളനാതുരുത്തിൽ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി**

88(2675) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭയെ ആലപ്പാട് ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിച്ച് വെള്ളനാതുരുത്തിൽ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സുനാമി സാദ്ധ്യതയുള്ള ആലപ്പാട്ട് പ്രദേശത്തെ കരുനാഗപ്പള്ളിയുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല.

(ബി) ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(സി) ബഡ്ജറ്റിൽ പ്രവൃത്തിക്കുള്ള തുക വകയിരുത്തുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

89(2676) ശ്രീ. വി. എസ്. ശിവകുമാർ
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാത നാലുവരി പാതയാക്കുന്ന പ്രവർത്തനത്തിന്റെ ഒന്നാംഘട്ടം കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ

നിർമ്മാണ പ്രവർത്തനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള രണ്ടാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിച്ച വേഗത കൈവരിക്കുവാൻ സാധിക്കാത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ;

(ഡി) ദേശീയപാത വികസനത്തിൽ വന്നിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരമന-കളിയിക്കാവിള ദേശീയപാത നാലുവരി പാതയാക്കുന്ന പ്രവർത്തനത്തിന്റെ ഒന്നാംഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ 24-10-2014-ൽ ആരംഭിച്ചു. ടി പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള കാലാവധി ഒരു വർഷമായിരുന്നു. എന്നാൽ 22-1-2016-നാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത്.

(ബി) കരമന-കളിയിക്കാവിള ദേശീയപാത വികസനം ഒന്നാംഘട്ടം രണ്ടാം റീച്ച് (പാർട്ട് 1) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 11-1-2019-ന് ആരംഭിച്ചു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 10-1-2021 വരെ സമയം അനുവദിച്ചിട്ടുണ്ട്. ഈ കാലാവധിക്ക് മുമ്പായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഒന്നാംഘട്ടം രണ്ടാം റീച്ച് (പാർട്ട് 2) ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്ത് നിലവിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല.

(ഡി) നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഒന്നാംഘട്ടം രണ്ടാം റീച്ച് (പാർട്ട് 1) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എഗ്രിമെന്റിൽ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ഒന്നാം ഘട്ടം രണ്ടാം റീച്ച് (പാർട്ട് 2) ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിൽ

കാട്ടാക്കട വിഴിഞ്ഞം റോഡിൽവരുന്ന അണ്ടർപാസിന്റെ അലൈൻമെന്റിനും ഡി.പി.ആർ.-നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തന്നെ ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വിഭാഗം വഴി അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കഴക്കൂട്ടം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം**

90(2677) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പ്രതീക്ഷിച്ച വേഗത്തിൽ നടക്കാതിരിക്കുകയും 2021 ഏപ്രിലിൽ ഇതിന്റെ പണി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ;

(ബി) കഴക്കൂട്ടം ജംഗ്ഷൻ മുതൽ സി.എസ്.ഐ. മിഷൻ ആശുപത്രി വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണ്;

(സി) എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത ഭാഗത്ത് ഏറ്റെടുക്കേണ്ടതെന്നും ഇതിനകം എത്ര സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കഴക്കൂട്ടം മേൽപാലത്തിന്റെ നിർമ്മാണം ഷെഡ്യൂൾ ചെയ്ത പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കേണ്ടതുണ്ട്.

(ബി) ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാര വിതരണം പുരോഗമിക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ നഷ്ടപരിഹാര വതരണത്തെ ബാധിച്ചിട്ടുണ്ട്.

(സി) എൻ.എച്ച്. ആക്ട് 1956 പ്രകാരം 3 ജി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത് - 1.4931 Hec.

എൻ.എച്ച് ആക്ട് 1956 പ്രകാരം 3 എച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഏറ്റെടുത്തത് - 0.8652 Hec.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ നടപടികൾ ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുവാനുള്ള നടപടി ദേശീയപാത അതോറിറ്റി സ്വീകരിച്ചുവരുന്നു.

## രാമനാട്ടുകര-വെങ്ങളം ബൈപ്പാസിന്റെ രണ്ടാംഘട്ട വിപുലീകരണം

91(2678) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുതൽ വെങ്ങളം വരെയുള്ള ബൈപ്പാസിന്റെ (ദേശീയ പാത) രണ്ടാംഘട്ട വിപുലീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) രണ്ടാം ഘട്ട വിപുലീകരണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൺസഷനയർ ഫിനാൻഷ്യൽ ക്ലോഷർ കൈവരിക്കാത്തതിനാൽ അപ്പോയിന്റ്മെന്റ് തീയതി നിശ്ചയിച്ചിട്ടില്ല. M/s ഇൻകൽ ലിമിറ്റഡ് ഫിനാൻഷ്യൽ ക്ലോഷറിനായുള്ള രേഖകൾ സമർപ്പിക്കുന്നതിന് വേണ്ടി 10 ദിവസം കൂടി നീട്ടി നൽകുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) അപ്പോയിന്റ്മെന്റ് തീയതി നിശ്ചയിക്കുന്നതിന് M/s ഇൻകൽ ലിമിറ്റഡ് ഫിനാൻഷ്യൽ ക്ലോഷർ രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. അപ്പോയിന്റ്മെന്റ് തീയതി മുതൽ 2 വർഷം ആണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ ദേശീയപാത വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ

92(2679) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗം മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയെന്നും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കി വരുന്നു വെന്നും എന്തെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളിലാണെന്നുമുള്ള വിശദാംശം വർഷം തിരിച്ച് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം മുഖേന നടപ്പാക്കിയതും നടപ്പാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിൽ പുതിയ പ്രവൃത്തികൾ ഒന്നും ആരംഭിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളിയിൽ ദേശീയ പാതയ്ക്ക് ബൈപ്പാസ്

93(2680) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത തടസ്സവും വാഹനപ്പെരുപ്പവും മൂലം വീർപ്പുമുട്ടുന്ന കരുനാഗപ്പള്ളിയിൽ ദേശീയ പാതയ്ക്ക് സമാന്തരമായി ബൈപ്പാസ് നിർമ്മിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഏതെങ്കിലും സമാന്തര റോഡ് വികസിപ്പിച്ച് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തിയ കരുനാഗപ്പള്ളി ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തിക്കായി നാഷണൽ ഹൈവേയിലെ കുറ്റിവട്ടം ജംഗ്ഷൻ മുതൽ വവ്വാക്കാവ് ജംഗ്ഷൻ വരെ എൻ.എച്ച്.-ന്റെ കിഴക്കുഭാഗത്തുകൂടി നിലവിലുള്ള റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുകയുണ്ടായി.

(ബി) ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) ദേശീയപാത 66 നാലുവരിയാക്കുന്നതു സംബന്ധിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ്. അതിന്റെ ഭാഗമായി കരുനാഗപ്പള്ളിയിൽ ബൈപ്പാസുകൾ പ്രൊപ്പോസ് ചെയ്തിട്ടില്ല.

## കെ.ആർ. നാരായണൻ മെമ്മോറിയൽ ലൈബ്രറി ബിൽഡിംഗ് കൾച്ചറൽ സെന്ററിന്റെ നിർമ്മാണം

94(2681) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ കെ.ആർ.നാരായണൻ മെമ്മോറിയൽ ലൈബ്രറി ബിൽഡിംഗ് കൾച്ചറൽ സെന്റർ, സ്മൃതി മണ്ഡപം എന്നിവ നിർമ്മിക്കുന്നതിന് 3-2-2020 തീയതിയിൽ പുറത്തിറക്കിയ G.O(Rt)No.137/2020/PWD ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാനും ടെണ്ടർ നടപടികൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ; ഇതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ടെണ്ടർ ചെയ്യുവാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉഴവൂർ കെ.ആർ.നാരായണൻ മെമ്മോറിയൽ ലൈബ്രറി ബിൽഡിംഗ് കൾച്ചറൽ സെന്റർ, സ്മൃതി മണ്ഡപം എന്നിവ നിർമ്മിക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപയാണ് ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ചിരുന്നത്. ആയതിൻപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായി നിലവിൽ ഇതിന്റെ സൈറ്റിൽ സ്ഥിതി ചെയ്യുന്ന ജയ്ഹിന്ദ് ലൈബ്രറി കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തടസ്സരഹിത ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ചെയ്യുവാൻ സാധിക്കും.

## ആളൂർ പി.എച്ച്.സി.-യുടെ നിർമ്മാണം

95(2682) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആളൂർ പി.എച്ച്.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

ആളൂർ പി.എച്ച്.സി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 22-01-2020-ൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിന് സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര് "Construction of 1st and 2nd Floor of Newly constructed Primary Health Centre at Aloor" Price ID: No.BL/2020/331, എസ്റ്റിമേറ്റ് തുക 275 ലക്ഷം രൂപ.

## തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്

96(2683) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന് 4-3-2016 ൽ ഇരുപത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണെങ്കിലും. സാങ്കേതികാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 4-3-2016 തീയതിയിൽ 23 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ പ്രവൃത്തിക്ക് 26-6-2018 തീയതിയിൽ സാങ്കേതികാനുമതി ലഭിച്ചിരുന്നു. എന്നാൽ തടസ്സരഹിത സ്ഥലലഭ്യതയുടെ അഭാവംമൂലം ടെണ്ടർ നടപടികൾ നീണ്ടുപോയി. 1-3-2019 തീയതിയിലെ 18/2019/ഫിൻ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി. ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ആയതുകൊണ്ട് ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 6-11-2019 തീയതിയിൽ റദ്ദ് ചെയ്തിട്ടുള്ളതും ജി.എസ്.ടി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ സാങ്കോതികാനുമതിക്കായി പരിശോധിച്ചുകൊണ്ടിരിക്കുന്നു.

(ബി) MVIP യുടെ ഉടമസ്ഥതയിലുള്ള തൊടുപുഴ വില്ലേജിലെ 321/12, 321/13 എ, 321/13 ബി എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 0.6345 ഹെക്ടർ ഇറിഗേഷൻ ഭൂമി നിലവിൽ റവന്യൂ വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. തടസ്സരഹിതമായി സ്ഥലം ലഭ്യമായാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

## വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി

97(2684) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് ലഭ്യമല്ലാത്ത പ്രവൃത്തികൾ ഏതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വർക്കല മണ്ഡലത്തിൽ 5 പ്രവൃത്തികളാണ് നിർമ്മാണത്തിലിരിക്കുന്നത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി-ഭാഗികമായി പൂർത്തീകരിച്ചു. അധിക ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് 31,00,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്.

2. ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ വർക്കലയിലെ പുതിയ പേവാർഡ് നിർമ്മാണം-ഫെയ്സ് 1-ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഭരണാനുമതിയിൽ വൈദ്യുതീകരണത്തിന് തുക ലഭ്യമാക്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ നടന്നുവരുന്നു.

3. നേച്ചർക്യൂർ ഹോസ്പിറ്റൽ, വർക്കലയിലെ പേ വാർഡ് നിർമ്മാണം-ഫെയ്സ് 2-ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് ആവശ്യത്തിനുള്ള തുക ലഭ്യമായിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ മൂല്യനിർണ്ണയ ഘട്ടത്തിലാണ്.

4. ഹരിഹരപുരം എൽ.പി. സ്കൂളിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി-എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിക്കുന്നു.

5. വർക്കല താലൂക്ക് ആശുപത്രിയിലെ പുതിയ ബിൽഡിംഗ് നിർമ്മാണം വൈദ്യുതീകരണ പ്രവൃത്തികൾക്കായി പൈപ്പുകൾ സ്ഥാപിക്കുന്നത് ഒന്നാം നിലയിൽ പൂർത്തിയായി. ബാക്കി പ്രവൃത്തികൾ സിവിൽ പ്രവൃത്തികൾക്കൊപ്പം പൂർത്തിയാക്കും.

മേൽ പറഞ്ഞ 5 പ്രവൃത്തികൾക്ക് വൈദ്യുതീകരണത്തിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1. 8,57,000 രൂപ
2. 8,00,000 രൂപ
3. 70,00,000 രൂപ
4. 10,00,000 രൂപ
5. 84,00,000 രൂപ

(സി) നിലവിലുണ്ട്. (വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് അധിക ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി)-31,00,000 രൂപയുടെ ഭരണാനുമതിക്കായി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ കെട്ടിട വിഭാഗം പ്രവൃത്തികൾ**

98(2685) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധങ്ങളായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പൊതുമരാമത്ത് കെട്ടിടവിഭാഗം മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയെ മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുവാൻ ഏൽപ്പിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം നടത്തിയ പ്രവൃത്തികൾ

99(2686) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ

100(2687) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി എന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നു എന്നും എന്തെല്ലാം പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളിലാണെന്നുമുള്ള വിവരം വിശദാംശ സഹിതം വർഷം തിരിച്ച് കെട്ടിട വിഭാഗം/സ്പെഷ്യൽ ബിൽഡിംഗ്സ് എന്നിങ്ങനെ വേർതിരിച്ച് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കിയതും നടത്തിവരുന്നതും ആരംഭിക്കാനിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് കെട്ടിട വിഭാഗം/സ്പെഷ്യൽ ബിൽഡിംഗ്സ് എന്നിങ്ങനെ വേർതിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച റോഡുകൾ**

101(2688) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണവും നവീകരണവും പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) ജില്ലയിൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന വിവിധ റോഡുപ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പയ്യോളി പേരാമ്പ്ര റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 29,49,40,377 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു.

(ബി) ജില്ലയിൽ ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിവിധ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഓഫീസുകളിലെ നിയമനം**

102(2689) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഓഫീസുകളാണുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിലാണ് നിലവിൽ ഒഴിവുകളുള്ളത്;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂർ ജില്ലയിൽ 4 ഓഫീസുകളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ

2. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി

3. ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണൂർ

4. ഇലക്ട്രിക്കൽ സെക്ഷൻ, തളിപ്പറമ്പ്

(ബി) പ്രസ്തുത ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, ക്ലാർക്ക്/സീനിയർ ക്ലാർക്ക് എന്നീ തസ്തികകളിൽ ഒഴിവുണ്ട്.

(സി) പി.എസ്.സി വഴി നിയമനം നൽകേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്. സ്ഥാനക്കയറ്റം വഴിയും സ്ഥലംമാറ്റം വഴിയും നികത്തേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവളം മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

103(2690) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ 2016 മുതൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിച്ചിട്ടുള്ളതും അനുവദിച്ചിട്ടുള്ളതുമായ റോഡുകളും കെട്ടിടങ്ങളും ഏതൊക്കെയാണ്; ആയതിലേയ്ക്ക് ചെലവായ/അനുവദിച്ച തുകയുടെ വിവരം സഹിതം ലഭ്യമാക്കാമോ?

ഉത്തരം

കോവളം മണ്ഡലത്തിൽ 2016 മുതൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിച്ചിട്ടുള്ളതും അനുവദിച്ചിട്ടുള്ളതുമായ നിരത്തുകൾ, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ നിർമ്മാണം ആരംഭിച്ച കരമന-കളിയിക്കാവിള ദേശീയപാത വികസനം-ഫേസ് 1- റീച്ച് 2- ഭാഗം 1 പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള പ്രവൃത്തിയുടെ മുടവൂർപാറ നസറത്ത് മുതൽ ബാലരാമപുരം ജംഗ്ഷൻ വരെ (1.00 കി.മീ.. ദൂരം) കോവളം മണ്ഡലത്തിൽ വരുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച ആകെ തുക 112.07 കോടി രൂപയാണ്.

## വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

104(2691) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ 1-7-2016 മുതൽ 31-1-2020 വരെ പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വണ്ടൂർ നിയോജക മണ്ഡലത്തിലെ 1-07-2016 മുതൽ 31-01-2020 വരെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പാലം വിഭാഗത്തിനുകീഴിൽ 2018-19 സാമ്പത്തിക വർഷം RIDF XXIV-Reconstruction of Parallel Kakkathodu Bridge in Manjeri and Wandoor എന്ന പ്രവൃത്തിക്ക് 500 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത പ്രവൃത്തിയുടെ പൈലിംഗ് ആരംഭിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക വാഹനങ്ങൾ

105(2692) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കേണ്ട പൊതുമരാമത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിലെ എ.ഇ., എ.എക്സ്.ഇ. തുടങ്ങിയവർക്ക് ഔദ്യോഗിക വാഹനങ്ങൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) അത്യാവശ്യ ഘട്ടങ്ങളിൽ നിശ്ചിത തുക അധികരിക്കാതെ വാഹനം വാടകയ്ക്ക് എടുത്ത് കൃത്യനിർവ്വഹണം നടത്തുന്നതിനുള്ള അനുവാദം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ നൽകുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഫീൽഡ് ലെവൽ ഓഫീസർമാർക്ക് വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനായി സ.ഉ.(സാധാ)നം. 1584/2018/ പൊ.മ.വ. തീയതി 9-10-2018 പ്രകാരം 3054-80-004-92 എന്ന ശീർഷകത്തിൽ നിന്ന് 2,00,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിൽ അധികമായി വാഹനം വാടകയ്ക്കെടുക്കുന്നത്/വാങ്ങുന്നത് സംബന്ധിച്ച് തുടർന്ന് ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

106(2693) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ്, പാലങ്ങൾ, ദേശീയപാത, ബിൽഡിങ്സ് വിഭാഗങ്ങൾ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഭരണാനുമതിയുടെ പകർപ്പും വികസനപ്രവൃത്തികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ, പാലങ്ങൾ, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭരണാനുമതിയുടെ പകർപ്പും വികസന പ്രവൃത്തികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

ദേശീയപാത വിഭാഗത്തിനുകീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ ദേശീയപാത 66-ൽ കി.മീ.. 263/444 മുതൽ കി.മീ. 282/000 വരെയുള്ള 18.55 കി.മീ. ഭാഗത്തിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 18.998

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോടി രൂപയുടെ അനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 12.556 കി.മീ.. ഭാഗം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലൂടെ കടന്ന് പോകുന്നു. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ പണി ആരംഭിക്കുന്നതാണ്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ 2016 മുതൽ ഇന്നേവരെ നോൺ-പ്ലാൻ ഇനത്തിൽ 1063 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്ലാൻ ഇനത്തിൽ നൽകിയ ഭരണാനുമതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## നേര്യമംഗലത്ത് നിർമ്മിക്കുന്ന പരിശീലന കേന്ദ്രം

107(2694) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പി.ഡബ്ല്യൂ.ഡി എഞ്ചിനീയർമാർക്കായി നിർമ്മിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ നാലാംഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയ്ക്കും വേണ്ടി സ്വീകരിച്ചിട്ടുള്ള തുടർ നടപടിയും, നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) നാലാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നാലാം ഘട്ടമായി ഈ കോംപ്ലക്സിനകത്ത് തന്നെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കൺവെൻഷൻ സെന്ററിനായുള്ള ആർക്കിടെക്ചറൽ ഡ്രായിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി ഡിസൈൻ വിംഗിലേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിനായുള്ള ആർക്കിടെക്ചറൽ ഡ്രായിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികളും പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെള്ളരിക്കുണ്ട് താലൂക്കിൽ സബ്ഡിവിഷൻ ഓഫീസുകൾ

108(2695) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പി.ഡബ്ള്യു.ഡി റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ്, ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസുകൾ ഇതുവരെയായും അനുവദിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇവിടെ താലൂക്ക് അടിസ്ഥാനത്തിൽ ആവശ്യമായ സബ്ഡിവിഷൻ ഓഫീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വെള്ളരിക്കുണ്ട് താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് ശിപാർശ ലഭ്യമായിട്ടില്ല. ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനങ്ങൾ

109(2696) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) കേരളത്തിലെ എല്ലാ രജിസ്ട്രാർ ആഫീസുകളിലും ഇതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) രജിസ്ട്രാർ ആഫീസുകളിൽ നിന്ന് പൊതു ജനങ്ങൾക്ക് ലഭ്യമാകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നല്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം

7. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

8. പാർട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

9. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

10. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

(ബി) കേരളത്തിലെ എല്ലാ രജിസ്ട്രാർ ഓഫീസുകളിലും മുകളിൽ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വസ്തുക്കളുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റായി ഫീസ് ഒടുക്കുന്നതിനും ഓഫീസിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് അപേക്ഷകർക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ വെബ്സൈറ്റിലൂടെ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സ്വീകരിച്ച വിവരവും സർട്ടിഫിക്കറ്റുകൾ തയ്യാറായ വിവരവും ഉടനടി അപേക്ഷകന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. സന്ദേശമായി ലഭിക്കുകയും ചെയ്യുന്നു. വസ്തു സംബന്ധമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി ഓൺലൈനായി നൽകുന്ന സൗകര്യം വന്നതോടുകൂടി വസ്തു സംബന്ധമായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുവേണ്ടി ഓഫീസുകളിൽ വരാതെ തന്നെ എവിടെ നിന്നും അപേക്ഷിക്കാനും പ്രിന്റെടുക്കാനും കഴിയുന്നു.

## വയനാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ

110(2697) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കൽപ്പറ്റ, പനമരം, പുൽപ്പള്ളി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളും, വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

111(2698) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് സ്ഥിതി ചെയ്യുന്ന സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ അനുവദിച്ച എം.എൽ.എ. ഫണ്ടിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) എം.എൽ.എ. ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടും പൂർത്തിയാകാത്ത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നാളിത് വരെ സർക്കാർ ഫണ്ട് വകയിരുത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) വാടകയിനത്തിലെ ഭീമമായ തുക പരിഗണിച്ച് സ്വന്തം കെട്ടിടം സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ അനുവദിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) മങ്കട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച നൽകിയ 25,00,000 രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ) ഉപയോഗിച്ച് മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കുകൾവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി&സി) മറ്റ് പ്രവൃത്തികളുമായി സംയോജിപ്പിച്ച് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ലെന്ന് 4-8-2018-ലെ സ.ഉ. (പി) നം. 119/2018/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

## ആധാരം രജിസ്ട്രേഷൻ നടപടികൾ

112(2699) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷം നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ എത്ര തുക ലഭിച്ചു;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് നാളിതുവരെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര; ഇത്തരത്തിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടന്ന ഓഫീസ് ഏതാണെന്ന് അറിയിക്കുമോ;

(ഡി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിൽ മഷി പുരട്ടി വിരലടയാളം പതിക്കുന്ന രീതി അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോൾ മുതൽ നടപ്പിലാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഇ) ആധാരത്തിന്റെ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുവാൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; ആയത് എന്നു മുതൽ പ്രാബല്യത്തിൽ വരുത്തുവാൻ കഴിയും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 വർഷം ഫെബ്രുവരി മാസം വരെ 772497 ആധാരങ്ങൾ രജിസ്റ്റർ ചെയ്തു.

(ബി) 2019-20 ഫെബ്രുവരി വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2177.42 കോടി രൂപ ലഭിച്ചു.

(സി) 2317 ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിലാണ് ഏറ്റവും കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിൽ മഷി പുരട്ടി വിരലടയാളം പതിക്കുന്ന രീതി അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നതാണ്.

(ഇ) 2018-മുതൽ ഓൺലൈൻ പോക്കുവരവിന്റെ ഭാഗമായി സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആധാരങ്ങളുടെ പകർപ്പുകൾ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനു മുന്നോടിയായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പ്രത്യേക പദ്ധതി "അനശ്വര" ആരംഭിക്കുകയും ആയത് സംസ്ഥാനത്തെ 6 ജില്ലകളിൽ പുരോഗമിച്ചു വരികയുമാണ്. കൂടാതെ ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

113(2700) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഭൂമിയുടെ തരം അനുസരിച്ച് ന്യായവില എപ്രകാരമാണ് വ്യത്യാസപ്പെടുന്നത്; നിരക്കുകൾ അറിയിക്കാമോ;

(സി) ന്യായവില കൃത്യമായി നിശ്ചയിക്കാത്ത ഒട്ടേറെ സർവ്വേ നമ്പരുകൾ സംസ്ഥാനത്തുള്ളതുകാരണം വരുമാന ചോർച്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് തടയാൻ എന്ത് നടപടികളാണ് രജിസ്ട്രേഷൻ വകുപ്പ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള സ്റ്റാമ്പ് ആക്ടിലെ വകുപ്പ് 28 എ പ്രകാരം സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് ആർ.ഡി.ഒ.മാരാണ്. ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നത് സംബന്ധിച്ച പ്രായോഗിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പാണ്. കേരള സ്റ്റാമ്പ് ആക്ടിലെ വകുപ്പ് 28 എ, 1995-ലെ കേരള സ്റ്റാമ്പ് റൂൾസ് (Fixation of fair value of land)ലെ റൂൾ 3 എന്നിവയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമായിട്ടുള്ളത്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകത കാരണം ചില സ്ഥലങ്ങളിൽ വില കൂടുതലും മറ്റ് സ്ഥലങ്ങളിൽ വില കുറവുമാണ്. വ്യാപകമായി വൻതോതിലുള്ള വരുമാന ചോർച്ച വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ന്യായവില അപാകത പരിഹരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുന്ന സർവ്വേ നമ്പരുകൾ സബ് രജിസ്ട്രാർമാർ ബന്ധപ്പെട്ട ആർ.ഡി.ഒ.മാരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഫെയർവാല്യൂവിൽ കുറയാത്ത വില രേഖപ്പെടുത്തിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുകയല്ലാതെ മറ്റ് അധികാരങ്ങൾ ഒന്നും രജിസ്ട്രേഷൻ വകുപ്പിനില്ല. വസ്തുവിന്റെ ന്യായവില നിർണ്ണയിക്കാത്തത് ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാൻ തക്കകാരണമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന റെയിൽവേ വികസനം

114(2701) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വികസനത്തിലും പുതിയ ട്രെയിനുകളുടെ ലഭ്യതയിലും സംസ്ഥാനത്തെ അവഗണിച്ചും സംസ്ഥാന റെയിൽവേയുടെ പ്രധാന ഭാഗങ്ങൾ മറ്റു സംസ്ഥാന ഡിവിഷനുകളിൽ ഉൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ വൈകിപ്പിച്ചും നടത്തുന്ന കേന്ദ്ര സർക്കാരിന്റേയും റെയിൽവേ മന്ത്രാലയത്തിന്റേയും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) തലസ്ഥാനത്തെ സാറ്റലൈറ്റ് സ്റ്റേഷനാക്കാൻ പരിഗണിച്ച നേമം ഉൾപ്പെടെ സംസ്ഥാനത്തെ പ്രധാന സ്റ്റേഷനുകളുടെ വികസനത്തിൽ കേന്ദ്ര സർക്കാരും റെയിൽവേയും കാണിക്കുന്ന അവഗണന ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഇവിടങ്ങളിലെ റെയിൽവേ വികസനം നേടിയെടുക്കുന്നതിനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെയും റെയിൽവേ മന്ത്രാലയത്തിന്റെയും അവഗണന അവസാനിപ്പിച്ച് പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവത്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളോടൊപ്പം ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ചില നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുസ്സഹമാക്കിയ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടു

കൂടിയ LHB കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ നിന്നും വർദ്ധിച്ച തോതിലുള്ള യാത്ര ആവശ്യവും പരിഗണിച്ചും വിവിധ ട്രെയിനുകളുടെ സമയമാറ്റംമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും, പുതിയ ട്രെയിനുകൾ ആരംഭിക്കുന്നതിനും, സമയപട്ടിക പൂർവ്വ സ്ഥിതിയിൽ ആക്കണമെന്നും കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ അനുകൂല നിലപാട് കൈക്കൊള്ളണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**അങ്കമാലി-അഴുത-ശബരി റെയിൽപാത**

115(2702) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് റെയിൽവേ ഉദ്യോഗസ്ഥന്മാരുമായി എന്തെങ്കിലും ചർച്ച അടുത്തകാലത്ത് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അങ്കമാലി-അഴുത-ശബരി റെയിൽപാത പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ തയ്യാറാണെന്ന് റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാത പുനരുജ്ജീവിപ്പിക്കുവാൻ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൊതു-സ്വകാര്യ സംയുക്ത സംരംഭമായി നടപ്പിലാക്കുന്നത് പരിഗണിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗമനവും തുടർ നടപടിക്രമങ്ങളും അവലോകനം ചെയ്യുന്നതിനായി 27-02-2020 ന് ചീഫ് സെക്രട്ടറിയും ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായി യോഗം ചേർന്ന് സംസ്ഥാനത്തുടനീളമുള്ള റെയിൽവേ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) അങ്കമാലി-ശബരി പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി

വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽ നിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## തിരുനാവായ-ഗുരുവായൂർ പാത, ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്ക് പദ്ധതികൾ

116(2703) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനാവായ-ഗുരുവായൂർ പാത, ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്ക് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം കൂടി വേണ്ടിവരുമെന്ന് റെയിൽവേ നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ എന്ത് തുക വഹിക്കേണ്ടിവരുമെന്നും സംസ്ഥാന സർക്കാരിന്റെ ഇതിന്മേലുള്ള നിലപാട് എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1995-96 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30.8 കി.മീ. ദൈർഘ്യമുള്ള ഗുരുവായൂർ-തിരുനാവായ പാതയുടെ 17.4 കി.മീ.. തൃശ്ശൂർ ജില്ലയിലും 21.8 കി.മീ. മലപ്പുറം ജില്ലയിലൂടെയും കടന്നുപോകുന്നു. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കി.മീ.. ദൂരം ലൊക്കേഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഏറ്റെടുക്കേണ്ട 18.6108 ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിച്ചിട്ടില്ല. സർവ്വേ നടപടികൾക്കാവശ്യമായ പൊലീസ് സംരക്ഷണം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽ നിന്നും ശക്തമായ എതിർപ്പ് ഉയരുന്നുണ്ട്.

ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്കിന്റെ ഫൈനൽ ലൊക്കേഷൻ സർവ്വേ ഈ മാസം പൂർത്തീകരിക്കുന്നതാണ്.

(സി) പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിലപാടാണ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതികൾക്കായി ഏകദേശം 1000 കോടി രൂപയോളം സംസ്ഥാനം വഹിക്കേണ്ടിവരും. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പദ്ധതികൾക്കാവശ്യമായ മുഴുവൻ തുകയും ടി പദ്ധതികൾ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ബഡ്ജറ്റിൽ വിഭാവന ചെയ്തതുപോലെ റെയിൽവേ തന്നെ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തോടുള്ള കേന്ദ്ര അവഗണന**

117(2704) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ദേശീയപാതയിലൂടെയുള്ള സംസ്ഥാനാന്തര സഞ്ചാര സ്വാതന്ത്ര്യത്തിന് കർണാടക സംസ്ഥാനം വിലങ്ങിടുന്ന സാഹചര്യത്തിൽ വർദ്ധിത പ്രാധാന്യം നേടിയ നിലമ്പൂർ-നഞ്ചൻകോട്, തലശ്ശേരി-മൈസൂർ റെയിൽപാതകൾ അനുവദിക്കണമെന്നതുൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങളോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) ബഡ്ജറ്റിൽ ദക്ഷിണ റെയിൽവേയ്ക്ക് ആകെ 8859 കോടി രൂപ വകയിരുത്തിയിട്ടും യാത്രാ ടിക്കറ്റിനത്തിലും ചരക്കുകടത്ത് കൂലിയിനത്തിലും വലിയ തുക സമാഹരിക്കുന്ന സംസ്ഥാനത്തെ വിവിധ റെയിൽവേ വികസന പദ്ധതികൾക്ക് അർഹമായ പരിഗണന ലഭിക്കാതെ പോയതിന്റെ കാരണം സംസ്ഥാനത്ത് റെയിൽവേ സോണിന്റെ അഭാവമാണെന്നതിനാൽ അതിനായി സമ്മർദ്ദം ചെലുത്തുമോ;

(സി) ജില്ലാ കേന്ദ്രങ്ങളിലേതുൾപ്പെടെയുള്ള പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തണമെന്നും നേമം, കൊച്ചുവേളി ടെർമിനലുകൾ യാഥാർത്ഥ്യമാക്കണമെന്നുമുള്ള ആവശ്യത്തോട് റെയിൽവേയുടെ നിലപാട് അറിയിക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി-മൈസൂർ റെയിൽ പാത നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽ പാത പദ്ധതികളെ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ പഠനം പുരോഗമന ഘട്ടത്തിലാണ്.

ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രത്യേക സോൺ രൂപവത്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അനുകൂല നിലപാട് കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.

(സി) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടത് അനുസരിച്ച് കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ണേഴ്സിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം വിവിധ കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും (IRSDC)സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾക്ക് പുറമേ പാലക്കാട് ഡിവിഷന് കീഴിലുള്ള 11 റെയിൽവേ സ്റ്റേഷനുകൾക്ക് ISO 14001:2015 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനുകീഴിലുള്ള 16 റെയിൽവേ സ്റ്റേഷനുകളിലും പാലക്കാട് ഡിവിഷനു കീഴിലുള്ള 4 റെയിൽവേ സ്റ്റേഷനുകളിലും ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപയും, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഇടവ, പുന്നമൂട് റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം

118(2705) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിലെ ഇടവ റെയിൽ മേൽപ്പാലം, പുന്നമൂട് റെയിൽ മേൽപ്പാലം എന്നിവയുടെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ അംഗീകാരത്തിനായി 27-02-2019-ൽ സമർപ്പിച്ചിട്ടുണ്ട്. ഇടവ ആർ.ഒ.ബി.-യുടെ സ്ഥലം ഏറ്റെടുക്കുന്നതിനായി 11(1) വിജ്ഞാപനം 28-11-2019-ൽ പ്രസിദ്ധീകരിച്ചു. ബി.വി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനായി 4,84,73,295 രൂപയുടെ അപേക്ഷ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

## വെങ്ങര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

119(2706) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അംഗീകാരം ലഭിച്ച കണ്ണൂർ ജില്ലയിലെ വെങ്ങര റെയിൽവേ ഓവർബ്രിഡ്ജിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓവർബ്രിഡ്ജിന്റെ റെയിൽവെയുടെ ഭാഗത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് റെയിൽവേക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്ക് 20.84 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. അതേ തുകയ്ക്ക് സാങ്കേതികാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ 20.84 കോടി രൂപയ്ക്കുള്ള സാങ്കേതികാനുമതിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റെയിൽവേ സ്പാൻ തുകയും സെന്റേജ് ചാർജ്ജും ഉൾപ്പെടെ 741.53 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയ്ക്ക് സെന്റേജ്

ചാർജ് ഡെപ്പോസിറ്റ് ചെയ്യുന്നതിനു കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി കിഫ്ബി പോർട്ടൽ മുഖേന സമർപ്പിക്കുന്നതിന് വിവിധ ഘട്ടങ്ങളായുള്ള നടപടികൾ നടന്നുവരുന്നു.

## കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

120(2707) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നതിന് റെയിൽവേയിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സ.ഉ. (സാധാ) നം. 718/2018/പൊ.മ.വ. തീയതി 19-4-2018 പ്രകാരം കണിയാപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുണ്ട്. അലൈൻമെന്റിനെതിരെ രണ്ട് റിട്ട് ഹർജികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. നിലവിലുള്ള റോഡിന് സമാന്തരമായി ആർ.ഒ.ബി. നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും, റെയിൽവേ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33 ഡിഗ്രി ആണ്. റെയിൽവേ ബോർഡിന്റെ ആർ.ഡി.എസ്.ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ ആർ.ബി.ഡി.സി.കെ.യെ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്ലാറ്റ്ഫോമുകളോടുകൂടി ഫ്യൂച്ചർ ട്രക്ക് നൽകുന്നതിനായി മൂന്ന് സ്പാനുകളായി ജി.എ.ഡി. തയ്യാറാക്കുവാൻ റെയിൽവേ ആവശ്യപ്പെട്ടു. അതുപ്രകാരം പുതുക്കിയ ജി.എ.ഡി.യും റെയിൽവേയുടെ അനുവദനീയമായ സ്ക്യൂ ആംഗിൾ നൽകിക്കൊണ്ട് നിലവിലുള്ള റോഡിന് സമാന്തരമായി അലൈന്മെന്റ് തയ്യാറാക്കുവാൻ ആർ.ബി.ഡി.സി.കെ. കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി.-യും അലൈൻമെന്റും തയ്യാറാക്കിയതിനുശേഷം റെയിൽവേയിൽ സമർപ്പിക്കുന്നതാണ്.

(ബി) അലൈൻമെന്റ് അംഗീകരിച്ചതിനുശേഷം മാത്രമേ ഡി.പി.ആർ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. റെയിൽവേ ബോർഡിന്റെ ആർ.ഡി.എസ്.ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ കൺസ്ട്രക്ഷൻ സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്.

## ലൈറ്റ് മെട്രോ പദ്ധതി

121(T* 2708) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രദേശങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിച്ചിട്ടില്ല. കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി പുതുക്കിയ പദ്ധതിരേഖകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ പ്രദേശങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടില്ല.

## പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം

122(2709) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2019-20 വരെ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണ്; മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യാസം എത്രയാണെന്ന് അറിയിക്കുമോ;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ അഡ്മിഷൻ നേടുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | ആകെ |
|---|---|---|---|
| 2018-19 | 1,02,697 | 1,69,112 | 2,71,809 |
| 2019-20 | 1,02,529 | 1,65,890 | 2,68,419 |

മുൻ വർഷത്തെ അപേക്ഷിച്ച് 2019-20-ൽ ഒന്നാം ക്ലാസിൽ സർക്കാർ മേഖലയിൽ 168 കുട്ടികളുടെ കുറവും എയ്ഡഡ് മേഖലയിൽ 3222 കുട്ടികളുടെ കുറവുമുണ്ടായി.

(ബി) മൊത്തത്തിൽ കുറവുണ്ടായിട്ടില്ല. എന്നാൽ മുൻവർഷത്തെ അപേക്ഷിച്ച് 2019-20 അദ്ധ്യയന വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി ഒന്നാം ക്ലാസിൽ 3390 കുട്ടികളും 10-ാം ക്ലാസ്സിൽ 1267 കുട്ടികളും കുറഞ്ഞു. എന്നാൽ 2 മുതൽ 9 വരെ ക്ലാസുകളിൽ നിലവിലുള്ളവർക്ക് പുറമെ നിരവധി കുട്ടികൾ പുതുതായി പ്രവേശനം നേടുകയുണ്ടായി. ഇവരുടെ ക്ലാസ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്ലാസ് | ആകെ കുട്ടികൾ |
|---|---|
| II | 13,204 |
| III | 13,225 |
| IV | 12,596 |
| V | 44,663 |
| VI | 18,085 |
| VII | 13,180 |
| VIII | 38,492 |
| IX | 14,770 |
| ആകെ | 1,68,215 |

(സി) കുറവുണ്ടായിട്ടില്ല.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വർദ്ധനവ്

123(2710) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ സർക്കാർ, എയ്ഡഡ് വിഭാഗങ്ങൾ പ്രത്യേകം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേരള സർക്കാർ പാഠ്യപദ്ധതി അനുവർത്തിക്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ സ്കൂളുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലും പൊതുവിദ്യാഭ്യാസ മേഖലയിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഈ സർക്കാർ കാലയളവിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേയ്ക്ക് മാറുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഈ സർക്കാർ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 2019-20 അദ്ധ്യയന വർഷം സർക്കാർ മേഖലയിൽ 4693 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7216 സ്കൂളുകളും അംഗീകൃത അൺ എയ്ഡഡ് മേഖലയിൽ 1042 സ്കൂളുകളുമുൾപ്പെടെ ആകെ 12951 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിൽ എൽ.പി., യു.പി., എച്ച്.എസ് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | എച്ച്.എസ്. | യു.പി. | എൽ.പി. | ആകെ |
|---|---|---|---|---|
| സർക്കാർ | 1228 | 870 | 2595 | 4693 |
| എയ്ഡഡ് | 1432 | 1873 | 3911 | 7216 |
| അൺ എയ്ഡഡ് | 458 | 242 | 342 | 1042 |
| ആകെ | 3118 | 2985 | 6848 | 12951 |

(ബി) കേരള സർക്കാർ പാഠ്യപദ്ധതി അനുവർത്തിക്കാത്തതും എന്നാൽ മറ്റിതര സിലബസുകളിൽ പ്രവർത്തിക്കുന്നതുമായ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സി.ബി.എസ്.ഇ. സ്കൂൾ | 1288 |
| ഐ.സി.എസ്.ഇ. സ്കൂൾ | 162 |
| ജവഹർ നവോദയ വിദ്യാലയങ്ങൾ | 14 |
| കേന്ദ്രീയ വിദ്യാലയങ്ങൾ | 36 |

(സി) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ 5 കോടി, 3 കോടി, 1 കോടി രൂപ ചെലവുവരുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. 45000 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് സംവിധാനമുള്ളവയായി. എൽ.പി., യു.പി., സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറിവരുന്നു. ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ശൗചാലയങ്ങൾ, പുതിയ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷകമാക്കൽ, പാചകപ്പുര (അടുക്കള) നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ, ഫർണിച്ചർ, സ്കൂൾ ബസ്സുകൾ, language lab -കൾ, റാമ്പ് &റയിൽ സംവിധാനം, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ, ഐ.സി.റ്റി. ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ സർക്കാർ/ സർക്കാർ എയ്ഡഡ് മേഖലയിലുള്ള എല്ലാ സ്കൂളുകളിലുമായി 2017-18 അധ്യയന വർഷം 156565 കുട്ടികളും 2018-19 അധ്യയന വർഷം 184728 കുട്ടികളും 2019-20 അധ്യയന വർഷം 163558 കുട്ടികളും പുതുതായി വന്നുചേർന്നിട്ടുണ്ട്.

(ഇ) ഉണ്ട്. 2017-18 വർഷത്തെ അപേക്ഷിച്ച് 2018-19 വർഷം 9271 കുട്ടികൾ അൺ-എയ്ഡഡ് മേഖലയിൽ കുറയുകയുണ്ടായി. 2018-19 വർഷത്തെ അപേക്ഷിച്ച് 2019-20 വർഷം 14104 കുട്ടികൾ അൺ-എയ്ഡഡ് മേഖലയിൽ കുറയുകയുണ്ടായി.

## എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാർ

124(2711) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക ആനുകൂല്യം ലഭിക്കുവാൻ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.എസ്.എൽ.സി പരീക്ഷക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ആർ.പി.ഡബ്ല്യു.ഡി ആക്ട് (RPWD ACT) പ്രകാരം കേന്ദ്ര സാമൂഹ്യ ശാക്തീകരണ വകുപ്പ് 4-1-2018 ലെ S.O. 76 (E) പ്രകാരം പുറപ്പെടുവിച്ച ഗൈഡ്‌ലൈൻ അടിസ്ഥാനമാക്കിയാണ് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ

125(2712) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവിധ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള അപേക്ഷകൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സമയബന്ധിതമായി പരിഹരിക്കുവാൻ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുമോ;

(ബി) ജനന സർട്ടിഫിക്കറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാത്ത പഴയ കേസുകളിൽ ജനനത്തീയതിയുൾപ്പെടെ എല്ലാ തെറ്റുകളും തിരുത്തി നൽകുവാൻ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(സി) വില്ലേജ് അധികാരികളുടേയും സ്കൂൾ അധികൃതരുടേയും സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം കേസുകളിൽ പരിഹാരം കാണുവാനും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തി നൽകുവാനും നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ജനന സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലാത്ത കേസുകളിൽ തിരുത്തലുകൾ വരുത്താൻ നിലവിൽ വ്യവസ്ഥയില്ല.

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിന്റെയും വില്ലേജ് അധികാരികളുടെയും സ്കൂൾ അധികൃതരുടെയും സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തി നൽകാൻ കഴിയുകയുള്ളൂ.

## കേന്ദ്ര മാനവ വികസന മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയം

126(2713) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിലെ പല നിർദ്ദേശങ്ങളും ഫെഡറൽ സംവിധാനത്തിന് ഉതകാത്തതാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കരട് നിർദ്ദേശങ്ങളാണ് ഇതിന് വിരുദ്ധമായിട്ടുള്ളത്; ഇത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്;

(സി) സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പാഠ്യപദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാനവ വിഭവ വികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനോടൊത്തുപോകാത്ത ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സ്റ്റേറ്റിനും നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം

അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നും അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാഠപുസ്തകങ്ങൾ പോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചു പോകുന്നവയല്ല എന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണമെന്ന് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെ വെളിച്ചത്തിൽ നിലവിലെ പാഠ്യപദ്ധതിയെക്കുറിച്ചും പരിഷ്കരിക്കേണ്ട ആവശ്യകതയെകുറിച്ചുമുള്ള ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരട് പാഠ്യപദ്ധതി സമീപനരേഖ തയ്യാറാക്കിവരുന്നു. തുടർന്ന് സിലബസും പാഠപുസ്തകങ്ങളും ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതാണ്.

(ഡി) പാഠ്യപദ്ധതി സമീപന രേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷവും വിദഗ്ധരുമായുള്ള ആശയ വിനിമയത്തിന് ശേഷവും ഇത് പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കണക്കെടുപ്പ്

127(2714) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ യഥാർത്ഥ കണക്കെടുപ്പിനും ആയതിലെ തിരിമറികൾ ഇല്ലാതാക്കുവാനുമായി വിദ്യാഭ്യാസ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ കാതലായി എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2019-20 അധ്യയനവർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സിൽ ചേർന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ എണ്ണവും പിരിഞ്ഞു പോയവർ എത്രയെന്നും പത്താം ക്ലാസ്സ് പരീക്ഷ എഴുതാൻ പോകുന്നവർ എത്രയെന്നും സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ യഥാർത്ഥ കണക്കെടുപ്പ് നടത്തുന്നത് യു.ഐ.ഡി. പ്രകാരമാണ്. ഇതുകൂടാതെ വിദ്യാഭ്യാസ ഓഫീസർമാരും സൂപ്പർ ചെക്ക് ഓഫീസർമാരും വിദ്യാലയങ്ങളിൽ ആകസ്മിക സന്ദർശനം നടത്തി കുട്ടികളുടെ എണ്ണം ആവശ്യമായ ഘട്ടങ്ങളിൽ പരിശോധിക്കാറുണ്ട്.

(സി) 2019-20 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസിൽ ചേർന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ എണ്ണവും പിരിഞ്ഞുപോയവർ എത്രയെന്നും സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്. 2019-20 അദ്ധ്യയന വർഷം പത്താം ക്ലാസ് പരീക്ഷ എഴുതാൻ പോകുന്നവരുടെ എണ്ണം ആകെ 4,22,451 വിദ്യാർത്ഥികളിൽ 1,38,458 പേർ സർക്കാർ സ്കൂളുകളിൽനിന്നും 2,53,539 പേർ എയ്ഡഡ് സ്കൂളുകളിൽനിന്നും 30,454 പേർ അൺ എയ്ഡഡ് മേഖലയിൽ നിന്നും പരീക്ഷയെഴുതുന്നു.

**അൺ-എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പരിശീലനം**

128(2715) <u>ശ്രീ. അനൂപ് ജേക്കബ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ മികവിന് നടത്തുന്ന പരിശീലന പരിപാടികളുടെ ഗുണഫലം സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ വിഷയം സംബന്ധിച്ച് സംസ്ഥാന ബാലാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പൊതുവിദ്യാലയങ്ങളിൽ നടത്തുന്ന ചില പ്രോഗ്രാമുകൾ അൺഎയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് കൂടി ലഭ്യമാക്കണം എന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം അപ്രായോഗികമായതിനാൽ പുന:പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷ കമ്മീഷന് നൽകിയിട്ടുണ്ട്.

## സ്കൂൾ ബസുകളിലെ സുരക്ഷാമാർഗരേഖ

129(2716) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിൽ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് പാലിക്കേണ്ട മാർഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കാലപ്പഴക്കമുള്ള സ്കൂൾ ബസുകളിൽ കുട്ടികളെ കുത്തി നിറക്കുന്നത്, അമിതവേഗം, അലക്ഷ്യമായ ഡ്രൈവിംഗ്, ഹെവി ലൈസൻസ് ഇല്ലാത്ത ഡ്രൈവർമാർ, ബസിൽ ക്ലീനർ, ആയ എന്നിവരില്ലാത്തത്, വേഗപ്പൂട്ട് ഘടിപ്പിക്കാത്തതും ഘടിപ്പിച്ചവ പ്രവർത്തനരഹിതമായതുമായ ബസ്സുകൾ എന്നീ ഘടകങ്ങളൊക്കെ സ്കൂൾ ബസ് യാത്രയിൽ കുരുന്നുകളുടെ ജീവൻ കവരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) സ്കൂൾ ബസുകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നൂതന നടപടികൾ കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

130(2717) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ വിദ്യാലയങ്ങളെ ഹൈടെക് ആക്കിയിട്ടും വിദ്യാലയങ്ങളിൽനിന്നും കുട്ടികൾ കൊഴിഞ്ഞു പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) നിലവിലെ കൊഴിഞ്ഞു പോക്കിന്റെ ശതമാനം എത്രയാണ്; ഏത് തലത്തിലുള്ള കുട്ടികളാണ് കൂടുതലായി കൊഴിഞ്ഞു പോകുന്നത്; വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞു പോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ അത്തരം കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 അധ്യയന വർഷത്തിൽ ആകെ 4487 വിദ്യാർത്ഥികളാണ് ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽനിന്നും കൊഴിഞ്ഞുപോയതായി കണക്കാക്കിയത്. ഇത് നിലവിലെ (2018-19) കൊഴിഞ്ഞുപോക്കിന്റെ 0.12 ശതമാനമാണ്. ഏറ്റവും കൂടുതലായി കൊഴിഞ്ഞു പോകുന്നത് ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളാണ്.

(സി) ഉണ്ട്. 2018-19 അധ്യയന വർഷം കൊഴിഞ്ഞുപോയ ആകെ 4487 കുട്ടികളിൽ 919 കുട്ടികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അതായത് ആകെ കൊഴിഞ്ഞുപോയ കുട്ടികളിൽ 21%-വും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരാണ്.

(ഡി) കൊഴിഞ്ഞുപോയ കുട്ടികളെ തിരികെ എത്തിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, ട്രൈബൽ ഡിപ്പാർട്ടുമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനമൈത്രി പോലീസ്, NGOs, സ്കൂൾ പി.റ്റി.എ.-കൾ എന്നിവർ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിലൂടെ ശ്രമിച്ചുവരുന്നു.

**സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികൾ**

131(2718) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019-20 അദ്ധ്യയനവർഷം സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അൺഎയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടുന്നത് ഏതൊക്കെ ക്ലാസുകളിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2019-20 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സർക്കാർ മേഖലയിൽ 65,215 കുട്ടികൾ പുതുതായി പ്രവേശനം നേടി.

(ബി) അൺ-എയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് പ്രവേശനം നേടുന്നത് 5-ഉം 8-ഉം ക്ലാസുകളിലാണ്.

## ഇരുപത്തിയഞ്ചിൽ കുറവ് വിദ്യാർത്ഥികളുള്ള സ്കൂളുകൾ

132(2719) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ചിൽ കുറവ് കുട്ടികൾ പഠിക്കുന്ന എത്ര സ്കൂളുകളുണ്ടെന്ന് അറിയിക്കാമോ; ആയത് സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകരാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് ഇരുപത്തിയഞ്ചിൽ കുറവ് കുട്ടികൾ പഠിക്കുന്ന 382 സർക്കാർ സ്കൂളുകളും 614 എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നു. ടി സ്കൂളുകളുടെ ജില്ലാതല ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) 25-ൽ കുറവ് കുട്ടികൾ പഠിക്കുന്ന 382 സർക്കാർ സ്കൂളുകളിലായി ആകെ 1401 അധ്യാപകരും 614 എയ്ഡഡ് സ്കൂളുകളിലായി ആകെ 2013 അദ്ധ്യാപകരും ഈ അദ്ധ്യയന വർഷം ജോലി ചെയ്യുന്നു. സ്കൂൾ തല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്കൂളുകൾക്ക് സുരക്ഷിത കെട്ടിടം

133 (2720) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കും സുരക്ഷിതമായ കെട്ടിടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) അടുത്ത സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിലുള്ള പരിശോധന നടത്തുന്നതിനും വയനാട്ടിൽ വിദ്യാർത്ഥി പാമ്പുകടിയേറ്റ് മരിച്ചതുപോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ സർക്കാർ സ്കൂളുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ&ബി) എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ നേരിട്ട് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. പരിശോധനയിൽ സുരക്ഷിതമല്ലായെന്നു കാണുന്ന കെട്ടിടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുകയോ ആയതിൽ ക്ലാസുകൾ നടത്തുവാൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. പുതിയ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യതവണ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും പിന്നീടുള്ള വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ചും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു.

വയനാട്ടിൽ നടന്നതുപോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. സംസ്ഥാനത്തെ സ്കൂളുകളിലെ പാഴ് ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക.

2. ക്ലാസ്സ് മുറികൾ, കോമ്പൗണ്ടു മതിലുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിള്ളലുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലുമുപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പുവരുത്തുക.

3. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുക.

4. ടോയ്‌ലറ്റുകളിൽ സ്വാഭാവിക വെളിച്ചം ഇല്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കുക.

5. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല.

6. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾ പോലും വളരെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.

7. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ്സ് മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.

8. സ്കൂളുകളുടെ വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതിയുള്ളതോ ആയ സർക്കാർ സ്കൂളുകൾക്ക് 2019-20-ലെ കേരള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

134 (2721) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന അക്കാദമിക് പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഭാഷാ വികസനത്തിനും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ട് വരുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ഡി) വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തി അതിലൂടെ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം സ്കൂളുകളിലെ പഠന-ബോധന നിലവാരവും ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഠനം വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമാക്കുന്നതിന് 'സമഗ്ര' എന്ന പ്രത്യേക വെബ് പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭാഗങ്ങൾ 'അപ് ലോഡ്' ചെയ്തിട്ടുണ്ട്. ഇത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാണ്. കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തേയും പ്രോത്സാഹിപ്പിക്കുന്നു. 8, 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നൈപുണികളുമായി ഉദ്ഗ്രഥിച്ച് ഉൾചേർത്തിട്ടുണ്ട്. കൂടാതെ പഠന പരിപോഷണ പരിപാടികളായ നമാറ്റ്സ്, സ്റ്റെപ്സ്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, സംസ്കൃത മാധുരി, അഹ് ലൻ അറബിക്, പ്യാരി ഉറുദു തുടങ്ങിയ പ്രത്യേക പരിപാടികൾ പഠന-ബോധന നിലവാരം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി 9941 സ്കൂളുകൾക്കുള്ള ഐ.ടി. ഉപകരണ വിതരണം പൂർത്തിയാക്കി. ഒന്നാംഘട്ടത്തിൽ ഉൾപ്പെടാതിരുന്ന 1331 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്കുള്ള ഉപകരണങ്ങൾ മാർച്ച് മാസത്തോടെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവും ഉൾപ്പെടെ ശേഷികൾ വികസിപ്പിക്കുന്നതിന് വിവിധങ്ങളായ പരിപാടികൾ എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി. എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കിയിട്ടുണ്ട്. ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന് 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'സുരീലിഹിന്ദി', 'അഹ് ലൻ അറബിക്', 'പ്യാരി ഉറുദു', 'സംസ്കൃതമാധുരി' എന്നീ സവിശേഷ പദ്ധതികൾ ഗവേഷണാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് നടത്തുന്ന 'ശ്രദ്ധ' എന്ന സവിശേഷ പരിപാടി, ശാസ്ത്രരംഗം, മെന്ററിംഗ് എന്നിവ പഠനം ഉറപ്പാക്കുന്നതിനും പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലും ലക്ഷ്യമിട്ടിട്ടുള്ളതാണ്.

(ഡി) ആവിഷ്കരിക്കുന്നതാണ്. കൂടുതൽ പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ പൊതുവിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

135(2722) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കില മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ടുപയോഗിച്ച് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിലയെ ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 446 സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി നടന്നുകഴിഞ്ഞു. ഇതിൽ 18 സ്കൂളുകളുടെ നോൺ ഫീസിബിലിറ്റി റിപ്പോർട്ടാണ് ലഭ്യമായത്. ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ച 428 സ്കൂളുകളിൽ 292 സ്കൂളുകളുടെ DPR ഇതിനകം KIIFB-ക്ക് അനുമതിക്കായി കില സമർപ്പിച്ചിട്ടുണ്ട്. ബാക്കിവരുന്ന 136 സ്കൂളുകളുടെ DPR 2020 മാർച്ച് 15-ന് മുമ്പായി KIIFB-ക്ക് സമർപ്പിക്കുവാൻ സാധ്യമാകും. KIIFB-യിൽനിന്ന് DPR അപ്രൂവൽ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ

136 (2723) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തീരുമാനപ്രകാരം വിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകിയ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്ക് ഒരു വർഷത്തോളമായി ശമ്പളം ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

## ചടയമംഗലം മണ്ഡലത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

137(2724) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ചടയമംഗലം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുവദിക്കപ്പെട്ട സ്കൂളുകളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| പദ്ധതി | സ്കൂൾ | ഏജൻസി (SPV) | നിലവിലെ സ്ഥിതി |
|---|---|---|---|
| 5 കോടി രൂപ | GVHSS കടയ്ക്കൽ | കൈറ്റ് | 81% പൂർത്തിയായി |
| 3 കോടി രൂപ | GHSS ചിതറ (2017-18) | കൈറ്റ് | 37% പൂർത്തിയായി |
| 3 കോടി രൂപ | 2018-19 ബഡ്ജറ്റ് പ്രസംഗം | | |
| | GHSS തേവന്നൂർ | ഇൻകൽ (INKEL) | DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| | GHSS കരുകോൺ | | |
| | GHSS കുമ്മിൾ | | |
| | GUPS കടയ്ക്കൽ | | |
| 1 കോടി രൂപ | GHSS വയല | കില (KILA) | DPR തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് |
| | GLPS ചിതറ | | |
| | GUPS വെള്ളൂപ്പാറ | | |
| | GMGHSS ചടയമംഗലം | | |
| | GUPS നിലമേൽ | | |

ചടയമംഗലം മണ്ഡലത്തിലെ സ്കൂളുകൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ സർക്കാർ, എയ്ഡഡ്, പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണങ്ങൾ 'കൈറ്റ്' മുഖാന്തരം വിതരണം ചെയ്തു. കൂടാതെ കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും 2020 മാർച്ച് അവസാനത്തോടെ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വയനാട് ജില്ലയിലെ സ്കൂളുകളിൽ 'കില' മുഖേന നടപ്പാക്കുന്ന പദ്ധതി

138(2725) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്താൽ ഒരു കോടി രൂപ ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്ന 'കില' മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഓരോ സ്കൂളിന്റെയും പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ സ്കൂളുകൾ താഴെപ്പറയുന്നവയാണ്.

1. GUPS തലപ്പുഴ
2. GHSS തൃശ്ശിലേരി
3. GHS വാരാമ്പറ്റ
4. GHSS നീർവാരം
5. GHS പെരിയ
6. GHSS കുഞ്ഞോം

7. GUPS മാനന്തവാടി
8. GHS തരുവണ
9. GUPS തരുവണ
10. GHSS ആറാട്ടുതറ
11. GHS ബീനാച്ചി
12. GHS പെരിക്കല്ലൂർ
13. GLPS മീനങ്ങാടി
14. GHS ഇരുളത്ത്
15. Govt. Technical HS സുൽത്താൻ ബത്തേരി
16. GHS കുപ്പാടി
17. GHS വകേരി
18. RGMRHS നൂൽപ്പുഴ
19. GHS കല്ലൂർ
20. Govt. SVHSS സുൽത്താൻ ബത്തേരി
21. GHSS തരിയോട്
22. GUPS കണിയാമ്പറ്റ
23. GVHSS വെള്ളാർമല
24. GHSS അച്ചൂർ
25. GUPS പിണങ്ങോട്
26. GHSS വൈത്തിരി
27. GHS കോട്ടത്തറ
28. GHS റിപ്പൺ
29. GHSS പനങ്ങണ്ടി
30. GHSS പടിഞ്ഞാറത്തറ

(ബി) 21 സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. തൃശ്ശിലേരി, ഗവൺമെന്റ് എച്ച്.എസ്. വാരാമ്പറ്റ, ഗവൺമെന്റ് എച്ച്.എസ്.എസ്. നീർവാരം, ഗവൺമെന്റ് എച്ച്.എസ്. തരുവണ, ഗവൺമെന്റ് യു.പി.എസ്. തരുവണ, ഗവൺമെന്റ് ടെക്നിക്കൽ എച്ച്.എസ്. സുൽത്താൻ ബത്തേരി, ഗവൺമെന്റ് എസ്.വി.എച്ച്.എസ്.എസ്. സുൽത്താൻ ബത്തേരി, ജി.എച്ച്.എസ്. റിപ്പൺ, ഗവൺമെന്റ് എച്ച്.എസ്.എസ്. പടിഞ്ഞാറത്തറ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം

139(2726) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാര നിർണ്ണയം

140(2727) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നടന്നുവരുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ ഗുണമേന്മ ഉള്ളതാണോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത വിതരണങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് മൈക്രോ ബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഉച്ചഭക്ഷണം വിതരണംചെയ്യുന്ന എല്ലാ സ്കൂളുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുവാൻ NABL അക്രെഡിറ്റേഷനുള്ളതും കേന്ദ്ര സർക്കാരിന്റെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിക്കുന്നതുമായ ലബോറട്ടറിയുമായി ധാരണാപത്രം നിലവിലുണ്ട്.

(ബി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന പാൽ പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നോ മിൽമയിൽ നിന്നോ ആണ് വാങ്ങുന്നത്. അത്യാവശ്യം വേണ്ട ഗുണമേന്മ പരിശോധനകൾക്കുശേഷമാണ് പ്രാദേശിക ക്ഷീര കർഷകരിൽ നിന്നും സഹകരണസംഘങ്ങൾ പാൽ ശേഖരിക്കുന്നത്.

(സി) പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ട ചുമതല അതാത് സ്കൂൾ ഉച്ച ഭക്ഷണ കമ്മിറ്റികൾക്കാണ്. പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുന്ന പാലിന്റെ ഗുണമേന്മ സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം**

141 (2728) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂളുകളിൽ പ്രഭാത ഭക്ഷണ പരിപാടി നടപ്പിലുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) ഉച്ചഭക്ഷണത്തിന് കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതമായി 2018-19, 2019-20 വർഷങ്ങളിൽ എത്ര തുക ലഭിച്ചു; ഇതിൽ എത്ര വിതരണം ചെയ്തു; ഇനി എത്ര വിതരണം ചെയ്യാനുണ്ട്?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ പി.ടി.എ.-കൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവയുടെ ധനസഹായത്തോടെയുള്ള പ്രഭാത ഭക്ഷണ പരിപാടി, സർക്കാർ/എയ്ഡഡ് മേഖലകളിലായി ആകെ 2360 സ്കൂളുകളിൽ നടപ്പിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 282 |
| കൊല്ലം | - | 249 |
| പത്തനംതിട്ട | - | 66 |
| ആലപ്പുഴ | - | 113 |
| കോട്ടയം | - | 98 |
| ഇടുക്കി | - | 31 |
| എറണാകുളം | - | 233 |
| തൃശ്ശൂർ | - | 73 |
| പാലക്കാട് | - | 119 |
| മലപ്പുറം | - | 49 |
| കോഴിക്കോട് | - | 686 |
| വയനാട് | - | 284 |
| കണ്ണൂർ | - | 38 |
| കാസർഗോഡ് | - | 39 |

(സി) 2018-19, 2019-20 വർഷങ്ങളിൽ ലഭിച്ചതും വിതരണം ചെയ്തതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | | സ്കൂളുകൾക്ക് വിതരണം ചെയ്ത തുക (ലക്ഷത്തിൽ) | |
|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
| 2018-19 | 21224.59 | 39287.41 | 19477.54 | 35374.91 |
| 2019-20 | 19962.41 | 32100 | 19862.69 | 27136.71 |

2019-20 അദ്ധ്യയന വർഷം ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും ആവശ്യമായ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് കടത്തുകൂലി ഇനത്തിൽ നൽകുവാനുള്ള തുകയ്ക്ക് ബില്ലുകൾ ലഭിച്ചിട്ടില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ പദ്ധതികൾ

142(2729) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അഞ്ച് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) എറണാകുളം ജില്ലയിലെ പുത്തൻതോട് ഗവ.എച്ച്.എസ്.എസ്. സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾക്കായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും ഭരണാനുമതി നൽകിയ ഒരു കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) ഈ തുക വിനിയോഗിച്ച് മാസ്റ്റർ പ്ലാനിലെ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 5 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം ജില്ലയിലെ സ്കൂളുകളും അവയുടെ നിജസ്ഥിതിയും താഴെപ്പറയുന്നവയാണ്.

| ക്രമ. നം. | സ്കൂൾ | നിർമ്മാണ പ്രവൃത്തി |
|---|---|---|
| 1 | ഞാറയ്ക്കൽ ജി.എച്ച്.എസ്.എസ്. | 61% പൂർത്തിയായി |
| 2 | തൃപ്പൂണിത്തുറ ജി.ജി.എച്ച്.എസ്.എസ്. | 59% പൂർത്തിയായി |
| 3 | ഇടപ്പള്ളി ജി.എച്ച്.എസ്.എസ്. | 66% പൂർത്തിയായി |
| 4 | പിറവം ജി.എച്ച്.എസ്.എസ്. | 66% പൂർത്തിയായി |
| 5 | പെരുമ്പാവൂർ ജി.ജി.എച്ച്.എസ്.എസ്. | 36% പൂർത്തിയായി |
| 6 | ചേന്ദമംഗലം ജി.എച്ച്.എസ്.എസ്. | 7% പൂർത്തിയായി |
| 7 | പെഴക്കാപ്പള്ളി ജി.എച്ച്.എസ്.എസ്. | 69% പൂർത്തിയായി |
| 8 | വാഴക്കുളം സൗത്ത് ജി.എച്ച്.എസ്.എസ്. | 92% പൂർത്തിയായി |
| 9 | ചെറുവത്തൂർ ജി.എച്ച്.എസ്.എസ്. | 83% പൂർത്തിയായി |
| 10 | ഫോർട്ട് കൊച്ചി ജി.ഇ.എം. ജി.എച്ച്.എസ്.എസ്. | 55% പൂർത്തിയായി |
| 11 | കൊങ്ങരപ്പള്ളി ജി.എച്ച്.എസ്. | 56% പൂർത്തിയായി |
| 12 | ഇളമക്കര ജി.എച്ച്.എസ്.എസ്. | 38% പൂർത്തിയായി |
| 13 | നായത്തോട് എം.ജി.എം. എച്ച്.എസ്.എസ്. | 43% പൂർത്തിയായി |
| 14 | ചെങ്ങമനാട് ജി.എച്ച്.എസ്.എസ്. | 28% പൂർത്തിയായി |
| 15 | ജി.എച്ച്.എസ്.എസ്. പുത്തൻതോട് | 10% പണി പൂർത്തിയായി |

(സി) വാഴക്കുളം സൗത്ത് ജി.എച്ച്.എസ്.എസ്.-ഉം ചെറുവത്തൂർ ജി.എച്ച്.എസ്.എസും 2020 മാർച്ച് മാസാവസാനത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി സ്കൂളുകൾ ജൂൺ മാസത്തോടുകൂടി പൂർത്തിയാക്കുവാനുള്ള സത്വരനടപടികൾ കൈക്കൊള്ളുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) കിഫ്ബി ഫണ്ടായി അനുവദിച്ച 5 കോടി രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാകുന്ന ഒരു കോടി രൂപയും ചേർത്ത് സംയോജിതമായാണ് മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

## വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്ന ശാസ്ത്രപഥം പദ്ധതി

143(2730) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ശാസ്ത്രപഥം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഈ വർഷവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദ്യാർഥികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്രത്തെ മനസ്സിലാക്കുന്നതിനും ശാസ്ത്രമേഖലയിലെ ഗവേഷണങ്ങളിൽ താത്പര്യം ഉണ്ടാക്കുന്നതിനും ഉതകുന്ന ഇത്തരം പദ്ധതി വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനൊന്നാം ക്ലാസിൽ സയൻസ് കോമ്പിനേഷനിൽ പഠിക്കുന്ന തെരഞ്ഞെടുത്ത കുട്ടികൾക്കായി കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശാസ്ത്രപഥം. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത കോളേജുകളിൽ അതാതു ജില്ലയിലെ കുട്ടികൾക്ക് മൂന്നു ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ ശാസ്ത്രാവബോധം, ശാസ്ത്രചരിത്രം ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണം, ശാസ്ത്ര രംഗത്തുള്ള പുതിയ നേട്ടങ്ങൾ, ഐ.റ്റി. മേഖലയുടെ ഉപയോഗം, പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രഭാഷണങ്ങൾ, ശാസ്ത്രശാഖയിലുണ്ടാകുന്ന വികാസങ്ങൾ, ശാസ്ത്ര വിജ്ഞാനം, ശാസ്ത്രജ്ഞന്മാരുമായിട്ടുള്ള മുഖാമുഖം എന്നിവയ്ക്ക് ഊന്നൽ നൽകി. തെരഞ്ഞെടുക്കപ്പെട്ട കോളേജിലെ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക ജില്ലാതല പ്രോഗ്രാം കോർഡിനേറ്ററായി പ്രവർത്തിച്ചു. ജില്ലാതലത്തിൽ ഓരോ ക്യാമ്പിൽ നിന്നും മികവു പുലർത്തിയ 10 വീതം കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് ഐസർ തിരുവനന്തപുരത്ത് 5 ദിവസത്തെ സംസ്ഥാന ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാനതല ക്യാമ്പിൽ 14 ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു. ശാസ്ത്രപഥം പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) ശാസ്ത്രപഥം പദ്ധതി ഈ വർഷവും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2019-20-ൽ സയൻസ് വിഭാഗത്തിൽ 60 കുട്ടികൾ വീതമുള്ള 2 ബാച്ചും ഹ്യുമാനിറ്റീസ്, കോമേഴ്സ് വിഭാഗത്തിൽ 60 കുട്ടികൾ വീതമുള്ള ഓരോ ബാച്ചും അടങ്ങുന്ന മൂന്ന ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉന്നത ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് ശാസ്ത്രപഥം പദ്ധതി വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന് 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ**

144(2731) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക കഴിവും നൈപുണ്യവുമുള്ള വിദ്യാർത്ഥികളെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനോ മാർഗ്ഗനിർദ്ദേശം നൽകുന്നതിനോ എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നടപ്പിലാക്കുവാനാണ് "വിദ്യാലയത്തിനൊപ്പം" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടില്ല. സ്കൂളുകളുടെ അവസ്ഥാപഠനം, ഓരോ സ്കൂളിനും അനുയോജ്യമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, പഠനബോധന മാതൃകകൾ വികസിപ്പിക്കൽ, വിഭവങ്ങൾ ലഭ്യമാക്കൽ, സ്കൂൾ അധിഷ്ഠിത അധ്യാപക ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിപ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ മികവുകാട്ടുന്ന കുട്ടികളെ കൂടുതൽ മികവിലേയ്ക്ക് ഉയർത്തുവാൻ സഹായകമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി) ഇല്ല.

## പൊതുവിദ്യാലയങ്ങളിലെ സ്കോളർഷിപ്പ് പരീക്ഷ

145(2732) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നാല്, ഏഴ് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര ശതമാനം മാർക്ക് ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുകയെന്നും എത്ര രൂപ വീതമാണ് ലഭിക്കുകയെന്നും വിശദീകരിക്കുമോ;

(ബി) ഏഴാം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ ഗിഫ്റ്റഡ് ചൈൽഡ് എന്ന പദവി ലഭിക്കുന്നതിന് എത്ര ശതമാനം മാർക്ക് ലഭിക്കണമെന്നും ഈ പദവി ലഭിക്കുന്നവർക്ക് സർക്കാർ പ്രത്യേക പരിശീലന പദ്ധതികളോ തുടർപഠന പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ;

(സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് ആറാം ക്ലാസുകാർക്ക് നടത്തുന്ന പരീക്ഷകളിൽ സംസ്ഥാന തലത്തിലെത്തുന്നവർക്ക് വേണ്ടി എന്തെല്ലാം തുടർവിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അപ്പർ പ്രൈമറി തലത്തിൽ ഇത്തരത്തിലുള്ള പൊതുപരീക്ഷകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പുകൾ യഥാക്രമം 1000, 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എൽ.എസ്.എസ്. പരീക്ഷയിൽ രണ്ട് പേപ്പറിനും കൂടി 60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിനുള്ള യോഗ്യത. ഉപജില്ലയിൽ എസ്.സി./എസ്.ടി. ഒ.ഇ.സി., വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിശ്ചിത സ്കോർ ലഭിച്ചില്ലെങ്കിൽ ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. ഈ കുട്ടി 50% സ്കോർ നേടിയിരിക്കണം. യു.എസ്.എസ്. പരീക്ഷയിൽ 2 പേപ്പറിനും കൂടി 70 ശതമാനമോ അതിൽ കൂടുതലോ സ്കോർ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്.

(ബി) യു.എസ്.എസ്. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികളിൽ നിന്നും ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ നിന്നും 40 കുട്ടികളെ വീതം ഗിഫ്റ്റഡ് ചിൽഡ്രൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. 30 കുട്ടികളെ മെറിറ്റ് അടിസ്ഥാനത്തിലും 10 കുട്ടികളെ സംവരണ അടിസ്ഥാനത്തിലുമാണ് തെരഞ്ഞെടുക്കുന്നത്. ഈ കുട്ടികൾക്ക് 8-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സ് പൂർത്തിയാകുന്നത് വരെ പ്രത്യേക പരിശീലന പരിപാടി നൽകിവരുന്നു. ശനി, ഞായർ ദിവസങ്ങളിലാണ് ടി പരിശീലന പരിപാടികൾ നടത്തുന്നത്.

(സി) സാമൂഹ്യശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ ആറാം ക്ലാസ്സുകാർക്കായി പരീക്ഷ നടത്തുന്നില്ല. എന്നാൽ മേൽ വിഷയങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് സംസ്ഥാന തലത്തിൽ എസ്.ഇ.ആർ.ടി. യഥാക്രമം 7, 10 ദിവസം നീളുന്ന പഠന ക്യാമ്പ് സംഘടിപ്പിച്ചുവരുന്നു. ഈ വിദ്യാർത്ഥികൾക്ക് ഗണിത വിഷയത്തിൽ പന്ത്രണ്ടാം ക്ലാസ്സ് വരെയും സാമൂഹിക ശാസ്ത്രത്തിൽ പത്താം ക്ലാസ്സ് വരെയും അതാത് വിഷയങ്ങളിൽ കൂടുതൽ ആഴത്തിലുള്ള അനുഭവങ്ങൾ നൽകുന്ന പരിപോഷണ പരിപാടികളാണ് നടത്തി വരുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**വിദ്യാർത്ഥികൾക്ക് ആരോഗ്യ-കായിക വിദ്യാഭ്യാസം**

146(2733) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്ക് ആരോഗ്യ-കായിക വിദ്യാഭ്യാസം നല്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ ഉദ്ഗ്രഥിത സമീപനത്തിന്റെ ഭാഗമായി ആരോഗ്യ കായിക വിദ്യാഭ്യാസം നൽകിവരുന്നു. അഞ്ച് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ആക്ടിവിറ്റി ബുക്കുകളും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികളുടെ സമഗ്ര ആരോഗ്യ-കായിക പരിപാലനത്തിന്റെ ഭാഗമായി 'ഹെൽത്തി കിഡ്സ്' എന്ന പേരിൽ ഒരു ഗവേഷണ പഠനം എസ്.സി.ഇ.ആർ.ടി. നടത്തിവരുന്നു. നിലവിൽ ട്രൈ ഔട്ട് നടക്കുകയാണ്.

### പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാപഠനം

147(2734) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന 'ശ്രദ്ധ' പദ്ധതിയിൽ ഇംഗ്ലീഷ് ഭാഷയ്ക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പഠനപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ നടക്കുന്ന 'ഹലോ ഇംഗ്ലീഷ്', കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ഈ ക്യൂബ്' എന്നീ പദ്ധതികളും ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്.

### സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ

148(2735) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി സ്കൂളുകൾ യു.പി സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ; എത്ര വർഷം മുമ്പാണ് ഇത്തരം പ്രോസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എൽ.പി സ്കൂൾ യു.പി സ്കൂൾ ആക്കുന്നതിനും യു.പി സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനും വേണ്ടി ഏതൊക്കെ വിദ്യാലയങ്ങളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അർഹതയുള്ള സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഈ സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം V ചട്ടം 2, 2 (a) എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സംസ്ഥാനത്തെ സ്കൂളുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ വിദ്യാഭ്യാസ

ആവശ്യകത പരിഗണിച്ചുകൊണ്ടുമാണ് എൽ.പി. സ്കൂൾ യു.പി.സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്തു വന്നിരുന്നത്. കൂടാതെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഘട്ടംഘട്ടമായി അതാതു പ്രദേശത്തെ തദ്ദേശ ഭരണാധികാരികളുടെയും (Local Authority) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും (AEO) ശിപാർശകളുടെയും നിലവിലെ സ്കൂളുകളുടെ സമീപപ്രദേശങ്ങളിലെ സ്കൂളുകളിലെ അത്തരം ക്ലാസ്സുകളുടെ ലഭ്യതയും വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. KER നടപടി ക്രമങ്ങളിലെ ആദ്യഘട്ടമായ സ്കൂൾ മാപ്പിംഗ് പൂർത്തീകരിച്ച് 2017-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്ത പ്രദേശത്തെ സർക്കാർ സ്കൂളുകളെ മാത്രം പരിഗണിക്കുന്നതിന് തത്വത്തിൽ സർക്കാർ തീരുമാനമെടുത്തിരുന്നു. ഓരോ സ്കൂളിന്റെയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ കണക്കാക്കി ഭൗതിക സാഹചര്യങ്ങൾ നിലവിലില്ലെങ്കിൽ ആയത് എങ്ങനെ ലഭ്യമാക്കാൻ കഴിയുമെന്നുള്ള ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കാൻ നടപടി

149(2736) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അങ്കണവാടികൾക്ക് സ്കൂൾ വളപ്പിൽ തന്നെ പ്രവർത്തിക്കാൻ സൗകര്യമൊരുക്കുമോ;

(ബി) അടുത്ത അധ്യയന വർഷം മുതൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രീപ്രൈമറി ഉള്ളതും ഇല്ലാത്തതുമായ സ്കൂളുകളിൽ പദ്ധതി നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂളുകളുടെ പരിസരത്തുള്ള ഒന്നിലധികം അങ്കണവാടികളെ ഇപ്രകാരം ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അങ്കണവാടികളെ പ്രീസ്കൂളുമായി ജൈവികമായി ബന്ധിപ്പിച്ച് വിഭവങ്ങൾ പരസ്പരം കൈമാറുന്ന ക്ലസ്റ്ററധിഷ്ഠിത പ്രീ-സ്കൂൾ സംവിധാനം പൈലറ്റായി 414 ക്ലസ്റ്ററുകളിൽ ചെയ്തുവരുന്നു. ഇവയുടെ ഫലപ്രാപ്തി വിലയിരുത്തിയതിന് ശേഷം മാത്രമേ തുടർ പ്രവർത്തന സാധ്യതയുള്ളൂ.

(ഡി) പൈലറ്റായി ചെയ്യുന്ന ക്ലസ്റ്ററിൽ നിലവിൽ ഒരു പ്രീ-സ്കൂളിനോട് ചേർന്ന് മൂന്ന് അങ്കണവാടികളെയാണ് ബന്ധിപ്പിച്ചിരിക്കുന്നത്.

**എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ പരീക്ഷാ പേടി**

150(2737) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ പേടി ഒഴിവാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികളെ അമിതമായ മാനസിക സംഘർഷത്തിലേയ്ക്ക് തള്ളി വിടാതെ അവരെ ശരിയായ വിധത്തിൽ നയിക്കുന്നതിന് രക്ഷാകർത്താക്കളെ ഉൾപ്പെടുത്തി ഓരോ സ്കൂളിലും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ പേടി ഒഴിവാക്കുന്നതിന് സ്കൂൾതലത്തിൽ, ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

(ബി) പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ തന്നെ കുട്ടികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ, ആവശ്യമുള്ളവർക്ക് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ**

151(2738) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ സജ്ജീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രാഥമിക ജലപരിശോധന ലാബുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താത്പര്യമുള്ള സ്കൂൾ പ്രിൻസിപ്പൽമാർ അതത് ജില്ല ഹരിതകേരള മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കേരള മിഷൻ ജില്ല കോ-ഓർഡിനേറ്റർമാർ ഇതു സംബന്ധിച്ച് ഏകോപനം സാധ്യമാക്കുന്നതാണ്.

(സി) ലാബ് നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും ഹരിതകേരള മിഷൻ ലഭ്യമാക്കും. ഇതിനാവശ്യമായ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. ഇതിനായി നിയമസഭാ സാമാജികരുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റം**

152(2739) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കണ്ടറി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റം നടപ്പാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിനുമുമ്പേ ആയത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭരണപരമായ സൗകര്യത്തിനായി ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികകളിലെ ജീവനക്കാരെ 17-1-2020-ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മറ്റു വിഭാഗങ്ങളുടെ കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

## ഹയർ സെക്കണ്ടറി തലത്തിൽ നിയമപഠനം

153(2740) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിൽ നിയമപഠനം പ്രാവർത്തികമാക്കിയ സർക്കാർ ഹയർ സെക്കൻഡറി തലത്തിലും ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ;

(ബി) ഹയർസെക്കൻഡറിയിൽ നിയമപഠനം ഉറപ്പാക്കുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദ്ദേശം നൽകുമോ;

(സി) നിയമപരമായ വിഷയങ്ങളിൽ ആവശ്യമായ അറിവ് കുട്ടികൾക്ക് ലഭ്യമാക്കി അവരെ ഉത്തമ പൗരൻമാരാക്കുന്നതിന് ഇത് അനിവാര്യമാണെന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

## എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി)

154(2741) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി) ജൂനിയർ കേഡർ സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി) ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തസ്തികമാറ്റത്തിലൂടെ നിയമിക്കുന്നതിനായും ബൈ ട്രാൻസ്ഫർ പ്രൊമോഷനായും നീക്കി വച്ചിട്ടുള്ള (ഹിസ്റ്ററി) ജൂനിയർ തസ്തികയിലെ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷം എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി) ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഹിസ്റ്ററി (ജൂനിയർ) കേഡർ സ്ട്രങ്ത് - 100 ആണ്.

(ബി) നേരിട്ടുള്ള നിയമനത്തിന് 40-ഉം (39 ജനറൽ + 1 എസ്.ടി. മാത്രം) ബൈട്രാൻസ്ഫർ നിയമനത്തിന് 7-ഉം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഹിസ്റ്ററി ജൂനിയർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 24 ഒഴിവുകൾ.

(ഡി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഹിസ്റ്ററി ജൂനിയർ അധ്യാപകർക്ക് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ഹിസ്റ്ററി ആയി തസ്തിക മാറ്റം നൽകുമ്പോൾ 9 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വൊക്കേഷണൽ കോഴ്സുകളുടെ പരിഷ്കരണം**

155(2742) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൊക്കേഷണൽ സ്കൂളുകളാണുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്തേയ്ക്ക് പഠിച്ച കോഴ്സുകളിൽ തുടർപഠനം സാധ്യമാകാതെ പോകുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും വൊക്കേഷണൽ കോഴ്സുകൾക്ക് കാലോചിതമായ പരിഷ്കരണം നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളാണ് ഏറെയും വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഇവരുടെ ക്ഷേമം മുൻനിർത്തി സ്കൂളുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 41 |
| കൊല്ലം | 52 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 21 |
| കോട്ടയം | 31 |
| ഇടുക്കി | 16 |
| എറണാകുളം | 34 |
| തൃശ്ശൂർ | 36 |
| പാലക്കാട് | 25 |
| മലപ്പുറം | 27 |
| കോഴിക്കോട് | 28 |
| വയനാട് | 10 |
| കണ്ണൂർ | 19 |
| കാസർഗോഡ് | 22 |

(ബി) ഉണ്ട്.

(സി) 2018 ഡിസംബർ മാസം 27-നുള്ളിൽ സംസ്ഥാനത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യു.എഫ്. അധിഷ്ഠിതമായിരിക്കണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയനവർഷം 66 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും 2019-20 അദ്ധ്യയനവർഷം 35 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുമായി 17 ജോബ് റോളുകൾ ഉൾപ്പെടുത്തി, NSQF അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2020-21 അദ്ധ്യയനവർഷം മുതൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും NSQF അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

NSQF പാഠ്യപദ്ധതിയിൽ പഠിതാവിന് വ്യവസായിക അനുബന്ധ പ്രവർത്തനങ്ങളുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന് സാധിക്കുന്നു. NSQF മുഖേന വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ദേശീയതലത്തിൽ ഗുണനിലവാരം

ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കപ്പെടുക മാത്രമല്ല, പഠിതാക്കൾക്ക് രാജ്യത്തെല്ലായിടത്തും സ്വീകാര്യമായ യോഗ്യത കൈവരിക്കുവാനും സാധിക്കുന്നു. കൂടാതെ ഇവർക്ക് ദേശീയവും അന്തർദേശീയവുമായ ചലനാത്മകത പ്രസ്തുത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉറപ്പാക്കുകയും ചെയ്യുന്നു.

(ഡി) പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് വഴി 500 മുതൽ 1000 കുട്ടികൾ വരെ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിൽ 37 വി.എച്ച്.എസ്.ഇ. സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ ലാബുകളുടെ നവീകരണവും നടത്തിയിട്ടുണ്ട്.

### വിദ്യാർത്ഥികളുടെ എണ്ണം ഉറപ്പാക്കാൻ ആധാർ പരിശോധന

156(2744) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വ്യാജ അഡ്മിഷനിലൂടെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ ആധാർ പരിശോധനയിൽ യഥാർത്ഥ കുട്ടികളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

### വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

157(2745) ശ്രീ. അനൂപ് ജേക്കബ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളിൽ

വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ആറു മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കുന്നതിനും അവർ ലഹരിക്ക് അടിമകളല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടികൾക്ക് അവരുടെ ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കുവാൻ ഉതകുന്ന സംവിധാനം ഒരുക്കുന്നതിനും കരിക്കുലത്തിൽ സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 'വിമുക്തി' എന്ന പേരിലുള്ള ക്യാമ്പയിൻ സ്കൂളുകളിൽ നടത്തിവരുന്നു. സ്കൂൾ പരിസരത്ത് 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ, ലഹരി വസ്തുക്കളുടെ വില്പന നിരോധിക്കുകയും ഇക്കാര്യം ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യ/ലഹരി മരുന്നുകളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് പ്രൈമറി സ്കൂൾ തലം മുതൽ വിവിധതരം ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) കുട്ടികളുടെ ഒഴിവു സമയം ക്രിയാത്മകമായി ചെലവഴിക്കുന്നതിന് സ്കൂളുകളിൽ കലാകായിക പഠനത്തിനായി പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നിലവിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

**ജി.എച്ച്.എസ്.എസ്. വിജയരാഘവപുരത്തിന് ശതാബ്ദി ബ്ലോക്ക്**

158(2746) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽ ശതാബ്ദി ആഘോഷിക്കുന്ന ഗവ: ഹയർ സെക്കന്ററി സ്കൂൾ വിജയരാഘവപുരത്തിന് ലാബ്, ലൈബ്രറി, കൗൺസിലിംഗ് റൂം, സ്റ്റാഫ് റൂം എന്നിവ ഉൾപ്പെടെയുള്ള ഒരു ശതാബ്ദി ബ്ലോക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വകുപ്പിന്റെ ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ലാബ്, ലൈബ്രറി, കൗൺസിലിംഗ് റൂം, സ്റ്റാഫ് റൂം എന്നിവ ഉൾപ്പെടെയുള്ള ഒരു ശതാബ്ദി ബ്ലോക്ക് നിർമ്മിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പുതുക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം**

159(2747) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തിക്കായി കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ള പുതുക്ക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തീകരിക്കും;

(ബി) ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പുതുക്ക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. എസ്.പി.വി.ആയ "കില" തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്. രണ്ടു നിലകളിലായുള്ള അക്കാദമിക് ബ്ലോക്ക് നിർമ്മാണമാണ് ടി സ്കൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങൾ

160(2748) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിലെ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്. വിദ്യാലയങ്ങൾ ഏതൊക്കെയെന്നും ഓരോ സ്കൂളിലും ഈ വിഭാഗങ്ങളിൽ 2016 മുതൽ ഓരോ അദ്ധ്യയന വർഷത്തെയും വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിലെ എൽ.പി., യു.പി., എച്ച്.എസ്, വിദ്യാലയങ്ങളുടെ പട്ടികയും ഓൺലൈൻ സംവിധാനത്തിൽ സമ്പൂർണ്ണ സോഫ്റ്റ് വെയറിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ വിവരശേഖരണം ആരംഭിച്ച 2017-18 അദ്ധ്യയനവർഷം മുതലുള്ള ടി മണ്ഡലത്തിലെ ഓരോ വിദ്യാലയത്തിലെയും ആകെ കുട്ടികളുടെ എണ്ണവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

## വാമനപുരം ജവഹർ കോളനി എച്ച്.എസ്.ന്റെ വികസനപ്രവൃത്തികൾ

161(2749) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Rt) No.4559/2017/G.Edn. തീയതി 24/11/2017 പ്രകാരം നബാർഡ് ഫണ്ടും ആർ.എം.എസ്.എ. ഫണ്ടും ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ ജവഹർ കോളനി എച്ച്.എസ്.-ന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി ടെണ്ടർ ചെയ്തതിന് ശേഷം നിർത്തിവയ്ക്കാനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചുവെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തെങ്കിലും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. 52 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായി ആർ.എം.എസ്.എ.യുടെ ഫണ്ട് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരത്തെ കൈമാറിയിരുന്നതിനാൽ ആവശ്യമായ ഫണ്ട് ആർ.എം.എസ്.എ.യുടെ വകയിരുപ്പിലുണ്ടായിരുന്നില്ല. ആയതിനാൽ G.O.(Rt)No.4559/2017/G.Edn. തീയതി 24-11-2017-ൽ പ്രതിപാദിച്ച 52 സ്കൂളുകൾക്ക് ഫണ്ട് ലഭ്യമായില്ല. അതിനാൽ ടെണ്ടർ നടപടി പൂർത്തിയായ ശേഷം പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല.

(സി&ഡി) G.O.(Rt)No.846/2020/പൊ.വി.വ. തീയതി 18-2-2020 പ്രകാരം പുതുക്കിയ സ്കൂളുകളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി* ചേർത്തിട്ടുണ്ട്. അതിൽ തിരുവനന്തപുരം ജില്ലയിൽനിന്നും ഗവൺമെന്റ് യു.പി.എസ്. ജവഹർ കോളനി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മിതൃമ്മല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിട നിർമ്മാണ പദ്ധതി**

162(2750) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Rt.) No. 2830/2018/G.Edn 25-7-2018 തീയതി പ്രകാരം 149.96 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ച മിതൃമ്മല ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിട നിർമ്മാണപദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം

163(2751) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ്, ഇന്റൽ, വാപ്കോസ്, കില എന്നീ എസ്.പി.വി. കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ മങ്കര ജി.എച്ച്.എസ്സ്., കരിമ്പ ജി.എച്ച്.എസ്സ്., പൊറ്റശ്ശേരി ജി.എച്ച്.എസ്സ്., കോങ്ങാട് ജി.യു.പി.എസ്സ്., കാരാക്കുർശ്ശി ജി.എച്ച്.എസ്സ്.എസ്സ്, കരിമ്പ ജി.യു.പി.എസ്സ്., എടത്തറ ജി.യു.പി.എസ്സ്. എന്നീ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച പുരോഗതി വിവരം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഒരു സ്കൂളിന്റെ പോലും നിർമ്മാണ പ്രവർത്തനം നാളിതുവരെ തുടങ്ങിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭ്യമാക്കി കൈറ്റ് (KITE), ഇൻകൽ (INKEL), വാപ്കോസ് (WAPCOS), കില (KILA) എന്നീ എസ്.പി.വി.-കൾക്കായി നൽകിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെചേർക്കുന്നു.

ഇൻകൽ

ജി.എച്ച്.എസ്. മങ്കര, ജി.എച്ച്.എസ്. കരിമ്പ, ജി.എച്ച്.എസ്. പൊറ്റശ്ശേരി, ജി.യു.പി.എസ്. കോങ്ങാട്- ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

വാപ്കോസ്

ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശി - ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

കില

ജി.യു.പി.എസ്. കരിമ്പ, ജി.യു.പി.എസ്. ഇടത്തറ - ഡി.പി.ആർ. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട 'എസ്.പി.വി'.കൾ സ്വീകരിച്ചുവരുന്നുണ്ട്.

**വാമനപുരം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവൃത്തികൾ**

164(2752) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ഭരതന്നൂർ, ജി.വി.എച്ച്.എസ്.എസ്. കല്ലറ, ജി.ബി.എച്ച്.എസ്.എസ്. മിതൃമ്മല എന്നീ വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ;

(ബി) ജി.ബി.എച്ച്.എസ്.എസ്. മിതൃമ്മലയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണ് കാരണമെന്നും കാരണക്കാർ ആരെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരതന്നൂർ ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം 54 ശതമാനം പൂർത്തിയായി. കല്ലറ ജി.വി.എച്ച്.എസ്.എസിന്റെ നിർമ്മാണം 61 ശതമാനം പൂർത്തിയായി. മിതൃമ്മല ജി.ബി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനായി ടെണ്ടർ നൽകിയിട്ടുണ്ട്.

(ബി&സി) മിതൃമ്മല ജി.ബി.എച്ച്.എസിന്റെ നിർമ്മാണ ചുമതല എസ്.പി.വി. ആയ കൈറ്റിനെയായിരുന്നു ഏൽപ്പിച്ചിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിലും പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലും ഉണ്ടാകുന്ന കാലതാമസം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ, കിഫ്ബിയുടെ സാങ്കേതിക പ്രശ്നങ്ങൾ, മാനവവിഭവ ശേഷിയുടെ അപര്യാപ്തത തുടങ്ങിയ കാര്യങ്ങളാൽ സ്കൂളുകളുടെ

പ്രവർത്തനങ്ങൾ എസ്.പി.വി. എന്ന നിലയിൽ ഏറ്റെടുത്തു നടത്താൻ കഴിയുന്നില്ലെന്നും ആയതിനാൽ എസ്.പി.വി.യായി വാപ്കോസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തണമെന്നും കൈറ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി.യായി വാപ്കോസിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയായിരുന്നു. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനായി വാപ്കോസ് ടെണ്ടർ നൽകുകയും M/s Heather Construction-ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ചാലക്കുടി ജി.വി.എച്ച്.എസ്.-ൽ പെൺകുട്ടികൾക്ക് പ്രവേശനം

165(2753) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി.എച്ച്.എസ്.ചാലക്കുടിയിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത് സംബന്ധിച്ച് പ്രധാന അദ്ധ്യാപിക സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജി.വി.എച്ച്.എസ്. ചാലക്കുടിയിലെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിലും പെൺകുട്ടികൾക്ക് പ്രവേശനം അനുവദിക്കണമെന്ന് സ്കൂൾ ഹെഡ്മിസ്ട്രസ് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സർക്കാരിൽ ടി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മുളക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം

166(2754) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറു വർഷം പിന്നിട്ട മുളക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന്റെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രൊപ്പോസൽ തയ്യാറാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ആരാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

## നോർത്ത് മഴവന്നൂർ യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി

167(2755) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോർത്ത് മഴവന്നൂർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

നോർത്ത് മഴവന്നൂർ യു.പി.സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം (ഒരു കോടി) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഓഡിറ്റോറിയം

168(2756) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ പൈതൃക സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിലെ കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ പൈതൃക സ്കൂൾ പദ്ധതിയിലുൾപ്പെടുത്തുന്നതിനും പ്രൊപ്പോസൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മുഖേന 'പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 75,70,000 രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയടങ്ങിയ പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ നടപടി കൈക്കൊണ്ടുവരുന്നു.

## മാനന്തവാടി ജി.വി.എച്ച്.എസ്.എസ്. നിർമ്മാണ പ്രവർത്തനങ്ങൾ

169(2757) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ജി.വി.എച്ച്.എസ്.എസ് മാനന്തവാടിയുടെ ആകെ പദ്ധതി തുക എത്രയാണ്;

(ബി) ഇവിടെ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്ര രൂപയുടേതാണെന്നും ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി മാനന്തവാടി എം.എൽ.എ-എ.ഡി.എഫ്-ൽ നിന്നും അനുവദിച്ച എൺപത്തഞ്ച് ലക്ഷം രൂപ നിലവിൽ ആരുടെ അക്കൗണ്ടിലാണ് ;

(ഡി) എം.എൽ.എ-എ.ഡി.എഫ്-ൽ നിന്നും അനുവദിച്ച എൺപത്തഞ്ച് ലക്ഷം രൂപ സംബന്ധിച്ച് പ്രവൃത്തി നടപ്പാക്കുന്ന ഏജൻസി എന്തെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ഇ) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിലെ കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന ജി.വി.എച്ച്.എസ്.എസ്. മാനന്തവാടിയുടെ ആകെ പദ്ധതി തുക 4.89 കോടി രൂപയാണ്.

(ബി) 4.89 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ HSS Block Vertical Expansion (2nd Floor), HSS Block, Kitchen & Multipurpose Hall, Septic tank, Pump and Water supply എന്നീ വർക്കുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി&ഡി) പ്രസ്തുത പ്രവൃത്തിക്കായി ജില്ലാ കളക്ടർ 85 ലക്ഷം രൂപയുടെ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്ന സ്കൂളുകൾക്ക് നിയമസഭാ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്ന തുക ധനകാര്യ വകുപ്പ് കിഫ്ബിക്കാണ് നൽകുന്നത്. കിഫ്ബി ഫണ്ട് കഴിഞ്ഞുള്ള അധിക തുകയുടെ ആവശ്യമുണ്ടെങ്കിൽ എം.എൽ.എ. ഫണ്ടിൽനിന്നും ഉപയോഗിക്കുന്നതാണ്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ 78 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

## ഭരതന്നൂർ ഗവൺമെന്റ് എൽ.പി.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനം

170(2758) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ അഞ്ഞൂറിൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഭരതന്നൂർ ഗവൺമെന്റ് എൽ.പി.എസ്-ന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾ

171(2759) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളുടെ ഡി.പി.ആർ. ആണ് ഇനിയും അനുമതിക്കായി സമർപ്പിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒരു കോടി രൂപ അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഏജൻസികൾക്ക് നിർദ്ദേശം നൽകാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യം

മെച്ചപ്പെടുത്തുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ഗവൺമെന്റ് യു.പി.എസ്. ഉണ്ണിക്കുളം, ഗവൺമെന്റ് എച്ച്.എസ്.എസ്. ശിവപുരം, ഗവൺമെന്റ് യു.പി.എസ്. തൃക്കുറ്റിശ്ശേരി, ഗവൺമെന്റ് യു.പി.എസ്. വേലൂർ, ഗവൺമെന്റ് എച്ച്.എസ്.എസ്. കായണ്ണ എന്നിവയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) ഇല്ല. ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ഗവൺമെന്റ് എച്ച്.എസ്.എസ്. ശിവപുരം, ഗവൺമെന്റ് യു.പി.എസ്. തൃക്കുറ്റിശ്ശേരി എന്നിവയുടെ ഡി.പി.ആർ. 'കിഫ്ബി'ക്ക് സമർപ്പിക്കാൻ ബാക്കിയുണ്ട്.

(സി) ഡി.പി.ആർ 'കിഫ്ബി' അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവർത്തികൾ എസ്.പി.വി. ആയ 'കില'യുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതാണ്.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഓട്ടിസം പാർക്ക്**

172(2760) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏത് സ്കൂളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്നും എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയകൾ പൂർത്തീകരിച്ചിട്ടില്ല.

## വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തികൾ

173(2761) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്-ന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തിയായി എന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും അറിയിക്കാമോ;

(സി) അനിശ്ചിതമായി നീളുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിലെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 98 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ മുറ്റത്ത് കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേൽക്കൂരയുടെ പണിയും പൂർത്തിയായിട്ടുണ്ട്. മേൽക്കൂര അധികമായി നീട്ടേണ്ട പ്രവൃത്തിയും സ്കൂൾ മുറ്റത്ത് ഇന്റർലോക്ക് പാകുന്ന പണിയുമാണ് അവശേഷിക്കുന്നത്. ഇതിന്റെ രൂപകല്പനയും പ്ലാനും പൂർത്തിയാക്കി ഉടൻ പണി ആരംഭിക്കുന്നതും ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണെന്ന് പ്രതീക്ഷിക്കുന്നു.

## വട്ടേക്കാട് സർക്കാർ യു.പി. സ്കൂളിലെ നിർമ്മാണ പ്രവൃത്തികൾ

174(2762) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വട്ടേക്കാട് സർക്കാർ യു.പി. സ്കൂളിന് ഒരു കോടി രൂപ അനുവദിച്ച് നടത്തുന്ന പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി എന്നാണ് തുടങ്ങിയതെന്നും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് നാളിതുവരെ അനുവദിച്ചത് എന്നും വിശദമാക്കുമോ;

(സി) ഈ സ്കൂളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയത്. നിർവ്വഹണ ഏജൻസിയായ കോസ്റ്റ്ഫോർഡ് നൽകിയ പാർട്ട്ബിൽ തുകയായ 36,99,394 രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെട്ടിട നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഭൂമി

175(2763) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള ഒരു ഏക്കർ സ്ഥലം അതിര് നിർണ്ണയിച്ച് കയ്യേറ്റം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലം അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ M1/186/2019 നമ്പർ ഫയലിന്മേൽ ഏത് തീയതിയിലാണ് ഡി.പി.ഐ.-യോട് റിപ്പോർട്ട് ചോദിച്ചതെന്നറിയിക്കാമോ;

(സി) ഇതിന്മേൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഡി.പി.ഐ.യിൽ നിന്നും ഏത് തീയതിയിലാണ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്തയച്ചത്; ഇതു സംബന്ധിച്ച റിപ്പോർട്ട് ഡി.പി.ഐ.യിൽ ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-8-2019-ൽ

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) 07-09-2019-ലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് അയച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. ഭരണപരമായ കാലതാമസമാണ് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ഉണ്ടായിട്ടുള്ളത്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ സ്കൂൾ കെട്ടിടങ്ങൾ

176(2764) ശ്രീ .പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കിയ സ്കൂൾ കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും എസ്.പി.വി.യായി നിശ്ചയിച്ചിട്ടുള്ളത് ആരെയാണ് എന്നറിയിക്കാമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി വിശദമാക്കാമോ; ആരംഭിക്കാത്ത ഓരോ പ്രവൃത്തിയും എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കിയ സ്കൂളുകളുടെ വിശദാംശവും അവയുടെ എസ്റ്റിമേറ്റ് തുകയും എസ്.പി.വി.-യുടെ വിവരവും താഴെചേർക്കുന്നു.

| സ്കൂൾ | എസ്റ്റിമേറ്റ്തുക | ഏജൻസി (SPV) |
|---|---|---|
| ചാത്തമംഗലം REC ഗവൺമെന്റ് എച്ച്.എസ്.എസ് | 5.67 കോടി | കൈറ്റ് |
| GHSS മാവൂർ (2017-18) | 3.52 കോടി | ഇൻകൽ |
| GHSS പെരിങ്ങളം (2018-19) | ഡി.പി.ആർ. തയ്യാറാക്കി വരുന്നു | ഇൻകൽ |
| GUPS കോടാൽ | 1 കോടി | കില |
| GHSS ഇരിങ്ങല്ലൂർ | | |
| GHSS നായർകുഴി | | |
| EMS GHS പെരുമണ്ണ | | |
| GMUPS മാവൂർ | | |
| GUPS മണക്കാട് | | |

പ്രസ്തുത സ്കൂളുകളിൽ 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കൈറ്റ് എസ്.പി.വി. ആയ ആർ.ഇ.സി. ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടി സ്വീകരിച്ച് പ്രവർത്തികൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

(സി&ഡി) 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്. മാവൂർ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. ജി.എച്ച്.എസ്.എസ്. പെരിങ്ങളം സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഇൻകൽ സ്വീകരിച്ചുവരുന്നു. 1 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.യു.പി.എസ്. കോടാൽ, ജി.എച്ച്.എസ്.എസ്. ഇരിങ്ങല്ലൂർ, ജി.എച്ച്.എസ്.എസ്. നായർകുഴി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കില തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

## പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിനെ മാതൃക സ്കൂളാക്കി ഉയർത്തുന്ന നടപടി

177(2765) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിനെ മാതൃക സ്കൂളാക്കി ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയതിന്റെ ഭാഗമായി പ്രസ്തുത വകുപ്പ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാമോ?

ഉത്തരം

(എ-സി) പുത്തനങ്ങാടി ഗവൺമെന്റ് എൽ.പി. സ്കൂളിന് 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഫിസിക്കൽ സയൻസ് തസ്തികയിലെ ഒഴിവുകൾ

178(2766) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. നിയമനത്തിനുവേണ്ടി നീക്കി വെച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.370/2013 19/06/2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) തസ്തികയിൽ 52 ഒഴിവുകളുണ്ട്. ആയതിൽ 46 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 5 ഒഴിവുകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതല്ലായെന്ന് കാണുന്നു.

## പ്രീ പ്രൈമറി ടീച്ചർമാരുടെയും ആയമാരുടെയും ശമ്പള വർദ്ധനവ്

179(2767) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രീ പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും പി.എസ്.സി. വഴി നിയമിതരായ അദ്ധ്യാപകർക്കും ആയമാർക്കും ലഭിയ്ക്കുന്ന ശമ്പളത്തേക്കാൾ വളരെ കുറവ് ശമ്പളം ലഭിക്കുന്ന സാഹചര്യമായതിനാൽ ഒരേ ജോലി ചെയ്യുന്ന ഇവരുടെ ശമ്പളം കൂട്ടുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ പി.ടി.എ. നിയമിച്ച അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയമാണ് നിലവിൽ നൽകിവരുന്നത്. എന്നാൽ പി.എസ്.സി. വഴി നിയമനം നൽകുന്ന പ്രീ-പ്രൈമറി ജീവനക്കാർക്ക് സർക്കാർ ശമ്പള സ്കെയിൽ നിശ്ചയിക്കുകയും അതിൻപ്രകാരം ശമ്പളം അനുവദിച്ച് വരികയും ചെയ്യുന്നു.

## എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ

180(T*2768) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുവാൻ ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ടോ എന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധനാ വിധേയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

## എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നിയമനാംഗീകാരം

181(2769) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കും ജീവനക്കാർക്കും നിയമനാംഗീകാരം നൽകുന്ന സമന്വയ സോഫ്റ്റ്‌വെയറിൽ

* T മാറ്റി വച്ച ചോദ്യത്ത സൂചിപ്പിക്കുന്നു.

അപ്രൂവൽ ബട്ടൺ മറച്ചുവെച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 'നിയമനം നിരസിക്കുന്നു' എന്ന ബട്ടൺ കൃത്യമായി കാണിക്കുകയും ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസർമാർ അവ്യക്തമായ മറുപടികൾ നൽകി നിയമനാംഗീകാരം തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ ചട്ടം അനുസരിച്ച് 2016 മുതൽ നിയമനം ലഭിച്ച് അംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും അംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു. സാങ്കേതികപരവും പ്രക്രിയാപരവുമായ ചില പരിശോധനകൾ പൂർത്തിയാകാനുള്ളതിനാലാണ് നിയമനാംഗീകാരം ഇപ്പോൾ സോഫ്റ്റ്‌വെയറിലൂടെ നൽകാൻ കഴിയാത്തത്.

(സി) നിലവിലെ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ച് 2016, മുതൽ നിയമിക്കപ്പെട്ടവർക്ക് ഇതിനകം നിയമനാംഗീകാരം നൽകിയിട്ടുണ്ട്. ചട്ടങ്ങളും ഉത്തരവുകളും പാലിക്കാതെ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അംഗീകരിക്കപ്പെടാതെ അവശേഷിക്കുന്നത്.

## വകുപ്പുതല പരീക്ഷകളിൽ അദ്ധ്യാപകർക്കുള്ള ഇളവുകൾ

182(2770) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി തലത്തിൽ പ്രഥമ അദ്ധ്യാപകർക്ക് വകുപ്പുതല പരീക്ഷകൾ ജയിക്കുന്നതിനായി മൂന്നുവർഷം സാവകാശം അനുവദിച്ച് ഇറക്കിയ 2018 മാർച്ചിലെ വിജ്ഞാപന പ്രകാരം ഇളവ് അനുവദിക്കാനാവില്ലെന്ന് കാണിച്ച് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിൻമേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പ്രൈമറി തലത്തിൽ പ്രഥമ അദ്ധ്യാപകർക്ക് വകുപ്പുതല പരീക്ഷകൾ പാസാകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി അടുത്ത കാലത്തായി വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്മേൽ ഉചിതമായ തീരുമാനമെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയലുകൾ

183(2771) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് എന്ന് മുതലാണ് നടപ്പിലാക്കിയത് എന്നറിയിക്കാമോ;

(ബി) ആർ.ടി.ഇ. നടപ്പിലാക്കിയതനുസരിച്ച് എത്ര അദ്ധ്യാപക തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടു ; വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപക നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് എത്ര ഫയലുകൾ ഡി.പി.ഐ. , ഡി.ഡി. , ഡി.ഇ.ഒ. , എ.ഇ.ഒ. കളിൽ നിലവിലുണ്ട്; സർക്കാരിൽ എത്ര ഫയലുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 1-4-2010 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇതിനനുബന്ധമായ ചട്ടങ്ങൾ 2011 മേയ് 6 മുതലാണ് കേരളത്തിൽ പ്രാബല്യത്തിൽ വന്നത്.

(ബി&സി) വിവരം ശേഖരിച്ചുനല്കുന്നതാണ്.

## കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ

184(2772) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ ഹൈസ്കൂൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ യു.പി.എസ്. എന്നിങ്ങനെ തസ്തികകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ രണ്ട് തസ്തികയിലും ഒരേ ശമ്പള സ്കെയിലാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി.. പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്ക് എത്ര ചെലവ് വരുമെന്നും പ്രസ്തുത പുസ്തകങ്ങൾ പഠിപ്പിക്കാൻ യു.പി. സ്കൂളുകളിൽ കായിക അധ്യാപകരില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) അഞ്ഞൂറ് കുട്ടികൾ ഉണ്ടെങ്കിൽ യു.പി. വിഭാഗത്തിലും എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ ഹൈസ്കൂളിലും ഒരു കായികാധ്യാപകനെയാണോ ഇപ്പോൾ നിയമിക്കുന്നത്;

(ഇ) അറുപത് വർഷമായി മാറ്റമില്ലാതെ നിലനിൽക്കുന്ന പ്രസ്തുത കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രീഡിഗ്രി വേർപെടുത്തിയതിനുശേഷം നാളിതുവരെ ഹയർസെക്കണ്ടറിയിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ ഹൈസ്കൂൾ, യു.പി.വിഭാഗങ്ങൾക്കായി ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്കൂൾ), ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (യു.പി.) എന്നിങ്ങനെ വ്യത്യസ്ത തസ്തികകൾ നിലവിലുണ്ട്.

(ബി) ഒരേ ശമ്പള സ്കെയിലാണ് നിലവിലുള്ളത്.

(സി) അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള (ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ) കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നില്ല. എന്നാൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിലുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. 2019-20-ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് 4,41,41,892(നാല് കോടി നാല്പത്തിയൊന്നു ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അഞ്ഞൂറിൽ കൂടുതൽ കുട്ടികളുള്ള യു.പി.സ്കൂളിൽ /യു.പി. വിഭാഗത്തിൽ ഒരു സ്ഥിരം കായികാധ്യാപകനെയും അത്തരത്തിൽ കുട്ടികൾ ലഭ്യമാകാത്ത സ്കൂളുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തരം താത്കാലികമായി പാർട്ട് ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്.

(ഡി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII -ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾപ്രകാരം അഞ്ഞൂറ് കുട്ടികളുള്ള യു.പി. സ്കൂളിൽ/യു.പി. വിഭാഗത്തിൽ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ഇതിന്

കായികാദ്ധ്യാപകർക്ക് മുൻഗണന നൽകുന്നുണ്ട്. എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് പിരീഡുണ്ടെങ്കിൽ ഹൈസ്കൂളിൽ ഒരു സ്ഥിരം കായികാധ്യാപകനെ നിയമിക്കാവുന്നതാണ്. അഞ്ച് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തരം താൽക്കാലികമായി പാർട്ട് ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്.

(ഇ) പത്താംതരം വരെയുള്ള കായികാധ്യാപക തസ്തികാമാനദണ്ഡങ്ങൾ നിലനിൽക്കുന്നതും എന്നാൽ നിലവിലുള്ള ഹൈസ്കൂൾ കായികാധ്യാപകർ തന്നെ ഹയർ സെക്കണ്ടറി വിഭാഗത്തിലെയും ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ ഇവരുടെ പ്രതിമാസ അലവൻസ് ഉയർത്തി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലെ ജീവനക്കാരന്റെ സസ്പെൻഷൻ**

185(2773) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലെ ഹൈസ്കൂൾ/യു.പി. വിഭാഗവുമായി ബന്ധപ്പെട്ട (ഡി.പി.ഐ) വിഭാഗത്തിലെ ഡബ്ല്യൂ.1 സെക്ഷൻ കൈകാര്യം ചെയ്യുന്ന സന്തോഷ് എന്ന ഉദ്യോഗസ്ഥന് മുമ്പ് സസ്പെൻഷൻ ലഭിച്ചിരുന്നോ; സസ്പെൻഷൻ നൽകിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഈ ഉദ്യോഗസ്ഥൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നതിനാൽ ഫയലുകൾ നീങ്ങുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഓഫീസിലെ ഡബ്ല്യൂ.1 സെക്ഷനിൽ 1/1/2019 മുതൽ 29/2/2020 വരെ എത്ര ഫയലുകൾ തീർപ്പ് കല്പിച്ചു; തീർപ്പ് കല്പിക്കാത്ത ഫയലുകൾ എത്ര; ആയതിനുള്ള കാരണം; ഫയലുകൾ തീർപ്പാക്കാത്തത് കൃത്യനിർവ്വഹണ വീഴ്ചയാണെങ്കിൽ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സെക്ഷന്റെ (ഡബ്ല്യൂ.1) 1-1-2019 മുതലുള്ള പേഴ്സണൽ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഡബ്ല്യൂ.1 സെക്ഷൻ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയുന്ന ജീവനക്കാരനെ നിയമിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. റ്റി. സന്തോഷ് കുമാറിനെ 20-9-2019-ലെ സ.ഉ.(സാധാ) നം.3716/2019/പൊ.വി.വ. ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ പദ്ധതിയുമായി വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതിൽ നിന്നും സർക്കാർ തെരഞ്ഞെടുത്ത 140 സ്കൂളുകൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അനുബന്ധ പ്രവൃത്തികൾ ഡബ്ല്യൂ. 1 സെക്ഷനിൽ നടന്നുവരുന്നു. ഈ സെക്ഷനിൽ കൈകാര്യം ചെയ്യുന്ന കൂടുതൽ ഫയലുകളുടെയും സ്വഭാവം അനുസരിച്ച് ഉടൻ തീർപ്പ് കൽപ്പിക്കുവാൻ സാധിക്കുന്നവയല്ല. എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളായ ചലഞ്ച് ഫണ്ട് ഡബ്ല്യൂ. 1 സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ സർക്കാർ പദ്ധതികളായ ഓട്ടിസം പാർക്ക്, കലാകായിക പാർക്ക് എന്നീ പ്രവൃത്തികളും ഇതോടൊപ്പം 5 ജില്ലകളിൽനിന്നും ലഭിച്ച സ്കൂൾ കെട്ടിട നിർമ്മാണവും ഭൂമി സംബന്ധിച്ചുള്ള വിഷയങ്ങളും ഈ സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്. വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പേഴ്സണൽ രജിസ്റ്ററിന്റെ പകർപ്പ് ഉൾചേർക്കുന്നു*. ഡബ്ല്യൂ. 1 സെക്ഷനിലെ ജോലികളിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ**

186(2774) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അധ്യയന വർഷത്തിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഇതുവരെ അനുവദിച്ച ആകെ അദ്ധ്യാപക തസ്തികകളുടെ എണ്ണം സംബന്ധിച്ച വിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിൽ സ്ഥിരം തസ്തികയും താൽക്കാലിക തസ്തികയും നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(സി) പത്ത് വർഷത്തിലധികം സർവ്വീസുള്ളവർ വരെ ഉൾപ്പെടുന്ന സംസ്കൃതം, ഉറുദു ഭാഷാ അധ്യാപകരെ താൽക്കാലിക അധ്യാപകരായി നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ ഇപ്രകാരം നിർണ്ണയിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.പി.,യു.പി. വിഭാഗങ്ങളിൽ സംസ്കൃത അധ്യാപക തസ്തികകൾ ഫുൾടൈം തസ്തികയാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിൽ സ്ഥിരമെന്നും താൽക്കാലികമെന്നുമുള്ള തരം തിരിവ് കെ.ഇ.ആർ.-ൽ നിർവ്വചിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പീരിയിഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഫുൾടൈം തസ്തിക അനുവദിക്കുന്നത്. നിശ്ചിത എണ്ണം പീരിയഡുകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തിക അനുവദിക്കുന്നതാണ്.

**അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിലെ ക്രമക്കേടുകൾ**

187(2775) <u>ശ്രീ. സി. മമ്മൂട്ടി</u>:
<u>ശ്രീ. എം. സി. കമറുദ്ദീൻ</u>:
<u>ശ്രീ. കെ. എം. ഷാജി</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം എ.ഇ.ഒ.-യ്ക്കും,ഡി.ഇ.ഒ.-യ്ക്കും നൽകിയിരിക്കുന്നതിനാൽ ഈ ഓഫീസുകൾ കേന്ദ്രീകരിച്ച് വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം ശരിയായി ഉൾക്കൊള്ളാതെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യം കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിതനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലെ നിയമനം

188(T*2776) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ പി.എസ്.സി. തയ്യാറാക്കിയ എൽ.പി സ്കൂൾ, യു.പി സ്കൂൾ അസിസ്റ്റന്റിന്റെ റാങ്ക് പട്ടികയിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകി;

(ബി) ഈ അദ്ധ്യയന വർഷം അവസാനിക്കുമ്പോൾ എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ പ്രസ്തുത ജില്ലകളിൽ എത്ര ഒഴിവുകൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ പി.എസ്.സി. തയ്യാറാക്കിയ എൽ.പി സ്കൂൾ, യു.പി.സ്കൂൾ അസിസ്റ്റന്റിന്റെ റാങ്ക് പട്ടികയിൽ നിന്നും നിയമനം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | നിയമന നില | |
|---|---|---|
| | എൽ.പി.എസ്.ടി. | യു.പി.എസ്.ടി. |
| തിരുവനന്തപുരം | 345 | 174 |
| കൊല്ലം | 275 | 210 |
| ആലപ്പുഴ | 250 | 57 |

(ബി) ഈ അദ്ധ്യയന വർഷം അവസാനിക്കുമ്പോൾ എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ പ്രസ്തുത ജില്ലകളിലുണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| ജില്ല | ഒഴിവുകൾ | |
|---|---|---|
| | എൽ.പി.എസ്.ടി. | യു.പി.എസ്.ടി. |
| തിരുവനന്തപുരം | 391 | 91 |
| കൊല്ലം | 301 | 12 |
| ആലപ്പുഴ | 31 | 16 |

**ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർ**

189(2777) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ യു.പി സ്കൂൾ ടീച്ചർമാരായി നിയമനം നേടിയ എത്ര പേരാണ് ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(സി) ഏതൊക്കെ സ്കൂളുകളിലാണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ 72 തസ്തികകൾ നിലവിലുണ്ട്.

(ബി) 8 യു.പി. സ്കൂൾ കായികാദ്ധ്യാപകരാണ് ഹൈസ്കൂൾ കായികാദ്ധ്യാപകരായി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നത്.

(സി)

1. ഗവൺമെന്റ് എച്ച്.എസ്. അയിരൂപ്പാറ
2. ഗവൺമെന്റ് എച്ച്.എസ്. കമലേശ്വരം
3. ഗവൺമെന്റ് എച്ച്.എസ്. കാച്ചാണി
4. ഗവൺമെന്റ് വി.എച്ച്.എസ്.എസ്.എസ്. പിരപ്പൻകോട്
5. ഗവൺമെന്റ് മോഡൽ ഗേൾസ് എച്ച്.എസ്.എസ്. പട്ടം
6. ഗവൺമെന്റ് എച്ച്.എസ്. തോന്നയ്ക്കൽ
7. ഗവൺമെന്റ് വി.എച്ച്.എസ്.എസ്. വട്ടിയൂർക്കാവ്
8. ഗവൺമെന്റ് എച്ച്.എസ്. വാഴമുട്ടം.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ

190(2778) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പല സർക്കാർ വിദ്യാലയങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരം വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്ന ഈ സന്ദർഭത്തിൽ പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിലെ 32 സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി&ഡി) സർക്കാർ സ്കൂളുകൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ ബസ് അനുവദിക്കുന്നതിന് നടപടി

191(2779) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോർത്ത് എഴിപ്രം യു.പി.സ്കൂളിന് ആസ്തി വികസന ഫണ്ട് മുഖേന ഈ അദ്ധ്യയന വർഷം സ്കൂൾ ബസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

നോർത്ത് എഴിപ്രം ഗവൺമെന്റ് യു.പി. സ്കൂളിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച തുക ഉപയോഗിച്ച് ബസ് വാങ്ങുന്നതിനായുള്ള ഭരണാനുമതി ലഭിച്ചതിന് ശേഷം GeM-ന്റെ പോർട്ടൽ മുഖേന ബസ്സ് വാങ്ങുന്നതിനുള്ള പർച്ചേഴ്സ് ഓർഡർ നിരവധി തവണ നൽകിയെങ്കിലും ഒരു കമ്പനിയും ഓർഡർ സ്വീകരിക്കാത്തതിനാലാണ് ബസ് വാങ്ങുവാൻ സാധിക്കാത്തത്. കമ്പനികളുടെ ഡീലേഴ്സുമായി നേരിട്ട് ബന്ധപ്പെട്ടെങ്കിലും BS IV വാഹനങ്ങളുടെ വിൽപ്പന 2020 ഏപ്രിൽ 1 മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂ എന്നാണ് അറിയിച്ചിരിക്കുന്നത്. അതിനാലാണ് കാലതാമസം നേരിടുന്നത്. ഈ സാഹചര്യത്തിൽ GeM മുഖേന പർച്ചേഴ്സ് ഓർഡറിന് ക്വട്ടേഷൻ ലഭിച്ചാലുടൻ തന്നെ ബസ് വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

192(2781) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം സംസ്ഥാനത്ത് കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാസത്തേതെന്ന് അറിയിക്കുമോ;

(ബി) കുടിശ്ശിക തീർത്ത് വേതനം വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(സി) എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പെ വേതനം വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഇക്കാര്യത്തിൽ സർക്കാർ ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പാചക തൊഴിലാളികളുടെ ഓണറേറിയത്തിൽ 1-4-2017 മുതൽ വർദ്ധനവ് വരുത്തിയ 50 രൂപയും 1-4-2019 മുതൽ ഏർപ്പെടുത്തിയ 50 രൂപയുമാണ് കുടിശ്ശികയായിട്ടുള്ളത്. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോ മാസത്തേയും പാചക തൊഴിലാളികൾക്ക് അർഹതപ്പെട്ട ഓണറേറിയം തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി അനുവദിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നുണ്ട്.

## പരീക്ഷാ കേന്ദ്രങ്ങളിലെ സി.സി.ടി.വി. ക്യാമറകൾ

193(2782) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷകളുടെ ചോദ്യക്കടലാസ് സൂക്ഷിപ്പിന് വിദ്യാഭ്യാസ വകുപ്പിന്റെ മുൻധാരണയില്ലായ്മ മൂലം സർക്കാർ ഖജനാവിന് കോടികൾ നഷ്ടമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരീക്ഷാ കേന്ദ്രങ്ങളിൽ ലോക്കറുകളും സി.സി.ടി.വി. ക്യാമറകളും ലൈറ്റുകളും സ്ഥാപിക്കുവാൻ ചെലവായ തുകയുടെ വിശദാംശം നൽകുമോ;

(സി) ചോദ്യക്കടലാസുകൾ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന്റെ അന്തിമ തീരുമാനം എന്താണ്; അറിയിക്കുമോ;

(ഡി) അപ്രായോഗിക നിർദ്ദേശങ്ങൾ വകുപ്പിൽ കൊണ്ടുവരുന്നതുമൂലം സർക്കാർ ഖജനാവിനുണ്ടാകുന്ന പണനഷ്ടവും വിഫലമായ അദ്ധ്വാനവും കണക്കിലെടുത്ത് നയങ്ങൾ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) എസ്.എസ്.എൽ.സി. ചോദ്യക്കടലാസ് സൂക്ഷിപ്പിന് സർക്കാർ ഖജനാവിന് നഷ്ടമുണ്ടായിട്ടില്ല.

ഹയർ സെക്കണ്ടറി പരീക്ഷയുടെ വിഷയത്തിൽ മിക്ക ഹയർ സെക്കണ്ടറി സ്കൂളുകളും ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പറുകൾ സൂക്ഷിക്കുന്ന സ്ട്രോംഗ്റൂമിന് നിലവിൽ സി.സി.ടി.വി. സൗകര്യമുണ്ടായിരുന്നില്ല. ടി സാഹചര്യത്തിൽ മാർച്ച് 2020-ലെ പരീക്ഷ നടത്തിപ്പിന്റെ ഭാഗമായി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും സി.സി.ടി.വി. സജ്ജീകരിച്ചതിലൂടെ ചോദ്യപേപ്പറുകളുടെ സുരക്ഷ വർദ്ധിപ്പിക്കാൻ സാധിച്ചു.

പരീക്ഷാകേന്ദ്രങ്ങളിൽ പുതിയതായി ലോക്കർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും മുൻവർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ലോക്കർ സംവിധാനം തന്നെയാണ് ഈ വർഷവും ഉപയോഗിക്കുന്നത്. ലോക്കർ സ്ഥാപിക്കാൻ പ്രത്യേകമായി തുകയൊന്നും ചെലവായിട്ടില്ല. പരീക്ഷാകേന്ദ്രങ്ങളിൽ അധികമായി ആവശ്യം വരുന്ന ഫർണിച്ചർ, സി.സി.ടി.വി. എന്നിവ സ്ഥാപിക്കാനുള്ള ചെലവ് അതാത് സ്കൂൾ പി.ഡി. അക്കൗണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. അൺ എയ്ഡഡ്

വിദ്യാലയങ്ങളിൽ മാനേജ്മെന്റ് സ്വന്തം ചെലവിൽ മേൽ പരാമർശം ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

(സി) എസ്.എസ്.എൽ.സി. ചോദ്യക്കടലാസുകൾ ട്രഷറി/ബാങ്ക് ലോക്കറുകളിൽ സൂക്ഷിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) ചോദ്യപേപ്പറിന്റെ സുരക്ഷയും പരീക്ഷാനടത്തിപ്പിന്റെ സുതാര്യതയും ഉറപ്പുവരുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്. ചോദ്യക്കടലാസുകൾ തരംതിരിച്ച് പരീക്ഷാറൂമുകളിലേയ്ക്ക് നൽകുന്ന പ്രക്രിയ കൃത്യതയോടെയും സുതാര്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സി.സി.ടി.വി.-യുടെ സാന്നിധ്യം ഉപകരിക്കും. എസ്.എസ്.എൽ.സി. പരീക്ഷയുടെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടിമൂലം ഖജനാവിന് നഷ്ടമുണ്ടായിട്ടില്ല.

## കലാഭവൻ മണിയുടെ സ്മാരക മന്ദിരത്തിന് സ്ഥലം

194(2783) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനശ്വര കലാകാരൻ കലാഭവൻ മണിയുടെ ഓർമയ്ക്കായി ഒരു സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ളതും ദേശീയപാതയ്ക്ക് കിഴക്കുഭാഗത്തുള്ളതുമായ സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി സ്മാരക മന്ദിരം നിർമ്മിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്കൂൾ യൂണിഫോം വിതരണം

195(2784) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ സൗജന്യ സ്കൂൾ യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) സൗജന്യ യൂണിഫോം വിതരണം പൂർത്തീകരിക്കാത്ത സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ എന്നത്തേയ്ക്ക് യൂണിഫോം വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കൈത്തറി യൂണിഫോം വിതരണം പൂർത്തിയായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ അർഹരായ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോമിന്റെ തുക വിതരണം പൂർത്തിയായിട്ടില്ല. തുക വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് ഗ്രേസ് മാർക്ക്

196(2785) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ ഐ.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ കൈറ്റ്സ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ കാര്യങ്ങൾക്കാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്;

(സി) ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം, കായികമേള കൂടാതെ ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ), സതേൺ ഇന്ത്യാ സയൻസ് ഫെയർ, രാഷ്ട്രപതി സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻ.സി.സി., ജൂനിയർ റെഡ് ക്രോസ്, സർഗ്ഗോത്സവം, സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്റ്റ്, ലിറ്റിൽ കൈറ്റ്സ് എന്നിവയിലുള്ളവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്.

(സി) ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ 'A' ഗ്രേഡ് ലഭിക്കുന്ന അംഗങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2019-20 വർഷം മുതൽ 5% ഗ്രേസ് മാർക്ക് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

197(2786) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനൗപചാരിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനുശേഷം സാക്ഷരതാ-തുടർവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ എന്തെല്ലാം ധനസഹായമാണ് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് സാക്ഷരതാമിഷൻ നടത്തിവരുന്ന അനൗപചാരിക പഠന കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ആദിവാസി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 'സമഗ്ര' പദ്ധതി, കേരളത്തിലെ പട്ടികജാതി വിഭാഗക്കാർക്കായി 'നവചേതന' പദ്ധതി, വയനാട് ജില്ലയിലെ ആദിവാസികൾക്കായി നടപ്പിലാക്കിവരുന്ന 'വയനാട് ആദിവാസി സാക്ഷരതാ പദ്ധതി', പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയായ അട്ടപ്പാടിയിൽ 'അട്ടപ്പാടി ആദിവാസി സാക്ഷരത പദ്ധതി', കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും തിരുവനന്തപുരം നഗരസഭയും ചേർന്ന് നടപ്പിലാക്കി വരുന്ന അക്ഷരശ്രീ സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി, കേരളത്തിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർവിദ്യാഭ്യാസത്തിനായി 'സമന്വയ' പദ്ധതി, സാക്ഷരതാ മിഷനും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് തീരദേശ മേഖലയിൽ നടത്തിവരുന്ന അക്ഷരസാഗരം, കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിന് 'ചങ്ങാതി', പൊതുസമൂഹത്തിനിടയിൽ പരിസ്ഥിതി അവബോധം

സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി സാക്ഷരതാ പദ്ധതി, കണ്ണൂർ ജില്ലയിലെ കുടുംബശ്രീയുമായി ചേർന്ന് ആറളം ഫാമിൽ ആരംഭിച്ച 'ആദിശ്രീ', പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയും സംയുക്തമായി നടത്തുന്ന നൂതന പദ്ധതിയായ ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി, നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാ പരിപാടി, കുടുംബശ്രീ മിഷനിലെ പത്താംതരം, ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനായി സമ പദ്ധതി, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരള കശുവണ്ടി കോർപ്പറേഷനുമായി ചേർന്ന് പത്താംതരം, ഹയർസെക്കൻഡറി വിദ്യാഭ്യാസം നേടാൻ കഴിയാത്ത കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി 'ദിശ' പദ്ധതി, പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകൾ മുതലായവ കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പാക്കിവരുന്നു. സാക്ഷരതാമിഷനും സംസ്ഥാന ആർക്കൈവ്സ് വകുപ്പും ചേർന്ന് ചരിത്രരേഖ സർവ്വെ എന്ന പ്രോജക്ടും നടത്തിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഐ.റ്റി. മിഷനുമായി ചേർന്ന് ഡിജിറ്റൽ സാക്ഷരത നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായത് 2009 മാർച്ച് വരെ മാത്രമാണ്. പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുകയുടെ 50 ശതമാനം കേന്ദ്ര സർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിച്ചുവന്നിരുന്നത്. എന്നാൽ 2009 മാർച്ചിനുശേഷം കേരളത്തിലെ സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനായി കേന്ദ്ര സർക്കാർ അറിയിച്ച സാഹചര്യത്തിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിൽ നിലനിൽക്കേണ്ടതാണെന്ന കണ്ടെത്തലിൽ സംസ്ഥാന സർക്കാർ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി ഏറ്റെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുകകൾ തുടർന്നുള്ള ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതമായി സംസ്ഥാന സാക്ഷരതാ മിഷന് നൽകിവരികയാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി ആകെ 17,50,00,000 രൂപ വകയിരുത്തിയതിൽ നാളിതുവരെ 14,14,07,687 രൂപ നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന 3,35,92,313 രൂപ നൽകുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്.

(സി) ഔപചാരിക വിദ്യാഭ്യാസ പദ്ധതിക്ക് തുല്യമായ യോഗ്യത നേടുന്നതിന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടതായി വന്നവർക്കായി അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാ പരിപാടികൾ. സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാ പരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്. ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക വിദ്യാഭ്യാസത്തിൽ ഏഴാം ക്ലാസ് പാസ്സായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടിയാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താംതരം വിജയിച്ചവർക്കും ഹയർസെക്കൻഡറി/പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ഹയർസെക്കൻഡറി തുല്യതാ പരിപാടിയും സംസ്ഥാന സാക്ഷരതാമിഷൻ നടത്തിവരുന്നു.

## സാക്ഷരതാമിഷൻ അതോറിറ്റിയുടെ തുടർവിദ്യാഭ്യാസ പദ്ധതി

198(2787) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡറുകൾക്കായി സമന്വയ എന്ന പേരിൽ തുടർവിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള "ചങ്ങാതി" പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ സാക്ഷരതാമിഷൻ അതോറിറ്റി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ പഠിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ പത്താംതരം, ഹയർസെക്കൻഡറി തുല്യതാ ട്രാൻസ്ജെൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകി. ഇതിലൂടെ ട്രാൻസ്ജെൻഡർ പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകിയ ആദ്യസംസ്ഥാനമെന്ന പ്രശസ്തി കേരളത്തിന് നേടാൻ കഴിഞ്ഞു. 2018-19 അധ്യയന വർഷത്തിൽ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയ പത്താംതരം പഠിതാക്കളിൽനിന്നും 21 പേർ ഉന്നതവിദ്യാഭ്യാസത്തിന് അർഹരായി. പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ട്രാൻസ്ജെൻഡർ പഠിതാക്കൾക്കായി 'പഠനവീട്' ആരംഭിക്കുകയും ചെയ്തു.

(ബി) കേരളത്തിൽ താമസിച്ച് തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച ചങ്ങാതി പെരുമ്പാവൂർ മാതൃകാപദ്ധതിയിലൂടെ 469 പേരും, പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ ചങ്ങാതി രണ്ടാംഘട്ടത്തിൽ 2256 പേരും, ചങ്ങാതി പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 1641 പേരും സാക്ഷരരായി വിജയിച്ചു.

(സി) ഉണ്ട്. പട്ടികജാതി കോളനികളിലെ സാക്ഷരതാ തുല്യതാ പ്രവർത്തനങ്ങൾക്കായി നവചേതന എന്ന പേരിൽ പ്രത്യേക സാക്ഷരതാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിലെ സാക്ഷരതാ തുല്യതാ പരിപാടികൾക്കായി അട്ടപ്പാടി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതികൾ, സമഗ്ര ആദിവാസി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി എന്നിവ കൂടാതെ പാർശ്വവൽകൃത മേഖലകളായ പട്ടികജാതി- പട്ടികവർഗ്ഗ മേഖലകൾ ഉൾപ്പെടുന്ന 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

**സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ**

199(2788) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷൻ തുടർവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഏഴാം തരം തുല്യതാ പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലയാളം വായിക്കുവാനും എഴുതുവാനും ലക്ഷ്യമിട്ട് സംസ്ഥാന സാക്ഷരതാമിഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനോടകം എത്ര ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കി; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി തുല്യതാപരിപാടികൾ നടത്തിവരുന്നു. വിവിധ കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം നിർത്തേണ്ടിവന്നവർക്കായി അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ സാക്ഷരതാമിഷൻ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് തുല്യതാപരിപാടികൾ. സാക്ഷരത വിജയിച്ചവർക്കുവേണ്ടി ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് 6 മാസം ദൈർഘ്യമുള്ള നാലാംതരം തുല്യത. നാലാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക നാലാം ക്ലാസ് വിജയിച്ചവർക്കുമായി തുടർവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്ന തുല്യതാ പരിപാടിയാണ് ഏഴാംതരം തുല്യത. ഈ കോഴ്സിന്റെ കാലാവധി എട്ട് മാസമാണ്. ഏഴാംതരം തുല്യത വിജയിച്ചവർക്കും ഔപചാരിക വിദ്യാഭ്യാസത്തിൽ ഏഴാം ക്ലാസ് പാസായവർക്കും വേണ്ടി 2006 മുതൽ സാക്ഷരതാമിഷൻ ആരംഭിച്ച തുല്യതാപരിപാടിയാണ് പത്താംതരം തുല്യത. പത്ത് മാസം ദൈർഘ്യമാണ് ഈ കോഴ്സിന്റെ കാലാവധി. പത്താംതരം തുല്യത വിജയിച്ചവർക്കും ഹയർസെക്കൻഡറി /പ്രീഡിഗ്രി പരീക്ഷ വിജയിക്കാത്തവർക്കുമായി ആരംഭിച്ച തുല്യതാ പരിപാടിയാണ് ഹയർസെക്കൻഡറി തുല്യത.

(ബി) ഉണ്ട്.

(സി) ഉണ്ട്. കേരളത്തിൽ താമസിച്ച് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി "ചങ്ങാതി" എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ സംഘടിപ്പിച്ച "ചങ്ങാതി" പെരുമ്പാവൂർ മാതൃകാപദ്ധതിയിലൂടെ 469 പേരും പതിമൂന്ന് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ചങ്ങാതി രണ്ടാംഘട്ടത്തിൽ 2256 പേരും ചങ്ങാതി പദ്ധതിയുടെ മൂന്നാംഘട്ടം 1641 പേരും സാക്ഷരരായി വിജയിച്ചു.

**ഭൂമിയുടെ തരംനോക്കി ന്യായവില നിശ്ചയിക്കുന്ന നടപടി**

200(2789) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായവില കൃത്യമായി നിശ്ചയിക്കാത്ത ഒട്ടേറെ സർവ്വേ നമ്പറുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമിയുടെ തരംനോക്കി ന്യായ വില നിശ്ചയിക്കുന്ന നടപടികൾ പൂർത്തിയാവാത്തത് കാരണം വരുമാന ചോർച്ചയുണ്ടാവുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സർവ്വേ നമ്പറുകൾക്കും കൃത്യമായി ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 14-8-2018-ലെ സ.ഉ. (കൈ) നം. 302/18/റവ. നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഒട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയ നടപടി പൂർത്തീകരിച്ച് ഭൂമിയുടെ യഥാർത്ഥ ക്ലാസിഫിക്കേഷൻ അനുസരിച്ച് ന്യായവില നിശ്ചയിക്കുന്നതോടുകൂടി വരുമാന ചോർച്ച ഉണ്ടാകുന്നത് തടയാൻ സാധിക്കുന്നതാണ്.

(സി) സംസ്ഥാനമാകെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി 14-8-2018-ലെ സ.ഉ.(കൈ) നം. 302/18/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നതുമാണ്.

**ഹാരിസൺ കമ്പനിയുടെ തോട്ടങ്ങളുടെ തണ്ടപ്പേർ**

201(2790) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

59000-ൽപരം ഏക്കർ വരുന്ന ഹാരിസൺ കമ്പനിയുടെ തോട്ടങ്ങളുടെ തണ്ടപ്പേർ ബ്രിട്ടീഷ് കമ്പനിയുടെ പേരിലാണോ; എങ്കിൽ ആധാർ അധിഷ്ഠിത തണ്ടപ്പേർ ഇവിടെ എപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി കൈവശം വയ്ക്കുന്ന ഭൂമിയുടെ തണ്ടപ്പേർ ഭൂരിഭാഗവും വിദേശ കമ്പനികളുടെ പേരിൽ തുടർന്ന് വരുന്നതായി കാണുന്നു. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഉൾപ്പെടെയുള്ള കമ്പനികൾ കൈവശം വയ്ക്കുന്ന ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് സിവിൽ കേസ് ഫയൽ ചെയ്യുന്ന നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഇന്ത്യൻ പൗരൻമാർക്ക് മാത്രമാണ് ആധാർ അനുവദിക്കുന്നത് എന്നതിനാൽ ടി കമ്പനിയുടെ കൈവശമുള്ള ഭൂമിക്ക് ആധാർ അധിഷ്ഠിത തണ്ടപ്പേർ അനുവദിക്കാനാവില്ല.

## കായംകുളം മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾ

202(T*2791) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറി നാളിതുവരെ കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ വില്ലേജുകൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ആകെ അനുവദിച്ചെന്നും വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ അപകടമരണം സംഭവിച്ചവരുടെ എത്ര ആശ്രിതർക്ക് ധനസഹായം അനുവദിച്ചു എന്നും ആകെ എത്ര രൂപ അനുവദിച്ചു എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## നിയമാനുസൃത അവകാശി സാക്ഷ്യപത്രം

203(2792) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃത അവകാശി സാക്ഷ്യപത്രത്തിന്(ലീഗൽ ഹെയർ സർട്ടിഫിക്കറ്റ്) അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷ നൽകി എത്ര ദിവസത്തിനകം ഈ സർട്ടിഫിക്കറ്റ് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഗസറ്റിൽ പ്രസിദ്ധീകരിച്ച് എത്ര ദിവസത്തിനകം ബന്ധപ്പെട്ടവർ അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ;

(ഡി) സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ട അധികാരി ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ മുഹമ്മദ്കുഞ്ഞി എന്നയാൾ മരണപ്പെട്ടതിനെത്തുടർന്ന് മകൻ പി.എം.അബ്ദുൽ റഹിമാൻ ലീഗൽ ഹെയർ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിരുന്നോ എന്നും അപേക്ഷ ലഭിച്ചതെപ്പോഴാണെന്നും സർക്കാർ പ്രസ്സിലേയ്ക്കയച്ചതെപ്പോഴാണെന്നും ഏത് ഗസറ്റിലാണ് പ്രസിദ്ധീകരിച്ചതെന്നും സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിയോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മരണപ്പെട്ടയാളിന്റെ അവകാശികൾ ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് സഹിതം വില്ലേജ് ഓഫീസർ/തഹസീൽദാർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം.

(ബി) അപേക്ഷയിന്മേൽ വില്ലേജ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തി തുടർന്ന് ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുകയും പരസ്യം ഗസറ്റിൽ വിജ്ഞാപനം ചെയ്തതിനുശേഷം ആക്ഷേപം ഉന്നയിക്കാനുള്ള സമയപരിധിയായ 30 ദിവസം കഴിഞ്ഞ് ആക്ഷേപം ഒന്നും ഇല്ലായെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കും.

(സി) ഗസറ്റ് വിജ്ഞാപനത്തിനുശേഷം ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധിയായ 30 ദിവസം കഴിഞ്ഞ് ആക്ഷേപം ഒന്നും ഇല്ലായെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കും.

(ഡി) തഹസീൽദാർ.

(ഇ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ കോട്ടിക്കുളം വില്ലേജിലെ പരേതനായ മുഹമ്മദ് കുഞ്ഞി പി.എ. പാക്ക്യാര എന്നിവരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുവേണ്ടി പരേതന്റെ മകനായ ശ്രീ. പി. അബ്ദുൽ റഹ്മാൻ പി.എം. പാക്ക്യാര, കോട്ടിക്കുളം എന്നവർ

13-6-2019-ന് കോട്ടിക്കുളം വില്ലേജ് ഓഫീസിൽ അപേക്ഷ നൽകുകയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം 01-10-2019-ന് തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 31-12-2019-ന് പ്രസിദ്ധീകരിച്ച ഗസറ്റിൽ (നമ്പർ-52) പ്രസിദ്ധീകരിക്കുകയും (ബി2-17884/19) ഗസറ്റിന്റെ ഓഫീസ് കോപ്പി ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസിൽ 6-3-2020-ന് ലഭ്യമായിട്ടുള്ളതുമാണ്. ആയതുപ്രകാരം അനന്തരാവകാശ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്.

## വില്ലേജുകളുടെ വിഭജനം

204(2793) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഏതെല്ലാം വില്ലേജുകൾ വിഭജിച്ചു എന്നറിയിക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പുതുതായി വില്ലേജുകൾ വിഭജിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വില്ലേജുകളുടെ ഭൂവിസ്തൃതിയും ജനസംഖ്യ അനുപാതവും വ്യക്തമാക്കാമോ;

(സി) വില്ലേജുകൾ വിഭജിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഭജിച്ച വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗ്രൂപ്പ് വില്ലേജ് | വിഭജിച്ച വില്ലേജ് |
|---|---|---|
| തിരുവനന്തപുരം | ഇളമ്പ- മുദാക്കൽ | ഇളമ്പ |
| കാസർഗോഡ് | പഡ്രെ ഗ്രൂപ്പ് വില്ലേജ് | കാട്ടുകുക്കെ |

കൂടാതെ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന പുതിയ വില്ലേജും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വില്ലേജ് | വിസ്തീർണ്ണം | ജനസംഖ്യ (2011 സെൻസസ്) |
|---|---|---|
| ചെറുവത്തൂർ | 936.4857 | 27435 |
| തുരുത്തി | 901.3093 | |
| പഡ്രെ | 1596.70 | 5455 |
| കാട്ടുകുക്കെ | 1360.83 | 10909 |

(സി) സംസ്ഥാനത്തെ നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത്, ത്രീടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് വില്ലേജ് പുനഃസംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ.

## ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി

205(2794) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വക ഭൂമിയുടെ കയ്യേറ്റം തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) കയ്യേറ്റങ്ങൾ തടയുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) റവന്യൂ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സർക്കാർ വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ

ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ സ.ഉ. (സാധാ.) 3778/18/റവ. തീയതി 10-9-2018 പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധന നടത്തി സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷാനടപടികളാണ് സർക്കാർ ഗസറ്റ് വിജ്ഞാപനം 1843 ആയി 07-10-2009-ൽ പ്രസിദ്ധപ്പെടുത്തിയ 2009-ലെ ആക്ട് 29-ൽ സെക്ഷൻ 7 (സി) ആയി നിഷ്കർഷിച്ചിട്ടുള്ളത്. ആയത് പ്രകാരം ഇത്തരം കയ്യേറ്റങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാനോ/നടപടി സ്വീകരിക്കുവാനോ വീഴ്ച വരുത്തുന്ന പക്ഷം അത്തരം ഉദ്യോഗസ്ഥർ 3 വർഷത്തിൽ കുറയാത്തതും എന്നാൽ 5 വർഷംവരെയാകാവുന്നതുമായ തടവിനോ 50,000 രൂപ മുതൽ 2 ലക്ഷം വരെയാകാവുന്ന പിഴ ഒടുക്കുവാനോ ബാധ്യസ്ഥരാകുന്നതാണ്.

(ഡി) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല എന്നീ മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. അഴിമതി രഹിത ഭരണ നിർവ്വഹണത്തിനുവേണ്ടി സർക്കാർ നിർദ്ദേശപ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, വിജിലൻസ് ആൻഡ് ആന്റി

കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ആഫീസുകൾ ഉൾപ്പെടെയുള്ള മുഴുവൻ റവന്യൂ ആഫീസുകളിലേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും കൂടാതെ പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗവൺമെന്റ് ഉത്തരവുകൾ, ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ എന്നിവ പ്രാവർത്തികമാക്കുന്നുണ്ടോ എന്നുകൂടി വിജിലൻസ് വിഭാഗം പരിശോധനാ വിധേയമാക്കിവരുന്നു.

ലാൻഡ് റവന്യൂ കമ്മീഷണർ, വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ യോഗം കൂടി വിജിലൻസ് ആഫീസുകളിലെ ഫയലുകളിലെ അന്വേഷണ പുരോഗതി വിലയിരുത്തി വരുന്നതും എല്ലാ മാസവും വിവിധ ജില്ലകളിൽ കുറഞ്ഞത് 10 വില്ലേജ് അഫീസുകളിലെങ്കിലും ആകസ്മിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരം വിജിലൻസ് വിഭാഗം അപ്രകാരം പരിശോധന നടത്തിവരുന്നുണ്ട്.

## ഹാരിസൺ കമ്പനി കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളിൽ സർക്കാരിന്റെ ഉടമസ്ഥത

206(2795) <u>ശ്രീ. വി. ടി. ബൽറാം</u>:
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈവശം വച്ചിരിക്കുന്ന തോട്ടങ്ങളിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചുകിട്ടാൻ സിവിൽ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ ;

(ബി) ഇതിനകം എത്ര ജില്ലകളിൽ കളക്ടർമാർ കേസ് ഫയൽ ചെയ്തിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(സി) ഹാരിസൺ മലയാളം ലിമിറ്റഡും മലയാളം പ്ലാന്റേഷനും അധികമായി കൈവശം വച്ച 76000 ഏക്കർ ഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുവാനായി നൽകിയിട്ടുള്ള കേസുകളിൽ മേൽനോട്ടം വഹിക്കുവാൻ റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി രൂപീകരിക്കാമോ;

(ഡി) പ്രസ്തുത കേസ് നടത്തിപ്പിന് നിലവിലുള്ള സർക്കാർ അഭിഭാഷകന് പുറമെ പുറത്തുനിന്നുള്ള പ്രഗത്ഭരായ അഭിഭാഷകരുടെ ഉപദേശവും സേവനവും ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11-4-2018-ലെ WP(C) 33122/2014 & Ors കേസുകളിലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 06-06-2019-ൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.)-172/2019/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയിട്ടുള്ളതും നിലവിൽ അയന ചാരിറ്റബിൾ ട്രസ്റ്റിന്റെ കൈവശമുള്ളതുമായ കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) ഇല്ല. പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) ജില്ലാ ഗവൺമെന്റ് പ്ലീഡർമാരെയാണ് പ്രസ്തുത കേസുകൾ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പുറമെനിന്നുള്ള അഭിഭാഷകരുടെ ഉപദേശവും സേവനവും ആവശ്യമെങ്കിൽ അഡ്വക്കേറ്റ് ജനറലിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**എസ്ചീറ്റ് & ഫോർഫീച്ചർ നിയമം**

207(2796) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്ചീറ്റ് & ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വയനാട് ജില്ലയിലെ വുഡ് ലാന്റ് എസ്റ്റേറ്റ് ഭൂമിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത 745.93 ഏക്കർ ഭൂമിയിൽ 264 പേർ കൈവശം വെച്ച് അനുഭവിക്കുന്ന 146.59 ഏക്കർ ഭൂമിയിൽനിന്നും കൈവശക്കാരെ ഒഴിപ്പിക്കൽ

അസാധ്യമായതിനാൽ പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിൽ പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ; ഇല്ലെങ്കിൽ കൈവശക്കാർക്ക് എന്ന് പട്ടയം നൽകാനാകും;

(സി) പ്രസ്തുത ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ കഴിയില്ലെന്ന സുൽത്താൻ ബത്തേരി സബ് കോടതി വിധിയ്ക്കെതിരെ യഥാസമയം അപ്പീൽ നൽകാൻ കഴിയാതെ വന്നതിനാൽ ഇനി അപ്പീൽ നൽകുന്നതിന് സാധ്യതയുണ്ടോയെന്നാരാഞ്ഞതിന് ജില്ലാ ഗവൺമെന്റ് പ്ലീഡർ നൽകിയ നിയമോപദേശം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഫയലിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ പഴയ സർവ്വെ നമ്പർ 519/3, 519/4 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 745.93 ഏക്കർ ഭൂമി (വുഡ് ലാൻഡ് എസ്റ്റേറ്റ്) സർക്കാർ ഉത്തരവ് നമ്പർ 162/71/ആർ.ഡി. തീയതി 18-6-1971 ജി.ഒ.(എം.എസ്.) 427/71/ആർ.ഡി. തീയതി 25-7-1971 എന്നിവ അനുസരിച്ച് എസ്ചീറ്റ് ആൻഡ് ഫോർഫീച്ചർ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. ഇതിനെതിരെ അന്നത്തെ കൈവശക്കാർ വിവിധ തലങ്ങളിൽ അപ്പീൽ നൽകുകയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 324.95 ഏക്കറിന് കോഴിക്കോട് ജില്ലാ കളക്ടർ 15-7-1976-ന് കുടിയായ്മ അവകാശം നൽകുകയുമുണ്ടായി. 258.91 ഏക്കർ നിക്ഷിപ്ത വനഭൂമിയായും 7.00 ഏക്കർ പാറയായും 8.48 ഏക്കർ റോഡ് വഴിയുമായി മാറി. (ആകെ 599.34 ഏക്കർ). ബാക്കിയുള്ള 146.59 ഏക്കർ ഭൂമി 264 പേർ അനധികൃതമായി കൈവശം വച്ച് അനുഭവിച്ച് വരികയാണ്.

(ബി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) വുഡ് ലാൻഡ് എസ്റ്റേറ്റ് ഭൂമി എസ്ചീറ്റ് നടപടികൾക്ക് വിധേയമാക്കാൻ സാധിക്കില്ലെന്ന സുൽത്താൻബത്തേരി സബ് കോടതി വിധിക്കെതിരെ ഇനി അപ്പീൽ നൽകുന്നതിന് സാധിക്കില്ലെന്ന് വയനാട് ജില്ലാ ഗവൺമെന്റ് പ്ലീഡർ 10.01.2019-ലെ 01/2019/ജി.ഡി. നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

## സർക്കാർ ഭൂമി കയ്യേറുന്നത് തടയൽ

208(2797) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറുന്നത് തടയുന്നതിനും അവ സാമൂഹ്യപരവും വികസനപരവുമായ ആവശ്യങ്ങൾക്ക് ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കൈയ്യേറ്റങ്ങൾ കണ്ടെത്തി അവ യഥാവിധി തടയുന്നതിനും ശാസ്ത്രീയവും സമഗ്രവുമായ ഭൂവിനിയോഗവും ഭൂസംരക്ഷണവും സാധ്യമാക്കുന്നതിനും കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) പൊതുജനങ്ങൾക്ക് സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ ടോൾ ഫ്രീ നമ്പർ സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ലെയും 1958-ലെ അനുബന്ധ ചട്ടങ്ങളിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാതലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയർമാരുടെ സഹായത്തോടെ പൊതുഅവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ഥല പരിശോധനകൾ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്നപക്ഷം ആയത് സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടി ഉൾപ്പെടെ സ്വീകരിച്ചുവരുന്നു. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിലാക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ 10-9-2018-ലെ സ.ഉ.(സാധാ.) 3778/18/റവ പ്രകാരം രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇത്തരത്തിൽ അന്യാധീനപ്പെട്ട സർക്കാർ ഭൂമികൾ വീണ്ടെടുത്ത് വിവിധ പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന കാര്യത്തിൽ അനുവാദം നൽകുന്നത് റവന്യൂ വകുപ്പാണ്. സർക്കാരിന്റെ സേവന വകുപ്പുകൾക്ക് പ്രസ്തുത ഭൂമി ആവശ്യമാണെന്ന് കണ്ടെത്തുന്നപക്ഷം ഭൂമി കൈവശമുള്ള വകുപ്പിന്റെ അനുമതി വാങ്ങി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി നിയമാനുസരണം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വികസനാവശ്യങ്ങൾക്കായി മറ്റ് സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ യഥാക്രമം 10, 25, 50 സെന്റ് വീതം സേവന വകുപ്പുകൾക്ക് കൈമാറി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിക്കൊണ്ട് 5-6-2018-ലെ ജി.ഒ. (പി) 31/18 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിലൂടെ വികസനാവശ്യങ്ങൾക്ക് ഭൂമി കൈമാറുന്ന കാര്യത്തിലുണ്ടായിരുന്ന കാലതാമസം ഗണ്യമായ തോതിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി നിലവിൽ ഇടുക്കി ജില്ലയിൽ വിമുക്ത ഭടൻമാരായ 8 അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റ് ലാൻഡ് പ്രൊട്ടക്ഷൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനം മറ്റ് ജില്ലകളിലുംകൂടി നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു. സ.ഉ. (എം.എസ്.) നമ്പർ 236/2018/റവ. തീയതി 25.06.2018 പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(സി) പ്രസ്തുത ടോൾ ഫ്രീ നമ്പർ സംവിധാനം ഇപ്പോൾ നിലവിലില്ലാത്തതാണ്.

### മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ

209(2798) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനത്ത് ഒരു

മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മോണിറ്ററിംഗ് സെല്ലിന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം ഇതുവരെ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധമായ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആയതിന് മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10-9-2018-ൽ സ.ഉ.(സാധാ) 3778/18/റവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും കളക്ടറേറ്റിലും താലൂക്ക്, വില്ലേജ് ആഫീസുകളിലും അതാത് ആഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സർക്കാർ ഭൂമിയും സർക്കാർ ഇടവഴികളും പുറമ്പോക്ക് ഭൂമിയും കയ്യേറി വച്ചിരിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കുവാനും ആയവ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇത്തരം കയ്യേറ്റങ്ങൾക്കെതിരെ ഭൂസംരക്ഷണ നിയമത്തിലെ വകുപ്പ് 7 (എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും 26-11-2018-ലെ സ.ഉ.(സാധാ) 4913/18/റവ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു

മേൽ ഉത്തരവുകളുടെ തുടർച്ചയെന്നോണം 14-11-2018-ലെ എൽ.ആർ.കെ1-43670/18 നമ്പർ നടപടിക്രമത്തിലൂടെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ജില്ലാതലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ തലത്തിലും റവന്യൂ ഡിവിഷൻ തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) കൺവീനറായും റവന്യൂ ഡിവിഷൻ തലത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ടിനെയും കൺവീനർമാരായി നിശ്ചയിച്ചുകൊണ്ട് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകൃതമായ മോണിറ്ററിംഗ് സെല്ലിന് പ്രത്യേക അധികാരങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ലാത്തതാണ്. എന്നാൽ സർക്കാർ ഭൂമിയിലെ കയ്യേറ്റം പൂർണ്ണതോതിൽ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകൃതമായ പ്രസ്തുത സെല്ലിന് സംസ്ഥാനത്ത് ആകമാനം വിവിധ ജില്ലകളിൽ ഗവൺമെന്റ് ഭൂമിയിലുള്ള കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ടി കയ്യേറ്റങ്ങളിലെ ഒഴിപ്പിക്കൽ നടപടികൾ സസൂക്ഷ്മം നിരീക്ഷിച്ച് പൂർണ്ണതോതിൽ തന്നെ അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതലകളാണ് ടി സെല്ലിൽ നിക്ഷിപ്തമായിട്ടുള്ളത്.

(ബി) മോണിറ്ററിംഗ് സെൽ രൂപീകരിച്ചശേഷം നാളിതുവരെയായി 2202 കേസുകൾ സംസ്ഥാനത്താകമാനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും വിവിധ ഘട്ടങ്ങളിലായി നടപടിയിൽ ഇരിക്കുന്നതുമാണ്. ടി കേസുകളിൽ നിയമാനുസൃതമായ നടപടി പൂർത്തിയായി കയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്.

**റാന്നി മണ്ഡലത്തിലെ കൈവശക്കാർക്ക് പട്ടയം**

210(2799) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ എത്ര കൈവശക്കാർക്ക് പട്ടയം നൽകാനുണ്ട്; ഇവരുടെ എണ്ണം വില്ലേജ് തിരിച്ച് നൽകാമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് അറിയിക്കാമോ; എന്നത്തേയ്ക്ക് ഇവർക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കുമോ;

(സി) ഇവരിൽ ആർക്കെങ്കിലും പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജകമണ്ഡലത്തിൽ പട്ടയം നൽകാനുള്ള കൈവശക്കാരുടെ എണ്ണം 2209 ആണ്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | എണ്ണം |
|---|---|---|
| 1 | റാന്നി | 7 |
| 2 | അയിരൂർ | 7 |
| 3 | ചെറുകോൽ | 6 |
| 4 | പെരുനാട് | 16 |
| 5 | അങ്ങാടി | 11 |
| 6 | അത്തിക്കയം | 358 |
| 7 | ചേത്തയ്ക്കൽ | 305 |
| 8 | വടശ്ശേരിക്കര | 83 |
| 9 | പഴവങ്ങാടി | 79 |
| 10 | കൊല്ലമുള | 1337 |
| | ആകെ | 2209 |

(ബി) കേരള ഭൂമി പതിവ് ചട്ടപ്രകാരം മേൽ കേസുകളിൽ നടപടി സ്വീകരിച്ചുവരുന്നു. പതിവ് കമ്മിറ്റികൾ ചേരുക, അഡീഷണൽ പതിവ് ലിസ്റ്റുകൾ അംഗീകരിക്കുക, ചട്ടപ്രകാരം ആക്ഷേപം ക്ഷണിക്കുന്ന നോട്ടീസ് പ്രസിദ്ധീകരിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാൽ ഉദ്ദേശം 25 പട്ടയങ്ങൾ മൂന്ന് മാസം കൊണ്ട് തയ്യാറാക്കാൻ സാധിക്കുമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റിസർവ് വനവുമായി അതിർത്തി പങ്കിടുന്ന റാന്നി താലൂക്കിൽ വില്ലേജ് റിക്കാർഡ് പ്രകാരം വനത്തിന്റെ സ്റ്റാറ്റസിൽ കിടക്കുന്ന ഭൂമി, ഫുഡ് പ്രൊഡക്ഷൻ ഏരിയ, 1-1-1977-നു മുമ്പുള്ള വനഭൂമി കയ്യേറ്റം ട്രൈബൽ സെറ്റിൽമെന്റ് ഏരിയായിലുള്ള മറ്റു വിഭാഗത്തിൽ ഉൾപ്പെട്ടവർ, മിച്ചഭൂമി പട്ടയം അനുവദിച്ച സ്ഥലത്ത് വീണ്ടും പട്ടയം അനുവദിക്കേണ്ടത് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ട്. വനം- റവന്യൂ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ പരിശോധന നടത്തി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചേലക്കര മണ്ഡലത്തിലെ പുറമ്പോക്ക് കൈവശക്കാർക്ക് പട്ടയം**

211(2801) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് ഓഫീസിൽ റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക് ഭൂമികളിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പുകല്പിക്കുവാൻ ബാക്കിയുണ്ട്;

(ബി) ഇതിൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി അപേക്ഷിച്ചവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 35 അപേക്ഷകൾ.

(ബി) ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷിച്ചവരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. ഹസ്സൻ, സുലൈഖ മാവത്തുപറമ്പിൽ, പൈങ്കുളം വില്ലേജ്

2. ആമിനക്കുട്ടി, കുളത്തിങ്കൽ, ചേലക്കോട് വില്ലേജ്

3. തങ്കം, താണിയിൽ, ചേലക്കോട്

(സി) ടി അപേക്ഷകരുടെ അപേക്ഷയിന്മേൽ തൃശ്ശൂർ ജില്ലാ കളക്ടർ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

212(2802) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പട്ടയങ്ങളിൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ എത്രയെന്നും അവയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കും വ്യക്തമാക്കാമോ;

(സി) ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ശിപാർശ ചെയ്യുന്ന പട്ടയങ്ങൾക്ക് കമ്മിറ്റി തീരുമാനത്തിന് ശേഷം ജില്ലാ കളക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ടോ; ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുഖേന പട്ടയം നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ;

(ഡി) ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ നിയമസഭാ സാമാജികരുടെ പങ്കാളിത്തം ഇല്ലാതെ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാൻഡ് അസൈൻമെന്റ് കമ്മിറ്റികളിൽ സാമാജികരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശം റവന്യൂ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം താലൂക്കിൽ ആകെ 2060 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| മന്നാങ്കണ്ടം | 783 |
| കുഞ്ചിത്തണ്ണി | 287 |
| വെള്ളത്തുവൽ | 205 |
| മറയൂർ | 172 |
| കാന്തല്ലൂർ | 95 |
| കീഴാന്തൂർ | 388 |
| പള്ളിവാസൽ | 45 |
| ആനവിരട്ടി | 35 |
| മാങ്കുളം | 50 |
| ആകെ | 2060 |

(ബി) വിതരണം ചെയ്ത മുഴുവൻ പട്ടയങ്ങളും ലാൻഡ് അസൈൻമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും കേരള ഭൂമി പതിവ് ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതുമാണ്.

(സി) 1964 ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 12(3) പ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയുടെ ലിസ്റ്റ് താലൂക്ക് ഭൂമി പതിവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ശേഷം ശിപാർശയ്ക്കായി ജില്ലാ കളക്ടറുടെ അനുമതിക്കായി അയച്ചുകൊടുക്കേണ്ടതാണ്. പതിച്ചു നൽകുന്നതിലേയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വിശദമായി പരിശോധന നടത്തി ഭൂമിയുടെ സ്കെച്ച്, മഹസ്സർ എന്നിവ തയ്യാറാക്കി ഭൂമിയും കൈവശക്കാരനും പതിച്ചു നൽകുന്നതിന് അർഹമാണെന്ന് കണ്ടെത്തിയാൽ ആയവ ചട്ടം 12A പ്രകാരം രൂപീകരിച്ചിട്ടുള്ള താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ശിപാർശ ചെയ്യുന്നവ ചട്ടം 12(3) പ്രകാരം ജില്ലാ കളക്ടറുടെ അനുമതിക്ക് വിധേയമായി പതിച്ച് നൽകുകയും ചെയ്തുവരുന്നു.

(ഡി) ഇല്ല. താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ അതാത് താലൂക്കിനെയോ താലൂക്കിൽ ഏതെങ്കിലും ഭാഗത്തേയോ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗം അല്ലെങ്കിൽ നിയമസഭാംഗം അംഗമാണ്. താലൂക്ക് ലാൻഡ് അസൈൻമെന്റ് യോഗം ചേരുന്ന വിവരം ബന്ധപ്പെട്ട നിയമസഭാ സാമാജികരെ അറിയിക്കാറുണ്ട്.

**വൈത്തിരി താലൂക്കിൽ കർഷകർക്ക് പട്ടയം ലഭിച്ച ഭൂമി**

213(2803) <u>ശ്രീ. സി. കെ. ശശീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിൽ കർഷകർ വർഷങ്ങളായി കൈവശം വച്ചുവരുന്നതും പട്ടയം ലഭിച്ചതും എന്നാൽ വനം വകുപ്പ് പിന്നീട് അവകാശവാദമുന്നയിക്കുകയും ചെയ്ത എത്ര ഏക്കർ ഭൂമി ഏതെല്ലാം വില്ലേജുകളിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഭൂമിക്കുമേൽ അവകാശം നഷ്ടമായ കർഷകരുടെ കണക്ക് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടപ്പടി, വെള്ളരിമല, മൂപ്പൈനാട്, തൃക്കൈപ്പറ്റ എന്നീ വില്ലേജുകളിലായി 137.0031 ഹെക്ടർ ഭൂമിയുണ്ട്.

(ബി)

| വില്ലേജ് | ആകെ അപേക്ഷകൾ | അംഗീകരിച്ചത് |
|---|---|---|
| വെള്ളരിമല | 263 | 39 |
| കോട്ടപ്പടി | 769 | 54 |
| തൃക്കൈപ്പറ്റ | 126 | 112 |
| മൂപ്പൈനാട് | 522 | 459 |
| ആകെ | 1680 | 664 |

**പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി**

214(2804) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതിനകം എത്രപേർക്ക് പട്ടയം നൽകി; ഇനി എത്രപേർക്ക് പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം

കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തുവരുന്നു. കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിരവധിയായ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്.

32000 കാണകുടിയാന്മാരുടെ പട്ടയപ്രശ്നം പരിഹരിച്ചു. കേസുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസീൽദാർമാർക്ക് എൽ.റ്റി.യുടെ അധിക ചുമതല നൽകുകയുണ്ടായി. അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി ഒരു സ്പെഷ്യൽ തഹസീൽദാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ ചുമതല നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തിവരുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റി.യിലെ കേസ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29-2-2020 വരെ 133356 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2020 മാർച്ച് 31-നകം 8057 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള പരിശോധനകൾ നടന്നുവരികയാണ്.

## കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം വിതരണം

215(2805) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിൽ തീരുമാനമാകാതെയുണ്ടെന്ന് വിശദീകരിക്കുമോ; അവയുടെ ലിസ്റ്റും നടപടിയുടെ പുരോഗതിയും വിശദമാക്കുന്ന പട്ടിക ലഭ്യമാക്കുമോ;

(ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി ലഭിച്ചവർക്ക് പട്ടയം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീടും നൽകിയവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടോ; ഈ ഭൂമിയും വീടും കൈമാറുന്നതിന് നിബന്ധന വല്ലതും നിലവിലുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽ പട്ടയം നൽകാൻ ബാക്കിയുള്ള 5 കേസുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. എൽ.എ. 1-16/19/സി-2- രാജേന്ദ്രൻ. കാവനാൽ ലക്ഷം വീട് അയണിവേലികുളങ്ങര

   പഞ്ചായത്തിന്റെ അനുവാദപത്രിക ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കുന്നതാണ്.

2. എൽ.എ. 1-6/19/സി12- ലളിത. സുവർണ്ണ വിലാസം, നീണ്ടകര

   ഹൈവേ വികസനത്തിന് പ്രസ്തുത സ്ഥലം ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

3. എൽ.എ. 1-13/19/സി12- രാജേന്ദ്രൻ, പ്രിയാലയം പ്രയാർ തെക്ക്, ക്ലാപ്പന

   വെള്ളക്കെട്ടുള്ള പ്രദേശമാകയാൽ കൂടുതൽ പരിശോധന ആവശ്യമായി കാണുന്നു.

4. സി12-10053/17- മിനി, കളീലിൽ, ചവറ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. സി12-12259/19- ലോറൻസ്, ഗോൺസാൽവസ്, റ്റി.എം. ചിറ, ആലുംപീടിക, ആയിരംതെങ്ങ്, ആലപ്പാട് എന്നിവരുടെ അപേക്ഷ പതിവ് കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

   മേൽ വിവരിച്ച 5 കേസുകൾ കൂടാതെ ഓച്ചിറ വില്ലേജിലെ വവ്വാക്കാവ് പുവർഹൗസിംഗ് കോളനിയിലെ താമസക്കാർക്കുകൂടി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഓച്ചിറ വില്ലേജിലെ പുവർമാൻ ഹൗസിംഗ് കോളനിയിൽ ഭൂമി കൈവശമുള്ളവരുടെ കൈവശസ്ഥലത്തിന്റെ സ്കെച്ചും മഹസ്സറും താലൂക്ക് സർവ്വെയർ മുഖേന തയ്യാറാക്കിയിട്ടുള്ളതാണ്. ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(സി) കരുനാഗപ്പള്ളി താലൂക്കിൽ സുനാമി പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയും വീടും നൽകിയവർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ടി ഭൂമിയും വീടും അനന്തരാവകാശ കക്ഷികൾക്ക് ഉൾപ്പെടെ കൈമാറുന്നതിന് പട്ടയം നൽകിയ ദിവസം മുതൽ 12 വർഷക്കാലം പൂർത്തിയാക്കേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാൽ ആയത് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുവരുന്നു.

**പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം**

216(2806) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങളുടെ അവകാശം പട്ടാദാർക്കു നല്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 18-7-2019-ലും 3-9-2019-ലും 5-2-2020-ലും ചേർന്ന യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(ബി) 5-2-2020 ൽ റവന്യൂ - വനം വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRO No.621/17 നോട്ടിഫിക്കേഷൻ അനുസരിച്ച് കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിന്നിരുന്നതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടേയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നും പ്രസ്തുത നോട്ടിഫിക്കേഷൻ 2017 മുതൽ നിലവിലുള്ളതിനാൽ പട്ടയ ഫോറത്തിലുള്ള വ്യവസ്ഥകൾ കണക്കാക്കേണ്ടതായി കാണുന്നില്ല എന്ന് തീരുമാനിക്കുകയും ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ വഴി നിർദ്ദേശം നല്കുവാൻ യോഗത്തിൽ ധാരണയായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ U3/187/Rev എന്ന ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) 5-2-2020 ലെ യോഗ തീരുമാന പ്രകാരം പട്ടയഭൂമിയിലെ മരം മുറിയ്ക്കൽ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സർക്കുലർ വഴി വേഗത്തിൽ നിർദ്ദേശം നല്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 17-8-2017-ലെ ജി.ഒ. (പി) നം. 60/2017/ആർ.ഡി. ഭേദഗതി പ്രകാരമുള്ള പട്ടയ ഫാറത്തിലെ വ്യവസ്ഥകളിലെ വ്യവസ്ഥ 2 പ്രകാരം പതിച്ചു കിട്ടുന്ന ഭൂമിയിലെ മരങ്ങളിൽ പട്ടാദാർക്കുള്ള അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷൻ 22 പ്രകാരവും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ആണ് ഇതുസംബന്ധിച്ച് അവ്യക്തത ഉണ്ടായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനാവശ്യമായ ഒരു സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) 5-2-2020-ലെ യോഗതീരുമാന പ്രകാരം പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച് സ്പഷ്ടീകരണം നൽകുന്നതിനായി ഒരു സർക്കുലർ പുറപ്പെടുവിക്കുന്ന കാര്യം U3/187/Rev എന്ന ഫയലിൽ പരിശോധിക്കുന്നുണ്ട്.

## പട്ടയത്തിന്മേൽ അപ്പീൽ നൽകാനുള്ള അവസരം

217(2807) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം ലഭിച്ച ഭൂമിയിലെ അപാകത സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ അപ്പീൽ നൽകാനുള്ള അവസരം ഭൂമി ഉടമയ്ക്ക് ലഭിക്കുന്ന വിധത്തിൽ നിയമ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ ഭൂമി പതിവ് സംബന്ധിച്ച ഉത്തരവ്/നടപടികളിന്മേൽ അപ്പീൽ ഹർജികൾ യഥാവിധി തീർപ്പാക്കുന്നതിന് കേരള ഭൂമി പതിവ് നിയമം 1960 അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ പതിച്ചു നൽകിയ ഭൂമിയിലെ അപാകത സംബന്ധിച്ച് അപ്പീൽ നൽകുന്നതിന് ടി നിയമത്തിലോ അനുബന്ധ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല.

## റെഡ് അലർട്ട് പ്രഖ്യാപനം

218(*T2808) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഉണ്ടായ പ്രളയത്തിന് മുമ്പുള്ള ഒരു വർഷം എത്ര ദിവസം സംസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രളയാനന്തരം എത്ര ദിവസം സംസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ജാഗ്രതാ നിർദ്ദേശങ്ങളിൽ പലതും കൃത്യതയില്ലാത്തതു കാരണം പൊതുജനങ്ങൾ അവയെ ലാഘവത്തോടെ കാണുന്നതിന് ഇടയാക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിൽ കൃത്യത പുലർത്തുന്ന തരത്തിൽ സംസ്ഥാനത്തെ മുന്നറിയിപ്പ് സംവിധാനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇടുക്കി അണക്കെട്ടിന് സമീപമുണ്ടായ ഭൂചലനം**

219(2809) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി അണക്കെട്ടിന് സമീപം തുടർച്ചയായി ഭൂചലനം ഉണ്ടാകുന്നത് മൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങളിൽ ആശങ്ക ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) റിക്ടർ സ്കെയിലിൽ എത്ര തീവ്രതയുള്ള ഭൂചലനമാണ് 2020 ഫെബ്രുവരി മാസം ഈ മേഖലയിൽ ഉണ്ടായത്; അതിനുള്ള കാരണം എന്തെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇടുക്കി ആർച്ച് ഡാം പരിസര മേഖലകളിൽ ഫെബ്രുവരി 27 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ഉണ്ടായ ചലനങ്ങളെല്ലാം കെ.എസ്.ഇ.ബി. എൽ. ഡാം സേഫ്റ്റി വിഭാഗം അറിയിച്ചത് പ്രകാരം റിക്ടർ സ്കെയിലിൽ രണ്ടോ അതിൽ താഴെയോ ഉള്ള തീവ്രതയിൽ പെടുന്നതാണ്. റിക്ടർ സ്കെയിലിൽ തീവ്രത 3-ന് താഴെയുള്ള ചലനങ്ങളിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലാത്തതാണ്. ആയതിനാൽ നിലവിൽ പഠനം നടത്തിയിട്ടില്ല.

ഇടുക്കി ഡാമിന്റെ പരിസര പ്രദേശങ്ങളിൽ 27.02.2020, 28.02.2020, 29.02.2020 തീയതികളിലുണ്ടായ ഭൂചലനങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. ഡാം സേഫ്റ്റി വിഭാഗം നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Date | 27-2-2020 | 28-2-2020 | 29-2-2020 |
|---|---|---|---|
| Origin of Time (IST) | 10:25:49 Sec(PM) | 07:22:40 Sec(PM) | 06:46:51(AM) |
| Duration (Coda) | 27.5 Sec | 17 Sec | 4 Sec |
| Magnitude | 2 | 1.5 | 0.3 |
| Location | Lat-09$^{0}$ 50' 15” N Long-76$^{0}$ 59' 04” E | | |

ഇടുക്കി ഡാം ടോപ്പ് മേഖലയിൽ പൂജ്യത്തിൽ താഴെ മാത്രം ശക്തിയുള്ള 13 ചെറിയ ഭ്രചലനങ്ങൾ 28-2-2020 09:32 എ.എം. മുതൽ 29-2-2020 07:50 എ.എം. വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

## ചാലിയാർ പഞ്ചായത്തിൽ പ്രകൃതി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സഹായം

220(2810) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഓഗസ്റ്റ് മാസം എട്ടാം തീയതി ചാലിയാർ പഞ്ചായത്തിൽ ഉണ്ടായ പ്രകൃതി ദുരന്തം എത്ര കുടുംബങ്ങളെ ബാധിച്ചു എന്നറിയിക്കാമോ;

(ബി) അവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകി അല്ലെങ്കിൽ എന്തെല്ലാം ധനസഹായങ്ങൾ അനുവദിച്ചു, ഗുണഭോക്താക്കളുടെ പട്ടിക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നാളിതുവരെയായി ധനസഹായങ്ങളും , ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണമെന്തെന്നും ,തടസ്സങ്ങൾ നീക്കി അടിയന്തരമായി അവ വിതരണം ചെയ്യുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ ചാലിയാർ ഗ്രാമപഞ്ചായത്തിൽ 131 കുടുംബങ്ങളെ ദുരന്തം ബാധിച്ചിട്ടുണ്ട്.

(ബി) ധനസഹായം അനുവദിച്ചവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) 131 കുടുംബങ്ങൾക്കും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

221(*T2811) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നെടുമങ്ങാട് താലൂക്ക് ആഫീസ് മുഖേന എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ധനസഹായം ലഭിച്ചവരുടെ എണ്ണവും തുകയും വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 6088 പേർക്ക് 12,07,93,353 രൂപ നൽകിയിട്ടുണ്ട്. വില്ലേജ് അടിസ്ഥാനത്തിലുള്ള വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.+

**ദുരിതാശ്വാസ കേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി**

222(2812) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിൽപ്പെടുന്നവർക്ക് ദുരിതാശ്വാസ കേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ഇതിന്റെ നിർമ്മാണം നടക്കുന്നത്; എത്ര പേർക്കു വരെ താമസിക്കുന്നതിനുള്ള സൗകര്യമാണ് ഓരോ കേന്ദ്രത്തിലും ഒരുക്കുന്നത്;

(സി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തൊക്കെ സഹായമാണ് ലഭിച്ചത്;

(ഡി) പ്രസ്തുത കേന്ദ്രങ്ങളുടെ നടത്തിപ്പിന് മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; പ്രകൃതിക്ഷോഭം ഇല്ലാത്ത സമയങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങൾ ഏത് വിധത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 14 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചു വരികയാണ്. ആദ്യത്തെ ഷെൽട്ടർ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്ത് പൂർത്തീകരണ ഘട്ടത്തിലെത്തി നിൽക്കുകയാണ്. തൃശ്ശൂരിൽ ഉള്ള കെട്ടിടം പ്രാദേശിക പ്രശ്നങ്ങളുടെ പേരിൽ ബഹു:മാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടന്നുവരികയാണ്. ബാക്കിയുള്ള 13 ഷെൽട്ടറുകളുടെ പണികൾ 85 ശതമാനത്തിന് മുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം തുടങ്ങിയ ജില്ലകളിൽ ഇതിന്റെ നിർമ്മാണം നടന്നുവരുന്നു. ഒരു ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോട് കൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്.

(സി) ഷെൽട്ടർ നിർമ്മാണത്തിന്റെ അടങ്കലായ 136 കോടി രൂപയിൽ 75 ശതമാനം തുകയാണ് ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ലഭിക്കുക.

(ഡി) നിലവിൽ മാനദണ്ഡം തയ്യാറാക്കി വരികയാണ്. അതാതു പ്രദേശത്തെ തദ്ദേശസ്ഥാപനത്തിന്റെ മേധാവി ഉൾപ്പെടുന്ന ഷെൽട്ടർ മാനേജ്മെന്റ് കമ്മിറ്റിക്ക് സർക്കാർ പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി താത്ക്കാലിക പ്രവർത്തികൾക്ക് ഇവ ഉപയോഗപ്പെടുത്താവുന്നതാണ്.

**ദുരന്തനിവാരണ സംവിധാനം**

223(2813) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്തനിവാരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വരൾച്ചാ കാലത്ത് തടസ്സരഹിതമായ കുടിവെള്ള വിതരണത്തിനും കന്നുകാലികളുടെയും മറ്റു മൃഗങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രകൃതിക്ഷോഭ കെടുതിയിൽനിന്ന് രക്ഷിക്കുന്നതിന് ചെലവഴിച്ച തുക

224(*T2814) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയും വെള്ളപ്പൊക്കവും കൊണ്ട് ഉണ്ടാകുന്ന കെടുതികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള പദ്ധതി പ്രകാരം എത്ര തുകയാണ് 2019-20 വർഷത്തിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതൊക്കെ വകുപ്പുകൾ വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികളെയാണെന്ന് അറിയിക്കാമോ;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥർ ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വരൾച്ചയും വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽനിന്ന് നടപ്പ് സാമ്പത്തിക വർഷം 1150.26 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി & സി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള ദുരിതാശ്വാസ സഹായം ദുരിതബാധിതർക്ക് ബന്ധപ്പെട്ട വകുപ്പുകൾ (കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, റവന്യൂ വകുപ്പ്, മത്സ്യബന്ധന വകുപ്പ്) മുഖേന വിതരണം ചെയ്യുന്നു. ദുരന്തവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനരുദ്ധരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും/ ഏജൻസികൾക്കും സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം തുക അനുവദിച്ചുനൽകുന്നു. കാലവർഷക്കെടുതി കാരണം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിക്കുന്ന പ്രവൃത്തികളിൽ ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രവൃത്തി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD (Spl.Buildings), PWD (Roads & Bridges) എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെക്കൊണ്ട് നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെക്കൊണ്ടും നിർവ്വഹിക്കാവുന്നതുമാണ്.

(ഡി) ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദുരന്ത നിവാരണ വകുപ്പ് കാസർഗോഡ് ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

225(2815) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണവകുപ്പ് കാസർഗോഡ് ജില്ലയ്ക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ റോഡുകളുടേയും മറ്റ് എടുപ്പുകളുടേയും പുനരുദ്ധാരണത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക മുഴുവനായി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) യഥാസമയം നടപടികൾ പൂർത്തിയാക്കാത്തത് കാരണം എത്ര പ്രവൃത്തികൾ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇത്തരത്തിൽ പണം ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം ജില്ലാ ഭരണകൂടം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഇ) ഇത്തരം പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതോടൊപ്പം തുടർന്ന് പണം നഷ്ടപ്പെടാതെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 2017-18-ൽ 1,95,72,502 രൂപയും 2018-19-ൽ 3,10,00,000 രൂപയും 2019-20-ൽ 2,50,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) 2017-18-ൽ 86,80,241 രൂപയും 2018-19-ൽ 2,42,12,091 രൂപയും 2019-20-ൽ ഇതുവരെ 1,45,56,500 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) 2017-18 മുതൽ 71 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ റദ്ദായിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കാൻ സാധിക്കാത്ത പ്രവൃത്തികളും സമയബന്ധിതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനാനുമതി ലഭ്യമാക്കി എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാതിരുന്ന പ്രവൃത്തികളും ഇപ്രകാരം റദ്ദായിട്ടുണ്ട്.

(ഡി & ഇ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ചാണ് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ ഭാഗികമായി നിർവ്വഹണം നടത്തിയവയ്ക്ക് പാർട്ട് ബിൽ പേയ്മെന്റോ അനുവദിക്കാനാകില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് ബിൽ തുക മാറി നൽകാൻ സാധിക്കുന്നത്. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി നഷ്ടപ്പെടുന്ന സാഹചര്യമില്ല. അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നത് ഉറപ്പാക്കുന്നതിനായി ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം എഗ്രിമെന്റ് വയ്ക്കുന്നതിനും ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിനായി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, പ്രവൃത്തി നടത്തുന്നതിലെ പുരോഗതി നിരന്തരം പരിശോധിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

## കോട്ടയം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

226(2816) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലാ നിർമ്മിതികേന്ദ്രം മുഖേന കോട്ടയം ജില്ലയിൽ ചവിട്ടുവേലിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ (നട്ടാശ്ശേരി) പ്രവൃത്തി ഏറ്റെടുത്ത സേംസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി പാലം പണി നിർത്തി വയ്ക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ മതിയായ തുക വകയിരുത്തി പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലാ നിർമ്മിതികേന്ദ്രം മുഖേന കോട്ടയം ജില്ലയിൽ നിർമ്മിക്കുന്ന അരമന്നൂർ പാലം, ചവിട്ടുവേലിക്കടവ് പാലം (നട്ടാശ്ശേരി റെഗുലേറ്റർ കം ബ്രിഡ്ജസ്) എന്നിവയുടെ നിർമ്മാണം 68 ശതമാനം മുതൽ 70 ശതമാനം വരെ പൂർത്തീകരിച്ചിട്ടുള്ളതും പണി ആരംഭിച്ച് വിവിധ സ്റ്റേജുകളിൽ എത്തി നിൽക്കുന്ന അഞ്ചു പാലങ്ങളുടെ പാർട്ട് ബില്ലുകളിന്മേൽ 6,44,23,260(ആറുകോടി നാല്പത്തി നാല് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂറ്റി അറുപത് രൂപ) ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മാറി നൽകിയിട്ടുള്ളതും ആകുന്നു. മൊബിലൈസേഷൻ അഡ്വാൻസും പാർട്ട് ബിൽ പേയ്മെന്റും അനുവദിച്ചു നൽകുന്നതിനാൽ വിവിധ കാരണങ്ങളാൽ താമസമുണ്ടായിട്ടുണ്ട്.

സർക്കാർ തീരുമാനപ്രകാരം, ഫണ്ടിന്റെ അപര്യാപ്തതമൂലം ഉത്തരവായ ഒൻപത് പാലങ്ങളിൽ അഞ്ച് പാലങ്ങളുടെ പണി മാത്രമേ ആരംഭിച്ചിരുന്നുള്ളൂ. അപ്രകാരം പ്രവൃത്തിയുടെ പരിധി കുറച്ചതുമൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോമൻസ് ഗ്യാരണ്ടി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനം എടുക്കണമെന്നും റേറ്റ് റിവിഷനും ആവശ്യപ്പെട്ടാണ് പ്രസ്തുത കമ്പനി പണി നിർത്തിവച്ചിട്ടുള്ളത്.

(ബി) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് LAR കേസുകളിന്മേൽ ബഹുമാനപ്പെട്ട പത്തനംതിട്ട സബ് കോടതി അറ്റാച്ച് ചെയ്തിട്ടുള്ളതിനാലും നിലവിൽ ഫ്രീസ് ചെയ്തിട്ടുള്ളതിനാലും ആർ.എം.എഫ്. മുഖാന്തരമുള്ള പ്രവൃത്തികൾ ഇല്ലാത്തതാകുന്നു. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതയും പണി പൂർത്തീകരിക്കാത്ത സാഹചര്യവും കാരണം ഈ വിഷയം സംബന്ധിച്ച് ആർബിട്രേഷൻ കേസ് നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ വിഷയം സംബന്ധിച്ചുള്ള കേസിന്റെ വിധി അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

227(2817) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റത്തെയും ഷട്കാല ഗോവിന്ദ മാരാർ സ്മാരകം സ്ഥിതിചെയ്യുന്ന രാമമംഗലത്തെയും ബന്ധിപ്പിച്ച് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് മൂവാറ്റുപുഴ ആറിന് കുറുകെ പണിതതും 2018-ൽ തകർന്ന് വീണതുമായ തൂക്കുപാലം പുനർനിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തമ്മാനിമറ്റം പാലം പുനർ നിർമ്മിച്ചിട്ടില്ല. ടി പാലത്തിന്റെ പുനർ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ നിലവിലില്ല.

(ബി) ബാധകമല്ല.

## നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള പാലക്കാട് ജില്ലയിലെ അപേക്ഷകൾ

228(2818) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലം നികത്തി വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ പാലക്കാട് ജില്ലയിലെ ബന്ധപ്പെട്ട വിവിധ ഓഫീസുകളിൽ കെട്ടികിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ അനുമതി ഉത്തരവോ,നിരസന ഉത്തരവോ സമയബന്ധിതമായി നല്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നിലവിൽ വന്ന 12.08.2008-നുശേഷം ഭൂമി വാങ്ങിച്ചവരുടെ പരിവർത്തനാനുമതി അപേക്ഷകൾ കൃഷി ഭവനുകളിലും പ്രിൻസിപ്പൽ കൃഷി ഓഫീസിലും ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 6-6-2017-ലെ WP(C) 3466/2017-ാം നമ്പർ വിധിന്യായത്തിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച REV-P1/248/2019-REV നമ്പർ സർക്കുലർ പുറപ്പെടുവിച്ചതിനു ശേഷവും ലഭിച്ച ഇപ്രകാരമുള്ള അപേക്ഷകളും ടി ആഫീസുകളിൽ തീർപ്പാക്കാൻ നിലവിലുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിച്ച് ഉടൻ ഉത്തരവ് നൽകുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രാദേശികതല നിരീക്ഷണ സമിതി തീരുമാനമെടുത്ത് ജില്ലാതല സമിതിക്ക് സമർപ്പിച്ച അപേക്ഷകൾ ജില്ലാതല സമിതി കൂടി ഉടൻ തീർപ്പാക്കുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭേദഗതി

229(2819) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്ന 2008 ആഗസ്റ്റ് 12-ന് ശേഷം നിലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിനായി അത് പരിവർത്തനം ചെയ്ത് അനുമതി നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമത്തിലെന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് 1990 കളിലും അതിന് മുമ്പും സർക്കാർ അനുമതിയോടെ പണിത വീടുകൾ ഉപയോഗ ശൂന്യമായാൽ അതിന്റെ പുനർനിർമ്മാണത്തിന് അനുമതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥ എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 6-6-2017-ലെ ഡബ്ല്യൂ.പി. (സി)-3466/17 നമ്പർ കേസിലെ വിധിന്യായത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നശേഷം നെൽവയലിന്റെ ഉടമസ്ഥരായവർക്ക് ആക്ട് 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. അതിനാൽ ഇപ്രകാരമുള്ള നെൽവയലിന്റെ ഉടമസ്ഥർക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകാൻ നിർവ്വാഹമില്ലാത്തതാണ്. ഈ സാഹചര്യത്തിൽ 12.08.2008-ന് ശേഷം നിലം (നെൽവയൽ) വാങ്ങിയവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/ പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ലെന്ന് 17-2-2020-ലെ Rev-P1/248/2019-Rev നമ്പർ ആയി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2017-ൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമ ഭേദഗതികൾ ഒന്നും തന്നെ വരുത്തിയിട്ടില്ലാത്തതാണ്.

(സി) റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'

എന്ന വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നു. ഇപ്രകാരമുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിന്/ പുനർനിർമ്മാണത്തിന് ആഗ്രഹിക്കുന്ന പക്ഷം, റവന്യൂ ഡിവിഷണൽ ആഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്. കൂടാതെ 2008-ന് മുൻപ് നികത്തിയതോ നികന്നു കിടക്കുന്നതോ ആയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയോ ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചു നീക്കുകയോ ചെയ്യുന്നിടത്ത് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടം ക്രമവൽക്കരിച്ചു നൽകുന്നതിനും പുതുക്കി വയ്ക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-12-2016-ലെ 994733/ആർ.എ.1-16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 23-8-2019-ലെ ദുരന്തനിവാരണ (എ) വകുപ്പ് പുറപ്പെടുവിച്ച സ.ഉ. (കൈ) നമ്പർ 25/2019/ഡി.എം.ഡി. ഉത്തരവിൽ പ്രസ്തുത സ്ഥലം ദുരന്ത സാധ്യതാമേഖലയിൽ ആണെന്ന് ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയോ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008

230(2820) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം 12-8-2008-നുമുൻപ് നികത്തിയതും 12-8-2008-നുശേഷം കൈവശാവകാശം സിദ്ധിച്ചിട്ടുള്ളതുമായ സാധാരണക്കാരായ ഭൂഉടമകൾ വീട് വയ്ക്കുന്നതിനുള്ള അനുമതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ& ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP (C) No. 3466/17 നമ്പർ കേസിലെ 6-6-2017-ലെ വിധിന്യായത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം നെൽവയൽ വാങ്ങുന്നവർക്ക് കേരള നെൽവയൽ തണ്ണീർത്തട

സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്രകാരമുള്ള ഭൂവുടമകൾക്ക് അനുമതി നൽകാൻ നിർവ്വാഹമില്ലാത്തതാണ്. എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിക്ക് ഈ വ്യവസ്ഥ ബാധകമല്ലാത്തതാണ്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 17-2-2020 തീയതിയായുള്ള REV-P1/248/2019-REV നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## പൊതുനിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം

231(2822) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ്/പാലം തുടങ്ങിയ പൊതുനിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സ്ഥലം ഏറ്റെടുക്കുമ്പോൾ നടത്തുന്ന സാമൂഹ്യ ആഘാതപഠനം വലിയതോതിലുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ മാത്രമായി പരിമിതപ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) സ്ഥലം ഉടമകൾ ഡയറക്ട് പർച്ചേസ്/നെഗോഷ്യേറ്റഡ് പർച്ചേസിനു തയ്യാറാകുന്ന സാഹചര്യത്തിൽ അപ്രകാരം സ്ഥലം ഏറ്റെടുക്കുന്നത് സർക്കാർ പരിഗണിക്കുമോ;

(ഡി) റോഡ്/പാലം തുടങ്ങിയ പൊതുനിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം വേഗത്തിൽ ഏറ്റെടുത്ത് നൽകി പദ്ധതി പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം ലഭ്യമാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 40 അനുസരിച്ചുള്ള അടിയന്തര സാഹചര്യത്തിലുള്ള ഭൂമി ഏറ്റെടുക്കലുകൾക്ക് മാത്രമേ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽനിന്നും ഒഴിവാക്കാൻ കഴിയുകയുള്ളൂ. മറ്റുള്ള ഭൂമി ഏറ്റെടുക്കലിൽ നിർബന്ധമായും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയശേഷം മാത്രമേ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(സി) LARR Act-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂവുടമകൾ സമ്മതപത്രം നൽകുന്നപക്ഷം എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോമ്പൻസേഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം ഏറ്റെടുത്ത് നൽകാറുണ്ട്. പ്രസ്തുത കേസുകളിൽ സെക്ഷൻ 19(1) അനുസരിച്ചുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചതിനുശേഷമാണ് DLFC-ൽ ഭൂവുടമകളുമായി ചർച്ച നടത്തുന്നത്.

കൂടാതെ ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന അവസരങ്ങളിൽ ആയതിന് അനുമതി നൽകാറുണ്ട്. അത്തരം കേസുകളിൽ സർവ്വേസ് ആൻഡ് ബൗണ്ടറീസ് ആക്ട് 1961 പ്രകാരം 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി. കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SLEC യോഗത്തിൽ സമർപ്പിച്ച SLEC-യുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്.

(ഡി) എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രതിപാദിക്കുന്ന സമയപരിധിക്കുള്ളിൽ പരമാവധി സമയം കുറച്ച് സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്.

**ഒറ്റ തണ്ടപ്പേർ പദ്ധതി**

232(2823) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റ തണ്ടപ്പേർ പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഒറ്റ തണ്ടപ്പേർ വരുമ്പോൾ കേരളത്തിൽ എവിടെയും ഭൂമിയുള്ള ഒരാളുടെ ഭൂമിയുടെ വിശദാംശങ്ങൾ പൂർണ്ണമായും വേഗത്തിലും ലഭ്യമാകുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020 ലെ സ.ഉ.(സാധാ) നമ്പർ 552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാക്കുകവഴി ജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും.

(ബി) ഒറ്റ തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സേവനം വളരെ വേഗത്തിൽ ല്യമാകുന്നതാണ്. ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ല്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തിയാൽ ഭൂഉടമയുടെ വിരലടയാളം ഉപയോഗിച്ച് ടിയാളുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ എവിടെനിന്നും പരിശോധിക്കാവുന്നതാണ്. UTP (Unique Thandaper) നടപ്പിലാക്കുന്നതിലൂടെ ഏതൊരു വില്ലേജാഫീസിലും സബ്‌രജിസ്ട്രാർ ഓഫീസിലും പൊതുജന സേവന കേന്ദ്രങ്ങളിലും ഭൂമിയുടെ വിവരങ്ങൾ വേഗത്തിൽ അറിയാൻ കഴിയും. ഘട്ടംഘട്ടമായി ഏതൊരു സർക്കാർ ഓഫീസിലും ഇത്തരത്തിൽ ഭൂമിയുടെ കൈവശക്കാരന്റെ വിവരങ്ങൾ അറിയാൻ കഴിയുന്ന തരത്തിൽ സൗകര്യമുണ്ടാക്കാവുന്നതുമാണ്.

**പൊതു ആവശ്യങ്ങൾക്ക് സ്വകാര്യ ഭൂമി ഏറ്റെടുക്കൽ**

233(2824) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാര തുക കണക്കാക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ;

(ബി) വിവിധ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നതിന് ഒരേ രീതി തന്നെയാണോ സ്വീകരിച്ചുവരുന്നത്; വ്യത്യാസം ഉണ്ടെങ്കിൽ അത് കണക്കാക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26, 27, 28, 29, 30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26-ൽ താഴെ പറയുംപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

(എ) സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അതതു സംഗതികളിൽ തീറാധാരങ്ങൾക്കോ വില്പന കരാറുകൾക്കോ 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് 2 പ്രകാരമുള്ള കമ്പോളവില നിശ്ചിക്കാവുന്നതാണ്.

(ബി) സമീപത്തുള്ള വില്ലേജിലോ, സമീപ പ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന അതേ പോലെയുള്ള സമാനരീതിയിലുള്ള സ്ഥലങ്ങൾക്കുള്ള ശരാശരി വില്പനവില കണക്കാക്കാവുന്നതാണ്.

(സി) സ്വകാര്യ കമ്പനികൾക്കോ പൊതുസ്വകാര്യ/കൂട്ടുടമസ്ഥ പ്രോജക്ടുകൾക്കോ വേണ്ടി ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ 2-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൻകീഴിൽ ധാരണാപത്രം സമ്മതിച്ചുറപ്പിച്ചിട്ടുള്ള നഷ്ടപരിഹാര തുക ഇവയിലേതാണോ കൂടുതൽ ആയത് കമ്പോളവിലയായി നിശ്ചയിക്കുന്നു.

കമ്പോളവില തീരുമാനിക്കുന്ന തീയതി പ്രാഥമിക വിജ്ഞാപനം 11(1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26 (എ) പ്രകാരമുള്ള മാനദണ്ഡം മിക്കവാറും സംഗതികളിൽ 26 (ബി) പ്രകാരമുള്ള മാനദണ്ഡത്തിനേക്കാൾ കുറവായിരിക്കും. 26 (സി) പ്രകാരമുള്ള മാനദണ്ഡമനുസരിച്ചുള്ള ധാരണാപത്രം ലഭ്യമാകുവാനുള്ള സാധ്യതയും വിരളമാണ്. ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നതിന് 26(ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടു മുന്നിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വിൽപ്പന വിലയായി കണക്കാക്കി ഭൂമി വില നിശ്ചയിക്കുന്നു.

ഈ കമ്പോളവിലയോടൊപ്പം നഗര പ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന

തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100 ശതമാനത്തിന് തുല്യമായ തുക സോലേഷ്യം ആയും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുക സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഭൂമി കൈവശത്തിൽ എടുക്കുന്ന തീയതിവരെയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് എന്ന് നോക്കി ഈ കാലയളവിൽ 12 ശതമാനം പലിശയും നൽകുന്നു.

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസുകളിൽ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോംപൻസേഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡം 26(b)യെക്കാൾ കൂടിയ വില അനുവദിച്ചുനൽകാറുണ്ട്.

### ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടി

234(2825) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ നടപടികൾ ആയിട്ടുണ്ടോ;

(ബി) സർക്കാർ സ്ഥാപനങ്ങൾ പരസ്പരം ഭൂമി കൈമാറ്റം ചെയ്യാൻ ഉള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എല്ലാ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാൻഡ് അക്വിസിഷൻ ഓഫീസർമാരുടെയും അർത്ഥനാധികാരികളുടെയും യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. കോടതി കേസുകളും പൊതുജനങ്ങളുടെ എതിർപ്പും കാരണമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുന്നത്. 2013-ലെ RFCTLARR ആക്ടിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് KSTP-ക്ക് കൈമാറുന്നതിന് 3-4-2017-ലെ സ.ഉ.(കൈ) 105/17/റവ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴികെയുള്ള സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്ക് ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ പുനർ നിർമ്മിച്ചു നൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥയോടെ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി നൽകുന്നതിന് 26-8-2017-ലെ 302/17/റവ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറി നൽകുന്നതിന് 24-11-2018-ലെ 175/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

ഭൂമി കൈമാറുന്നതിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ.(പി) 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതിന് 01-11-2018-ലെ എൽ.ആർ.കെ. 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

235(2826) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന റാന്നി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിനായി വസ്തു ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; റാന്നി,

അങ്ങാടി വില്ലേജുകളിലെ എത്ര വസ്തു ഉടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരിക; ഓരോ വില്ലേജിലും ആകെ എത്ര വസ്തു ഏറ്റെടുക്കണമെന്ന് വിശദമാക്കാമോ;

(ബി) വസ്തു ഏറ്റെടുത്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്തൊക്കെ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) വസ്തു ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടിയാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്;

(ഡി) നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് വസ്തു ഏറ്റെടുക്കൽ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) റാന്നി പാലത്തിന്റെ അപ്രോച്ച് റോഡിനായി അങ്ങാടി വില്ലേജിൽനിന്നും 9.8 ആർ. ഭൂമിയും റാന്നി വില്ലേജിൽനിന്നും 57.00 ആർ ഭൂമിയും എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുമതി 31-10-2019-ലെ സ.ഉ. (സാധാ) നം. 3120/2019/റവ പ്രകാരം ലഭ്യമായിട്ടുള്ളതും സാമൂഹ്യാഘാത പഠന യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) വസ്തു ഏറ്റെടുക്കുന്നതിന് നിലവിൽ യാതൊരു തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സാമൂഹ്യാഘാത പഠന യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(ഡി) 2021 ജൂൺ മാസത്തിനകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും.

## മുട്ടം സ്പൈസസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി

236(2827) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മുട്ടം സ്പൈസസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കിൻഫ്രയ്ക്ക് വേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ മുട്ടം സ്പൈസസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുള്ളതും വസ്തു വിട്ടുനൽകാൻ സമ്മതപത്രം നൽകിയവരിൽ ഏതാനും പേരുടെ സ്ഥലം കിൻഫ്ര നേരിട്ട് എടുക്കുന്നതിന് കിൻഫ്രയിൽ നടപടി നടന്നുവരുന്നതുമാണ്.

(ബി) റിക്വിസിഷൻ പ്രകാരം 90.82 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്.

## റവന്യൂ വകുപ്പിന് നൽകേണ്ട കണ്ടിജൻസി ചാർജ്ജ്

237(2828) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ റവന്യൂ വകുപ്പിന് നൽകേണ്ട കണ്ടിജൻസി ചാർജ്ജ് ലഭിക്കുവാൻ വൈകുന്നതിനാൽ സ്ഥലം ഏറ്റെടുപ്പ് നടപടിക്രമങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പൊതുആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ കണ്ടിജൻസി ചാർജ്ജ് മറ്റ് വകുപ്പുകളിൽ നിന്ന് ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കൈപ്പാലകടവ്, മഠത്തിൽ കടവ് പാലങ്ങൾക്ക് ആവശ്യമായ സ്ഥലം വിട്ടുതരുവാൻ ഗുണഭോക്താക്കൾ തയ്യാറായതിനാൽ ഡയറക്ട് പർച്ചേയ്സ് മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ 2015-ലെ എൽ.എ.ആർ.ആർ. ഉപചട്ടം 3 ചട്ടം 4 പ്രകാരം 5 ശതമാനം കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി/ഭരണവകുപ്പ് റ്റി.എസ്.ബി. അക്കൗണ്ടിൽ കെട്ടിവച്ചതിനുശേഷം മാത്രമേ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയുള്ളൂ. കണ്ടിജൻസി ചാർജ്ജ് ലഭിക്കുവാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അർത്ഥനാധികാരി/ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

(സി) **കൈപ്പാലക്കടവ് പാലം**

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18-5-2019-ലെ സ.ഉ.(സാധാ) നം. 1143/2019/റവ. പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ. പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ്, എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിശ്ചയിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജായി നിശ്ചയിച്ചുനൽകിയിരുന്ന തുക അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ എസ്.ഐ.എ. ഏജൻസിയെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ഭൂവുടമകളുടെ സമ്മതപത്രം സഹിതം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മാത്തിൽകടവ് പാലം**

26-2-2020-ലെ സ.ഉ. (സാധാ) 849/2020/റവ. നമ്പർ പ്രകാരം മാത്തിൽകടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഭൂവുടമകളുടെ സമ്മതപത്രം സഹിതം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കൽ

238(2829) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റിയുടേയും, എക്സൈസ് വകുപ്പിന്റേയും സ്ഥലം ഏറ്റെടുക്കുവാൻ ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനം കൈക്കൊള്ളുവാനായി വിശദമായ പ്ലാനും, സർവ്വേ നമ്പരും അടക്കം ജില്ലാ കളക്ടർക്ക് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുക്കുവാൻ അതാത് വകുപ്പ് തലത്തിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി & സി) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോതമംഗലം മുനിസിപ്പാലിറ്റിയുടെ കൈവശമിരിക്കുന്ന 17.60 ആർ. വസ്തുവും എക്സൈസ് വകുപ്പിന്റെ കൈവശത്തിലിരിക്കുന്ന 2.58 ആർ. വസ്തുവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ സമ്മതപത്രം ഹാജരാക്കുവാൻ പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കോതമംഗലം തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്. സമ്മതപത്രം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കിഫ്ബിയുടെ കീഴിലേയ്ക്ക് മാറ്റുന്ന ഭൂമി ഏറ്റെടുക്കൽ ഓഫീസുകൾ

239(2830) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിനും അനുബന്ധ കാര്യങ്ങൾക്കുമായി റവന്യൂ വകുപ്പിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഭൂമി ഏറ്റെടുക്കൽ ഓഫീസുകൾ കിഫ്ബിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഓഫീസുകളാണ് കിഫ്ബിയുടെ കീഴിലേയ്ക്ക് മാറ്റുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഈ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവും കിഫ്ബി വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) കിഫ്ബിയുടെ നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ഈ ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിവിധ പദ്ധതികൾക്കായി താല്ക്കാലികമായി പ്രവർത്തിച്ചിരുന്ന 12 ഭൂമി ഏറ്റെടുക്കൽ ഓഫീസുകൾ 24-2-2020-ലെ 774/2020/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നിലവിൽ പ്രസ്തുത ഓഫീസുകളിൽ 187 ജീവനക്കാരുണ്ട്. ഈ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവും കിഫ്ബി വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. കിഫ്ബിയുടെ നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരെ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കരവാലിൽ കോളനിയിലേയ്ക്കുള്ള വഴിക്കായി ഭൂമി ഏറ്റെടുക്കൽ

240(2831) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കരവാലിൽ കോളനിയിലേയ്ക്കുള്ള വഴിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തദ്ദേശവകുപ്പിന്റെ അനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി വഴിക്കായി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി റവന്യൂ വകുപ്പിന്റെ അനുമതി കൂടി ലഭിക്കേണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ അടിയന്തര തീരുമാനമെടുക്കുമോ; ഇതിനാവശ്യമായ നടപടികൾ വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ. (സാധാ) നം. 2493/2019/ത.സ്വ.ഭ.വ. തീയതി 7-11-2019 പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വാലിൽ കോളനിയിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.12.2019-ലെ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അർത്ഥന പഴയ നിയമപ്രകാരമായതിനാൽ പുതിയ നിയമപ്രകാരമുള്ള അർത്ഥന, അലൈൻമെന്റ് സ്കെച്ച് എന്നിവ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ 3-1-2020-ലെ ജി2-4014/19(1) നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയുണ്ടായി. പുതുക്കിയ അർത്ഥന, അലൈൻമെന്റ് സ്കെച്ച് എന്നിവ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് 14-2-2019-ലെ ജി.ഒ. (എം.എസ്.) നം. 56/2019/ആർ.ഡി. ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അനുമതി നൽകുന്നതാണ്.

**ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ**

241(2832) <u>ശ്രീ. കെ. രാജൻ</u>:
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>:
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഈ സർക്കാർ വരുത്തിയ ഭേദഗതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കൈവശത്തിലില്ലാത്ത പതിച്ചുകിട്ടുന്ന ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പതിച്ചുകിട്ടുന്ന കൈവശ ഭൂമി എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാനാകുമോ; വ്യക്തമാക്കുമോ;

(ഡി) കൈവശ ഭൂമിയായാലും കൈവശത്തിലില്ലാത്ത ഭൂമിയായാലും അത് എല്ലാത്തരം ബാങ്കുകളിലും ഈട് വച്ച് ലോൺ എടുക്കുന്നതിന് സാധിക്കുമോ;

(ഇ) പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുന്ന വിധത്തിൽ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17-8-2017-ലെ ജി.ഒ.(പി) നം. 60/2017/ആർ.ഡി., 2-2-2018-ലെ ജി.ഒ.(പി) നം. 7/2018/ആർ.ഡി., 15-2-2020-ലെ ജി.ഒ.(പി) 17/2020/ആർ.ഡി. എന്നീ ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

17-8-2017-ലെ ജി.ഒ.(പി) നം. 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതികൾ താഴെ കാണാവുന്നതാണ്.

1) കൈവശത്തിലുള്ള ഭൂമി പതിച്ച് നൽകുന്ന കേസുകളിൽ 1964-ലെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 7-ൽ 1 പ്രകാരമുണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ട്.

2) കൈവശമില്ലാത്ത ഭൂമി പതിച്ച് നൽകുന്ന കേസുകളിൽ പതിച്ചുകിട്ടിയ ഭൂമി 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8-ൽ 1 എ പ്രകാരമുണ്ടായിരുന്ന 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേയ്ക്ക് എന്ന് നിലവിൽ പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്.

3) പതിച്ചുകിട്ടുന്ന ഭൂമി പണയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8-ൽ 1 പ്രകാരമുണ്ടായിരുന്ന പ്രൊവിസോ ഒഴിവാക്കിയിട്ടുണ്ട്. 8(ബി) (ii) ആയി പുതിയ പ്രൊവിസോ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ച് കിട്ടിയ ഭൂമി ഗവൺമെന്റിനോ, ബാങ്കിനോ, ധനകാര്യ സ്ഥാപനങ്ങൾക്കോ, റബ്ബർ ബോർഡിനോ, ടി ബോർഡിനോ ജാമ്യം എന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്.

4) നിലവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം അപ്പൻഡിക്സ് II-ൽ പട്ടയം നൽകി വരുന്നത് പുതുക്കിയ ഭേദഗതി പ്രകാരം കൈവശഭൂമിക്ക് അപ്പൻഡിക്സ് II-ലും കൈവശമില്ലാത്ത ഭൂമിക്ക് അപ്പൻഡിക്സ് II A-ലും പട്ടയം നൽകിവരുന്നു.

2-2-2018-ലെ ജി.ഒ.(പി) നം. 7/2018/ആർ.ഡി. ഉത്തരവ് പ്രകാരം 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 9 (1)-ൽ പതിവുത്തരവ് നൽകുന്നതിനുള്ള ഫോറം കൈവശമുള്ള ഭൂമിക്കാണെങ്കിൽ അപ്പൻഡിക്സ് 1-ലും കൈവശമില്ലാത്ത ഭൂമിയുടെ കാര്യത്തിൽ അപ്പൻഡിക്സ് I (A)ലും നൽകുന്നതിനുത്തരവായിട്ടുണ്ട്.

15-2-2020-ലെ ജി.ഒ.(പി) 17/2020/റവ ഉത്തരവ് പ്രകാരം 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 18-ൽ 3 പ്രകാരം 5-2-2016 വരെയുള്ള പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി 6-2-2016-ലെ ജി.ഒ.(എം.എസ്.) 96/2016/എവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഒടുക്കാവുന്നതാണ്.

(ബി) 17-8-2017-ലെ ജി.ഒ.(പി) നം. 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം കൈവശമില്ലാത്ത ഭൂമി പതിച്ച് നൽകുന്ന കേസുകളിൽ പതിച്ച് കിട്ടിയ ഭൂമി 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 8-ൽ 1 എ പ്രകാരമുണ്ടായിരുന്ന 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേയ്ക്ക് എന്ന് നിലവിൽ പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്.

(സി) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ കൈവശഭൂമി എന്നുപറഞ്ഞിട്ടുള്ള പതിവ് കിട്ടുന്ന കൈവശഭൂമി (occupied land) കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുണ്ടായിരുന്ന കാലപരിധി 30-9-2014-ലെ ജി.ഒ.(പി)425/2014/ആർ.ഡി. ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 07-8-2017-ലെ ജി.ഒ.(പി) നം. 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 8 (ബി) (ii)-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊവിസോ പ്രകാരം ഭവന നിർമ്മാണത്തിനോ കൃഷി ആവശ്യങ്ങൾക്കോ ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ച് കിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബ്ബർ ബോർഡിനോ ടീ ബോർഡിനോ ജാമ്യം എന്ന രീതിയിൽ പണയപ്പെടുത്തി ലോൺ എടുക്കാവുന്നതാണ്.

(ഇ) 17-8-2017-ലെ ജി.ഒ.(പി) 60/2017/ആർ.ഡി. ഭേദഗതി പ്രകാരമുള്ള പട്ടയ ഫാറത്തിലെ വ്യവസ്ഥകളിലെ വ്യവസ്ഥ 2 പ്രകാരം പതിച്ച് കിട്ടുന്ന ഭൂമിയിലെ മരങ്ങളിൽ പട്ടാദാർക്കുള്ള അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷൻ 22 പ്രകാരവും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

242(2833) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിരോധനം സംസ്ഥാനം മുഴുവനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതൽ സമയം അനുവദിക്കണമെന്ന് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ WP(C) 17983/2019 നമ്പർ കേസിലെ 30-1-2019-ലെ വിധിന്യായത്തിൽ സംസ്ഥാനമൊട്ടുക്കുമുള്ള പട്ടയഭൂമിയിലെ നിർമ്മാണങ്ങൾക്ക് ഏത് ആവശ്യത്തിനാണ് ഭൂമി അനുവദിച്ചതെന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി ബഹുമാനപ്പെട്ട കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി& സി) പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

243(2834) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ആവശ്യങ്ങൾക്കായി രണ്ട് സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി നിശ്ചിത മാതൃകയിലെ അർത്ഥനാപത്രത്തോടൊപ്പം ഗവൺമെന്റിൽനിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിക്കായി അനുവദിച്ച ഫണ്ടിന്റെ വിവരം എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കൈമാറുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മറ്റേതെങ്കിലും വകുപ്പുകളുടെ

കൈവശത്തിലുള്ളതാണ് എങ്കിൽ ടി വകുപ്പുകളുടെ എൻ.ഒ.സി. സഹിതമുള്ള പ്രസ്തുത റിക്വിസിഷനിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) തഹസീൽദാരിൽനിന്നും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തരം ശേഖരിച്ച് ജി.ഒ.(പി) 31/18 തീയതി 5-6-2018 പ്രകാരം ജില്ലാ കളക്ടർമാർക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്തപക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നതും സർക്കാർ അനുമതിക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം.

(ബി) ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനയോടൊപ്പം സമർപ്പിക്കുന്നപക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത/സ്വയാർജ്ജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ ശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നൽകാൻ നിയമം അനുശാസിക്കുന്നുള്ളൂ. അപ്രകാരം നിയമപരമായ നടപടികൾ പൂർത്തിയാക്കുന്നതിന് ചെറിയ തോതിൽ കാലതാമസം നേരിടുന്നുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ.(പി) നം. 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

**സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി**

244(2835) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. കെ. എം. ഷാജി</u>:
<u>ശ്രീ. എം. സി. കമറുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായി സി & എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല എന്ന സി & എ.ജി. റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സി.& എ. ജി. റിപ്പോർട്ടിൽ സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായുള്ള പരാമർശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ.എൽ.ആർ. ആക്ട് നിലവിൽ വന്നത് മുതൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിവരങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല എന്നാണ് സി. & എ. ജി. പരാമർശിച്ചിരിക്കുന്നത്. താലൂക്ക് ലാൻഡ് ബോർഡിൽ സൂക്ഷിക്കേണ്ട ഫൈനൽ ഓർഡർ രജിസ്റ്ററിൽ (ഫാറം 46) ഏറ്റെടുക്കേണ്ട മിച്ചഭൂമി സംബന്ധിച്ചും താലൂക്ക് ഓഫീസിൽ ഫാറം 15-ൽ ഏറ്റെടുത്ത മിച്ചഭൂമി സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. എന്നാൽ പ്രസ്തുത കണക്കുകളിൽ വൈരുദ്ധ്യം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനും ഏറ്റെടുത്ത മിച്ചഭൂമി, ഏറ്റെടുക്കുവാൻ ശേഷിക്കുന്ന മിച്ചഭൂമി, വിതരണം ചെയ്തതും ചെയ്യുവാൻ ശേഷിക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ, പൊതുആവശ്യത്തിന് നീക്കിവച്ച് ഉത്തരവാകുന്ന ഭൂമിയുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഒരു ഡാറ്റാബേസ് എല്ലാ താലൂക്ക് ഓഫീസുകളിലും താലൂക്ക് ലാൻഡ് ബോർഡുകളിലും തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ലാൻഡ് ബോർഡിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.

## നിലമ്പൂർ താലൂക്കിലെ സർക്കാർ ഭൂമി

245(2836) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ സർക്കാർ ഭൂമിയോ, സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന ഭൂമിയോ ഏതെങ്കിലും വ്യക്തികൾക്കോ കമ്പനികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഭൂമി, ആർക്കെല്ലാം പാട്ടത്തിന് നൽകിയെന്നും, ആയതിന്റെ വിസ്തൃതി, നൽകിയ തീയതി, പാട്ടവ്യവസ്ഥ, പാട്ടകാലാവധി തുടങ്ങിയവ വിശദമാക്കാമോ;

(ബി) ചുങ്കത്തറ, എടക്കര വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന നിലമ്പൂർ റബ്ബർ കമ്പനിയുടെ ഉടമസ്ഥതയിലുള്ള പാലുണ്ട എസ്റ്റേറ്റിന്റെ സർവ്വേ നമ്പറും, വിസ്തീർണ്ണവും എത്രയെന്ന് വിശദമാക്കാമോ;

(സി) പാലുണ്ട എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ചുങ്കത്തറ, എടക്കര വില്ലേജുകളിൽ ഉള്ള കരാറുകളുടെയും ആധാരങ്ങളുടെയും മറ്റു അനുബന്ധ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പാലുണ്ട എസ്റ്റേറ്റ് ഭൂമിയിൽ നിന്ന് സർക്കാരോ, വനംവകുപ്പോ സ്ഥലം നിയമപ്രകാരം കൈവശപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ എടക്കര, ചുങ്കത്തറ വില്ലേജുകളിലുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)

i. കാളികാവ് വില്ലേജിൽ 0.1254 ഹെക്ടർ ഭൂമി കാർഗിൽ രക്തസാക്ഷി അബ്ദുൾ നാസറിന്റെ അവകാശികൾക്ക് പെട്രോൾ പമ്പ് തുടങ്ങുന്നതിനായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 21-8-2001 മുതൽ 2017-18 വരെ കാലയളവിൽ ഓരോ മൂന്ന് വർഷം കൂടുംതോറും നിലവിലുള്ള കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിൽ കാലാകാലങ്ങളിൽ നിലവിലുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ പാട്ടം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ii. കാളികാവ് വില്ലേജിൽ 0.1518 ഹെക്ടർ ഭൂമി കാളികാവ് ബ്ലോക്ക് ഓഫീസ് നിർമ്മിക്കുന്നതിന് 31-10-2014 മുതൽ ആർ. ഒന്നിന് 100 രൂപ വാർഷിക പാട്ടനിരക്കിൽ നിലവിലുള്ള പാട്ടവ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

iii. വണ്ടൂർ വില്ലേജിൽ 2.0235 ഹെക്ടർ ഭൂമി ഇന്ദിരാജി മെമ്മോറിയൽ സൊസൈറ്റിക്ക് കോളേജ് തുടങ്ങുന്നതിന് 10-2-2015 മുതൽ 30 വർഷത്തേയ്ക്ക് ഏക്കർ ഒന്നിന് 1000 രൂപ വാർഷിക പാട്ടനിരക്കിൽ നിലവിലെ പാട്ടവ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) ചുങ്കത്തറ വില്ലേജിൽ ബ്ലോക്ക് 95-ൽ സർവ്വേ നമ്പർ 342/1-ൽ 47.5875 ഹെക്ടറും സർവ്വെ നമ്പർ 342/4-ൽ 7.5500 ഹെക്ടറും എടക്കര വില്ലേജിൽ സർവ്വെ നമ്പർ 929/2-199-ൽ 55.8900 ഹെക്ടറും പാലുണ്ട എസ്റ്റേറ്റ് നിലമ്പൂർ റബ്ബർ കമ്പനി കൈവശംവച്ച് വരുന്നുണ്ട്.

(സി) ലഭ്യമല്ല.

(ഡി) പാലുണ്ട എസ്റ്റേറ്റ് ഭൂമിയിൽ നിന്നും സർക്കാരോ വനംവകുപ്പോ സ്ഥലം നിയമപ്രകാരം കൈവശപ്പെടുത്തിയിട്ടില്ല.

## മൂന്നാറിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ പട്ടയം

246(2837) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമിയുടെ പട്ടയം റദ്ദ് ചെയ്ത് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും, അതിൽ നിർമ്മിച്ച കെട്ടിടം വ്യവസ്ഥക്ക് വിധേയമായി പാട്ടത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയ പട്ടയഭൂമിയിൽ ഉപജീവനത്തിന് ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിയിൽ താഴെയുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിന് 1964-ലെ ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അനധികൃതമായി നൽകിയ പട്ടയങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി അതിന്റെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) 22-8-2019-ലെ സ.ഉ.(കൈ) 269/2019/റവ .നമ്പർ ഉത്തരവിൻ പ്രകാരം വ്യവസ്ഥകളോടെ പട്ടയ ഭൂമിയിലുള്ള അനധികൃത നിർമ്മാണങ്ങൾ സാധൂകരിച്ച് നൽകുന്നതിനും വ്യവസ്ഥകൾ പാലിക്കാത്ത നിർമ്മിതികൾ ഏറ്റെടുത്ത് പാട്ടത്തിന് നൽകുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഉണ്ട്. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ അനധികൃതമായി ഭൂമി കയ്യേറി വ്യാജപട്ടയം സംഘടിപ്പിക്കുന്ന വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27-4-2019-ലെ സ.ഉ.(കൈ) 124/19/റവ., പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-5-2019-ലെ സ.ഉ.(കൈ) 157/2019/റവ.. നമ്പർ പ്രകാരം തുടർ നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയ പരിശോധന സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ ദേവികുളം താലൂക്ക് ഓഫീസിൽ അഡീഷണൽ തഹസീർദാരുടെ ചുമതല വഹിച്ചിരുന്ന ശ്രീ. എം. ഐ. രവീന്ദ്രൻ അനുവദിച്ചുനൽകിയ പട്ടയങ്ങളുടെ പരിശോധനയ്ക്കായി ദേവികുളം താലൂക്ക് ഓഫീസിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ സർവ്വെയർ ഉൾപ്പെടെ 5 പേരടങ്ങുന്ന 2 സംഘത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ടി സംഘം പട്ടയ പരിശോധന നടത്തി വരുന്നതുമാണ്.

**പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി**

247(2838) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംഘടനകളും സ്ഥാപനങ്ങളും പല ആശ്യങ്ങൾക്കായി പാട്ടത്തിനെടുക്കുന്ന സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും പാട്ടത്തുക വൻതോതിൽ കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇത്തരക്കാർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സാംസ്കാരിക ആവശ്യങ്ങൾക്കായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവദിക്കുന്ന ഭൂമിയുടെ പാട്ട നിരക്ക് എത്രയെന്ന് അറിയിക്കാമോ;

(സി) പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ച് സൂക്ഷിക്കേണ്ട രേഖകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(ഡി) ഹാരിസൺ ഉൾപ്പെടെയുള്ള വൻകിട കുത്തകകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരിച്ചെടുക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പല ആവശ്യങ്ങൾക്കായി പാട്ടത്തിനെടുത്ത സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ പാട്ട കക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും നിയമലംഘനം നടത്തിയിട്ടുള്ള പാട്ട കക്ഷികളുടെ പാട്ടം റദ്ദ്

ചെയ്യുന്നതിനും പാട്ട കുടിശ്ശിക ഒടുക്കു വരുത്താത്ത കക്ഷികളുടെ കുടിശ്ശിക റവന്യൂ റിക്കവറി ആക്ട് പ്രകാരം വസൂലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2019-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചതിൻപ്രകാരം പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി ജി.ഒ.(പി) നം. 16/2020/ആർ.ഡി.-യും ജി.ഒ.(പി) നം. 17/2020/ആർ.ഡി. പ്രകാരവും സർക്കാർ ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർമാർ പാട്ടക്കുടിശ്ശിക തിട്ടപ്പെടുത്തി ആയത് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 28-1-2016 തീയതിയിലെ ജി.ഒ.(പി) നം. 64/2016/ആർ.ഡി.യും പഞ്ചായത്ത് പരിധിയിൽ 6-2-2016 തീയതിയിലെ ജി.ഒ.(പി) 96/2016/ആർ.ഡി.യും പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങളായി പ്രവർത്തിക്കുമ്പോൾ അവ 400 മീറ്റർ സ്ക്വയറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ പ്രതിവർഷം കമ്പോളവിലയുടെ 0.5 ശതമാനം നിരക്കിലും, 400 മീറ്റർ സ്ക്വയറിൽ കൂടുതലുള്ളവയ്ക്ക് പ്രതിവർഷം കമ്പോളവിലയുടെ 2 ശതമാനം നിരക്കിലുമാണ് പാട്ട നിരക്ക് സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്.

(സി) 1964-ലെ കേരള ഭൂ പതിവ് ചട്ടത്തിലെ റൂൾ 22 പ്രകാരം പാട്ടം നൽകുന്ന ഭൂമിയെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഏതെല്ലാമെന്നും, ഏതെല്ലാം ആഫീസുകളിലാണ് സൂക്ഷിക്കേണ്ടതെന്നും അവ കൃത്യമയി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധനയിലൂടെ ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാകുന്നു. ടി വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് 3-8-2018-ൽ ജി.ഒ.(എം.എസ്) 276/18/RD നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ പ്രസ്തുത കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി KLC Act പ്രകാരം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം തീർക്കുന്നതിനായി സർക്കാരിനോട് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കോട്ടയം ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. മറ്റ് ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം

248(2839) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡ്സ് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) നിലവിൽ ഏറ്റവും കൂടുതൽ കേസുകൾ കെട്ടികിടക്കുന്നത് ഏതൊക്കെ ജില്ലകളിലാണ്. പ്രസ്തുത ജില്ലകളിൽ അത് തീർപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ)ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

2) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)-ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

3) ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4) 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5) ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500-ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസീൽദാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ച് നൽകുകയുണ്ടായി.

7) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത് കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8) കേരള സർവ്വീസ് ഇനാം (V&E) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31-12-2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിൽ ആദ്യകാലത്ത് 300 ഓളം ലാൻഡ് ട്രൈബ്യൂണലുകൾ ഉണ്ടായിരുന്നു. ഈ ട്രൈബ്യൂണലുകളിൽ തീർപ്പാക്കിയ കേസ് റിക്കാർഡുകൾ ഇപ്പോഴുള്ള 17 ലാൻഡ് ട്രൈബ്യൂണലുകളിലായി സൂക്ഷിച്ചിരിക്കുകയാണ്. ശാസ്ത്രീയമായ രീതിയിൽ സൂക്ഷിക്കാത്തതിനാൽ കേസ് റിക്കാർഡുകൾ നശിക്കാൻ ഇടയാകുന്നു. മുൻകാലങ്ങളിൽ പട്ടയം ലഭിച്ച ആളുകളുടെ കയ്യിൽനിന്നും ഈ പട്ടയം നഷ്ടപ്പെട്ടുപോകുമ്പോഴും നശിച്ചുപോകുമ്പോഴും പട്ടയ പകർപ്പിനായി ഇവർ എൽ.റ്റി.-യെ സമീപിക്കാറുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽനിന്ന് പട്ടയ പകർപ്പ് ലഭ്യമായില്ലെങ്കിൽ ഈ ജനങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ തടസ്സപ്പെടും. ഈ സ്ഥിതി പരിഹരിക്കാൻ ലാൻഡ് ട്രൈബ്ര്യൂണലുകളിൽ

തീർപ്പാക്കിയ മുഴുവൻ കേസുകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസേഷൻ പൂർണ്ണമായാൽ ഇതിനുള്ള വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് പട്ടയത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് എടുക്കാൻ കഴിയുന്നതാണ്.

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ കെട്ടിക്കിടക്കുന്നത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. ഈ ജില്ലകളിലെ കേസുകൾ തീർപ്പാക്കുന്നതിനായി 6 പുതിയ ലാൻഡ് ട്രൈബ്ര്യൂണലുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 16 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതലയും നൽകിയിട്ടുണ്ട്.

(ഡി) ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി.കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

## ലാൻഡ് ട്രൈബ്യൂണലുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ

249(2840) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേസുകൾ തീർപ്പാക്കിയെന്നറിയിക്കാമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകളിൽ, ദേവസ്വം ലാന്റ് ട്രൈബ്യൂണലുകൾ, സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലായി 128317 കേസുകൾ തീർപ്പാക്കാനുണ്ട്.

(ബി) ലാൻഡ് ട്രൈബ്യൂണലുകളിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

2. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസുകൾ 500-ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസീൽദാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ച് നൽകുകയുണ്ടായി.

7. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, കേസുകൾ കൂടുതലുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു.

8. കേരള സർവ്വീസ് ഇനാം (V & E ) ആക്ട് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 31-12-2023 വരെയായി ദീർഘിപ്പിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വീസ് ഇനാം ഭൂമിയുടെ പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ഭൂരേഖ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 27-2-2020 വരെ 137285 കേസുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 68169 ആളുകൾക്ക് ലാൻഡ് ട്രൈബ്യൂണലുകളിൽനിന്നും ക്രയസർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്.

**എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്**

250(2841) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് നിലവിലുണ്ടോ; ഇത്തരത്തിൽ വില്ലേജ് ഓഫീസ് ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ ഏതെങ്കിലും വില്ലേജ് ഓഫീസുകൾക്ക് ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ അധികാരപരിധി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭരണപരമായ സൗകര്യം, പിന്നാക്കാവസ്ഥ, വികസന സാധ്യത, യാത്രാസൗകര്യം എന്നിവ പരിഗണിച്ച് ഈ ജില്ലയിൽ എല്ലാ പഞ്ചായത്തുകൾക്കും ഓരോ വില്ലേജ് ഓഫീസ് എന്നത് നടപ്പിലാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇടമലക്കുടി ഗ്രാമപഞ്ചായത്തിലൊഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടി വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾ തയ്യാറാകാത്തതിനാൽ ഇടമലക്കുടിയിൽ വില്ലേജ് ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ഉണ്ട്. മലപ്പുറം ജില്ലയിൽ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ പരിധിയിലുൾപ്പെടുന്ന വില്ലേജ് ഓഫീസുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | അമരമ്പലം | അമരമ്പലം, കരുളായി |
| 2 | ചുങ്കത്തറ | ചുങ്കത്തറ, മൂത്തേടം |
| 3 | കാളികാവ് | കാളികാവ്, ചോക്കാട് |
| 4 | കുറുമ്പലങ്ങോട് | പോത്തുകല്ല്, ചുങ്കത്തറ, ചാലിയാർ |
| 5 | മൂത്തേടം | മൂത്തേടം, ചുങ്കത്തറ |
| 6 | പുള്ളിപ്പാടം | മമ്പാട്, ചാലിയാർ |
| 7 | വെള്ളയൂർ | കാളികാവ്, ചോക്കാട് |
| 8 | വണ്ടൂർ | വണ്ടൂർ, മമ്പാട് |
| 9 | മുതുവല്ലൂർ | ചീക്കോട്, മുതുവല്ലൂർ |
| 10 | വാഴയൂർ | വാഴയൂർ, ചെറുകാവ് |
| 11 | കോഡൂർ | കോഡൂർ, കുറവ |

(സി) ഭൂപ്രകൃതികൾക്കനുസരിച്ചും പ്രകൃതിദത്ത അതിരുകൾ, (ഉദാ: പുഴ, തോട് തുടങ്ങിയവ) പ്രധാന റോഡുകൾ എന്നിവകളെ അടിസ്ഥാനപ്പെടുത്തിയും പൊതുജനങ്ങൾക്കും ഭരണപരമായുള്ള സൗകര്യങ്ങളുംകൂടി കണക്കിലെടുത്താണ് വില്ലേജതിർത്തികൾ നിശ്ചയിച്ചിട്ടുള്ളത്. ധാരാളം വില്ലേജുകൾ രണ്ടിലധികം പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ ഉൾപ്പെട്ടുവരുന്നു. ഈ സാഹചര്യത്തിൽ ഓരോ വില്ലേജുകളേയും ഓരോ പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ കൊണ്ടുവരിക എന്നത് വളരെ ശ്രമകരവും സങ്കീർണ്ണവുമാണ്.

## നടത്തറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

251(2842) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ നടത്തറ വില്ലേജ് ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടത്തറ വില്ലേജോഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി, ഭരണാനുമതി ലഭിക്കുന്നതിനായുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ്**

252(2843) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ജനസൗഹൃദ സ്മാർട്ട് വില്ലേജുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ 146 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഭരണാനുമതി നൽകിയ വില്ലേജാഫീസുകളുടെ എണ്ണം | തുക (രൂപ) ലക്ഷത്തിൽ |
|---|---|---|
| 2016-17 | 7 | 298 |
| 2017-18 | 39 | 150 |
| 2018-19 | 50 | 220 |
| 2019-20 | 50 | 220 |

(ബി) 2019-20 പ്ലാൻ സ്കീം പ്രകാരം പാവറട്ടി വില്ലേജിൽ സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാവറട്ടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ 136/15-ൽ ഉൾപ്പെട്ട സ്ഥലം വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമായി കണ്ടെത്തിയതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ വില്ലേജുകളും വില്ലേജ് ഓഫീസുകളും

253(2844) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആകെ എത്ര വില്ലേജുകളും വില്ലേജ് ഓഫീസുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വില്ലേജ് ഓഫീസുകൾക്കാണ് മറ്റു വില്ലേജുകളുടെ ഭരണച്ചുമതല കൂടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണച്ചുമതലയും നിയന്ത്രണ അധികാരവുമുള്ള എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിൽ ആകെ 255 വില്ലേജുകളും 184 വില്ലേജാഫീസുകളും ഉണ്ട്.

(ബി) ഗ്രൂപ്പ് വില്ലേജ് എന്ന നിലയ്ക്ക് 59 വില്ലേജുകൾക്ക് മറ്റ് വില്ലേജുകളുടെ ഭരണ ചുമതല കൂടി നൽകിയിട്ടുണ്ട്.

(സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണച്ചുമതലയും നിയന്ത്രണ അധികാരവുമുള്ള ഒരു വില്ലേജ് ഓഫീസാണുള്ളത്. ഒല്ലൂക്കര-നെട്ടിശ്ശേരി ഗ്രൂപ്പ് വില്ലേജ് അതിന്റെ പരിധിയിൽ വരുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

254(2845) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഈ വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള വില്ലേജുകളുടെയും അവയുടെ നിർമ്മാണ പുരോഗതിയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജാഫീസിന്റെ പേര് | സാമ്പത്തിക വർഷം | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1 | ഉദയഗിരി | 2014-15 | പൂർത്തീകരിച്ചു |
| 2 | നുച്യാട്ടവിൽ | 2017-18 | പൂർത്തീകരിച്ചു |
| 3 | ചെങ്ങളായി | 2018-19 | PWD-യുമായി എഗ്രിമെന്റ് ഒപ്പ് വച്ചു. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും |

| | | | |
|---|---|---|---|
| 4 | ധർമ്മടം | 2019-20 | PWD-യുമായി എഗ്രിമെന്റ് ഒപ്പ് വച്ചു. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും |
| 5 | കൂടാളി | 2019-20 | PWD-യുമായി എഗ്രിമെന്റ് ഒപ്പ വച്ചു. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും |
| 6 | മലപ്പട്ടം | 2019-20 | PWD-യുമായി എഗ്രിമെന്റ് ഒപ്പു വച്ചു. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും |
| 7 | ആറളം | 2019-20 | നിർമ്മാണ പ്രവൃത്തി ആരംഭിച്ചു |
| 8 | എളയാവൂർ | 2019-20 | സ്ഥലം ലഭ്യമായിട്ടില്ല. |

(സി) 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി എളയാവൂർ, ധർമ്മടം, കൂടാളി, ആറളം, മലപ്പട്ടം എന്നീ വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് 44,00,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

255(2846) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വില്ലേജ് ഓഫീസുകൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഒഫീസുകളായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്; ഇനി എത്ര എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 146 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ 52 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 94 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) നിർമ്മാണ പ്രവൃത്തികൾ കഴിയുന്നതും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ നിർവ്വഹണ ഏജൻസികൾക്കും നൽകിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ ജില്ലാ കളക്ടർമാർ നിർവ്വഹണ ഏജൻസികളുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും വരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

256(2847) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) നെടുമങ്ങാട് താലൂക്ക് ഓഫീസ് നവീകരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട വില്ലേജോഫീസുകളിൽ നവീകരണത്തിനായി ഭരണാനുമതി ലഭിച്ചവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | നിർമ്മാണ പ്രവൃത്തി |
|---|---|---|
| 1 | മാണിക്കൽ | ചുറ്റുമതിൽ |
| 2 | വെമ്പായം | ചുറ്റുമതിൽ |
| 3 | വെമ്പായം | അറ്റകുറ്റപ്പണി |
| 4 | കോലിയക്കോട് | അറ്റകുറ്റപ്പണി |
| 5 | കോലിയക്കോട് | അഡീഷണൽ റൂം |
| 6 | കരുപ്പൂര് | സ്മാർട്ട് വില്ലേജ് |
| 7 | നെടുമങ്ങാട് | ചുറ്റുമതിൽ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നെടുമങ്ങാട് താലൂക്കോഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

## റവന്യൂ വകുപ്പ് ഓഫീസുകളുടെ പരിഷ്കരണം

257(2848) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാ പ്രളയകാലഘട്ടം മുതൽ അധിക ജോലി നിർവ്വഹിക്കേണ്ടിവരുന്ന റവന്യൂ വകുപ്പ് ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളിൽ കാലഘട്ടത്തിനനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളിൽ കാലഘട്ടത്തിനനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## റവന്യൂ വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

258(2849) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്ന വകുപ്പുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ബി) ഓരോ വകുപ്പിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം, വകുപ്പിന്റെ പേര് എന്നീ ക്രമത്തിൽ പട്ടികയായി ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ 331 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ വകുപ്പിൽ പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(ബി) റവന്യൂ വകുപ്പിനുകീഴിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 6 |
| 2 | തഹസീൽദാർ | 19 |
| 3 | ഡെപ്യൂട്ടി തഹസീൽദാർ | 32 |
| 4 | വാല്വേഷൻ അസിസ്റ്റന്റ് | 5 |
| 5 | റവന്യൂ ഇൻസ്പെക്ടർ | 17 |
| 6 | ഹെഡ് ക്ലാർക്ക് | 4 |
| 7 | സി.എ. | 6 |
| 8 | സർവേയർ | 17 |
| 9 | സീനിയർ ക്ലാർക്ക്/എസ്.വി.ഒ. | 82 |
| 10 | ക്ലാർക്ക് | 74 |
| 11 | ടൈപ്പിസ്റ്റ് | 12 |
| 12 | അറ്റൻഡർ | 8 |
| 13 | ആഫീസ് അറ്റൻഡന്റ് | 31 |
| 14 | ഡ്രൈവർ | 8 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 8 |
| 16 | ചെയിൻമാൻ | 2 |
| ആകെ | | 331 |

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ബൈട്രാൻസ്ഫർ പ്രൊമോഷൻ

259(2850) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ബൈട്രാൻസ്ഫർ പ്രമോഷൻ അനുപാതം ഇപ്പോൾ എത്രയാണെന്ന് അറിയിക്കുമോ;

(ബി) ആയത് പതിനഞ്ച് ശതമാനം ആയി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ബൈട്രാൻസ്ഫർ പ്രമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ അർഹതപ്പെട്ട ജീവനക്കാർക്ക് അടിയന്തരമായി പ്രമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ആകെയുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 15 ശതമാനം 3:2 എന്ന അനുപാതത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കും എൽ.ജി.എസ്./അറ്റൻഡർ തസ്തികയിൽ ഉള്ളവർക്കും വിഭജിച്ച് നൽകുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്.

(ബി) 3-1-2014-ലെ 01/2004/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം എൽ.ഡി.ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിശ്ചയിച്ചിരുന്ന 10 ശതമാനം തസ്തികമാറ്റ സ്ഥാനക്കയറ്റം എന്നത് 24.08.2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നം. 06/2019/ഉ.ഭ.പ.വ. പ്രകാരം 15 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) ബൈട്രാൻസ്ഫർ പ്രൊമോഷന് ഡ്രൈവർ തസ്തികയിലുള്ളവർക്കും കൂടി അനുപാതം നിശ്ചയിച്ച് നൽകണമെന്ന് ഡ്രൈവർ തസ്തികയിലുള്ളവർ ആവശ്യപ്പെട്ടതിനെ തുടർന്ന് ഈ വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വില്ലേജ് ആഫീസുകളിലെ ഒഴിഞ്ഞ തസ്തികകൾ നികത്താൻ നടപടി

260(2851) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ ചേലക്കര നിയോജകമണ്ഡല പരിധിയിൽ വരുന്ന വില്ലേജ് ആഫീസുകളിൽ ഏതെല്ലാം ആഫീസുകളിൽ ആണ് വില്ലേജ് ആഫീസർ, വില്ലേജ് അസിസ്റ്റന്റ് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്; അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പല ഗ്രൂപ്പ് വില്ലേജ് ആഫീസുകളിലും ഭൂവിസ്തൃതി കൊണ്ടും, അപേക്ഷകരുടെ എണ്ണം കൊണ്ടും വർദ്ധിച്ച ജോലി ഭാരം അനുഭവപ്പെടുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന വില്ലേജ് ആഫീസർ, വില്ലേജ് അസിസ്റ്റന്റ് തസ്തികകൾ നികത്തുന്നതിന് പരിഗണന നൽകുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) വില്ലേജ് ആഫീസർ, വില്ലേജ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) നിലവിൽ പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നില്ല.

## തലപ്പിള്ളി താലൂക്കിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

261(2852) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് ഓഫീസ് പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര എണ്ണം ഗ്രൂപ്പ് വില്ലേജ് ഓഫീസുകളായി പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(സി) ഭൂവിസ്തൃതി കൊണ്ടും ഗുണഭോക്താക്കളുടെ എണ്ണം കൊണ്ടും ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിൽ വർദ്ധിച്ച ജോലിഭാരം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം അപേക്ഷകർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതു കണക്കിലെടുത്ത് തലപ്പിള്ളി താലൂക്കിലെ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തലപ്പിള്ളി താലൂക്കിൽപ്പെട്ടതും ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ 16 വില്ലേജോഫീസുകളാണ് ഉള്ളത്.

(ബി) ഇതിൽ 12 എണ്ണം ഗ്രൂപ്പ് വില്ലേജോഫീസുകളായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വില്ലേജോഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പ് വില്ലേജുകൾ |
|---|---|
| 1 | ആറങ്ങോട്ടുകര-തലശ്ശേരി-തിച്ചൂർ ഗ്രൂപ്പ് |
| 2 | ചേലക്കര-തോന്നൂർക്കര-പുലാക്കോട് ഗ്രൂപ്പ് |
| 3 | ചെറുതുരുത്തി-നെടുമ്പുര ഗ്രൂപ്പ് |
| 4 | എളനാട്-വെണ്ണൂർ ഗ്രൂപ്പ് |
| 5 | കൊണ്ടാഴി-മായന്നൂർ ഗ്രൂപ്പ് |
| 6 | കുറുമല-പങ്ങാരപ്പള്ളി ഗ്രൂപ്പ് |
| 7 | മുള്ളൂർക്കര-ആറ്റൂർ ഗ്രൂപ്പ് |
| 8 | പാഞ്ഞാൾ-പൈങ്കുളം ഗ്രൂപ്പ് |
| 9 | വരവൂർ-പിലാക്കാട് ഗ്രൂപ്പ് |
| 10 | വെങ്ങാനല്ലൂർ-കിള്ളിമംഗലം ഗ്രൂപ്പ് |
| 11 | ദേശമംഗലം-പല്ലൂർ ഗ്രൂപ്പ് |
| 12 | കണിയാർക്കോട്-പാമ്പാടി ഗ്രൂപ്പ് |

(സി) ഉണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് പദ്ധതികൾ**

262(2853) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**വലിയമലയിലെ ഭൂമിയുടെ നഷ്ടപരിഹാര തുക**

263(2854) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വലിയമല എൽ.പി.എസ്.സി.ക്ക് വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയ ഏകദേശ വില ആരാണ് തിട്ടപ്പെടുത്തിയതെന്നും എന്നാണ് തിട്ടപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്ക് ജില്ലാതലത്തിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള കമ്മിറ്റിയുടെ സേവനം ലഭ്യമാക്കിയോ; എങ്കിൽ എന്നെല്ലാം ഇതിലേക്കായി കമ്മിറ്റി കൂടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കമ്മിറ്റിയുടെ സേവനം ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഏകദേശവില തിട്ടപ്പെടുത്തുന്നതിന് മുൻപ് ജില്ലാ കളക്ടറോ കമ്മിറ്റി അംഗങ്ങളോ വിജ്ഞാപനം ചെയ്ത ഭൂമി സന്ദർശിച്ചോ; എങ്കിൽ എന്നെല്ലാമാണ് സന്ദർശനം നടത്തിയത്; ഇല്ലെങ്കിൽ സന്ദർശിക്കാത്തതിന് കാരണം എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.സി.-ക്ക് വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയുടെ നഷ്ടപരിഹാരം നൽകുന്നതിനായി കണക്കാക്കിയ ഏകദേശ വില പ്രസ്തുത പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ. യൂണിറ്റ് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നത് 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടുകൂടിയാണ്. ആയതിനാൽത്തന്നെ ഭൂവില നിശ്ചയിക്കുക, ഭൂവുടമകൾ സമ്മതപത്രം നൽകുന്നപക്ഷം ഡി.എൽ.എഫ്.സി. (ജില്ലാതല ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള കമ്മിറ്റി) കൂടുന്ന കാര്യം തീരുമാനിക്കുക എന്നീ നടപടികൾ സാധാരണഗതിയിൽ 19(1) പ്രഖ്യാപനത്തിനുശേഷമാണ് കൈക്കൊള്ളാറുള്ളത്.

(ഡി) ഇല്ല. എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 3(g)-യുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 11-2-2017-ലെ K4/2456/17 നമ്പർ നടപടിക്രമം പ്രകാരം ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ. യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പുഴകളിൽനിന്നുള്ള മണൽ വാരൽ**

264(2855) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പുഴകളിൽ നിന്നും മണൽ വാരൽ നിരോധിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽപെട്ട പുഴകളിൽ നിന്നും തോടുകളിൽ നിന്നും മറ്റുജലാശയങ്ങളിൽ നിന്നും അനധികൃതമായി മണലെടുപ്പ് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴ, തൂതപ്പുഴ എന്നീ പുഴകളിൽനിന്ന് മണൽ വാരൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(ബി) അനധികൃത മണൽ വാരൽ തടയുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സ്ക്വാഡുകളും താലൂക്ക്തലത്തിൽ അഡീഷണൽ തഹസിൽദാരുടെ അദ്ധ്യക്ഷതയിൽ താലൂക്ക് സ്ക്വാഡുകളും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രളയബാധിതർക്കുള്ള ധനസഹായം**

265(2856) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ ചെങ്ങന്നൂർ മണ്ഡലത്തിൽ വീട് തകർന്നും അല്ലാതെയും നാശനഷ്ടം സംഭവിച്ചതിന്റെ ഫലമായി അപേക്ഷ സമർപ്പിച്ച എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) അപൂർണ്ണമായി സമർപ്പിക്കപ്പെട്ട അപേക്ഷ കാരണം ധനസഹായം ലഭിയ്ക്കാൻ താമസം നേരിട്ടവരും ഇനിയും തുകകൾ കൈപ്പറ്റാത്തവരും എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) 2019 പ്രളയത്തിൽ ചെങ്ങന്നൂർ താലൂക്കിൽ വീട് തകർന്നും അല്ലാതെയും നാശനഷ്ടം സംഭവിച്ചവയിൽ പരിശോധന പൂർത്തീകരിച്ച 2562 കേസുകളിൽ 2249 പേർക്ക് തുക അനുവദിച്ചു.

(ബി) മതിയായ രേഖകൾ ലഭ്യമല്ലാത്തതിനാൽ 245 കേസുകളിൽ തുക നൽകുവാനുണ്ട്.

**പാവറട്ടിയിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതിനായുള്ള അനുമതി**

266(2857) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതിനായുള്ള അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർ നിരസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിരസിക്കാനുണ്ടായ കാരണം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിനായി പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അറിയിക്കാമോ?

ഉത്തരം

(എ) നിരസിച്ചിട്ടുണ്ട്.

പാവറട്ടി വില്ലേജ് സർവ്വെ നമ്പർ 1/1 ബി-യിൽ ഉൾപ്പെട്ട ഭൂമിയിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ നടത്തിയ സ്ഥലപരിശോധനയിൽ 1 ഏക്കർ 20 സെന്റ് മൊത്ത വിസ്തീർണ്ണമുള്ള ടി സർവ്വെ നമ്പറിലെ പകുതിയോളം ഭൂമി നിലവിൽ പുഴയായി മാറിയിട്ടുള്ളതിനാലും, വേലിയേറ്റ സമയത്ത് സമീപമുള്ള ചാലിലൂടെ പുഴയിൽനിന്ന് വെള്ളം ശ്മശാനത്തിലേയ്ക്ക് കയറാൻ സാധ്യതയുള്ളതിനാലും, വെള്ളം കെട്ടിക്കിടക്കുന്ന ഗവൺമെന്റ് അസ്ഥിര പുഞ്ചയിൽപ്പെടുന്ന ഭൂമിയിൽ ശ്മശാന നിർമ്മാണത്തിനുള്ള അപേക്ഷ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പേ നിരസിച്ചിട്ടുള്ളതിനാലും,

വെള്ളക്കെട്ടും കണ്ടൽക്കാടുകളുമുള്ള അപേക്ഷാഭൂമി തണ്ണീർത്തടമെന്ന അവസ്ഥയിൽ നിലകൊള്ളുന്നതിനാലും, അപേക്ഷാഭൂമി CRZ പരിധിയിൽ വരുന്നതാകയാൽ KCZMA-യുടെ അനുമതി തേടേണ്ടതാണെന്ന് അറിയിച്ച പഞ്ചായത്ത് സെക്രട്ടറി അപ്രകാരമുള്ള അനുമതി ഉത്തരവുകളൊന്നും ഹാജരാക്കാത്തതിനാലും അപേക്ഷാഭൂമിയിലേയ്ക്ക് വഴിയില്ലാത്തതിനാലും, പ്രസ്തുത നിർമ്മാണം സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻസിഫ് കോടതയിൽ കേസ് നിലവിലുള്ളതിനാലും, ഗ്യാസ് ക്രിമറ്റോറിയ നിർമ്മാണം സംബന്ധിച്ച പരിസരവാസികൾക്കുള്ള എതിർപ്പ് പ്രസ്തുത നിർമ്മാണത്തിന് അനുമതി നൽകിയാൽ, നിർദ്ദിഷ്ട മേഖലയിൽ വർഗ്ഗീയ സംഘട്ടനം നടന്നിട്ടുള്ള സാഹചര്യത്തിൽ, ക്രമസമാധാന പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ അനുമതി നൽകേണ്ടതില്ലെന്ന് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലുമാണ് പാവറട്ടി പഞ്ചായത്തിലെ ഗ്യാസ് ക്രിമറ്റോറിയ നിർമ്മാണത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുള്ളത്.

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി നടത്തിയ മീറ്റിംഗിലും മുമ്പ് അപേക്ഷ നിരസിക്കാനുണ്ടായ സാഹചര്യങ്ങളിൽനിന്ന് നിലവിൽ മാറ്റങ്ങളുണ്ടായതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതാണ്. ജില്ലാ കളക്ടർ ഒരിക്കൽ നിരസിച്ച അപേക്ഷയിന്മേലുള്ള അപ്പീൽ/പരാതി 1998-ലെ പഞ്ചായത്ത്‌രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം ഉപചട്ടം 6(10) പ്രകാരം സർക്കാരിലാണ് സമർപ്പിക്കേണ്ടത്.

**എം.എൽ.എ.-മാരും എം.പി.-മാരും നിർദ്ദേശിക്കുന്ന പ്രവൃത്തികൾ**

267(2858) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തസഹായ പദ്ധതി അനുസരിച്ച് എം.എൽ.എ.മാരും എം.പി. മാരും നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് അതത് ജില്ലാ കളക്ടർമാർ തടസ്സം നൽകുന്നതായുള്ള വ്യാപക പരാതി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അതത് കളക്ടർമാർക്കും ഉദ്യോഗസ്ഥൻമാർക്കും നൽകുവാൻ ശ്രദ്ധിക്കുമോ;

(ബി) കോട്ടയം ജില്ലയിൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച ഏതെല്ലാം ഫ്ലഡ് വർക്കുകളാണ് കളക്ടർമാർ തടഞ്ഞുവച്ചിരിക്കുന്നതെന്നും തടസ്സങ്ങൾ ഉന്നയിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ; ആയത് പരിഹരിക്കുമോ;

(സി) 2012-ൽ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഫ്ലഡ് വർക്കിലൂടെ നടപ്പാക്കുന്ന വർക്കുകളുടെ തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ച് മാനദണ്ഡമനുസരിച്ച് നൽകുന്ന പ്രവൃത്തികൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) കോട്ടയം ജില്ലയിൽ ജില്ലാ കളക്ടർ, ഫ്ലഡ് വർക്കുകൾ തടഞ്ഞുവച്ചിട്ടില്ല.

(സി) 2012-ൽ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ചാണ് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നത്. ഇത്തരം പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ ഭാഗികമായി നിർവ്വഹണം നടത്തിയവയ്ക്ക് പാർട്ട് ബിൽ പേയ്മെന്റോ അനുവദിക്കാനാകില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് ബിൽ തുക മാറി നൽകാൻ സാധിക്കുന്നത്.

## ഒരു വ്യക്തിക്ക് ഒറ്റ തണ്ടപ്പേർ

268(2859) ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. എം. സി. കമറുദ്ദീൻ
ശ്രീ. എൻ .എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു വ്യക്തിയുടെ പേരിൽ വ്യത്യസ്ത സ്ഥലങ്ങളിലുള്ള ഭൂമിക്കെല്ലാംചേർത്ത് ഒറ്റ തണ്ടപ്പേർ ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; പഴയ രീതിയിൽ തണ്ടപ്പേർ നിലനിർത്തുന്നതിനും അനുവാദം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സംസ്ഥാനത്തെ ഓരോ പൗരനും സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പാക്കുന്നതിനായി റെലീസ് സോഫ്റ്റ്‌വെയറിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പറുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകി 12-2-2020-ലെ സ.ഉ. (സാധാ)നം.552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ബാധകമാക്കിയിട്ടുള്ള ഈ ഉത്തരവിൽ ആരെയും ഒഴിവാക്കിയിട്ടില്ലാത്തതാണ്. എന്നാൽ ആധാർ നമ്പർ ഇല്ലാത്ത വ്യക്തികൾക്ക് പഴയ തണ്ടപ്പേർ ഉപയോഗിച്ച് കരം അടയ്ക്കുന്നതിനോ ഭൂമി കൈമാറ്റം നടത്തുന്നതിനോ തടസ്സമില്ലാത്തതാണ്.

**വലിയമല ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി.-യുടെ ഭൂമി**

269(2860) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വലിയമല ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി.ക്ക് സർക്കാർ നൽകിയതോ അവരുടെ ഏതെങ്കിലും ആവശ്യത്തിന് സർക്കാർ പൊന്നും വിലയ്ക്ക് എടുത്ത് നൽകിയതോ അവർ വിലയ്ക്ക് വാങ്ങിയതോ ആയ ഭൂമികളിൽ നിന്ന് സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടെയോ മറ്റ് പൊതുസ്ഥാപനങ്ങളുടെയോ ആവശ്യത്തിനോ മറ്റ് ഏതെങ്കിലും പൊതുആവശ്യത്തിനോ ഉപയോഗിക്കുന്നതിലേയ്ക്ക് ഏറ്റെടുക്കുന്നതിന് അവരുമായി കത്തിടപാടുകളോ ചർച്ചയോ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ വകുപ്പിലെ പണിമുടക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

270(2861) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഒരു വിഭാഗം

ജീവനക്കാരുടെ സംഘടനയായ കെ.ആർ.ഡി.എസ്.എ. പണിമുടക്ക് നടത്തുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; ഇവർ ഉന്നയിച്ച ആവശ്യങ്ങൾ ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ കെ.ആർ.ഡി.എസ്.എ. യുടെ ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പണിമുടക്കിൽ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ളവ പൂർണ്ണമായും അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പണിമുടക്കിൽ പങ്കെടുത്ത് ജനങ്ങളെ ബുദ്ധിമുട്ടിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) പണിമുടക്കിൽ പങ്കെടുക്കാത്ത റവന്യൂ വകുപ്പിലെ മറ്റ് സംഘടനകളിൽ അംഗമായവർക്കെതിരെ സ്ഥലം മാറ്റം ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക, വില്ലേജ് ഓഫീസർമാർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം അനുവദിക്കുക, ദുരന്തനിവാരണങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ ഉൾപ്പെടെ കൂടുതൽ ജീവനക്കാരെ നിയമിക്കുക, വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ അൻപത് ശതമാനം തസ്തികകൾ അപഗ്രേഡ് ചെയ്യുക, താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ ക്വാട്ട വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളായിരുന്നു കെ.ആർ.ഡി.എസ്.എ. പണിമുടക്കുന്നതിന് ആധാരമായി ഉന്നയിച്ചത്. മേൽ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ചില വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ റവന്യൂ ഓഫീസുകൾ പൂർണ്ണമായും അടഞ്ഞുകിടന്നിട്ടുണ്ട്. 18.02.2020 തീയതിയിലെ സ.ഉ.(കൈ.)നം.66/2020/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പണിമുടക്കിയ ജീവനക്കാർക്ക് ആ ദിവസം ഡയസ്നോൺ ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊപ്പം പഞ്ചായത്തിൽ ഉപയോഗത്തിലില്ലാത്ത റവന്യൂ ഭൂമി

271(2862) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊപ്പം പഞ്ചായത്തിൽ റവന്യൂ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന റവന്യൂ ഭൂമി ഉണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. കൊപ്പം വില്ലേജിൽ ബ്ലോക്ക് 23-ൽ റീസർവ്വെ 243/14-ൽപ്പെട്ട 0.0664 ഹെക്ടർ, 245-ൽ 2, 6, 7, 8 സബ് ഡിവിഷനുകളിൽപ്പെട്ട യഥാക്രമം 0.4540, 0.3138, 0.1013, 0.1250 ഹെക്ടർ ഉൾപ്പെടെ ആകെ 1.0605 ഹെക്ടർ മിച്ചഭൂമി ഉപയോഗിക്കാതെ നിലവിലുണ്ട്.

## പാമ്പ്ര-മരിയനാട് കാപ്പിത്തോട്ടം തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്

272(2863) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പാമ്പ്ര-മരിയനാട് കാപ്പിത്തോട്ടം തൊഴിലാളികളുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അതിന് കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പ്രസ്തുത പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് തയ്യാറാവുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുത്തങ്ങ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്നതിനുള്ള നിക്ഷിപ്ത വനഭൂമി സ്ഥിതി ചെയ്യുന്നതിന് സമീപത്തായാണ് കേരള വനവികസന കോർപ്പറേഷൻ പാട്ടത്തിന് നടത്തിയിരുന്ന മരിയനാട് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. എസ്റ്റേറ്റ് പ്രവർത്തനം നിലച്ചതിനെത്തുടർന്ന് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യവുമായി 139 തൊഴിലാളികൾ എസ്റ്റേറ്റ് ഭൂമി കയ്യേറി കൈവശംവച്ച് സമരം നടത്തിവരികയാണ്.

ഈ എസ്റ്റേറ്റിന്റെ ഭാഗമല്ലാതിരുന്നിട്ടും മുത്തങ്ങ സമരത്തിൽ പങ്കെടുത്ത പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്നതിനുള്ള ഭൂമി അളന്ന് തിരിക്കുന്നതിനെ മരിയനാട് എസ്റ്റേറ്റ് സംയുക്ത സമരസമിതി എതിർത്തതിനെത്തുടർന്ന് സമരസമിതി നേതാക്കളെ ഉൾപ്പെടുത്തി ജില്ലയിലെ നിയമസഭാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ സമവായ ചർച്ച നടത്തിയതിൽ ഒരു തൊഴിലാളി കുടുംബത്തിന് പത്ത് ലക്ഷം വീതം നഷ്ടപരിഹാരത്തുക ലഭ്യമാക്കിയാൽ എസ്റ്റേറ്റ് ഭൂമി നിരുപാധികം വിട്ടുനൽകാമെന്നും സമരം അവസാനിപ്പിക്കാമെന്നും സമരസമിതി നേതാക്കൾ അറിയിച്ചതിനാൽ 139 തൊഴിലാളികൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന നഷ്ടപരിഹാര പാക്കേജ് 4-2-2018 തീയതിയിൽ ജില്ലാ കളക്ടർ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നതുമാണ്. കേരള വനവികസന കോർപ്പറേഷനാണ് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകേണ്ടതെന്നും ആയതിനാൽ വയനാട് ജില്ലാ കളക്ടർ നൽകിയ നഷ്ടപരിഹാര പാക്കേജിനുള്ള ശിപാർശ അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം ആദിവാസി പുനരധിവാസ വികസന മിഷൻ മേധാവി സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്.

(ബി& സി) വിവരം ശേഖരിച്ചുവരുന്നു.

**കാർഷിക ആവശ്യങ്ങൾക്ക് ഭൂമി പതിച്ച് കൊടക്കാമെന്ന വ്യവസ്ഥ**

273(2864) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014 ൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം ഹിൽടോക്ക് പ്രദേശങ്ങളിൽ നാല് ഏക്കർ വരെയും സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കർ വരെയും സ്ഥലം കാർഷിക ആവശ്യങ്ങൾക്ക് പതിച്ച് കൊടുക്കാമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) G.O.(MS) 280/11 റവന്യൂ പ്രകാരം ഭൂരഹിതർക്ക് വീട് വച്ച് താമസിക്കുവാൻ വേണ്ടി പതിനഞ്ച് സെന്റ് സ്ഥലത്തിന് മാത്രമേ പട്ടയം നല്കിവരുന്നുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) 2014-ലെ ഭേദഗതി പ്രകാരം കോതമംഗലം താലൂക്കിൽ ഹിൽടോക്ക് പ്രദേശത്ത് 4 ഏക്കറും, സമതല പ്രദേശങ്ങളിൽ രണ്ട് ഏക്കറും ഭൂമിയ്ക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 05/02/2020 ൽ റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ GO (MS) 280/11 ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകണമെന്ന തീരുമാനത്തിൽ കൈക്കൊണ്ട തുടർ നടപടി വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ U2/282/Rev- എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫയലിൽ സത്വര തീരുമാനമെടുത്ത് G.O. (MS) 280/11-ന് ആവശ്യമായ ക്ലാരിഫിക്കേഷൻ നല്കി കോതമംഗലം താലൂക്കിലെ പട്ടയ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 30-9-2014-ലെ ജി.ഒ.(പി.)425/2014/ആർ.ഡി. നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ സമതല പ്രദേശത്ത് 2 ഏക്കർ കരഭൂമിയോ നിലമോ പതിച്ച് നൽകാവുന്നതും മലയോരപ്രദേശത്ത് 2 ഏക്കർ നിലമോ 4 ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്. ജലസേചന സൗകര്യമുള്ള ഭൂമിയാണെങ്കിൽ 2 ഏക്കർ വരെ മാത്രമെ പതിച്ച് നൽകാൻ കഴിയുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-ഇ) 27-7-2011-ലെ ജി.ഒ.(എം.എസ്.) 280/2011/ആർ.ഡി. നമ്പർ ഉത്തരവിൽ ആവശ്യമായ ക്ലാരിഫിക്കേഷൻ നൽകുന്ന കാര്യം U3/282/റവ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

**ഭൂവിനിയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങൾ**

274(2865) <u>ശ്രീ. കെ.സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഭൂവിനിയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠിക്കാനേൽപ്പിച്ച വിദഗ്ധ സമിതി നൽകിയ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും ശിപാർശകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മണ്ണെടുപ്പ്, മണൽകടത്തൽ, അനധികൃത പാറഖനനം എന്നിവ തടയുവാനും പ്രകൃതിലോല പ്രദേശങ്ങളിൽ നിർമ്മാണ നിയന്ത്രണത്തിനും നടപടിയുണ്ടാകുമോ; ദുരന്ത മേഖലയിൽ നിന്ന് താമസം മാറ്റാൻ നൽകിവരുന്ന സഹായവും അതിനുള്ള മാർഗ്ഗരേഖയെയും കുറിച്ച് അറിയിക്കാമോ;

(സി) ദുരന്താഘാത ലഘൂകരണത്തിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ;

(ഡി) നെൽവയൽ- തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും അതേസമയം ഏറെക്കാലം മുമ്പ് തരം മാറ്റിയ ഭൂമിയിൽ ഭവന നിർമ്മാണത്തിനും അത്തരം ഭൂമിയുടെ യുക്തിഭദ്രമായ വിനിയോഗത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 22.08.2019-ലെ സ.ഉ.(സാധാ)നം.42/2019/എസ്.&റ്റി.ഡി. പ്രകാരം സയൻസ് & ടെക്നോളജി വകുപ്പ് ഭൂവിനിയോഗത്തിൽ ഉൾപ്പെടെ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുള്ളതും കമ്മിറ്റിയുടെ റിപ്പോർട്ട് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) മണ്ണെടുപ്പ്, മണൽ കടത്ത്, അനധികൃത പാറ ഖനനം എന്നിവ തടയുന്നതിനും പ്രകൃതിലോല പ്രദേശങ്ങളുടെ നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും നൽകിയിട്ടുണ്ട്.

ദുരന്ത സാധ്യതാ മേഖലയിലാണ് എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി വാസയോഗ്യം അല്ല എന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽനിന്നും മാറി വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന്/വസ്തുവും വീടും ഒരുമിച്ചുവാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട ആസൂത്രണത്തോടെ നടപ്പിലാക്കുന്നതിനുവേണ്ടി 2018-ലെയും 2019-ലെയും പ്രകൃതിക്ഷോഭങ്ങളുടെ അറിവുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ പ്ലാനും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. മൂന്നര ലക്ഷം ആളുകളെ ലക്ഷ്യം വച്ചുകൊണ്ട് ഒരു ജനകീയ 'സന്നദ്ധ സേന' രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതിനായി ഒരു ഡയറക്ടറേറ്റ് തന്നെ രൂപീകരിച്ചുകഴിഞ്ഞു.

കടലാക്രമണവും കടൽ കയറ്റവും സംസ്ഥാനം സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഇവ ആശങ്കയിലാഴ്ത്തുന്ന തീരദേശവാസികൾക്കായി മാതൃകാപരമായ ഒരു പുനരധിവാസ പാക്കേജ് അവതരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. അപകടകരമായ തീരങ്ങളിൽ താമസിക്കുന്നവർക്കും 50 മീറ്റർ വേലിയേറ്റ പരിധിയിലുള്ളവർക്കും സുരക്ഷിതമായ ഇടങ്ങളിൽ ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായം നൽകും. കടൽഭിത്തി നിർമ്മാണത്തിനായി കുറേക്കൂടി പ്രകൃതി സൗഹാർദ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരീക്ഷണങ്ങൾ നടന്നുവരുന്നു.

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 14 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരികയാണ്. ഒരു ദുരന്ത സാഹചര്യത്തിൽ ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായി മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning System) വരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്.

ISRO-യുടെ സാങ്കേതിക സഹായത്തോടെ കരയിൽനിന്ന് ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള മുന്നറിയിപ്പ് ഉപഗ്രഹ സഹായത്തോടെ എത്തിക്കാൻ 'നാവിക്' എന്ന ഉപകരണം വികസിപ്പിച്ചെടുത്തു. മത്സ്യത്തൊഴിലാളി ആഴക്കടലിൽ കാണുന്ന അപകടം കരയിൽ സുരക്ഷാ സേനയെക്കൂടി അറിയിക്കാനുതകുന്ന രീതിയിൽ 'നാവിക്' പരിഷ്കരിക്കാൻ വേണ്ട ഗവേഷണം നടത്തിവരികയാണ്. പ്രത്യേകമായ പരിശീലനത്തിന് പുറമെ ലൈഫ് ജാക്കറ്റുകളും മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ ഫോണുകളും നൽകുന്ന പദ്ധതിയും ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കടലിൽ ഏകദേശം 150 നോട്ടിക്കൽ മൈൽ ദൂരം വരെയെങ്കിലും റേഡിയോ സിഗ്നലുകൾ ലഭ്യമാണ്.

കേരളത്തിലെ കാലാവസ്ഥാ പ്രവചനങ്ങൾ (Weather Forecast) കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും നടത്തിവരുന്നു. കേരളത്തിന്റെ നിരന്തരാവശ്യം പരിഗണിച്ച് റിയൽ ടൈം മോണിറ്ററിംഗ് കൂടി സാധ്യമാക്കുവാൻ പ്രാപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 2

റഡാറുകൾ മതിയാവില്ലെന്നും മലബാറിൽക്കൂടി ഒരു റഡാർ സ്ഥാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലവാവസ്ഥാ വകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

ചൂടുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമഗ്രമായ ഒരു Heat Action Plan സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. നമ്മളിലേയ്ക്കെത്തുന്ന അപകടകാരിയായ അൾട്രാ വയലറ്റ് രശ്മികളെ അളക്കാൻ 14 ജില്ലകളിലും UV index സെൻസറുകൾ വയ്ക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാനങ്ങളും കേന്ദ്ര ജല കമ്മീഷന്റെ സഹകരണത്തോടെ മെച്ചപ്പെടുത്തുകയാണ്. വിവരങ്ങൾ ജനങ്ങളിലേയ്ക്കും ഉദ്യോഗസ്ഥരിലേയ്ക്കും കൃത്യമായി എത്തിക്കാൻ ലൊക്കേഷൻ ബേസ്ഡ് മെസ്സേജിംഗ് സിസ്റ്റത്തിന് പുറമെ ആൻഡ്രോയിഡ് ആപ്ലിക്കേഷനും നിർമ്മിച്ചുകൊണ്ട് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ആളുകളിലേയ്ക്ക് മുന്നറിയിപ്പുകളും വിവരങ്ങളുമെത്തിക്കുവാനുള്ള ശ്രമം നടത്തിവരുന്നു.

സ്കൂൾ സേഫ്റ്റി, ഹോസ്പിറ്റൽ സേഫ്റ്റി, പ്രാഗത്ഭ്യമുള്ള സന്നദ്ധ സേവകരെ ഓരോ പ്രദേശത്തും സൃഷ്ടിക്കാൻവേണ്ടിയുള്ള സിവിൽ ഡിഫൻസ്, ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും ഏകോപനം എളുപ്പവുമാക്കാൻ മുഴുവൻ സർക്കാർ വകുപ്പുകളിലും ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

ശക്തിയായി മഴ പെയ്യുന്ന അവസരത്തിൽ ദുരന്ത നിവാരണ വകുപ്പ് ഓറഞ്ച്, റെഡ് അലെർട്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ക്വാറി പ്രവർത്തനം നിർത്തിവയ്പിക്കാറുണ്ട്. ഉരുൾപൊട്ടൽ സാദ്ധ്യതാ മേഖലകൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ പ്രകമ്പനം കുറവുള്ള രീതിയിൽ പാറ പൊട്ടിക്കുവാനായി നൂതന സാങ്കേതികവിദ്യയായ NONEL (നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ ഉപയോഗിച്ചുള്ള ബ്ലാസ്റ്റിങ്) നിലവിൽ വന്നിട്ടുള്ളതും ആയത് ഉപയോഗിച്ചുമാത്രമെ പാറ പൊട്ടിക്കാവൂ എന്നും മൈനിംഗ് & ജിയോളജി വകുപ്പ് നിർദ്ദേശം നൽകുന്നുണ്ട്.

(ഡി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിയമത്തിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ സ്റ്റോപ്പ് മെമ്മോ നൽകുകയും അനധികൃതമായി രൂപാന്തരപ്പെടുത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അനധികൃത നിലംനികത്ത് കണ്ടെത്തുന്നതിനും തടയുന്നതിനുമായി ജില്ലാ താലൂക്ക്തല സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

പ്രസ്തുത നിയമപ്രകാരം നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടുവരാത്ത ഭൂമിയുടെ ഉടമസ്ഥന് വീട് വയ്ക്കുന്ന ആവശ്യത്തിനോ വാണിജ്യ ആവശ്യത്തിനോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ അനുമതി നൽകുന്നുണ്ട്. ഇപ്രകാരം അനുമതി നൽകുമ്പോൾ സമീപത്തെ നെൽവയലിലേയ്ക്കുള്ള സുഗമമായ ഒഴുക്കിനെ തടസപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമിയുടെ വിസ്തീർണം 20.2 ആറിൽ അധികരിക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണത്തിന്റെ 10% ജല സംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ റീസർവ്വെ നടപടി

275(2866) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ റീ സർവ്വേ നടപടികളുടെ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ റീ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ വേഗത്തിൽ റീ സർവ്വേ പൂർത്തീകരിക്കാൻ ജില്ലയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കോഴിക്കോട്(39), താമരശ്ശേരി(20), കൊയിലാണ്ടി(31), വടകര(28) എന്നീ നാല് താലൂക്കുകളിലായി 118 വില്ലേജുകൾ ഉണ്ട്. കോഴിക്കോട് താലൂക്കിലെ ആകെയുള്ള 39 വില്ലേജുകളിലും താമരശ്ശേരി താലൂക്കിലെ ആകെയുള്ള 20 വില്ലേജുകളിലും നാളിതുവരെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി താലൂക്കിലെ ആകെയുള്ള 31 വില്ലേജുകളിൽ 3 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 28 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വടകര താലൂക്കിൽ ആകെയുള്ള 28 വില്ലേജുകളിൽ 14 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഒരു വില്ലേജിൽ ആകെ 7 ബ്ലോക്കുകൾ ഉള്ളതിൽ 4 ബ്ലോക്കുകളുടെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 3 ബ്ലോക്കുകളുടെ റീസർവ്വെ ജോലികൾ അന്തിമഘട്ടത്തിലുമാണ്. ബാക്കിയുള്ള 13 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) നിലവിൽ ജില്ലയിലെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വെ (കൊടിയത്തൂർ മിച്ചഭൂമി സർവ്വെ, വഖഫ് ബോർഡ് സർവ്വെ, റോഡ് വികസനം) എന്നീ ജോലികൾക്കായി നിയോഗിക്കുന്നതിനാൽ കോഴിക്കോട് ജില്ലയിലെ റീസർവ്വെ ജോലികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നത് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലും വേഗത്തിലും നടപ്പിലാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയായ CORS (Continuously Operating Reference Stations) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് സർവ്വെ ചെയ്യുന്നതിലൂടെ നിലവിലുള്ളതിനേക്കാൾ കൂടുതൽ വേഗത്തിൽ സർവ്വെ ചെയ്യുവാൻ സാധിക്കുന്നതാണ്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ കോഴിക്കോട് ജില്ലയിലെ റീസർവ്വെ പ്രവർത്തനവും വേഗത്തിലാക്കുവാൻ കഴിയുന്നതാണ്.

**പത്തനംതിട്ട, കോഴഞ്ചേരി വില്ലേജുകളിലെ റീസർവ്വെ**

276(2867) <u>ശ്രീമതി വീണാ ജോർജ്ജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കോഴഞ്ചേരി വില്ലേജുകളിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന കോഴഞ്ചേരി, പത്തനംതിട്ട എന്നീ വില്ലേജുകളിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ പുരോഗതിയിലാണ്. നിലവിൽ ടി വില്ലേജിന്റെ ലൊക്കേഷൻ സർവ്വെ, ജി.സി.പി. (Ground Control Point) പോയിന്റുകളുടെ മോണുമെന്റേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്. വില്ലേജ് ബൗണ്ടറി റീഫിക്സിംഗ്, ആയക്കെട്ട് റീഫിക്സിംഗ് എന്നീ ജോലികൾ നടന്നുവരുന്നു. കോഴഞ്ചേരി വില്ലേജ് പരമ്പരാഗതമായ രീതിയിൽ സർവ്വെ നടത്തി 6-2-2016-ന് സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുള്ളതാണെങ്കിലും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിലേയ്ക്കായി താൽക്കാലികമായി ടി വില്ലേജിന്റെ റീസർവ്വെ ജോലികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിലവിൽ ജില്ലയിലെ റീസർവ്വെ ജീവനക്കാരെ താലൂക്കുകളിലെ LRM ജോലികൾ, പവർഗ്രിഡ്, PWD പുറമ്പോക്ക് റോഡ് റീഫിക്സിംഗ്, വനാവകാശ സർവ്വെ, പട്ടയ സർവ്വെ, വഖഫ് സർവ്വെ, Industrial Survey, ഇടുക്കി ജില്ലയിലെ റീസർവ്വെ ജോലികൾ, ജില്ലയിലെ മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾ എന്നിവയ്ക്കായി നിയോഗിക്കുന്നതിനാൽ പത്തനംതിട്ട, കോഴഞ്ചേരി എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നത് കൃത്യമായി കണക്കാക്കിയിട്ടില്ലാത്തതാണ്.

## സർക്കാരിന്റെ കൈവശമുള്ള ഭൂമിയിന്മേൽ റീസർവ്വെ നടപടികൾ

277(2868) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം എത്ര ഹെക്ടർ ഭൂമിയാണ് നിലവിലുള്ളത്;

(ബി) സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള ഭൂമിയിന്മേൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത റീ-സർവ്വേയിലൂടെ അന്യാധീനപ്പെട്ട ഭൂമിയുടെ കണക്കുകൾ സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ സർക്കാരിന്റെ കൈവശം എത്ര ഹെക്ടർ ഭൂമിയുണ്ട്; അന്യാധീനപ്പെട്ട ഭൂമിയുടെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) അന്യാധീനപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) റവന്യൂ രേഖകൾ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | സർക്കാരിന്റെ കൈവശമുള്ള ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 40219.862764 |
| കൊല്ലം | 75502.487587 |
| പത്തനംതിട്ട | 14626.592675 |
| ആലപ്പുഴ | 15995.702721 |
| കോട്ടയം | 29291.889035 |
| ഇടുക്കി | 104777.24284 |

| | |
|---|---|
| എറണാകുളം | 101350.563115 |
| തൃശ്ശൂർ | 54551.23 |
| പാലക്കാട് | 163137.898416 |
| മലപ്പുറം | 74396.342463 |
| കോഴിക്കോട് | 41967.12434 |
| വയനാട് | 105204.926808 |
| കണ്ണൂർ | 91577.73423 |
| കാസർഗോഡ് | 3339.16216 |
| ആകെ | 915938.7591 ഹെക്ടർ |
| | 2263333.9647 ഏക്കർ |

അവകാശത്തർക്കം നിലനിൽക്കുന്ന ഭൂമിയുടെ കണക്ക് ഇതിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളിൽ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും ഭൂമിയിന്മേലുള്ള റീസർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ അളവ് 74396.342463 ഹെക്ടറാണ്. അന്യാധീനപ്പെട്ട ഭൂമിയുടെ അളവ് 5.6961 ഹെക്ടറാണ്.

(ഡി) അന്യാധീനപ്പെട്ട മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഒരു വ്യക്തിയുടെ പേരിലുള്ള മുഴുവൻ ഭൂമിക്കും ഒറ്റ തണ്ടപ്പേര്**

278(2869) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിയുടെ പേരിലുള്ള മുഴുവൻ ഭൂമിക്കും ഒറ്റ തണ്ടപ്പേര് നൽകുന്ന പദ്ധതി ആധാർ അധിഷ്ഠിതമായിട്ടാണോ നടപ്പിലാക്കുന്നത്; ഇതിനായി ഏതൊക്കെ വകുപ്പുകളിലെ രേഖകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്; വിശദമാക്കാമോ;

(ബി) ആധാർ വിവരങ്ങൾ നിർബന്ധമായും വാങ്ങുന്നതിനുള്ള നടപടിയാണ് ഇതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഇതിനായി എന്ത് തുക ചെലവഴിച്ചു?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഭൂവുടമകളുടെ സമ്മതത്തോടെ ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India(UIDAI)യുടെ അനുവാദം നേടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെതന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവുംവിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധാർ നമ്പറില്ലാത്ത ഭൂവുടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ഭൂവുടമയുടെ സമ്മതത്തോടെതന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India(UIDAI)യുടെ അനുവാദപ്രകാരവും ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി സംബന്ധമായ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതും നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## വണ്ടൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവൃത്തികൾ

279(2870) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലും വരൾച്ച ദുരിതാശ്വാസ പദ്ധതിയിലും ഉൾപ്പെടുത്തി 1-7-2016 മുതൽ 31-1-2020 വരെ റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

## തോട്ടഭൂമിയുടെ വിൽപന

280(T2871) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് കേരള ഭൂപരിഷ്കരണ നിയമത്തിന് എതിരാണെന്ന് ഹൈക്കോടതി വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുറിച്ചുവിൽപന നടത്തിയ തോട്ടഭൂമി തോട്ടഭൂമിയായിത്തന്നെ നിലനിർത്തി കൃഷി ചെയ്തുവരുന്ന കർഷകരുടെ വിഷയത്തിൽ എന്തെങ്കിലും ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) തോട്ടഭൂമി മുറിച്ചുവാങ്ങി പരിപാലിച്ചുവരുന്ന കർഷകരുടെയും തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ 2438 ഏക്കർ (987.27 ഹെക്ടർ) വരുന്ന കിനാലൂർ എസ്റ്റേറ്റ് മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് 'One earth one life' എന്ന സംഘടന ഫയൽ ചെയ്ത WP(c)28496/16 നമ്പർ റിട്ട് പെറ്റീഷനിൽ 27-2-2019-ലെ വിധിന്യായത്തിലാണ് തോട്ടഭൂമി മുറിച്ചുവിൽക്കുന്നത് നിയമവിരുദ്ധമാണെന്ന് ബഹു<u>മാനപ്പെട്ട</u> ഹൈക്കോടതി നിരീക്ഷിച്ചത്.

(ബി) കേരള ഭൂപരിഷ്കരണ നിയമം, 81(1)(e) വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവുനൽകുന്ന തോട്ടങ്ങൾ കൈമാറ്റം ചെയ്താലും തോട്ടമായിത്തന്നെ സംരക്ഷിച്ചുവരുന്ന കാലത്തോളം അപ്രകാരമുള്ള കേസുകളിൽ ഒഴിവ് തുടർന്നും നിലനിൽക്കുന്നതാണ്.

(സി) തോട്ടഭൂമി മുറിച്ചുവാങ്ങി തോട്ടമായിത്തന്നെ പരിപാലിച്ചുപോരുന്ന കർഷകരുടെ കേസുകളിൽ ഒഴിവിന്റെ പരിരക്ഷ തുടർന്നും ലഭിക്കും. എന്നാൽ തോട്ടഭൂമി മുറിച്ചുവാങ്ങി ഒഴിവ് ലഭിച്ച ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുമ്പോൾ ആയത് തരംമാറ്റമായി കണക്കാക്കി കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 87(1) വിശദീകരണം II പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അപ്രകാരം ഒഴിവ് നഷ്ടപ്പെടുന്ന കേസുകളിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81(3) പ്രകാരം സർക്കാരിനുള്ള അധികാരം വിനിയോഗിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഗൃഹശ്രീ പദ്ധതി**

281(2872) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ വകുപ്പ് മുഖാന്തരം ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് എത്ര ലക്ഷം രൂപയാണ് സബ്സിഡി നൽകുകയെന്നും അതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 വരെ എത്ര വീടുകൾക്ക് ധനസഹായം നൽകി എന്നറിയിക്കാമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്രപേർക്ക് വീട് വയ്ക്കുന്നതിനായി തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗൃഹശ്രീ പദ്ധതിക്ക് 2020-21-ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭവന നിർമ്മാണ വകുപ്പ് മുഖാന്തരം ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതി ഇപ്പോഴും നിലവിലുണ്ട്.

(ബി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗത്തിൽ(LIG)പ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സർക്കാരിനുവേണ്ടി, ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധസംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് 4 ലക്ഷം രൂപ 4 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. ടി വിഭാഗക്കാരുടെ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകൾ/ NGO സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം പട്ടികയിൽനിന്നും പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലുംപെട്ട യോഗ്യരായവരെ അർഹതാ മാനദണ്ഡം പരിശോധിച്ച് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽനിന്നും)
3. വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽനിന്നും).

4. വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).

5. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).

6. 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.

7. ഭവന രഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽനിന്നുള്ള സർട്ടിഫിക്കറ്റ്.

8. ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

9. പോക്കുവരവ് ചെയ്തശേഷം കരം ഒടുക്കിയ രസീതും തണ്ടപ്പേർ സർട്ടിഫിക്കറ്റും.

10. ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പരും പേരും വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോകോപ്പി.

11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2013 വീടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം 1330 പേർക്ക് വീട് വയ്ക്കുന്നതിനായി തുക അനുവദിച്ചു.

(ഇ) ഗൃഹശ്രീ പദ്ധതിക്ക് 2020-21 ബഡ്ജറ്റിൽ 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**കാലാവസ്ഥാ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി**

282(2873) ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചാരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ ഈ വർഷം തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പ്പന പ്രചാരണ പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട് എന്ന് കരുതുന്നുണ്ടോ;ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം 'കേരള കാലാവസ്ഥാ പ്രചരണ രൂപകൽപന പരിപാടി' വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 'കേരള കാലാവസ്ഥാ പ്രചരണ രൂപകൽപന പരിപാടി' സംഘടിപ്പിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തുകയും ബഡ്ജറ്റ് വിഹിതത്തിൽനിന്നും 12 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകൽപന എന്ന വിഷയത്തിൽ അവസാന വർഷ എം.ടെക്/എം.ആർക്ക്/പി.എച്ച്.ഡി. സിവിൽ/ആർക്കിടെക്ചർ വിദ്യാർത്ഥികളുടെ പൂർത്തീകരിച്ചിട്ടുള്ള മികച്ച 4 പ്രബന്ധങ്ങൾക്ക്/പ്രോജക്ട് റിപ്പോർട്ടുകൾക്ക് 50,000 രൂപ വീതം ക്യാഷ് അവാർഡ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം, കാസർഗോഡ്, വയനാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുമായി ചേർന്ന് ഭവന സാക്ഷരതാ പ്രചരണ പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## അതിരപ്പിള്ളി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

283(2874) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണങ്ങൾക്കാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്എന്നറിയിക്കാമോ;

(ബി) അതിരപ്പിള്ളി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി വില്ലേജിനെ 2019-20 പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജോഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) അതിരപ്പിള്ളി സ്മാർട്ട് വില്ലേജോഫീസ് നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

**ഭവന രഹിതർക്കായി നിർമ്മിച്ചുനൽകിയ ഭവനങ്ങളുടെ എണ്ണം**

284(2875) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ഭവനരഹിതർക്കായി എത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകി;

(ബി) സർക്കാർ നിർമ്മിച്ചു നൽകിയ ഭവനങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ലൈഫ് മിഷനും വിവിധ വകുപ്പുകളും മുഖേന 2,16,373 ഭവനങ്ങൾ നിർമ്മിച്ചുനൽകി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം പൂജപ്പുര ഇന്നൊവേറ്റീവ് (അത്താണി) വാടക വീട് പദ്ധതിയുടെ 3-ഉം 4-ഉം ഘട്ടങ്ങളിലൂടെ 48 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ലൈഫ് മിഷൻ മുഖേന 2,16,373 ഭവനങ്ങൾ നിർമ്മിച്ചുനൽകി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | District | Total Completion |
|---|---|---|
| 1 | Thiruvananthapuram | 32,751 |
| 2 | Kollam | 18,599 |
| 3 | Pathanamthitta | 5,605 |
| 4 | Alappuha | 15,840 |
| 5 | Kottayam | 7,804 |
| 6 | Idukki | 13,610 |
| 7 | Ernakulam | 15,051 |
| 8 | Thrissur | 15,889 |
| 9 | Palakkad | 25,158 |
| 10 | Malappuram | 18,215 |
| 11 | Kozhikode | 16,441 |
| 12 | Wayanad | 14,318 |
| 13 | Kannur | 9,088 |
| 14 | Kasargod | 8,004 |
| | **Total** | **2,16,373** |

(സി) ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി, പി.എം.എ.വൈ. (അർബൻ)-ലൈഫ്, പി.എം.എ.വൈ. (ഗ്രാമീൺ) എന്നീ ഭവന നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കി ഇപ്പോഴും തുടർന്നുവരുന്ന ഗൃഹശ്രീ പദ്ധതി.
2. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടകവീട് പദ്ധതി.
3. ആശ്വാസ് വാടകവീട് പദ്ധതി.
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.

## ലൈഫ് പദ്ധതിയുമായി ചേർന്ന് ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത പ്രവൃത്തികൾ

285(2876) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ലൈഫ് പദ്ധതിയുമായി ചേർന്ന് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ലൈഫ് പദ്ധതിയിൽ സർക്കാർ നൽകുന്ന തുക ഉപയോഗിച്ചു കൊണ്ട് ഭവനരഹിതർക്ക് വീടുകൾ വച്ച് നൽകുന്നതിനുള്ള പദ്ധതി ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു നിർമ്മാണ പ്രവൃത്തികളും സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ ലൈഫ് പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുകയാണെങ്കിൽ, പ്രസ്തുത പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് താൽപര്യമുണ്ട്.

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

286(2877) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയാക്കാത്തതിനാലും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഭവന നിർമ്മാണ ബോർഡിന്റെ പല പദ്ധതികളും പരാജയപ്പെട്ടതായി സി & എ.ജി. കണ്ടെത്തുകയുണ്ടായോ;

(ബി) 2013-2018 കാലത്ത് ബോർഡ് 3377 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ പ്രസ്തുത കാലയളവിൽ തദ്ദേശ വകുപ്പ് 3,16,396 വീടുകൾ പൂർത്തിയാക്കിയതായി സി&എ.ജി. കണ്ടെത്തുകയുണ്ടായോ;

(സി) 2013-2018 കാലത്ത് ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 289.96 കോടി രൂപയായിരുന്നുവെങ്കിലും നിർമ്മാണ പദ്ധതികൾക്കായി വിനിയോഗിച്ചത് 96.77 കോടി രൂപ മാത്രമായിരുന്നോ;

(ഡി) ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഫ്ലാറ്റ് നൽകുന്ന സാഫല്യം പദ്ധതിയിൽ 1032 വീടുകളുടെ നിർമ്മാണം ലക്ഷ്യമിട്ടുവെങ്കിലും പൂർത്തിയായത് വെറും 72 എണ്ണം മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ബോർഡിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യുന്ന ഇത്തരം കാര്യങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ; വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തുകയുണ്ടായി. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.7.1-ൽ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത, പ്രോജക്ടുകൾക്കുള്ള ധനസഹായ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാതെ പദ്ധതികൾക്ക് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കേരള സർക്കാരിൽനിന്നും അംഗീകാരം തേടിയത് പദ്ധതികളുടെ നിർവ്വഹണം പരാജയപ്പെടാൻ കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയതായി സി.&എ.ജി. പരാമർശിച്ചിട്ടുണ്ട്.

(സി) 2013-2018 കാലത്ത് ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 289.96 കോടി രൂപ ചെലവഴിച്ചിരുന്നു. എന്നാൽ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ 99.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സാഫല്യം പദ്ധതിയിലൂടെ കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും എറണാകുളം ജില്ലയിലെ ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തിയായി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(ഇ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. പൊതുഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്ന ഭവന നിർമ്മാണ മേഖലയിലെ ഏജൻസിയാണ് ഭവന നിർമ്മാണ ബോർഡ്.

സർക്കാർ 2020-2021 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ചുവടെ കാണുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പദ്ധതി, ഇ.ഡബ്ല്യൂ.എസ്./എൽ.ഐ.ജി. ഭവന പദ്ധതി, കോഴിക്കോട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഭൂമിയിൽ സർക്കാർ ജീവനക്കാർ/ഉന്നത ഉദ്യോഗസ്ഥർക്കുള്ള ഫ്ലാറ്റുകൾ/ക്വാർട്ടേഴ്സുകൾ.

കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.90 ഏക്കർ ഭൂമിയിൽ 3105 കോടി രൂപയുടെ പദ്ധതി ചെലവിൽ അന്തർദ്ദേശീയ പ്രദർശന നഗരി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലം**

287(2878) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ എത്രത്തോളം സ്ഥലമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. ഭവന നിർമ്മാണ ബോർഡ് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തത്.

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

288(2879) <u>ശ്രീ. വി. എസ്. ശിവകുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബോർഡിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താത്തത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നഗരപ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം നടക്കുന്നതെന്ന വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമാക്കിയിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സബ്സിഡിയായി രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ പദ്ധതിയായ സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടക വീട് പദ്ധതി ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളും വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ 24 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പാക്കിവരുന്നു. വയനാട് ജില്ലയിലെ മാനന്തവാടിയിലും കാസർഗോഡ് ജില്ലയിലെ മാധൂറിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണം നടന്നുവരുന്നു. അതുപോലെ പത്രപ്രവർത്തകർക്ക് വീട് വച്ചുനൽകുന്ന പദ്ധതിയായ പത്രപ്രവർത്തക ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

കൂടാതെ, വിവിധ സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി ജോലികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താത്തതുമൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടില്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ കഴിയാതെ വന്നിട്ടുണ്ട്.

(സി&ഡി) നഗരപ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും നഗരാതിർത്തിക്ക് പുറത്ത് ജോലി സ്ഥലങ്ങളിൽനിന്ന് വളരെ ദൂരത്തായി രാത്രി കാലങ്ങളിൽ താമസിക്കുന്നതിന് നിർബന്ധിതരാകുകയും ചെയ്യുന്ന ദുർബല വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, താമസിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം പൂജപ്പുരയിൽ 4 ഘട്ടങ്ങളിലായി 88 ഫ്ലാറ്റുകളും തൃശ്ശൂർ കുട്ടനെല്ലൂരിൽ 3 ഘട്ടങ്ങളിലായി 72 ഫ്ലാറ്റുകളും കോഴിക്കോട് ചേവായൂരിൽ 2 ഘട്ടങ്ങളിലായി 40 ഫ്ലാറ്റുകളും എറണാകുളം തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളും പൂർത്തിയാക്കിയിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായ ഭവന സമുച്ചയത്തിന്റെ നിർമ്മാണം

289(2880) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി നിർമ്മാണോദ്ഘാടനം കഴിഞ്ഞ ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കുന്ന പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിയ്ക്കാനാകുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കാട്ടാക്കട പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 2019-20 സാമ്പത്തിക വർഷം 374 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ടുകൾ**

290(2881) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ ഏതെല്ലാം പ്രോജക്ടുകൾ നിലവിലുണ്ട്;

(ബി) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ട് പൂർത്തീകരിച്ചോ; എങ്കിൽ ഗുണഭോക്താക്കൾക്ക് എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലക്കാട്-പൊന്നാനി റോഡിൽ പത്തൊൻപതാം മൈലിൽ ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിൽ ഒറ്റപ്പാലം ഭവന പദ്ധതി നിലവിലുണ്ട്.

(ബി) ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ സാഫല്യം ഭവന പദ്ധതി പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കൾ വാഗ്ദാനം ചെയ്ത വിഹിതം പൂർണ്ണമായി ലഭിക്കാത്തതിനാൽ ഫണ്ട് കുറഞ്ഞതുകൊണ്ടാണ് പദ്ധതി നിർത്തിവച്ചിരിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ഇടപെടലും സഹായവും അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ.-യ്ക്ക് ബോർഡിന്റെ പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം തിരികെ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് മാത്രമേ ഫ്ലാറ്റ് കൈമാറുവാൻ സാധിക്കുകയുള്ളൂ.

## അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനുള്ള നടപടി

291(2882) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ട്രോളിങ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ കടലിന്റെ അടിത്തട്ടിലെ മത്സ്യകുഞ്ഞുങ്ങളെ കോരി എടുക്കുന്നത് ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പിടിച്ചെടുക്കുന്ന വളർച്ചയെത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ കോഴിത്തീറ്റക്കും, വളം നിർമ്മാണത്തിനും ഉപയോഗിക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) അശാസ്ത്രീയമായ മത്സ്യ ബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുകയും തന്മൂലം തീരദേശ മേഖല വറുതിയിലാവുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) രാജ്യത്ത് ഏർപ്പെടുത്തിയ രാത്രികാല ട്രോളിങ് നിരോധനം പൂർണ്ണമായും ലംഘിച്ചാണ് പ്രസ്തുത മത്സ്യബന്ധനം എന്നതിനാൽ ഇത് തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ ശക്തമായ ഇടപെടലുകൾമൂലം ഇത് ഒരു പരിധിവരെ നിയന്ത്രിക്കാനായിട്ടുണ്ട്.

(സി) ഉണ്ട്.

അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യവിഭവശോഷണത്തിന് ഹേതുവാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളകളെ നേരിട്ട് ബാധിക്കുന്നു. അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നവർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ മത്സ്യം ലഭിക്കുന്നു. ഇത് ലാന്റിംഗ് സെന്ററുകളിൽ മത്സ്യത്തിന്റെ വില കുത്തനെ കുറയ്ക്കുന്നതിന് കാരണമാകും. ഇത് പരമ്പരാഗത/ചെറുകിട

മത്സ്യത്തൊഴിലാളികളുടെ വരുമാനക്കുറവിന് കാരണമാകുന്നു. മത്സ്യ വിഭവശോഷണം പരമാവധി കുറയ്ക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ അശാസ്ത്രീയ മത്സ്യബന്ധനം നിയന്ത്രിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 1980-ലെ കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമ ഭേദഗതിയെ നടപ്പിലാക്കുന്നതിന് പുതിയ ചട്ടങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മറൈൻ ഇൻഫോഴ്സ്മെന്റ് വിംഗിന്റെയും കോസ്റ്റൽ പോലീസിന്റെയും സഹായത്തോടെ ഈ നിയമം ശക്തമായി നടപ്പിലാക്കിവരുന്നു. ഇത്തരം നടപടികളുടെ ഫലമായി കടൽ മത്സ്യങ്ങളുടെ ഉൽപ്പാദനം 2015-ൽ 4.82 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നത് 2018-ലെത്തിയപ്പോൾ 6.42 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചുവെന്നാണ് CMFRI പഠനം വെളിപ്പെടുത്തിയിട്ടുള്ളത്.

(ഡി) രാത്രികാല ട്രോളിംഗ് തടയാൻ രാത്രി പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. എല്ലാ മറൈൻ ജില്ലകളിലും റസ്ക്യൂ ബോട്ടുകളും ലൈഫ് ഗാർഡുകളെയും സജ്ജമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവരിൽനിന്നും വർദ്ധിച്ച തോതിൽ ഫൈൻ ഈടാക്കിവരുന്നു.

**മത്സ്യസമ്പത്തിന്റെ പരിരക്ഷണത്തിനായുള്ള നടപടികൾ**

292(2883) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും മത്സ്യലഭ്യതയും തമ്മിലുള്ള അനുപാതം എത്രയെന്ന് വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ മത്സ്യമെത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസരണമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ഏതെങ്കിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) താപനില ഉയരുന്ന സാഹചര്യത്തിൽ മത്സ്യസമ്പത്തിന്റെ പരിരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-ൽ സി.എം.എഫ്.ആർ.ഐ. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മത്സ്യത്തിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആവശ്യകതയുടെ 60% മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും മത്സ്യമെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അതിന്റെ തോത് വകുപ്പിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംഗ്ഷനിംഗ് ഓഫ് എഫ്.എം.സി. എന്ന പദ്ധതി പ്രകാരം പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ തദ്ദേശീയ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. നടപ്പുസാമ്പത്തികവർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജലസംഭരണികളിൽനിന്ന് മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും, അതുവഴി ഉൽപ്പാദനം കൂട്ടുന്നതിനുമായി 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. കൂടാതെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. കടൽ മത്സ്യസമ്പത്തിന്റെ വർദ്ധനവ് ലക്ഷ്യമാക്കി തിരുവനന്തപുരം ജില്ലയിലെ കടലിൽ കൃത്രിമ പാര് സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ചും പുതിയ കേരള കടൽ മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ നടപ്പിലാക്കിയും അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാന വലകളുടെ പരമാവധി വലിപ്പവും കണ്ണിവലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പെഴ്സീൻ, പെലാജിക് ട്രോൾ, ബുൾ ട്രോൾ (പെയർട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വംശനാശ ഭീഷണി നേരിടുന്ന 58 മത്സ്യ ഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 Trapezoidal ആകൃതിയിലുള്ള കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനായി സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപ്പള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനുള്ള 200 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും ലഭ്യമാകുകയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരികയുമാണ്.

ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ,

പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രോളിംഗ് നിരോധനം 47 ദിവസത്തിൽനിന്ന് 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്കായി കേജും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## തീരദേശ വികസന കോർപ്പറേഷൻ മുഖേന നൽകിയ പദ്ധതികളുടെ അംഗീകാരം

293(2884) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി അംഗീകാരം നൽകിയ മാടായി ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം, പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം, കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം എന്നീ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പുനരുദ്ധരിക്കുന്നതിനായി 203.81861 ലക്ഷം രൂപയുടെ അംഗീകാരം കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി ഫിഷ് മാർക്കറ്റ്, കണ്ണപുരം ഫിഷ് മാർക്കറ്റ് എന്നിവ കിഫ്ബിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനായി യഥാക്രമം 82.82 ലക്ഷം, 300.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

## മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി.ഡി.സി.-യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

294(2885) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി.ഡി.സി.-യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2018-19-ൽ എൻ.സി.ഡി.സി. സഹായത്തോടെയുള്ള പദ്ധതികൾക്ക് ആകെ വകയിരുത്തിയിരുന്നത് എത്ര കോടി രൂപയായിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എൻ.സി.ഡിസി.-യുടെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധനോപകരണങ്ങളുടെ വിതരണവും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക, ട്രെയിനിംഗ് & എക്സ്റ്റൻഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷം മുതൽ മത്സ്യഫെഡുവഴി നടപ്പിലാക്കുന്ന എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി പലിശ രഹിത വായ്പാ പദ്ധതിയായി നടപ്പിലാക്കുന്നു. എൻ.സി.ഡി.സി.-ക്ക് നൽകേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുന്നു. പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിന് പലിശ സബ്സിഡി നൽകാൻ 96 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തൽ.

(ബി) 2018-19-ൽ എൻ.സി.ഡി.സി.-യുടെ സഹായത്തോടെയുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതത്തിലൂടെയും അഡീഷണൽ ഓതറൈസേഷനിലൂടെയും മത്സ്യഫെഡിന് 22.49 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായുള്ള പദ്ധതി ചെലവ്

295(2886) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ കേന്ദ്ര സഹായ പദ്ധതികളിൽ 2018-19-ൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ 50,429 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 34,680.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സഹായ പദ്ധതികളിൽ 2018-19-ൽ 63.06 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 19.81 കോടി രൂപ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്കായും 43.25 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കുമായാണ് വകയിരുത്തിയിരുന്നത്. ആകെ ചെലവായ 27.283 കോടി രൂപയിൽ ഫിഷറീസ് വകുപ്പ് 13.443 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 13.84 കോടി രൂപയുമാണ് ചെലവഴിച്ചത്. കൂടാതെ മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാർ നൽകാതിരുന്ന 46.865 കോടി രൂപ അനുവദിക്കുകയും ആയത് മുഴുവനും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും 56 കോടിയോളം രൂപയുടെ കേന്ദ്ര സഹായം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച് കിട്ടാത്തതായുണ്ട്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

296(2887) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ

സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ നേട്ടം ലഭിക്കുന്നതിനായി വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോളിംഗ് നിരോധന കാലയളവ് ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സമ്പാദ്യ സമാശ്വാസ പദ്ധതി.
- തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.
- വിദ്യാഭ്യാസ സഹായ പദ്ധതികൾ.
- ട്രോൾബാൻ കാലയളവിൽ സൗജന്യ റേഷൻ.
- മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
- DAT, GPS, എക്കോ സൗണ്ടർ എന്നിവയുടെ വിതരണം.
- ഓഖി പുനരധിവാസ പദ്ധതികൾ.
- മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
- പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കളിൽനിന്നും (ഓഖിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുൻഗണനന) 200 പേരെ കോസ്റ്റൽ പോലീസിൽ കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകുന്ന പദ്ധതി.

- ഘട്ടംഘട്ടമായി മറൈൻ പ്ലൈവുഡ്, തടി വള്ളങ്ങളിൽനിന്നും കൂടുതൽ ബലവത്തായ എഫ്.ആർ.പി. ബോട്ടുകളിലേയ്ക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പരിവർത്തനം ചെയ്യുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 200 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതി.

- ഓഖി ദുരന്തത്തിൽപ്പെട്ട് പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യാനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 എഫ്.ആർ.പി. ബോട്ടുകളും മറ്റ് മത്സ്യബന്ധന അനുസാരികളും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.

- കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയെ, നാവിക്, സാറ്റലൈറ്റ് ഫോൺ, ഡാറ്റ്, ജി.പി.എസ്. വി.എച്ച്.എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ തുടങ്ങിയവ വിതരണം ചെയ്യുന്ന പദ്ധതികൾ.

- കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വളരെ വേഗം രക്ഷിച്ച് കരയ്ക്കെത്തിക്കുന്നതിനും പ്രഥമ ശുശ്രൂഷ നൽകുന്നതിനുമായി മൂന്ന് മറൈൻ ആംബുലൻസ് ലഭ്യമാക്കുന്ന പദ്ധതി.

- കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കുംവേണ്ടി 900 മത്സ്യത്തൊഴിലാളി യുവാക്കൾ അടങ്ങുന്ന കടൽ സുരക്ഷാ സ്ക്വാഡ്.

തുടങ്ങിയവ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളാണ്.

ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവവഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ട്രോൾബാൻമൂലം മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് ലഭ്യമായിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം) 2013-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശയുടെകൂടി അടിസ്ഥാനത്തിൽ 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽനിന്നും 52 ദിവസമായി ഉയർത്തിയിട്ടുണ്ട്.

**മത്സ്യബന്ധന മേഖലയിൽനിന്നുള്ള വരുമാനം**

297(2888) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിൽ സമുദ്രമേഖലയിലെ മത്സ്യബന്ധനത്തിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി ഫിഷറീസ് മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിൽ ഗുണകരമാകുമെന്ന് വിശദമാക്കുമോ;

(സി) മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര ഇടപെടൽ വേണ്ടുന്ന വിഷയങ്ങൾ ഫിഷറീസ് മന്ത്രാലയത്തിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇന്ത്യയിൽ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യബന്ധനത്തിൽ കേരളം പിന്നിലാണെന്നത് കണക്കിലെടുത്ത് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളി ജനസംഖ്യയുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ സമുദ്ര മേഖലയിലെ മത്സ്യോത്പാദനത്തിൽനിന്നുള്ള വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | വരുമാനം (ലക്ഷത്തിൽ) |
|---|---|
| 2016-17 | 795782 |
| 2017-18 | 886869 |
| 2018-19 | 943704 |

2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങൾ പരിശോധിച്ചാൽ സമുദ്ര മത്സ്യമേഖലയിലെ മത്സ്യബന്ധനത്തിൽനിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്.

2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ സമുദ്ര മേഖലയിലെ മത്സ്യോത്പാദനത്തിൽനിന്നുള്ള വരുമാനത്തിൽ 91,087 ലക്ഷം രൂപയുടെയും 2017-18-നെ അപേക്ഷിച്ച് 2018-19 വർഷത്തിൽ 56,835 ലക്ഷം രൂപയുടെയും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) രാജ്യത്തെ മത്സ്യബന്ധന മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ പ്രത്യേക മന്ത്രാലയംകൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. സംസ്ഥാനങ്ങളുടെ അധികാരപരിധിക്ക് പുറത്ത്, ആയത് EEZ-ൽ മത്സ്യബന്ധന നിയന്ത്രണ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതും, ബ്ലൂ റവല്യൂഷൻ, സാഗരമാല തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതും, MLS പോലുള്ള വിഷയങ്ങളിലും MFRA നിയമങ്ങൾ പരിഷ്കരിക്കുന്ന വിഷയത്തിലും സംസ്ഥാനങ്ങൾക്കാകെ ഏകീകൃത നിർദ്ദേശങ്ങൾ നൽകുവാനും അവ നടപ്പിലാക്കുന്നുണ്ടെന്ന് നിരീക്ഷിക്കാനും കഴിയുന്നതൊക്കെ പുതിയ ഫിഷറീസ് മന്ത്രാലയം വന്നതിനുശേഷമുള്ള ഗുണകരമായ മാറ്റങ്ങളായി നിരീക്ഷിക്കാവുന്നതാണ്.

(സി) കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന പുതിയ കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ള വിഷയങ്ങളിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിൽ ഭൂരിപക്ഷവും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്ന വിഷയത്തിലും കടലോര സംസ്ഥാനങ്ങൾക്കാകെ

നിർദ്ദേശങ്ങൾ നൽകാനും ഏകോപിപ്പിക്കാനും കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. കേരളം മുൻകയ്യെടുത്ത് 2018-ൽ സംഘടിപ്പിച്ച സൗത്ത് ഇന്ത്യൻ ഫിഷറീസ് മിനിസ്റ്റർമാരുടെ കോൺഫറൻസിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ആഴക്കടൽ മത്സ്യബന്ധനത്തിനനുയോജ്യമായ ബോട്ടുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്നതിന് നിശ്ചയിച്ചിരുന്ന യൂണിറ്റ് കോസ്റ്റ് 80 ലക്ഷം രൂപയിൽനിന്നും 1.5 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നും കേരളത്തിൽ 100 ആഴക്കടൽ ബോട്ടുകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സബ്സിഡി മണ്ണെണ്ണ വർദ്ധിപ്പിക്കുന്ന വിഷയത്തിലും നോൺ പി.ഡി.എസ്. മണ്ണെണ്ണ വർദ്ധിപ്പിക്കുന്ന കാര്യത്തിലും കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഉൾനാടൽ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിംഗ് ഓഫ് എഫ്.എം.സി. എന്ന പദ്ധതി പ്രകാരം പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ തദ്ദേശീയ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജലസംഭരണികളിൽനിന്ന് മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉൽപാദനം കൂട്ടുന്നതിനുമായി 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

(ഇ) സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളുടെ (2018-19) എണ്ണം 2,42,954 ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതി**

298(2889) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങളിലും കടലാക്രമണങ്ങളിലും മറ്റും അകപ്പെട്ട് മത്സ്യബന്ധനയാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം ദുരിതത്തിലായ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതി ക്ഷോഭങ്ങളിലും കടലാക്രമണങ്ങളിലും മറ്റും അകപ്പെട്ട് മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെട്ടവരുടെ ക്ഷേമത്തിനായി 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിവരികയുമാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2018-19-ൽ ആദ്യ ഘട്ടമായി ഹള്ളിന് മാത്രമായാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2018-19-ൽ 647 മത്സ്യബന്ധന യാന ഉടമകൾ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും എഞ്ചിനുംകൂടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നുവരികയാണ്. ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട 480 മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 7.35 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ടി ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ട യാനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ മുഖ്യമന്ത്രിയുടെ ദുരതിതാശ്വാസ നിധിയിൽനിന്നുള്ള ഫണ്ടുപയോഗിച്ച് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പൊന്നാനിയിൽ അപ്രതീക്ഷിതമായുണ്ടായ കടലാക്രമണത്തിൽപ്പെട്ട് നാശനഷ്ടം നേരിട്ട 39 മത്സ്യബന്ധന യാനങ്ങൾക്ക് 2,30,74,585 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളിൽ മത്സ്യബന്ധന യാനങ്ങളും മറ്റ് ഉപകരണങ്ങളും നഷ്ടപ്പെടുന്നവർക്ക് ജില്ലാ കളക്ടർമാർ മുഖാന്തരം SDRF മാനദണ്ഡമനുസരിച്ച് അനുവദനീയമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് (2018-ലെ 38-ാം ആക്ട്) 9 എ വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ദുരിത ബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്തവിധം അവയ്ക്ക് നാശമോ ഉണ്ടാകുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

ടി വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്ത വിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റ് അടിച്ച ദിവസം (29-11-2017) വരെയുള്ള വായ്പ തുകയിലെ മുതലിന്റെ 60% സംസ്ഥാന സർക്കാർ വഹിക്കാമെന്നും മുതലിന്റെ 40% ബാങ്കുകൾ വഹിക്കണമെന്നും പലിശയും പിഴപ്പലിശയും ബാങ്കുകൾ ഒഴിവാക്കിക്കൊടുക്കണമെന്നുമായിരുന്നു പാക്കേജിലെ പ്രധാന നിർദ്ദേശം. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതരുടെയും പേരിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവരുടെ വിവരങ്ങൾ സഹകരണ സംഘം രജിസ്ട്രാറിന് നൽകിയിട്ടുണ്ട്.

നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബാങ്കുമായി ചേർന്നുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പാണ്. ഇതുസംബന്ധിച്ച് ജില്ലാതല മേൽനോട്ടം അതാത് ജില്ലയിലെ ദുരന്തനിവാരണ വകുപ്പിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനാണ്. ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ബാങ്കുകളുമായും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെടുന്നതിനുള്ള അറിയിപ്പ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിനുള്ള സംവിധാനം**

299(2890) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് ആഴക്കടൽ മത്സ്യബന്ധനത്തിന് പോയി വിവിധ കാരണങ്ങളാൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ;

(ബി) മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ മറ്റ് രാജ്യങ്ങളിൽ എത്തിപ്പെടുകയും അവിടെ തടവിലാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ അവരെ മോചിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ ശ്രമങ്ങൾ ഏത് വിധത്തിലൊക്കെ നടത്തുമെന്നറിയിക്കുമോ;

(സി) കൊറോണ രോഗഭീതിയെത്തുടർന്ന് ഇറാനിൽ കുടുങ്ങിപ്പോയ ഇരുപത്തിമൂന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും, തിരികെ നാട്ടിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കടലിൽ മത്സ്യബന്ധനത്തിന് പോയി അപകടത്തിൽപ്പെടുകയോ കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും കരയ്ക്കെത്തിക്കുന്നതിനും ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ തിരച്ചിൽ നടത്താറുണ്ട്. 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഇന്ത്യൻ കോസ്റ്റ്ഗാർഡും ഇന്ത്യൻ നേവിയും അവരുടെ അത്യാധുനിക സംവിധാനങ്ങളുള്ള ഹെലികോപ്റ്ററും ഡോണിയർ വിമാനങ്ങളും കപ്പലുകളും തിരച്ചിലിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ലഭ്യമാക്കാറുണ്ട്. കൂടാതെ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും അതിവേഗം കരയ്ക്കെത്തിക്കുന്നതിനും പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മിച്ചുവരുന്നു.

(ബി) മറ്റ് രാജ്യങ്ങളിൽ തടവിലാക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് രാജ്യത്തെ വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും വിദേശകാര്യ മന്ത്രാലയത്തിന്റെ ഇടപെടലിലൂടെ പരമാവധി മോചനം സാധ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന കുറ്റകൃത്യത്തിന് ആനുപാതികമായി ബന്ധപ്പെട്ട രാജ്യത്തെ നിയമങ്ങൾക്കനുസരിച്ചുള്ള പിഴശിക്ഷ, തടവ് ശിക്ഷയ്ക്കും പലപ്പോഴും മത്സ്യത്തൊഴിലാളികൾ വിധേയരാവാറുണ്ട്.

(സി) ഇറാനിൽ കൊറോണ വൈറസ് ബാധ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രാജ്യത്ത് കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെ തിരികെ എത്തിക്കുന്നതിനുള്ള സഹായമഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1-3-2020-ന് കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്തയച്ചിട്ടുണ്ട്. നോർക്ക വകുപ്പിലെ 2-3-2020-ലെ കത്ത് പ്രകാരം ഇറാനിലെ ഇന്ത്യൻ എംബസിയുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും സഹായം തേടിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

300(2891) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി ഫിഷറീസ് വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ജി.പി.എസ്. സംവിധാനമുള്ള ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലായെന്നും, അപകടത്തിൽപ്പെട്ട പല വള്ളങ്ങളിലും ഇത് ഉപയോഗിച്ചിട്ടും ആരും രക്ഷാ പ്രവർത്തനത്തിന് എത്തിയില്ലായെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വർഷം കേരള തീരത്ത് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ പ്രസ്തുത സംവിധാനം ഉണ്ടായിരുന്നോ;

(ഡി) ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളും, ബോട്ടുകളും ഐ.എസ്.ആർ.ഒ.-യുടെ ഗതിനിർണ്ണയ ഉപഗ്രഹ ശൃംഖലയായ നാവിക്കിന്റെ കീഴിൽ ആക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ മുൻനിർത്തി നിരവധി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യ ഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി, ISRO-യുടെ സാങ്കേതികസഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 15000 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോൺ

വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സബ്സിഡിയോടെ നൽകിവരുന്ന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാക്കത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മാണം പുരോഗമിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കിവരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഇതിനകം 17033 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൈബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. 2018-19 വർഷത്തെ 'കടൽ സുരക്ഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്.-ഉം 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ്ബോയെകളും 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപകടത്തിൽപ്പെട്ടാൽ ബീക്കൺ സ്വിച്ച് അമർത്തുകയോ ബീക്കൺ കടൽ വെള്ളത്തിൽ വീഴുകയോ ചെയ്താൽ അപ്പോൾത്തന്നെ മെസേജുകൾ കോസ്റ്റ്ഗാർഡ് കൺട്രോൾ റൂമിൽ എത്തുകയും അത് ഫിഷറീസ് വകുപ്പിന് അപ്പോൾത്തന്നെ കൈമാറുകയും ഉടൻതന്നെ രക്ഷാപ്രവർത്തനം തുടങ്ങുകയുമാണ് ചെയ്തുവരുന്നത്.

(സി) റേഡിയോ ബീക്കണിന്റെ ആയുസ് 5 മുതൽ 7 വർഷം വരെയാണ്. നിലവിൽ ബീക്കൺ ലഭ്യമാക്കി 10 വർഷം ആകുന്നതിനാൽ ആയവ തിരിച്ചെടുത്ത് നശിപ്പിച്ചുകളയുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഓഖി പുനരധിവാസ പദ്ധതികളുടെ ഭാഗമായി 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട്, ആദ്യ ഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന്

കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവച്ചു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നുവരുന്നു. കെൽട്രോൺ ഇതുവരെ നിർമ്മിച്ചുനൽകിയ 1550 നാവിക് ഉപകരണങ്ങളിൽ 1500 രൂപ ഗുണഭോക്തൃ വിഹിതം അടച്ച ഒൻപത് തീരദേശ ജില്ലകളിലെ 938 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്തു. നിലവിലുള്ള നാവിക് ഉപകരണങ്ങൾക്ക് വൺവേ കമ്മ്യൂണിക്കേഷൻ (കരയിൽനിന്നും ബോട്ടുകളിലേയ്ക്ക് മാത്രം) ആയതിനാൽ സുരക്ഷാ മുന്നറിയിപ്പുകളും കാലാവസ്ഥാ അറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ നാവിക് ഉപകരണങ്ങളിൽ ലഭ്യമാകുമെന്നല്ലാതെ അപകടം സംബന്ധിച്ച വിവരങ്ങൾ കരയിലേയ്ക്ക് അറിയിക്കുവാൻ കഴിയാത്തതുമൂലം മത്സ്യത്തൊഴിലാളികൾ നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് വിമുഖത കാണിച്ചതിനെത്തുടർന്ന് ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ISRO പ്രതിനിധികൾ, കെൽട്രോൺ, INCOIS എന്നിവരുമായി നടത്തിയ ചർച്ചയിൽ നാവിക് ഉപകരണങ്ങൾക്ക് ടൂവേ സാങ്കേതികവിദ്യ ISRO വികസിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നും ആയത് കെൽട്രോണിന് അവർ കൈമാറാമെന്നും ധാരണയായിട്ടുണ്ട്. അതിനുശേഷം മാത്രം ശേഷിക്കുന്ന 2500 എണ്ണം നിർമ്മിച്ച് നൽകാമെന്നും തീരുമാനിച്ചു.

**പുനർഗേഹം പദ്ധതി**

301(2892) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് വീടു വയ്ക്കാൻ പത്ത് ലക്ഷം രൂപ വീതം നൽകുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുനർഗേഹം പുനരധിവാസ പദ്ധതിയിൽ ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വീട് വയ്ക്കാനുള്ള സ്ഥലം ആരാണ് കണ്ടെത്തേണ്ടതെന്നും എത്ര സെന്റ് സ്ഥലത്തിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ചില ജില്ലകളിൽ സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളെ അവിടങ്ങളിൽ താമസിക്കാൻ നിർബന്ധിക്കുകയും പുനർഗേഹം പദ്ധതിയുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനുള്ള അധികാരം ജില്ലാ ഭരണാധികാരികൾക്കു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 'പുനർഗേഹം' പദ്ധതി പ്രകാരം 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നൽകുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗുണഭോക്താവാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ (HTL) നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളും.

2. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണന.

3. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പുനരധിവാസ പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ഒരേ വീട്ടിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. എന്നാൽ ഭൂമിയുടെയും വീടിന്റെയും ഉടമസ്ഥരായിരിക്കും ആദ്യ പരിഗണന.

4. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും അവർ വ്യത്യസ്ത കുടുംബങ്ങളായി സ്വന്തമായി വീടില്ലാത്തതുകൊണ്ടുമാത്രം, മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്.

(സി) വീട് വയ്ക്കാനുള്ള സ്ഥലം ഗുണഭോക്താവ് സ്വന്തം നിലയിലാണ് കണ്ടെത്തേണ്ടത്. 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 'പുനർഗേഹം' പദ്ധതിയിൽ പുനരധിവാസത്തിനായി വ്യക്തിഗത വീട് നിർമ്മാണം, ഫ്ലാറ്റ് നിർമ്മാണം എന്നീ രീതികൾ അനുവർത്തിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും ഭൂമിയും വീടും ഉൾപ്പെടെ വാങ്ങുന്നതിനും ഗുണഭോക്താക്കൾ ഒരുമിച്ച് ചേർന്ന റസിഡന്റ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത ഭൂമിയിൽ ഫ്ലാറ്റ് അപ്പാർട്ട്മെന്റ് സ്വന്തം നിലിൽ നിർമ്മിക്കുന്നതിനും പദ്ധതിയിൽ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സർക്കാർ ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിനും പദ്ധതി വിഭാവന ചെയ്തിരിക്കുന്നു. ഇതിൽ ഏത് രീതി വേണമെന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിച്ച തുക**

302(2893) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇതിനായി ലൈഫ് പദ്ധതിയിലാണോ അതോ വകുപ്പിന്റെ തനതു പദ്ധതിയിലാണോ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലൈഫ് പദ്ധതിയിലാണ് തുക അനുവദിക്കുന്നതെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനും വീട് നന്നാക്കുന്നതിനും ശുചിമുറികൾ നിർമ്മിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കുന്നില്ല. ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. എന്നാൽ വകുപ്പ് മുൻ വർഷങ്ങളിൽ നടപ്പാക്കിയ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിനായി ആകെ 1823.50 ലക്ഷം രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ Open Defecation Free (ODF) ക്യാമ്പയിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 3777 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിന് അധിക ധനസഹായമായി 10,000 രൂപ വീതം അനുവദിക്കുന്നതിന് 377.70 ലക്ഷം രൂപയും ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്.

നിലവിൽ ഭൂമിയുള്ള ഭവന രഹിതരായ അർഹതപ്പെട്ട എല്ലാവർക്കും ലൈഫ് മിഷനിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ഫിഷറീസ് വകുപ്പിൽ ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെയും ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതി മുഖേനയാണ് ഭവന പദ്ധതികൾ നടപ്പുവർഷം മുതൽ നടപ്പാക്കുക. ഭവന നിർമ്മാണത്തിനായി ഫിഷറീസ് വകുപ്പിന് മുൻ വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക 2018-19 വർഷം മുതൽ ലൈഫ് മിഷനിലേയ്ക്ക് ഭവന പദ്ധതി നിർവ്വഹണത്തിനായി മാറ്റി നൽകിയിട്ടുണ്ട്.

(സി) സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ അർഹരായ എല്ലാ ജനവിഭാഗങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കും. എന്നാൽ പട്ടികജാതി/മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും അവർ വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരോ ആയവരെയും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായിട്ടും സ്വന്തമായി വീടില്ലാത്തതുകൊണ്ടുമാത്രം മറ്റ് വീടുകളിലോ തങ്ങളെ ആശ്രയിച്ച് കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതായിരിക്കും.

## കോന്നി മണ്ഡലത്തിലെ കൂടലിൽ ആധുനിക മത്സ്യമാർക്കറ്റ്

303(2894) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിൽ കൂടൽ മാർക്കറ്റിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഗുണനിലവാരമുള്ള മത്സ്യം ലഭിക്കുന്നതിനായുള്ള മൊബൈൽ മത്സ്യ വാഹനമായ 'അന്തിപ്പച്ച' മണ്ഡലത്തിൽ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട മാർക്കറ്റ് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നതാണ്.

(ബി) പച്ച മത്സ്യം വിപണനം ചെയ്യുന്ന അന്തിപ്പച്ച എന്ന സഞ്ചരിക്കുന്ന മത്സ്യവിൽപനശാല തീരപ്രദേശത്തുനിന്നും വളരെ അകലത്തിൽ സ്ഥിതി ചെയ്യുന്ന കോന്നി നിയോജകമണ്ഡലത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്.

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

304(2895) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കാമോ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് വേണ്ടി പദ്ധതി തയ്യാറാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.47 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. അതിൽ 41.74 കോടി രൂപയ്ക്ക് 15 മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. ഇതിനകം തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ബാക്കിയുള്ളവയുടെ ഡി.പി.ആർ.-ഉം ഉടൻ സമർപ്പിക്കുന്നതാണ്.

(ബി) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി 323.86 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 41.73 കോടി രൂപയുടെ 15 മത്സ്യമാർക്കറ്റുകൾ ഇതിനോടകംതന്നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അംഗീകാരത്തിനായി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. കിഫ്ബിയുടെ അംഗീകാരം ലഭ്യമായാൽ ഉടൻ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. മറ്റ് മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിവരുന്നു.

## ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ

305(2896) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ പ്രൊജക്റ്റിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ; വിവരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ചെന്നിത്തല ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണം

306(2897) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ പ്രധാനപ്പെട്ട മാർക്കറ്റുകളായ താമരക്കുളം, പുതിയകാവ്, മാങ്കാകുഴി എന്നിവയുടെ ആധുനിക നിലവാരത്തിലുള്ള നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

**മായം ചേർത്ത മത്സ്യങ്ങളുടെ പരിശോധന**

307(2898) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മായം ചേർത്തതായി സംശയിച്ച് എത്ര ടൺ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പിടിച്ചെടുത്ത് നശിപ്പിച്ച മത്സ്യത്തിന്റെ സാമ്പിളുകളിൽ എത്രയെണ്ണത്തിൽ മായം ചേർത്തതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇത്തരത്തിൽ പിടികൂടി നശിപ്പിച്ച മത്സ്യത്തിന്റെ സാമ്പിൾ പരിശോധനയിൽ മായം ചേർത്തിട്ടില്ല എന്ന് തെളിഞ്ഞ കേസുകളിൽ മത്സ്യ കച്ചവടക്കാർക്ക് ഉണ്ടായിട്ടുള്ള അപരിഹാര്യമായ നഷ്ടം നികത്തുന്നതിന് മത്സ്യബന്ധന വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ഭക്ഷ്യ സുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി വിവിധ ജില്ലകളിൽ നടത്തിയ പരിശോധനകളിൽ മായം കണ്ടെത്തിയ 9.378 ടൺ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മായം ചേർത്തതായി സംശയിച്ച് മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടില്ല.

## മത്സ്യവിതരണ മേഖലയിലെ ആധുനികവൽക്കരണം

308(2899) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന മീനുകളിലെ മായം ചേർക്കൽ തടയുവാൻ ചെക്ക് പോസ്റ്റുകളിലും ചന്തകളിലും കർശന പരിശോധന നടത്തുവാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുമോയെന്ന് അറിയിക്കാമോ;

(ബി) മത്സ്യമാർക്കറ്റുകളെ ആധുനികവൽക്കരിക്കുന്നതിനും സംസ്ഥാനത്തെ മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കുമോ;

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും മത്സ്യ വിതരണക്കാർക്കും മത്സ്യം കേടുകൂടാതെ എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നൽകുന്നത് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഫിഷറീസ് ഉദ്യോഗസ്ഥരും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അന്യ സംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യമാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച്

പരിശോധനകളും നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തിവരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമനിർമ്മാണവും സർക്കാർ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ചമത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം വിപണന സ്റ്റാളുകൾ, ഓരോ സ്റ്റാളിലും മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനും ഡിസ്പ്ലേ ചെയ്യുന്നതിനുമുള്ള സ്ലാബുകൾ, മീൻപിടിത്തക്കാർ കൊണ്ടുവരുന്ന മീനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം, മലിനജല സംസ്കരണ യൂണിറ്റ്, ടോയ്‌ലറ്റ് സംവിധാനം എന്നിവ സജ്ജമാക്കിവരുന്നു.

ഇതിനോടകംതന്നെ സംസ്ഥാനത്തെ 36 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഇത്തരത്തിൽ ആധുനികവൽക്കരിച്ചിട്ടുണ്ട്. മറ്റ് 2 മത്സ്യമാർക്കറ്റുകൾ പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

കൂടാതെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 502.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും മത്സ്യ വിതരണക്കാർക്കും മത്സ്യം കേടുകൂടാതെ എത്തിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഐസ് ബോക്സ് വിതരണം, മത്സ്യവിതരണത്തിനുള്ള വാഹനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്ഥാപിച്ചുവരുന്ന ഓരോ മത്സ്യമാർക്കറ്റിലും ഫിഷ്

ലാന്റിംഗ് സെന്ററുകളും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ചിൽ റൂം/ഫ്രീസർ സംവിധാനം ഒരുക്കിവരുന്നു. ഹാർബറിൽനിന്ന് പച്ചയായ മത്സ്യം നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡ് മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 മൊബൈൽ യൂണിറ്റുകൾ (അന്തിപ്പച്ച) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗുണമേന്മയുള്ള മത്സ്യം വിൽപ്പനയ്ക്കായി സംസ്ഥാനത്ത് മൊത്തം 41 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

**മത്സ്യത്തിൽ മായം ചേർത്ത് വിൽക്കുന്നതിനെതിരെയുള്ള നടപടി**

309(2900) ശ്രീ. പി. കെ .ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും ഫോർമാലിൻ, കൂടിയ അളവിൽ അമോണിയ, മറ്റ് കെമിക്കലുകൾ എന്നിവ ചേർത്തു വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിനും, ജനങ്ങൾക്ക് മായമില്ലാത്ത നല്ല മത്സ്യം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മായം ചേർത്ത് മത്സ്യം വിറ്റതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ആളുകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മത്സ്യങ്ങൾ ചെക് പോസ്റ്റുകളിൽ തന്നെ പരിശോധിക്കുന്നതിനും, കേരളത്തിലെ മത്സ്യമാർക്കറ്റുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനം മായം കലർന്നവയാണെന്നത് ശരിയല്ല. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നവയിൽ ഫോർമാലിൻ, അമോണിയ മുതലായവയുടെ

അനുവദനീയമായ തോതിൽ കൂടുതൽ സാന്നിദ്ധ്യം കണ്ടെത്താനായിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളിലും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിൽ രാസമാലിന്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തിയുള്ള വിൽപ്പന തടയുവാൻ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യമാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 31 കേസുകൾ സംസ്ഥാനത്തൊട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്. ആകെ ഫയൽ ചെയ്ത കേസുകളിൽ 3 കേസുകളിലാണ് കോടതിവിധി വന്നിട്ടുള്ളത്. രണ്ട് കേസുകളിൽ 10,000 രൂപ വീതം 20,000 രൂപ പിഴ വിധിക്കുകയും ഒരു കേസ് വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഇത്തരം പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ

പരിശോധന നടത്തിവരുന്നു. കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇന്ത്യൻ മേജർ കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി

310(2901) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനം വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നതുമൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പീച്ചി ഡാം റിസർവോയർ ഏരിയയിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ ഫിഷറീസ് വകുപ്പ് നിക്ഷേപിക്കുന്നത് തടഞ്ഞുകൊണ്ട് വനം വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ദേശീയ മത്സ്യ ബോർഡിന്റെ ധനസഹായത്തോടെ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് പുറപ്പെടുവിച്ച 06-11-2013-ലെ സ.ഉ.(സാധാ)നമ്പർ 923/13/മതുവ പരാമർശിച്ചുകൊണ്ട് വനംവകുപ്പ് പുറപ്പെടുവിച്ച 09-1-2014-ലെ സ.ഉ.(ആർ.റ്റി.)നമ്പർ 17/2014/വനം സർക്കാർ ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപ്പള്ളം, ഷോളയാർ, ളുണക്കടവ്, പീച്ചി, വാഴാനി, ചിമ്മിനി, കക്കയം, ഇടുക്കി, പരപ്പാർ (തെന്മല), പേപ്പാറ, നെയ്യാർ എന്നീ അണക്കെട്ടുകൾ ഒഴികെയുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയതായി പരാമർശിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളെ റിസർവോയറിൽ നിക്ഷേപിക്കുന്നതുമൂലം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ഇതുവരെ ഒരു പഠനവും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ റിസർവോയറുകളിലെ മത്സ്യ ഉൽപ്പാദനത്തിന് ഏറ്റവും അനുകൂലമാണെന്നും ശാസ്ത്രീയമായ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പീച്ചി ഡാമിൽ 1970 മുതൽ 2014 വരെ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ നിക്ഷേപിച്ചുവന്നിരുന്നു. ഈ കാലയളവിൽ യാതൊരു തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇന്ത്യൻ മേജർ കാർപ്പ് എന്നറിയപ്പെടുന്ന ഈ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ സസ്യ, ജന്തു പ്ലവകങ്ങളെ മാത്രം ആഹരിക്കുന്നവയും മറ്റ് ജീവജാലങ്ങൾക്ക് യാതൊരു തരത്തിലുള്ള ഭീഷണി ഉയർത്തുന്നവയും അല്ല. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തനത് മത്സ്യ വിഭാഗത്തിൽപ്പെടുന്ന ഇവ റിസർവോയറുകളിൽ സ്വാഭാവിക പ്രജനനം നടത്തുന്നവയും അല്ല. പീച്ചി ഡാം റിസർവോയറിൽ പ്രസ്തുത ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ തുടർന്നും നിക്ഷേപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## വയനാട് ജില്ലയിലെ മത്സ്യകൃഷി

311(2902) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മത്സ്യകൃഷി വ്യാപനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ എത്ര ഏക്കർ സ്ഥലത്ത് പുതുതായി മത്സ്യകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ 62.5 ഏക്കർ സ്ഥലത്ത് ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതി, 2017-18 വർഷം മുതൽ ജനകീയ മത്സ്യകൃഷി, ബ്ലൂ റവലൂഷൻ എന്നീ പദ്ധതികളാണ് നടത്തിവരുന്നത്. ഇതിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 5 യൂണിറ്റ് കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, ഒരു യൂണിറ്റ് പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2017-18 മുതൽ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 2017-18 വർഷത്തിൽ 29.38 ഹെക്ടറിൽ മോഡൽ ഫിഷ് ഫാം, 155 ഹെക്ടറിൽ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടറിൽ വലിയ കുളങ്ങളിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഏഴ് ഘടക പദ്ധതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി 25 ഹെക്ടർ, 1 ഹെക്ടർ പംഗേഷ്യസ് കൃഷി, 1 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 10 യൂണിറ്റ് പടുതാകുളങ്ങളിലെ കരിമീൻ കൃഷി, 1 ഹെക്ടർ കാർപ്പ് റിയറിംഗ് യൂണിറ്റ്, 0.3 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി, 1 യൂണിറ്റ് ലൈവ് ഫിഷ് മാർക്കറ്റ് എന്നിവ ഉൾപ്പെടുന്നു. 2019-2020 വർഷത്തിൽ ജില്ലയിൽ 4.38 ഹെക്ടർ സ്ഥലത്ത് പംഗേഷ്യസ് കൃഷി, 1.3 ഹെക്ടർ സ്ഥലത്ത് ഗിഫ്റ്റ് തിലാപ്പിയ കൃഷി, 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 1.4 ഹെക്ടറിൽ സ്റ്റൻഡഡ് കാർപ്പ് കൃഷി, 2.86 ഹെക്ടറിൽ ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി, 16 യൂണിറ്റ് ശുദ്ധജല കൂട് കൃഷി, 55 ഹെക്ടറിൽ വിശാല മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3.1 ഹെക്ടറിൽ കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, 3 ഹെക്ടറിൽ പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2018-19 വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ 2018-19 വർഷത്തെ പ്രളയത്തിൽ കൃഷി നശിച്ചുപോയ കർഷകർക്ക് താങ്ങായി മത്സ്യകൃഷി പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കി. ഇതിൽ 53.5 ഹെക്ടർ കാർപ്പ് മത്സ്യകൃഷിയും 0.3 ഹെക്ടർ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി യൂണിറ്റും ഉൾപ്പെട്ടിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ ജനകീയ മത്സ്യകൃഷി പദ്ധതി

312(2903) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യ കൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ മത്സ്യ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജനകീയ മത്സ്യ കൃഷി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ മത്സ്യോൽപാദനം വർദ്ധിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 4643 മെട്രിക് ടൺ ആയിരുന്ന ഉൽപാദനം 2017-18-ൽ 8627 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ മഹാപ്രളയത്തിൽ ജില്ലയിലെ പകുതിയിലധികം മത്സ്യകൃഷിയിടങ്ങളിൽ നാശനഷ്ടം സംഭവിച്ചെങ്കിലും 7774 മെട്രിക് ടൺ ഉൽപാദനം കൈവരിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ വിളവെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി) ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 1875 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 21 തരം ഘടക പദ്ധതികളാണുള്ളത്. ഓരോ ഘടക പദ്ധതികളുടെയും മാനദണ്ഡങ്ങൾ വ്യത്യസ്തമാണ്. പൊതുവായ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്.

2. ഗുണഭോക്താക്കൾക്ക് സ്വന്തം ഉടമസ്ഥതയിലോ, നിയമാനുസൃത പാട്ടക്കരാർ പ്രകാരം അവകാശം സിദ്ധിച്ച നിലയിലോ, നിയമപ്രകാരമുള്ള മറ്റേതെങ്കിലും വിധത്തിൽ അനുമതി സിദ്ധിച്ച നിലയിലോ മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളുണ്ടായിരിക്കേണ്ടതാണ്.

3. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

4. അപേക്ഷകൾ ക്ഷണിച്ച വിവരം അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പായി നൽകുന്നതാണ്. അപേക്ഷകൾ

ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സ്വീകരിക്കുന്നതാണ്.

5. വ്യക്തികൾക്ക് മിനിമം രണ്ട് ഹെക്ടറും ഗ്രൂപ്പുകൾക്ക് പരമാവധി അഞ്ച് ഹെക്ടറും വരെ മത്സ്യകൃഷിയിൽ ഏർപ്പെടാവുന്നതാണ്.

6. ഒരു ഗുണഭോക്താവിന് ഒന്നിലധികം പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. ഒന്നിലധികം പേർക്ക് കൂട്ടായി അവകാശം സിദ്ധിച്ചിട്ടുള്ള ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് അവകാശികൾക്ക് കൂട്ടായോ എല്ലാ അവകാശികളും ചേർന്ന് ടി ആവശ്യത്തിലേയ്ക്ക് മാത്രമായി മുക്ത്യാർ മുഖേന നൽകിയ അനുമതിപത്രം ലഭിച്ച വ്യക്തിക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

8. ഓരോ അപേക്ഷയിലും സ്ഥലപരിശോധനയും സാങ്കേതിക പരിശോധനയും പ്രോജക്ട് കോ-ഓർഡിനേറ്റർ നടത്തുന്നതും അനുയോജ്യത ഉറപ്പുവരുത്തുന്നതുമാണ്.

9. കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണം മത്സ്യകൃഷിക്കായി സ്ഥലം തെരഞ്ഞെടുക്കേണ്ടത്.

**മത്സ്യകർഷകർക്ക് നൽകുന്ന സഹായങ്ങൾ**

313(2904) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്കായി ഫിഷറീസ് വകുപ്പ് ചെയ്തു നൽകുന്ന സഹായങ്ങൾ വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിലവിൽ എന്തെല്ലാം സഹായങ്ങൾ ഫിഷറീസ് വകുപ്പ് ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഫിഷറീസ് വകുപ്പിന്റെ കണക്ക് പ്രകാരം വയനാട് ജില്ലയിൽ നിലവിൽ ആകെ എത്ര മത്സ്യകർഷകരുണ്ട് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പുതിയതായി മത്സ്യകൃഷി ആരംഭിക്കുന്ന കർഷകർക്ക് മത്സ്യകൃഷി സംബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ

കൃഷിയിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും കൃഷി ചെയ്യുന്നതിനുമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക്, തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിൽ അക്വാകൾച്ചർ പ്രമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പുതിയതായി മത്സ്യകൃഷി ആരംഭിക്കാൻ താൽപര്യമുള്ളവരുടെ കൃഷിയിടം സന്ദർശിച്ച് അവരുടെ കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിന്റെയും മറ്റ് ഭൗതിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഏത് മത്സ്യകൃഷിയാണ് യോജിക്കുകയെന്നതിൽ ആവശ്യമായ നിർദ്ദേശം നൽകുന്നു. നിലവിലുള്ള പദ്ധതികളെപ്പറ്റി ബോധവത്കരണം നടത്തുകയും ആയത് പ്രകാരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ കർഷകന് പദ്ധതി തുകയുടെ 40% ഗ്രാന്റായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നു. അക്വാകൾച്ചർ പ്രമോട്ടർമാർ, പ്രോജക്ട് കോർഡിനേറ്റർമാർ, അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ, നോഡൽ ഓഫീസർ എന്നിവർ കൃഷിയിടം സന്ദർശിച്ച് കർഷകന് മത്സ്യകൃഷി സംബന്ധിച്ച എല്ലാ അറിവുകളും പകർന്ന് നൽകുകയും ചെയ്യുന്നു.

(ബി) വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് നിരവധി ക്ലാസുകൾ, ട്രെയിനിംഗുകൾ എന്നിവ നൽകിവരുന്നുണ്ട്. പഞ്ചായത്ത് തലത്തിലുള്ള പ്രമോട്ടർമാർ മുതൽ ജനകീയ മത്സ്യകൃഷി നോഡൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ മത്സ്യകൃഷിയിടങ്ങൾ പതിവായി സന്ദർശിക്കുകയും കർഷകർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ കൃഷി രീതിയിലുള്ള കർഷകരെ ഉൾപ്പെടുത്തി വാട്സ്അപ് ഗ്രൂപ്പുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകിവരുന്നുണ്ട്. വയനാട് ജില്ലയിൽ മത്സ്യകർഷകരുടെ കൃഷിയിടത്തിന്റെ അളവും മറ്റ് ഭൗതീക സാഹചര്യങ്ങളുമനുസരിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുന്ന കർഷകർക്ക് പദ്ധതി അടങ്കലിന്റെ 40% തുക ഗ്രാന്റായി കർഷകർക്ക് നൽകുന്നുണ്ട്. കൃഷി കാലയളവിൽ കർഷകർക്കുവേണ്ട എല്ലാ ഉപദേശങ്ങളുമായി ഫിഷറീസ് വകുപ്പ് നിലകൊള്ളുന്നുണ്ട്. കൂടാതെ മത്സ്യകർഷകരുടെ കൃഷിയിടം രജിസ്റ്റർ ചെയ്യുന്നതിനും കൃഷിക്കുള്ള ലൈസൻസ് നൽകുന്നതിനും ഫിഷറീസ് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 5 യൂണിറ്റ് കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, ഒരു യൂണിറ്റ് പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2017-18 മുതൽ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 2017-18 വർഷത്തിൽ 29.38 ഹെക്ടറിൽ മോഡൽ ഫിഷ് ഫാം, 155 ഹെക്ടറിൽ ചെറിയ കുളങ്ങളിലെ

മത്സ്യകൃഷി, 50 ഹെക്ടറിൽ വലിയ കുളങ്ങളിലെ മത്സ്യകൃഷി നടപ്പിലാക്കി. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി ഏഴ് ഘടക പദ്ധതികൾ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി. ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി 25 ഹെക്ടർ, 1 ഹെക്ടർ പംഗേഷ്യസ് കൃഷി, 1 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 10 യൂണിറ്റ് പടുതാകുളങ്ങളിലെ കരിമീൻ കൃഷി, 1 ഹെക്ടർ കാർപ്പ് റിയറിംഗ് യൂണിറ്റ്, 0.3 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി, 1 യൂണിറ്റ് ലൈവ് ഫിഷ് മാർക്കറ്റ് എന്നിവ ഉൾപ്പെടുന്നു. 2019-20 വർഷത്തിൽ ജില്ലയിൽ 4.38 ഹെക്ടർ സ്ഥലത്ത് പംഗേഷ്യസ് കൃഷി, 1.3 ഹെക്ടർ സ്ഥലത്ത് ഗിഫ്റ്റ് തിലാപ്പിയ കൃഷി, 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 1.4 ഹെക്ടറിൽ സ്റ്റൻഡഡ് കാർപ്പ് കൃഷി, 2.86 ഹെക്ടറിൽ ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി, 16 യൂണിറ്റ് ശുദ്ധജല കൂട് കൃഷി, 55 ഹെക്ടറിൽ വിശാല മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂറവല്യൂഷൻ പദ്ധതിയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3.1 ഹെക്ടറിൽ കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, 3 ഹെക്ടറിൽ പംഗേഷ്യസ് കൃഷി വിജയകരമായി നടപ്പിലാക്കി. 2018-19 വർഷത്തിൽ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ 2018-19 വർഷത്തെ പ്രളയത്തിൽ കൃഷി നശിച്ചുപോയ കർഷകർക്ക് താങ്ങായി മത്സ്യകൃഷി പുനഃസ്ഥാപന പാക്കേജ് നടപ്പിലാക്കി. ഇതിൽ 53.5 ഹെക്ടർ കാർപ്പ് മത്സ്യകൃഷിയും 0.3 ഹെക്ടർ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി യൂണിറ്റും ഉൾപ്പെട്ടിട്ടുണ്ട്.

(സി) 4510.

**വിഴിഞ്ഞം പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

314(2905) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുരനധിവസിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അവർക്കായി സ്ഥലവും വീടും നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അവർക്ക് ജീവനോപാധി കണ്ടെത്തുന്നതിനായി മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 475 കോടി രൂപയുടെ ഒരു പുനരധിവാസ പാക്കേജ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ അംഗീകരിച്ചെങ്കിലും അത് നടപ്പാക്കാൻ തുകയൊന്നും വകയിരുത്തിയിരുന്നില്ല. പാക്കേജ് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചുമില്ല. എന്നാൽ, വിഴിഞ്ഞം പദ്ധതി പ്രദേശമുൾപ്പെടെ തിരുവനന്തപുരത്തിന്റെ തീരപ്രദേശത്തുനിന്നും 3339 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. അതിന് 333.9 കോടി രൂപ വിനിയോഗിക്കുന്നതാണ്. മറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ 200 എണ്ണം Monolithic Triagular shaped R.C.C. reef modules-ഉം പൂവാർ മത്സ്യഗ്രാമത്തിൽ 200 എണ്ണം Monolithic ferro cement triangular reef modules ഉൾപ്പെടെ 375.63 ലക്ഷം രൂപ ചെലവിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ

315(2906) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മുഖേന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡ് പ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രസ്തുത മാർക്കറ്റുകളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

**കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യഭവൻ**

316(2907) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി അനുവദിച്ച മത്സ്യ ഭവന്റെ (ഉൾനാടൻ) നിലവിലെ സ്ഥിതി വിശദമാക്കാമോ; മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; എന്നു മുതൽ ഓഫീസ് പ്രവർത്തനം ആരംഭിയ്ക്കാനാകുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കാട്ടാക്കട കേന്ദ്രമായി അനുവദിച്ച ഉൾനാടൻ മത്സ്യഭവനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽനിന്നും ഏകോപിപ്പിച്ചുവരുന്നു. കാട്ടാക്കട കേന്ദ്രമായി ഫിഷറീസ് വകുപ്പിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും അനുയോജ്യമായ കെട്ടിടം വാടകയ്ക്ക് കണ്ടെത്താൻ കഴിയാത്തതും മത്സ്യഭവൻ പ്രവർത്തനത്തിനുവേണ്ടി പുതുതായി സൃഷ്ടിച്ച ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഉടൻ നിയമനം നടത്താൻ കഴിയാത്തതുമാണ് മത്സ്യഭവൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം. താമസംവിനാ മത്സ്യഭവന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുതിയങ്ങാടി മത്സ്യബന്ധന കേന്ദ്രത്തിൽ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി

317(2908) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലോരമേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ്പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കടലോര മേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ അനിവാര്യമാണ്. പുതിയ ഐസ് പ്ലാന്റും കോൾഡ് സ്റ്റോറേജും നിർമ്മിക്കുന്നതിന് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയത് വിശദമായി പരിശോധിച്ചുവരുന്നു. ടി പദ്ധതി സാമ്പത്തിക ക്ഷമത പരിശോധിക്കാൻ മത്സ്യഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം

318(2909) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ;

(ബി) തീരദേശ വികസന ഏജൻസിയുടെ ചുമതലയിൽ നിർമ്മാണം പൂർത്തീകരിച്ച പണ്ടാരതുരുത്ത് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഭരണാനുമതി തുകയിൽ ബാക്കി തുക പ്രസ്തുത സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി 2015-16-ൽ ഉൾപ്പെടുത്തി 151.00 ലക്ഷം രൂപ അടങ്കൽ തുകയിൽ പണ്ടാരതുരുത്ത് ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പൂർത്തീകരിച്ചു. 2015-16 വർഷം ഭരണാനുമതി നൽകിയ പദ്ധതി ആയതിനാലും ബാക്കിയുള്ള തുക അപര്യാപ്തമായതിനാലും തുടർപ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുന്നതല്ല.

## പൂന്തുറയിലും പൂവാറിലും മത്സ്യബന്ധന തുറമുഖം

319(2910) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂന്തുറയിലും പൂവാറിലും മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ഹൈഡ്രോഗ്രാഫിക് സർവേ നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

<u>ഉത്തരം</u>

(എ&ബി) പൂന്തുറയിലും പൂവാറിലും നിലവിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നില്ല. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബീച്ച് ലാന്റിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പൂന്തുറയിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 17.80 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്തെ ഫിഷിംഗ് ഹാർബർ നിർമ്മാണം

320(2911) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവത്തനങ്ങൾ നടത്തുന്നതിന് 67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കോട്ടിക്കുളത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ പൂർത്തീകരിച്ച് ടോപ്പോഷീറ്റും പുലിമുട്ടുകളുടെ ലേ ഔട്ടും തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാതൃകാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ

321(2912) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 റോഡ് പ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു റോഡുപ്രവൃത്തിയുടെ ഭരണാനുമതി (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

322(2913) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതുമുതൽ 2020 മാർച്ച് ഒന്ന് വരെ വള്ളിക്കുന്ന് മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കിയ തീരദേശ റോഡുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 മാർച്ച് വരെ മലപ്പുറം ജില്ലയിലെ വിവിധ നിയമസഭാമണ്ഡലങ്ങളിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതുമുതൽ 2020 മാർച്ച് ഒന്ന് വരെ വള്ളിക്കുന്ന് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി നടപ്പിലാക്കിയ തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 1428.38 ലക്ഷം രൂപയുടെ 29 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുകയും 1078.50 ലക്ഷം രൂപയുടെ 25 റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ബാക്കി 13 റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 മാർച്ച് വരെ മലപ്പുറം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.*

**കശുമാവ് കൃഷി വികസന ഏജൻസിയുടെ പദ്ധതികൾ**

323(2914) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വികസന ഏജൻസി നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) രണ്ട് ഹെക്ടറിൽ കൂടുതൽ കശുമാവ് കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് എന്ത് ധനസഹായമാണ് നൽകുന്നത് എന്നറിയിക്കാമോ;

(ഡി) സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ കശുമാവ് കൃഷിയും തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കശുമാവ് കൃഷി വികസന ഏജൻസി പ്രവർത്തിക്കുന്നത്. കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികൾ (കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, മാതൃക കശുമാവിൻ തോട്ടം) ഏജൻസി മുഖാന്തരം നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതുകൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം പരിപാലനത്തിനായി തൈ ഒന്നിന് 60 രൂപ, നിബന്ധനകൾക്കുവിധേയമായി ധനസഹായവും നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ചുവളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ് - സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതിപ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. കശുമാവ് കൃഷിക്ക് സംസ്ഥാനം നേരിടുന്ന സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

ഇതിനുപുറമെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.എ.സി.സി. നടപ്പാക്കിവരുന്ന പദ്ധതികൾ പ്രകാരം ഇതിനകം 7928955 തൈകൾ 39418 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

(സി) 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

(ഡി) സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ, ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ ഇനം തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് കെ.എസ്.സി.ഡി.സി. ഫാക്ടറി വളപ്പിലും നെട്ടുകാൽത്തേരി തുറന്ന ജയിലിലും തുടക്കമിട്ടിട്ടുണ്ട്.

## കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം

324(2915) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അടഞ്ഞുകിടന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര സ്വകാര്യ ഫാക്ടറികൾ പുനരുദ്ധരിക്കുവാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ഡി) സ്വകാര്യ വ്യവസായികൾക്ക് കാഷ്യൂ ബോർഡ് മുഖാന്തരം സംഭരിക്കുന്ന തോട്ടണ്ടി വിതരണം ചെയ്യുന്നുണ്ടോ; 2019-ൽ എത്ര മെട്രിക് ടൺ തോട്ടണ്ടി അവർക്ക് നൽകി എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയുമാണ്. പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചുകൊണ്ട് 6-7-2019-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(സാധാ)നം.643/2019/വ്യവ. നമ്പർ ഉത്തരവ് അനുബന്ധം-I ആയി ഉള്ളടക്കം ചെയ്യുന്നു.* പാക്കേജിൽപ്പെട്ട 57 ഫാക്ടറികൾക്ക് ബാങ്കുകൾ 31.20 കോടിയിലധികം രൂപ ഇതുവരെ അധിക വായ്പ നൽകിയിട്ടുണ്ട്. ബാക്കിയുള്ള വ്യവസായികൾക്ക് വായ്പ നൽകുന്ന നടപടി വിവിധ ഘട്ടങ്ങളിലാണ്. വിവിധ ബാങ്കുകൾ വ്യവസായികൾക്ക് നൽകിയ വായ്പയിന്മേൽ സർക്കാർ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 2020 ഫെബ്രുവരി മാസത്തിലെ കണക്കുപ്രകാരം കേരളത്തിൽ 511 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 2-3-2020-ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധിക വായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരു വർഷം സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്. കേരള കാഷ്യൂ ബോർഡ് വഴി സംഭരിച്ച 20,000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എസ്ക്രോ അക്കൗണ്ട് ആരംഭിക്കുന്ന മുറയ്ക്ക് കേരള കാഷ്യൂ ബോർഡ് സ്വകാര്യ വ്യവസായികൾക്ക് തോട്ടണ്ടി നേരിട്ട് നൽകാൻ സജ്ജമാണ്. സ്വകാര്യ വ്യവസായികൾ ആവശ്യപ്പെട്ടതിനാൽ 2019-ൽ കാഷ്യൂ ബോർഡ് അവർക്ക് തോട്ടണ്ടി വിതരണം ചെയ്തിട്ടില്ല.

**അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ**

325(2916) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ-പൊതു മേഖലകളിലായി എത്ര കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ ഫെബ്രുവരി മാസത്തെ കണക്ക് പ്രകാരം 511 കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. 367 കശുവണ്ടി ഫാക്ടറികൾ ഇനിയും തുറന്നുപ്രവർത്തിപ്പിക്കേണ്ടതുണ്ട്.

(ബി) സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 50 വ്യവസായങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങൾ ഇതിനകം 31.20 കോടി രൂപ അധിക വായ്പ നൽകിയിട്ടുണ്ട്. പാക്കേജ് പ്രകാരം പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു.

പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2-3-2020-ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു. കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധിക വായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരു വർഷം സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്. കേരള കാഷ്യൂ ബോർഡ് വഴി സംഭരിച്ച 20,000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്ത് കശുവണ്ടി കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തീരുമാനിച്ചിരിക്കുകയാണ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽനിന്നും ഇത്തരത്തിൽ തോട്ടണ്ടി ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും സഹകരണ ബാങ്കിൽനിന്നും കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ ഫാമുകളിൽനിന്നുള്ള തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ശേഖരിക്കുന്നതിനുള്ള നടപടി ഈ വർഷവും തുടരുന്നതാണ്.

(സി) അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണത്തിന് 2000 രൂപയും 10 കിലോ അരിയും വിഷുവിന് 2000 രൂപയും നൽകിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2743, 2780, 2800, 2821 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10 a.m.]

## II. ചരമോപചാരം

### എച്ച്. ആർ. ഭരദ്വാജ്, ടി. നാണുമാസ്റ്റർ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ കേരള ഗവർണറും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എച്ച്. ആർ. ഭരദ്വാജ് 2020 മാർച്ച് 8-ന് അന്തരിച്ചു. ഹരിയാനയിലെ റോത്തക്കിൽ 1937 മേയ് 17-നാണ് അദ്ദേഹം ജനിച്ചത്. കർണാടക ഗവർണറായിരിക്കെ 2012 ജനുവരി 26 മുതൽ 2013 മാർച്ച് 23 വരെയും 2014 മാർച്ച് 8 മുതൽ 2014 മാർച്ച് 11 വരെയുമാണ് അദ്ദേഹം കേരള ഗവർണറുടെ അധികചുമതല വഹിച്ചിരുന്നത്. കേരള നിയമസഭയിൽ നയപ്രഖ്യാപനം നടത്തിയ ആദ്യത്തെ അധിക ചുമതലയുള്ള ഗവർണറാണ് എച്ച്.ആർ.ഭരദ്വാജ്.

1982-മുതൽ അഞ്ചുതവണ രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. രാജീവ് ഗാന്ധിയുടെയും പി.വി. നരസിംഹറാവുവിന്റെയും സർക്കാരുകളിൽ നിയമ സഹമന്ത്രിയും ഒന്നാം യു.പി.എ. ഗവൺമെന്റിൽ നിയമ മന്ത്രിയുമായിരുന്നു. ആ അവസരത്തിൽ അദ്ദേഹം മുന്നോട്ടുവച്ച ഗ്രാമീണ ന്യായാലയ് എന്ന ആശയം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. സ്വതന്ത്ര ചുമതലയോടെ ആസൂത്രണവും പദ്ധതി നിർവ്വഹണവും വകുപ്പിന്റെ സഹമന്ത്രിയായും അദ്ദേഹം ചുമതല വഹിച്ചിട്ടുണ്ട്.

മികച്ച പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഗവർണർ എന്നീ നിലകളിൽ ശോഭിച്ച ഉന്നതനായ നേതാവിന്റെ വിയോഗം നമുക്ക് കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

### ടി. നാണു മാസ്റ്റർ

മുൻ എം.എൽ.എ. ടി. നാണു മാസ്റ്റർ 6-3-2020-ന് അന്തരിച്ചു. വി. തേവൻ - കുഞ്ഞിലി ദമ്പതികളുടെ മകനായി 1942 ഫെബ്രുവരി 2-ന് ജനിച്ച ടി. നാണു മാസ്റ്റർ ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപനവൃത്തി രാജിവച്ച ശേഷമാണ് 1987-ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. ആർ.എസ്.പി. കേന്ദ്ര കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം 1987, 1991, 1996 എന്നീ വർഷങ്ങളിലെ പൊതുതെരഞ്ഞെടുപ്പുകളിൽ കുന്നത്തൂർ മണ്ഡലത്തിൽ നിന്നും തുടർച്ചയായി 8, 9, 10 നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ആർ.എസ്.പി.-യിൽ നിന്നും മാറി കോൺഗ്രസിലെത്തി. കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം, ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു.

കുന്നത്തൂർ മണ്ഡലത്തിലെ സമഗ്ര വികസനത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ പരിശ്രമശാലിയായ നേതാവായിരുന്നു ടി. നാണു മാസ്റ്റർ. കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിയമസഭയ്ക്കകത്തും പുറത്തും അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു.

ടി. നാണു മാസ്റ്ററുടെ നിര്യാണത്തോടെ സാധാരണക്കാരിൽ ഒരാളായി ജീവിച്ച ഒരു മികച്ച രാഷ്ട്രീയ പ്രവർത്തകനെയും ഒരു മാതൃകാ സാമൂഹ്യ പ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III അടിയന്തരപ്രമേയം

### കോവിഡ് 19 -നെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: കോവിഡ് 19 വ്യാപകമാകുന്നതായ വാർത്തകളും സാമൂഹ്യ മാധ്യമങ്ങളിലെ അതിരുകവിഞ്ഞ പ്രചാരണവും നിയന്ത്രണങ്ങളുംമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ലഘൂകരിക്കാനും വിദേശ മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കപ്പെടുന്നതിനും രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുണ്ടായിട്ടുള്ള ഭീഷണികളെ ചെറുക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ.സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി, ഈ വിഷയം സംബന്ധിച്ച് ചർച്ചയാവാമെന്ന് ഗവൺമെന്റ് അറിയിച്ചിരിക്കുന്നത് ശരിയല്ലേ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശരിയാണ്, ചർച്ചയാകാം.

മി. സ്പീക്കർ: ഈ വിഷയം ഇപ്പോൾത്തന്നെ ചർച്ചയ്ക്കെടുക്കുകയാണ്. ചട്ടപ്രകാരം രണ്ട് മണിക്കൂറിൽ കുറയാത്ത സമയമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും വെള്ളിയാഴ്ച എന്നതുപരിഗണിച്ച് ഒന്നരമണിക്കൂറായി ചർച്ച നിയന്ത്രിക്കാൻ തീരുമാനിക്കുന്നു.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

ഡോ. എം. കെ. മുനീർ: സർ, കോവിഡ് 19 വ്യാപകമാകുന്നതായ വാർത്തകളും സാമൂഹ്യ മാധ്യമങ്ങളിലെ പ്രചാരണവും നിയന്ത്രണങ്ങളുംമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഡോ. എം. കെ. മുനീർ: സർ, WHO (World Health Organisation) കോവിഡ്-19 എങ്ങനെ നേരിടാമെന്നുള്ളതിനെക്കുറിച്ച് അഞ്ച് 'P' ആണ് പറയുന്നത്. (1) Preparedness (2) Prevention (3) Public Health (4) Political Leadership & (5) People. ഈ അഞ്ചും ഒരുമിച്ചുവന്നാൽ മാത്രമേ കോവിഡ് 19-നെ നമുക്ക് നേരിടാൻ സാധിക്കൂ. ഇതിൽ നാലാമതായി വരുന്ന Political Leadership-ന്റെ ജോലിയാണ് പ്രതിപക്ഷം ഇവിടെ നിർവ്വഹിച്ചത്. അതിനുപുറമെ ജനങ്ങളും കൂടിയാൽ മാത്രമേ കോവിഡ് 19-നെ നേരിടാൻ സാധിക്കൂ. അല്ലാതെ ആരോഗ്യവകുപ്പിനോ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കോ മാത്രം നിർവ്വഹിക്കാൻ പറ്റുന്നൊരു കാര്യമല്ല. സവിനയം അതുപറയുമ്പോൾ ഞങ്ങളെ ദോഷൈകദൃക്കെന്നും ചീപ്പ് എന്നും പറയുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഞാനിതിപ്പോൾ പറഞ്ഞാൽ തന്നെ നാളെ സൈബർ പോരാളികൾ എനിക്കെതിരെ വരും. ഈ സമയത്ത് പറയേണ്ടിയിരുന്നോ എന്ന് ചോദിച്ച് ഞങ്ങളുടെ തന്നെ അനുയായികൾ ഞങ്ങൾക്കെതിരാകും. മാധ്യമങ്ങൾ പറയും; 'ഇയാളെന്തിനാണ് ആവശ്യത്തിനും അനാവശ്യത്തിനും സംസാരിക്കുന്നത് '. പക്ഷേ, അവസാനം ഇതൊക്കെ കഴിഞ്ഞ് ഒറ്റപ്പെട്ടാലും എന്റെ മനഃസാക്ഷിയോട് നീതിപുലർത്തിയെന്ന് പറയുന്നതിനുവേണ്ടി എനിക്ക് പറയേണ്ടത് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഒറ്റപ്പെട്ട് വീട്ടിലിരിക്കേണ്ടി വന്നാലും എന്നിൽ നിക്ഷിപ്തമായ ദൗത്യം നിർവ്വഹിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് സാദരം മനസ്സിലാക്കണം. ആരെയും എതിർക്കാനോ, ആരോടും പരിഭവം പറയാനോ അല്ല. ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കപ്പെടേണ്ടത് ഇവിടെയാണ്. ടീച്ചറും കുട്ടികളുമല്ല, ബഹുമാനപ്പെട്ട മന്ത്രിമാരും ജനപ്രതിനിധികളുമാണ് ഇവിടെ ഇരിക്കുന്നത്. അതുകൊണ്ട് ഒരിക്കലും വിഷമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. എന്തെങ്കിലും വിഷമം തോന്നുന്നുണ്ടെങ്കിൽ ക്ഷമിക്കണമെന്ന് ഞാൻ ആദ്യമേ പറയുന്നു.

'ഇൻഫൊഡെമെക്സ്' എന്ന പ്രയോഗമാണ് WHO പറഞ്ഞിരിക്കുന്നത്. അതായത് ഈ രോഗത്തേക്കാൾ മാരകമായത് സോഷ്യൽ മീഡിയയിൽ കൂടി നടക്കുന്ന എപ്പിഡമിക്/പാന്റമിക് ആണ്. എപ്പിഡമിക് ഇപ്പോൾ പാന്റമിക് ആയി. ലോകത്തിൽ കുറേയധികം രാഷ്ട്രങ്ങളിൽ വരുമ്പോഴാണ് പാന്റമിക് ആയി

പ്രഖ്യാപിക്കുക. Corona virus (CoV)-നെ പാന്റമിക് ആയി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പ്രഖ്യാപിച്ചു കഴിഞ്ഞു. സോഷ്യൽ മീഡിയയിലൂടെ വരുന്ന mis information-നെയാണ് ഇൻഫൊഡെമെക്സ് എന്നുപറയുന്നത്. എങ്കിൽ അത് ആര് ചെയ്താലും ഗവൺമെന്റിന്റെയോ, ബഹുമാനപ്പെട്ട മന്ത്രിയുടെയോ ഭാഗത്തുനിന്നാണ് മിസ് ഇൻഫർമേഷൻ വന്നതെങ്കിൽ അത് ഇൻഫൊഡെമക്സിൽ പ്പെട്ടുമെന്നുള്ളത് സവിനയം അറിയിക്കുകയാണ്. ഈ രോഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ ലോകം മുഴുവൻ പടർന്നിരിക്കുന്നു. ചൈനയിലെ വുഹാൻ സിറ്റിയിലാണ് ഈ രോഗം ആരംഭിച്ചത്. കാലിഫോർണിയായിൽ നടന്നിട്ടുള്ള പഠനത്തിൽ പറയുന്നത് ഇതും വാവലിലൂടെയാണ് വരുന്നതെന്നാണ്. കാരണം ഏതൊരു വൈറസിനെയും വഹിച്ചുകൊണ്ട് സഞ്ചരിക്കാൻ സാധിക്കുന്നൊരു ജീവിയാണ് വവ്വാൽ എന്നുപറയുന്നത്. അതൊരു carrier ആണ്; അതൊരിക്കലും മരിക്കുന്നില്ല. ചൈനയിൽ വന്നിട്ടുള്ളത് ഒരു മൃഗത്തിൽ നിന്നായിരിക്കും. പക്ഷേ മനുഷ്യരിലേയ്ക്ക് ഇത് വന്നാൽ മനുഷ്യരിൽനിന്നും മനുഷ്യരിലേയ്ക്ക് ഇത് പെട്ടെന്ന് പടരും. ഡ്രോപ്ലെക്സിലൂടെയും സ്പർശനത്തിലൂടെയുമാണ് ഈ വൈറസ് കൂടുതലായി പകരുന്നത്. വായുവിലൂടെയല്ല പകരുന്നത് എന്നുള്ളതുകൊണ്ട് നമുക്ക് സമാശ്വസിക്കാം. അതുകൊണ്ടാണ് ഞാൻ പറയുന്നത്; നമുക്ക് മുകളിൽ ഒരു ശക്തിയുണ്ട്. ഇത് വായുവിലൂടെ പകരുന്നതാണെങ്കിൽ മനുഷ്യകുലം തന്നെ ചത്തൊടുങ്ങുന്ന അവസ്ഥയിലേയ്ക്ക് ഈ മാരകരോഗം മാറാമായിരുന്നു. പക്ഷേ ഇപ്പോൾ നമ്മുടെ വരുതിയിൽ നിർത്താൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങുകയാണ്.

ലോകത്ത് ചൈന, കൊറിയ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ കോവിഡ് 19 വ്യാപകമാണ്. കോവിഡിന്റെ കാര്യത്തിൽ ഇന്ത്യ കുറെ താഴെത്തട്ടിലാണ് നിൽക്കുന്നത്. അതിനു കാരണം ഇന്ത്യയ്ക്ക് സ്വന്തമായ ഇമ്മ്യൂൺ സിസ്റ്റമുള്ള ജനതയുണ്ട് എന്നുള്ളതാണ്. ഇന്ത്യാക്കാർ പൊല്യൂഷന്റെയും മാലിന്യത്തിന്റെയും ഇടയിൽ ജീവിക്കുന്നതുകൊണ്ട് നമുക്ക് സ്വന്തമായ ഇമ്മ്യൂൺ സിസ്റ്റമുണ്ട്. അതുകൊണ്ടാണ് ഇന്ത്യയിൽ പലപ്പോഴും മരണനിരക്ക് കുറയുന്നത്. ഇന്ത്യയിൽ SARS (Severe Acute Respiratory Syndrome), MERS (Middle East Respiratory Syndrome) രോഗങ്ങൾ വന്നു. അതിലും കുറേ മരണങ്ങളുണ്ടായി. എന്തുകൊണ്ടാണ് അതൊന്നും നമ്മൾ അറിയാതിരുന്നത്? അന്ന് സോഷ്യൽ മീഡിയ അത്ര സജീവമല്ലായിരുന്നു. ഇപ്പോൾ സോഷ്യൽ മീഡിയ സജീവമായതുകൊണ്ടാണ് നമ്മൾ കൂടുതൽ ജാഗ്രതയോടുകൂടി നിൽക്കുന്നത്. അത് നല്ലതാണ്. ജാഗ്രതയോടുകൂടി നിൽക്കുന്നത് ഇന്ത്യയുടെ ഒരു സവിശേഷതയാണ്, പ്രത്യേകിച്ചും കേരളീയർ. സാക്ഷരരായ ജനങ്ങളോട് ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും രാഷ്ട്രീയനേതൃത്വവും പറഞ്ഞാൽ അവരത് കേൾക്കും.

ഇതൊന്നും പറഞ്ഞിട്ടില്ലെങ്കിലും സ്വന്തമായി മുൻകരുതലെടുക്കാൻ കഴിവുള്ള വരാണ് കേരളത്തിലെ ജനങ്ങൾ എന്നുള്ളതുകൊണ്ടാണ് കുറെയൊക്കെ നമുക്ക് റിപ്പോർട്ടിംഗ് സിസ്റ്റമുണ്ടാകുന്നത്. മാത്രമല്ല, കുറെ നാളുകളായി നടത്തി ക്കൊണ്ടിരിക്കുന്ന surveillance-ന്റെ ഭാഗമായും ജാഗ്രതയുണ്ടാകുന്നുണ്ട്. പക്ഷേ കേരളം സൂക്ഷിക്കേണ്ട കുറച്ച് കാര്യങ്ങളുണ്ട്. അഞ്ച് കാര്യങ്ങളിൽ ഇത് അപകടത്തിലേയ്ക്ക് പോകുന്നു. പ്രായമായവർക്കും ക്യാൻസർ, ഡയബറ്റിസ്, റസ്പിറേറ്ററി, ഹൃദ്രോഗം പോലുള്ള രോഗങ്ങളുള്ളവർക്കും ഇതിന്റെ റിസ്ക് കൂടുതലാണ്. കേരളത്തിൽ റിസ്ക് കൂടുതലാണെന്ന് പറയാൻ കാരണം, മൂന്ന് കാര്യങ്ങളിൽ നമ്മൾ മുന്നിലാണ്. ഏറ്റവും കൂടുതൽ പ്രായമായവരുള്ള സംസ്ഥാനം കേരളമാണ്; ഏറ്റവും കൂടുതൽ ഡയബറ്റീസ് ബാധിതരുള്ള സംസ്ഥാനവും കേരളമാണ്; ഏറ്റവും കൂടുതൽ ക്യാൻസർ രോഗങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നതും കേരളത്തിലാണ് എന്നുള്ളതുകൊണ്ട് നമ്മൾ ജാഗ്രത പാലിക്കുന്നത് നല്ലതാണ്. എന്നാൽ അത് ജനങ്ങൾക്കിടയിൽ ഭീതി പടർത്തുന്ന രീതിയിലാകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാസ്ക് ധരിക്കുന്നതിനെപ്പറ്റി രണ്ട് അഭിപ്രായങ്ങൾ പറയുന്നുണ്ട്. സത്യത്തിൽ രോഗമുള്ളവരും അവരെ പരിപാലിക്കുന്നവരുമാണ് പ്രധാനമായും മാസ്ക് ധരിക്കേണ്ടത്. മറ്റുള്ളവർ വെറുതെ ധരിക്കുന്നുണ്ടെങ്കിൽ ആ മാസ്ക് വേസ്റ്റാണെന്നാണ് WHO പറയുന്നത്. ഇടയ്ക്കിടയ്ക്ക് ഭക്ഷണം കഴിക്കുന്നതിന് ഇത് താഴ്ത്തുമ്പോൾ നമ്മുടെ കൈ മൂക്കിലും വായിലേയ്ക്കും നിരന്തരം പോകുന്ന സാഹചര്യം വരുന്നതിനാൽ മാസ്ക് ധരിച്ച് നടക്കേണ്ട ആവശ്യമില്ല. ഏറ്റവും നല്ലത് ഹാന്റ് വാഷാണ്. 20 സെക്കന്റോളം സാനിറ്റൈസർ ഉപയോഗിച്ചോ, ഇടയ്ക്കിടയ്ക്ക് സോപ്പും വെള്ളവും ഉപയോഗിച്ചോ കൈ കഴുകുന്നത് നല്ലതാണ്. ജനങ്ങൾക്ക് ഇപ്പോൾ ഇതിനെക്കുറിച്ച് ധാരണയുണ്ട്. കാരണം, ഹാന്റ് വാഷ് ചലഞ്ചെന്ന് പറഞ്ഞ് പ്രിയപ്പെട്ട പ്രതിപക്ഷനേതാവും കൈ കഴുകുന്നതിന് ചലഞ്ച് ചെയ്തിരിക്കുകയാണ്. അതിനർത്ഥം, അദ്ദേഹം ഒരിക്കലും മാധ്യത്തിന്റെ പ്രവർത്തനങ്ങൾക്കെതിരല്ല; അതിൽ കൂടെ നിൽക്കുന്നതിനു വേണ്ടിയാണ്. പക്ഷേ ചില കാര്യങ്ങൾ ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെ സംസാരിക്കാൻ പാടില്ല, മറ്റുള്ളവർ അങ്ങനെ പറയാൻ പാടില്ല എന്നൊന്നും ബഹുമാനപ്പെട്ട മന്ത്രി പറയരുത്. ഉറക്കമൊഴിച്ചതുകൊണ്ടാണ് അങ്ങനെ വൈകാരികമായി പറഞ്ഞതെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി അവസാനം പറഞ്ഞത്. നന്നായി ഉറങ്ങണം. ഒരിക്കലും ശ്രീമതി കെ. കെ.ശൈലജ ടീച്ചർ വൈകാരികമായി എടുക്കരുത്. ഈ ട്രഷറി ബഞ്ചിലുള്ള എല്ലാവരും കുറച്ചുകൂടി പക്വമായി നിൽക്കണം..... (ബഹളം).... മര്യാദയ്ക്ക് സംസാരിച്ചാലും ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിൽ,...... .....

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ഡോ. എം. കെ. മുനീർ: സർ, മൂന്ന് സംശയങ്ങൾ ഞാൻ ചോദിക്കുകയാണ്. ......(ബഹളം)........എന്താണ് ഇങ്ങനെയൊരു അസഹിഷ്ണുത കാണിക്കുന്നത്?

മി. സ്പീക്കർ: അങ്ങേയ്ക്ക് ഒരു മിനിട്ടുകൂടിയേയുള്ളൂ.

ഡോ. എം. കെ. മുനീർ: സർ, ഈ വിഷയം അവതരിപ്പിക്കുന്ന ഒരാളെന്ന നിലയ്ക്ക് എനിക്ക് കുറച്ചുകാര്യങ്ങൾകൂടി പറയാൻ സമയം അനുവദിക്കണം. ................(ബഹളം).......

മി. സ്പീക്കർ: മുസ്ലീം ലീഗിന്റെ സമയം കൊടുത്തോട്ടെ എന്നാണ് അവർ ചോദിക്കുന്നത്. അത് കൊടുത്തോട്ടെ......(ബഹളം)..... അദ്ദേഹം മാന്യമായി സംസാരിക്കുമ്പോൾ നിങ്ങൾ എന്തിനാണ് തടസ്സപ്പെടുത്തുന്നത്.

ഡോ. എം. കെ. മുനീർ: സർ, രണ്ടുമൂന്നു വിഷയത്തിൽ പാളിച്ച വന്നിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പരിശോധിക്കണം. ഒന്ന്, എയർപോർട്ടിൽ വന്ന ആദ്യ ഇറ്റലി ടീമിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 'സെൻട്രൽ ഗവൺമെന്റിന്റെ ഇൻഫർമേഷൻ വന്നത് മാർച്ച് ഒന്നാം തീയതിക്ക് ശേഷമാണ്; അതുകൊണ്ട് ഇറ്റലിയിൽനിന്ന് വന്നവരെ പ്രത്യേകിച്ച് നോക്കാൻ പറ്റിയില്ല; ഇവർ വന്നത് 29-നാണ് 'എന്നാണ്. പക്ഷേ, 26-2-2020-ൽ തന്നെ സെൻട്രൽ ഗവൺമെന്റിന്റെ Consolidated travel advisory in view of COVID-19-ൽ പറയുന്നുണ്ട്, 'People coming from Republic of Korea, Iran and Italy or those having history of travel to these countries may be quarantined for 14 days on arrival of India'. 26-ാം തീയതി ഇൻഫർമേഷൻ കിട്ടിയിട്ട് എന്തിനാണ് മാഡം അത് 1-ാം തീയതിയേ കിട്ടിയുള്ളൂവെന്ന് പറഞ്ഞത് എന്നൊരു സംശയം സ്വാഭാവികമായും ഞങ്ങൾക്കുണ്ട്. അത് നമ്മൾ ശ്രദ്ധിക്കാതെ, അവർ സൂത്രത്തിൽ ചാടിപ്പോയതാണെന്ന് മാഡം ഒരിക്കലും പറയരുത്. ഇപ്പോൾ WHO പറയുന്ന ഒരു കാര്യമുണ്ട്. കൊറോണ വൈറസിനോടനുബന്ധിച്ച് ഉണ്ടാകാൻ സാധ്യതയുള്ള രണ്ട് സോഷ്യൽ ഇഷ്യൂസ്, Xenophobia-യും Racism-ഉം ആണ്. Xenophobia എന്നു പറഞ്ഞാൽ എല്ലാവരെയും വെറുക്കുകയും അവരാണ് കുഴപ്പമുണ്ടാക്കുന്നത് എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു സംഭവം ഇതിലുണ്ടാകും. ഇറ്റലിയിൽ നിന്നുവന്ന നമ്മുടെതന്നെ നാട്ടുകാരെ സൂത്രക്കാരാണെന്ന് പറഞ്ഞ് നമ്മൾ അവർക്കുനേരെ Xenophobia കാണിക്കേണ്ട സമയമല്ലിത്. നമ്മളെപ്പോലെ എല്ലാം അറിയാവുന്നവരല്ല ഈ വരുന്ന രോഗികൾ. ഒരു കാര്യം ചെയ്താൽ മാത്രംമതി, 26-ന് ഈ ഇൻഫർമേഷൻ കിട്ടിയിട്ടുണ്ടെങ്കിൽ ഇമിഗ്രേഷനിൽ പറയുക, എവിടെ നിന്നാണ് യാത്ര ആരംഭിച്ചതെന്ന് ചോദിക്കുക. അത് ടിക്കറ്റിലും

പാസ്പോർട്ടിലുമുണ്ടാകും. ഖത്തറിൽ നിന്നാണ് വന്നതെങ്കിൽ നിങ്ങളുടെ starting of the travel എവിടെ നിന്നായിരുന്നുവെന്ന് ചോദിച്ചാൽ അവർ പറയും ഇറ്റലിയിൽ നിന്നാണെന്ന്. ഇറ്റലിയിൽ നിന്നാണെന്ന് അറിഞ്ഞുകഴിഞ്ഞാൽ, അവരെ എവിടെയെങ്കിലും Quarantine ചെയ്യണ്ടേ? ചിലപ്പോൾ അഞ്ചു ദിവസം കഴിഞ്ഞാലേ ഇവർക്ക് ഇതിന്റെ ലക്ഷണങ്ങൾ കാണൂ. ആദ്യത്തെ ദിവസംതന്നെ ലക്ഷണം കാണണമെന്നില്ല, അഞ്ചുദിവസം കഴിഞ്ഞാലേ ചിലപ്പോൾ പനി വരികയുള്ളൂ. അവരെ Home Quarantine-ലേയ്ക്ക് മാറ്റിയിട്ട് നിങ്ങൾ നിരീക്ഷണത്തിൽ ആക്കുക. പോകുന്ന വഴിക്ക് അവർ എവിടെയെങ്കിലും ഇറങ്ങുന്നുണ്ടോ എന്ന് പരിശോധിക്കാനായി നിങ്ങളുടെ Rapid team-നെ അവരുടെ കൂടെ വിടാം. ഇത് ചെയ്തില്ല. സത്യത്തിൽ ഇറ്റലിക്കാരാണോ കുഴപ്പക്കാർ അതോ നമുക്ക് പറ്റിയ പാളിച്ചയാണോ? അത് സ്വയം മനസ്സിലാക്കി അങ്ങനെയൊരു തെറ്റ് സംഭവിച്ചെന്ന് പറയുന്നതിൽ എന്താണ് കുഴപ്പം? ഇന്നലെ തിരുവനന്തപുരത്ത് ഒരു കേസ് വന്നു. ഇത് നടന്നത് തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് എന്ന സ്ഥലത്താണ്. ഇറ്റലിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് വന്ന ആൾ, ഇറ്റലിയിൽ നിന്ന് വരികയാണെന്ന് പറഞ്ഞു. പനിയുടെ ലക്ഷണമൊന്നും കാണാത്തതുകൊണ്ട് അദ്ദേഹം വീട്ടിലേയ്ക്ക് പോയി. പിന്നീട് പനിയെന്ന് തോന്നിയപ്പോൾ അദ്ദേഹം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. ഇറ്റലിയിൽ നിന്ന് വന്നതാണെന്ന് പറഞ്ഞപ്പോൾ ആംബുലൻസിൽ അദ്ദേഹത്തെ മെഡിക്കൽ കോളേജിലേയ്ക്ക് അയച്ചു. അവിടെ അദ്ദേഹത്തെ പരിശോധിക്കുകയും സ്രവം എടുത്ത് തിരുവനന്തപുരത്തുതന്നെ പരിശോധിക്കാനായി അയച്ചശേഷം വീട്ടിലേയ്ക്ക് അയക്കുകയും ചെയ്തു. അദ്ദേഹം തിരിച്ച് പോകുമ്പോൾ ആംബുലൻസ് ഇല്ല, ഓട്ടോറിക്ഷയിലാണ് പോയത്. പോകുന്ന വഴിക്ക് കടയിൽ കയറി ജ്യൂസ് കുടിച്ചിട്ടാണ് പോയത്. റിസൾട്ട് പോസിറ്റീവാണെന്ന് കണ്ടപ്പോൾ ഡി.എം.ഒ. എങ്ങനെയെങ്കിലും അദ്ദേഹത്തെ കണ്ടുപിടിച്ച് ഐസൊലേറ്റ് ചെയ്യാൻ പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ ഐസൊലേഷൻ വാർഡിലേയ്ക്ക് മാറ്റി.

മി. സ്പീക്കർ: അങ്ങ് അവതാരകനെന്ന നിലയിൽ മൂന്നര മിനിട്ട് അധികമെടുത്തു. ഇനി നീട്ടരുത്. ഇനി പ്രസംഗം നീട്ടുകയാണെങ്കിൽ അങ്ങയുടെ പാർട്ടിയിൽനിന്നും സമയമെടുക്കേണ്ടിവരും.

ഡോ. എം. കെ. മുനീർ: സർ, ഇപ്പോൾ റിസൾട്ട് കറക്ട് ആണോയെന്ന് അറിയാൻവേണ്ടി പരിശോധനയ്ക്ക് ആലപ്പുഴയിലേയ്ക്ക് അയച്ചു. ഞങ്ങൾ പ്രാർത്ഥിക്കുന്നത് അത് നെഗറ്റീവ് ആകണമെന്നാണ്. അത് നെഗറ്റീവ് ആകട്ടെ. ഇതുപോലെതന്നെ ഒരു വോയിസ് ക്ലിപ്പിൽ വന്നിരിക്കുന്നത്, ഇറ്റലിയിൽ നിന്നും വന്ന വേറൊരു ഗ്രൂപ്പിനെ നെടുമ്പാശ്ശേരിയിൽ ഒരു മുറിയിലേയ്ക്ക് കൊണ്ടുപോയി. അവർ മൂത്രം ഒഴിക്കണമെന്ന് പറഞ്ഞപ്പോൾ പാടില്ല എന്നാണ് അവിടെനിന്നും

നിർദ്ദേശിച്ചത്. എന്താണ് കാരണം? മറ്റുള്ളവർ ഉപയോഗിക്കുന്ന ബാത്ത്റൂമിൽ പോയാൽ രോഗം പടരാൻ സാധ്യതയുണ്ട് എന്നതുകൊണ്ടാണ്. എങ്കിൽ വരുന്നവർക്ക് വേറെ എന്തെങ്കിലും സിസ്റ്റം നിങ്ങളവിടെ ഉണ്ടാക്കണ്ടേ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാർട്ടിയുടെ എട്ട് മിനിറ്റ് ഉണ്ട്. അതുകൂടി അദ്ദേഹത്തിന് അനുവദിക്കണം.

മി.സ്പീക്കർ: അതുകൂടി എടുത്തോളൂ.

ഡോ. എം. കെ. മുനീർ: സർ, അവിടെ ചെന്നപ്പോൾ ബാത്ത് റൂം ഇല്ലെന്ന് പറഞ്ഞ് അദ്ദേഹത്തെ അവിടെനിന്നും കളമശ്ശേരി മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയി. അവിടെ റൂമിനകത്ത് ഒരു ബെഡ്ഡും ഒരു ബൈ സ്റ്റാൻഡർ ബെഡ്ഡും ഒരു മേശയുമാണുള്ളത്. മേശപ്പുറത്തൊക്കെയാണ് രോഗികൾക്ക് കിടക്കേണ്ടി വന്നത്. ആ ഒരു സാഹചര്യം എന്തുകൊണ്ട് ഉണ്ടായി? നെടുമ്പാശ്ശേരി എയർപോർട്ടിൽ എത്ര ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്; ആദ്യം പത്ത് ഹെൽത്ത് ഓഫീസേഴ്സിനെയാണ് നിയോഗിച്ചത്, ഡോക്ടർമാരെയല്ല. അവർ ഈരണ്ടു പേർ ഓരോ ദിവസം വച്ച് വർക്ക് ചെയ്തു. ഇപ്പോൾ 30 പേരെ അലോട്ട് ചെയ്തിട്ടുണ്ടെന്ന് പറയുന്നു; അതിൽ ഡോക്ടേഴ്സുണ്ടോ എന്നറിയില്ല. കൊച്ചിയിൽ വരുന്ന ഇത്തരത്തിലുള്ള ആളുകളെ എങ്ങനെയാണ് നിങ്ങൾ quarantine ചെയ്യാൻ പോകുന്നത്?

ഇതിനിടയിൽ, ഒരു കപ്പൽ വന്നിരുന്നു. ആരെങ്കിലും അറിഞ്ഞോ അത്? 350 പേരെയും കൊണ്ട് ഇറ്റലിയിൽ നിന്നുള്ള ആളുകളടക്കം വന്ന് സുഖമായി ഇവിടെ ഷോപ്പിംഗ് നടത്തി തിരിച്ചുപോയി. കപ്പലിനെക്കുറിച്ച് ആരും ചർച്ച ചെയ്യുന്നില്ല. ഇനി കപ്പൽ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിൽനിന്നും ബസ്സിൽ വരുന്നവരുണ്ട്; ട്രെയിനിൽ വരുന്നവരുണ്ട്; അപ്പോൾ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാന്റുകളിലും വന്നിറങ്ങുന്നവരിൽ രോഗികളായവരെക്കൂടി കണ്ടെത്തി quarantine-ലേയ്ക്ക് പോകേണ്ട ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഞാൻ പറയുന്നത് നമ്മൾ ഭയപ്പാട് ഉണ്ടാക്കണമെന്നുള്ള അർത്ഥത്തിലല്ല; അതേസമയം നമ്മൾ Conscious ആകണം. ബഹുമാനപ്പെട്ട മിനിസ്റ്റർക്കെതിരെ അല്ലെങ്കിൽ ഗവൺമെന്റിനെതിരെ ഒരിക്കലും നമ്മളാരും സംസാരിച്ചിട്ടില്ല. നമുക്ക് ഇതിനോട് കൂടുതലായെന്ത് ചെയ്യാൻ പറ്റുമെന്നുള്ളതാണ്. ഒരു കാര്യം മനസ്സിലാക്കണം; ഞാൻ എല്ലാറ്റിനും അതീതമാണ്; എന്നെ ചോദ്യം ചെയ്താൽ അത് മഹാപാപമാണെന്നുള്ള രീതിയിൽ പറയരുത്. കാരണം നിയമസഭ എന്നു പറയുന്നത് ചോദ്യങ്ങൾ ചോദിക്കാനും മറുപടി കിട്ടാനുമുള്ള സ്ഥലമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സംയമനത്തോടെ മറുപടി തരണം. ചോദ്യങ്ങൾക്കുള്ള മറുപടിയേ ഞങ്ങൾക്കാവശ്യമുള്ളൂ.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇരിക്കുന്ന ഈ കസേര ഏതാണ്? എത്രയെത്ര പ്രതിപക്ഷ നേതാക്കളിരുന്നിട്ടുള്ള കസേരയിലാണദ്ദേഹം ഇരിക്കുന്നത്. ആ കസേരയ്ക്ക് ചെറിയ ബഹുമാനമെങ്കിലും കൊടുക്കണ്ടേ? അദ്ദേഹത്തിന്റെ ഒരു സംശയം ഫെയ്സ്ബുക്കിലിട്ടതിനെ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുകയാണ് ചെയ്തത്. സത്യത്തിൽ നമ്മൾ നോക്കേണ്ട ഒരു കാര്യം, കുറേ അധികം കാര്യങ്ങൾ നമുക്ക് സ്വന്തമായി ചെയ്യാൻ പറ്റും. നമ്മുടെ കയ്യിൽ ഒരു പബ്ലിക് ഹെൽത്ത് ആക്ടുണ്ട്. ഈ ആക്ട് ഏതാണ്? മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും അതുപോലെ തന്നെ കൊച്ചിൻ ട്രാവൻകൂർ പബ്ലിക് ആക്ടും 1955-ലുള്ളതാണ്. നമ്മൾ ഈ തിരക്കിൽ ചെയ്യേണ്ട ഒരു കാര്യം അങ്ങയുടെ തന്നെ മുൻഗാമിയായ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ 2009-ൽ ഒരു പുതിയ ഡ്രാഫ്റ്റ് കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് ആളുകൾ ആരെങ്കിലും തുപ്പുകയാണെങ്കിൽ ശ്രീ. ലോക്നാഥ് ബെഹ്റയ്ക്ക് മാത്രമേ കേസെടുക്കാൻ സാധിക്കുകയുള്ളൂ; അല്ലെങ്കിൽ കളക്ടർക്കേ കഴിയൂ. പബ്ലിക് ആക്ട് 1955 പ്രകാരമാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ ഒരാൾ ഗവണ്മെന്റ് നിർദ്ദേശത്തിനെതിരെ പകർച്ചവ്യാധി വ്യാപിപ്പിക്കാൻ ശ്രമിച്ചാൽ അയാളുടെ അടുത്തുനിന്നും വാങ്ങാൻ പറ്റുന്ന ഫൈൻ 20 രൂപയാണ്. അയാൾ തുപ്പിയാൽ 15 രൂപ. ഇതൊക്കെ മാറ്റേണ്ട സമയമായി. ഈ ഗവൺമെന്റിനെപ്പറ്റി പറയുന്നതല്ല, കാലാകാലങ്ങളായി മാറ്റേണ്ട സംവിധാനമാണ്. ആദ്യത്തെ പ്രയോറിറ്റി ഇതിന് കൊടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ലാബ് സൗകര്യങ്ങളെക്കുറിച്ച് പറയുമ്പോൾ, ഇന്നലെ അതായത് 12-3-2020-ന് നിങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് പറയിപ്പിച്ചിരിക്കുന്നത്, 'ഞങ്ങൾ ബയോടെക്നോളജി സെന്ററിൽനിന്ന് ഒരു സമ്മതം കിട്ടുന്നതിനുവേണ്ടി കാത്തിരിക്കുകയാണ് ' എന്നാണ്. എന്നാൽ 10-ാം തീയതി തന്നെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി 'ഞങ്ങളെല്ലാ സജ്ജീകരണങ്ങളും നടത്തിക്കഴിഞ്ഞു, നിങ്ങൾക്ക് വേണമെങ്കിൽ വരാം' എന്നുപറഞ്ഞുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് കത്ത് കൊടുത്തിട്ടുണ്ട്. അപ്പോൾ 10- ാം തീയതി കൊടുത്ത കത്ത് കിട്ടിയിട്ടും 12-ാം തീയതിയും ഞങ്ങൾ അവരുടെ സമ്മതം കാത്തിരിക്കുകയാണെന്ന് പറയുന്നതിന്റെ അർത്ഥമെന്താണെന്ന് ഞങ്ങൾക്കറിയില്ല. കിൻഫ്രയിൽ വരെ അതിനുള്ള സൗകര്യം ചെയ്തുകഴിഞ്ഞു. അതുപോലെ തൃശ്ശൂരിൽ, ഇപ്പോൾ എത്ര പേരുടെ ടെസ്റ്റാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഏകദേശം എത്ര ടെസ്റ്റുകൾ ഇനി വരാനുണ്ട്. മൂവായിരത്തോളം ആളുകളുടെ ടെസ്റ്റുകൾ ഇതിനിടയിൽ നടത്തേണ്ട സ്ഥിതിവിശേഷമുണ്ടായി.

ഇനിയിപ്പോൾ കോമൺ കോൾഡ് കൂടി വന്നുകഴിഞ്ഞാൽ ഇതിലേതാണ് ടെസ്റ്റ് ചെയ്യേണ്ടത്, ഏതാണ് ടെസ്റ്റ് ചെയ്യേണ്ടാത്തത് എന്നറിയാത്ത അവസ്ഥയിലേയ്ക്ക് പോകും. അതുകൊണ്ട് വിദഗ്ദ്ധരായ ഡോക്ടർമാരെ മാത്രമേ ഇനി ഉപയോഗിക്കാവൂ. അതായത് ഇത് കൊറോണയാണോ, സാധാരണ പനിയാണോ എന്നെങ്കിലും തിരിച്ചറിയാൻ പറ്റുന്ന വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. താഴെത്തട്ടിലുള്ള സാധാരണ ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് നടത്തേണ്ട ഒരു കാര്യമല്ല. ഇതിന് IMA-യുടെ സഹായം തേടാമല്ലോ; IMA-യുടെ യോഗം വിളിച്ചോ എന്നെനിക്കറിയില്ല. ഏതായാലും രാഷ്ട്രീയകക്ഷി മീറ്റിംഗ് വിളിച്ചിട്ടില്ല. പൊളിറ്റിക്കൽ ലീഡർഷിപ്പ് ഇതിൽ ഇൻവോൾവ് ചെയ്യണമെന്ന് WHO നിർദ്ദേശിച്ചിട്ടുള്ളതാണ്. പക്ഷേ ഇതുവരെ ഒരു പൊളിറ്റിക്കൽ മീറ്റിംഗ് വിളിച്ചിട്ടില്ല. പല മീറ്റിംഗുകളും വിളിക്കുന്നുണ്ടല്ലോ; സത്യത്തിൽ നാളെ എല്ലാവരും നാട്ടിലേയ്ക്ക് പോകുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊളിറ്റിക്കൽ ലീഡർഷിപ്പിന്റെ ഒരു മീറ്റിംഗ് ഇവിടെ വിളിച്ച് എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ഒരു ധാരണയുണ്ടാക്കേണ്ടിയിരുന്നു. നമ്മൾ ഒരുമിച്ച് പോകേണ്ട കാര്യമല്ലേയിത്; അതുപോലും ചെയ്യാൻ പറ്റാത്ത ഒരു സാഹചര്യം എങ്ങനെയുണ്ടായി എന്നുള്ളത് പരിശോധിക്കേണ്ടതല്ലേ? ഇവിടെ ഞാൻ പറഞ്ഞതുപോലെ Xenophobia വർദ്ധിച്ചതുകൊണ്ട് ചൈനയിലുള്ള ആളുകൾ മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നത് ജനങ്ങൾത്തന്നെ തടയുകയാണ്. അതുപോലെ ചൈനയിലെ വുഹാൻ എന്ന സ്ഥലത്തുനിന്നും മറ്റ് പ്രൊവിൻസുകളിലേയ്ക്ക് ആളുകളെ കടക്കാൻ സമ്മതിക്കുന്നില്ല. ഇങ്ങനെയൊരു Xenophobia നടന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിലും ഇതേ സാഹചര്യം തന്നെയാണ് വരാൻ പോകുന്നത്. ഇറ്റലിയിൽ നിന്നും വരുന്നവരാണ് രോഗം പരത്തുന്നതെന്ന രീതിയിൽ അവരെ ഒറ്റപ്പെടുത്താനുള്ള സാഹചര്യവും ഉണ്ടാകും. അത് ഒഴിവാക്കണം. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഖത്തറിൽ നിന്നും, കാലിക്കറ്റിൽ spice jet-ൽ വന്നിറങ്ങിയ മുഴുവൻ പേരോടും ചോദിക്കാൻ പോവുകയാണ് ഏത് സ്ഥലത്തുനിന്നും വന്നതാണെന്ന്. ഇത് നോക്കാൻ എളുപ്പമാണല്ലോ; വന്നിറങ്ങിയവരുടെ ലിസ്റ്റും അവരുടെ ഫോൺ നമ്പരുമടക്കം ഉള്ള ചാർട്ട് പരിശോധിക്കാവുന്നതേയുള്ളൂ. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, ഗുൽബർഗ്ഗയിലെ യൂണിവേഴ്സിറ്റിയിൽ 350-ഓളം മലയാളികളുണ്ട്. അതിന്റെ തൊട്ടടുത്താണ് കൊറോണ വൈറസ് വ്യാപിച്ചിട്ടുള്ളത്; അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ വലിയ ആശങ്കയിലാണ്. കർണ്ണാടകയുമായി ബന്ധപ്പെട്ട് ആ യൂണിവേഴ്സിറ്റിക്ക് അവധി കൊടുത്ത് കുട്ടികളെ നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള മുൻകരുതലെടുക്കണം. നമ്മുടെ സഹപ്രവർത്തകനായ ശ്രീ. മുഹമ്മദ് മുഹസിൻ പി.-യുടെ ഭാര്യയടക്കം ഇറ്റലിയിൽ കുടുങ്ങിക്കിടക്കുന്നു. നമുക്കൊക്കെ ആശങ്കയുള്ള കാര്യമാണത്. ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി കൃത്യമായി അന്വേഷിക്കുകയും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടുകയും വേണം. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായതിൽ ഗവൺമെന്റിനോടും ബഹുമാനപ്പെട്ട സ്പീക്കറോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഈ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ആരോഗ്യവകുപ്പ് ചർച്ചയ്ക്ക് വിധേയമാകുമ്പോൾ കൂടുതൽ സുതാര്യതയും കൂടുതൽ ഇൻഫർമേഷനും ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് അത് ഗില്ലറ്റ് ചെയ്യരുതെന്ന് പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള സംഭവങ്ങളൊക്കെ ഗൗരവമായി പരിശോധിച്ച് അതിനനുസരിച്ചുള്ള മറുപടി ഗവൺമെന്റ് തരേണ്ടതാണ്. അതിന് സഹിഷ്ണുതയോടെ ഒരു മറുപടി ലഭിക്കുമെന്ന വിശ്വാസത്തിൽ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഈ വിഷയം ചർച്ചയ്ക്കെടുത്ത ഗവൺമെന്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയും അനുകൂലിക്കുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത് കൊറോണ ഭീതിയുണ്ടെന്നത് യാഥാർത്ഥ്യമാണ്. പ്രതിപക്ഷത്തെ നൂറ് ശതമാനം വിശ്വാസത്തിലെടുത്തുകൊണ്ട് തന്നെയാണ് ഗവൺമെന്റ് ഈ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതെന്ന് നമുക്കെല്ലാം അറിയാം. ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഇതിനോടകം തന്നെ നടത്തിയിട്ടുള്ള പത്രസമ്മേളനങ്ങൾ ജനങ്ങളിൽ ആത്മവിശ്വാസമുണ്ടാക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും സഹായിച്ചിട്ടുണ്ടെന്നതും ഒരു യാഥാർത്ഥ്യമാണ്. ആ പത്രസമ്മേളനങ്ങളിലൊന്നും പ്രതിപക്ഷത്തെ കുത്തിനോവിക്കുകയോ, ആക്ഷേപിക്കുകയോ ചെയ്യുന്ന ഒരക്ഷരംപോലും ഉണ്ടായിട്ടില്ലെന്നതും നമുക്കെല്ലാവർക്കുമറിയാം. പക്ഷേ ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബഹുമാനപ്പെട്ട മന്ത്രിക്ക് മീഡിയ മാനിയ എന്ന് പറഞ്ഞുകൊണ്ട്, ഒരുമിച്ച് നിന്ന ജനങ്ങളിൽ ഭിന്നതയുണ്ടാക്കാനുള്ള ശ്രമം നടത്തുകയുണ്ടായി. അദ്ദേഹമത് പിൻവലിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നമ്മൾ ഇപ്പോൾ ജാഗരൂകരാണ്. ആ ജാഗ്രത നമുക്ക് മാത്രമല്ല; ലോകം മുഴുവനുമുണ്ട്. ഏറ്റവുമൊടുവിൽ, നമ്മുടെ രാജ്യത്തുതന്നെ 4180 ആളുകൾക്ക് ഫലം പോസിറ്റീവാണ്. കേരളത്തിൽ 16 പേർക്ക് പോസിറ്റീവാണ്.

ലോകത്ത് 133041 ആളുകളുടെ കൊറോണ ടെസ്റ്റ് ഫലം പോസിറ്റീവാണ്. അയ്യായിരത്തിലധികം ആളുകൾ മരണപ്പെട്ടുകഴിഞ്ഞു. പക്ഷെ ഇതിനിടയിലുള്ള രജതരേഖ, 68891 ആളുകളുടെ ഫലം നെഗറ്റീവായി മാറി എന്നുള്ളതാണ്. ഇതൊരു മൂന്നാം ലോകമഹായുദ്ധമാണ്. അവിടെ ജനങ്ങൾക്കെതിരെ വൈറസുകളാണ് വരുന്നത്. 1918-ൽ ബ്രിട്ടീഷ് ഇന്ത്യയിൽ സ്പാനിഷ് ഫ്ലൂ പടർന്നുവന്നപ്പോൾ ഇന്ത്യയിൽ മരണപ്പെട്ടത് ഏതാണ്ട് ഒരു കോടിയിലധികം

ആളുകളാണ്. ഇന്ന് നമ്മുടെ മാധ്യമങ്ങൾ അത് പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഇത് മുന്നിൽക്കണ്ടുകൊണ്ട് തന്നെയാണ് വുഹാനിലെ മെഡിക്കൽ വിദ്യാർത്ഥി കേരളത്തിലെത്തുന്നതിന് മുമ്പ്, ജനുവരി 24-നുതന്നെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് കൺട്രോൾ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നത്. 30-1-2020-ന് കൊറോണ കേരളത്തിലെത്തി. പക്ഷെ നമുക്ക് ആ മൂന്ന് ആളുകളെയും അത്ഭുതകരമായിത്തന്നെ രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഇപ്പോഴത് വീണ്ടും ആരംഭിച്ചതിന്റെ കാരണം ഇറ്റലിയിൽനിന്നും വന്ന മൂന്ന് ആളുകളാണ്. അവരെ കുറ്റപ്പെടുത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുമ്പോൾ ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് അതിൽ പ്രധാനപ്പെട്ടയാൾ, ഞാൻ പ്രസിഡന്റായി പ്രവർത്തിച്ച സംഘടനയിൽ 10 വർഷക്കാലം അംഗമായിരുന്ന വ്യക്തിയാണ്. എനിക്കദ്ദേഹത്തെ നേരിട്ടറിയാം. അവർ വന്ന വിമാനത്തിൽ നിങ്ങൾ വിമാനത്താവളത്തിൽ ഇറങ്ങുമ്പോൾ നിശ്ചിത ഫോറം പൂരിപ്പിച്ച് നൽകണമെന്ന് പലതവണ അനൗൺസ്മെന്റ് നടത്തിയിരുന്നു. അവർ ആ ഫോറം പൂരിപ്പിച്ച് കൊടുത്തില്ല. ഇമിഗ്രേഷനിലെ വലിയ തിരക്കിനിടയിൽ, പല വിമാനങ്ങളിൽ വരുന്ന ആളുകളാണ്, അവർ ഖത്തറിൽ നിന്ന് വന്നുയെന്ന് പറഞ്ഞാണ് പുറത്തുവന്നത്. അവർ റാന്നി സ്വകാര്യ ആശുപത്രിയിലെത്തി. അവരുടെ ഒരു ബന്ധു റാന്നി താലൂക്ക് ആശുപത്രിയിലെത്തിയപ്പോൾ അവിടത്തെ ജൂനിയർ ഡോക്ടറായ ഡോ. ആനന്ദ് ഇവരെ ചോദ്യം ചെയ്തപ്പോഴാണ് പ്രാഥമികമായ സംശയങ്ങളുണ്ടായത്. അദ്ദേഹം അവിടത്തെ മെഡിക്കൽ സൂപ്രണ്ട് ഡോ. ശംഭുവുമായി ചേർന്ന് നടത്തിയ ക്രോസ് ക്വസ്റ്റ്യനിംഗിലാണ് അവരുടെ ഒരു ബന്ധു ഇറ്റലിയിൽനിന്നും വന്നിട്ടുണ്ടെന്ന വിവരം അറിയാൻ കഴിഞ്ഞത്. പക്ഷെ അവിടത്തെ ഡോക്ടറോട് അവർ പറഞ്ഞത് വാസ്തവവിരുദ്ധമായ കാര്യങ്ങളാണ്. ഒടുവിൽ സ്വകാര്യ ആശുപത്രിയിൽ നിന്നെടുത്ത കേസ് ഷീറ്റ് വച്ച് ഇവരെ ചോദ്യം ചെയ്തു. അപ്പോഴാണ് തനിക്ക് ജലദോഷവും പനിയുമുണ്ടെന്നും ടെമ്പറേച്ചർ കൂടുതലാണെന്നും തൊണ്ടവേദനയുണ്ടെന്നുമുള്ള കാര്യം ഡോക്ടർമാരോട് തുറന്ന് സമ്മതിച്ചത്. ആ മൂന്ന് ആളുകൾ വഴി ആയിരത്തിലധികം ആളുകളിലേയ്ക്കെത്തി. ആ സന്ദർഭത്തിൽ അവരെ തടഞ്ഞുനിർത്താൻ കഴിഞ്ഞതിന് ഡോ. ആനന്ദിനെയും ഡോ. ശംഭുവിനെയും അവിടത്തെ പാരാമെഡിക്കൽ സ്റ്റാഫിനെയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ആ പ്രവർത്തനം പിന്നീടും നടന്നു. രാത്രി മലപ്പുറത്തുനിന്ന് സമ്മേളനം കഴിഞ്ഞ് ഞാൻ മടങ്ങിവരുമ്പോൾ ഏതാണ്ട് അർദ്ധരാത്രിയോടുകൂടി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എന്നെ ടെലിഫോണിൽ വിളിച്ച് ചില സൂചനകളുണ്ടെന്ന് പറഞ്ഞു. രാവിലെ ഡി.എം.ഒ. അത് confirm ചെയ്തു. അപ്പോൾത്തന്നെ അവിടത്തെ ആരാധനാലയങ്ങളിലെ പ്രാർത്ഥനകൾ നിർത്തിവയ്ക്കണമെന്ന് ഞാൻ തന്നെയാണ് പറഞ്ഞത്. ഞാൻ ആ പ്രദേശത്തെത്തി. വുഹാനിലെ അനുഭവം നമുക്കുള്ളതുകൊണ്ട് ആരും പുറത്തുപോകാൻ പാടില്ലെന്ന് അവിടത്തെ വാർഡ് മെമ്പറെയുൾപ്പെടെ ഉപയോഗിച്ച് മെസേജ് കൊടുത്തു. ഒരാളുപോലും പുറത്തുപോയില്ല. അവരുടെ

മാതാപിതാക്കളെ മാറ്റിയിരുന്നില്ല. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയെ വിളിച്ച് ഞാൻ വിവരം പറഞ്ഞു. ഉടനെ ആംബുലൻസ് എത്തിയാണ് കോട്ടയത്ത് ഗുരുതര സ്ഥിതിയിലായിരുന്ന മാതാപിതാക്കളെ അവിടെനിന്നും കൊണ്ടുപോകുന്നത്. അവിടെ പിന്നീട് നടന്ന വലിയൊരു ശ്രമമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് പുലർച്ചെ 2.30-നുതന്നെ ജില്ലാ കളക്ടർ അടിയന്തര യോഗം വിളിച്ചുചേർത്തു. ജില്ലയുടെ ചുമതലയുള്ള വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു ഉച്ചയോടുകൂടി അവിടെയെത്തി ഉന്നതതല യോഗം ചേർന്നു. രാത്രി 10.00 മണിയോടുകൂടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും അവിടെ നേരിട്ടെത്തി. പാതിരാത്രിയിൽ ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും പങ്കെടുത്തുകൊണ്ട് വകുപ്പുതല യോഗം ചേർന്നു. നിരവധി നിർദ്ദേശങ്ങളും തീരുമാനങ്ങളുമുണ്ടായി എന്നുമാത്രമല്ല, നൂറുകണക്കിന് ആരോഗ്യപ്രവർത്തകർ പത്തുപന്ത്രണ്ട് ടീമുകളായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് അവിടെ നടത്തിയത്. കാരണം ഇവരിൽനിന്നും മറ്റ് ആളുകളിലേയ്ക്ക് രോഗം പടരാൻ പാടില്ലെന്നുള്ളത് തന്നെയായിരുന്നു. ഒരു കമ്മ്യൂണിറ്റിയിൽ രോഗം വന്നാൽ നമുക്ക് തടഞ്ഞുനിർത്താൻ കഴിയില്ല. ആ സന്ദേശം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യോഗത്തിൽ പ്രഖ്യാപിക്കുകയും അതിനനുസരിച്ച് പ്രവർത്തനം പിന്നീട് നടക്കുകയും ചെയ്തു. അതുകൊണ്ടാണ് ഏതാണ്ട് ആയിരത്തിൽ താഴെ ആളുകളെ ഐസൊലേഷൻ ചെയ്യുകയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കാൻ കഴിഞ്ഞത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരെയും ആരോഗ്യ വകുപ്പ് പ്രവർത്തകരെയും reward കൊടുത്തുതന്നെ അംഗീകരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ കേരളത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ ലോകത്തിന് മാതൃകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ആദ്യം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെയും ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെയും പറ്റി കേന്ദ്രമന്ത്രി ഡോ. ഹർഷ വർദ്ധൻ പരസ്യമായി അഭിനന്ദിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ആ നിലയിലുള്ള നല്ല പ്രവർത്തനങ്ങളുമായി കേരളം തുടർന്നും മുന്നോട്ട് പോകണം. ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം ആവശ്യമായ വിവരങ്ങൾ പത്രസമ്മേളനങ്ങൾ വഴി ജനങ്ങൾക്ക് നൽകണം. അത് മറ്റൊരു നിലയിൽ കാണുന്നത് അപക്വമാണ് എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതിനെത്തുടർന്ന് കുറേ പ്രശ്നങ്ങളുണ്ട്. സത്യത്തിൽ അവിടത്തെ ബസ് സ്റ്റാന്റിൽ ആളുകളില്ല, കടകളില്ല, ഒന്നുമില്ല. കൊമേഴ്സ്യൽ ബാങ്കുകൾ, മൈക്രോ ഫിനാൻസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്തിട്ടുള്ള ആളുകൾക്ക് പണമടയ്ക്കാൻ കഴിയുന്നില്ല. രണ്ടുമാസത്തെ മൊറട്ടോറിയമെങ്കിലും അനുവദിക്കണം. 8, 9 ക്ലാസുകളിൽ പരീക്ഷ ആരംഭിച്ചു. കുട്ടികൾക്ക് പരീക്ഷയ്ക്ക് പോകാൻ കഴിയുന്നില്ല. ഗതാഗതസൗകര്യമില്ല. സ്കൂൾ ബസുമില്ല. അതിനാൽ ആ പരീക്ഷകൾ മാറ്റിവയ്ക്കണം. ഐസൊലേഷനിൽ കഴിയുന്നവർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കണമെന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. അത് എത്തിക്കാനുള്ള തീരുമാനമെടുത്തതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ജനങ്ങൾക്ക് തൊഴിലിന് പോകാൻ കഴിയുന്നില്ല. അവർക്ക് സൗജന്യ റേഷൻ നൽകാൻ കഴിയണം. പാൻ മസാല കച്ചവടം വ്യാപകമായി നടക്കുന്നുണ്ട്. റാന്നിയിലെല്ലാം പോലീസ് അടപ്പിച്ചു. അത് സംസ്ഥാനത്ത് പൂർണ്ണമായും അടപ്പിക്കണം. അതുപോലെ അഫക്റ്റഡായ സ്ഥലങ്ങളിൽ മാസ്കിന് ക്ഷാമമുണ്ട്. അത്തരം സ്ഥലങ്ങളിൽ മാസ്ക് വിതരണം ചെയ്യണം, മറ്റ് സ്ഥലങ്ങളിൽ മാസ്ക് വേണ്ട. എന്തായാലും ഒരു മൂന്നാം ലോകമഹായുദ്ധത്തെ നേരിടാൻ കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നടത്തുന്ന ശ്രമങ്ങളെ ഞാൻ പ്രശംസിക്കുന്നു. അതുപോലെ കിഫ്ബി വന്നതു കൊണ്ട് കേരളത്തിലെ ആശുപത്രികൾക്ക് ഉന്നത നിലവാരത്തിലേയ്ക്ക് എത്താൻ കഴിഞ്ഞു. ഇത്തരം നല്ല കാര്യങ്ങളെ അഭിനന്ദിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. കേരളം കാണിക്കുന്ന ഈ മാതൃക, ഒരാളുടെ ജീവൻപോലും നഷ്ടപ്പെടാതെ കൊറോണയെ ഈ മൂന്നാം ലോകമഹായുദ്ധത്തിൽ കീഴ്പ്പെടുത്താൻ കേരളം ഒറ്റക്കെട്ടായി നിൽക്കണം. നിയമസഭയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്നിട്ടുള്ള പ്രതിപക്ഷത്തിന്റെ മോശപ്പെട്ട പെർഫോമൻസ് ദയവുചെയ്ത് തൽക്കാലത്തേക്ക് മാറ്റിവയ്ക്കണം. പഞ്ചായത്ത്, അസംബ്ലി ഇലക്ഷനുകളെല്ലാം വന്നോട്ടെ, ഇത് തൽക്കാലം മാർക്കിടാനുള്ള വേദിയല്ല. ഇത് മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ആ ധാരണയിൽ തീർച്ചയായും സർക്കാരിനോട് സഹകരിക്കണമെന്നാണ് വളരെ വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: അങ്ങ് അധികമെടുത്ത സമയം അങ്ങയുടെ പാർട്ടിയിലെ അടുത്തയാളിൽനിന്നും കുറയ്ക്കേണ്ടിവരും. ശ്രീ. അനിൽ അക്കരയ്ക്ക് നാല് മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, ഇവിടെ ശ്രീ. രാജു എബ്രഹാം അവസാനം പറഞ്ഞത് അദ്ദേഹത്തിന്റെ അല്ലെങ്കിൽ ഗവൺമെന്റിന്റെ മനസ് വെളിപ്പെടുത്തുന്ന ഒന്നാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷനാണ് ഈ വിഷയം കേരള നിയമസഭയും കേരള സമൂഹവും ചർച്ച ചെയ്യാനിടവരുത്തിയതെന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. ജനുവരി 30-ാം തീയതി നമ്മുടെ രാജ്യത്ത് ആദ്യമായി കൊറോണ പോസിറ്റീവാണെന്ന് കണ്ടെത്തിയത് തൃശ്ശൂരിലെ ജനറൽ ആശുപത്രിയിൽ കിടന്ന രോഗിക്കാണെന്ന് നമുക്കറിയാം. അവിടെനിന്നും ഇങ്ങോട്ടുള്ള ഓരോ വഴിയും പരിശോധിച്ചാൽ ആദ്യഘട്ടം നമ്മൾ വളരെ കൃത്യമായി കാര്യങ്ങൾ ചെയ്തുവെന്ന് നമുക്കറിയാം. അതിൽ ആർക്കും പരാതിയും തർക്കവുമൊന്നുമില്ല. അതിലുണ്ടായ ഒരുപാട് വിഷയങ്ങളുണ്ട്. ഞങ്ങളാരും അതിൽ പരാതി പറഞ്ഞ ആളുകളല്ല. ഈ ഘട്ടത്തിൽ പരാതി പറയാനുണ്ടായ കാരണമെന്താണ്; ഗവൺമെന്റ് നിസ്സംഗത പുലർത്തുന്നുവെന്ന് മനസ്സിലാക്കിയതുകൊണ്ട് തന്നെയാണ് ബഹുമാന്യനായ

പ്രതിപക്ഷനേതാവ് സഭയുടെ ശ്രദ്ധയിലേക്ക് ഈ വിഷയം കൊണ്ടുവന്നത്. ആദ്യഘട്ടത്തിൽ നിരവധി പരാതികളുണ്ടായിരുന്നു. ഞങ്ങളാരും അത് പറഞ്ഞില്ല. ആദ്യഘട്ടത്തിൽ 3.00 മണിക്ക് തൊട്ടുമുമ്പാണ് കൊറോണ പോസിറ്റീവാണെന്നുള്ള കേന്ദ്ര ആരോഗ്യ വകുപ്പിന്റെ അറിയിപ്പ് ലഭിക്കുന്നത്. അറിയിപ്പ് ലഭിച്ച ഉടനെതന്നെ ബഹുമാനപ്പെട്ട മന്ത്രി പത്രസമ്മേളനം നടത്തി. തൃശ്ശൂരിലേയ്ക്ക് രാവിലെ 9.30-ന് വരുമെന്ന് പറഞ്ഞിട്ട് 12.30-നാണ് വന്നത്. അതുകഴിഞ്ഞ് തൃശ്ശൂർ മെഡിക്കൽ കോളേജിലാണ് ഉന്നതതല യോഗം നടത്തിയത്. ആ യോഗം 3.00 മണിവരെ നീണ്ടു. യോഗം നീട്ടിക്കൊണ്ടുപോയതുതന്നെ ആസൂത്രിതമാണെന്ന പരാതി അന്ന് തൃശ്ശൂരിൽ ഉണ്ടായിരുന്നു. ഞങ്ങളാരും ആ പരാതി ഉന്നയിച്ചവരല്ല.. (ബഹളം).... ഞങ്ങൾ സഹകരിച്ചുകൊണ്ടാണ്, ആ യോഗത്തിൽ അങ്ങനെയൊരു പരാതിയുണ്ടായിരുന്നു. ....(ബഹളം)....

മി.സ്പീക്കർ: നിശബ്ദരായിരിക്കൂ. പ്ലീസ്....പ്ലീസ്......ബഹളമുണ്ടാക്കരുത്.

ശ്രീ. അനിൽ അക്കര: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ യോഗത്തിലേയ്ക്ക് എന്തുകൊണ്ട് ആലത്തൂരിൽനിന്നുള്ള എം.പി.യെ വിളിച്ചില്ല? എന്നെയും മുനിസിപ്പൽ കൗൺസിലർമാരുൾപ്പെടെയുള്ള ആളുകളെയും വിളിച്ചു... (ബഹളം)...

മി. സ്പീക്കർ: മറുപടി മന്ത്രി പറയും, നിങ്ങൾ ഇരിക്കൂ.

ശ്രീ. അനിൽ അക്കര: സർ, ആലത്തൂരിൽനിന്നുള്ള എം.പി.യെ വിളിക്കാത്തതുമായി ബന്ധപ്പെട്ട് ഞങ്ങൾ പരാതി പറഞ്ഞില്ല. കാരണം, ഇത് രാഷ്ട്രീയമായി കാണേണ്ട വിഷയമല്ലെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ പരാതി പറയാതിരുന്നത്. 10.30-ന് കൂടേണ്ട യോഗം 12.30-ന് കൂടിയതും 3 മണിവരെ നീട്ടിക്കൊണ്ടുപോയതും ആസൂത്രിതമാണെന്നുള്ള പരാതി യുണ്ടായിരുന്നു. രാഷ്ട്രീയമായി ഇതുവേണ്ടെന്ന് തീരുമാനിച്ചതുകൊണ്ടു തന്നെയാണ് ഞങ്ങൾ പരാതി പറയാത്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഉന്നയിക്കാനുണ്ടായ കാരണം, 26-ാം തീയതി കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലറിൽ ഇതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം വന്നിരുന്നു. അത് നമ്മൾ പരിശോധിക്കേണ്ടതായിരുന്നു. അതിനുശേഷമാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ മുഴുവൻ ഉണ്ടായത്. ഇന്ന് സംസ്ഥാനം ഇത്തരത്തിലുള്ള വലിയ ഭീതിയിലേയ്ക്ക് പോകാൻ കാരണം രണ്ടാമത്തെ ഘട്ടത്തിൽ ഗവൺമെന്റിനുണ്ടായ നിസ്സംഗതയാണ്. ഇറ്റലിയിൽ നിന്നുംവന്ന കുടുംബത്തെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞുപരത്തുന്നത്. ആദ്യത്തെ റൂട്ട്മാപ്പിൽ പറഞ്ഞത് കുത്താട്ടുകുളത്തിനും കുറവിലങ്ങാടിനുമിടയ്ക്കുള്ള ആര്യാസ് ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു, ആ ഹോട്ടൽ മാർക്ക് ചെയ്യുവെന്നാണ്. ഞങ്ങൾ അന്വേഷിച്ചപ്പോൾ ആര്യാസ് എന്ന

ഹോട്ടൽ ആ പ്രദേശത്ത് തന്നെയില്ല എന്നാണ് നാട്ടുകാർ പറയുന്നത്. ആളുകളെ ഭീതിയിലേയ്ക്ക് വിടുകയാണ്. ഇറ്റലിയിൽനിന്നും വന്ന ആളുകളെ മുഴുവൻ ചെണ്ടകൊട്ടി അറിയിക്കേണ്ട വിഷയമല്ലല്ലോ, ഇറ്റലിയിൽ നിന്നുംവന്ന ആളുകളുടെ രേഖയെടുക്കാൻ എന്താണ് ബുദ്ധിമുട്ട്? സർക്കാർ വലിയ നിസ്സംഗതയിലേയ്ക്ക് പോയി എന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ആ നിസ്സംഗതയിൽനിന്നും മാറ്റിയെടുക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻകൊണ്ട് സാധിച്ചുവെന്ന് കേരള സമൂഹം വിലയിരുത്തുകയാണ്. അതിനെ രാഷ്ട്രീയമായി നേരിടാൻ പഞ്ചായത്ത് ഇലക്ഷൻ തുടങ്ങിയ കാര്യങ്ങൾ പറയുന്നു. പൊതുയോഗങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; തൃശ്ശൂരിൽ സി.ഐ.റ്റി.യു.-ക്കാർ യോഗം നടത്തിയിട്ട് എന്തെങ്കിലും നടപടിയെടുക്കാൻ കഴിഞ്ഞോ? തിരുവനന്തപുരത്തും യോഗം നടത്തി. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്, അത് അടച്ചിടുന്ന നടപടിയിലേയ്ക്ക് പോകാൻ കഴിഞ്ഞോ? പഞ്ചായത്തുകളിൽ നടക്കുന്ന ഹിയറിംഗ് ഒഴിവാക്കി ഓൺലൈൻ അപേക്ഷ നൽകിയവരെ അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? ഇതിനുപകരം രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ തീരുമാനിച്ചാൽ ഞങ്ങൾ പറയേണ്ടത് പറയുകയും തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വീണ്ടും അഭിനന്ദിക്കാൻ ഈ സമയം ഞാൻ ഉപയോഗിക്കുകയാണ്. കാരണം, ഇന്ന് കേരളത്തെ അതീവ ജാഗ്രതയിലേയ്ക്ക് കൊണ്ടുപോകാൻ സാധിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻകൊണ്ടാണെന്നും ഈ സാഹചര്യത്തെ ഒറ്റക്കെട്ടായി നേരിടണമെന്നുംകൂടി പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ജനങ്ങളെല്ലാം ഒറ്റക്കെട്ടായി നിൽക്കേണ്ട സന്ദർഭമാണിത്. എന്നാൽ ഇവിടെ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെ കുറച്ചുകാണിച്ചുകൊണ്ട് രാഷ്ട്രീയ മുതലെടുപ്പിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അന്ധന്മാരുടെ രാജ്യത്ത് ജീവിക്കുന്ന ഒറ്റക്കണ്ണൻ രാജാവിനെപ്പോലെയാണ് പ്രതിപക്ഷം ഇപ്പോൾ പെരുമാറിക്കൊണ്ടിരിക്കുന്നത്. തൃശ്ശൂരിൽ കൊറോണ സ്ഥിരീകരിച്ചപ്പോൾത്തന്നെ, ബഹുമാന്യരായ മന്ത്രിമാരും ആരോഗ്യ വകുപ്പുമന്ത്രിയും നിയമസഭ നടക്കുമ്പോൾ അവിടെനിന്നും ഓടിയെത്തി എല്ലാ കാര്യങ്ങളും മനസ്സിലാക്കി ആവശ്യമായ പരിഹാര നിർദ്ദേശമുണ്ടാക്കുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ ആ പ്രവൃത്തിയെ കുറച്ചുകാണിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇതിൽനിന്നും അവർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ലോകമാകെ വല്ലാത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഏകദേശം 114 രാജ്യങ്ങൾ കൊറോണ ബാധമൂലം

പ്രതിസന്ധിയിലായിരിക്കുകയാണ്. നിപ വൈറസ് ബാധയുണ്ടായപ്പോൾ ആരോഗ്യ വകുപ്പും ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും വളരെ കാര്യക്ഷമമായി ഇടപെട്ടു. അതിനെക്കാൾ കൂടുതൽ ജാഗ്രതയോടെ കൊറോണ വൈറസിനെ നേരിടാനുള്ള മുൻകരുതൽ നമ്മുടെ ഗവൺമെന്റ് കൈക്കൊണ്ടു. ആരോഗ്യരംഗത്തെ വിദഗ്ദ്ധർ പറയുന്നത് പ്രസ്തുത വൈറസിനെതിരായ മരുന്ന് കണ്ടുപിടിക്കണമെങ്കിൽ രണ്ട് വർഷം വേണ്ടിവരുമെന്നാണ്. ആ സാഹചര്യത്തിലാണ് അസുഖം പടർന്നുപിടിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളെടുത്ത് മെഡിക്കൽ രംഗത്തെ വിദഗ്ദ്ധരായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും അടക്കമുള്ളവർ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ കീഴിൽ ഒത്തൊരുമിച്ച് നിന്നുകൊണ്ട് പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നത്. കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി അതിനെല്ലാം നേതൃത്വം കൊടുക്കുകയാണ്. ജനങ്ങൾക്ക് കൂടുതൽ ജാഗ്രതയുണ്ടാകാനും അവരെ ഭയപ്പാടിൽനിന്നും മാറ്റിയെടുക്കാനും അവർക്ക് കൂടുതൽ ധൈര്യം കൊടുക്കാനും കഴിയുന്ന തരത്തിൽ ഓരോ തവണയും ചെയ്യുന്ന കാര്യങ്ങൾ അത് പത്രത്തിലൂടെ അറിയിക്കേണ്ട ബാധ്യത ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കില്ലേ? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എന്തിനാണ് പത്രസമ്മേളനം നടത്തുന്നതെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചോദിക്കുന്നത്. പിന്നെ ആരാണ് പത്രസമ്മേളനം നടത്തേണ്ടത്? മീഡിയ മാനിയയാണെന്നാണ് അദ്ദേഹം പറയുന്നത്. ഏറ്റവും കൂടുതൽ 'മീഡിയ മാനിയ'യുള്ളത് ആർക്കാണെന്ന് നമുക്കെല്ലാവർക്കുമറിയാമല്ലോ. തുമ്മുന്നതിനുപോലും പത്രസമ്മേളനം നടത്തുന്നവർ ഇവിടെ ഇരിപ്പുണ്ടല്ലോ. വൈറസ് കൂടുതൽ ആളുകളിലേയ്ക്ക് പകരാതിരിക്കു ന്നതിനുള്ള എല്ലാ മുൻകരുതലുകളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലുൾപ്പെടെ കേരളത്തിലെല്ലായിടത്തും ജനപ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചുചേർത്ത് ആവശ്യമായ ബോധവത്കരണം എല്ലാ പഞ്ചായത്തുകളിലും നടത്തിക്കൊണ്ടിരിക്കുകയാണ്. അതെല്ലാം കൃത്യമായി കേരളത്തിലെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അതിനെ കുറച്ചുകാണുന്ന ഒരു സമീപനമായി ഇത് പോകാൻ പാടില്ല. നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കണ്ടേ; രാഷ്ട്രീയ നേതൃത്വവും എം.എൽ.എ.-മാരും ഒരുമിച്ച് നിൽക്കണ്ടേ; ഇക്കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമെന്ന് വ്യത്യാസമുണ്ടാകാമോ? കൊറോണയ്ക്ക് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉണ്ടോ? കൊറോണ എല്ലാവരെയും ബാധിക്കില്ലേ? ജനങ്ങൾക്ക് ധൈര്യം കൊടുക്കേണ്ടത് ആരാണ്? നമ്മളല്ലേ; ആ നമ്മൾ ഒരുമിച്ച് നിന്ന് നേരിടുന്നതിനുപകരം പ്രതിപക്ഷത്തിന്റെ നേട്ടമായി കാണുകയാണ്. ഇതിൽ എന്ത് നേട്ടമാണുള്ളത്; ആർക്കാണ് നേട്ടം? ഇതിനെ രാഷ്ട്രീയമായി കാണാമോ? അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്

നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നാണ്. ജനങ്ങളിൽ ഭീതിയുണ്ടാക്കുന്ന തരത്തിലാണ് പ്രതിപക്ഷം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റും ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഈ വിഷയത്തിൽ ജാഗ്രതയോടെ മുന്നോട്ടുപോകുകയാണ്. വിദേശ രാജ്യങ്ങളിൽ, യൂറോപ്യൻ രാജ്യങ്ങളിലടക്കം ജോലി ചെയ്യുന്ന ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെയുള്ള മലയാളികൾക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാൻ നമുക്ക് കഴിയണം. ഇന്ത്യ ഗവൺമെന്റ് വിദേശരാജ്യങ്ങളിലുള്ള ഇന്ത്യക്കാർ ഇന്ത്യയിലേയ്ക്ക് വരേണ്ടെന്ന സമീപനം സ്വീകരിക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷമൊന്നും പറയുന്നില്ലല്ലോ. എം.എൽ.എ. ശ്രീ. മുഹമ്മദ് മുഹസിൻ.പി.-യുടെ ഭാര്യയുൾപ്പടക്കം ഇറ്റലിയിൽനിന്നും വരാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ തെറ്റായ നയം മാറ്റുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ജാഗ്രതയോടെ ആ വിഷയത്തിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിൽ മാറ്റമുണ്ടാകണം. വിദേശ രാജ്യങ്ങളിലടക്കം ജോലി ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള സമീപനം സ്വീകരിക്കണം. അവർക്ക് നാട്ടിലെത്താനുള്ള സംവിധാനമൊരുക്കണം.

റെയിൽവേ സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ് സ്റ്റാന്റുകൾ ഉൾപ്പെടെ എത്തിച്ചേരുന്ന ആളുകളെ പരിശോധനയ്ക്ക് വിധേയമാക്കുന്ന സംവിധാനത്തെക്കുറിച്ചുകൂടി ആലോചിക്കണം. നിലവിൽ എയർപോർട്ടിൽ മാത്രമാണ് പരിശോധനയുള്ളത്. ജനങ്ങളിൽനിന്നും ജനങ്ങളിലേയ്ക്ക് വൈറസ് പകരാതിരിക്കുന്നതിന് ജാഗ്രതയോടുള്ള സംവിധാനം കാര്യക്ഷമമായി സ്വീകരിക്കുന്നത് കേരളത്തിലാണ്. രോഗം പകരാതെ പിടിച്ചുനിർത്താനുള്ള പരിശ്രമമാണ് സർക്കാർ നടത്തിയിട്ടുള്ളത്. പൊതുസ്ഥലങ്ങളിൽ രോഗവ്യാപനം തടയുന്നതിനുള്ള എന്തെല്ലാം ക്രമീകരണങ്ങൾ സ്വീകരിക്കാൻ കഴിയുമെന്നുകൂടി ആലോചിക്കണം. പത്തനംതിട്ട ജില്ലയിലെ കാര്യം ശ്രീ. രാജു എബ്രഹാം സൂചിപ്പിച്ചു. അടൂർ ജനറൽ ഹോസ്പിറ്റലിൽ ആവശ്യമായ സംവിധാന മൊരുക്കിയിട്ടുണ്ട്. അതുകൂടാതെ അതത് ജില്ലകളിൽ അവിടത്തെ എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും ചേർന്നുകൊണ്ട് ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. പ്രൈവറ്റ് ഹോസ്പിറ്റലുകളിലുൾപ്പെടെ ആവശ്യമായ സംവിധാനമൊരുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമായതുകൊണ്ട്, പരിഹാരം കണ്ടെത്താൻ ഒരുമിച്ച് മുന്നോട്ടുപോകേണ്ട കാലഘട്ടത്തിൽ രാഷ്ട്രീയമായ മുതലെടുപ്പിന്

പ്രതിപക്ഷം പരിശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ പ്രതിസന്ധി പരിഹരിച്ചുകൊണ്ട് ജനങ്ങൾക്ക് —ധൈര്യത്തോടെയും അതീവ ജാഗ്രതയോടെയും മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതിന് നമ്മളെല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ടതാണ്. കൊറോണ വൈറസുമായി ബന്ധപ്പെട്ട് വളരെ ആത്മാർത്ഥമായി ഒരുപക്ഷെ, മറ്റ് സംസ്ഥാനങ്ങൾക്കുതന്നെ മാതൃകയായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനെയും ബഹുമാന്യരായ മുഖ്യമന്ത്രിയെയും വകുപ്പു മന്ത്രിയെയും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന മുഴുവൻ ജീവനക്കാരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. കൂടാതെ ജീവൻ പണയംവച്ചുകൊണ്ട് ജനങ്ങളെ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ് ജീവനക്കാരെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, 2016-നുശേഷം കേരളത്തിൽ നിരവധി പ്രതിസന്ധികളുണ്ടായി. വരൾച്ച, നിപ, ഓഖി, 2018-ലെ മഹാപ്രളയം, ഇപ്പോഴത്തെ കൊറോണ വൈറസ് ഇവയെല്ലാം അതിജീവിക്കാൻ ജനങ്ങളെ സജ്ജരാക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. എന്നാൽ ഓരോ പ്രശ്നങ്ങൾ വരുമ്പോഴും അതിന്റെ കാരണം ഭരണകൂടത്തിന്റെ പിടിപ്പുകേടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. പ്രളയത്തിന്റെ കാര്യത്തിലടക്കം, man made disaster എന്നൊക്കെ പറഞ്ഞത് നമ്മൾ കണ്ടതാണ്. ഇവിടെയും ആ ഒരു ശൈലിയാണ് ആവർത്തിച്ചുകാണുന്നത്. അത് ദൗർഭാഗ്യകരമാണ്. ഇറ്റലിയിൽനിന്നും വന്ന കുടുംബത്തെ സംബന്ധിച്ച് വലിയ വിമർശനമുണ്ടെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ഞായറാഴ്ച രാത്രി പത്തനംതിട്ടയിൽ വന്ന് ഒരു യോഗം ചേർന്നു. അതിൽ അവിടത്തെ എല്ലാ എം.എൽ.എ.-മാരും എം.പി.-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമടക്കം പങ്കെടുത്തതാണ്. അവിടത്തെ എല്ലാ എം.എൽ.എ.-മാരും ഭരണകക്ഷിക്കാരാണ്. ആ കുടുംബം ഈ ദിവസങ്ങളിൽ നാട്ടിൽ ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച് വലിയ വിമർശനമുണ്ടായപ്പോൾ, അവർ ചെയ്തതിനെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. ന്യായീകരിക്കാൻ കഴിയാത്ത തെറ്റാണ് അവർ ചെയ്തത്. പക്ഷെ ഈ സമയത്ത് ആ കുടുംബത്തിന്റെയടക്കം ജീവൻ രക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ഉത്തരവാദിത്വം എന്ന നിലപാടാണ് ആ യോഗത്തിൽ ബഹുമാന്യയായ മന്ത്രി എടുത്തത്. അവർ ചെയ്ത പ്രവൃത്തിമൂലം ആരൊക്കെ അപകടത്തിലായോ അവരെയും സംരക്ഷിക്കുക എന്ന നിലപാടാണ് മനുഷ്യസ്നേഹത്തിന്റെ ഒരു ആൾരൂപമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി ആ യോഗത്തിലെടുത്തത്. എന്നുമാത്രമല്ല, ഈ കുടുംബത്തിൽപ്പെട്ട ആശുപത്രിയിലായിരിക്കുന്ന ആളുകൾമൂലം നാട്ടിലുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് കാരണം വലിയ ആക്ഷേപങ്ങൾ നേരിടുമ്പോൾ

അവർക്കുണ്ടാകുന്ന മാനസികപ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രത്യേക കൗൺസിലിംഗ് കൊടുക്കാൻവേണ്ടിയുള്ള സംവിധാനമൊരുക്കിയിട്ടാണ് ബഹുമാന്യയായ മന്ത്രി അവിടെ നിന്നുപോയത്. ആ കൗൺസിലിംഗ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സാദ്ധ്യമായതെല്ലാം ഈ ഘട്ടത്തിൽ ചെയ്യണ്ടേ? സർക്കാരിന്റെ ക്രെഡിറ്റിന്റെ പ്രശ്നമല്ല. സർക്കാരിന് ക്രെഡിറ്റ് കിട്ടുന്നുവെന്നുള്ളതാണ് ചിലരുടെയൊക്കെ ആവലാതി. ക്രെഡിറ്റല്ല ഇവിടത്തെ വിഷയം. ഈ പ്രതിസന്ധിയെ അതിജീവിക്കാൻ സാദ്ധ്യമായത് ചെയ്യാൻ പ്രതിബദ്ധതയോടെ സർക്കാർ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളം എല്ലാറ്റിനും ഒന്നാമതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പത്രസമ്മേളനം കൂടിപ്പോകുന്നുവെന്ന് വിമർശിക്കാൻവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പത്രസമ്മേളനം നടത്തിയ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. പത്തനംതിട്ട കളക്ടറേറ്റിൽ കഴിഞ്ഞ ദിവസം ഞാൻ പോയിരുന്നു. അവിടെ കളക്ടറും ഡി.എം.ഒ.-യും റവന്യൂ-ആരോഗ്യ വകുപ്പ് ജീവനക്കാരും നടത്തുന്ന സേവനങ്ങൾ മാതൃകാപരമാണ്. ചെറുപ്പക്കാരായ ഡോക്ടർമാർ വളരെ പ്രതിബദ്ധതയോടുകൂടി ഈ ആളുകൾ സഞ്ചരിച്ച മേഖലയിലൊക്കെ പോയി അവർ ആരെയൊക്കെ കണ്ടുമുട്ടി; എവിടെയൊക്കെ പോയി; എന്നൊക്കെ അന്വേഷിക്കുന്ന ഒരു അന്വേഷണാത്മക മെഡിക്കൽ സേവനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. അതുപോലെ പത്തനംതിട്ട ജില്ലയിൽ സ്വകാര്യ ആശുപത്രികൾ വലിയ സേവനമാണ് നടത്തിയിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് എനിക്കറിയില്ല. സ്വകാര്യ ആശുപത്രികൾ പോലും ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചുകൊടുക്കുകയും ഡോക്ടർമാരെവരെ വിട്ടുകൊടുക്കുകയുമാണ്. കമ്മ്യൂണിറ്റി മെഡിസിനുമായി ബന്ധപ്പെട്ട് വിദഗ്ദ്ധർ വലിയ സേവനം നടത്തുമ്പോൾ അവിടെയുള്ള ജനങ്ങൾ, അവിടത്തെ എം.എൽ.എ.-മാർ, എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രതിനിധികൾ എല്ലാവരും ചേർന്ന് ഈ പ്രശ്നത്തെ ഒറ്റക്കെട്ടായി അഭിമുഖീകരിക്കാൻ ശ്രമിക്കുമ്പോൾ നിയമസഭയിൽനിന്നും വിഭാഗീയതയുടെ ശബ്ദങ്ങൾ ഉയരുന്നത് ഏറ്റവും സങ്കടകരവും അപലപനീയവും നാട്ടിലുള്ള ഐക്യത്തെ തകർക്കാൻ പര്യാപ്തവുമാണ്. രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച് ഞാൻ അവസാനിപ്പിക്കാം. ഭക്ഷണമെത്തിക്കാനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായി വളരെ നല്ല കാര്യം. 8, 9 ക്ലാസുകളിലെ പരീക്ഷകൾ മാറ്റിവയ്ക്കാൻ കഴിയുന്നതല്ലെന്ന് എനിക്ക് ഒരു അറിയിപ്പ് കിട്ടിയിട്ടുണ്ടെങ്കിലും മാറ്റിവയ്ക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ ക്വാറന്റീനിലുള്ള ചില ആളുകൾ പുറത്തിറങ്ങാൻ ശ്രമിക്കുന്നതായ വിവരങ്ങളുണ്ട്. കർശനമായ ഇടപെടലുകളിലൂടെ വേണ്ടിവന്നാൽ പോലീസിന്റെ സഹകരണത്തോടുകൂടി അത് തടയണം. – സംസ്ഥാനം ഈ പ്രതിസന്ധിയെ അതിജീവിക്കുന്ന തരത്തിൽ, ഒരുമ പ്രകടിപ്പിക്കുന്ന ഒരു സാഹചര്യമായി ഇതിനെ മാറ്റിയെടുക്കാൻ എല്ലാവരും ശ്രമിക്കണമെന്ന് മാത്രം ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിന്റെ ഏറ്റവും ഗൗരവതരമായ ശ്രദ്ധയും ഇടപെടലുമുണ്ടാകേണ്ട കോവിഡ് -19 വിഷയത്തിൽ രാഷ്ട്രീയം കലർത്തേണ്ട കാര്യമില്ലെന്നുള്ളിടത്തുതന്നെയാണ് പ്രതിപക്ഷവും നിൽക്കുന്നത്. നിപ വൈറസിന്റെ കാര്യത്തിലായാലും പ്രളയക്കെടുതിയുടെ കാര്യത്തിലായാലുമെല്ലാം ഗവൺമെന്റിനോട് സഹകരിക്കുന്ന നിലപാടാണ് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. പക്ഷെ പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കുകയെന്ന പ്രശ്നത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാലോ, കുറച്ചുകൂടി കാര്യങ്ങൾ ശ്രദ്ധിക്കണം എന്നുപറഞ്ഞാലോ അതിന് പ്രതിപക്ഷത്തെ ആക്രമിക്കാനും വിമർശിക്കാനും വരുന്ന നിലപാട് ഗവൺമെന്റ് എടുക്കരുതെന്നുള്ളതും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അങ്ങനെയൊരു സമീപനമെടുത്താൽ ഈ വിഷയത്തെ അതിജീവിക്കുന്നതിനും ഒറ്റക്കെട്ടായി നിൽക്കാൻ കഴിയും. അതിന് എല്ലാ സഹകരണവും നൽകുന്ന പ്രതിപക്ഷത്തിന്റെ നിലപാടിനെയും ഗവൺമെന്റ് മാന്യമായി ഉൾക്കൊള്ളാൻ തയ്യാറാവുക എന്ന പ്രധാനപ്പെട്ട കാര്യം ആദ്യംതന്നെ ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ എയർപോർട്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തെക്കുറിച്ച് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ ഇവിടെ ചൂണ്ടിക്കാണിച്ചു. ആ സംവിധാനത്തെക്കുറിച്ച് പരിശോധിക്കണ്ടേ? ഇപ്പോൾ വന്നിരിക്കുന്നതെന്താണ്? അവിടെ സാധാരണക്കാരായ കുറച്ച് സ്റ്റാഫിനെയാണ് ആദ്യം വച്ചത്. എക്സ്പെർട്ട് ഡോക്ടർമാരടക്കം അവിടെയുണ്ടോ? ഇല്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ദീപിക ദിനപ്പത്രത്തിന്റെ ഇന്നത്തെ എഡിറ്റോറിയൽ 'പ്രവാസി മലയാളികളെ ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ട്' എന്നാണ്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഇറ്റലിയിൽനിന്നും കൊച്ചി വിമാനത്താവളത്തിലെത്തിയ ചില മലയാളികൾ തങ്ങളുടെ അനുഭവങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുകയുണ്ടായി. 'വിദേശ എയർപോർട്ടുകളിൽ ഞങ്ങൾക്ക് മാന്യമായ പെരുമാറ്റം ലഭിച്ചു. എന്നാൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ വന്നപ്പോൾ ഞങ്ങൾക്ക് ദുരനുഭവങ്ങളുണ്ടായി. രോഗാവസ്ഥയിലല്ലായിരുന്നിട്ടും ഞങ്ങൾ രോഗികളാണെന്ന രീതിയിൽ ഞങ്ങളെ അപമാനിക്കുകയും വേദനിപ്പിക്കുകയും ചെയ്തു. ഇത് നിർഭാഗ്യകരമായ സാഹചര്യമാണ്' എന്ന് കൊച്ചിൻ എയർപോർട്ടിൽ വന്നിറങ്ങിയ ആളുകൾ പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് ദീപിക എഡിറ്റോറിയൽ എഴുതിയിരിക്കുകയാണ്. ഇത് ഗൗരവമുള്ള വിഷയമല്ലേ? ശ്രീ. മുഹമ്മദ് മുഹസിന്റെ ഭാര്യയടക്കം ഇറ്റലിയിലുണ്ട്. ഇന്നലെ ഇറ്റലിയിൽനിന്നും ഒരു പാവപ്പെട്ട കുടുംബം വളരെ വിഷമത്തോടുകൂടി എന്നെ ഫോൺ ചെയ്തിരുന്നു. അവരോട് സംസാരിക്കാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിനും ഞാൻ ഫോൺ കൊടുത്തു. അവർ പൊട്ടിക്കരയുകയാണ്. അവർക്ക് അവിടെനിന്നും തിരിച്ചുവരാൻ കഴിയുന്നില്ല; ചികിത്സയില്ല; ഒരു സൗകര്യങ്ങളുമില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. അമേരിക്കയിലും യൂറോപ്പിലെ വിവിധ ഭാഗങ്ങളിലും ഗൾഫിലുമെല്ലാം

കഴിഞ്ഞുകൂടുന്ന മലയാളികളായ ആളുകളെക്കുറിച്ച് നമുക്ക് വലിയ ആശങ്ക നിലനിൽക്കുകയല്ലേ? കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നിലപാട് തിരുത്തിക്കാൻവേണ്ടി ശക്തമായ ഇടപെടൽ നടത്തുന്നതിനും പ്രവാസികളായിട്ടുള്ളവരുടെ കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ പി.സി.ആർ. ടെസ്റ്റുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിക്കുകയുണ്ടായി. കോമൺ കോൾഡ് വരാൻ പോകുകയാണ്. അങ്ങനെ വരുമ്പോൾ ഇവർക്കെല്ലാം ഈ വൈറസാണെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഇറങ്ങിത്തിരിച്ചാൽ ഇതെവിടെച്ചെന്ന് അവസാനിക്കുമെന്നൊരു വലിയ ആശങ്ക ഗവൺമെന്റ് ഗൗരവപൂർവ്വം കാണേണ്ടതായിട്ടുണ്ട്. പി.സി.ആർ. ടെസ്റ്റ് എല്ലാവർക്കും പ്രായോഗികമായി നടത്താൻ കഴിയില്ല. അപ്പോൾ കോമൺ കോൾഡ് തിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള ഗൗരവതരമായ ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. വിവിധങ്ങളായ ലാബുകളുടെ സൗകര്യം മെച്ചപ്പെടുത്തുകയും ഐസൊലേഷൻ സംവിധാനത്തെക്കുറിച്ച് ഗൗരവമായി പരിശോധിക്കുകയും വേണം. കേരളത്തിൽ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചുവെന്നുള്ളതിന്റെ ഉത്തരവ് ഗവൺമെന്റിറക്കണമെന്നാണ് ഡൽഹിയിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നത്. അങ്ങനെയൊരു ഉത്തരവിറക്കേണ്ട ആവശ്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... ഇന്ന് വെള്ളിയാഴ്ചയാണ്. അങ്ങ് സഹകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, തിങ്കളാഴ്ച മുതൽ വിവിധ നഴ്സിംഗ് കോളേജുകളിൽ ക്ലാസ് ആരംഭിക്കുകയാണ്, ക്ലാസിൽ പോകണമെന്ന് എല്ലാ കുട്ടികളോടും പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അങ്ങനെയൊരു സാഹചര്യം ഒഴിവാക്കണമെന്ന ആവശ്യംകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ മട്ടിലാണ് പോകുന്നതെങ്കിൽ വെള്ളിയാഴ്ച ദിവസമായതിനാൽ സമയം നീട്ടിവയ്ക്കാനുള്ള ഒരു പ്രമേയം ആദ്യംതന്നെ എടുക്കേണ്ടതായിവരും.

11.00 a.m.]

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കോവിഡ് 19 എന്ന മഹാമാരിയെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും കേരള സർക്കാർ മാതൃകാപരമായി പ്രവർത്തിക്കുകയാണ്. ഇന്ത്യയിലെ സംസ്ഥാന സർക്കാരുകളിൽ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്നത് കേരളമാണ്. കേരളത്തെ മാതൃകയാക്കണമെന്ന് ആരോഗ്യരംഗത്തെ വിദഗ്ദ്ധരും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ പ്രമുഖരും പറയുന്നതും അതുകൊണ്ടാണ്. കേരളത്തെ സംബന്ധിച്ച് ബി.ബി.സി.-യിൽ നടന്ന ചർച്ച നമ്മളെല്ലാവരും

കേൾക്കുകയുണ്ടായി. 'നിപ'-യെ വിജയകരമായി അതിജീവിച്ച കേരളാനുഭവങ്ങൾ ലോകത്തിന് തന്നെ പാഠമാണെന്നാണ് ആ ചർച്ചയിൽ പറഞ്ഞത്. അത് കേൾക്കാത്തത് കേരളത്തിലെ പ്രതിപക്ഷം മാത്രമാണ്. ഡോ. എം. കെ. മുനീർ പ്രസംഗത്തിൽ പറഞ്ഞ മാനസികരോഗം ബാധിച്ചിട്ടുള്ളത് പ്രതിപക്ഷത്തിന് തന്നെയാണ്. കേരളത്തിൽ ഒരേ മനസ്സോടുകൂടി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ഘട്ടത്തിൽ പ്രതിപക്ഷത്തെ ചില അംഗങ്ങൾ മോശമായി പ്രസംഗിക്കുന്നത് കേട്ടു. കേരളം ഇന്ന് ചിന്തിക്കുന്നത് നാളെ ഇന്ത്യ കേൾക്കും എന്നാണ് രാജ് ദീപ് സർദേശായി എന്ന മാധ്യമ പ്രവർത്തകൻ ദേശീയ ചാനലിൽ പറഞ്ഞത്. കേരളത്തിൽ നടക്കുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ഇന്ത്യക്കാകെ മാതൃകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ബഹുമാന്യരായ മന്ത്രിമാർ തൃശ്ശൂരിലെ യോഗത്തിൽ എത്താൻ വൈകിയെന്ന് വടക്കാഞ്ചേരി അംഗം പറയുകയുണ്ടായി. തൃശ്ശൂരിൽ നിന്നുള്ള ശ്രീ. വി. എസ്. സുനിൽ കുമാറും ശ്രീ. എ. സി. മൊയ്തീനും പ്രൊഫ. സി. രവീന്ദ്രനാഥും കൂടി ക്യാമ്പ് ചെയ്തുകൊണ്ടാണ് അവിടെ പ്രവർത്തനം നടത്തിയത്. ആലത്തൂർ എം.പി.-യെ യോഗത്തിന് വിളിച്ചില്ലെന്ന് പറഞ്ഞു. ഇതെന്താ കല്ല്യാണമാണോ? ജില്ലാ കളക്ടർ വിളിച്ചിട്ടും ആ യോഗത്തിന് വന്നില്ലെന്നുള്ളതല്ലേ സത്യം. തൃശ്ശൂർ അംഗം വന്നോ? (.....ബഹളം....) തൃശ്ശൂർ കളക്ടറേറ്റിൽ രാവിലെ പത്ത് മണിക്കും പിന്നീട് ഉച്ചയ്ക്കുശേഷം 2.00 മണിക്കും വിളിച്ച യോഗത്തിൽ നിങ്ങൾ വന്നില്ല. കളക്ടർ വിളിച്ചിട്ടും നിങ്ങൾ വന്നില്ല. ....(ബഹളം).....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ,.....

<u>മി. സ്പീക്കർ</u>: അതിൽ അൺപാർലമെന്ററിയായി എന്താണുള്ളത്? ഇരിക്കൂ... കല്ല്യാണമാണോ എന്ന് ചോദിക്കുന്നതിൽ അൺ പാർലമെന്ററിയുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇവിടെ ഞങ്ങളല്ല ആദ്യം പറഞ്ഞത്. രാഷ്ട്രീയമായി ഏറ്റവും മോശമായ കാര്യങ്ങൾ പറഞ്ഞത് നിങ്ങളാണ്. കേരളത്തിൽ ആരോഗ്യ പ്രവർത്തനം ഏറ്റവും സുഗമമായി നടത്തിയ കേരള സർക്കാരിനെ അഭിനന്ദിക്കുന്നതിനുപകരം –അവജ്ഞാപൂർവ്വം അതിനെ കാണുകയാണ് ചെയ്തത്. ആദ്യഘട്ടത്തിൽ കൊറോണ ബാധിച്ച മൂന്ന് രോഗികളെ ചികിത്സിക്കുകയും രോഗ ശാന്തിയുണ്ടാക്കുകയും ചെയ്തു. പിന്നീട് ഇറ്റലിയിൽ നിന്നും വന്ന രോഗികളെ കൈകാര്യം ചെയ്ത അനുഭവങ്ങൾ പത്തനംതിട്ട അംഗം വിശദീകരിച്ചു. കേരളമാകെ ഒരേ മനസ്സോടുകൂടി പ്രവർത്തനങ്ങൾ നടത്തുമ്പോൾ, പത്ര സമ്മേളനം നടത്തുന്ന മീഡിയാ മാനിയയാണ് ആരോഗ്യ വകുപ്പുമന്ത്രിയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ മാധ്യമ പ്രവർത്തകരോട് പറഞ്ഞത്. ആർക്കാണ് മീഡിയാ മാനിയ; ദിവസേന പത്ര സമ്മേളനം നടത്തുന്നത് ആരാണ്? ഇക്കാര്യം പറയാനായി പത്ര സമ്മേളനം വിളിച്ചു. പത്രസമ്മേളനം വിളിക്കുന്നത് തെറ്റാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷെ, ഇതുപോലെ ലോകം മുഴുവൻ ഉറ്റുനോക്കുന്ന

വിശ്വമഹാമാരിയെ നേരിടുന്നതിന് ഈ സംസ്ഥാനത്ത് ശ്രമകരമായി പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിനെയും ബഹുമാന്യയായ മന്ത്രിയെയും അഭിനന്ദിക്കുന്നതിനുപകരം ഏറ്റവും മോശമായിട്ടാണ് ഇക്കാര്യത്തെ കാണുന്നത്. ഇതിൽ ഒരേ മനസ്സോടുകൂടി മുന്നോട്ട് പോവുകയാണ് വേണ്ടത്. ഈ നിയമസഭയിൽ നിന്നും നൽകേണ്ട സന്ദേശം അതാണെന്ന് ഞാൻ പറയുന്നു. ഞാൻ ആരോഗ്യ വകുപ്പിനെയും ബഹുമാന്യരായ ആരോഗ്യവകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയെയും പിന്താങ്ങുകയാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അതീവ ഗുരുതരമായ ഒരു ആരോഗ്യ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ, ഒരു വനിതയായ ആലത്തൂർ എം.പി.-യെ ക്ഷണിക്കാത്തത് എന്തുകൊണ്ടെന്ന് ചോദിക്കുമ്പോൾ, ഇത് കല്യാണമാണോ ക്ഷണിക്കാൻ എന്നാണ് പറഞ്ഞത്. ആദരണീയനായ മന്ത്രി പോലും ഇതിന് മറുപടി പറയാത്തത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: അങ്ങ് ദയവായി മനസിലാക്കണം. കല്യാണത്തിനാണോ എന്ന് ചോദിച്ചത് അൺ പാർലമെന്ററി വാക്കായി എനിക്ക് തോന്നുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട വടക്കാഞ്ചേരി അംഗം സംസാരിച്ചപ്പോൾ പറഞ്ഞത് മന്ത്രിമാർ മനഃപൂർവ്വം വൈകി വന്നതാണ് എന്നാണ്. ഞങ്ങൾ അക്കാര്യത്തിൽ ഇടപെടാതിരുന്നതാണ്. ഇവിടെ നിന്നും ലഭിച്ച ആദ്യ ഫ്ലൈറ്റിൽ മൂന്ന് മന്ത്രിമാരും അവിടെ എത്തിയിരുന്നു. അതിനേക്കാൾ വേഗതയുള്ള വാഹനം ഇന്ത്യയിലുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. ഞങ്ങൾ അവിടെ നിന്ന് നേരെ മെഡിക്കൽ കോളേജിലേയ്ക്ക് പോകുമ്പോൾ ശ്രീ. അനിൽ അക്കര അവിടെയുണ്ടായിരുന്നു. ചാനലുകാർക്ക് ഞങ്ങൾ വരുന്ന കാര്യം അറിയാമായിരുന്നു. എം.പി.-മാരായ ആളുകൾക്കെല്ലാം ഏതെങ്കിലും രീതിയിൽ വരാമായിരുന്നിട്ടും അവർ വരാതിരുന്നത് ക്ഷണിക്കാത്തതു കൊണ്ടാണെന്ന് പറയുന്നത് ന്യായമാണോ എന്ന് അങ്ങ് പരിശോധിക്കണം. പിറ്റേ ദിവസം ഇവരാരും വന്നിട്ടില്ല. ഞങ്ങളാരും ഇത് രാഷ്ട്രീയമായി ഉന്നയിച്ചിട്ടില്ല.

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: ഇക്കാര്യത്തിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല....അങ്ങ് ഇരിക്കൂ... ശ്രീ. കെ. എസ്. ശബരീനാഥന് പ്രസംഗിക്കാം. വളരെ panic-ആയ വിഷയത്തിൽ ചർച്ച നടക്കുമ്പോൾ, എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട സന്ദർഭത്തിൽ ഇങ്ങനെയൊന്നും വെറുതെ വിവാദം ഉണ്ടാക്കേണ്ട കാര്യമില്ല. ശ്രീ. കെ. എസ്. ശബരീനാഥൻ സംസാരിക്കുന്നുണ്ടോ? അടുത്ത അംഗം സംസാരിക്കുമ്പോൾ ക്ലാരിഫൈ ചെയ്താൽ മതി. ചർച്ച കഴിഞ്ഞിട്ടേ അവസരം നൽകാൻ കഴിയൂ.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇന്ന് ലോകമാകെ പടർന്നു കൊണ്ടിരിക്കുന്ന മഹാമാരിയാണ് കോവിഡ് 19. ലോകാരോഗ്യ സംഘടനയുടെ ഇന്നലത്തെ ബ്രീഫിംഗ് പ്രകാരം ഏകദേശം 1,25,000 ആളുകൾക്കാണ് രോഗം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ലോകത്താകെ 5,000-ത്തോളം ആളുകൾ മരണപ്പെട്ട് കഴിഞ്ഞു. കേരളത്തിൽ ഏകദേശം 4180 ആളുകൾ നിരീക്ഷണത്തിലാണ്. കൊവിഡ് വൈറസ് ഉണ്ടെന്ന് സ്ഥിരീകരിച്ച 20 ആളുകളിൽ 17 പേർ ആശുപത്രികളിലാണ്. പ്രതിപക്ഷത്തിന്റെ ധർമ്മം ജനങ്ങളുടെ ആശങ്കകൾ സർക്കാരിനോട് പറയുക എന്നുള്ളതാണ്. നിങ്ങൾ ചെയ്ത കാര്യങ്ങളെയൊന്നും നിരാകരിക്കുന്നില്ല. പക്ഷെ, നിങ്ങൾ ചെയ്യാത്ത കാര്യങ്ങൾ ആർജ്ജവത്തോടെ പറയുകയാണ് പ്രതിപക്ഷത്തിന്റെ ലക്ഷ്യം. പ്രത്യേകിച്ച്, ഇവിടെ ചർച്ചയായ റാന്നിയിലെ കുടുംബത്തിന്റെ വിഷയം. മുമ്പ് ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ, ഫെബ്രുവരി 26-ലെ മിനിസ്ട്രി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയറിന്റെ അഡ്വൈസറിയിൽ ഇറ്റലിയിൽ നിന്നും വരുന്ന ആളുകളെ 14 ദിവസം may be quarantined എന്ന് പറയുന്നുണ്ട്. ഞാൻ മറ്റ് വിഷയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്നലെ തിരുവനന്തപുരത്ത് നടന്ന വിഷയം മാത്രം പറയാം. 11-ാം തീയതി രാവിലെ 2.00 മണിക്ക് ഇറ്റലിയിൽ നിന്ന് ഖത്തർ വഴിയാണ് അദ്ദേഹം എയർപോർട്ടിലെത്തിയത്. ഈ ചർച്ചകളൊക്കെ സഭയിൽ നടക്കുന്ന സമയത്താണ്. ഈ രേഖയിൽ പറയുന്നത്, ഒരാൾ ഇറ്റലിയിൽ നിന്ന് വരികയാണെങ്കിൽ അപ്പോൾത്തന്നെ ക്വാറന്റെയിൻ ചെയ്യണമെന്നാണ്. നിങ്ങൾ ക്വാറന്റെയിൻ ചെയ്തില്ല. ഒന്നാമത്തെ തെറ്റ് അതാണ്. എയർപോർട്ടിൽനിന്നും ടാക്സി പിടിച്ച് അദ്ദേഹം വീട്ടിലെത്തി. പിറ്റേ ദിവസം അദ്ദേഹത്തെ കണ്ട പഞ്ചായത്ത് മെമ്പർക്ക്, ഈ സർക്കാരിനില്ലാത്ത ഒരു ജാഗ്രത അദ്ദേഹത്തിന് ഉണ്ടായതുകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയി. ഒന്നാമത്തെ ഘട്ടമായിട്ടുപോലും അദ്ദേഹത്തെ അവിടെ ക്വാറന്റെയിൻ ചെയ്തില്ല. ഇറ്റലിയിൽ നിന്ന് വന്നതാണെന്ന് പറഞ്ഞിട്ടുപോലും അദ്ദേഹത്തെ ടെസ്റ്റ് ചെയ്തതിനുശേഷം വാഹനംപോലും കൊടുക്കാതെ ഹോം ക്വാറന്റെയിനിലേയ്ക്ക് വിടുകയാണ് ചെയ്തത്. രണ്ടാമത്തെ തെറ്റ് ചെയ്തതും സർക്കാർ തന്നെയാണ്. ഇറ്റലിയിൽ നിന്നും വരുന്ന ആളുകളെ 14 ദിവസം ക്വാറന്റെയിൻ ചെയ്യണമെന്ന് പറയുമ്പോഴും ഉത്തരവാദിത്വമില്ലാതെ എയർപോർട്ടിൽ നിന്നും സ്ക്രീൻ ചെയ്ത് നേരെ വിടുകയാണ് ചെയ്തത്. നാട്ടിൽ വന്നതിനുശേഷം സ്വമേധയാ മെഡിക്കൽ കോളേജിൽ പോയപ്പോൾ അദ്ദേഹത്തെ ഐസൊലേഷനിലാക്കാതെ വീട്ടിലേയ്ക്ക് വിട്ടുകൊണ്ട് തെറ്റ് കാണിച്ചത് സർക്കാരാണ്. ഇന്നലെ രാവിലെ ലാബ് റിസൾട്ട് വന്നപ്പോൾ ആരോരുമറിയാതെ പാനിക് ചെയ്ത് ഡി.എം.ഒ. അവിടെ നിന്ന് വാഹനം അയച്ച് അദ്ദേഹത്തെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്.

നേരത്തെ ആലത്തൂർ എം.പി.-യുടെ കാര്യം പറഞ്ഞു. എം.എൽ.എ.-മാരും എം.പി.-മാരും അറിഞ്ഞു പോകണമെന്ന കാര്യം പറഞ്ഞത് ഞാൻ സമ്മതിച്ചു. ഞാൻ തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. ആണ്. ഈ വിഷയം അറിഞ്ഞപ്പോൾ തിരുവനന്തപുരം ഡി.എം.ഒ.-യെ രണ്ട് തവണ ഫോണിൽ വിളിച്ചിട്ടും അദ്ദേഹം ഫോൺ എടുത്തില്ല. മൂന്നാമത്തെ തവണ ഫോൺ എടുത്തപ്പോൾ, ഞാൻ ഇക്കാര്യം ചോദിച്ചു. ഞാൻ വ്യക്തിയുടെ പേരോ, പഞ്ചായത്തോ ഒന്നും പറയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വ്യക്തിയുടെ വിഷയം ഉണ്ടെന്ന് പറഞ്ഞപ്പോൾ, എനിക്കത് അങ്ങയോട് പറയാൻ കഴിയില്ലെന്നാണ് ഡി.എം.ഒ. എന്നോട് പറഞ്ഞത്. ഞാൻ ഒരു മാന്യനായതുകൊണ്ട് വഴക്കുണ്ടാക്കാനോ കയർക്കാനോ പോകാതെ ഫോൺ കട്ട് ചെയ്തു. തൊട്ടടുത്ത എന്റെയൊരു മാധ്യമ സുഹൃത്തിനെ വിളിച്ചപ്പോൾ അദ്ദേഹം ഈ രോഗിയുടെ പേരും മേൽവിലാസവും ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ പറഞ്ഞുതന്നു. അപ്പോൾ ഇക്കാര്യങ്ങളെല്ലാം ആരോഗ്യ വകുപ്പ് പത്രക്കാർക്ക് കൊടുക്കുമ്പോൾ ജനപ്രതിനിധി എന്ന നിലയിൽ എനിക്ക് നൽകാൻ കഴിഞ്ഞില്ലെങ്കിൽ സർക്കാർ അതിൽ രാഷ്ട്രീയം കാണുന്നതുകൊണ്ട് തന്നെയാണ്. ഇറ്റലിയിൽ നിന്നും വരുന്ന ആളുകളെ കണ്ടുപിടിക്കുവാൻ ഒരു ബുദ്ധിമുട്ടുമില്ല. ഇങ്ങനെ വരുന്നവരെ ക്വാറന്റൈയിൻ ചെയ്യണം. അതൊന്നും ചെയ്യാതെ നിങ്ങൾക്ക് എതിരെയുള്ള കാര്യങ്ങളിൽ കണക്കുകൾ പറയുമ്പോൾ അതിനെ എതിർത്തുകൊണ്ട് നിങ്ങൾ പ്രശ്നം ഉണ്ടാക്കുന്നത് ശരിയല്ല. അതിനോടൊപ്പം എല്ലാ പഞ്ചായത്തുകളിലും മീറ്റിംഗ് വിളിക്കാൻ പറഞ്ഞിരിക്കുകയാണ്. കോവിഡ്- 19-ന്റെ സൊല്യൂഷൻ, ഇതുപോലെ പഞ്ചായത്ത് മെമ്പർമാരെയും ആളുകളെയും വിളിച്ച് അതാത് പഞ്ചായത്ത് തലത്തിൽ മീറ്റിംഗ് വിളിക്കുന്നതുതന്നെ സർക്കാർ പറഞ്ഞിരിക്കുന്ന അഡ്വൈസറിക്ക് എതിരാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ രാഷ്ട്രീയം, പബ്ലിസിറ്റി, പത്രക്കാർ ഇതൊന്നും നോക്കാതെ വ്യക്തമായ പ്രോട്ടോക്കോൾ അനുസരിച്ച് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വോട്ടർപട്ടിക അടക്കമുള്ള കാര്യങ്ങൾക്കും ബാങ്കിംഗ് അദാലത്തിനും സമയം കൊടുക്കണം. ആളുകൾക്ക് സഹായം ചെയ്തുകൊണ്ട് ഒരുമിച്ച് മുന്നോട്ട് പോകാമെന്ന് മാത്രം പറയുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ 2003-ൽ SARS (Severe Acute Respiratory Syndrome)-ഉം 2009-ൽ Swine Flu-ഉം 2014-ൽ Ebola Virus-ഉം അതിനുശേഷം നിപയും ഇപ്പോൾ കൊറോണ വൈറസും വന്നതിന്റെ ഭീതിയിലാണ് ലോകം നിൽക്കുന്നത്. SARS-ഉം Ebola-യും വച്ചുനോക്കുമ്പോൾ കൊറോണ വൈറസിന് Mortality Rate വളരെ കുറവാണ്. പക്ഷേ ഭയാനകമായ സാഹചര്യം ഇന്ന് ലോകത്തെല്ലായിടത്തും സൃഷ്ടിച്ചിട്ടുണ്ട്. വൈറസ് അപകടകാരി

തന്നെയാണ്. പക്ഷെ അതിനേക്കാൾ ഇരട്ടി അപകടകരമായ നിലയിലേയ്ക്ക് ഇതിന്റെ ഇൻഫർമേഷൻസ് പാസ് ചെയ്യുന്നു. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ച ഇൻഫോഡെമിക്. അത് അപകടകരമായ നിലയിൽ വരുന്നു. ആദ്യം അതിനെ നിയന്ത്രിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ധാരാളം വ്യാജസന്ദേശങ്ങൾ വരുന്നുണ്ട്. അതുണ്ടാക്കുന്ന അപകടം രോഗത്തെക്കാൾ അപകടകരമായ നിലയിലേയ്ക്ക് മാറുന്നു. ഇവിടെ quarantine ചെയ്തവർ വലിയ രീതിയിലുള്ള മാനസിക സംഘർഷത്തിൽ നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ 200-ൽപ്പരം ആളുകൾ ഇപ്പോൾ quarantine-ലാണ്. പലരേയും വിളിക്കുമ്പോൾ അവർക്ക് വേണ്ടരീതിയിലുള്ള മെഡിക്കൽ ബാക്അപ് കിട്ടുന്നില്ലെന്ന നിലയാണ്. അവർക്ക് കൗൺസിലിംഗ് കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. പക്ഷേ ഫലപ്രദമായ നിലയിൽ കൗൺസിലിംഗ് മാറുന്നില്ലെന്നുള്ളതാണ് വസ്തുത. റൂട്ട് മാപ് നിശ്ചയിച്ചതിൽ ധാരാളം അപാകതകളുണ്ട്. റാന്നി ഫാമിലി നെടുമ്പാശ്ശേരിയിൽ നിന്ന് പോയപ്പോൾ അവർ ആര്യാസ് ഹോട്ടലിൽ കയറിയെന്ന് ഇവിടെ പറഞ്ഞു. മൂവാറ്റുപുഴ, കൂത്താട്ടുകുളം, കുറവിലങ്ങാട് ഭാഗങ്ങളിൽ അത്തരമൊരു ഹോട്ടലില്ല. പിന്നെ എങ്ങനെയാണ് ഈ ഹോട്ടലിന്റെ പേര് വന്നത്? ആളുകളെ ഭീതിയിലാഴ്ത്തുന്ന സാഹചര്യത്തിൽ എത്തിയിരിക്കുകയാണ്. കൊറോണ വൈറസിനെ സംബന്ധിച്ച് 26-ാം തീയതി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അറിയിപ്പ് ലഭിച്ചിട്ട് അത് മറച്ചുവച്ചത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. 26-ാം തീയതി അറിയിപ്പ് വന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. ഇത്തരത്തിലുള്ള അപാകതകളാണ് ഞങ്ങൾ ചൂണ്ടിക്കാട്ടുന്നത്. വിമർശനങ്ങളെ വളരെ സംയമനത്തോടെ ഉൾക്കൊള്ളാൻ തയ്യാറാകണം. ഇത്തരത്തിലുള്ള അപാകതകൾ ചൂണ്ടിക്കാട്ടേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. വിദേശത്തുൾപ്പെടെ മറ്റ് പല രാജ്യങ്ങളിലേയ്ക്കും പോകാൻ സാധിക്കാതെ എയർപോർട്ടുകൾ അടച്ചിട്ടിരിക്കുകയാണ്. അടിയന്തര സാഹചര്യങ്ങളിൽ വിദേശത്തേയ്ക്ക് പോകുന്നവർക്ക് ഇതുസംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കണമെന്ന് പറയുന്നുണ്ട്. അത് എവിടെനിന്ന് ലഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സജി ചെറിയാൻ: സർ, മഹാമാരിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുള്ള രോഗമാണ് കൊറോണ വൈറസ്. ഇതിന്റെ ഗൗരവത്തെക്കുറിച്ച് പ്രതിപക്ഷം മനസ്സിലാക്കണം. കോളറ, എബോള, പ്ലേഗ്, സിക വൈറസ് എന്നിവയെക്കാൾ ഭീകരമാണ് കൊറോണ എന്ന് ലോകാരോഗ്യ സംഘടന പറഞ്ഞിട്ടുണ്ട്. ബ്രിട്ടണിലെ ആരോഗ്യ വകുപ്പുമന്ത്രിക്കും ഉന്നത കായികതാരങ്ങളായ

ക്രിസ്റ്റ്യാനോ റൊണാൾഡൊ, വൈൽഡ്മാൻടിക്സ്, ഡാനിയേൽ റുഗാനി തുടങ്ങിയവർക്കും കനേഡിയൻ പ്രസിഡന്റിനും ഈ രോഗം പിടിപെട്ടിട്ടുണ്ട്. കൂടാതെ 122 രാജ്യങ്ങളിലും ഈ രോഗം പിടിപെട്ടു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ലോകത്ത് ഏറ്റവും മെച്ചപ്പെട്ട വികസന മുന്നേറ്റമുള്ള രാജ്യങ്ങളായ അമേരിക്ക, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, സൗദി, കുവൈറ്റ് എന്നീ രാജ്യങ്ങൾക്കൊന്നും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നമ്മുടെ സംസ്ഥാന ഗവൺമെന്റും ആരോഗ്യ വകുപ്പും ചെയ്തുവെന്ന് അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. നിസ്സംഗതയായിരുന്നു ഗവൺമെന്റിനെന്ന് ഒരു പ്രതിപക്ഷാംഗം പറയുകയുണ്ടായി. അദ്ദേഹത്തിന് എവിടെനിന്നാണ് ഈ വാക്ക് കിട്ടിയതെന്ന് എനിക്കറിയില്ല. ഓവറാക്ട് ചെയ്തുവെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുന്നു. അപ്പോൾ നിങ്ങൾ തമ്മിൽ ഒരു ധാരണയുണ്ടാകണം. ഇതിലേതാണ് ഞങ്ങൾ എടുക്കേണ്ടതെന്ന് പറഞ്ഞാൽ സൗകര്യപ്രദമായിരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതലുള്ള വികസനം കണ്ടിട്ടുള്ള അസൂയയാണ് പ്രതിപക്ഷത്തിന്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രളയമുണ്ടായപ്പോൾ അതിന് ആവശ്യത്തിൽക്കൂടുതൽ പാര വച്ചു. അതുപോലെ ഓഖി വന്നപ്പോൾ അതിന് ദോഷകരമായി ചെയ്യാവുന്നതെല്ലാം ചെയ്തു. അതിനുശേഷം നിപ വൈറസ് പിടിപെട്ടപ്പോഴും എല്ലാ ദ്രോഹവും ചെയ്തു. പൗരത്വ ബിൽ വന്നപ്പോൾ അതിന്റെ ക്രെഡിറ്റ് നേടാൻ വന്നു. ഇപ്പോൾ കൊറോണ വന്നു, എന്താണ് പ്രശ്നം? ഇവരുടെ അധികാര ദുരാഗ്രഹത്തിന്റെയും അസംതൃപ്തിയുടെയും പ്രതിഫലനമാണ് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. (....ബഹളം...) അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജയിക്കാൻ ഇതൊന്നും പ്രയോഗിക്കേണ്ട കാര്യമില്ല. രാഷ്ട്രീയമൊക്കെ നമുക്ക് പറയാം. ഒരു പ്രത്യേകതരം മാനസിക വിഭ്രാന്തിയിലേയ്ക്ക് പ്രതിപക്ഷ നേതൃത്വം പോയിരിക്കുന്നുവെന്നുള്ളതാണ്. (....ബഹളം...) ലോകത്ത് ആശങ്കയിൽ പടരുന്ന കൊറോണ വൈറസിനേക്കാൾ മാരകമായ വൈറസാണ് ചില കോൺഗ്രസ് നേതാക്കന്മാരുടെ തലയ്ക്കകത്ത് കയറിയിരിക്കുന്നത്. (....ബഹളം...) ആരോഗ്യ വകുപ്പുമന്ത്രി ഇമേജ് ബിൽഡ് ചെയ്യുന്നതിന് എല്ലാ ദിവസവും പത്രസമ്മേളനം വിളിച്ചുകൂട്ടിയെന്നാണ് ഇവിടെ പറഞ്ഞത്. ഈ സംസ്ഥാനത്ത് ഇമേജ് ബിൽഡ് ചെയ്യുന്നതാരാണെന്ന് ആലോചിക്കണ്ടേ? (....ബഹളം...) പ്രതിപക്ഷം കൊണ്ടുവന്ന വിഷയം എന്താണ്? 30 ഡിഗ്രി ചൂടിൽ നിന്നാൽ കൊറോണ മാറുമെന്ന് ഒരു കോൺഗ്രസ് നേതാവ് പറഞ്ഞു. (....ബഹളം...) 30 ഡിഗ്രി ചൂട് വെള്ളത്തിൽ കുളിച്ചാൽ കൊറോണ മാറുമെന്ന് കെ.പി.സി.സി. പറയുന്നു. (....ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്..... ഇരിക്കൂ. നിങ്ങൾക്കും മറുപടി പറയാം. ഇവിടെ ആർക്കുവേണമെങ്കിലും രാഷ്ട്രീയ പ്രസ്താവന നടത്താം. നിങ്ങൾ ഇരിക്കൂ. (....ബഹളം...)

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പ്രശ്നത്തെ തെറ്റായി വ്യാഖ്യാനിച്ച് ഗവൺമെന്റിനെ മോശപ്പെടുത്താനായി നടത്തുന്ന പരിശ്രമമാണ് നടന്നു കൊണ്ടിരിക്കുന്നത്. മുമ്പൊക്കെ ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും മന്ത്രിമാരും പത്രക്കാരെ കാണുന്നില്ലെന്ന് പറയുമായിരുന്നു. പ്രതിപക്ഷത്തിന് അപ്പോൾ ഭയങ്കര വിഷമമായിരുന്നു. ഇപ്പോൾ പത്രക്കാരെ കാണുന്നതാണ് പ്രശ്നം. ശ്രീമതി കെ. കെ. ശൈലജ ടീച്ചറെക്കുറിച്ച് ഞാൻ അഭിമാനത്തോടെ പറയുകയാണ്, പ്രളയമുണ്ടായ ഘട്ടത്തിൽ എന്റെ നാട്ടിൽ പകർച്ചവ്യാധിയുണ്ടാകുമെന്ന സാഹചര്യം വന്നപ്പോൾ അവിടെയെത്തി ദിവസങ്ങളോളം ക്യാമ്പ് ചെയ്ത് മൂന്ന് ലക്ഷം ആളുകളിൽ ഒരാൾക്കുപോലും പകർച്ചവ്യാധിയുണ്ടാകാതെ ഞങ്ങളെ സംരക്ഷിച്ച മാതാവാണ് ഇവിടെയിരിക്കുന്നത്. അതുകൊണ്ടാണ് 'ടീച്ചറമ്മ' എന്ന് ഞാൻ ഈ നിയമസഭയിൽ പ്രസംഗിച്ചത്. തൃശ്ശൂരിലും പത്തനംതിട്ടയിലും കൊറോണ വൈറസുണ്ടായപ്പോൾ അവർ രാപ്പകലില്ലാതെ കഠിനാദ്ധ്വാനം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭാ യോഗം കൂടുകയും രണ്ട് തവണ പത്രസമ്മേളനം നടത്തുകയും കൂടാതെ ഇക്കാര്യത്തിൽ ജനങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് വിശദീകരിക്കുകയും ചെയ്തു. ആശങ്കയുണ്ടാക്കി ജനങ്ങളെ ഭയപ്പെടുത്താതെ ജാഗ്രതയോടെ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യാൻ മുന്നോട്ടുവരുന്ന ഗവൺമെന്റിനെ ആക്ഷേപിക്കുന്ന സമീപനം പ്രതിപക്ഷം സ്വീകരിക്കരുത്. 29-ാം തീയതി ഇവിടെവന്ന വിദേശിയെക്കുറിച്ച് പ്രതിപക്ഷം പറഞ്ഞു. 29-നുമുമ്പ് പോളണ്ടിൽനിന്നും വന്ന വിദേശി എന്റെ നാട്ടിലുണ്ട്. അവർ എയർപോർട്ടിൽ കൃത്യമായ പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിച്ചു. എന്നാൽ 29-ാം തീയതി വന്നയാളിനെ പരിശോധിക്കാത്തതിന്റെ കാരണമെന്താണ്? ആവശ്യമായ അറിയിപ്പ് കൊടുക്കാഞ്ഞതുകൊണ്ടാണ്. അതുപോലും തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ഇവിടെ ആക്ഷേപം ഉന്നയിക്കുന്നത്. ദയവുചെയ്ത് ഈ പ്രശ്നത്തിൽ നിങ്ങൾ യോജിച്ച നിലപാട് സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇപ്പോഴുണ്ടായിട്ടുള്ള ഈ പകർച്ചവ്യാധിക്ക് ഉത്തരവാദികൾ ഈ ഗവൺമെന്റുമല്ല, പ്രതിപക്ഷവുമല്ല. ഇത് പ്രകൃതിയിൽ നിലനിൽക്കുന്ന സാഹചര്യങ്ങളുടെ ഫലമായി ലോകത്തിന്റെ പലഭാഗത്തും വളരുന്ന രീതിയിൽ ഇവിടെയുണ്ടായിട്ടുള്ളതാണ്. ഇതിന്റെ ദോഷഫലം ജനങ്ങളനുഭവിക്കാത്ത രീതിയിൽ പരസ്പരം സഹകരിച്ചും സഹായിച്ചും അതിന്

പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ് ഈ സമയത്ത് നമ്മൾ ചെയ്യേണ്ടത്. വാസ്തവത്തിൽ ആശങ്കയുണ്ടാക്കുകയല്ല വേണ്ടത്. ഇക്കാര്യമാണ് എല്ലാവരും ശ്രദ്ധിക്കേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കൊറോണയ്ക്കുമുന്നിൽ ലോകം വിറങ്ങലിച്ച് നിൽക്കുമ്പോൾ ജീവൻപോലും പണയപ്പെടുത്തി കേരളത്തിലെ മനുഷ്യജീവനുകൾ സംരക്ഷിക്കാൻ രാപ്പകലില്ലാതെ ജോലിചെയ്യുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർ, അതിന് നേതൃത്വം കൊടുക്കുന്ന കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, മറ്റ് മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരെല്ലാം ഒറ്റക്കെട്ടായി നിന്നുകൊണ്ടാണ് ഇതിനെ നേരിടാൻ തയ്യാറായി വന്നിരിക്കുന്നത്. വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് ഭയപ്പെട്ടുനിൽക്കുന്ന മനുഷ്യരുടെ ആശങ്കയും ഉത്കണ്ഠയും അകറ്റുന്നതിനുവേണ്ടി വളരെ നല്ല പ്രവർത്തനമാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിനും ഇതര സംസ്ഥാനങ്ങൾക്കും മാതൃകയായി കേരളം ഒറ്റക്കെട്ടായിനിന്ന് പ്രവർത്തിക്കേണ്ട സമയത്ത്, അല്പന്മാർ അർദ്ധരാത്രിയിലും കുടപിടിക്കുമെന്ന് പണ്ടത്തെ പഴമക്കാർ പറയുന്നതുപോലെയാണ് ഇപ്പോൾ പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ജനങ്ങളുടെ ഭീതിയും ആശങ്കയും അകറ്റാൻ നമുക്ക് ഒറ്റക്കെട്ടായിനിന്ന് പ്രവർത്തിക്കാമെന്ന് ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലോകമാകെ ഈ മഹാമാരിക്കുമുന്നിൽ വിറങ്ങലിച്ചുനിൽക്കുകയാണ്. ഇന്നലെ ബ്രിട്ടീഷ് ഭരണാധികാരിക്കാണ് ഈ വൈറസ് പിടിപെട്ടതെങ്കിൽ ഇന്ന് കാനഡയുടെ ഭരണാധികാരിക്കാണ് പിടിപെട്ടത്. ലോകത്തെ 118-ഓളം രാജ്യങ്ങൾ എന്തുചെയ്യണമെന്ന ആശങ്കയിൽ നിൽക്കുന്ന സാഹചര്യമാണ്. ലോകത്തുള്ള മുഴുവൻ ആളുകളും യോജിച്ചു നിന്നുകൊണ്ട് ഈ മഹാമാരിയെ പ്രതിരോധിക്കേണ്ട സാഹചര്യത്തിൽ കേരള നിയമസഭയിലെ പ്രതിപക്ഷം ഇങ്ങനെ അധഃപതിക്കാമോ? കേരളത്തിലെ കോൺഗ്രസ്സുകാർക്കെല്ലാം ഈ അഭിപ്രായമുണ്ടെന്ന് ഞാൻ കരുതുന്നില്ല. കേരള നിയമസഭയിലെ പ്രതിപക്ഷാംഗങ്ങൾക്കാണ് ഇത്തരത്തിൽ രാഷ്ട്രീയ അധഃപതനം സംഭവിച്ചിട്ടുള്ളത്. പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ സാഹിബ് തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് മനസ്സിലാകുന്ന ഭാഷയിൽ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം ആദ്യം കോൺഗ്രസ്സുകാർ, അണികൾ ഞങ്ങളെ വിശ്വസിക്കില്ലായെന്നാണ് സൂചിപ്പിച്ചത്. അത് വളരെ കറക്ടാണ്.

ഇന്നലെ വരെ കോൺഗ്രസ്സിനുവേണ്ടി ഏറ്റവും ശക്തമായി വാദിച്ച എന്റെ ഒരു സുഹൃത്ത് കേരളത്തിലെ ബഹുമാന്യനായ പ്രതിപക്ഷനേതാവിനെതിരെ മോശമായി ഒരു ഫേയ്സ് ബുക്ക് പോസ്റ്റിട്ടു. ജ്യോതിരാദിത്യസിന്ധ്യ പോയതുപോലെ ഇനി ഇദ്ദേഹവും കോൺഗ്രസ്സ് വിട്ട് ബി.ജെ.പി.-യിലേയ്ക്ക് പോകുകയാണോ എന്നുകരുതി ഞാൻ എന്റെ സുഹൃത്തിനെ വിളിച്ചു. ആ സുഹൃത്ത് ഞാൻ ഇനിയില്ലായെന്നാണ് പറഞ്ഞത്. ജ്യോതിരാദിത്യസിന്ധ്യ പോകുന്നതുപോലെയല്ല കേരളത്തിലെ കോൺഗ്രസ്സുകാർ പോകുന്നത്. അവർ അപ്പുറത്ത് വാക്കുകൊടുത്തിരിക്കുകയാണ് കേരളത്തിൽ അവശേഷിക്കുന്ന കോൺഗ്രസ്സിനെയും തകർത്ത് ഞാൻ നിങ്ങൾക്കൊപ്പം വരാം എന്ന്. കേരളത്തിലെ കോൺഗ്രസ്സ് അനുഭാവികൾ അങ്ങനെ കരുതിയാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ? അതുപോലെതന്നെയാണ് പ്രതിപക്ഷ നേതാവിന്റെ കസേരയുടെ മഹത്വവും. പ്രിയപ്പെട്ട മുനീർ സാഹിബ്, പ്രതിപക്ഷനേതാവിന്റെ കസേരയിലിരുന്ന ആളുകളെക്കുറിച്ച് വിശദീകരിച്ചു. അക്ബർ ചക്രവർത്തിയുടെ സുവർണ്ണ സിംഹാസനത്തിൽ മൂട്ട കയറിയിരുന്നപ്പോൾ ഭടന്മാർ 'അത് ചക്രവർത്തിയാണ് ആ മൂട്ടയെ കൊല്ലരുതേ' എന്നുപറഞ്ഞ കഥയായിരിക്കാം മനസ്സിൽ ആലോചിച്ചത്. മുനീർ സാഹിബ്തന്നെ ടീച്ചർ ഉറങ്ങിയിട്ടില്ലായെന്ന് പറഞ്ഞു. കേരളത്തിന്റെ ആരോഗ്യവകുപ്പുമന്ത്രിക്ക് എങ്ങനെ ഉറങ്ങാൻ കഴിയും? ഒരുപക്ഷെ, കേരളത്തിന്റെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് മീഡിയ മാനിയയാണെന്ന് പറയുമായിരിക്കും.

ഞാൻ തിരുവനന്തപുരത്തേയ്ക്ക് വരുന്നതിനിടയിൽ കൊട്ടാരക്കരയിൽ ഒരു ഹോട്ടലിൽ ചായ കുടിക്കാൻ കയറി. ഞാൻ അവിടെ സപ്ലയറെ തിരക്കിയപ്പോൾ സപ്ലയർ പറയുകയാണ്, സർ, ഞാൻ ഒരു മിനിറ്റിനുള്ളിൽ വരാമെന്ന്. ഞാൻ എന്താണെന്ന് ചോദിച്ചപ്പോൾ, ടീച്ചറുടെ പത്രസമ്മേളനം നടക്കുന്നു; എന്താണെന്ന് കേൾക്കട്ടെ എന്നുപറഞ്ഞു. അതാണ് പ്രിയപ്പെട്ട കോൺഗ്രസ്സ് സഹോദരങ്ങളെ, ഇന്ന് കേരളം ആഗ്രഹിക്കുന്നത്. എങ്ങനെയാണ് കേരളത്തിന്റെ ആരോഗ്യവകുപ്പുമന്ത്രി ടീച്ചറമ്മയായി കേരളത്തിലെ ജനഹൃദയങ്ങളിൽ ഇടം നേടിയത്? പൗഡറിട്ട്, പുട്ടിയിട്ട്, ഫേഷ്യൽ ചെയ്ത്, ഡൈ ചെയ്ത് അല്ല മീഡിയ റൂമിൽ പോയിരുന്ന് പത്രസമ്മേളനം നടത്തിയത്. ജനുവരി 30-നാണ് തൃശ്ശൂരിൽ ആദ്യ കേസ് റിപ്പോർട്ട് ചെയ്യുന്നത്. കേരളത്തിൽ ഈ മഹാ വൈറസ് വരുന്നുവെന്ന് കണ്ടപ്പോൾ ആ അർദ്ധരാത്രി ഈ 'അമ്മ' തൃശ്ശൂരിലെത്തി അവിടെയുള്ള ആരോഗ്യവകുപ്പ് ജീവനക്കാരും മറ്റ് ആളുകളുമായി യോഗംചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കി. ഈ വൈറസിനെതിരെ പ്രതിരോധം തീർത്തു, നമ്മൾ വിജയിച്ചു. അപ്പോഴാണ് പത്തനംതിട്ടയിലും

വന്നുവെന്ന വിവരമറിഞ്ഞ് ജില്ലാ ചുമതലയുള്ള മന്ത്രിയെ വിളിച്ച് രണ്ടുമണിക്ക് അവലോകനയോഗം നടത്തി, അതിനുശേഷം രാത്രി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അവിടെയെത്തി. എത്ര സ്നേഹത്തോടെ ആരോഗ്യവകുപ്പിന്റെയും ജനപ്രതിനിധികളുടെയും എം.എൽ.എ.-മാരുടെയും യോഗം വിളിക്കുന്നു. ജില്ലാ നിലവാരത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ പേര് പറയാൻ എനിക്കറിയില്ല. എന്നാൽ, പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ പേരെടുത്തുവിളിച്ച് നിർദ്ദേശങ്ങൾ കൊടുക്കുകയാണ് കേരളത്തിന്റെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി. നിങ്ങൾ അസൂയപ്പെട്ടിട്ട് കാര്യമില്ല. അങ്ങനെയാണ് കേരളത്തിലെ ജനഹൃദയങ്ങളിൽ അമ്മയായി ഈ ടീച്ചർ മാറിയിട്ടുള്ളത്. മാത്രമല്ല, നിങ്ങൾ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിക്കുന്നത്; ഇവിടെ ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ ഇതിനുമുമ്പ് ഉണ്ടായിരുന്നില്ല.

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കുക. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീമതി വീണാ ജോർജ്ജ്: സർ, അനിതരസാധാരണമായ ഒരു സ്ഥിതിവിശേഷമാണ് ലോകം നേരിടുന്നത്. ലോകരാജ്യങ്ങൾ കൊറോണ വൈറസിനെതിരെയുള്ള പ്രതിരോധം തീർക്കുന്നതിൽ വളരെ ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇന്ന് രാവിലെ വാർത്താ ചാനലുകളിൽ കേട്ടത് കാറ്റലോണിയൻ മേഖലയിൽ 5000 പേർക്ക് ഒറ്റയടിക്ക് പുതിയതായി കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചുവെന്നുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഒന്നേകാൽ ലക്ഷത്തോളം കൊറോണ വൈറസ് ബാധിതരായിട്ടുള്ള ആളുകൾ ലോകത്തുണ്ട്. കേരളം എന്ന നമ്മുടെ കൊച്ചുസംസ്ഥാനം പഴുതുകളടച്ച് പ്രതിരോധം തീർക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഞാൻ ഇന്ന് രാവിലെ പത്തനംതിട്ടയിൽ നിന്നാണ് വരുന്നത്. പത്തനംതിട്ടയിൽ തിരുവല്ല താലൂക്ക് ആശുപത്രിയിൽ നിന്ന് ഒരു സംഘം ഡോക്ടർമാർ ആലപ്പുഴ മെഡിക്കൽ കോളേജിലെ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെയുള്ള തലങ്ങളിൽ എല്ലാവർക്കും പരിശീലനം നൽകുന്നതിനുവേണ്ടി എത്തിയിട്ടുണ്ട്. കൊറോണ വൈറസ് ബാധയുള്ളവരെ എങ്ങനെയാണ് പരിചരിക്കേണ്ടത് എന്നതുസംബന്ധിച്ച്, അതിന് ട്രെയിൻഡായിട്ടുള്ള ആളുകളുണ്ടെങ്കിലും അത് വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുകയാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞതുപോലെ, ലോകമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു; ബി.ബി.സി-യുടെ പാനൽ 'കേരള മോഡൽ' എന്നുപറഞ്ഞ് അഭിനന്ദിച്ചു. ഇക്കണോമിക് ടൈംസ് ഉൾപ്പെടെയുള്ള

ലോകമാധ്യമങ്ങൾ മുഴുവൻ കേരള മാതൃകയെ അഭിനന്ദിക്കുകയാണ്. എന്നാൽ, കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടുകൾ വളരെ നിർഭാഗ്യകരമാണ്.

ഇവിടെ പ്രമേയം അവതരിപ്പിച്ചത് ഒരു ഭിഷഗ്വരനാണല്ലോ? ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ്, ഡോ. എം. കെ. മുനീർ, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്താണ് സർക്കാരിനെതിരെ പറഞ്ഞത്? അദ്ദേഹത്തിനൊന്നും പറയാനുണ്ടായിരുന്നില്ല. സാമൂഹ്യമാധ്യമങ്ങളിലൂടെ ഭീതി പടരുന്നു, അതിനെതിരെ നടപടി വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സർക്കാർ സ്വീകരിച്ച പ്രതിരോധ നടപടികളിൽ എന്തെങ്കിലും പാളിച്ചകൾ ഉണ്ടായിട്ടുള്ളതായി പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ഒരംഗത്തിനുപോലും ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ലായെന്നുള്ളത് നാം ഓർക്കേണ്ടതാണ്.

ഇവിടെ പറയുന്ന ഒരേയൊരു കാര്യം, ഇറ്റലിയിൽ നിന്നുള്ള കുടുംബം വിമാനത്താവളത്തിൽ നിന്ന് ഇറങ്ങുമ്പോൾ അവർക്ക് സ്ക്രീനിംഗ് നടന്നില്ലായെന്നുള്ളതാണ്. അതിനുള്ള മറുപടി 29-ാം തീയതി ഖത്തർ എയർവെയ്സിന്റെ വിമാനത്തിൽ ദോഹയിൽ നിന്ന് കൊച്ചിയിലെത്തിയ അതേ വിമാനത്തിലുണ്ടായിരുന്ന യാത്രക്കാരൻ നൽകിയിട്ടുണ്ട്. 3 തവണ ഫ്ലൈറ്റിൽ അനൗൺസ്മെന്റ് ഉണ്ടായിരുന്നുവെന്നും അവിടെ ആരോഗ്യവകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് ഉണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. എനിക്ക് പറയാനുള്ളത്, കേരളത്തിലെ ബഹുമാനപ്പെട്ട നേതാക്കൾ ഉൾപ്പെടുന്ന കേരളത്തിന്റെ പ്രതിപക്ഷമേ, നിങ്ങൾക്ക് ലജ്ജയില്ലേ ഇങ്ങനെയുള്ള നിലപാടുകൾ സ്വീകരിക്കുവാൻ? പത്തനംതിട്ടയിൽ 7-ാം തീയതി രാത്രിയാണ് 5 പേർക്ക് കൊറോണ വൈറസ് ബാധ സ്ഥിരീകരിക്കുന്നത്. മണിക്കൂറുകൾക്കകം ബഹുമാനപ്പെട്ട കെ. രാജു മിനിസ്റ്റർ അവിടെയെത്തി, അതിനുതൊട്ടുപിന്നാലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും അവിടെയെത്തി. അത് മണിക്കൂറുകൾ നീണ്ട സൂക്ഷ്മമായിട്ടുള്ള വിശകലനമായിരുന്നു. വിവിധ കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ, അതിനുവേണ്ടി ഐസൊലേഷൻസ്, സർവെയലൻസ് ഗ്രൂപ്പുകളെ നിയോഗിക്കുന്നതുൾപ്പെടെയുള്ള 11 ടീമുകളാണ് അവിടെ പ്രവർത്തിക്കുന്നത്. ഓരോ വീട്ടിലും പോയി ഇവർ കോൺടാക്ട് ചെയ്തിട്ടുള്ള ആളുകളെ കണ്ടെത്തി ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും ആവശ്യമെങ്കിൽ ഐസൊലേഷന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്ന് സംസാരിച്ച വിഷയങ്ങൾ എത്ര ആഴമുള്ളതും വിശാലമായതുമായിരുന്നു. ആ യോഗത്തിൽ രോഗികളുടെ മാനസികാവസ്ഥകൂടി നമ്മൾ കണക്കിലെടുക്കണം; അവർ അധികമൊന്നും പറയില്ല എന്നുപറഞ്ഞു.

അങ്ങനെ പറയുവാൻ ഒരു വനിതാ മന്ത്രിക്കുമാത്രമേ കഴിയൂ. അങ്ങനെയുള്ള ഒരു വനിതാ മന്ത്രിയെയാണ് ഈ സഭയിൽ വച്ച് കൂകിവിളിക്കുവാൻ കേരളത്തിലെ പ്രതിപക്ഷം തുനിഞ്ഞതെന്നുള്ളത് നാം ഓർക്കണം. വളരെ ലജ്ജാകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണിത്. ഇവർക്ക് കൊറോണ വൈറസിനെയല്ല പേടി, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൊറോണ വൈറസിനെ പ്രതിരോധിക്കുന്ന നടപടികളിലെ മികവിനെ ഭയപ്പെടുന്നു. ഇത്ര ഗൗരവമുള്ള ഒരു വിഷയം അടിയന്തരപ്രമേയം പോലെ ചർച്ച ചെയ്യാൻ സർക്കാർ എടുത്തപ്പോൾ, അതുസംബന്ധിച്ചുള്ള കാര്യങ്ങൾ കൃത്യമായി സർക്കാർ ചെയ്യേണ്ടതുണ്ട് എന്നുപറഞ്ഞു. അതുസംബന്ധിച്ച് നിങ്ങൾ ഒരു പോയിന്റ് പറഞ്ഞോ; നിങ്ങൾക്ക് പറയാനില്ല; അപ്പോൾ നിങ്ങൾ ഭയപ്പെടുകയാണ്. ഈ സർക്കാർ ചെയ്യുന്ന മികച്ച പ്രവർത്തനങ്ങളെ നിങ്ങൾ ഭയപ്പെടുകയാണ്. എനിക്ക് പറയാനുള്ളത്, കൊറോണ വൈറസ് ബാധയെയല്ല, കേരളത്തിലെ പ്രതിപക്ഷത്തെ ബാധിച്ചിരിക്കുന്ന അസൂയയുടെ വൈറസിനെയാണ് കേരളം ഇപ്പോൾ കാണുന്നത്. അതിന് ചികിത്സ നൽകുന്നത് കേരളത്തിലെ ജനങ്ങളായിരിക്കും എന്നുപറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

പത്തനംതിട്ട ജില്ലയെ സംബന്ധിച്ചിടത്തോളം എല്ലാ തരത്തിലുള്ള ജാഗ്രതാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സെറ്റ് ചെയ്തു. കൂടാതെ പന്തളം അർച്ചന, റാന്നി മേനാന്തോട്ടം തുടങ്ങിയ പ്രൈവറ്റ് ആശുപത്രികളിലും കൂടുതൽ ഐസൊലേഷൻ വാർഡുകൾ സെറ്റ് ചെയ്യുന്നുണ്ട്. അതെല്ലാം സജ്ജമാണ്. ഇത് അസാധാരണമായ സാഹചര്യമാണ്. ഈ കുടുംബം ബന്ധപ്പെട്ടിട്ടുള്ള എല്ലാ ആളുകളെയും ഐഡന്റിഫൈ ചെയ്ത് ഐസൊലേഷൻ വാർഡിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നിലനിൽക്കുന്ന ആരോഗ്യപരമായ സാഹചര്യങ്ങളെയും സാമൂഹ്യപരമായ സാഹചര്യങ്ങളെയും നേരിടുന്നതിന് സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. പത്തനംതിട്ട ജില്ലയിലേയ്ക്ക് നിങ്ങളെല്ലാവരും വരണം. അവിടത്തെ ജനങ്ങൾ എത്ര നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നതെന്ന് മനസ്സിലാക്കണം. ഒന്നും വരാതിരിക്കട്ടെ. ഇനി ഒരു കേസ്സുപോലും റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കട്ടെ. പക്ഷെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നെങ്കിലോ; അതുകൊണ്ട് ഈ ജാഗ്രത കേരളത്തിന് ആവശ്യമായിട്ടുള്ളതാണ്. കൊറോണ വൈറസ് ബാധയുടെ പ്രതിരോധത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളോടൊപ്പം നിങ്ങളും ഒരുമിച്ച് നിൽക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതിനുവേണ്ടിയിട്ടുള്ള പരിശ്രമമാണ്

നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. അതിനുപകരം മാധ്യമങ്ങളിലൂടെ ബഹുമാന്യയായ ആരോഗ്യവകുപ്പുമന്ത്രി സംസാരിക്കുന്നത് കണ്ടിട്ട് നിങ്ങൾ ഭയപ്പെട്ടിട്ട് കാര്യമില്ല. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ അതിശക്തമായി മുന്നോട്ടുപോകുമ്പോൾ പൂർണ്ണമായിട്ടുള്ള പിന്തുണ, പ്രത്യേകിച്ച് രോഗബാധിത മേഖലയിലെ ഒരു ജനപ്രതിനിധിയെന്ന നിലയിൽ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോകം മുഴുവൻ ഒരു വലിയ മഹാമാരിയെ ഭയത്തോടെയും ആകാംക്ഷയോടെയും നേരിടുന്ന സന്ദർഭമാണിത്. ലോകരാജ്യങ്ങളിൽ മുഴുവൻ ഇതിന്റേതായ അലയടികൾ ഉണ്ടാകുകയാണ്. ശ്രീ. ഡൊണാൾഡ് ട്രംപ് യൂറോപ്യൻ രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരുമായും പ്രസിഡന്റുമാരുമായും സംസാരിക്കുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ശ്രീ. ബോറിസ് ജോൺസൺ ഇന്ത്യൻ പ്രധാനമന്ത്രിയുമായി സംസാരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളാണ് ഇത്തരം പുതിയ വൈറസുകൾ ഉണ്ടാകുന്നതിന് കാരണമാകുന്നതെന്ന ആശങ്കയാണ് ലോകത്തെമ്പാടുമുള്ളത്. ആരോഗ്യരംഗത്ത് എന്നും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 2001-ലാണ് 'ആന്ത്രാക്സ്' രോഗം വന്നത്. 2003-ൽ 'സാർസ് (SARS)' വേട്ടയാടി. 2005-ൽ 'പക്ഷിപ്പനി'-യും 2009-ൽ 'പന്നിപ്പനി'-യും വന്നു. അതുകഴിഞ്ഞ് 'നിപ' വന്നു. ഇതിനെയെല്ലാം അതിജീവിച്ചവരാണ് നാം. പതിറ്റാണ്ടുകളായി കേരള ജനത ആരോഗ്യ കാര്യങ്ങളിൽ ഏറെ ശ്രദ്ധിക്കുന്നവരാണ്. കേരളത്തിലെ ആരോഗ്യരംഗം ഇന്ത്യയ്ക്ക് എന്നും മാതൃകയാണ്, അവസാന ഉരുളയ്ക്കല്ല വയർ നിറയുന്നത്. ആഗോളതാപനം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പുതിയ വെല്ലുവിളികളാണ്. ഈ സാഹചര്യത്തിലാണ് മേൽ സൂചിപ്പിച്ച തരത്തിലുള്ള വൈറസുകൾ നമ്മെ വേട്ടയാടുന്നത്. അതിനെ പുതിയ രീതിയിൽത്തന്നെ നേരിടേണ്ടിവരുന്ന ഒരു ലോകസാഹചര്യം നിലനിൽക്കുകയാണ്. ഇതിൽ ശക്തമായ നടപടികളാണ് ഉണ്ടാകേണ്ടത്. ഇവയെ നേരിടാൻ പ്രത്യേകിച്ച് മരുന്നുകളോ അവയ്ക്കായുള്ള പ്രോട്ടോകോളോ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. Quarantine ചെയ്യുക എന്നതല്ലാതെ പ്രത്യേകമായ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്ത അവസ്ഥയാണ് ഇവിടെ ഉണ്ടായത്.

ചൈനയിൽനിന്നും വന്ന കുട്ടികളുടെ കാര്യം കഴിഞ്ഞശേഷമാണ് ഇവിടെ പുതുതായി ഇത്തരം സംഭവം ഉണ്ടായത്. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ 26-2-2020 ലെ Ministry of Health and Family Welfare Department-ന്റെ ഉത്തരവ് പറഞ്ഞത്, People coming from Republic of Korea, Iran, Italy or having such travel history

since may be quarantined for 14 days on arrival to India. എങ്ങനെയാണ് ഇപ്പോൾ ഇവിടെ കൊറോണ വൈറസ് കണ്ടെത്തിയത്? ഈയൊരു സംഭവത്തിലൂടെയാണ്. കൊച്ചിയിൽ റാന്നി സ്വദേശികളായ മൂന്നുപേരെ Quarantine ചെയ്യാൻ കഴിയാതെ പോയതുകൊണ്ടാണ് കേരളത്തിൽ പുതിയതായി കൊറോണ വൈറസ് എത്തിയത്. അല്ലാതെ ഇവിടെ കൊറോണ വൈറസ് ഉണ്ടായതല്ല. തിരുവനന്തപുരം എയർപോർട്ടിന്റെ കാര്യം ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞു. അവിടെ വന്ന രോഗിയെ ഫലപ്രദമായി Quarantine ചെയ്ത് മെഡിക്കൽ കോളേജിൽ നിർത്തേണ്ടതായിരുന്നു, അത് നിർത്തിയില്ല. ഈ രണ്ട് പ്രശ്നങ്ങളാണ് ഗുരുതരമായി നമ്മുടെ മുമ്പിൽ നിൽക്കുന്നത്. നാളെ ഇത്തരം പ്രശ്നങ്ങളുണ്ടാകാതിരിക്കാനാണ് ഞങ്ങൾ അത് ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ അർത്ഥം നമ്മൾ കൂടുതൽ ജാഗ്രത കാണിക്കണം എന്നാണ്. ഗൾഫ് നാടുകളിലുള്ളവരുടെ പ്രശ്നം സംബന്ധിച്ച് ഇന്നലെ സഭ പ്രമേയം പാസ്സാക്കി. ഇന്നത്തെ എല്ലാ ദിനപത്രങ്ങളിലും അത് വ്യക്തമായി വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇന്നുരാവിലെ ഞാൻ ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ഫോണിൽ വിളിച്ച് ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും കിട്ടിയില്ല. ഗൾഫ് നാടുകളിൽ വിസ തീരുന്നവർ 74 മണിക്കൂറിനകം തിരിച്ചെത്തണമെന്ന ഗൗരവമായ വിഷയം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യേണ്ടതാണ്. വിമാനത്താവളങ്ങളിലെ പരിശോധനകൾ കർശനമാക്കണമെന്നാണ് കൊച്ചിയിലും തിരുവനന്തപുരത്തും നടന്ന സംഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. കൂടുതൽ ഡോക്ടർമാരെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെയും വിന്യസിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഇത് വിരൽ ചൂണ്ടുകയാണ്. ഇറ്റലിയിൽനിന്നോ ഇറാനിൽനിന്നോ രോഗം ബാധിച്ചിട്ടുള്ള മറ്റ് രാജ്യങ്ങളിൽ നിന്നോ ആളുകൾ വരുമ്പോൾ അവരെ കർശനമായ നിരീക്ഷണത്തിന് വിധേയമാക്കി, ജാഗ്രത ശക്തമാക്കി, പടരാതിരിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ഈയൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാണിച്ചത്. ഞങ്ങൾക്ക് ഇത് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുമോ? പ്രതിപക്ഷധർമ്മം എന്നുള്ള നിലയിൽ ഞങ്ങൾ ഇത് ചൂണ്ടിക്കാണിക്കും. നിങ്ങൾ ഞങ്ങളെ എത്ര ആക്ഷേപിച്ചിട്ടും കാര്യമില്ല. ഞങ്ങളുടെ ഉത്തരവാദിത്വമാണ്. നിങ്ങൾ ഇവിടെയിരുന്നാൽ നിങ്ങളുടെ ഉത്തരവാദിത്വവും ഇതുതന്നെയാണ്. ജനാധിപത്യത്തിൽ സർക്കാരിന് മംഗളപത്രമെഴുതുന്ന ജോലിയല്ല പ്രതിപക്ഷത്തിന്റേത്. ഞങ്ങൾക്ക് ആ പരിപാടിയില്ല. പറയേണ്ട കാര്യങ്ങൾ പറയും. സഹകരിക്കേണ്ടിടത്ത് സഹകരിക്കും. കണ്ടെയ്ൻമെന്റ് സ്ട്രാറ്റജിക്കൊപ്പം മിറ്റിഗേഷൻ സ്ട്രാറ്റജിയെപ്പറ്റി ഞാൻ പറഞ്ഞു. 100 ശതമാനവും കണ്ടെയ്ൻമെന്റ് മെത്തേഡിൽനിന്ന് മിറ്റിഗേഷൻ മെത്തേഡിലേയ്ക്ക് മാറുക എന്നതാണ്. ഇന്നലെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ അതിന്റെ സൂചനയുണ്ടായിരുന്നു, നല്ല കാര്യമാണ്. നമ്മൾ ഇനിയും മാറേണ്ടത് മിറ്റിഗേഷൻ സ്ട്രാറ്റജിയിലേയ്ക്കാണ്. കൊറോണ റിസ്ക് മിറ്റിഗേഷനാണ് ഏറ്റവും പ്രധാനം. അതോടൊപ്പംതന്നെ നമ്മൾ രോഗികളെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ പാടില്ല. അവർക്ക് പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തണം. വിവരങ്ങൾ കോൺഫിഡൻഷ്യലായി വയ്ക്കണം. ഞാൻ എന്തുകൊണ്ടാണ് പത്രസമ്മേളനങ്ങളെപ്പറ്റി പറഞ്ഞത്; മെഡിക്കൽ ബുള്ളറ്റിൻ ഇറക്കുന്നതുകൊണ്ട് തെറ്റില്ല. അനാവശ്യമായി എല്ലാ വിവരങ്ങളും ജനങ്ങളോട് പറയേണ്ട കാര്യമില്ലല്ലോ; ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻതന്നെ ഇക്കാര്യം പറയുന്നു. ഞാൻ പറഞ്ഞതല്ല. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്താണ് പറയുന്നത്? ദിനംപ്രതി കൊറോണ ബാധിച്ചവരുടെ സ്ഥിരീകരണം സംബന്ധിച്ച വാർത്തകൾ പുറത്തുവിടരുത്, അത് ജനങ്ങളിൽ ഭീതിയുണ്ടാക്കും. അവർ ചൂണ്ടിക്കാണിക്കും. സാധാരണക്കാരന് അസുഖം സംബന്ധിച്ച എല്ലാ വിവരങ്ങളും തുടർച്ചയായി ലഭിക്കേണ്ട ആവശ്യമില്ല. അത് ലഭിക്കേണ്ടത് ആശുപത്രികൾക്കാണ്, പ്രാദേശിക അടിസ്ഥാനത്തിൽ ഡോക്ടർമാർക്കാണ്. അവർക്ക് കൈമാറാതെ നമ്മൾ എല്ലാ ദിവസവും എല്ലാ വാർത്തകളും പുറത്തുവിടുന്നത് ഭയമുണ്ടാക്കുന്നു. ഇന്നിപ്പോൾ ലോകത്തിന്റെ എല്ലാ ഭാഗത്തും Confidence-building measures നടക്കുകയാണ്. പത്തനംതിട്ട ജില്ലയിൽ എല്ലാം ഭംഗിയാണെന്ന് ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞല്ലോ. പത്തനംതിട്ട നഗരത്തിൽപ്പോലും പരിഭ്രാന്തിമൂലം ആളുകൾ പുറത്തിറങ്ങുന്നില്ല. Confidence -building measures ആണ് വേണ്ടത്. പ്രൊഫഷണലായി കാണാതെ രാഷ്ട്രീയമായി കാര്യങ്ങളെ കാണാൻ പാടില്ല. ഷെയർ ചെയ്യേണ്ട കാര്യങ്ങൾ ജനങ്ങളോട് ഷെയർ ചെയ്യണം. ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ആളുകൾ ജനങ്ങൾക്ക് കോൺഫിഡൻസുണ്ടാക്കുകയാണ് വേണ്ടത്. അതുകൊണ്ട് ഒരു കാര്യം ഞാൻ വ്യക്തമാക്കുന്നു. സർക്കാരിന്റെ ഭാഗത്തുനിന്നും പാളിച്ചകളോ തെറ്റുകളോ ഉണ്ടാകുന്നുണ്ടെങ്കിൽ ഞങ്ങൾ അത് ചൂണ്ടിക്കാണിക്കും. തിരുത്തേണ്ട നടപടിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തും. അത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്; ഞങ്ങൾ അത് നിറവേറ്റും. സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി പ്രവർത്തിക്കുന്ന ജോലിയല്ല പ്രതിപക്ഷത്തിനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാൻ ആഗ്രഹമുണ്ട്. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ., നമ്മുടെ സഹപ്രവർത്തകനാണ്. അദ്ദേഹത്തിന്റെ ഭാര്യ ഇറ്റലിയിലുള്ള കാര്യം ഇന്ന് മാധ്യമങ്ങളിലൂടെയാണ് ഞങ്ങൾ അറിയുന്നത്. ഞങ്ങൾ ഇന്നലെ സഭയിൽനിന്നും ഇറങ്ങിപ്പോയതുകൊണ്ട് അക്കാര്യം അറിഞ്ഞില്ല. അടിയന്തരമായും ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.-യുടെ ഭാര്യയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതുപോലെ ധാരാളം ആളുകൾ ഇറ്റലിയിൽ കുടുങ്ങിക്കിടക്കുന്നുണ്ട്. ഇന്നലെ ശ്രീ. മോൻസ് ജോസഫ് ടെലിഫോണിൽ ഒരാളെ വിളിച്ചിട്ട് എന്നോട് സംസാരിക്കാൻ പറഞ്ഞു. മിലാനിൽ താമസിക്കുന്ന കോട്ടയം ജില്ലക്കാരാണ്. പുറത്തേയ്ക്കിറങ്ങാൻ കഴിയുന്നില്ലെന്ന് പറഞ്ഞ് അവർ കരയുകയാണ്. ഭക്ഷണം ലഭിക്കുന്നില്ല. വീടുകളിൽ തന്നെ കഴിയുന്നു. വളരെയേറെ ആളുകൾ ഇതുപോലെ ബുദ്ധിമുട്ടുന്നു. അവരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കണം.

പുരാണത്തിൽ ദേവേന്ദ്രൻ മാത്രമല്ല, ഹിരണ്യകശ്യപു കൂടിയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കണം. ഹിരണ്യായ നമഃ എന്ന് ചൊല്ലിച്ച ഹിരണ്യകശ്യപുവിന്റെ അനുഭവം എല്ലാവരുടെയും ഓർമ്മയിലിരിക്കട്ടെ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. സർക്കാർ എടുക്കുന്ന എല്ലാ നല്ല കാര്യങ്ങളോടും പ്രതിപക്ഷം യോജിക്കും. സർക്കാരിന് വീഴ്ചകളും ദോഷങ്ങളുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കും. അത് തിരുത്താൻ ശ്രമിക്കും. ഏത് സമയത്തും ആ പ്രതിപക്ഷധർമ്മം നിറവേറ്റിക്കൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. ഏത് തരത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും കേരള ജനത നേരിട്ടാലും ആ പ്രശ്നപരിഹാരത്തിന് മറ്റാരെക്കാളും കൂടുതൽ പ്രതിപക്ഷം മുന്നിലുണ്ടായിരിക്കുമെന്ന് അങ്ങയിലൂടെ, ഈ സഭയിലൂടെ ജനങ്ങൾക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ലോകം ഇതുവരെയില്ലാത്ത വിധത്തിലുള്ള വലിയ മഹാമാരിയാണ് നേരിടുന്നതെന്ന് ഐക്യരാഷ്ട്രസഭതന്നെ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനെ പകർച്ചവ്യാധിയായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. ഇതിനകം 118 ലോകരാഷ്ട്രങ്ങളിലാണ് ഈ രോഗം ബാധിച്ചിരിക്കുന്നത്. വളരെ മികച്ച സർവ്വയലൻസ് സിസ്റ്റമുള്ള യു.കെ.-യും യു.എസ്.എ.-യുമെല്ലാം ഈ രോഗത്തിന്റെ പിടിയിൽപ്പെട്ടിരിക്കുന്നുവെന്നത് ഭീതിയോടെയാണ് നമ്മളെല്ലാം നോക്കിക്കാണുന്നത്. നമ്മുടേത് ഇന്ത്യയിലെ ഒരു സംസ്ഥാനമാണ്. ഈ രാജ്യത്തിന്റെ ഗൈഡ്‌ലൈൻസും അനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മൾതന്നെ ഉണ്ടാക്കിയെടുക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജീയേഴ്സും ഉപയോഗിച്ചാണ് നാം കടുത്ത പ്രതിരോധം തീർക്കാൻ ശ്രമിക്കുന്നത്. സ്കാൻഡിനേവിയൻ രാജ്യങ്ങൾക്ക് ലോകരാഷ്ട്രങ്ങളിൽ ഉന്നതമായ ആരോഗ്യ നിലവാരമാണുള്ളത്. ഈ രോഗം നിയന്ത്രിക്കാനാവാത്തവിധം മുന്നോട്ടുപോകുന്നുവെന്നും എല്ലാ പൊതുസ്ഥാപനങ്ങളും അടച്ചിടുകയല്ലാതെ രക്ഷയില്ലെന്നും സ്കാൻഡിനേവിയൻ രാജ്യമായ ഡെൻമാർക്കിന്റെ ഭരണാധികാരി ഭീതിയോടെ പറഞ്ഞിരിക്കുന്നു. ഇതിന്റെ ഭീകരത പൂർണ്ണമായും നമ്മൾ

ഉൾക്കൊള്ളുന്നുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ ജനങ്ങളെ ഭീതിയിലാഴ്ത്താൻ സാധിക്കാത്തതുകൊണ്ട് ആ ഭീകരത മുഴുവൻ തുറന്നുപറയാനും സാധ്യമല്ല. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഒരു ഡോക്ടർ കൂടിയായതുകൊണ്ട് എന്താണ് ഈ രോഗമെന്നും എങ്ങനെയാണിത് പകരുന്നതെന്നുമുൾപ്പെടെ ഈ രോഗത്തെക്കുറിച്ച് പഠിച്ച് വളരെ നന്നായി പ്രമേയം ഇവിടെ അവതരിപ്പിച്ചു. അതുകൊണ്ടുതന്നെ അക്കാര്യങ്ങൾ വിശദീകരിക്കേണ്ട ആവശ്യം എനിക്കു വരുന്നില്ല. അങ്ങനെ വിശദീകരിക്കുമ്പോഴും ഒരേകാര്യംതന്നെ വ്യത്യസ്ത രീതിയിൽ അദ്ദേഹം പറയുകയാണ്. ഈ രോഗം എങ്ങനെയാണ് പകരുന്നതെന്ന് അദ്ദേഹത്തിനറിയാം. എന്നാൽ കോമൺ കോൾഡ് കണ്ടുപിടിക്കണമെന്നും അത് മാറ്റി നിർത്തണമെന്നും അദ്ദേഹം പറഞ്ഞു. പരിശോധനയിലൂടെമാത്രം കോമൺ കോൾഡാണോ വൈറസ് ബാധയാണോയെന്ന് ഡോക്ടർക്ക് കണ്ടുപിടിക്കാൻ കഴിയുമോ? ഒരു ഡോക്ടർ ആയതുകൊണ്ട് അദ്ദേഹത്തിനത് കഴിയുന്നതുകൊണ്ടായിരിക്കും അങ്ങനെ പറഞ്ഞത്. എനിക്ക് അത്രത്തോളം അറിവില്ല. ഇവ തമ്മിൽ പെട്ടെന്ന് മനസിലാക്കാൻ സാധിക്കില്ലെന്നും സാമ്പിൾ ടെസ്റ്റ് ചെയ്താൽ മാത്രമേ ഇതുമനസ്സിലാക്കാൻ കഴിയുകയുള്ളൂവെന്നുമാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഞാൻ ആ വശം പറയുന്നില്ല. ലോകത്ത് ഒരു രാജ്യത്തും ഈ മഹാമാരിയെ നേരിടുന്നതിനിടെ ഭരണ-പ്രതിപക്ഷ തർക്കമുണ്ടായിട്ടില്ല. ധാരാളം വീഴ്ചകൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ഏറ്റവും നല്ല സാങ്കേതികവിദ്യയുള്ള ചൈനയിൽ ആളുകൾ കൂട്ടത്തോടെ മരിച്ചത്. അമേരിക്കയിൽ ഇപ്പോൾ മരണം മുപ്പതിലേറെയായെന്നാണ് എനിക്ക് തോന്നുന്നത്. അവസാനത്തെ കണക്കുകൾ എന്റെ പക്കലില്ല. അത് സ്വാഭാവികമാണ്. ഇത്തരത്തിലുള്ള പകർച്ചവ്യാധിയുണ്ടാകുന്ന സമയത്ത് ആവനാഴിയിലെ എല്ലാ ശക്തിയുമെടുത്ത് പ്രയോഗിച്ചാലും ചില ലൂപ്ഹോൾസുണ്ടായെന്ന് വരും. അതുണ്ടാകാതിരിക്കാനുള്ള ഭഗീരഥപ്രയത്നമാണ് കേരളത്തിലെ ഗവൺമെന്റ് നടത്തുന്നത്. അത് അന്വേഷിച്ചുചെന്ന് കുറ്റപ്പെടുത്താനെന്തെങ്കിലുമുണ്ടോയെന്ന് കണ്ടുപിടിച്ച് ആക്രമിക്കുന്നത് ഈ സമയത്ത് ശരിയല്ല, അതിന് പിന്നീട് അവസരമുണ്ട്. അസംബ്ലിയിൽ ഇതെല്ലാം പറഞ്ഞ് തർക്കിക്കാൻ അവസരമുണ്ട്. ഈ പ്രശ്നത്തിന്റെ ഗ്രാവിറ്റിയും ഗൗരവവും പ്രതിപക്ഷം കാണണമെന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ലോകം മുഴുവൻ പടരുന്ന പകർച്ചവ്യാധിയെ നേരിടാൻ ഒരു ആരോഗ്യവകുപ്പുമന്ത്രിമാത്രം വിചാരിച്ചാൽ സാധിക്കുമോ; ആരോഗ്യ വകുപ്പുമാത്രം വിചാരിച്ചാൽ സാധിക്കുമോ? ഇതിന്റെ തുടക്കം മുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ വകുപ്പുകളെയും ഒരുമിച്ചു ചേർത്ത് എല്ലാസ്ഥലത്തും ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ യോഗം നടത്തി. ഇത് പറയാനുള്ളത് ആരാണ്? സ്വാഭാവികമായും ആരോഗ്യവകുപ്പ് കൈകാര്യം ചെയ്യുന്നത് ഞാനായതുകൊണ്ട് എനിക്ക്

പറയേണ്ടിവരുന്നു. ആ വശത്തിലേയ്ക്ക് ഞാനധികം പോകുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് സംസാരിക്കാൻ കുറച്ച് സമയമേയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് ആദ്യം മുതൽ വിശദീകരിക്കുന്നില്ല. ഇതിന്റെ ഒന്നാംഘട്ടം വളരെ വിജയകരമായിരുന്നു. എന്തുകൊണ്ട്? എയർപോർട്ടിലടക്കമുള്ള നമ്മുടെ സർവ്വയലൻസ് വളരെ ശക്തമായി നടത്തി. വുഹാനിൽനിന്ന് വരുമ്പോൾ എയർപോർട്ടിൽ വച്ചുതന്നെ ആ കേസ് കിട്ടി. അന്ന് സർവ്വയലൻസ് ലിസ്റ്റിൽ വുഹാൻ മാത്രമേയുണ്ടായിരുന്നുള്ളൂ. എയർപോർട്ടിനകത്ത് സംസ്ഥാന ഗവൺമെന്റിന് പരിശോധിക്കാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് ജി.ഒ. ആയി അപ്പോൾത്തന്നെ ആവശ്യമായ ഗൈഡ്‌ലൈൻസ് നൽകുന്നുണ്ടായിരുന്നു. ഏതൊക്കെ രാജ്യങ്ങളാണ് പാസീവ് സർവ്വയലൻസെന്നും ഏതൊക്കെ രാജ്യങ്ങൾക്കാണ് യൂണിവേഴ്സൽ സർവ്വയലൻസ് വേണ്ടതെന്നും എവിടെയൊക്കെയാണ് എമിഗ്രേഷനിൽനിന്നും ലിസ്റ്റ് നമുക്ക് കൈമാറിത്തരുന്ന തെന്നുമൊക്കെ സംബന്ധിച്ച് കൃത്യമായി ഗൈഡ്‌ലൈൻ വന്നുകൊണ്ടിരിക്കുന്നുണ്ട്. തുടക്കത്തിൽ വുഹാനാണ്. അത് നമുക്ക് കിട്ടി. ഞാൻ വിശദീകരിക്കാതെതന്നെ പറയട്ടെ, അതിൽനിന്നും മറ്റൊരാൾക്ക് പകരാതെ നമ്മൾ നോക്കി. 26-ാം തീയതിയാണ് ഇറ്റലിയിലും ഈ രോഗം പടർന്ന് പിടിച്ചത്. 26-ാം തീയതി മുതൽ ഇറ്റലിയിലും രോഗം പടരുന്നുവെന്ന ഒരു സർക്കുലർ നമുക്ക് വന്നിട്ടുണ്ട്. പക്ഷേ എയർപോർട്ടിനകത്ത് യൂണിവേഴ്സൽ സർവ്വയലൻസ് നടത്തിയശേഷം ആ ഫോം പൂരിപ്പിക്കേണ്ടത് മാൻഡേറ്ററിയാണെന്ന ഓർഡർ വരുന്നത് മാർച്ച് 4-ാം തീയതിയാണ്. അപ്പോൾ മാത്രമേ ഇറ്റലിക്കാർ നിർബന്ധമായും ഫോം പൂരിപ്പിച്ചുതരണമെന്ന് പറയേണ്ടിവരുന്നുള്ളൂ. പക്ഷേ, ഇറ്റലിയിൽനിന്നും ആരെങ്കിലും വരുന്നുണ്ടെങ്കിൽ ഹെൽപ്പ്ഡെസ്കുണ്ട്. അവിടെ റിപ്പോർട്ട് ചെയ്ത് Home quarantine-ൽ പോകണമെന്ന അനൗൺസ്മെന്റ് വിമാനത്തിലുണ്ടായിരുന്നു. ആ വിമാനത്തിൽ അനൗൺസ്മെന്റ് ചെയ്തതിന്റെ ഫലമായി അതേ വിമാനത്തിൽ വന്ന യാത്രക്കാർ അവിടെ റിപ്പോർട്ട് ചെയ്ത് Home quarantine-ൽ പോയിട്ടുണ്ട്. ഞാൻ ഇറ്റലികുടുംബത്തെ കുറ്റപ്പെടുത്തിയിട്ടൊന്നുമില്ല. പക്ഷേ പറഞ്ഞത് മറച്ചുവയ്ക്കാൻ ശ്രമിച്ചുവെന്നാണ്. കാരണം ഹെൽപ്ഡെസ്കിൽ റിപ്പോർട്ട് ചെയ്തില്ലെന്ന് മാത്രമല്ല വീട്ടിൽ പോയി താമസിച്ചശേഷം പനിവന്ന് സ്വകാര്യ ഡോക്ടറെ കണ്ടിട്ടും ഇറ്റലിയിൽനിന്നും വന്നതാണെന്ന് വെളിപ്പെടുത്തിയില്ല. അത് മനഃപൂർവ്വം മറച്ചുവച്ചതാണ്. ഇല്ലെങ്കിൽ ആശുപത്രിയിലെത്തിയപ്പോ ഴെങ്കിലും ഞങ്ങൾ ഇറ്റലിയിൽനിന്നാണ് വരുന്നതെന്ന് പറയാമായിരുന്നു. ഫ്ലൈറ്റിൽതന്നെ അനൗൺസ്മെന്റ് കേൾക്കുന്നുണ്ടായിരുന്നു. ഒരു ചെറുപ്പക്കാരൻ പോസ്റ്റ് ചെയ്തത് നിങ്ങൾ കണ്ടിട്ടില്ലേ? "അവർ പറയുന്നത് നുണയാണ്. ഫ്ലൈറ്റിൽ വളരെ വ്യക്തമായി വീണ്ടും വീണ്ടും പറഞ്ഞിരുന്നു, ഇറങ്ങുമ്പോൾ ആരോഗ്യവകുപ്പിന്റെ ഹെൽപ്ഡെസ്ക് ഉണ്ട്, അവിടെ റിപ്പോർട്ട് ചെയ്തശേഷം

Home quarantine-ൽ പോകണം" എന്ന്. അതേ ഞങ്ങളും പറഞ്ഞുള്ളൂ. അത് ഞങ്ങൾ പറയണ്ടേ? ഇനി ആരെങ്കിലും അങ്ങനെ വരാതിരിക്കണമെങ്കിൽ ഇങ്ങനെ ചെയ്തത് ശരിയല്ലെന്ന് പറയണ്ടേ? ഇറ്റലിക്കാർ ചെയ്തത് ശരിയല്ലെന്നും അവർ റിപ്പോർട്ട് ചെയ്യണമായിരുന്നുവെന്നും ഞാൻ പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുണ്ട്. സൂത്രത്തിൽ ചാടിപ്പോയി എന്നല്ല ഞാൻ പറഞ്ഞത്, സൂത്രത്തിൽ കണ്ടുപിടിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. എങ്ങനെ? അയൽപക്കത്തെ കുടുംബത്തിന് അസുഖം വന്ന് ആശുപത്രിയിൽ ചെന്നപ്പോൾ ലക്ഷണം കണ്ടിട്ട് ബുദ്ധിമുട്ടുണ്ടെന്നും നിങ്ങളുടെ വീട്ടിൽ വിദേശത്തുള്ള ആരെങ്കിലുമുണ്ടോയെന്ന് ചോദിച്ചപ്പോൾ അടുത്ത വീട്ടിൽ ഇറ്റലിക്കാരുണ്ടെന്നും അവർ പറഞ്ഞു, അതിനുശേഷം അവരെ വിളിച്ച് ചോദിച്ചിട്ടും അവർ അംഗീകരിക്കുന്നില്ല. ഉപദ്രവിച്ചില്ല, അനുനയിപ്പിച്ച് ചോദിച്ചപ്പോൾ ഇറ്റലിയിൽ നിന്നും വന്നവരാണെങ്കിലും ഞങ്ങൾക്ക് കുഴപ്പമൊന്നുമില്ല, വേഗം തിരിച്ച് പോകേണ്ടവരാണെന്നും പറഞ്ഞു. ഞാനത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് വ്യക്തിപരമായി പറയുകയും ചെയ്തിരുന്നു. അവർ പോയി. അതിനുശേഷമുണ്ടായ വിഷമങ്ങളാണ് ഇപ്പോൾ പറഞ്ഞത്. അത് ഇവിടെ പറയാതിരുന്നാൽ ബാക്കിയുള്ളവർക്കൊരു മുൻകരുതലെടുക്കാനുള്ള സമയം കൊടുക്കണ്ടേ? പരസ്പരം സപ്പോർട്ടായി ഒരാൾ പോലും മരണപ്പെടാതെ, രക്ഷിക്കാൻ സാധിക്കും എന്ന് ചിന്തിക്കാതെ അതിനെ എതിർത്തുപറഞ്ഞാൽ എന്താണർത്ഥം? ഇത് വളരെ എളുപ്പമൊന്നുമല്ല. പതിനായിരക്കണക്കിനാളുകൾ ഗൾഫ് നാടുകളിൽനിന്നും തിരിച്ചുവരാൻ പോകുകയാണ്. എയർപോർട്ടിൽ എത്ര വലിയ നിരീക്ഷണം ഏർപ്പെടുത്തിയാലും ചിലപ്പോൾ ചിലയാളുകൾ നമ്മുടെ ഹെൽപ് ഡെസ്കിൽ പറയാതെയും മറ്റും പോകും. ദോഹയിൽനിന്നും വരുന്ന ആളുകൾ ചിലപ്പോൾ ഇത്തരത്തിൽ നോട്ടിഫൈ ചെയ്ത രാജ്യങ്ങളിൽ നിന്നുള്ളവരായിരിക്കില്ല. ദോഹക്കാരന് ഇറ്റലിയുടെ കോൺടാക്ടുണ്ട്. അതാണ് നമുക്കിപ്പോൾ കിട്ടിയത്. ദോഹയിൽ നിന്നും വരുന്നതാണെന്ന് പറഞ്ഞാൽ വീട്ടിൽ പോയി റെസ്റ്റെടുക്കണമെന്ന് പറഞ്ഞ് വിടാം. ദോഹക്കാരന് ഇറ്റലിയുടെ കോൺടാക്ട് ഉണ്ടെന്ന് നമ്മളോട് പറഞ്ഞാൽ നമ്മളത് ഗൗരവമായി എടുത്ത് ആ കേസ് കാണുകയാണ്. ആയിരക്കണക്കിനാളുകൾ വന്ന് ദോഹയിൽ നിന്നാണ് വരുന്നതെന്ന് പറയുമ്പോൾ അവർക്ക് നൽകേണ്ട അഡ്വൈസും കൊടുത്ത് വീട്ടിൽ പറഞ്ഞുവിടുകയാണ്. വീട്ടിൽ സൂക്ഷ്മമായി പെരുമാറാൻ പറയുകയാണ്. അങ്ങനെ പറയാമെന്നല്ലാതെ മറ്റെന്താണ് കരണീയമായിട്ടുള്ളത്. അതാണ് ആരോഗ്യവകുപ്പ് കൃത്യമായി ചെയ്യുന്നത്. എയർപോർട്ടിൽ ഡോക്ടർമാരുടെ സാന്നിദ്ധ്യംപോലും ഉണ്ടായിട്ടില്ലെന്ന് പറഞ്ഞു. അറിയാത്ത വിവരങ്ങൾ അസംബ്ലിതലത്തിൽ പറയരുത്. ആക്രമിക്കാൻ എന്തെല്ലാം അവസരങ്ങളുണ്ട്. ഇതൊഴിച്ച് മറ്റ് കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ കണ്ണുംപൂട്ടി പരസ്പരം അസ്ത്രങ്ങളെയ്യാം. ഇത്

പരസ്പരം അസ്ത്രങ്ങൾ എയ്യേണ്ട സമയമാണോ? അസംബ്ലിയിൽ യുദ്ധം പ്രഖ്യാപിക്കേണ്ട സമയമാണോ? 24-2-2020 മുതൽ 4 ഡോക്ടർമാരെയും 27-2-2020 മുതൽ 7 ഡോക്ടർമാരെയും 3-3-2020 മുതൽ 12 ഡോക്ടർമാരെയും 15 പാരാമെഡിക്കൽ സ്റ്റാഫിനെയും നെടുമ്പാശ്ശേരി എയർപോർട്ടിൽ പോസ്റ്റ് ചെയ്തു. രോഗത്തിന്റെ ഗ്രാവിറ്റി കൂടിവരുന്നതനുസരിച്ച് നമ്മുടെ ഭയവും കൂടിക്കൂടി വരുകയാണ്. ആളുകൾ കൂടുതൽ വരുന്നതനുസരിച്ച് അവിടെ കൂടുതൽ സ്റ്റാഫിനെ പോസ്റ്റ് ചെയ്യുന്നു. അല്ലാതെ എന്താണ് ചെയ്യേണ്ടത്? ദയവുചെയ്ത് തെറ്റായ വിവരങ്ങൾ സഭാതലത്തിൽ ഈ അവസരത്തിലെങ്കിലും കൊണ്ടുവരാതിരിക്കണം. സർക്കാരിനെ ആക്രമിക്കേണ്ട സമയമല്ലിത്. എനിക്ക് ആരോടും ഒരു പരിഭവവുമില്ല, ഞാൻ ആരെയും കുറ്റപ്പെടുത്തിയിട്ടുമില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവിനെ ഞാൻ അസംബ്ലിയിൽ കുറ്റപ്പെടുത്തിയിട്ടില്ല. ഒരു കാര്യമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അങ്ങ് എന്നോട് ചോദ്യങ്ങൾ ചോദിച്ചശേഷം ഞാൻ മറുപടി പറയുമ്പോൾ അങ്ങ് അത് കേൾക്കുന്നില്ല. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവിടെ പോയി സംസാരിക്കുന്നത് കൊണ്ടുമാത്രമാണ് ഞാനത് പറഞ്ഞത്. ബഹുമാന്യനായ മന്ത്രി എന്തോ അടിയന്തര കാര്യവുമായി ചെന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് കേൾക്കുകയാണ്. ഞാൻ പറഞ്ഞതിനുശേഷവും ശ്രദ്ധിക്കാതിരുന്നതിനാൽ അല്പം ശബ്ദമുയർത്തി ഞാൻ പറഞ്ഞു, അങ്ങ് ഉന്നയിച്ചതിനുള്ള മറുപടി കേൾക്കുന്നില്ലേ? അദ്ദേഹത്തിന് അത് വിഷമമുണ്ടാക്കിയെന്ന് തോന്നിയതുകൊണ്ട് 'ഒന്നും തോന്നരുത്, ഞാൻ പറയുന്നത് അങ്ങ് കേൾക്കാതിരുന്നതുകൊണ്ടാണ് ഞാൻ പറഞ്ഞത് എന്ന് പിന്നീട് അദ്ദേഹത്തിനടുത്ത് ചെന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത് 'കുഴപ്പമൊന്നുമില്ല, ഞങ്ങളെല്ലാം ടീച്ചറിനോടൊപ്പമുണ്ട് എന്നാണ്. അതുതന്നെയാണ് വേണ്ടതെന്ന് ഞാനും പറഞ്ഞു, ആ വിഷയം ഇത്രയേയുള്ളൂ. അതുകൂടാതെ ചെറിയ അക്ഷരപിശകിനെപ്പോലും ചൂണ്ടിക്കാണിച്ച് ഈ വിഷയത്തിൽ ഞങ്ങളെ ആക്രമിക്കാനാണെങ്കിൽ ഈ മഹാമാരിയെ ചെറുക്കാൻ സാധിക്കില്ല. എവിടെയൊക്കെയാണ് പോയതെന്ന് ഇറ്റലിയിൽനിന്നും വന്ന കുടുംബം പറയുന്നില്ല. പറയാത്തിടത്തോളം കാലം ഇവർ പോയ വഴികൾ ചാർട്ട് ചെയ്ത് അവിടെ ആരെങ്കിലും പോയിട്ടുണ്ടെങ്കിൽ അവർ നമ്മളോട് പറഞ്ഞാൽ മാത്രമേ നമുക്ക് അറിയാൻ സാധിക്കൂ. കോൺടാക്ട് ട്രെയ്സിംഗ് എന്നുപറയുന്നത് വളരെ എളുപ്പമല്ല. വളരെ പാടുപെട്ടാണ് ചെയ്യുന്നത്. ഈ കുടുംബം മുഴുവൻ കാര്യങ്ങളും വിട്ടുപറയാത്തിടത്തോളം അവരുടെ പേഷ്യന്റ് ഫ്ലോ ചാർട്ട് പ്രസിദ്ധീകരിക്കുക മാത്രമേ ഞങ്ങൾക്ക് മാർഗ്ഗമുണ്ടായിരുന്നുള്ളൂ. അവർ ഒരു ഹോട്ടലിന്റെ പേര് പറഞ്ഞു. അത് ഹോട്ടൽ ആനന്ദ്ഭവൻ ആണ്. അത് ആര്യ ഹോട്ടൽ എന്നായിപ്പോയി. ആ സ്പെല്ലിംഗ് മിസ്റ്റേക്ക് നമുക്ക് തിരുത്താം. പക്ഷേ ആ സ്ഥലം സൂചിപ്പിച്ചിട്ടുണ്ട്. പോകുന്ന വഴിക്ക് ഇത്രാമത്തെ കിലോമീറ്ററിൽ ഉള്ള

ഹോട്ടലാണ്. പൊതുജനങ്ങൾക്ക് ഒരു കോംപ്ലിക്കേഷനും കൺഫ്യൂഷനും ഉണ്ടായിട്ടില്ല. ഈ ഹോട്ടലിൽ ഞങ്ങൾ ഉണ്ടായിരുന്നു എന്ന് ആ സമയത്ത് അവിടെ പോയവർ ഞങ്ങളോട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപോലും ഇവിടെ വലിയ ആക്ഷേപമായി എടുക്കുകയാണ്. ഗവൺമെന്റ് ചെയ്ത ഒരുപാട് കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾക്ക് എനിക്ക് മറുപടി പറയാതിരിക്കാൻ കഴിയില്ല. എനിക്ക് 15 മിനിട്ട് മാത്രമേ തന്നിട്ടുള്ളൂ. അതിലപ്പുറം പോകാതിരിക്കാൻ ഞാൻ ശ്രദ്ധിക്കാം. വളരെ സങ്കടം തോന്നുന്നു. ഇത് കേരളം മുഴുവൻ കാണുന്നുണ്ട്. ഈ അസംബ്ലിയുടെ പ്രൊസീഡിംഗ്സ് കേരളം മുഴുവൻ കാണും എന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അനിൽ അക്കര ഇവിടെ എന്താണ് പറഞ്ഞത്; 7-ാം തീയതി വൈകുന്നേരം രോഗത്തെക്കുറിച്ച് സംശയം വന്നു. 8-ാം തീയതി ആയപ്പോഴേക്കും കൊറോണ പോസിറ്റീവ് ആണെന്ന് കൺഫേം ചെയ്തു. നമ്മൾ എല്ലാവരും ഇവിടെയാണുള്ളത്. നിയമസഭാ സമ്മേളനം നടക്കുകയാണ്. നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് മന്ത്രിമാരെല്ലാം ഇവിടെയാണുള്ളത്. പ്രൊഫ. സി. രവീന്ദ്രനാഥ് ഒരത്യാവശ്യവുമായി കോഴിക്കോട് പോയെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. വി. എസ്. സുനിൽ കുമാർ എന്നിവർ ഇവിടെയുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറഞ്ഞു. നമ്മൾ അവിടെ അടിയന്തരമായി ഒരു മീറ്റിംഗ് ചേരുന്നു, ചേരേണ്ടതാണ്. അവിടെ പോസിറ്റീവ് കണ്ടാൽ പിന്നെ എല്ലാ സന്നാഹങ്ങളും ചെയ്യണം. മിനിസ്റ്റർ പോവുക എന്നുള്ളത് പ്രധാനമാണെന്ന് എനിക്ക് തോന്നി. ഞാൻ തൃശ്ശൂരിലേയ്ക്ക് പോകാൻ തീരുമാനിച്ചിരിക്കുകയാണെന്ന് ഇവരെ രണ്ടുപേരെയും വിളിച്ചു പറഞ്ഞു. എങ്ങനെയാണ് പോകുന്നത്; എനിക്ക് വേറെ വാഹനമൊന്നുമില്ല, 9.30-ന്റെ ഫ്ലൈറ്റ് മാത്രമേയുള്ളൂ എന്ന് ഞാൻ പറഞ്ഞു. കാറിൽ പോയാൽ അതിനെക്കാളും വൈകും. അതുകൊണ്ട് 9.30-നുള്ള ഫ്ലൈറ്റിന് ഞങ്ങളും ബുക്ക് ചെയ്യുകയാണ്, നമുക്കൊരുമിച്ച് പോകാം എന്ന് അവർ പറഞ്ഞു. പ്രതിപക്ഷത്തെ സുഹൃത്തുക്കളേ നിങ്ങൾക്കറിയാമോ, എയർപോർട്ടിൽ ഇറങ്ങിയിട്ട് ഒന്ന് ബാത്ത്റൂമിൽ പോകാൻ തോന്നിയിരുന്നു, പോയിട്ടില്ല. മനസ്സ് നിറയെ ബേജാറും ഉത്കണ്ഠയുമാണ്. കാരണം അവിടെ ആളുകൾ കാത്തുനിൽക്കുന്നു. ഞങ്ങൾ ആരും പോയിട്ടില്ല. ഫ്രഷ് ആകാൻ മുറിയിൽ പോലും കയറാതെ ഞങ്ങൾ നേരെ അങ്ങോട്ട് പോയി. നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്ന് തൃശ്ശൂരിലേയ്ക്ക് ഒന്നര മണിക്കൂറോളം യാത്രയുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ; പക്ഷേ കഴിയാവുന്നത്ര വേഗത്തിൽ ഞങ്ങൾ അവിടെ എത്തിച്ചേർന്നു. ഞാൻ അതെല്ലാം വിശദീകരിക്കുന്നില്ല. അവിടെ എത്തുമ്പോൾ സമയം ഏകദേശം 12 മണി ആയി. നല്ല രീതിയിൽ എല്ലാം ചർച്ച ചെയ്ത് പ്ലാൻ ചെയ്യണം. കൂടെ നിന്ന് തീരുമാനമെടുക്കുന്നവരെങ്കിലും ഇങ്ങനെ പറയുകയില്ല എന്നാണ് ഞാൻ

വിചാരിച്ചത്. പിറ്റേന്ന് രാവിലെ മുതൽ എന്തൊക്കെ ചെയ്യണം എന്നതിന്റെ പ്ലാനിംഗ് കൃത്യമായി കഴിയുമ്പോഴേക്കും സമയം 2.30 കഴിഞ്ഞിരുന്നു. നിങ്ങൾ തിരികെ പൊയ്ക്കോളൂ എന്ന് പ്രസ്സിനോട് ഞാൻ പറഞ്ഞു. കാരണം മീറ്റിംഗ് കഴിയാൻ ഒരുപാട് വൈകും. പത്രമാധ്യമങ്ങളോട് രാവിലെ ബ്രീഫ് ചെയ്യാം എന്നുപറഞ്ഞു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലേ എന്ന് മീഡിയയോട് ചോദിച്ചുനോക്കൂ. രാവിലെ ബ്രീഫ് ചെയ്യാം, ഞങ്ങൾക്ക് വളരെ വിശദമായി തീരുമാനമെടുക്കണം എന്ന് പറഞ്ഞു. ടീച്ചർ, ഒരു മഹാമാരിയാണ് വരുന്നത്, ഞങ്ങൾ എത്രവേണമെങ്കിലും ഇവിടെ വെയ്റ്റ് ചെയ്യാം എന്ന് അവർ പറഞ്ഞു. ഒരു പത്രത്തിന്റെ അച്ചടി താമസിപ്പിച്ച് അവിടെനിന്നും കിട്ടുന്ന വിവരംകൂടി ചേർത്ത് പത്രമിറക്കാൻ ഞങ്ങൾ തയ്യാറാണെന്നാണ് മനോരമയുടെ ചീഫ് എഡിറ്റർ ശ്രീ. മാമ്മൻ മാത്യു സാർ പറഞ്ഞത്. ഇത് ആദ്യമായിട്ടാണ്, അങ്ങനെ തീരുമാനിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. മീഡിയ ഇങ്ങനെ സഹകരിച്ചതിൽ സന്തോഷമുണ്ട്. എത്ര വൈകിയാലും തൃശ്ശൂരിൽ നിന്നുള്ള വിവരം കിട്ടിയിട്ട് മാത്രമേ പിറ്റേന്ന് പത്രം പ്രസിദ്ധീകരിക്കുകയുള്ളൂ എന്നുപറഞ്ഞ് അവർ കാത്തുനിന്നു. മനോരമ മാത്രമല്ല, മാതൃഭൂമിയും മറ്റെല്ലാ പത്രങ്ങളും. എല്ലാ മാധ്യമങ്ങളും, ആ മീഡിയ സുഹൃത്തുക്കൾ ക്ഷമയോടെ കാത്തുനിന്നു. അവർ ആരെങ്കിലും ഞങ്ങൾ ഇത്രനേരം കാത്തുനിന്നിട്ട് വിഷമമായി, ഇത്ര നീണ്ട മീറ്റിംഗ് നടത്തിയത് എന്തിനാണെന്ന് ഒരക്ഷരം ചോദിച്ചിട്ടില്ല. അവർ അത് മുഴുവൻ എടുത്തു. പിറ്റേദിവസത്തെ പത്രത്തിൽ തീരുമാനങ്ങൾ മുഴുവൻ വന്നു. അതുണ്ടാക്കുന്ന സഹായം വേറെയല്ല. നമുക്ക് ഇനി വരും ദിവസങ്ങളിലാണ് ഏറെ ശ്രദ്ധിക്കേണ്ടത് എന്നുള്ളതാണ് ഞാൻ പറയുന്നത്. കാരണം, പല ഭാഗത്തുനിന്നും ആളുകൾ വരുന്നു. എയർപോർട്ടിൽ മാത്രമല്ല, ബസിൽ വരാം, ട്രെയിനിൽ വരാം, മറ്റ് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയും വരാം. ഇപ്പോൾ ബസ് സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലുമെല്ലാം നമ്മുടെ സർവ്വയലൻസ് സിസ്റ്റം ശക്തമാക്കിയിട്ടുണ്ട്. പക്ഷേ എത്രതന്നെ ശക്തമാക്കിയാലും ഒരു responsible behaviour എല്ലാ ആളുകളിൽ നിന്നും ഉണ്ടെങ്കിൽ മാത്രമേ ഈ വൈറസിനെ ചെറുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് നല്ല രീതിയിൽ പ്രചരണ പ്രവർത്തനങ്ങൾ ശക്തമാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെയും മീറ്റിംഗ് ചേർന്നുകൊണ്ട് വളരെ വ്യക്തമായി നാം ഇനി എന്തൊക്കെ ചെയ്യണമെന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ചട്ടം 300-ന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാ തലത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ ഞാൻ അത് ഇന്നും ആവർത്തിക്കേണ്ടല്ലോ; ആ കടലാസ് ഈ സഭാതലത്തിന്റെ മേശപ്പുറത്തുണ്ട്. ഇന്നലെ മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിലും പറഞ്ഞു. ചിലർ പറഞ്ഞു, പഞ്ചായത്തിൽ മീറ്റിംഗ് വിളിക്കുന്നത് എന്തിനാണെന്ന്; നായാട്ടുകാരുടെ ഒരു ചൊല്ലുണ്ട്. ഇരയുടെ കൂടെ ഓടുകയും വേട്ടക്കാരന്റെ കൂടെ നിൽക്കുകയും

ചെയ്യുന്നവെന്നുള്ളതാണത്. അത് ചെയ്യരുത്. ഒരു ഭാഗത്തുനിന്നും പറയുന്നു, നിങ്ങൾ മിണ്ടരുത്, മിണ്ടിയാൽ ആളുകൾക്ക് ഭയങ്കര ഭീതിയുണ്ടാകും. മറ്റൊരു ഭാഗത്തുനിന്ന് പറയുന്നു, നിങ്ങൾ വ്യക്തമായി ജനങ്ങൾക്ക് സന്ദേശം കൊടുക്കുന്നില്ല, അവരെ പഠിപ്പിക്കുന്നില്ല. എങ്ങനെയാണ് പഠിപ്പിക്കുന്നത്; ഓരോ വീട്ടിലും ഫോൺ ചെയ്തിട്ടാണോ പഠിപ്പിക്കുന്നത്; പതിനായിരക്കണക്കിനാളുകളെ ബോധവൽക്കരിക്കാൻ എങ്ങനെയാണ് സാധിക്കുന്നത്; മാത്രമല്ല, തദ്ദേശസ്വയംഭരണ വകുപ്പ് വളരെ ശ്രദ്ധയോടെ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ..ഇന്ന് വെള്ളിയാഴ്ച ആയതുകൊണ്ട് കുറെ നടപടി ക്രമങ്ങളുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മനസ്സിലായി. ഞാൻ അവസാനിപ്പിക്കാം. നമ്മൾ എടുത്തിട്ടുള്ള തീരുമാനങ്ങൾ ഇന്നലെ പത്രത്തിൽ വന്നതുകൊണ്ടും സമയം വൈകി എന്ന് അങ്ങ് പറയുന്നതുകൊണ്ടും ആവർത്തിക്കുന്നില്ല. പഞ്ചായത്ത് തലത്തിൽ പ്രസിഡന്റുമാർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ-അയൽക്കൂട്ടങ്ങൾ, ആശാവർക്കർമാർ എന്നിവരെല്ലാം അതത് പഞ്ചായത്തിൽ എവിടെയെങ്കിലും ഇത്തരത്തിൽ വിദേശത്ത് നിന്നുള്ളവർ വന്നിട്ടുണ്ടെങ്കിൽ അവരെ സഹായിക്കണം, അവരെ ബോധവത്കരിക്കണം. ആരോഗ്യ വകുപ്പിനോട് റിപ്പോർട്ട് ചെയ്യണം. അതുപോലെ തന്നെ അവർക്കാവശ്യമായ സഹായങ്ങൾ നൽകണം. അവർക്ക് ഭക്ഷണമുണ്ടോ, വസ്ത്രമുണ്ടോ, മെഡിസിനുണ്ടോ എന്നുകൂടി നോക്കണം. ഇത്രയും കൂടി തീരുമാനിച്ചിട്ടുണ്ട്. NCD പേഷ്യന്റ്സ് ഇൻസുലിൻ എടുക്കുന്നവരായിരിക്കും. ക്വാറന്റൈനിലുള്ളവർക്ക് അതിനൊന്നിനും ബുദ്ധിമുട്ട് നേരിടരുത്. അത് കൃത്യമായി എത്തിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. പോലീസ് എന്താണ് ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഓരോ വകുപ്പും എന്താണ് ചെയ്യേണ്ടതെന്നും പറഞ്ഞിട്ടുണ്ട്. പഴുതടച്ച ഒരു തീരുമാനമാണ് ഇക്കാര്യത്തിൽ എടുത്തത്. എന്നാൽ എല്ലാ പഴുതുകളും അടയ്ക്കണമെങ്കിൽ പ്രതിപക്ഷത്തിന്റെകൂടി സഹായമുണ്ടാകണം. മറുഭാഗത്തുനിന്ന് ആക്രമിക്കരുത് എന്ന് അപേക്ഷിക്കുകയാണ്. ഒരു മഹാദുരന്തത്തെയാണ് നമ്മൾ നേരിടുന്നത്. അതിൽ കഴിയാവുന്നത്ര epidemic ഗ്രാഫ് കുറയ്ക്കാനേ പറ്റൂ. ഈ രോഗം ഒരു കാരണവശാലും ഒരാൾക്കുപോലും ഇവിടെ ഉണ്ടാവില്ലെന്ന് പറയാൻ ഇന്നത്തെ ലോക സാഹചര്യത്തിൽ നമുക്ക് പറ്റില്ല. പല ഭാഗത്തുനിന്നും വരാം. നമ്മൾ തമിഴ്നാട്, കർണ്ണാടക മുതലായ ബോർഡറുകളിൽപോലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. നിരീക്ഷണം എത്ര ശക്തമാക്കിയാലും ജീവനുള്ള മനുഷ്യരല്ലേ; അവർ ഏതെങ്കിലും വഴിക്ക് നമ്മൾ അറിയാതെ വന്ന് ഇതിനകത്ത് നിൽക്കുന്നുണ്ടോയെന്ന് മനസ്സിലാകുമോ; അതിന് സഹകരിക്കേണ്ടത് ഇങ്ങനെയാണ്, ഇവിടെയൊരാൾ

വന്നിട്ടുണ്ടെന്ന് സൗമ്യമായി അവരോട് പറയണം. ആ ഉത്തരവാദിത്വം പ്രതിപക്ഷത്തിനുമുണ്ട്. അതുകൊണ്ട് നമ്മൾ എടുക്കുന്ന വലിയ burden, അതായത് ചെയ്യാനുള്ള നമ്മുടെ ഉത്തരവാദിത്വം അത് ലഘൂകരിക്കലല്ല, അതിനെ കൂടെനിന്ന് സഹായിക്കുകയാണ് വേണ്ടത്. പരിഹസിക്കരുത്. ആളുകളോട് വ്യക്തമായി കാര്യങ്ങൾ പറയുമ്പോൾ അത് പറഞ്ഞേ മതിയാകുകയുള്ളൂ. അങ്ങനെ പറഞ്ഞുകൊടുക്കുന്നതാണ് ജനങ്ങൾക്ക് കിട്ടുന്ന വലിയ അറിവ്. അതുകൊണ്ട് ദയവായി പരിഹസിക്കരുത്. ഞാൻ വലിയ ആളായിപ്പറയുന്നതല്ല, ചില കോൺഗ്രസ് പ്രവർത്തകർ എന്നെയും വിളിച്ചിരുന്നു. ടീച്ചർ സാരമില്ല, ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ടീച്ചറും പറയുന്ന ബ്രീഫിംഗ് കേൾക്കാൻ നിൽക്കുകയാണ്. അത് പറയണം. അപ്പോൾ മാത്രമേ നമുക്ക് ഈ രോഗത്തെക്കുറിച്ച് അറിയാൻ കഴിയൂ എന്നാണ് വ്യക്തമായി പറഞ്ഞിട്ടുള്ളത്. ഈ രോഗം പ്രതിരോധിക്കാൻ എടുത്ത കൃത്യമായ നടപടിക്രമങ്ങളെല്ലാം എന്റെ കയ്യിലുണ്ട്. അത് മേശപ്പുറത്ത് വയ്ക്കുന്നു.* സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഇത് വളരെ വ്യക്തമായി, ഇനിയുള്ള ദിവസങ്ങളിൽ നടത്തേണ്ട നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് സീ-പോർട്ട്, എയർപോർട്ടിലെല്ലാം നിരീക്ഷണം ശക്തമാക്കാനും റെയിൽവേ സ്റ്റേഷന്റെ കാര്യവും അതിഥി തൊഴിലാളികളുടെ ഇടയിൽ നടത്തിയിട്ടുള്ള കാര്യങ്ങൾ, വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി തുടങ്ങി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നലത്തെ പ്രസ് മീറ്റിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടെ മറുപടിയുടെ ഭാഗമായിട്ടുണ്ട്. ഇത് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം നൽകുന്നു. ഒരഭ്യർത്ഥനയാണ്, ദയവുചെയ്ത് ഈ സമയത്ത് നമ്മൾ തമ്മിൽ ഇങ്ങനെ തല്ലിപ്പിരിയുന്ന, ചെറിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനുള്ള ഒരു fault finding method-ലേയ്ക്ക് പോകരുത്. നമുക്ക് ഒരുമിച്ച് ചേർന്ന് ഈ മഹാ വിപത്തിനെ നേരിടാം. ഒരു മരണംപോലും കേരളത്തിലില്ലാതെ നോക്കാൻ ശ്രദ്ധപുലർത്തണം. ഒരു കൊച്ചുസംസ്ഥാനമല്ലേ നമ്മുടേത്. നമ്മുടെ സിസ്റ്റത്തിൽ ധാരാളം പോരായ്മകളില്ലേ; അതെല്ലാം കണ്ടുകൊണ്ടുതന്നെ ഒറ്റക്കെട്ടായി നിന്ന് ഈ മഹാമാരിയെ നേരിടാം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കേണ്ടതില്ല. മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

# IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ലിസ്റ്റ് 1 പ്രകാരമുള്ള കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 74/2020 | ജി.ഒ.(എം.എസ്) നമ്പർ33/2020/ഹോം | 28-1-2020 | അല്ല |
| 2 | 88/2020 | ജി.ഒ.(എം.എസ്) നമ്പർ34/2020/ഹോം | 28-1-2020 | അല്ല |
| 3 | 90/2020 | ജി.ഒ.(പി) നം. 5/2020/ഹോം | 29-1-2020 | അല്ല |
| 4 | 124/2020 | ഹോം-എസ്.എസ്.എ 2/ 278/2019-ഹോം | 15-2-2020 | അല്ല |
| 5 | 153/2020 | ജി.ഒ.(എം.എസ്) നമ്പർ53/2020/ഹോം | 25-2-2020 | അല്ല |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ട് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) | 2018-19 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 97/2020 | ജി.ഒ(പി) നമ്പർ 8/2020/ആർഡി. | 4-2-2020 | അല്ല |
| 2 | 105/2020 | ജി.ഒ(പി) നമ്പർ 11/2020/ആർഡി. | 10-2-2020 | അല്ല |

IV. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 72/2020 | ജി.ഒ(പി) നമ്പർ 1/2020/ എഫ്&പിഡി. | 4-1-2020 | അല്ല |

V. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 89/2020 | ജി.ഒ(പി) നമ്പർ12/2020/ടാക്സസ് | 1-2-2020 | അല്ല |
| 2 | 91/2020 | ജി.ഒ(പി) നമ്പർ14/2020/ടാക്സസ് | 1-2-2020 | അല്ല |
| 3 | 92/2020 | ജി.ഒ(പി) നമ്പർ 16/2020/ടാക്സസ് | 1-2-2020 | അല്ല |

| | | | | |
|---|---|---|---|---|
| 4 | 93/2020 | ജി.ഒ(പി) നമ്പർ 18/2020/ടാക്സസ് | 1-2-2020 | അല്ല |
| 5 | 94/2020 | ജി.ഒ(പി) നമ്പർ 15/2020/ടാക്സസ് | 1-2-2020 | അല്ല |
| 6 | 95/2020 | ജി.ഒ(പി) നമ്പർ 17/2020/ടാക്സസ് | 1-2-2020 | അല്ല |
| 7 | 96/2020 | ജി.ഒ(പി) നമ്പർ 13/2020/ടാക്സസ് | 1-2-2020 | അല്ല |
| 8 | 106/2020 | സ.ഉ.(പി) നമ്പർ 22/2020/നി.വ. | 6-2-2020 | അല്ല |
| 9 | 108/2020 | ജി.ഒ(പി) നമ്പർ 20/2020/ടാക്സസ് | 6-2-2020 | അല്ല |
| 10 | 109/2020 | ജി.ഒ(പി) നമ്പർ 21/2020/ടാക്സസ് | 6-2-2020 | അല്ല |

VI.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 85/2020 | ജി.ഒ(ആർ.റ്റി) നമ്പർ 26/2020/ലോ | 06-1-2020 | അല്ല |
| 2 | 110/2020 | ജി.ഒ(ആർ.റ്റി) നമ്പർ 25/2020/ലോ | 06-1-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ട് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് | അതെ |

VII. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 33/2020 | സ.ഉ.(അച്ചടി) നമ്പർ1/2020/സാ.നീ.വ | 06-1-2020 | അല്ല |

VIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 67/2020 | ജി.ഒ(പി) നമ്പർ 06/2020/റ്റി.ഡി | 23-1-2020 | അല്ല |

IX. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 471/2019 | ജി.ഒ(പി) നമ്പർ 63/2019/എൽബിആർ. | 22-6-2019 | അതെ |
| 2 | 130/2020 | ജി.ഒ(പി) നമ്പർ22/2020/എൽബിആർ. | 7-2-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ട് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ട് | അതെ |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 400/2019 | ജി.ഒ(പി) നമ്പർ 56/2019/കോ-ഓപ്പ് | 24-5-2019 | അതെ |
| 2 | 38/2020 | ജി.ഒ(പി) നമ്പർ 105/2019/കോ-ഓപ്പ് | 01-10-2019 | അല്ല |
| 3 | 55/2020 | ജി.ഒ(പി) നമ്പർ 02/2020/കോ-ഓപ്പ് | 13-1-2020 | അല്ല |
| 4 | 79/2020 | ജി.ഒ(പി) നമ്പർ 3/2020/കോ-ഓപ്പ് | 14-1-2020 | അല്ല |
| 5 | 81/2020 | ജി.ഒ(പി) നമ്പർ 6/2020/കോ-ഓപ്പ് | 21-1-2020 | അല്ല |

XI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 585/2019 | ജി.ഒ.(പി) നം.. 10/2019/ എഫ്&ഡബ്ല്യുഎൽഡി. | 27-8-2019 | അതെ |

XII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനം | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 112/2020 | ജി.ഒ.(പി) നം.3/2020/പവർ | 5-2-2020 | അല്ല |

XIII. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നം. | ആക്റ്റ് | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2020 | 1 | 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് |
| 2 | 2020 | 2 | 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 3 | 2020 | 3 | 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |

12.00 Noon)

2. ലിസ്റ്റ് 2 (ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ)

1. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

   പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 411, 500, 4092, 4117; പതിനെട്ടാം സമ്മേളനത്തിലെ 395, 481 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 797-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3662; പതിനാലാം സമ്മേളനത്തിലെ 2525 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

## V റിപ്പോർട്ടുകളുടെ സമർപ്പണം

### എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 24-ാമത് റിപ്പോർട്ട്

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 24-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 19-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VI റിപ്പോർട്ട് പരിഗണന

## കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഉമ്മർ: സർ, കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട് അതേ കമ്മിറ്റിക്ക് മടക്കി അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളോട് വിയോജിക്കുന്നു. സഭാനടപടികളിലെ പ്രധാനപ്പെട്ട ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാതെ ഗില്ലറ്റിൻ ചെയ്യാൻ തീരുമാനിച്ചത് നിർഭാഗ്യകരമായിപ്പോയി. നാല് മാസത്തെ ചെലവിനുള്ള അപ്രോപ്രിയേഷൻ ബില്ലുകൾമാത്രം പാസ്സാക്കി സഭ മാറ്റിവയ്ക്കുകയാണെന്ന് പറഞ്ഞാൽ അതുൾക്കൊള്ളാൻ സാധിക്കും. നാലുമാസത്തെ ചെലവിനുള്ള അപ്രോപ്രിയേഷൻ ബില്ലുകൾ പാസ്സാക്കി ബാക്കി അടുത്ത സമ്മേളനത്തിൽ ചർച്ച ചെയ്ത് വളരെ സുതാര്യമായ രീതിയിൽ നടത്തുകയായിരുന്നു ആവശ്യം. ഒരു ചർച്ചയുമില്ലാതെ, എല്ലാം ഗില്ലറ്റിൻ ചെയ്ത് ജനങ്ങളിൽനിന്നും സഭാനടപടികൾ മുഴുവൻ മറച്ചുവയ്ക്കുകയെന്നതും ഈ സഭാനടപടികൾ മുഴുവനായി നിർത്തിവച്ച് ബില്ലുകൾ പാസ്സാക്കിയെടുക്കുന്നതും  നിർഭാഗ്യകരമായ കാര്യമാണ്. അതുകൊണ്ട് അപ്രോപ്രിയേഷൻ ബില്ലുകൾ മാത്രം പാസ്സാക്കി ധനാഭ്യർത്ഥന ചർച്ച പുനരാരംഭിക്കുന്നതിനായി വീണ്ടും സഭ ചേരണമെന്നതാണ് ആവശ്യം.

ശ്രീ. കെ. സി. ജോസഫ്: സർ, കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട് അതേ കമ്മിറ്റിക്ക് മടക്കി അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളോട് വിയോജിക്കുന്നു. കാര്യോപദേശക സമിതിയുടെ 19-ാമത് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുന്നതിനായി ആ റിപ്പോർട്ട് മടക്കിയയയ്ക്കാൻ അനുവദിക്കണം. ഇനി ഇരുപതിലധികം ഡിമാന്റുകൾ ചർച്ച ചെയ്യാനുണ്ട്. ഇതാദ്യമായിട്ടാണ് എല്ലാ ഡിമാന്റുകളും ഒന്നിച്ച് ഗില്ലറ്റിൻ ചെയ്യുന്നത്. അപ്രോപ്രിയേഷൻ ബില്ലുകൾപോലും ചർച്ച ചെയ്യുന്നില്ല. 'കൊവിഡ് 19'-മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഞങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിന്റെ പേരിൽ അങ്ങ് സഭാനടപടികൾ നിർത്തിവയ്ക്കുവാൻ പറഞ്ഞതിനോട് ഞങ്ങളെല്ലാം യോജിക്കുന്നു. ദയവായി ചർച്ച നിർത്തിവയ്ക്കരുത്. പതിനാലാം കേരള നിയമസഭയുടെ അവസാനത്തെ ബഡ്ജറ്റ്

ചർച്ചയാണ് ഇവിടെ നടക്കുന്നത്, ഇനി ബഡ്ജറ്റ് ചർച്ചയുണ്ടാകില്ല. സഭയുടെ ലാസ്റ്റ് സെഷനാണിത്. ഞങ്ങളെല്ലാം സഹകരിക്കുന്നുണ്ട്. ദയവായി വോട്ട്-ഓൺ അക്കൗണ്ട് പാസ്സാക്കി സഭ പിരിയണം. ബാക്കിയുള്ള ഡിമാന്റ് ചർച്ചകൾ രണ്ട് മാസം കഴിഞ്ഞാലും തുടരാവുന്നതേയുള്ളൂ, അതിൽ കുഴപ്പമില്ല. 'കോവിഡ് 19'-ന്റെ പേരിൽ ദയവായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽനിന്നും ഒളിച്ചോടരുതെന്നാണ് പറയാനുള്ളത്. ഇപ്പോൾ ലോക്സഭാസമ്മേളനവും നടക്കുകയാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് പ്രസംഗം നടത്താനുള്ള സമയമല്ലിത്,....

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ചട്ടപ്രകാരമാണ് സംസാരിക്കുന്നത്...

മി. സ്പീക്കർ: അങ്ങ് ഭേദഗതി മൂവ് ചെയ്താൽ മതി.

ശ്രീ. കെ. സി. ജോസഫ്: സർ, കർണ്ണാടക, മിസ്സോറാം, രാജസ്ഥാൻ, നാഗാലാന്റ്, ആസ്സാം, തെലുങ്കാന, പഞ്ചാബ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. കേരളം ആരോഗ്യ രംഗത്ത് മാതൃകയാണെന്നാണ് അവകാശപ്പെടുന്നത്. ആ കേരളം ദയവായി ജനങ്ങൾക്കിടയിൽ ഒരു പാനിക്കുണ്ടാക്കരുത്, ഈ സന്ദർഭത്തിൽ സഭ നിർത്തിവയ്ക്കുന്നത് തെറ്റായ സന്ദേശം നൽകുന്നതിനിടയാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാന നിമിഷമെങ്കിലും ആലോചിക്കണം. ദയവായി റിപ്പോർട്ട് പിൻവലിക്കണം. പുനരാലോചിക്കണം, വോട്ട്-ഓൺ അക്കൗണ്ട് പാസ്സാക്കി ഇന്നത്തെ സഭ പിരിയാം. (...മൈക്ക് ഓഫ്...)

ശ്രീ. പി. ടി. തോമസ്: സർ, അങ്ങയുടെ കാലഘട്ടത്തിൽ ഇത്രയും തെറ്റായ ഒരു ജനാധിപത്യ കീഴ്വഴക്കമുണ്ടാക്കിയെന്ന് രേഖപ്പെടുത്തുമെന്നുള്ളതുകൊണ്ട് ഈ നടപടി ഒരു കാരണവശാലും അനുവദിക്കരുത്. മാത്രമല്ല, ഇന്ത്യയിലെ നിരവധി സംസ്ഥാന നിയമസഭകളിലും പാർലമെന്റിലും സമ്മേളനങ്ങൾ നടന്നു കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇവിടെ മാത്രം സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള തീരുമാനം തെറ്റാണ്. തീർച്ചയായും ഈ ജനാധിപത്യവിരുദ്ധ നടപടിക്ക് സഭാദ്ധ്യക്ഷനെന്ന നിലയിൽ അങ്ങ് കൂട്ടുനിൽക്കാൻ പാടില്ല. ദയവായി വോട്ട്-ഓൺ അക്കൗണ്ട് പാസ്സാക്കി പിന്നീട് ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരള നിയമസഭ ചുരുക്കം ദിവസങ്ങളിലാണ് കൂടിയിട്ടുള്ളത്. ഇവിടെ ഇപ്പോൾ ഒൻപത് ദിവസത്തെ ചർച്ചകൾ ഒഴിവാക്കി എല്ലാംകൂടി ഒന്നിച്ച് ഗില്ലറ്റിൻ ചെയ്യുകയാണ്. ഇവിടെയല്ലാതെ എവിടെയാണ് ഈ കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നത്? നമുക്ക് ഈ കാര്യങ്ങൾ പറയാൻ കഴിയുന്ന ഏക സ്ഥലമെന്ന് പറയുന്നത് നിയമസഭയാണ്. നിയമസഭാ സമ്മേളനങ്ങളുടെ എണ്ണം വളരെ കുറവാണ്. ഇപ്പോൾ തന്നെ

9 ദിവസത്തെ സഭാനടപടികൾ വെട്ടിച്ചുരുക്കുകയാണ്. ഗവൺമെന്റ് പറയുന്ന നിലപാടിനോട് പൂർണ്ണമായും യോജിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാവുന്നതേയുള്ളൂ. പക്ഷേ, ചർച്ച നടക്കട്ടെ, വോട്ട്-ഓൺ അക്കൗണ്ട് പാസ്സാകട്ടെ. ജൂലൈ 31 വരെയുള്ള ചെലവിനുള്ള തുക സഭ അനുവദിക്കുകയല്ലേ, അതിനുശേഷം ചർച്ച പുനരാരംഭിക്കുന്നതിനുള്ള സമയം ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ഗവൺമെന്റ് തീരുമാനിച്ചാൽ മതി. അതല്ലാതെ ചർച്ച ഒഴിവാക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ദയവായി ഗവൺമെന്റിന് വീണ്ടുവിചാരമുണ്ടാകണമെന്നതാണ് എന്റെ അഭിപ്രായം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ തീരുമാനം ഫൈനലാണല്ലോ. ഗവൺമെന്റ് സഭ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടാൽ നിർത്തിവച്ചേ മതിയാകൂ. This is a very bad precedent, 'കോവിഡ് 19'-ന്റെ പേരിൽ സഭ നിർത്തിവയ്ക്കണമെന്നതിനോട് ഞങ്ങളും യോജിക്കുന്നു. രണ്ടാഴ്ചത്തേയ്ക്കോ ഒരു മാസത്തേയ്ക്കോ നിർത്തിവച്ചോളൂ. പക്ഷേ, ഇവിടെ ഒന്നും ചർച്ച ചെയ്യണ്ട, All the demands will be guillotined. This will set a very bad precedent. This is against the democratic practices of this Assembly. ഇത് ശരിയായ നടപടിയല്ല. ഇത് ജനാധിപത്യവിരുദ്ധമാണ്. ഇത് പ്രതിപക്ഷത്തിന്റെയല്ല, ഡിമാന്റുകൾ ചർച്ച ചെയ്യാനുള്ള സഭയുടെ അധികാരത്തിനുനേരെയുള്ള വെല്ലുവിളിയാണ്. ഇത് ഏകാധിപത്യവും ജനാധിപത്യവിരുദ്ധവുമാണ്. ഇതിനെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. ഞങ്ങൾക്ക് ഈ ഗില്ലറ്റിനോട് യോജിക്കാൻ കഴിയില്ല. ഞങ്ങൾ അങ്ങയോട് ആവർത്തിച്ച് പറയുകയാണ്. Kindly re-consider this for passing a vote on account and come again with the demands. അതാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങ് ദയവായി തെറ്റായ പ്രീസിഡന്റ് ഉണ്ടാക്കരുത്. ഗവൺമെന്റുകൾ മാറിമാറി വരും. ഇനിയും അധികാരത്തിൽവരുന്ന ഗവൺമെന്റുകൾക്കെല്ലാം ഒരു അവസരമാക്കി ഇതിനെ മാറ്റാൻ പാടില്ലെന്ന് ശക്തമായി ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇവിടെ പുതിയൊരു പ്രീസിഡന്റ് ഉണ്ടാക്കിയിട്ടില്ല. ഇതിനേക്കാളും നല്ലൊരു അന്തരീക്ഷത്തിൽ 2013 മാർച്ച് മാസം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് എല്ലാം ഗില്ലറ്റിൻ ചെയ്തു ഒരനുഭവമുണ്ട്. അന്നൊന്നും 'കോവിഡ് 19' പോലുള്ള സ്ഥിതിവിശേഷമോ മറ്റോ ഉണ്ടായിട്ടില്ല.

ഇത് ആദ്യത്തെ ഒരു പ്രീസിഡന്റേയല്ല. ബഹുമാനപ്പെട്ട സ്പീക്കർ ജനാധിപത്യ വിരുദ്ധമായി എന്തോ ഒരു പ്രീസിഡന്റ് കൊണ്ടുവരുന്നുവെന്ന തെറ്റായ ധാരണ ഈ സഭയ്ക്ക് ഉണ്ടാക്കിക്കൊടുക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണെന്ന് സഭയെ ഞാൻ ഓർമ്മപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളിൽ, പലതും ഇവിടെ നേരത്തെ ഉന്നയിച്ചതാണ്. ബഹുമാന്യനായ കെ. എൻ. എ. ഖാദറാണ് ആദ്യമായി അങ്ങേയ്ക്ക് ഒരു കത്ത് എഴുതിത്തരുന്നത്. നിലവിലുള്ള സാഹചര്യത്തിൽ സഭ ഇങ്ങനെ ചേർന്നുപോകുന്നത് ശരിയല്ല എന്നുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ വികാരം പ്രകടിപ്പിച്ചതായിരുന്നു. അങ്ങത് സ്വാഭാവികമായും യോഗത്തിന്റെ മുന്നിൽ വച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് അഭിപ്രായം ചോദിച്ചപ്പോൾ, നമുക്കിപ്പോൾ വേണ്ട. രണ്ട് ദിവസം കഴിഞ്ഞാവട്ടെ എന്നുപറഞ്ഞു. ഈ സഭയിൽ ശ്രീ. പി. സി. ജോർജ് വളരെ ഗൗരവമായി ഇതുമായി ബന്ധപ്പെട്ടൊരു പ്രശ്നം ഉന്നയിച്ചു. അങ്ങനെ വന്നപ്പോൾ ശ്രീ. പി. സി. ജോർജ് പറഞ്ഞ വിഷയം നമുക്ക് ചർച്ച ചെയ്യണ്ടേ; അക്കാര്യം ചർച്ച ചെയ്യുന്നതല്ലേ നല്ലതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് ഒരു കുറിപ്പ് ഇവിടെനിന്ന് കൊടുത്തയച്ചു. അപ്പോൾ വീണ്ടും അദ്ദേഹം കുറച്ച് ദിവസം കഴിയട്ടേയെന്നുള്ള അതേ നിലപാട് ആവർത്തിച്ചു. പിന്നീടതുമായി ബന്ധപ്പെട്ട് മാധ്യമ വാർത്തയായി. സർക്കാർ ഇത് നീട്ടിവയ്ക്കാൻ ഉദ്ദേശിക്കുന്നു. ഞങ്ങളത് സമ്മതിക്കില്ല എന്നൊക്കെയുള്ള നിലപാട് എടുത്തിരിക്കുന്നു എന്നുപറഞ്ഞ് വാർത്തവന്നു. പിറ്റേ ദിവസം വന്ന വാർത്തയാണിത്. നമ്മുടെ നാടിന്റെ പല ഭാഗങ്ങളിൽനിന്നായി ഈ ആവശ്യം പൊതുവിൽ ഉന്നയിക്കപ്പെടുന്നുണ്ട്. കാരണം, വല്ലാത്തൊരു അന്തരീക്ഷം നാട്ടിൽ നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ സഭ ഈ തരത്തിൽ ഇപ്പോൾ തുടരുന്നത് ശരിയല്ല. ഒരു തരത്തിലുമുള്ള തെറ്റായ കീഴ്വഴക്കവും ആകുന്നില്ല. കീഴ്വഴക്കത്തിന്റെ കാര്യം ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. നമ്മുടെ നിയമസഭയെ ആരും കുറ്റപ്പെടുത്തില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസങ്ങൾ സമ്മേളിക്കുന്ന നിയമസഭ നമ്മുടേതാണ്. അതൊരു റെക്കോർഡാണ്. ആരും ഇവിടെനിന്ന് ഒളിച്ചോടാൻ തയ്യാറല്ല. ഒരുപാട് കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തതാണ്. ഇതൊരു പ്രത്യേക സാഹചര്യമാണ്. ഒരു മഹാമാരിയുടെ വിപത്ത് നേരിടുന്ന ഘട്ടത്തിൽ ഇത്തരമൊരു തീരുമാനം നമുക്ക് എടുക്കേണ്ടി വരുന്നു. അതിന് വേറെ മാർഗ്ഗമില്ലാത്തതു കൊണ്ടാണ്. അതുകൊണ്ട് അതുമായി സഹകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കുവാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞങ്ങൾ ബി.എ.സി.-യിൽ ആവശ്യപ്പെട്ടതും ഇവിടെ ആവശ്യപ്പെടുന്നതും ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭ തുടരണമെന്നല്ല. ഞങ്ങൾ പറയുന്നത്, വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി പിരിയണമെന്നാണ്. അതുകഴിഞ്ഞ് പിന്നീട് ഡിമാന്റ് എടുക്കാം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട സ്പീക്കർക്ക് കസേരയിൽ വരാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. അതിന്റെ അഞ്ചാം വാർഷികമാണിന്ന്. അതുകൊണ്ടാണ് അന്നങ്ങനെയുണ്ടായത്. ഇത് ശരിയായ നടപടിയല്ല. ജനാധിപത്യ വിരുദ്ധമാണ്. ഏകാധിപത്യമാണ്. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(കൊവിഡ്-19 വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായിരിക്കുന്ന ആശങ്കകളും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് നടപ്പുസമ്മേളനം വെട്ടിച്ചുരുക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: സർ, കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ടിന്മേലുള്ള ഭേദഗതികളെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ടിന്മേലുള്ള ഭേദഗതികൾ സഭ നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കുന്നു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ലൈഫ് മിഷൻ ഭവന പദ്ധതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

# VIII ധനകാര്യം

## 2020-21- സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 331,99,52,000 | ....... | 331,99,52,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 192,59,37,000 | 4457,28,07,000 | 4649,87,44,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന

XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| VI | ഭൂനികുതി | 712,02,44,000 | .......... | 712,02,44,000 |
| XI | ജില്ലാഭരണവും പലവകയും | 694,27,26,000 | ........... | 694,27,26,000 |
| XXI | ഭവനനിർമ്മാണം | 103,97,09,000 | 37,77,00,000 | 1,41,74,09,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 12,82,78,84,000 | ........ | 12,82,78,84,000 |

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XVIII | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 71,42,48,36,000 | 2,40,89,11,000 | 73,83,37,47,000 |
| XIX | കുടുംബക്ഷേമം | 4,82,76,41,000 | ........ | 4,82,76,41,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 76,03,03,14,000 | 65,67,40,000 | 76,68,70,54,000 |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XV | പൊതുമരാമത്ത് | 35,48,18,48,000 | 20,17,67,66,000 | 55,65,86,14,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XL | തുറമുഖങ്ങൾ | 63,10,52,000 | 73,65,00,000 | 1,36,75,52,000 |

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XXX | ഭക്ഷ്യം | 17,96,14,40,000 | 97,06,66,000 | 18,93,21,06,000 |

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസന എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XXXI | മൃഗസംരക്ഷണം | 6,92,35,79,000 | 23,33,00,000 | 7,15,68,79,000 |
| XXXII | ക്ഷീരവികസനം | 1,59,55,18,000 | 5,00,00,000 | 1,64,55,18,000 |
| XXXIV | വനം | 5,91,93,29,000 | 66,15,02,000 | 6,58,08,31,000 |

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XXII | നഗരവികസനം | 21,59,40,76,000 | 1,87,01,00,000 | 23,46,41,76,000 |
| XXXV | പഞ്ചായത്ത് | 8,20,12,74,000 | 2,02,10,01,000 | 10,22,22,75,000 |
| XXXVI | ഗ്രാമവികസനം | 39,88,96,92,000 | 13,77,41,00,000 | 53,66,37,92,000 |

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം,കല, സംസ്കാരം | 2,08,23,11,44,000 | 3,66,35,02,000 | 21189,46,46,000 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 4,01,92,68,000 | 10,37,75,00, 000 | 1439,67,68, 000 |
| XXXVIII | ജലസേചനം | 3,87,34,37,000 | 4,70,19,92, 000 | 8,57,54,29, 000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XXIX | കൃഷി | 32,35,29,27, 000 | 2,40,93,71, 000 | 34,76,22,98, 000 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥനയുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| VIII | എക്സൈസ് | 2,99,06,44,000 | ....... | 2,99,06,44, 000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 9,51,53,37,000 | 1,58,88,00,000 | 11,10,41,37, 000 |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന യുടെ നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 28,17,70,08, 000 | 2,27,89,33, 000 | 3045,59,41, 000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII -ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI -ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX -ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII -ാം നമ്പർ

ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയേയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ചരക്കു സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

### <u>2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2020-ലെ കേരള ധനകാര്യ ബില്ലിന്റെയും

2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെയും അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2020-ലെ കേരള ധനകാര്യ ബില്ലും 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.1979/Table-1/2020/Leg. Dated, 2020 March 24 , Thiruvananthapuram.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Nineteenth Session of the Fourteenth Kerala Legislative Assembly with effect from March 13, 2020 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥന ഗവർണ്ണർ പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനം 2020 മാർച്ച് 13-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

S. V. UNNIKRISHNAN NAIR
Secretary, Legislative Assembly

## അനുബന്ധം

I. *241-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിന്റെ അനുബന്ധം

(1) പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും നഷ്ടമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ടിൽ)നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ

- ഓഖി ഫണ്ടിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ചത് 108 കോടി രൂപ.
- ഓഖി പുനരധിവാസ പദ്ധതികൾക്കായി 123.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 88.16 കോടി രൂപയുടെ പദ്ധതികൾ ഫിഷറീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.
- ഇതിൽ നാളിതുവരെയായി 76.22 കോടി രൂപ ലഭ്യമായിട്ടുണ്ട്.
- മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ വീതം അനുവദിച്ചുനൽകി. ഇതുകൂടാതെ മരിച്ചവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതവും അനുവദിച്ചു.
- 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പുവഴി 2,000 രൂപ വച്ച് അടിയന്തര ധനസഹായം നൽകുന്നതിന് 22.78 കോടി രൂപ ചെലവഴിച്ചു.
- മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000 രൂപ അനുവദിച്ചുനൽകി.
- ഓഖിയിൽ പൂർണ്ണമായും തകർന്ന 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നിരക്കിൽ വീടും സ്ഥലവും നൽകുന്നതിന് 7.41 കോടി രൂപ അനുവദിച്ചു.
- തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായതുമായ 36 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ ഭൂരഹിത ഭവനരഹിതരായ 32 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിലും ഭവനരഹിതരായ 6 പേർക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ നിരക്കിലും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപയുടെ ഭരണാനുമതി നൽകി.

- ഓഖിയിൽ ഭാഗികമായി തകർന്ന 458 വീടുകളുടെ പുനരുദ്ധാരണത്തിനായി 2.04 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകി.
- കടൽ രക്ഷാപ്രവർത്തനത്തിന് മൂന്ന് മറൈൻ ആംബുലൻസിന് 18.24 കോടി രൂപയിൽ 7.36 കോടി രൂപ ഓഖി ഫണ്ടിൽനിന്നും അനുവദിച്ചു.
- മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 480 പേർക്ക് 7.072 കോടി രൂപ ചെലവഴിച്ചു.
- 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണത്തിന് 6.10 കോടി രൂപ അനുവദിച്ചു. നാളിതുവരെ 34545 ലൈഫ് ജാക്കറ്റുകൾ നൽകി.
- 15000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യ ഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ആയതനുസരിച്ച് കെൽട്രോൺ നിർമ്മിച്ചുനൽകുന്ന നാവിക് ഉപകരണത്തിന്റെ വിതരണം ജില്ലകളിൽ നടന്നുവരുന്നു.
- 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണത്തിനായി 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.-മായി ചേർന്ന് പദ്ധതി നടപ്പിലാക്കിവരുന്നു. സാറ്റലൈറ്റ് ഫോൺ വിതരണം ജില്ലകളിൽ നടന്നുവരുന്നു.
- കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. പദ്ധതി നടപ്പിലാക്കിവരുന്നു.
- 2018 വർഷം ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണപ്പെട്ടതോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം നൽകുന്നതിനായി 1392.82 ലക്ഷം രൂപ ഓഖി പുനരധിവാസ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖി ചുഴലിക്കൊടുങ്കാറ്റിൽപ്പെട്ട് കാണാതാവുകയോ മരണപ്പെടുകയോ ചെയ്ത 73 മത്സ്യത്തൊഴിലാളികളുടെ 162 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതിനായി 53.75 ലക്ഷം രൂപ 2018-19 അദ്ധ്യയന വർഷം അനുവദിക്കുകയും 65 ലക്ഷം രൂപ 2019-20 അദ്ധ്യയന വർഷം

അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2037 വരെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

- ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്നതിന് 7.94 കോടി രൂപ അനുവദിച്ചു.

- ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിലെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വിഴിഞ്ഞത്ത് സ്ഥാപിക്കുന്ന ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റ്, സീഫുഡ് കിച്ചൺ എന്നിവയ്ക്ക് 4 കോടി രൂപ അനുവദിച്ചു.

- ഓഖിയിൽ മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാരിൽ 42 പേർക്ക് (പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളതും 40-ഉം അതിൽ താഴെ വയസ്സുള്ളതുമായ) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. പത്താം തരത്തിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവർക്ക് വിഴിഞ്ഞത്ത് സ്ഥാപിക്കുന്ന ആധുനിക മത്സ്യ സംസ്കരണ യൂണിറ്റിൽ ജോലി നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്ന് 200 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുഖേന നിയമന നടപടികൾ സ്വീകരിച്ചു.

- ഓഖിയിൽ മരിച്ചതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടവുമായി ബന്ധപ്പെടുന്നതിനുള്ള അറിയിപ്പ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 27-11-2017 വരെയുള്ള കടത്തിലെ മുതലിന്റെ 60% സർക്കാർ വഹിക്കാനും പലിശയും മുതലിന്റെ 40% ധനകാര്യസ്ഥാപനങ്ങൾ വഹിക്കാനുമാണ് വായ്പ എഴുതിത്തള്ളുന്ന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി മാർഗ്ഗരേഖ പ്രകാരം അതിനുശേഷമുള്ള പലിശയോ, പിഴപ്പലിശയോ കണക്കാക്കാൻ പാടില്ലാത്തതുമാണ്.

(2) <u>വീടും ഉപജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി നൽകിയ സഹായങ്ങൾ തീരപ്രദേശത്തെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും തീരസുരക്ഷയുമായി നടത്തുന്ന പ്രവർത്തനങ്ങൾ</u>

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. ആകെയുള്ള 72 പേരിൽ 15 പേർ അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും മാറി താമസിക്കുവാൻ താൽപ്പര്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. 6 പേർ ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. 14 പേർ മുൻവർഷങ്ങളിലെ പദ്ധതികളിലുൾപ്പെട്ടവരാണ്. ഇതിൽ 5 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 20 പേർക്ക് ഫ്ലാറ്റ് വേണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. ഇവരുടെ പുനരധിവാസത്തിനായി ബീമാപ്പള്ളിക്ക് സമീപം ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മൊത്തം 72 ഗുണഭോക്താക്കളിൽ മേൽപ്പറഞ്ഞ 49 പേർ ഒഴിച്ച് ബാക്കിയുള്ള 23 പേർക്ക് സ്ഥലവും വീടിനും ആവശ്യമായ 2.41 കോടി രൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ മരണപ്പെട്ടതും കാണാതായതുമായ 36 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ ഭൂരഹിത ഭവനരഹിതരായ 32 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിലും ഭവനരഹിതരായ 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ നിരക്കിലും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ അനുവദിച്ചു.

ഓഖി ദുരന്തത്തിൽ വീടുകൾ ഭാഗികമായി തകർന്ന 458 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന അറ്റകുറ്റപ്പണി നടത്തുന്നതിന് 369 പക്കാ വീടുകൾക്ക് 50,000 രൂപ നിരക്കിലും 69 കച്ചാ വീടുകൾക്ക് 15,000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ സർവ്വേ പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ വസിക്കുന്നുവെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ടി കുടുംബങ്ങളെ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആരംഭിച്ചു. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചുവരുന്നുണ്ട്. മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാ തല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 323 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് 480 പേർക്ക് 7.072 കോടി രൂപ ചെലവഴിച്ചു. ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്നതിന് 7.94 കോടി രൂപ അനുവദിച്ചു. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിലെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വിഴിഞ്ഞത്ത് സ്ഥാപിക്കുന്ന ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റ്, സീഫുഡ് കിച്ചൺ എന്നിവയ്ക്ക് 4 കോടി രൂപ അനുവദിച്ചു.

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേനയും നബാർഡ് RIDF ഫണ്ട് വിനിയോഗിച്ചും ഫിഷറീസിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീരദേശ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ തീരദേശത്തിന്റെ സമഗ്ര വികസനത്തിന് 4490 കോടി രൂപയുടെ പദ്ധതികളാണ് ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും മുഖേന നടപ്പിലാക്കിവരുന്നത്.

1. മത്സ്യ വകുപ്പ്

| | | |
|---|---|---|
| 1 | മത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതി (1798 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം) | 179.80 കോടി രൂപ |
| 2 | പുനർഗേഹം പദ്ധതി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398.00 കോടി രൂപ) | 2450 കോടി രൂപ |
| 3 | ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കാൻ (964 ഫ്ലാറ്റുകൾ 540 ചതുരശ്ര അടി വീതം) | 98.00 കോടി രൂപ |
| 4 | തീരദേശത്തെ മറ്റ് പശ്ചാത്തല വികസന പദ്ധതികൾ (സ്കൂൾ, ആശുപത്രികൾ മുതലായവ) | 146.28 കോടി രൂപ |
| ആകെ | | 2874.08 കോടി രൂപ |

2. കിഫ്ബി ധനസഹായത്തോടെയുള്ള പശ്ചാത്തല വികസന പദ്ധതികൾ

| | | |
|---|---|---|
| 1 | തീരസംരക്ഷണം (8 പദ്ധതികൾ) | 99.86 കോടി രൂപ |
| 2 | പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ പുതിയ ഹാർബറുകൾ | 219.57 കോടി രൂപ |
| 3 | 56 തീരദേശ സ്കൂളുകളുടെ പശ്ചാത്തല വികസനം | 65.00 കോടി രൂപ |
| 4 | 65 മത്സ്യമാർക്കറ്റുകളുടെ വികസനം (തത്വത്തിൽ അംഗീകാരം) | 193.46 കോടി രൂപ |
| ആകെ | | 577.89 കോടി രൂപ |

3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| | | |
|---|---|---|
| 1 | ഹാർബർ വികസനം | 422.22 കോടി രൂപ |
| 2 | തീരദേശ റോഡ് പുനരുദ്ധാരണം (1411 റോഡുകൾ) | 616.30 കോടി രൂപ |
| ആകെ | | 1038.52 കോടി രൂപ |

ആകെ (1+2+3) - 4490 കോടി രൂപ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന സംസ്ഥാനത്തെ 1411 തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് 616.30 കോടി രൂപയുടെ ഭരണാനുമതിയാണ് ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ളത്. ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

II. *242 -ാം നമ്പർ ചോദ്യത്തിന്റെ ' എ &ബി പിരിവിന്റെ അനുബന്ധം

കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിലെ മെല്ലെപ്പോക്കും ഗുണനിലവാരത്തിലുള്ള ന്യൂനതകളും ചൂണ്ടികാട്ടി കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിലുള്ള 10 റോഡുകളുടെ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. സ്റ്റോപ്പ് മെമ്മോ ലഭിച്ച പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കാരണമായ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. അമരവിള ഒറ്റശേഖരമംഗലം റോഡ്

- കരാറുകാരൻ-M/s. കുദ്രോളി കൺസ്ട്രക്ഷൻസ് കമ്പനി
- പ്രവൃത്തി തുടങ്ങിയ തീയതി-9-2-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-3-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-20-10-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ

- കരാർ കാലാവധി അവസാനിച്ചിട്ടും പ്രവൃത്തിയുടെ പുരോഗതി 50% മാത്രമാണെന്ന് കിഫ്ബി ആരോപിക്കുകയുണ്ടായി. പ്ലാൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം വിട്ട് കിട്ടാത്തതുമൂലമാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- DBM ചെയ്യുന്നതിനുമുൻപായി നിലവിലുള്ള റോഡ് സ്കാരിഫൈ ചെയ്തിട്ടില്ലായെന്ന് കിഫ്ബി റിപ്പോർട്ട് ചെയ്തു. പക്ഷെ ആദ്യ ദിവസം മാത്രമാണ് സ്കാരിഫൈ ചെയ്യാതെ DBM ചെയ്തത്. തുടർന്നുള്ള ദിവസങ്ങളിൽ അത് തിരുത്തിയെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- DBM മിക്സിന്റെ താപനില 120 ഡിഗ്രി സെൽഷ്യസിലും കുറവുകണ്ടെത്തിയതായും കിഫ്ബി റിപ്പോർട്ടിൽ പറയുന്നു. പക്ഷെ അത് ഒരു മിക്സിൽ മാത്രമാണെന്നും ബാക്കി മിക്സിൽ താപനിലയിൽ കുറവുണ്ടായിട്ടില്ലായെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- സൂപ്പർ എലിവേഷൻ കിഫ്ബി മാർഗ്ഗരേഖ പ്രകാരമല്ല ചെയ്തത് എന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നു. പക്ഷെ DBM മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെന്നും ബി.സി. ചെയ്യുമ്പോൾ അത് പരിഹരിക്കാമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലായെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ഡ്രെയിൻ ഉയർത്തേണ്ട സാഹചര്യമുണ്ടായതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അനിവാര്യമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് ഉടൻതന്നെ തയ്യാറാക്കുന്നതാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

2. <u>കള്ളിക്കാട് പാറശ്ശാല ഹിൽ ഹൈവേ</u>

- കരാറുകാരൻ- M/s. അശ്വതി കൺസ്ട്രക്ഷൻസ്
- പ്രവൃത്തി തുടങ്ങിയ തീയതി-1-11-2018
- കരാർ കാലാവധി-18 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-3-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-14.10.2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- ഇൻഷ്യൽ ലെവൽസ് റെക്കോർഡ് ചെയ്തിട്ടില്ലെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ഇൻഷ്യൽ ലെവൽസ് നവംബർ മാസത്തിന് മുമ്പ് തന്നെ എടുത്തതായി ഉദ്യോഗസ്ഥർ അറിയിച്ചു.
- യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നാളിതുവരെ മാറ്റി സ്ഥാപിച്ചിട്ടില്ലെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും കിഫ്ബിയിൽനിന്നും നാളിതുവരെയും തുക ലഭിച്ചിട്ടില്ല.
- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയലിന്റെ ഉറവിട അംഗീകാരം ലഭിച്ച സാക്ഷ്യപത്രം സൈറ്റിൽ സൂക്ഷിച്ചിട്ടില്ലായെന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷെ മേൽപ്പറഞ്ഞ സാക്ഷ്യപത്രം ഇപ്പോൾ ലഭ്യമാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

3. <u>ആയൂർ ഇത്തിക്കര റോഡ്</u>

- കരാറുകാരൻ- M/s. ശ്രീധന്യ കൺസ്ട്രക്ഷൻസ്
- പ്രവൃത്തി തുടങ്ങിയ തീയതി-7-3-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-28-9-2019

- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-22-10-2019 & 26-10-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ് കിഫ്ബി ഉന്നയിച്ച പ്രധാന വിഷയം. പക്ഷെ യൂട്ടിലിറ്റി മാറ്റിസ്ഥാപിക്കുന്നതിനുള്ള കാലതാമസംമൂലമാണ് പ്രവൃത്തി വൈകിയതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.
- നിർമ്മാണത്തിനുപയോഗിക്കുന്ന ഡ്രോയിംഗുകൾ, സുരക്ഷ മുന്നറിയിപ്പുകൾ ഇല്ലാതെയാണ് വർക്ക് നടക്കുന്നത് എന്ന് ഇൻസ്പെക്ഷൻ അതോറിറ്റി റിപ്പോർട്ട് ചെയ്തു.
- WMM നിർവ്വഹിച്ചത് സോയിൽ ടെസ്റ്റിംഗ് നടത്താതെയാണെന്ന് ഇൻസ്പെക്ഷൻ അതോറിറ്റി റിപ്പോർട്ട് ചെയ്തു. പക്ഷെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നടത്തിയ ഇൻവെസ്റ്റിഗേഷനിലുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് WMM നിർവ്വഹിച്ചത്. കട്ടിംഗ് നടത്തിയ ഭാഗങ്ങളിൽ അധിക പരിശോധന നടത്തുകയുണ്ടായി.
- വാട്ടർ പൈപ്പ് ലൈൻ മാറ്റാതെയാണ് റോഡിന്റെ അവസാനത്തെ ലെയർ (BC)ചെയ്തത് എന്ന പ്രശ്നവും ഉന്നയിച്ചു. പക്ഷെ വാഹനം പോകുന്ന ഭാഗത്ത് പൈപ്പ് ലൈൻ ഇല്ല എന്ന് ഉദ്യോഗസ്ഥർ അറിയിക്കുകയുമുണ്ടായി.

4. <u>പാങ്ങോട് കടക്കൽ ചിങ്ങേലി ചടയമംഗലം റോഡ്</u>

- കരാറുകാരൻ- M/s. അക്ഷയാ ബിൽഡേഴ്സ്
- പ്രവൃത്തി തുടങ്ങിയ തീയതി-26-5-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-3-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-22-10-2019 &12-11-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി- 3-2-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- പ്ലാന്റിൽ നിന്നുമുള്ള WMM അല്ല സൈറ്റിൽ ഉപയോഗിച്ചതെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ അതിനനുസരിച്ചുള്ള തുക ബില്ലിൽനിന്നും കുറച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- IS 458 അനുസരിച്ച് പൈപ്പിന്റെ ടെസ്റ്റിംഗ് നടത്തിയിട്ടില്ല എന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ആവശ്യമായ ഐർത്ത് കുഷൻ നൽകിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- DBM-ന്റെ കനം കിഫ്ബിയുടെ ടെസ്റ്റിംഗിൽ കുറവ് കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. BC ലെയർ ചെയ്യുന്ന സമയത്ത് പരിഹരിക്കാമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- പ്രസ്തുത പ്രവൃത്തിയുടെ ഒബ്സർവേഷൻ മെമ്മോയിലും സ്റ്റോപ്പ് മെമ്മോയിലും ആവശ്യപ്പെട്ടിരുന്ന എല്ലാ രേഖകളും 12-11-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

5. <u>അടൂർ ടൗൺ ബ്രിഡ്ജ്</u>

- കരാറുകാരൻ- M/s. എ. ഇബ്രാഹിം കുട്ടി
- പ്രവൃത്തി തുടങ്ങിയ തീയതി-9-11-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-29-11-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി- 19-12-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-3-2-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ് കിഫ്ബി ഉന്നയിച്ച പ്രധാന വിഷയം.
- കരാർ വ്യവസ്ഥ അനുസരിച്ചുള്ള മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ് സൈറ്റിൽ ക്രമീകരിച്ചിട്ടില്ല എന്ന് റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ലബോറട്ടറി ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

- നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയലിന്റെ ഉറവിട അംഗീകാരം ലഭിച്ച സാക്ഷ്യപത്രം സൈറ്റിൽ സൂക്ഷിച്ചിട്ടില്ലായെന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷെ മേൽപ്പറഞ്ഞ സാക്ഷ്യപത്രം ഇപ്പോൾ ലഭ്യമാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലായെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു.

6. <u>കൈതവന പഴയനടക്കാവ് അമ്പലപ്പുഴ വടക്കേനട റോഡ്</u>

- കരാറുകാരൻ- M/s. ഫറൂക്ക് കൺസ്ട്രക്ഷൻസ്
- പ്രവൃത്തി തുടങ്ങിയ തീയതി-6-8-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-1-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-22-10-2019 & 24-10-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- കലവൂർ കാട്ടൂരിന്റെ അതെ മിക്സ് ഡിസൈൻ തന്നെയാണ് ഈ പ്രവൃത്തിക്കും ഉപയോഗിച്ചിട്ടുള്ളതെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ മെറ്റീരിയലിന്റെ ഉറവിടം ഒന്നായതിനാൽ അതേ മിക്സ് ഡിസൈൻ തന്നെയാണ് ടി പ്രവൃത്തിക്കും സാധുവാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയലിന്റെ ഉറവിട അംഗീകാരം ലഭിച്ച സാക്ഷ്യപത്രം സൈറ്റിൽ സൂക്ഷിച്ചിട്ടില്ലായെന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷെ മേൽപ്പറഞ്ഞ സാക്ഷ്യപത്രം ഇപ്പോൾ ലഭ്യമാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- ക്യൂബ് രജിസ്റ്റർ സൈറ്റിൽ ലഭ്യമല്ലായെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ഇപ്പോൾ അത് ലഭ്യമാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

7. എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ്

- കരാറുകാരൻ- M/s. കെ.സി.പി. എഞ്ചിനീയേഴ്സ്
- പ്രവൃത്തി തുടങ്ങിയ തീയതി-5-10-2018
- കരാർ കാലാവധി-18 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-29-11-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-ഇല്ല.

സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ

- പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ് കിഫ്ബി ഉന്നയിച്ച പ്രധാന വിഷയം.
- നിർമ്മാണത്തിനുപയോഗിക്കുന്ന ഡ്രോയിംഗുകൾ, ഡിപി.ആർ പ്രൊഫൈൽ ഡ്രോയിംഗുകളും ഇല്ലാതെയാണ് വർക്ക് നടക്കുന്നത് എന്ന് ഇൻസ്പെക്ഷൻ അതോറിറ്റി റിപ്പോർട്ട് ചെയ്തു.
- RCC വർക്കുകൾ മതിയായ റീ-ഇൻഫോഴ്സ്മെന്റ് നൽകാതെയാണ് നടപ്പിലാക്കിയിരിക്കുന്നതെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു.
- ഫീൽഡ് ലബോറട്ടറി സൈറ്റിൽ സ്ഥാപിച്ചിട്ടില്ലെന്നും കാലിബ്രേഷൻ ചെയ്തിട്ടില്ലാത്ത CTM മെഷീൻ സൈറ്റിൽ ഇല്ലെന്നും അറിയിച്ചു.
- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലായെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു.
- ഒബ്സർവേഷൻ മെമ്മോയിലെ എല്ലാ നിർദ്ദേശങ്ങളും ഉടനടി പാലിച്ച് ആവശ്യമായ റിപ്പോർട്ട് രേഖകൾ സഹിതം നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

8. പേരാമ്പ്ര ചെറുവണ്ണൂർ വടകര റോഡ്

- കരാറുകാരൻ- M/s. ബാബ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്
- പ്രവൃത്തി തുടങ്ങിയ തീയതി-16-1-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-1-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-14-10-2019, 12-11-2019 & 29-11-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- കരാർ കാലാവധി അവസാനിച്ചിട്ടും പ്രവൃത്തിയുടെ പുരോഗതി 83% മാത്രമാണ് എന്ന് കിഫ്ബി ആരോപിക്കുകയുണ്ടായി. പക്ഷെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുണ്ടായ കാലതാമസംമൂലമാണ് ഉദ്ദേശിച്ച പുരോഗതി നേടാൻ കഴിയാത്തതെന്ന് ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. നിലവിൽ പ്രവൃത്തി ഏകദേശം പൂർത്തിയായിയെന്നും അറിയിച്ചു.
- യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കാതെയാണ് പ്രവൃത്തി പുരോഗമിക്കുന്നതെന്ന് കിഫ്ബി ആരോപിച്ചു. പക്ഷെ അത് റോഡിന്റെ വശങ്ങളിലാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- ബിസിയുടെ ലെവൽ MORTH-ന്റെ മാർഗ്ഗരേഖ അനുസരിച്ചല്ലായെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. പക്ഷെ കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ വാക്കാലുള്ള നിർദ്ദേശമനുസരിച്ചാണ് ലെവൽ മാറ്റിയതാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- ക്യൂബ് ടെസ്റ്റിന്റെ ആവർത്തി മാർഗ്ഗരേഖ പ്രകാരമല്ലായെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആവർത്തി മാർഗ്ഗരേഖ പ്രകാരമല്ലെങ്കിലും കോൺക്രീറ്റിന് ആവശ്യമായ ബലമുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. അത് സ്ഥാപിക്കാൻ വേണ്ടി ടെസ്റ്റിംഗ് നടത്താമെന്നും അറിയിച്ചു.
- ബിഎം ലെയർ പൂർത്തിയായ സ്ഥലങ്ങളിൽ ധാരാളം അണ്ടുലേഷനുണ്ടെന്ന് കിഫ്ബി റിപ്പോർട്ട് ചെയ്തു. ബിസി ലെയർ ചെയ്ത സമയത്ത് ഇത് പരിഹരിച്ചെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

9. <u>കൽപ്പറ്റ വാരാമ്പറ്റ റോഡ്</u>

- കരാറുകാരൻ- M/s. കുദ്രോളി ബിൽഡേഴ്സ്
- പ്രവൃത്തി തുടങ്ങിയ തീയതി-31-10-2018
- കരാർ കാലാവധി-18 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-29-11-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-18-12-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതിയാണ് കിഫ്ബി ഉന്നയിച്ച പ്രധാന വിഷയം.
- നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റീരിയലിന്റെ ഉറവിട അംഗീകാരം ലഭിച്ച സാക്ഷ്യപത്രം സൈറ്റിൽ സൂക്ഷിച്ചിട്ടില്ലായെന്നും റിപ്പോർട്ടിൽ പറയുന്നു. പക്ഷെ മേൽപ്പറഞ്ഞ സാക്ഷ്യപത്രം ഇപ്പോൾ ലഭ്യമാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലായെന്നും കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു.
- സൈറ്റിൽ നിർമ്മിച്ച റീടെയിനിംഗ് വാൾ പ്രവർത്തനക്ഷമത ഇല്ലെന്ന് റിപ്പോർട്ടിൽ പറയുന്നു.
- വ്യത്യസ്ഥ ബ്രാൻഡുകളുടെ TMT ബാറുകൾ പരിശോധനകൾ ഇല്ലാതെ പ്രവൃത്തികളിൽ ഉപയോഗിക്കുന്നതായി റിപ്പോർട്ടിലുണ്ട്.

10. <u>കല്ലട്ടുക്ക ചെർക്കള റോഡ്</u>

- കരാറുകാരൻ- M/s. കുദ്രോളി കൺസ്ട്രക്ഷൻസ്
- പ്രവൃത്തി തുടങ്ങിയ തീയതി-25-10-2018
- കരാർ കാലാവധി-12 മാസം
- പ്രവൃത്തി നിർത്തിവയ്ക്കുവാനുള്ള ഉത്തരവ് നൽകിയ തീയതി-5-10-2019
- സ്റ്റോപ്പ് മെമ്മോയ്ക്ക് മറുപടി നൽകിയ തീയതി-14-10-2019& 23-12-2019
- സ്റ്റോപ്പ് മെമ്മോ പിൻവലിച്ച തീയതി-20-1-2020

<u>സ്റ്റോപ്പ് മെമ്മോ നൽകാനുണ്ടായ കാരണങ്ങൾ</u>

- DBM ചെയ്ത് ചുരുങ്ങിയസമയത്തിനുള്ളിൽത്തന്നെ കുഴികൾ രൂപപ്പെട്ടതായി കിഫ്ബി അറിയിച്ചു. പക്ഷെ കുഴികൾ രൂപപ്പെട്ടത് ജി.എസ്. ബി. ഇല്ലാത്ത ഭാഗങ്ങളിൽ ഉണ്ടായ നീരൊഴുക്കുമൂലമാണെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.
- മണ്ണിന്റെ സാന്ദ്രത ഉറപ്പാകുന്നതിനുവേണ്ടിയിട്ടുള്ള ടെസ്റ്റിംഗ് നടത്തിയിട്ടില്ല എന്നും കിഫ്ബി ആരോപിച്ചു. പക്ഷെ വിശദമായ പ്രോജക്ട് റിപ്പോർട്ടിലുള്ള ഡിസൈൻ അനുസരിച്ചാണ് സൈറ്റിൽ വർക്ക് പുരോഗമിക്കുന്നത്.

- പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടില്ലെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ അത് തയ്യാറായെന്നും സൈറ്റിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.
- ക്യൂബ് രജിസ്റ്ററിലെ ചേർക്കലുകൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലെന്ന് കിഫ്ബിയുടെ റിപ്പോർട്ടിൽ പറയുന്നു. പക്ഷെ ഇപ്പോൾ ശരിയായ രീതിയിൽ തന്നെ ക്യൂബ് രജിസ്റ്റർ മെയിന്റെയിൻ ചെയ്യുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

III. <u>അടിയന്തരപ്രമേയ ചർച്ചയ്ക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

2019 ഡിസംബർ അവസാനത്തിൽ ചൈനയിലെ ഹുബെ പ്രവിശ്യയിൽ നിന്നാരംഭിച്ച് ഇപ്പോൾ ലോകത്തെ 100 രാജ്യങ്ങളിലേറെ പടർന്ന് പിടിക്കപ്പെട്ട, WHO World Pandemic ആയി പ്രഖ്യാപിച്ച കൊവിഡ് 19 വൈറസ് ബാധ ഇന്ത്യയിൽ ആദ്യമായി 30-1-2020-ന് കേരളത്തിൽ ചൈനയിലെ വുഹാനിൽനിന്ന് മടങ്ങിയെത്തിയ ഒരു വിദ്യാർത്ഥിനിയിലാണ് സ്ഥിരീകരിച്ചത്. കേരളത്തിൽ രോഗം സ്ഥിരീകരിക്കുന്നതിന് മുമ്പ് ജനുവരി 18-ന് തന്നെ കൊവിഡ് 19 വൈറസിനെതിരെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. രോഗബാധയെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും എൻ.സി.ഡി.സി.-യിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലേയ്ക്കും നൽകുകയും സംസ്ഥാനത്ത് 24-ാം തീയതി തന്നെ സ്റ്റേറ്റ് കൺട്രോൾ സെൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേരുകയും കൊവിഡ് 19 രോഗബാധയ്ക്ക് സ്വീകരിക്കേണ്ട ചികിത്സാ മാർഗ്ഗ നിർദ്ദേശങ്ങൾ, പരിശോധനാ മാർഗ്ഗ നിർദ്ദേശങ്ങൾ, നിരീക്ഷണ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുകയും ജില്ലകൾക്ക് നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്യുന്നു. സ്റ്റേറ്റ് കൺട്രോൾ സെല്ലിന്റെ പ്രവർത്തനം എല്ലാ ദിവസവും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിലും ജില്ലാതല പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്തും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

- 30-1-2020-ൽ ഇന്ത്യയിലെ ആദ്യത്തെ കൊവിഡ് 19 കേസ് കേരളത്തിൽ തൃശ്ശൂർ ജില്ലയിൽ ചൈനയിലെ വുഹാനിൽനിന്ന് മടങ്ങിയെത്തിയ ഒരു മെഡിക്കൽ വിദ്യാർത്ഥിനിയിലാണ് സ്ഥിരീകരിച്ചത്. ആ വിദ്യാർത്ഥിനി ആശുപത്രിയിൽ നിരീക്ഷണത്തിലായിരുന്നു.

അടിയന്തരമായി സംസ്ഥാനതല/ ജില്ലാതല ദ്രുതകർമ്മസേന (ആർ.ആർ.ടി.) യോഗം ചേരുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

- 2-2-2020-ന് ആലപ്പുഴ ജില്ലയിലും 03/02/2020-ന് കാസർഗോഡ് ജില്ലയിലും ഓരോ മെഡിക്കൽ വിദ്യാർത്ഥികൾക്കുകൂടി രോഗം സ്ഥിരീകരിച്ചു. ഇവർ മൂന്നുപേരും ചൈനയിലെ വുഹാനിൽ നിന്നും എത്തിയവരായിരുന്നു. ഇവരുമായി അടുത്ത സമ്പർക്കം പുലർത്തിയ എല്ലാവരേയും 28 ദിവസം നിരീക്ഷിച്ച് രോഗലക്ഷണങ്ങളുള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കി ആർക്കും രോഗബാധയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു.

- ഈ മൂന്ന് വിദ്യാർത്ഥികളും പൂർണ്ണമായി സുഖം പ്രാപിക്കുകയും ആശുപത്രി വാസത്തിന് ശേഷമുള്ള നിരീക്ഷണ കാലാവധിയായ 14 ദിവസവും പൂർത്തിയായതിനുശേഷം നിരീക്ഷണത്തിൽനിന്ന് വിടുകയും പൂർണ്ണ ആരോഗ്യവാൻമാരായി തുടരുകയും ചെയ്യുന്നു.

- 29-2-2020-ന് ഇറ്റലിയിൽ നിന്നെത്തിയ പത്തനംതിട്ട ജില്ലയിലുള്ള മൂന്നംഗ കുടുംബത്തിനും അവരുമായി അടുത്ത് സമ്പർക്കം പുലർത്തിയ അടുത്ത രണ്ട് ബന്ധുക്കൾക്കും 8-3-2020-ന് കൊവിഡ് 19 സ്ഥിരീകരിക്കുകയുണ്ടായി. ഈ 5 പേരും പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. ഇവരുമായി സമ്പർക്കം പുലർത്തിയ എല്ലാ വ്യക്തികളേയും കണ്ടുപിടിക്കുന്നതിന് തീവ്രമായ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി ഏകദേശം 314 പ്രാഥമിക സമ്പർക്കം ഉള്ളവരേയും 619 ദ്വിതീയ സമ്പർക്കമുള്ളവരെയും കണ്ടെത്തുകയും അവർ എല്ലാവരും ഇപ്പോൾ വീടുകളിലും ആശുപത്രികളിലും കർശന നിരീക്ഷണത്തിലുമാണ്.

- 9-3-2020-ന് ഇറ്റലിയിൽനിന്നും മടങ്ങിയെത്തിയ മൂന്ന് വയസ്സുള്ള കുഞ്ഞിന് രോഗം സ്ഥിരീകരിക്കുകയും കളമശ്ശേരി ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയിലുമാണ്.

- 10-3-2020-ന് ഇറ്റലിയിൽനിന്നും മടങ്ങിയെത്തിയ കുടുംബവുമായി അടുത്ത് സമ്പർക്കം പുലർത്തിയ നാല് ബന്ധുക്കൾക്ക് രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് അവർ കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. അതേ ദിവസം തന്നെ രോഗികളുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്ന കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു.

- 9-3-2020-ന് രോഗം സ്ഥിരീകരിച്ച ഇറ്റലിയിൽനിന്നും വന്ന കുഞ്ഞിന്റെ മാതാപിതാക്കൾക്കും 10/03/2020 വൈകുന്നേരത്തോടെ രോഗം സ്ഥിരീകരിച്ചു. അവർ കളമശ്ശേരി ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയിലുമാണ്.

- നിലവിൽ ചികിത്സയിലുള്ള 14 രോഗികളുമായി സമ്പർക്കം പുലർത്തിയവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുകയും അവരെ അതാത് ജില്ലകളിൽ നിരീക്ഷണത്തിൽ സൂക്ഷിച്ചിരിക്കുകയുമാണ്. പ്രധാനമായും പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലാണ് സമ്പർക്കം ഉള്ളവർ നിരീക്ഷണത്തിലുള്ളത്. ഇവരെല്ലാവരുംതന്നെ പൊതുസ്ഥലങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കുകയും വീടുകളിൽത്തന്നെ കുടുംബാംഗങ്ങളുമായി സമ്പർക്കം പുലർത്താതെ പ്രത്യേകം മുറിയിൽ കഴിയേണ്ടതുമാണ്.

- എല്ലാ എയർപോർട്ടുകളിലും കൊച്ചി, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിലും എത്തുന്ന എല്ലാ യാത്രക്കാരേയും കൃത്യമായി പരിശോധിച്ച് രോഗലക്ഷണമുള്ളവരെ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ആശുപത്രികളിലേയ്ക്ക് (ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, പ്രധാന സ്വകാര്യ ആശുപത്രികൾ) പ്രത്യേകം വാഹനത്തിൽ എത്തിച്ച് രോഗപരിശോധന നടത്തുകയും ആവശ്യമെങ്കിൽ ശരീരസ്രവ സാമ്പിൾ പരിശോധന നടത്തുകയും ചെയ്യുന്നു. രോഗലക്ഷണം ഇല്ലാത്തവരെ വീടുകളിൽ അവർ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകി വീടുകളിലേക്ക് തന്നെ അയക്കുന്നു. ഇവർ കർശനമായി വീടുകളിൽ തന്നെ പൊതുജനങ്ങളും കുടുംബാംഗങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കി നിരീക്ഷണത്തിൽ കഴിയേണ്ടതാണ്.

- സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, പ്രധാന സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ രോഗികളുടെ നിരീക്ഷണത്തിനും ചികിത്സയ്ക്കുമായി ഐസൊലേഷൻ റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ വെന്റിലേറ്റർ ഉൾപ്പെടെ ഐ.സി.യു. സൗകര്യങ്ങളും എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ ആശുപത്രികളിൽ ഈ സൗകര്യം വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംശയകരമായ രോഗികളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി ആലപ്പുഴ എൻ.ഐ.വി. യൂണിറ്റ്, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദുരീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ദിശയുടേയും (1056) സംസ്ഥാന/ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകളുടെയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇവയുടെ നമ്പറുകൾ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും വെബ്സൈറ്റുകളിലും സോഷ്യൽ മീഡിയയിലും ലഭ്യമാണ്.

- രോഗവ്യാപനം കൂടുതലായിട്ടുള്ള ചൈന, സൗത്ത് കൊറിയ, ഇറാൻ, ഇറ്റലി എന്നിവിടങ്ങളിൽനിന്നെത്തിയിട്ടുള്ളവർ നിർബന്ധമായും 28 ദിവസം കൃത്യമായും ഐസൊലേഷനിൽ കഴിയേണ്ടതാണ്. മറ്റ് രാജ്യങ്ങളിൽ നിന്നെത്തിയവരും കഴിവതും പൊതുജനങ്ങളുമായും വീട്ടിലെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും അടുത്തിടപഴകുന്നത് ഒഴിവാക്കേണ്ടതാണ്.

- ഏതെങ്കിലും തരത്തിലുള്ള വിദേശ യാത്രാ ചരിത്രം ഉള്ളവരും ഇന്ത്യയിൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഡൽഹി, ആഗ്ര, ബാംഗ്ലൂർ, ജയ്പൂർ, ചെന്നൈ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ളവരും അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും അവരുടെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

- ഐസൊലേഷനിൽ കഴിയുന്ന സമയത്ത് എന്തെങ്കിലും രോഗലക്ഷണങ്ങൾ (ചുമ, ജലദോഷം, പനി, തൊണ്ടവേദന) ഉണ്ടായാൽ അവർക്ക് ദിശയുടെ നമ്പറിലോ, ജില്ലയിലെ കാൾ സെന്ററിലെ നമ്പറിലോ ബന്ധപ്പെട്ട് പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ആശുപത്രിയിലേയ്ക്ക് പ്രത്യേക വാഹനത്തിൽ ചികിത്സയ്ക്കായി എത്തേണ്ടതാണ്. യാതൊരു കാരണവശാലും പൊതു ട്രാൻസ്പോർട്ട് സിസ്റ്റം യാത്രക്കായി ഉപയോഗിക്കരുത്.

- മേൽ പറഞ്ഞ രീതിയിൽ ഐസൊലേഷനിൽ കഴിയുന്ന വ്യക്തികൾ ആളുകൾ കൂടാനിടയുള്ള പരിപാടികളിൽ നിർബന്ധമായും പങ്കെടുക്കുവാൻ പാടില്ല.

- ഇത്തരത്തിലുള്ള ഐസൊലേഷനിൽ കഴിയുന്ന വ്യക്തികൾക്ക് ഏതുതരത്തിലുള്ള ആരോഗ്യവും മാനസികവുമായ പ്രശ്നങ്ങളുണ്ടെങ്കിൽ ആരോഗ്യവകുപ്പ് ജീവനക്കാരുമായി ബന്ധപ്പെടേണ്ടതാണ്. അവരുടെ മാനസികസമ്മർദ്ദം ഒഴിവാക്കാനായി ജില്ലാ മാനസികാരോഗ്യ വിഭാഗത്തിന്റെ സേവനം ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ ലഭ്യമാണ്.

- തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ അവരവരുടെ പ്രദേശങ്ങളിൽ ജനങ്ങളെ ബോധവത്കരിക്കേണ്ടതും കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട ജാഗ്രതയും മുൻകരുതലുമാണ് വേണ്ടതെന്ന സന്ദേശം എല്ലാ ജനങ്ങളിലും എത്തിക്കേണ്ടതുമാണ്. ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് സാമൂഹികവും മാനസികവുമായ എല്ലാവിധ പിന്തുണയും അതാത് പ്രദേശത്തെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നൽകേണ്ടതാണ്.

- രോഗലക്ഷണം ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ബോധവത്കരണ വീഡിയോകൾ എല്ലാവർക്കും ലഭ്യമാകുന്ന രീതിയിൽ യു-ട്യൂബിലും ഡി.എച്ച്.എസ്.-ന്റെയും ആരോഗ്യ കേരളം വെബ്സൈറ്റിലും ലഭ്യമാണ്.

- രോഗപ്പകർച്ച തടയുന്നതിന്റെ ഭാഗമായി ജനങ്ങൾ തമ്മിൽ സമ്പർക്കം കുറയ്ക്കുന്നതിനായി പൊതുപരിപാടികൾ നിർത്തിവയ്ക്കുക, വിദ്യാലയങ്ങൾ മാർച്ച് 31 വരെ അടച്ചിടുക, ആഘോഷ പരിപാടികൾ മാറ്റിവയ്ക്കുക, വിവാഹം മുതലായ ചടങ്ങുകൾ കഴിയുമെങ്കിൽ മാറ്റി വയ്ക്കുക, അല്ലെങ്കിൽ ലളിതമായ രീതിയിൽ തിരക്കൊഴിവാക്കി നടത്തുക മുതലായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജനങ്ങൾ കൂടുതൽ ഉത്തരവാദിത്വ ബോധത്തോടുകൂടി ഈ നിർദ്ദേശങ്ങൾ പാലിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതാണ് രോഗവ്യാപനം തടയാനുള്ള പ്രധാനമാർഗ്ഗം. എല്ലാവരും വ്യക്തി ശുചിത്വം പാലിക്കുകയും കൈകൾ സോപ്പുപയോഗിച്ച് ഇടവിട്ട് കഴുകുകയും തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ടവ്വാലയോ, തുണിയോകൊണ്ട് മുഖവും വായും മറച്ചുപിടിക്കുകയും ചെയ്യുന്നത് രോഗപ്പകർച്ച തടയുവാൻ സഹായിക്കും. കൂടാതെ പനി, ചുമ, ജലദോഷം മുതലായ രോഗലക്ഷണങ്ങൾ ഉള്ളവർ പൊതുസ്ഥലങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കുകയും വേണം. ഇവരുമായി സമ്പർക്കം പുലർത്തുന്നവർ ഒരു കൈയകലം പാലിക്കേണ്ടതാണ്.

- മൂന്ന് പേർ ഡിസ്ചാർജ് ചെയ്തതുൾപ്പെടെ കേരളത്തിൽ 19 പേർക്കാണ് കോവിഡ് 19 സ്ഥിരീകരിച്ചത്.
- 12-3-2020-ന് പുതിയതായി രണ്ടുപേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു. ദുബായിൽ നിന്ന് വന്നയാൾ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലും ഖത്തറിൽനിന്ന് വന്നയാൾ തൃശ്ശൂർ ജനറൽ ആശുപത്രിയിലും ചികിത്സയിലാണ്.
- ഇറ്റലിയിൽനിന്ന് വിവിധ രാജ്യങ്ങൾ സന്ദർശിച്ച ശേഷം തിരുവനന്തപുരത്തെത്തിയ വ്യക്തിയെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയിട്ടുണ്ട്. തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ രോഗം കണ്ടെത്തിയിട്ടുണ്ടെങ്കിലും സ്ഥിരീകരണത്തിനായി സാമ്പിൾ ആലപ്പുഴ ലാബിൽ അയച്ചിരിക്കുകയാണ്. ഈ വ്യക്തി തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയപ്പോൾത്തന്നെ കണ്ടെത്തി വീട്ടിൽ നിരീക്ഷണത്തിലാക്കിയിരുന്നു. പനി ലക്ഷണം തോന്നിയതോടെ ദിശ നമ്പറിൽ വിളിച്ചറിയിച്ചു. തുടർന്ന് ആശുപത്രിയിലേയ്ക്ക് മാറ്റുകയായിരുന്നു.
- കേരളത്തിൽ 4180 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 3910 പേർ വീടുകളിലും 270 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. വ്യാഴാഴ്ച 65 പേരെ ആശുപത്രിയിൽ പുതുതായി നിരീക്ഷണത്തിലാക്കി. 33 പേരെ നിരീക്ഷണ പട്ടികയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.
- സർക്കാർ ഇപ്പോൾ പ്രതിരോധ കാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്. സ്ഥിതി നിയന്ത്രണത്തിലാണെങ്കിലും ഗൗരവത്തോടെ കാര്യങ്ങൾ ശ്രദ്ധിച്ചു പോകേണ്ടതുണ്ട്.
- ലീവിലുള്ള സെക്രട്ടറിമാർ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- വൈറസ് വ്യാപനം ഫലപ്രദമായി തടയാനായിട്ടുണ്ട്. എന്നാൽ ചില കേന്ദ്രങ്ങളിൽനിന്ന് തെറ്റായ ഇടപെടൽ നടക്കുന്നു. ആലപ്പുഴയിൽ ഒരു റിസോർട്ടിൽ കഴിഞ്ഞിരുന്ന വിദേശ ടൂറിസ്റ്റുകളെ ഇറക്കി വിടാൻ ശ്രമമുണ്ടായി. ഇത്തരം ദുരനുഭവം ടൂറിസ്റ്റുകൾക്ക് ഉണ്ടാകരുത്. നാടിന് ദുഷ്പേരുണ്ടാക്കുന്ന നിലപാട് ചിലർ സ്വീകരിക്കുന്നത് സർക്കാർ ഗൗരവമായി കാണും.

- പ്രായമായവരിൽ രോഗം പടരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആശാവർക്കർമാർ, മറ്റ് വോളണ്ടിയർമാർ എന്നിവരെ ഉപയോഗിച്ച് വയോജന സംരക്ഷണത്തിന് പ്രത്യേക പരിപാടികൾ നടത്തും. വയോജന കേന്ദ്രങ്ങളിൽ സന്ദർശന നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.
- 14-ന് മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം നടത്തും.
- വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ ആരോഗ്യവകുപ്പിന്റെ നിർദ്ദേശം കൃത്യമായി പാലിക്കണമെന്നത് സംബന്ധിച്ച് ബോധവത്കരണം നടത്തും. രോഗലക്ഷണം തോന്നിയാൽ സ്വമേധയാ ആശുപത്രിയിൽ പോകാതെ കൺട്രോൾ റൂമിൽ വിവരം അറിയിച്ച് അവരുടെ വാഹനത്തിൽ വേണം പോകേണ്ടത്. കമ്മ്യൂണിറ്റി വോളണ്ടിയർ സേനയ്ക്ക് പ്രാദേശിക പരിശീലനം നൽകി കോവിഡ് 19 നിയന്ത്രണത്തിന് ഉപയോഗിക്കുന്നത് ആലോചനയിലാണ്.
- വിമാനത്താവളത്തിൽ എത്തുന്നവരുടെ വിശദാംശങ്ങൾ പോലീസ് ശേഖരിക്കും. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ഇവരെ പോലീസ് കണ്ടെത്തി ചികിത്സയുൾപ്പെടെയുള്ള കാര്യങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തും.
- പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് രോഗത്തെക്കുറിച്ച് അവബോധം നൽകും.
- വിമാനത്താവളങ്ങൾക്ക് പുറമെ സീപോർട്ടുകളിലും നിരീക്ഷണം ശക്തമാക്കും.
- റെയിൽവേ സ്റ്റേഷനുകളിലും അതിർത്തികളിലും ശക്തമായ നിരീക്ഷണമുണ്ടാവും.
- റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റ് നടത്തും. ട്രെയിനുകളിൽ അറിയിപ്പ് നൽകുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.
- കേരളത്തിലുള്ള അതിഥി തൊഴിലാളികൾക്കിടയിൽ വ്യാപക ബോധവത്കരണം നടത്തും. റോഡുവക്കുകളിൽ കഴിയുന്നവർക്കും പ്രത്യേക പരിരക്ഷ ഒരുക്കും. ഇവരുടെ കാര്യത്തിൽ ജില്ലാ കളക്ടർമാർ ആവശ്യമായ നടപടി സ്വീകരിക്കും.

- വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

- കോവിഡ് 19 ലോകത്തിലെ പല രാജ്യങ്ങളിലും വ്യാപകമായതിനെ തുടർന്ന് യാത്രചെയ്യുന്നവർ, പ്രത്യേകിച്ച് രാജ്യാന്തര യാത്രക്കാർ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇന്ത്യക്കാരായ പ്രവാസികൾ വളരെ വിഷമകരമായ സാഹചര്യം പലയിടത്തും നേരിടുന്നതായാണ് അറിയുന്നത്. കേന്ദ്രസർക്കാർ രോഗം പടരാതിരിക്കുന്നതിനുള്ള സുരക്ഷ ഒരുക്കുകയും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയും അടിയന്തര ഇടപെടൽ നടത്തുകയും വേണം. അതിനുപകരം ചട്ടങ്ങളുടെ കാഠിന്യം കൂട്ടുന്ന നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നത് ഉത്കണ്ഠാജനകമാണ്. ഇത് തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

- ചൈനയിൽ വുഹാൻ പ്രവിശ്യയിലുള്ള വിദ്യാർത്ഥികൾക്ക് യാത്രചെയ്ത് നാട്ടിലേക്ക് വരാൻ സൗകര്യങ്ങൾ ഒരുക്കണമെന്ന് സംസ്ഥാന സർക്കാർ ശക്തമായി ആവശ്യപ്പെട്ടതാണ്. അതിനെ തുടർന്ന് അവർക്ക് നാട്ടിലേക്ക് വരാൻ സൗകര്യമുണ്ടാക്കുകയും അവരെ മെഡിക്കൽ പരിശോധനയ്ക്കായി പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ചെയ്തിരുന്നു. പരിശോധനയ്ക്കുശേഷം രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അവരുടെ താമസസ്ഥലത്തേക്ക് പോകാൻ അനുവദിക്കുകയാണ് ഉണ്ടായത്.

- പരീക്ഷിച്ച് വിജയിച്ച ഈ നടപടിക്രമം നിലവിലിരിക്കെയാണ് കേന്ദ്രവ്യോമയാന മന്ത്രാലയം 5-3-2020-ന് ഇതിന് വിരുദ്ധമായ ഒരു സർക്കുലർ പുറപ്പെടുവിച്ചത്. ഇറ്റലിയിൽനിന്നും റിപ്പബ്ലിക്ക് ഓഫ് കൊറിയയിൽനിന്നും യാത്രപുറപ്പെടുന്നവർക്കും ആ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കും കൊവിഡ് 19-ന്റെ ലക്ഷണങ്ങൾ ഇല്ലായെന്ന വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഇന്ത്യയിൽ പ്രവേശനം ഉള്ളൂ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. മാർച്ച് 10 അർദ്ധരാത്രി 12 മണി മുതലാണ് 4-1-2020- IR എന്ന നമ്പറിലുള്ള ഈ സർക്കുലർ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അടിസ്ഥാനപരമായി ഇത് മനുഷ്യത്വവിരുദ്ധമാണ്. പ്രവാസികളായ ഇന്ത്യക്കാരെ നിഷ്കരുണം കൈവിടുന്നതിന് തുല്യമാണ്.

- ഇറ്റലിയിൽനിന്നും വിമാനടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാർക്ക് ഇതുമൂലം വിമാനത്തിൽ കയറാൻ സാധിക്കുന്നില്ല. ഇത് ഇവർക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇറ്റലിയിൽ ഇവരെയെല്ലാം വൈദ്യ

പരിശോധനയ്ക്ക് വിധേയരാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾ ഇല്ല എന്നാണ് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

- ഗൾഫ് രാജ്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ജോലിക്ക് പോകാനാകാത്ത സ്ഥിതിയുണ്ട്. ഇക്കാര്യം കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നോർക്കയുടെ നേതൃത്വത്തിൽ എംബസിയുമായി സംസാരിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. യാത്രാ ടിക്കറ്റ് റദ്ദ് ചെയ്യുമ്പോഴുള്ള സാമ്പത്തിക നഷ്ടം ഉണ്ടാവാതെ ടിക്കറ്റ് മറ്റൊരു ദിവസത്തേക്ക് മാറ്റുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് വിമാനക്കമ്പനികളും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി ചർച്ച നടത്തും.
- വിദേശത്ത് ജോലിയുള്ള മലയാളികൾക്ക് സഹായം ലഭ്യമാക്കാൻ നോർക്ക കാൾ സെന്റർ ആരംഭിക്കും.

Report

2019 ഡിസംബർ അവസാനത്തിൽ ചൈനയിലെ ഹ്യൂബെ പ്രവിശ്യയിലെ വുഹാൻ സിറ്റിയിൽനിന്ന് അജ്ഞാത കാരണത്താൽ ധാരാളം ന്യുമോണിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ഇതൊരു പുതിയ തരം കൊറോണ വൈറസ് (നോവൽ കൊറോണ വൈറസ്, 2019-nCoV) മൂലമാണെന്ന് തിരിച്ചറിയുകയും ചെയ്തു.

- ജനുവരി 18, 2020: 2019-ലെ നോവൽ കൊറോണ വൈറസിനെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലേയ്ക്കും അയയ്ക്കുകയും ചെയ്തു.
- ജനുവരി 20, 2020: എൻ.സി.ഡി.സി.-യിൽ നിന്ന് അറിയിപ്പും മാർഗ്ഗനിർദ്ദേശ കുറിപ്പും ലഭിക്കുകയും എല്ലാ ജില്ലകളിലേയ്ക്കും അയയ്ക്കുകയും ചെയ്തു.
- ജനുവരി 22, 2020: ക്ലിനിക്കൽ മാനേജ്മെന്റ്, ലബോറട്ടറി പരിശോധന, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ എന്നിവയെക്കുറിച്ചുള്ള വിശദമായ ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകളിലേക്ക് അയച്ചുകൊടുത്തു.

23-2-2020

ചൈനയിൽനിന്ന് മടങ്ങുന്ന എല്ലാ യാത്രക്കാരുടെയും സ്ക്രീനിംഗ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലും തുറമുഖത്തും ആരംഭിച്ചു.

സാധ്യമായ എല്ലാ കേസ്സുകളുടെയും കോൺടാക്ട് ട്രെയ്സിംഗും ലൈൻ ലിസ്റ്റിംഗും സംസ്ഥാന, ജില്ലാ ഐ.ഡി.എസ്.പി. സെൽ നിരീക്ഷിക്കാൻ തുടങ്ങി. ചൈനയിൽനിന്ന് വരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ തുടങ്ങി. ചൈനയിൽ നിന്ന് വരുന്ന എല്ലാ യാത്രക്കാരെയും തീവ്രമായി നിരീക്ഷിക്കാൻ പെരിഫറൽ ഹെൽത്ത് ടീമുകളോട് ആവശ്യപ്പെട്ടു.

ക്ലിനിക്കൽ മാനേജ്മെന്റ്, മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ബന്ധപ്പെട്ട ജില്ലകളിലെ ഒരു പ്രധാന സ്വകാര്യ ആശുപത്രി എന്നിവിടങ്ങളിൽ ഐസൊലേഷൻ സൗകര്യമൊരുക്കാൻ ഡി.എം.ഒ.-മാരോട് ആവശ്യപ്പെട്ടു. വെന്റിലേറ്റർ സൗകര്യങ്ങളോടുകൂടിയുള്ള ഐസൊലേഷൻ റൂമുകളാണ് ഏറ്റവും അഭികാമ്യം. ഐസൊലേഷൻ/ഹോം ക്വാറന്റൈന് വേണ്ട സൗകര്യം അടങ്ങിയ നിർദ്ദേശങ്ങളും അയച്ചുകൊടുത്തു.

24-1-2020 - nCoV സ്റ്റേറ്റ് കൺട്രോൾ സെൽ: ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ഉപഘടകങ്ങളെ ചേർത്തുകൊണ്ട് പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കി.

25-1-2020

1999 – nCoV- ക്കുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ, ലാബ് മാർഗ്ഗനിർദ്ദേശങ്ങൾ, നിരീക്ഷണ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ പ്രിൻസിപ്പൽ സെക്രട്ടറി ആരോഗ്യം, എസ്.എം.ഡി.എൻ.എച്ച്.എം. എല്ലാ ജില്ലാകളക്ടർമാരും വീഡിയോ കോൺഫറൻസ് നടത്തി തയ്യാറെടുപ്പ് അവലോകനം ചെയ്തു.

കെ.എം.എസ്.സി.എൽ.-ഉമായി ആലോചിച്ച് ലോജിസ്റ്റിക് വിഷയത്തിൽ അവലോകനം നടത്തി.

സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ആശുപത്രി അണുബാധ നിയന്ത്രണ നടപടികൾ ശക്തിപ്പെടുത്തി.

2019-nCoV-നെക്കുറിച്ച് എല്ലാ ആരോഗ്യ പ്രവർത്തകർക്കും നിർദ്ദേശം നൽകുകയും പ്രശ്നം കൈകാര്യം ചെയ്യുന്നതിനായി അതത് പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും (എൽ.എസ്.ജി.) മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ആദ്യത്തെ മീഡിയ ബുള്ളറ്റിൻ ജനവരി 25-ന് പ്രസിദ്ധീകരിച്ചു.

26-1-2020 - nCoV മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി.

27-1-2020 - തയ്യാറെടുപ്പ് അവലോകനം ചെയ്യാൻ ഒരു കേന്ദ്ര സംഘം സന്ദർശനം നടത്തി.

28-1-2020 - സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാതലത്തിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കാൻ എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകി.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനത്താവള നിരീക്ഷണം ആരംഭിച്ചു.

29-1-2020- എല്ലാ സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാരും എൽ.എസ്.ജി.ഐ. പ്രതിനിധികളുമായി അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്താൻ നിർദ്ദേശം നൽകി.

എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചു.

എല്ലാ ജില്ലകളിലും ഐസൊലേഷൻ റൂമുകളുടെ സൗകര്യങ്ങളുടെ വിശദാംശങ്ങൾ വിലയിരുത്തി.

30-1-2020

ചൈനയിലെ വുഹാനിൽ നിന്ന് മടങ്ങിയെത്തിയ ഒരു വിദ്യാർത്ഥിക്ക് 2019-nCoV- പോസിറ്റീവ് ആണെന്ന് സ്ഥിരീകരിച്ചു. വിദ്യാർത്ഥി ഇതിനകം ആശുപത്രി ഐസൊലേഷനായിരുന്നു.

അടിയന്തര സംസ്ഥാന ജില്ലാതല ആർ.ആർ.ടി.-കൾ വിളിച്ചു.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, സെക്രട്ടറി, ഡി.എച്ച്.എസ്. എന്നിവർ അതേ ദിവസം തന്നെ തൃശ്ശൂർ ജില്ല സന്ദർശിക്കുകയും ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

31-1-2020

കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും തൃശ്ശൂരിലെ നടപടികൾ വിലയിരുത്തുന്നതിനുമായി തൃശ്ശൂർ കളക്ടറേറ്റിൽ ഒരു ഇന്റർ ഡിപ്പാർട്ടുമെന്റൽ ഏകോപന യോഗം ചേർന്നു.

നിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തൃശ്ശൂരിലെ ആദ്യത്തെ പോസിറ്റീവ് കേസ്സിന്റെ എല്ലാ പ്രാഥമിക, ദ്വിതീയ കോൺടാക്റ്റുകളെയും ഉടനടി കണ്ടെത്തി.

1-2-2020 മുതൽ എൻ.സി.വി. സാമ്പിളുകൾ പരിശോധിക്കുന്നതിനായി എൻ.ഐ.വി. ആലപ്പുഴ യൂണിറ്റിൽ ക്രമീകരണങ്ങൾ നടത്തി.

സംസ്ഥാന, ജില്ലാ കൺട്രോൾ റൂമുകളും കാൾ സെന്ററുകളും 24 * 7 പ്രവർത്തനക്ഷമമാക്കി.

നിയുക്ത ആശുപത്രികളിൽ കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലെയും ഒന്നോ രണ്ടോ ആശുപത്രികളെ ഐസൊലേഷനും രോഗലക്ഷണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കി.

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് രോഗലക്ഷണങ്ങളുള്ള രോഗികളെ പ്രവേശിപ്പിക്കാൻ സ്വകാര്യ ആശുപത്രികളെ സജ്ജരാക്കാൻ ജില്ലാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ട്രിപ്പിൾ ലേയേർഡ് മാസ്കുകൾ ഉപയോഗിക്കാൻ ടാക്സി ഡ്രൈവർമാർക്ക് നിർദ്ദേശം നൽകാൻ ടൂർ/ ട്രാവൽ ഏജൻസികൾക്ക് നിർദ്ദേശങ്ങൾ നൽകി. ആശുപത്രികളിലും പരിസരങ്ങളിലുമുള്ള രോഗികളുമായി യാത്രകൾ നടത്തുന്ന സ്വകാര്യ ടാക്സി/ഓട്ടോ ഡ്രൈവർമാർക്കും ട്രിപ്പിൾ ലേയേർഡ് മാസ്കുകൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകി.

01-2-2020

n-കൊറോണ വൈറസ് ബാധയെ സംബന്ധിക്കുന്ന സംസ്ഥാന സെല്ലിൽനിന്ന് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു.

i. പരിശോധന, ഹോം ക്വാറന്റൈൻ, ആശുപത്രി പ്രവേശനം, ഡിസ്ചാർജ് മാനദണ്ഡം

ii. കൊറോണ നിരീക്ഷണത്തിനായുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ

iii. കൊറോണ വൈറസ് അണുബാധയുടെ രോഗനിർണ്ണയത്തിനുള്ള സാമ്പിൾ പരിശോധന, ശേഖരണം, ഗതാഗത മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം 3, 4, 5)

സംസ്ഥാന കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 18 ടീമുകളെ പ്രവർത്തന സജ്ജമാക്കി.

സംസ്ഥാന, ജില്ലാ കൊറോണ കൺട്രോൾ റൂം ടീമുകൾക്കായി ഒരു നിബന്ധന റഫറൻസ് (TOR) നടപ്പിലാക്കി. കൂടാതെ ഇനിപ്പറയുന്ന ടീമുകൾ രൂപീകരിച്ചു.

1. നിരീക്ഷണ ടീം
2. കോൾ സെന്റർ മാനേജ്മെന്റ് ടീം
3. എച്ച്.ആർ. മാനേജ്മെന്റ്
4. പരിശീലനവും ബോധവൽക്കരണവും
5. മെറ്റീരിയൽ മാനേജ്മെന്റ് ടീം
6. ഇൻഫ്രാസ്ട്രക്ചർ (ഇൻസുലേഷൻ വാർഡും സൗകര്യങ്ങളും) മാനേജ്മെന്റ് ടീം
7. മീഡിയ നിരീക്ഷണ ടീം
8. ഐഇസി/ബിസിസി, മീഡിയ മാനേജ്മെന്റ് ടീം
9. ഡോക്യുമെന്റേഷൻ ടീം
10. സ്വകാര്യ ആശുപത്രി നിരീക്ഷണ സംഘം
11. വിദഗ്ദ്ധ പഠന ഏകോപന ടീം
12. ഗതാഗത, ആംബുലൻസ് മാനേജ്മെന്റ് ടീം
13. ഇന്റർ ഡിപ്പാർട്ടുമെന്റൽ, കോ-ഓർഡിനേഷൻ ടീം
14. ഫീൽഡ് ലെവൽ വോളണ്ടിയർ കോ-ഓർഡിനേഷൻ ടീം
15. സൈക്കോളജിക്കൽ സപ്പോർട്ട് ടീം
16. കമ്മ്യൂണിറ്റി വോളണ്ടിയർ ഏകോപന ടീം
17. ഡാറ്റാ മാനേജ്മെന്റ് ടീം
18. ഫിനാൻസ് മാനേജ്മെന്റ് ടീം

റെയിൽവേ സ്റ്റേഷനുകളിൽ കൊറോണയെ സംബന്ധിക്കുന്ന പൊതു അറിയിപ്പുകൾ ആരംഭിച്ചു.

എല്ലാ സിനിമാ തിയേറ്ററുകളും 2019-nCoV-യെക്കുറിച്ചുള്ള വിവരങ്ങൾ ഉപയോഗിച്ച് വീഡിയോകൾ പ്രക്ഷേപണം ചെയ്യുന്നു.

എല്ലാ വാർത്താ ചാനലുകളും എഫ്.എം.-ഉം 2019-nCoV-യുമായി ബന്ധപ്പെട്ട് വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നു.

2019-nCoV-യിലെ വിവരങ്ങൾ അടങ്ങിയ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെയും പ്രചരിപ്പിച്ചു.

2019-nCoV-യുമായി ബന്ധപ്പെട്ട തെറ്റായ വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് 3 പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു.

2-2-2020

വുഹാനിൽനിന്ന് ആലപ്പുഴയിലേയ്ക്ക് മടങ്ങിയ മറ്റൊരു വിദ്യാർത്ഥിക്കുകൂടി പോസിറ്റീവ് എന്ന് കണ്ടെത്തി.

സംസ്ഥാന മെഡിക്കൽ ബോർഡിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

2019-nCoV വൈറസ് വാർഡിലെ/ഒപിഡിയിലെ രോഗികളിൽ നിന്നുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ട ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന നയം ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചു.

എൻ.ഐ.വി., ആലപ്പുഴ യൂണിറ്റിൽ 2019-nCoV-ക്കുള്ള സാമ്പിൾ പരിശോധന ആരംഭിച്ചു.

ഇന്റർഡിപ്പാർട്ടുമെന്റൽ ഏകോപനത്തിനുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനായി ഡോ. നവജോത് ഖോസയെ ചുമതലപ്പെടുത്തി.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആലപ്പുഴ കളക്ടറേറ്റിൽ അവലോകന യോഗം വിളിച്ചു.

ജില്ലയിലെ ഐസൊലേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സ്വകാര്യ ആശുപത്രികളിൽകൂടി ഐസൊലേഷൻ സൗകര്യങ്ങൾ ഉറപ്പാക്കാനും നിർദ്ദേശങ്ങൾ നൽകി.

3-2-2020

വുഹാനിൽനിന്നുള്ള യാത്രാ ചരിത്രമുള്ള കാസർഗോഡ് നിവാസിയായ മൂന്നാമത്തെ വിദ്യാർത്ഥിയെ 2019-nCoV പോസിറ്റീവായി കണ്ടെത്തി.

ഇനിപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു.

i. സംസ്ഥാനതല കമ്മിറ്റികൾക്കുള്ള TOR

ii. സംസ്ഥാന ആർ.ആർ.ടി.-യുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

iii. നോവൽ കൊറോണ പ്രിവൻഷൻ, കൺട്രോൾ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് 2020 ഫെബ്രുവരി 3-ന് നടത്തി.

കൊറോണ വൈറസ് ബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ തയ്യാറെടുപ്പ് അവലോകനം ചെയ്യുന്നതിനായി 15 സെക്രട്ടറിമാരും എല്ലാ എച്ച്.ഒ.ഡി.-കളും പങ്കെടുത്ത യോഗം ചീഫ് സെക്രട്ടറി നടത്തി.

കൊറോണ വൈറസ് ബാധയെ സംസ്ഥാന വിപത്തായി പ്രഖ്യാപിക്കാനും വ്യാപനം ഫലപ്രദമായി നിയന്ത്രിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാനും തീരുമാനിച്ചു.

40 ലക്ഷം സ്കൂൾ കുട്ടികൾക്ക് ആരോഗ്യ വകുപ്പ് ഇതിനകംതന്നെ സ്മാർട്ട് ക്ലാസ് മുറികളിലൂടെ അവബോധം നൽകിയിട്ടുണ്ട്.

എയർപോർട്ടുകൾ, തുറമുഖങ്ങൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലും കർശന നിരീക്ഷണം ഉറപ്പാക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ഐസൊലേഷനിൽ കഴിയുന്ന 2239 വ്യക്തികൾക്ക് വ്യക്തിഗത സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. പ്രത്യേകിച്ചും ഐസൊലേഷനിൽ തുടരുന്നതിനും നിരീക്ഷണ സംവിധാനത്തെ സഹായിച്ചതിനും നന്ദി അറിയിച്ചു.

04-2-2020

ആശയ വിനിമയത്തിനായി എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും ഏകജാലക കമ്മ്യൂണിക്കേഷൻ ചാനൽ സ്ഥാപിച്ചു.

ഐസൊലേഷൻ, വിമാനത്താവള നിരീക്ഷണം, ഗതാഗതം, സേവനങ്ങൾ, കോൺടാക്ട് ട്രെയ്സിംഗ്, കോൾ സെന്റർ എന്നിവയ്ക്ക് മതിയായ എച്ച്.ആർ. ഉറപ്പാക്കിയിട്ടുണ്ട്.

സംശയിക്കപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് മനഃശാസ്ത്രപരമായ പിന്തുണ നൽകുന്നതിനായി 191 പേരെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്.

സംസ്ഥാന TOR ജില്ലകളുമായി ആശയവിനിമയം നടത്തുകയും സംസ്ഥാന തലത്തിലുള്ള ടീം ഘടന എല്ലാ ജില്ലാ കൺട്രോൾ റൂം ടീമുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു.

തീം അടിസ്ഥാനമാക്കിയുള്ള മീഡിയ ബുള്ളറ്റിൻ നടപ്പാക്കി. ഇത്തരത്തിലുള്ള ആദ്യത്തെ ബുള്ളറ്റിൻ 04-2-2020-ന് പ്രസിദ്ധീകരിച്ചു. ഇത് വീട് ഐസൊലേഷനിൽ കഴിയുന്ന ആളുകൾക്കായി സമർപ്പിച്ചു.

5-2-2020

ഇനിപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൊറോണ വൈറസ് നിയന്ത്രണ, പ്രതിരോധ സംസ്ഥാന സെല്ലിൽനിന്ന് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾക്കും എല്ലാ ജില്ലകൾക്കും നൽകുകയും ഡിപ്പാർട്ടുമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

i. മൃഗസംരക്ഷണ വകുപ്പിനുള്ള മൃഗസംരക്ഷണത്തിനായുള്ള കൊറോണ ആരോഗ്യ ഉപദേശം
ii. വിദ്യാഭ്യാസ വകുപ്പിനുള്ള വിദ്യാർത്ഥികൾക്കുള്ള കൊറോണ ആരോഗ്യ ഉപദേശം
iii. 01-2-2020-ന് ടെസ്റ്റിംഗ്, ഹോം ക്വാറന്റൈൻ, ആശുപത്രി പ്രവേശനം, ഡിസ്ചാർജ് മാനദണ്ഡങ്ങൾ എന്നിവയ്ക്കുള്ള അനുബന്ധം.
iv. ടൂറിസം വകുപ്പിന്റെ ആരോഗ്യ ഉപദേശം

6-2-2020

ആരോഗ്യ വകുപ്പിലെയും മറ്റ് ലൈൻ വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനായി 20 പരിശീലന വീഡിയോകൾ തയ്യാറാക്കി. നിർദ്ദിഷ്ട മൊഡ്യൂളുകൾ/പരിശീലനം സംബന്ധിച്ച (2019 nCoV) മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7-2-2020

കേരളത്തിൽ കൊറോണ വൈറസ് ബാധയെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കുന്നത് പിൻവലിക്കുന്നത് സംബന്ധിച്ച തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുഖ്യ സെക്രട്ടറിയുമായുള്ള ഉന്നതതല യോഗത്തിൽ എടുത്തിരുന്നു.

ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻ.ഡി.എം.എ.) ടീം സംസ്ഥാനം സന്ദർശിക്കുകയും നോവൽ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നതിനെക്കുറിച്ചുള്ള സംസ്ഥാന പ്രതികരണത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

കുൻമിംഗിൽനിന്ന് 15 യാത്രക്കാർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 7-2-2020-ന് 23.03 മണിക്കൂറിൽ FD170 ഫ്ലൈറ്റ് വഴി വന്നിരുന്നു. യാത്രക്കാരുടെ യാത്രാ ചരിത്രം രേഖപ്പെടുത്തി, സ്റ്റാറ്റസ് വിലയിരുത്തി, സാമ്പിളുകൾ എടുക്കുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചവരെ ഐസൊലേഷനിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

8-2-2020

മടങ്ങിയെത്തിയ 72 വുഹാനുകളിൽ 2 പേർ തമിഴ്നാട് നിവാസികളാണ്, അവരുടെ സാമ്പിളുകൾ എടുക്കുമെന്ന് ഉറപ്പാക്കി. കേരളത്തിൽ അവശേഷിക്കുന്ന 70 പേരിൽ 66 എണ്ണം നെഗറ്റീവ് ആണെന്ന് പരീക്ഷിക്കുകയും ഒരു ഫലം ശേഷിക്കുകയും ചെയ്യുന്നു.

9-2-2020

ഹോം ഐസൊലേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ജില്ലകളിലേക്ക് കൈമാറി.

ഹോം ഐസൊലേഷനും ആശുപത്രി ഐസൊലേഷനും കീഴിലുള്ള എല്ലാ വ്യക്തിൾക്കും എസ്.എം.എസ്. ആയി ഒരു പ്രചോദന സന്ദേശമയച്ചു.

10-2-2020 - MOHFW അനുബന്ധ nCoV നിയന്ത്രണവുമായി ബന്ധപ്പെട്ട വീഡിയോ കോൺഫറൻസിൽ സംസ്ഥാന ഉദ്യോഗസ്ഥർ പങ്കെടുത്തു.

11-2-2020 - 25 ഉദ്യോഗസ്ഥർക്ക് ആരോഗ്യ-കുടുംബക്ഷേമ വകുപ്പും ഫേസ് ബുക്ക് - ഇന്ത്യയും സംയുക്ത വർക്ക്ഷോപ്പും പരിശീലനവും നടത്തി.

12-2-2020 – വീട്, ആശുപത്രി ഐസൊലേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കുകയും 1040 പേരെ വീട് ഒറ്റപ്പെടലിൽനിന്ന് മോചിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

13-2-2020 – പോസിറ്റീവായ രോഗികളിൽ ഒരാളെ നെഗറ്റീവ് ആയതുകൊണ്ട് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തു.

കൊറോണ ബാധിത രാജ്യങ്ങളിൽനിന്ന് എത്തിയവർക്ക് 11-2-2020-ന് പുറത്തിറക്കിയ ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കർശനമായ ഭവന ഐസൊലേഷനിൽ തുടരണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

15-2-2020 – പോസിറ്റീവായ മൂന്ന് രോഗികളിൽ രണ്ടുപേരെ നെഗറ്റീവ് ആയതുകൊണ്ട് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു.

18-2-2020 – ഐസൊലേഷന് വിധേയരായ വ്യക്തികളുടെ കുടുംബങ്ങളിൽ ബോർഡ് പരീക്ഷയ്ക്ക് ഹാജരാകുന്ന 17 വയസ്സിന് താഴെയുള്ള കുട്ടികളുടെ വിശദാംശങ്ങൾ നിൽക്കുന്ന അപകട സാധ്യതകൾക്കൊപ്പം അവലോകനം ചെയ്തു.

19-2-2020 – കേരളത്തിലും ഇന്ത്യയിലും ലോകമെമ്പാടുമുള്ള നിലവിലെ സാഹചര്യം പരിഗണിച്ചശേഷം റിസ്ക് പാരാമീറ്ററുകളെ അടിസ്ഥാനമാക്കി ഒരു പുതുക്കിയ ഐസൊലേഷൻ/ഡിസ്ചാർജ് മാട്രിക്സ് സംസ്ഥാന ആർ.ആർ.ടി. തയ്യാറാക്കി ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു.

20-2-2020 – തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച രോഗിയുടെ ഫലം നെഗറ്റീവ് ആയതിനാൽ ഇപ്പോൾ ഡിസ്ചാർജ് ചെയ്യപ്പെട്ടു.

22-2-2020 – കൂടുതൽ പോസിറ്റീവ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതും നിരീക്ഷണത്തിലുള്ള ഭൂരിഭാഗം ആളുകളും ഐസൊലേഷൻ കാലാവധി പൂർത്തിയാക്കിയതും കണക്കിലെടുത്ത് പ്രിൻസിപ്പൽ സെക്രട്ടറിയുമായുള്ള അവലോകന യോഗത്തിൽ സംസ്ഥാന കൺട്രോൾ റൂം പ്രവർത്തനങ്ങൾ ഇപ്പോൾ deescalate ചെയ്യാമെന്ന് തീരുമാനിച്ചു.

26-2-2020 – ഇറ്റലിയിലും ഇറാനിലും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കുന്നതും കണക്കിലെടുത്ത് ഇറാനിൽനിന്ന് നേരിട്ടുള്ള ഫ്ലൈറ്റുകളിലൂടെ വരുന്ന യാത്രക്കാരെ സ്ക്രീൻ ചെയ്യാൻ ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിച്ചു. ചൈന, ഹോങ്കോംഗ്, തായ്‌ലൻഡ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇന്തോനേഷ്യ, മലേഷ്യ എന്നിവയ്ക്ക് പുറമെ ഇറ്റലി, റിപ്പബ്ലിക് ഓഫ് കൊറിയ, ഇറാൻ എന്നിവിടങ്ങളിൽനിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാ ചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേക്ക് ഹോം ഐസൊലേഷൻ നിർബന്ധമാക്കി.

29-2-2020 – ഇന്ത്യാ ഗവൺമെന്റിന്റെ ജോയിന്റ് സെക്രട്ടറി സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാനം നടത്തിയ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അംഗീകരിക്കുകയും ചെയ്തു. എം.സി.എച്ച്. തിരുവനന്തപുരത്തെ ഐസൊലേഷൻ സൗകര്യം അവർ സന്ദർശിച്ചു.

3-3-2020 - ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ ക്യാബിനറ്റ് സെക്രട്ടറി ശ്രീ. രാജീവ് ദുബാ എല്ലാ സംസ്ഥാനങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി. കേരള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച അദ്ദേഹം പ്രിൻസിപ്പൽ സെക്രട്ടറിയോട് ഒരു ലഘു അവതരണം ആവശ്യപ്പെട്ടു. കേരളം വികസിപ്പിച്ച എസ്.ഒ.പി.-കളെ പിന്തുടരാൻ എല്ലാ സംസ്ഥാനങ്ങളോടും അദ്ദേഹം ആവശ്യപ്പെട്ടു. Training and Capacity building കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് പിന്തുണ നൽകാനും തീരുമാനിച്ചു.

6-3-2020

തെലങ്കാനയിൽ നിന്നുള്ള 12 അംഗ ഉന്നത ടീം ഇവിടെ ഏറ്റെടുക്കുന്ന കൊറോണ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ കേരളം സന്ദർശിച്ചു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും പ്രിൻസിപ്പൽ സെക്രട്ടറിയെയും അവർ സന്ദർശിച്ചു. തുടർന്ന് നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വിവിധ ടീമുകളുമായി കൂടിക്കാഴ്ച നടത്തി. ഇവിടെ നടത്തിയ പ്രവർത്തനങ്ങൾ ഒരു ഹ്രസ്വ അവതരണം നടത്തി. സംഘം പിന്നീട് തിരുവനന്തപുരത്തെ ഐസൊലേഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു.

12-3-2020

118 ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നുപിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന കോവിഡ്-19 രോഗത്തെ മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4180 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 3910 പേർ വീടുകളിലും 270 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 1377 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 953 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സാമ്പിൾ പരിശോധന ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സംസ്ഥാന തലത്തിൽ തന്നെ വേഗത്തിൽ തീരുമാനങ്ങളെടുക്കുവാനുള്ള അധികാരം നൽകുവാനായി ചീഫ് സെക്രട്ടറി കേന്ദ്ര കാബിനറ്റ് സെക്രട്ടറിയോട് ദേശീയ തലത്തിൽ നടന്ന വീഡിയോ കോൺഫറൻസിൽ അഭ്യർത്ഥിച്ചു. ടെസ്റ്റിംഗ് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കാനും കുവൈറ്റും സൗദി അറേബ്യയും പ്രവേശനത്തിനായി കൊറോണ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും അഭ്യർത്ഥിച്ചു.

- മാർച്ച് 7-ന് ഇറ്റലിയിൽനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തിയ പത്തനംതിട്ട ജില്ലയിലെ 3 പേർക്കും അവരുമായി സമ്പർക്കം പുലർത്തിയ 2 പേർക്കും കണ്ണൂർ സ്വദേശിയായ 3 വയസ്സുള്ള കുട്ടിക്കും കോവിഡ്-19 രോഗബാധ സ്ഥിരീകരിച്ചു.
- മാർച്ച് 10-ന് 8 പേർക്കുകൂടി രോഗം സ്ഥിരീകരിച്ചു. ഇവരിൽ 4 പേർ പത്തനംതിട്ട ജില്ലയിലും 2 പേർ കോട്ടയം ജില്ലയിലും 2 പേർ (മൂന്ന് വയസ്സുള്ള കുട്ടിയുടെ മാതാപിതാക്കൾ) എറണാകുളം ജില്ലയിലും ആണ്.
- മാർച്ച് 11-ന് സംസ്ഥാനത്ത് 2 പേർക്കും കൂടി രോഗം സ്ഥിരീകരിച്ചു. ഇവർ തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലക്കാരാണ്. തിരുവനന്തപുരം ജില്ലയിലെ രോഗിയുടെ ഒരു സ്ഥിരീകരണ റിപ്പോർട്ട് കൂടി വരാനുണ്ട്.

12-3-2020-ലെ സാമ്പിൾ വിശദാംശങ്ങൾ

| | |
|---|---|
| അയച്ച ആകെ സാമ്പിളുകൾ | : 1377 |
| ലഭിച്ച ആകെ ഫലങ്ങൾ | : 970 |
| മൊത്തം പോസിറ്റീവ് കേസ്സുകൾ | : 17 |
| മൊത്തം നെഗറ്റീവ് കേസ്സുകൾ | : 953 |
| ഫലം കാത്തിരിക്കുന്നവ | : 407 |

ആരോഗ്യ വകുപ്പിലെയും മറ്റ് ലൈൻ വകുപ്പുകളിലെയും പരിശീലനത്തിനായി 61 പരിശീലന വീഡിയോകൾ ഇതുവരെ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സേവന ഡയറക്ടറേറ്റിന്റെ (https://www.youtube.com/c/keralahealthonlinetraining) " കേരള ആരോഗ്യ ഓൺലൈൻ പരിശീലനം" യൂട്യൂബ് ചാനൽ വഴി വീഡിയോകൾ പ്രചരിപ്പിച്ചു. സംശയിക്കപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് മനഃശാസ്ത്രപരമായ പിന്തുണ നൽകുന്നതിനായി 143 പേരെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. 5287 ടെലി കൗൺസിലിംഗ് സേവനങ്ങൾ ഇന്നുവരെ നൽകി.

5 പേർക്ക് രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് പത്തനംതിട്ട ജില്ലയിലെ പ്രവർത്തനങ്ങൾ

സൂപ്രണ്ടുമാർ, ആർ.എം.ഒ.-കൾ, സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവരുടെ ആർ.ആർ.ടി. യോഗം നടത്തി. നിരീക്ഷണ അണുബാധ നിയന്ത്രണത്തെക്കുറിച്ചും പി.പി.ഇ.-യെക്കുറിച്ചും ഐസൊലേഷൻ സംവിധാനമുള്ള ആശുപത്രിയിലെ ജീവനക്കാർക്ക് പരിശീലനം നൽകി. നിരീക്ഷണത്തിനായി മാനവ വിഭവശേഷി വർദ്ധിപ്പിച്ചു. (കമ്മ്യൂണിറ്റി മെഡിസിൻ പി.ജി.-കളും ഫാക്കൽറ്റികളും)

ഇതുവരെ കണ്ടെത്തിയ കോൺടാക്ടുകളുടെ വിശദാംശങ്ങൾ

| Date | പ്രാഥമിക കോൺടാക്റ്റ് | ദ്വിതീയ കോൺടാക്റ്റ് | ഉയർന്ന അപകട സാധ്യത | കുറഞ്ഞ അപകട സാധ്യത | രോഗ ലക്ഷണ മുള്ളവർ |
|---|---|---|---|---|---|
| 08-3-2020 | 150 | 164 | 58 | 92 | 1 |
| 09-3-2020 | 120 | 285 | 37 | 83 | 5 |
| 10-3-2020 | 31 | 136 | 21 | 10 | 1 |
| 11-3-2020 | 13 | 34 | 13 | | 6 |
| ആകെ | 314 | 619 | 129 | 185 | 8 |

3 വയസ്സുള്ള കുട്ടിക്ക് രോഗബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് എറണാകുളം ജില്ലയിലെ പ്രവർത്തനങ്ങൾ

കുട്ടിയുടെ അമ്മയെയും കുഞ്ഞിനെയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു. കുഞ്ഞിന്റെ രണ്ടാമത്തെ സാമ്പിളും പരിശോധനക്കയച്ചു. ഇവരുമായി സമ്പർക്കമുണ്ടായിരുന്ന 101 പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്.

IV. 1) വന്യജീവി ആക്രമണം സംബന്ധിച്ച ശ്രീ. ബി.ഡി. ദേവസ്സിയുടെ ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി.

തൃശ്ശൂർ ജില്ലയിലെ വാഴച്ചാൽ, ചാലക്കുടി, തൃശ്ശൂർ എന്നീ വനമേഖലകളിലെ ആദിവാസി ജനവാസ കേന്ദ്രങ്ങളിലും വിനോദസഞ്ചാര മേഖലകളിലും വന്യജീവി ശല്യം കുറയ്ക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ വനമേഖലകളിൽ കാട്ടാനകളെ പ്രതിരോധിക്കുന്നതിനായി 22.475 കി.മീ. സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാട്ടാനശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ 10 വാച്ചർമാരേയും നിയോഗിച്ചിട്ടുണ്ട്.

വാഴച്ചാൽ വനമേഖലകളിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി കോളനികൾക്ക് ചുറ്റും സോളാർ ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ആയവ വനസംരക്ഷണ സമിതികൾ മുഖേന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അടങ്കലുകൾ അനുവദിച്ച് സംരക്ഷണം നടത്തിവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ കൊല്ലത്തിരുമേട് റെയ്ഞ്ചിലെ വാച്ച്മരം ആദിവാസി വികസന

സമിതി വഴി വാച്ച്മരം കാടാർ കോളനിക്കുചുറ്റും 680 മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ, വാച്ച്മരം മലയൻ കോളനിക്കുചുറ്റും 858 മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ, ഷോളയാർ റെയ്ഞ്ചിലെ പെരുമ്പാറ ആദിവാസി വികസന സമിതി വഴി മലക്കപ്പാറ ട്രൈബൽ കോളനിക്കുചുറ്റും 1.5 കി.മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ, തവളക്കുഴിപ്പാറ ആദിവാസി വികസന സമിതി വഴി തവളക്കുഴിപ്പാറ ട്രൈബൽ കോളനിക്കുചുറ്റും 1.7 കി.മീറ്റർ സോളാർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

മൃഗങ്ങൾക്ക് കുടിവെള്ളം കാട്ടിൽത്തന്നെ ലഭ്യമാക്കുന്നതിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം പുതിയതായി 10 കുളങ്ങൾ നിർമ്മിക്കുകയും 23 കുളങ്ങൾ ഡീസിൽറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ചെക്ക് ഡാമുകളിൽ മണലും എക്കലും വാരി ജലസമൃദ്ധമാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ തീറ്റലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വനാന്തർഭാഗങ്ങളിൽ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

ചാലക്കുടി വനമേഖലകളിൽ ജലസ്രോതസ്സുകളുടെ അഭാവംമൂലം വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നത് തടയുവാനായി വനത്തിനുള്ളിൽ ജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 8 ചെക്ക് ഡാമുകളും 20 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന്റെ ഭാഗമായി 1.27 കി.മീറ്റർ ട്രെഞ്ച് നിർമ്മിക്കുകയും 67.05 കി.മീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 29 കി.മീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന്റെ ഭാഗമായി ആനയെ ഓടിക്കുന്നതിന് വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ ടീമും ഇതിനായി പ്രവർത്തിച്ചുവരുന്നു. കാടിനുള്ളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി വനാന്തര ഭാഗങ്ങളിൽ ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കുളം കുഴിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളിക്കുളങ്ങര റെയ്ഞ്ചിന് കീഴിൽ ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിസ്താ ക്ലിയറൻസ് കൂടാതെ 23 കി.മീറ്റർ നീളത്തിൽ പുതിയ സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 1-3-2020-ൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ.-യും മറ്റ് ജനപ്രതിനിധികളും നാട്ടുകാരുമായി കൂടിയ യോഗ തീരുമാനം അനുസരിച്ച് വയലത്തു മുതൽ ചൂളക്കടവ് വരെ 10 കി.മീറ്റർ നീളത്തിലുള്ള സോളാർ പവർ ഫെൻസിംഗിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

2) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സുരക്ഷിതയാത്ര ഉറപ്പാക്കുന്നത് സംബന്ധിച്ച ശ്രീ. ഷാഫി പറമ്പിലിന്റെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡ്രൈവർമാർക്കും അപകടരഹിത ഡ്രൈവിംഗിനുള്ള പരിശീലനവും തുടർ പരിശീലനവും നൽകുന്നുണ്ട്. എന്നിരുന്നാലും വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് എല്ലാ ഡ്രൈവർമാർക്കും കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ വച്ച് കൂടുതൽ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അപകടരഹിതമായ ഡ്രൈവിംഗ് ശീലിക്കുന്നതിനായി ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് കൃത്യമായ കറക്ടീവ് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് കൂടുതൽ കാര്യക്ഷമമായി എല്ലാ മേഖലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം പരിഷ്കരിച്ച് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള സമയക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ക്രൂ ചെയ്ഞ്ച് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരമാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് ഡ്യൂട്ടി ക്രമീകരിച്ച് നൽകിയിട്ടുള്ളത്. ഇപ്രകാരം ഡ്യൂട്ടികൾ പരിഷ്കരിച്ച്, ജീവനക്കാർക്ക് മതിയായ വിശ്രമം ലഭിക്കുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

അപകടരഹിതമായ ഡ്രൈവിംഗ് ഉറപ്പുവരുത്തുന്നതിനായി ദീർഘദൂര സർവ്വീസുകളിൽ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുള്ള വിശ്രമകേന്ദ്രങ്ങൾ പ്രധാന യൂണിറ്റുകൾ ആയ തിരുവനന്തപുരം സെൻട്രൽ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ ഒരുക്കി നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി വരുന്നു. ദീർഘദൂര/അന്തർസംസ്ഥാന സർവ്വീസുകളിൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് മതിയായ വിശ്രമം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി രാത്രികാലത്ത് ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ ചെയ്ഞ്ച് സംവിധാനം ഉടൻ നടപ്പിലാക്കുന്നതാണ്. കാലപ്പഴക്കം ചെന്ന ബസ്സുകൾ നിരത്തിൽ നിന്നും ഒഴിവാക്കി ഘട്ടംഘട്ടമായി പുതിയ വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാ ടിക്കറ്റിന്മേലുള്ള സെസ്സ്) നിയമപ്രകാരം 2019-20 കാലയളവിൽ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുമായി കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കെ.എസ്.ആർ.ടി.സി. ബസ് അപകടത്തിൽ പ്പെടുകയാണെങ്കിൽ അപകടത്തിൽ മരണമടയുന്ന ജീവനക്കാരുടെയും യാത്രക്കാരുടെയും ആശ്രിതർക്ക് ടി ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. അപകടത്തിൽ പരിക്കേൽക്കുന്നവർക്കും പ്രസ്തുത ഇൻഷ്വറൻസ് പ്രകാരം ഒരു നിശ്ചിത തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പുറത്തിറക്കുന്ന എല്ലാ ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ട്. കോർപ്പറേഷൻ വക 6105 ബസുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. അപ്രകാരം ഇൻഷ്വറൻസ് പ്രീമിയം തുക മുടക്കം കൂടാതെ അടച്ചുവരുന്നുമുണ്ട്. അപകടത്തിൽപ്പെടുന്ന ബസ്സുകളിലെ അർഹരായ യാത്രക്കാർക്കും ജീവനക്കാർക്കും ഇതുമൂലം MACT മുഖാന്തരം നഷ്ടപരിഹാരവും ലഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാർക്ക് കേരള സർക്കാരിന്റെ Group Personal Accident Insurance സ്കീമിലൂടെ 10 ലക്ഷം രൂപ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്നതാണ്. SBI ജനറൽ ഇൻഷ്വറൻസ് സ്കീമിലും അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ ആശ്രിതർക്ക് ഈ ഇൻഷ്വറൻസ് സ്കീമിന്റെ ക്ലെയിം തുകയായ 10 ലക്ഷം രൂപയും ലഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി. ബസ് യാത്രാ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്:

1. മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് കരസ്ഥമാക്കിയ ബസുകളാണ് കോർപ്പറേഷൻ സർവ്വീസിനായി ഉപയോഗിക്കുന്നത്.

2. നിർമ്മാതാക്കൾ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള എല്ലാ അറ്റകുറ്റപ്പണികളും യഥാസമയം പൂർത്തീകരിച്ചാണ് ബസുകൾ സർവ്വീസിന് നൽകുന്നത്.

3. 2014 ഒക്ടോബർ മുതൽ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ എല്ലാ ബസ്സുകളിലും ഡ്രൈവർ നിയന്ത്രിതമായ ന്യൂമാറ്റിക് ഡോറുകളാണ് ഘടിപ്പിച്ചിട്ടുള്ളത്.

4. എല്ലാ ബസ്സുകളിലും സ്പീഡ് ഗവർണർ ഘടിപ്പിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

5. ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നതിനുള്ള അന്തിമ തീയതി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

6. 2020 ഡിസംബർ വരെ നിയമപരമായി ഏഴ് വർഷക്കാലം കാലപരിധി പൂർത്തീകരിക്കുന്ന എല്ലാ സൂപ്പർ ക്ലാസ് ബസ്സുകളും മാറ്റി പുതിയത് ആക്കുന്നതിന്റെ ഭാഗമായി 410 പുതിയ ബസ്സുകൾ വാങ്ങുന്നതിന്റെ നടപടികൾ പുരോഗതിയിലാണ്.

7. ഡ്രൈവിംഗ് സമയത്ത് ഡ്രൈവർ ഉറങ്ങുന്നതുമൂലവും മറ്റും ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സഹായിക്കുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള നൂതന സാങ്കേതിക സംവിധാനമായ 'Collision Warning System and driver behavior monitoring system'-ത്തിന്റെ പ്രായോഗികക്ഷമത വിശകലനം ചെയ്യുന്നതിനായി ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള നവീന സംവിധാനങ്ങളുടെ സാധ്യതയും ആരായുന്നുണ്ട്.

8. 20-2-2020-ൽ തമിഴ്നാട്ടിലെ അവിനാശിയിൽ ഉണ്ടായ അപകടത്തിൽ കെ.എസ്.ആർ.ടി.സി. ബസിലെ യാത്രക്കാരും ജീവനക്കാരും ഉൾപ്പെടെ 19 പേർ മരിക്കാനിടയായ സാഹചര്യം കണക്കിലെടുത്ത് ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള സുരക്ഷാ നടപടികൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലേബർ കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ, ഗതാഗത കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്.

9. മിന്നൽ പണിമുടക്ക് പോലുള്ള സമരപരിപാടികൾ സർക്കാർ അംഗീകരിക്കുന്നില്ല. അത്തരം സമരങ്ങളിലൂടെ പൊതുജനങ്ങളെയും യാത്രക്കാരെയും ബുദ്ധിമുട്ടിലാക്കുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

V. 1. എം. ടി. ഒ. യൂണിറ്റ് സംബന്ധിച്ച ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ വിവിധ ഓഫീസുകളിലായി 170-ലധികം വാഹനങ്ങളുണ്ട്. പ്രസ്തുത വാഹനങ്ങളുടെ ഉപയോഗക്ഷമതാ പരിശോധനകളും അറ്റകുറ്റപ്പണികളും കൃത്യമായ ഇടവേളകളിൽ ആവശ്യമാണ്. അതോടൊപ്പം വാഹനങ്ങളുടെ ഇന്ധനച്ചെലവും അനാവശ്യ ഉപയോഗവും നിയന്ത്രിക്കുന്നതിനും അവയുടെ വിതരണവും കണ്ടം ചെയ്യലും യഥാസമയം നടപ്പാക്കുന്നതിനും മേൽനോട്ടം ആവശ്യമാണ് എന്നത് വസ്തുതയാണ്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

2. അശാസ്ത്രീയമായി പുലിമുട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. ആൻസലൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിലെ അതിർത്തി മണ്ഡലമായ നെയ്യാറ്റിൻകരയിൽ ഉൾപ്പെട്ട കൊല്ലങ്കോടിന് സമീപം തമിഴ്നാട് സംസ്ഥാനത്തിൽ ഉൾപ്പെട്ട നിരോടി കടൽപ്പുറത്ത് തമിഴ്നാട് സർക്കാർ പുലിമുട്ട് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണംമൂലം പൊഴിയൂർ, കൊല്ലങ്കോട് ഉൾപ്പെട്ട കേരള തീരത്ത് കരയിലേക്ക് കയറുന്നതിനുള്ള സാധ്യത വളരെയേറെയാണ്.

പടിഞ്ഞാറൻ തീരത്ത് പുലിമുട്ടുകൾ നിർമ്മിക്കുമ്പോൾ സാധാരണഗതിയിൽ ഇതിന്റെ തെക്ക് ഭാഗത്ത് മണൽ അടിഞ്ഞ് കരയാകുവാനും വടക്കുഭാഗത്ത് കടൽ കരയെടുക്കുന്നതിനുമുള്ള സാധ്യത വളരെ കൂടുതലാണ്. പുലിമുട്ട് നിർമ്മാണത്തിന്റെ വിശദമായ വിവരങ്ങൾ ലഭിച്ചാൽ മാത്രമേ വടക്ക് ഭാഗത്ത് ഇതുമൂലമുള്ള ആഘാതം കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഇത്തരത്തിലുള്ള നിർമ്മാണം സൃഷ്ടിക്കുന്ന ആഘാതത്തെപ്പറ്റി പഠിക്കുന്നതിന് NCESS (National Centre of Earth Science Studies) തിരുവനന്തപുരത്തെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. നാടക സമിതിയുടെ വാഹനത്തിന് പിഴ ചുമത്തിയത് സംബന്ധിച്ച് ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

തൃപ്രയാർ സബ് ആർ. ടി. ഓഫീസിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, നാടക സമിതിയുടെ വാഹനത്തിന് പിഴ ചുമത്തിയതായ പ്രശ്നം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഈ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്.

തൃപ്രയാർ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആയ ശ്രീമതി ഷീബ സി.സി. പരിശോധിച്ച കോൺട്രാക്ട് കാര്യേജ് വാഹനത്തിന്റെ (KL-42-G 18) ഉടമ, ശ്രീമതി വൈഷ്ണ ഷാജി ആണ്. ഈ വാഹനം നാടക കമ്പനി അവരുടെ പരിപാടിക്ക് പോകുന്നതിനായി ബുക്ക് ചെയ്തതാണെന്ന് അന്വേഷണത്തിൽ മനസ്സിലായി. പരിശോധന പ്രകാരം ഡ്രൈവർ യൂണിഫോം ധരിച്ചിട്ടില്ല എന്ന കുറ്റത്തിനാണ് 500 രൂപ പിഴയായി ഈടാക്കിയിട്ടുള്ളത്.

പരിശോധന ഉദ്യോഗസ്ഥ പരസ്യ ബോർഡിന്റെ വലിപ്പം 24000 ചതുരശ്ര സെന്റിമീറ്റർ എന്ന് രേഖപ്പെടുത്തി കേരള മോട്ടോർ വാഹന ചട്ടം 191 അനുസരിച്ച് ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. ഈ അളവായ 24000 ചതുരശ്ര സെന്റിമീറ്റർ എന്നത് സമൂഹമാധ്യമങ്ങളിലൂടെ 24000 രൂപ പിഴ എന്ന് തെറ്റായി പ്രചരിക്കുകയാണുണ്ടായത്. എന്നാൽ ഇപ്രകാരം സോഷ്യൽ മീഡിയകളിലും വാർത്താ മാധ്യമങ്ങളിലും തെറ്റായ വാർത്ത പ്രചരിച്ചിട്ടും നിജഃസ്ഥിതി സംബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർക്കാരിനോ അല്ലെങ്കിൽ വാർത്താ മാധ്യമങ്ങൾക്കോ യാതൊരു വിവരവും യഥാസമയം ലഭ്യമാക്കുകയുണ്ടായില്ല. ഇത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയായി സർക്കാർ കരുതുകയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരോടും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിശദീകരണം തൃപ്തികരമല്ലാത്ത പക്ഷം അത്തരം ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തൃശ്ശൂർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 7-3-2020-ലെ ഡി.ടി.സി.-യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം വാഹനത്തിൽ പ്രദർശിപ്പിച്ചിരുന്ന ബോർഡുകൾ പരസ്യ ബോർഡുകൾ അല്ലെന്നും നാടക കമ്പനി എന്ന താൽക്കാലിക ബോർഡ് മാത്രമാണ് വച്ചിരിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടത് പ്രകാരം പിഴ ഒഴിവാക്കി ഈ ചെക്ക് റിപ്പോർട്ട് ശിക്ഷാനടപടികൾ ഇല്ലാതെ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്.

കൂടാതെ വാഹനത്തിന് അനുയോജ്യമായതിലും വലിപ്പമുള്ള ബോർഡുകളാണ് സ്ഥാപിച്ചിരുന്നത് എന്നതിനാൽ ആയത് ഇളകി വീണ് അപകടം ഉണ്ടാകാതിരിക്കുവാനുള്ള നിർദ്ദേശവും കൂടി നൽകിയിട്ടുള്ളതാണ്.

നിജസ്ഥിതി സർക്കാരിനെയും പൊതുജനങ്ങളെയും യഥാസമയം അറിയിക്കുന്നതിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. അംബേദ്കർ ഗ്രാമവികസന പദ്ധതികൾ സംബന്ധിച്ച് ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

പട്ടികജാതി വികസന വകുപ്പ് 2016-17-ലാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതി ആരംഭിച്ചത്. ആ വർഷം 195 കോളനികളിൽ 21 കോളനികളിലെ പ്രവൃത്തി പൂർത്തിയായി. അതിൽ 13 കോളനികൾ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും 8 കോളനികൾ മറ്റ് ഏജൻസികളുമാണ് നിർവ്വഹിച്ചത്. ഇപ്പോൾ 56 സങ്കേതങ്ങളിലെ പ്രവൃത്തികൾ അവസാന ഘട്ടത്തിൽ എത്തിയിട്ടുണ്ട്. 2018-ലെ പ്രളയം ബാധിച്ച കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പുനഃസൃഷ്ടിക്കുന്നതിനുള്ള പദ്ധതിയിൽ 31 കോളനികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി. അതിൽ 12 സ്ഥലങ്ങളിൽ പ്രവൃത്തിയാരംഭിച്ചു. ഈ വർഷം 86 കോളനികളെ പദ്ധതിയിലേയ്ക്ക് എം.എൽ.എ.-മാർ ശിപാർശ ചെയ്തിട്ടുണ്ട്. അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുകയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് 2017-18-ൽ 94 സങ്കേതങ്ങളെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ തെരഞ്ഞെടുത്തിരുന്നു. അതിൽ 66 കോളനികളിൽ പ്രവൃത്തി ആരംഭിച്ചു. 3 സ്ഥലങ്ങളിൽ പ്രവൃത്തി പൂർത്തിയായി. ഹാബിറ്റാറ്റ് ഗ്രൂപ്പ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, വാപ്കോസ്, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, യു.എൽ.സി.സി. എന്നീ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

സങ്കേതങ്ങൾക്കുള്ളിൽ റോഡ്, നടപ്പാത, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിലുള്ള പ്രയാസങ്ങൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള തർക്കങ്ങൾ, ബില്ലുകൾ മാറുന്നതിനുള്ള ധനപരമായ നിയന്ത്രണങ്ങൾ എന്നിവയാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നത്. ചിലയിടങ്ങളിൽ ഏജൻസികളുടെ അശ്രദ്ധയും കാരണമാകുന്നുണ്ട്.

കോളനി തലത്തിൽ എം.എൽ.എ.-മാരും ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരും അദ്ധ്യക്ഷനായി പദ്ധതിക്ക് മോണിറ്ററിംഗ് കമ്മിറ്റികളുണ്ട്. സംസ്ഥാന തലത്തിൽ ഡയറക്ടർമാരും മന്ത്രിതലത്തിലും പദ്ധതി വിശദമായി അവലോകനം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമെ ജില്ലാ വികസന സമിതികളിൽ ഒരു സ്ഥിരം അജണ്ടയായി അംബേദ്കർ വികസന പദ്ധതി അവലോകനം ചെയ്ത് പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI. ലൈഫ് മിഷൻ ഭവനപദ്ധതി സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കേരള വികസനത്തിൽ സുസ്ഥിരത കൈവരിക്കുകയും മുന്നോട്ടുള്ള പാതയിൽ എല്ലാ വിഭാഗം ആളുകളെയും ഒപ്പം ചേർക്കുകയും വരുംതലമുറയെ നാളത്തെ വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയും ചെയ്യുകയെന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് നവകേരളം കർമ്മ പദ്ധതി എന്ന പൊതുവായ പ്രവർത്തന പരിപാടിക്കും അതിനുള്ളിലായി ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ലൈഫ് എന്നിങ്ങനെ നാലു മിഷനുകൾക്കും സർക്കാർ രൂപംകൊടുത്തത്. ഇതിൽ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ഭവനരഹിതരുടെ പുനരധിവാസം മുൻനിർത്തി പ്രവർത്തിച്ച LIFE മിഷൻ നിലവിൽ രണ്ടുലക്ഷത്തിലേറെ കുടുംബങ്ങൾക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയെന്ന വലിയൊരു നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ഏറ്റവുമധികം പിന്നോക്കാവസ്ഥയിലുള്ള വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതത്തിനു സുരക്ഷയും സമാധാനവും പകരുന്ന പ്രവർത്തനമെന്ന നിലയ്ക്ക് മറ്റെല്ലാ വ്യത്യാസങ്ങൾക്കും അപ്പുറത്ത് എല്ലാവരും ഒന്നിച്ചുനിന്നു നടപ്പാക്കേണ്ട പ്രവർത്തനമാണ് LIFE മിഷൻ ഭവനപദ്ധതി. എന്നാൽ ഇത്തരത്തിലൊരു നേട്ടം ഇക്കാര്യത്തിൽ സംസ്ഥാനത്തിനു കൈവരിക്കാനായ അവസരത്തിലും അതുസംബന്ധിച്ച പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പല കോണുകളിൽനിന്നും ഉയരുകയുണ്ടായി. ഈ സാഹചര്യത്തിൽ LIFE മിഷൻ ഭവന പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച പ്രസ്താവന ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

പശ്ചാത്തലം

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ ആവശ്യമാണ് പാർപ്പിടം. അതു വെയിലും മഴയുമേല്ക്കാതിരിക്കാനുള്ള സങ്കേതം മാത്രമല്ല, സുരക്ഷിതവും മാന്യവുമായ ജീവിതത്തിനുള്ള അടിസ്ഥാനവും സമൂഹത്തിന്റെ പൊതുനന്മയ്ക്കും പുരോഗതിക്കുമായുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മക പങ്കാളികളാകുന്ന നല്ല പൗരജനങ്ങളായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന സാമൂഹികഘടകവും കൂടിയാണ്. അതുകൊണ്ടു തന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ടെന്ന ബോധ്യത്തിൽ നിന്നാണ് ഈ സർക്കാർ LIFE മിഷൻ ഭവന പദ്ധതിക്ക് രൂപം നൽകിയത്.

ആരോഗ്യ സേവനങ്ങളും വിദ്യാഭ്യാസ സൗകര്യവും ഗ്രാമ-നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്ത് എവിടെയും ലഭ്യമാക്കുന്നതിനും ന്യായമായ ചെലവിൽ ഗുണമേന്മയോടുകൂടി ഈ സേവനങ്ങൾ എല്ലാ പൗരജനങ്ങൾക്കും ലഭ്യമാകുന്നുയെന്ന് ഉറപ്പാക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകൾ വഴിയായി ഓരോ വർഷവും ഭവന പദ്ധതികൾ നടപ്പാക്കിയിരുന്നിട്ടും എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനാകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുക എത്തിപ്പിടിക്കാനാകാത്ത പ്രശ്നമായി തുടരുന്ന നിലയാണ് കേരളം നേരിട്ടിരുന്നത്. കേരളത്തിന്റെ ഭവനവത്കരണരംഗം വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന മേഖലയാണെന്നതും ആ പ്രശ്നങ്ങളെ ശരിയായി വിലയിരുത്തുകയും വ്യതിരിക്തമായ ഓരോ പ്രശ്നങ്ങൾക്കും തനതായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സമഗ്രമായ പരിഹാരം സാദ്ധ്യമാകൂ എന്നതുമായിരുന്നു അതിനു കാരണം. അതുകൊണ്ടുതന്നെ ഭവനവത്കരണമെന്ന ലക്ഷ്യത്തിനു പരിയായ ഒരു സമഗ്രപരിപാടിയായാണ് LIFE മിഷൻ പദ്ധതി രൂപീകരിച്ചത്.

സമീപനം

കേരളത്തിലുള്ള ആകെ കുടുംബങ്ങളിൽ 28.4% കുടുംബങ്ങൾ വാസയോഗ്യമെന്നു പറയാമെങ്കിലും മോശപ്പെട്ട നിലയിലുള്ള വീടുകളിലാണ് വസിക്കുന്നതെന്നും 5.3% കുടുംബങ്ങൾക്കാകട്ടെ വാസയോഗ്യമെന്നു പറയാനാകാത്തവിധം തകർന്ന വീടുകളാണുള്ളത് എന്നും 2011 സെൻസസ് കണക്കുകൾ ചൂണ്ടിക്കാട്ടിയിരുന്നു. വീടുകളുടെ ഉടമസ്ഥത പരിശോധിച്ചാൽ കേരളജനതയുടെ 9% വാടകവീടുകളിൽ കഴിയുന്നവരോ അടച്ചുറപ്പുള്ള വീടുകൾ ഇല്ലാത്തവരോ ആണെന്നും സെൻസസ് കണക്കുകൾ സൂചിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ (2013-ൽ) ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടുള്ള പഠനത്തിൽ എല്ലാവർക്കും സുരക്ഷിതമായ വീടുകൾ

നൽകുന്നതിനായി ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്നുണ്ടെങ്കിലും ഈ ശ്രമങ്ങൾക്ക് ആവശ്യത്തിന്റെ അടുത്തെങ്ങും എത്താനാകുന്നില്ലെന്നും 4.70 ലക്ഷം കുടുംബങ്ങളാണ് കേരളത്തിൽ ഭവനരഹിതരായി തുടരുന്നതെന്നും ചൂണ്ടിക്കാട്ടിയിരുന്നു.

സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ ധനസഹായപദ്ധതികളിൽ ലഭ്യമാകുന്ന ധനസഹായം ആവശ്യത്തിനു തികയാതെ വരുന്ന സ്ഥിതി ഗുണഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിരുന്നത്. ഭവനനിർമ്മാണ ധനസഹായമായി വിവിധ പദ്ധതികൾ നൽകിയിരുന്ന തുക യഥാർത്ഥത്തിൽ ഒരു വീടു പണിയാൻ ആവശ്യമായ ചെലവിനേക്കാൾ വളരെക്കുറവ് (പലപ്പോഴും പകുതിയിൽ താഴെ) ആയിരുന്നു. ഗണ്യമായ തുക സ്വന്തമായി സമാഹരിക്കാതെ ഗുണഭോക്താവിന് വീടു പൂർത്തിയാക്കാനാകുമായിരുന്നില്ല. ഇത് തീർത്തും നിരാലംബരും നിർധനരുമായവർക്ക് സർക്കാർ ഭവനപദ്ധതികൾ തന്നെ അന്യമാക്കി. ഇത്തരം പദ്ധതികളിൽ നിശ്ചയിച്ചിട്ടുള്ള ചെലവു നിരക്കുകൾ മിക്കവാറും, പ്രാദേശികമായ വിലവ്യത്യാസങ്ങളോ, വീടു പണിയേണ്ട പ്രദേശം പലപ്പോഴും നല്ല ഗതാഗതമാർഗ്ഗങ്ങളിൽ ദൂരെയായിരിക്കുമെന്നതിനാൽ വരുന്ന അധിക കടത്തുകൂലി ചെലവുകളോ പോലും കണക്കാക്കുന്നവയായിരുന്നില്ല. ആയതിനാൽ കുറെയൊക്കെ തുക കടമായോ മറ്റോ കണ്ടെത്തി കൂട്ടിച്ചേർത്തു വീടുവയ്ക്കാൻ ശ്രമിക്കുന്നവർക്കുപോലും അതു പൂർത്തീകരിക്കുക ശ്രമകരമാക്കി. ഭവനനിർമ്മാണ ധനസഹായം വീടിന്റെ പണി പൂർത്തീകരിക്കുന്ന ഘട്ടങ്ങളുമായി ബന്ധപ്പെട്ടായതിനാൽ ഒന്നോ രണ്ടോ ഘട്ടത്തിന്റെ ധനസഹായം വാങ്ങുകയും അതുകൊണ്ടു പൂർത്തീകരിക്കേണ്ട ഘട്ടം മുഴുവനാക്കാൻ ആ പണം തികയാതെ വരികയും അതുകൊണ്ടുതന്നെ അടുത്ത ഘട്ട ധനസഹായത്തിന് അപേക്ഷിക്കാൻ പോലും കഴിയാതെയും വരുന്ന ധർമ്മസങ്കടമാണ് ഒട്ടേറെ ഗുണഭോക്താക്കൾ നേരിട്ടിരുന്നത്. ചെലവാക്കപ്പെട്ട പണം പോലും നിഷ്പ്രയോജനമായി മാറുന്ന വിധം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ ഇത്തരത്തിൽ ഏറെയുണ്ടായിരുന്നു.

ദാരിദ്ര്യംമൂലമുള്ള വീട് വിട്ടൊഴിഞ്ഞു പോകേണ്ടി വരുന്നവരായിരുന്നു മറ്റൊരു വിഭാഗം. മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിലേയ്ക്ക് വീടിനു സഹായാഭ്യർത്ഥനയുമായി വന്നിരുന്നത് ബഹുഭൂരിപക്ഷവും ഇത്തരത്തിലായിരുന്നു. കുടുംബാംഗങ്ങൾക്ക് രോഗമോ അപകടമോ നേരിടുക, മക്കളുടെ വിവാഹത്തിനും മറ്റുമായി പണം കണ്ടെത്തേണ്ടി വരിക തുടങ്ങിയ സാഹചര്യങ്ങളിൽ ഏകസമ്പത്തായ വീടും ഭൂമിയും വിൽപ്പന നടത്തുകയോ ഈടുവച്ചു വായ്പയെടുക്കുകയോ ചെയ്യുന്നതു വഴി ഭൂരഹിതഭവനരഹിതരായി മാറിയവരായിരുന്നു അവർ.

വീട് വയ്ക്കാനുള്ള ഭൂമി പോലും സ്വന്തമായില്ലാത്ത വിഭാഗമായിരുന്നു സർക്കാരിനു മുമ്പിലെ മറ്റൊരു ചോദ്യചിഹ്നം. ഇവർക്കു വീടുകൾ നൽകുന്നതിനു തടസമാകുന്ന ഒന്നാമത്തെ പ്രശ്നം കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവ് തന്നെയാണ്. വീടിനുള്ള സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽ പോരെന്നതാണ് രണ്ടാമത്തെ പ്രശ്നം. വീടുകൾ ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു കൂടി സഹായകമായ സ്ഥലത്താകണം. അല്ലാത്തപക്ഷം വൈകാതെ സർക്കാർ നൽകിയ വീട് ഉപേക്ഷിച്ച് പണികിട്ടുന്ന പ്രദേശത്തേയ്ക്ക് നീങ്ങാൻ അവർ നിർബന്ധിതരാകുമെന്നതിനാലാണിത്.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ് സർക്കാർ മുൻകാല ഭവനവത്കരണ പദ്ധതികളിൽ നിന്നും വ്യത്യസ്തമായ അടിസ്ഥാന സമീപനം LIFE മിഷൻ പദ്ധതിക്കായി രൂപീകരിച്ചത്. വീടിനുള്ള ധനസഹായം അടിസ്ഥാന സൗകര്യങ്ങളും അടച്ചുറപ്പുമുള്ള ഒരു വീട് പൂർത്തിയാക്കാൻ പര്യാപ്തമാകണം, വീടു നൽകുന്നതോടൊപ്പം ഗുണഭോക്താക്കളെ അവർ നേരിടുന്ന യഥാർത്ഥമായ ജീവിതക്ലേശ ഘടകങ്ങൾ നേരിടാൻ പ്രാപ്തരാക്കുകയും കൂടിവേണം, കൃത്യമായ മാനദണ്ഡങ്ങളിലൂടെ സമൂഹത്തിലെ ദുർബലരായ യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുന്ന രീതി ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും മുൻഗണനാനിർണ്ണയത്തിലും പാലിക്കപ്പെടണം എന്നീ സമീപനങ്ങളാണ് LIFE മിഷന് അടിസ്ഥാനമായത്. Livelihood, Inclusion & Financial Empowerment എന്നതിന്റെ ചുരുക്കമായ LIFE എന്നപേരുതന്നെ ഈ മിഷനു സ്വീകരിച്ചതും അതുകൊണ്ടുതന്നെ ആയിരുന്നു. ചുരുക്കത്തിൽ LIFE മിഷൻ ഭവനവത്കരണ പദ്ധതി ഒരു വീടുവയ്ക്കൽ പ്രവർത്തനത്തിനപ്പുറം സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുതന്നെയാണ് മറ്റ് ഭവന പദ്ധതികളിൽ നിന്നും LIFE മിഷനെ വ്യത്യസ്തമാക്കുന്നതും.

## LIFE മിഷൻ പദ്ധതി നിർവ്വഹണം

കുടുംബശ്രീ വഴിയായി നടത്തിയ വിപുലമായ ഗുണഭോക്തൃ സർവ്വേയിലൂടെയാണ് LIFE മിഷൻ പദ്ധതിയുടെ അടിസ്ഥാന ഗുണഭോക്തൃപട്ടിക തയ്യാറാക്കപ്പെട്ടത്. പ്രസ്തുത പട്ടിക അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും ജില്ലാതലത്തിലുമുള്ള അദാലത്തുകൾ വഴിയായി കുറവുകൾ തീർത്ത് 2017 ഡിസംബർ മാസത്തോടെ പ്രത്യേക ഗ്രാമസഭകളും വാർഡു സഭകളും ചേർന്ന് ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച് അന്തിമമാക്കുകയുമാണു ചെയ്തത്. താഴെപ്പറയുന്നവയായിരുന്നു ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ.

1. ഒരു റേഷൻ കാർഡിലുൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം. ഒരു കുടുംബത്തിന് ഒരു വീടിനു മാത്രമേ അർഹതയുണ്ടാകൂ.

2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയായിരിക്കണം.

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ/നഗരസഭാ പരിധിയിൽ അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ളവരെ ഒഴിവാക്കേണ്ടതാണ്.

   (ഇതു പട്ടികവർഗ്ഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിലിനായല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്

6. അവകാശികൾക്ക് വസ്തു ഭാഗം ചെയ്തു നൽകുകവഴി സ്വന്തം പേരിൽ സാങ്കേതികമായി മാത്രം ഭൂമിയില്ലാതായവരെ ഭൂരഹിതരായി പരിഗണിക്കരുത്

7. ഗ്രാമസഭകളുടെ അംഗീകാരത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഭൂരഹിത ഭവനരഹിതരുടേയും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടേയും പട്ടികകൾ 2018 ആദ്യപകുതിയിൽ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിക്കുന്നതിനു താഴെപ്പറയുന്ന ജീവിതക്ലേശ ഘടകങ്ങളാണ് പരിഗണിക്കുന്നത്.

1. മാനസികവെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരിക തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങൾ

2. അഗതികൾ

3. 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്തവർ കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)

9. എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

10. തുടർന്ന് മൂന്ന ഘട്ടങ്ങളായാണ് LIFE മിഷൻ പദ്ധതി നിർവ്വഹണത്തിലേയ്ക്കുകടന്നത്.

## LIFE മിഷൻ ഫേസ്-1 അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം

സംസ്ഥാനത്തു പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാനുള്ള നടപടികളാണ് ആദ്യഘട്ടമായി ഏറ്റെടുത്തത്. 2001 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളോ വഴി സംസ്ഥാനത്തു നടപ്പാക്കപ്പെട്ട 19 ഭവനപദ്ധതികളിൽ ഒരുഗഡുവെങ്കിലും ധനസഹായം ലഭ്യമാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കുകയും ഏതെങ്കിലും കാരണവശാൽ പണിതീർക്കാനാകാതെ കിടക്കുകയും ചെയ്തിരുന്ന വീടുകളെയാണ് ഇത്തരത്തിൽ അപൂർണ്ണ ഭവനങ്ങൾ എന്നു കണക്കാക്കി LIFE മിഷന്റെ പരിഗണനയിൽ കൊണ്ടുവന്നത്. ഇതിനായി അതതു ഭവനപദ്ധതികൾ നടപ്പാക്കിയ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ, ഭവനപദ്ധതി തിരിച്ച് ഇത്തരം വീടുകളുടെ കണക്ക് LIFE മിഷൻ ശേഖരിക്കുകയും അതു ഫീൽഡുതലത്തിൽ പരിശോധിക്കുകയും ചെയ്തു. ആകെ 54170 അപൂർണ്ണ ഭവനങ്ങളുടെ വിവരങ്ങളാണ് ഇങ്ങനെ ലഭ്യമാക്കാനായത്.

ഗുണഭോക്തൃകുടുംബത്തിന് എത്രയുംവേഗം മാന്യമായി കയറിപ്പാർക്കാനാകുന്ന വിധം ഈ വീടുകളുടെ പൂർത്തീകരണം ഉറപ്പാക്കാനായി അവയുടെ നിർമ്മാണം തുടങ്ങിയത് ഏതു പദ്ധതിയിലാണ് എന്ന വ്യത്യാസമില്ലാതെ എല്ലാ വീടുകളുടേയും പരമാവധി ധനസഹായം നാലു ലക്ഷം രൂപയായി നിശ്ചയിച്ചു. ഇത് നാലു ഗഡുക്കളായി തിരിച്ച്, നിലവിൽ ഗുണഭോക്താവ് ഏതു സ്റ്റേജുവരെയുള്ള ധനസഹായമാണോ കൈപ്പറ്റിയിട്ടുള്ളത് അതിനു ശേഷമുള്ള ഗഡുക്കൾ പുതിയ നിരക്കിൽ കണക്കാക്കി നൽകി. സാങ്കേതികമോ നിയമപരമോ ആയ പ്രശ്നങ്ങളുള്ള വീടുകളുടെ വിഷയം പ്രത്യേകം പരിശോധിച്ചു പരിഹാരമുണ്ടാക്കി നിർമ്മാണം

ആരംഭിക്കുന്നതിനു പ്രാദേശിക ഇടപെടൽ സഹായം ഉറപ്പാക്കാനും നിർദ്ദേശം നൽകി. ഈ നടപടികളിലൂടെ നിലവിൽ 52055 വീടുകൾ പൂർത്തീകരിച്ചു. അതായത് സംസ്ഥാനത്തു അപൂർണ്ണമായി കണ്ടെത്തിയ വീടുകളിൽ 96.1%വും പൂർത്തിയാക്കപ്പെട്ടു കഴിഞ്ഞു. ഇതിനായി വേണ്ടി വന്ന 670 കോടി രൂപയും സംസ്ഥാന സർക്കാരാണ് കണ്ടെത്തിയത്.

## LIFE മിഷൻ ഫേസ്-2 ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ

സർവ്വേയിലും അപ്പീലുകളിലും കൂടിയായി കണ്ടെത്തി ഗ്രാമസഭയും തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിയും അംഗീകരിച്ച LIFE മിഷൻ ഗുണഭോക്തൃപ്പട്ടികയിൽ 184255 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി ഉണ്ടായിരുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ സംഗമങ്ങൾ വഴിയായി ഈ ഗുണഭോക്താക്കളുടെ അർഹതാ രേഖകളുടെ (റേഷൻ കാർഡ്, ആധാർ, കൈവശാവകാശരേഖ, ബാങ്ക് അക്കൗണ്ട് വിവരം, സമ്മതപത്രം) പരിശോധന നടത്തി അർഹരായവരെ പട്ടികപ്പെടുത്തുകയും ധനസഹായ അർഹത നേടുന്ന ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ഒന്നാം ഗഡു ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചത്. 2018-ലെ മഹാപ്രളയം കാരണമായി ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം വേണ്ടിവന്നു. എന്നാൽ 2018 നവംബറോടെ ഇതു പരിഹരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി. എങ്കിലും അർഹതാരേഖകളുടെ പരിശോധനയിൽ ആവശ്യമായ അടിസ്ഥാനരേഖകൾ ഹാജരാക്കാനാകാതെ ഒട്ടേറെപ്പേരുണ്ടായി. പ്രധാനമായും കൂട്ടുകുടുംബ റേഷൻകാർഡാണുള്ളത് എന്നതും ഉൾപ്രദേശങ്ങളിലുള്ളവർക്ക് വലിയ വരുമാനമൊന്നും കിട്ടാത്തതെങ്കിലും മിഷനിൽ നിശ്ചയിക്കപ്പെട്ട പരിധിയിലും ഏറെ ഭൂമി കൈവശമുണ്ട് എന്നതുമായിരുന്നു തടസ്സം. തുടർന്ന് ഇത് ഏറെ ബാധിച്ചിരുന്ന പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് ഈ നിബന്ധനകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പരിശോധനയ്ക്കു വിധേയമായി ഇളവനുവദിച്ചു. CRZ, തണ്ണീർത്തട നിയമങ്ങൾ LIFE ഗുണഭോക്താക്കളുടെ വീടുനിർമ്മാണത്തിനു തടസ്സമാകാതെയിരിക്കുന്നതിനും നിർദ്ദേശം നൽകി. എന്നിരുന്നാലും നിലവിൽ 101494 ഗുണഭോക്താക്കൾ മാത്രമാണ് അർഹതാരേഖകളുടെ പരിശോധന പൂർത്തിയാക്കി ധനസഹായ അർഹത നേടിയിട്ടുള്ളത്. ഈ പരിശോധനകളോടൊപ്പം തന്നെ LIFE മിഷൻ ഗുണഭോക്തൃ വിവരശേഖരം സുരക്ഷിതമായി സൂക്ഷിക്കുന്നതിനും വിവരങ്ങൾ കൃത്യതയോടെയും ആധികാരികതയോടെയും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, തദ്ദേശഭരണ വകുപ്പിനു കീഴിലുള്ള IKM വഴിയായി

തയ്യാറാക്കുകയും അതു സ്റ്റേറ്റ് ഡേറ്റാ സെന്ററിലേയ്ക്ക് മാറ്റുകയും ചെയ്തു. ഭവന ധനസഹായത്തിന് അർഹത നേടിയ ഗുണഭോക്താക്കളുടെ അന്തിമ വിവരങ്ങൾ രേഖപ്പെടുത്തുന്നതു മുതൽ അവർക്കുള്ള ധനസഹായ ഗഡുക്കളുടെ ക്രമീകരണവും നിർമ്മാണപുരോഗതി മോണിറ്ററിംഗും നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പദ്ധതി വിഹിതവും വായ്പാഘടകവുമടങ്ങുന്ന ധനസഹായത്തിനുള്ള ഡിമാൻഡ് ഓൺലൈനായി സമർപ്പിക്കുന്നതിനുമൊക്കെ സൗകര്യമുള്ള ഡിജിറ്റൽ ആപ്ലിക്കേഷനാണ് ഉപയോഗിക്കപ്പെടുന്നത്. ഇതു മിഷന്റെ പ്രവർത്തനങ്ങളിലും പണമിടപാടിലും പൂർണ്ണമായ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നു.

നാലുലക്ഷം രൂപയാണ് LIFE മിഷൻ ഭവന നിർമ്മാണത്തിനായി ഗുണഭോക്താവിന് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും 1 ലക്ഷം രൂപ സംസ്ഥാന സർക്കാർ നേരിട്ടു നൽകുന്ന വിഹിതവും 2.20 ലക്ഷം രൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുന്ന വായ്പാ വിഹിതവുമാണ്. വീടുണ്ടാക്കാൻ പണം കണ്ടെത്തുക മാത്രമല്ല സർക്കാർ ചെയ്യുന്നത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്ത് 20 മുതൽ 60% വരെ കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൂടി ലൈഫ് മിഷൻ കൈക്കൊണ്ടിരുന്നു. പ്രമുഖ കമ്പനികളായി ലെ ഗ്രാന്റ്, നെരോലാക്ക്, വിപ്രോ, മലബാർ സിമന്റ്, ജീറ്റ്, സ്റ്റാർ പൈപ്പ്സ്, വി-ഗാർഡ്, ഹൈകോണ്ട്, ഏഷ്യൻ പെയിന്റ്സ്, സെറാ, ബോണ്ടെപൻ കേബിൾസ്, പ്യാരിവെയർ തുടങ്ങിയ കമ്പനികളാണ് ലൈഫുമായി ഈ ഉദ്യമത്തിൽ സഹകരിക്കുന്നത്. നിർമ്മിതികേന്ദ്രയുടെ കീഴിലുള്ള കലവറയിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽദിനങ്ങളിൽ നിന്നും 90 ദിവസം വീടുനിർമ്മാണത്തിനായി ഉപയോഗിക്കാനുള്ള വ്യവസ്ഥയും സർക്കാർ സാധ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാം ചേരുന്നതിലൂടെ അഞ്ചുലക്ഷം രൂപയിൽ കുറയാത്ത നിർമ്മാണമൂല്യമുള്ള നല്ല വീടുകളാണ് LIFE മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്നത്.

ധനസഹായ അർഹത നേടിയിട്ടുള്ളവരിൽ 92636 ഗുണഭോക്താക്കളാണ് നിലവിൽ LIFE മിഷൻ ഫേസ്-2 പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇവരിൽ 75415 പേരുടെ വീടുകൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 5512 വീടുകൾ കൂടി മേൽക്കൂര പൂർത്തിയാക്കി ഫിനിഷിങ് ഘട്ടത്തിലാണ്. ഈ വീടുകൾ പൂർണ്ണമായിത്തന്നെ സംസ്ഥാന സർക്കാരിന്റെ കൈയൊപ്പുള്ളതാണെന്നു പറയാം. ഈ വീടുകൾക്കായി 727 കോടി

രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായും 498 കോടിരൂപ സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന വിഹിതമായും 1750 കോടിരൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുന്ന വായ്പാ വിഹിതമായും ചേർന്ന് ആകെ 2,975 കോടി രൂപ ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞവയ്ക്കു പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 46863 ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗ വകുപ്പ് 14123 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 4883 ഗുണഭോക്താക്കളുടേയും അധിക പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഈ പട്ടികയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഗ്രാമപ്രദേശത്ത് ഈ പദ്ധതിയിലേയ്ക്ക് പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി ചെറിയൊരളവു ഫണ്ട് കേന്ദ്രസഹായമായി വരുന്നുണ്ട്. കേന്ദ്ര ധനസഹായം കൂടി ചേരുന്ന പദ്ധതി ഭാഗത്തിന് പി.എം.എ.വൈ -ഗ്രാമീൺ ലൈഫ് എന്നാണ് പേര്. കേന്ദ്രസർക്കാർ കണക്കുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ ഒരു വീടിന് നിർമ്മാണ ചെലവായി കണക്കാക്കുന്നത് 1,20,000 രൂപ മാത്രമാണ്. ഇതിന്റെ 60 ശതമാനം എന്ന നിലയിൽ 72,000 രൂപ അവർ അനുവദിക്കും. നഗരപ്രദേശങ്ങളിലെ ഒരു വീടിന് കേന്ദ്ര സർക്കാർ കണക്കാക്കിയിരിക്കുന്ന ചെലവ് 2,00,000 രൂപയാണ്. ഇതിന്റെ 75 ശതമാനം എന്ന നിലയിൽ 1,50,000 രൂപ അനുവദിക്കും. ഇതുംകൂടി ചേരുന്ന നഗരപ്രദേശ പദ്ധതിയെ പി.എം.എ.വൈ. - അർബൻ ലൈഫ് എന്നു പറയുന്നു. കേന്ദ്രത്തിന്റെ കണക്കിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ 4,00,000 രൂപയാണ് ഒരു വീടിന് ചെലവ്. ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിലെ 20 ശതമാനവും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതവും ചേർത്താണ് ഗ്രാമപ്രദേശത്ത് ബാക്കി 3,28,000 രൂപ കണ്ടെത്തുന്നത്. കേന്ദ്രസർക്കാർ നല്കുന്ന 1,50,000 രൂപയ്ക്കൊപ്പം നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നോ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുന്ന വായ്പാവിഹിതത്തിൽ നിന്നോ ആയി 2,00,000 രൂപയും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതമായ 50,000 രൂപയും ചേർത്താണ് നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഗ്രാമങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതമായ 72,000 രൂപ ആകെ ചെലവിന്റെ 18 ശതമാനവും നഗരങ്ങളിലെ കേന്ദ്ര സർക്കാരിന്റെ പദ്ധതിവിഹിതമായ 1,50,000 രൂപ ചെലവിന്റെ 37.5 ശതമാനവും മാത്രമാണ്.

പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിയിൽ 88024 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 48445 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി നഗരസഭകളുടെ വിഹിതമായി 1243.1 കോടിരൂപയും സംസ്ഥാന വിഹിതമായി 254.1 കോടി രൂപയും കേന്ദ്ര വിഹിതമായി 762.3 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ഗ്രാമം)-ലൈഫ് പദ്ധതിയിൽ ഇക്കാലയളവിൽ 17634 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. അവയിൽ 16674 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 466.9 കോടി രൂപയും സംസ്ഥാന വിഹിതമായി 82.3 കോടി രൂപയും കേന്ദ്രവിഹിതമായി 123.5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്കു പുറമേ LIFE മിഷൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പട്ടികജാതി വകുപ്പ് 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ 972 വീടുകളും ഫിഷറീസ് വകുപ്പിനു കീഴിൽ 3725 വീടുകളും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചു.

ഇവയെല്ലാം കൂടിച്ചേർന്ന് LIFE മിഷന്റെ നേതൃത്വത്തിൽ ആകെ 216160 വീടുകളാണ് ഇതുവരെ നമുക്ക് പൂർത്തിയാക്കാനായത്. ഇതിനായി ഇതുവരെ ചെലവായിട്ടുള്ളത് 7,520.04 കോടി രൂപയാണ്.

### LIFE മിഷൻ ഫേസ്-3 ഭൂരഹിതഭവനരഹിതരുടെ പുനരധിവാസം

LIFE മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂരഹിതരും ഭവനരഹിതരുമായവരുടെ പുനരധിവാസമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. സർവ്വേയിലൂടെ ഭൂരഹിതരും ഭവനരഹിതരുമായ 337416 കുടുംബങ്ങളെ കണ്ടെത്തുകയും ഇവരിൽ അർഹതാ പരിശോധനയ്ക്ക് ഹാജരായ 180865 ഗുണഭോക്താക്കളിൽ 106792 പേർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്കു പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 36040 ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗവകുപ്പ് 7173 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 445 ഗുണഭോക്താക്കളുടെയും അധിക പട്ടികയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ഭൂരഹിതർക്ക് ഭവനം നൽകുന്നതിനുവേണ്ടി സ്വന്തമായി ഭവന സമുച്ചയമോ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഭവനങ്ങളോ നിർമ്മിക്കുന്നതിനും സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനും സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും LIFE ഭവന പദ്ധതിക്കായി മാറ്റിവച്ചിട്ടുള്ള 20 ശതമാനം തുക വിനിയോഗിക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്.

മൂന്നാം ഘട്ടത്തിന്റെ പൈലറ്റ് ഓഫ് പൈലറ്റായി അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു ഭവനസമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും കൈമാറിക്കഴിഞ്ഞു. തൊഴിൽ വകുപ്പിനു കീഴിലുള്ള ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഈ ഭവന സമുച്ചയം നിർമ്മാണച്ചെലവു നൽകി LIFE മിഷൻ ഏറ്റെടുക്കുകയാണു ചെയ്തത്. നിലവിൽ 163 ഗുണഭോക്താക്കൾക്കാണ് അവിടെ വീടുകൾ ലഭിച്ചത്. ബാക്കിയുള്ള വീടുകൾ സമീപ പഞ്ചായത്തുകളിലെ ഭൂരഹിതർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അങ്കമാലിയിൽ 12 കുടുംബങ്ങൾക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്കു കൈമാറിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയും LIFE മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ മാതൃകയിൽ 400 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റ് എന്ന സംഘടനയുടെ സ്പോൺസർഷിപ്പ് സഹായത്തോടുകൂടി വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ LIFE മിഷന്റെ സഹായത്തോടുകൂടി 88 വീടുകളുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ചു നൽകിയിട്ടുള്ള മാതൃകയിൽ തന്നെ 44 വീടുകളുള്ള ഒരു ഭവന സമുച്ചയം LIFE മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവയും വൈകാതെ നിർമ്മാണഘട്ടത്തിലേയ്ക്കു കടക്കും. മറ്റു പത്തു ജില്ലകളിലും LIFE മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആകെ 544 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഈ പത്തു ഭവനസമുച്ചയങ്ങൾക്ക് ആകെ 98.2 കോടി രൂപയാണ് അടങ്കൽ ചെലവു കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്കു പുറമേ 2 സുനാമി ഫ്ലാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ഭൂരഹിത ഗുണഭോക്താക്കൾക്ക് 2020 ഒക്ടോബറോടു കൂടി ഭവനം ഉറപ്പുവരുത്തുന്നതിനായി 85 ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുവാനാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്.

ഇതിനു പുറമേ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തുകയും 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ഭൂമി കൈമാറുന്നതിനും മന്ത്രിസഭായോഗം തീരുമാനിച്ചു. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും 45 പ്രോജക്ടുകളുടെ സർവ്വേ നടപടികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തു. LIFE മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ ചെലവാക്കിയത് 31 കോടിയോളം രൂപയാണ്. 448 കോടി രൂപയോളം വരുന്ന സമുച്ചയ പദ്ധതികൾക്കു ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## LIFE മിഷനിലെ ലൈഫ് നടപടികൾ

LIFE മിഷനെ മറ്റേതൊരു ഭവനപദ്ധതിയിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിൽ ഉൾച്ചേർത്തിട്ടുള്ള സമഗ്രമായ കരുതൽ നടപടികളാണ്. നമ്മുടെ നാട് സ്വാതന്ത്ര്യം നേടി വർഷങ്ങളിത്രയും കഴിഞ്ഞിട്ടും എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ താമസസൗകര്യം നൽകാനായിട്ടില്ല എന്നതു ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. അതുപോലെ തന്നെ ശ്രദ്ധിക്കപ്പെടേണ്ടതായ മറ്റൊന്നാണ് ഒരിക്കൽ സ്വന്തമായി വീടുണ്ടായിരുന്നവർ പോലും സ്വന്തം കുടുംബത്തിന്റെ അത്യാവശ്യങ്ങൾ നിറവേറ്റാനായി വീട് വിറ്റ് ഭവനരഹിതരായി മാറുന്ന സാഹചര്യം. ഒട്ടേറെ സർക്കാർ ധനസഹായ പദ്ധതികൾ നാം നടപ്പാക്കുന്നുണ്ടെന്നിരിക്കെയാണ് ഇതു നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമായിരിക്കുന്നത്. പദ്ധതികൾ ലളിതവത്കരിക്കാനും പൊതുജന സൗഹൃദമാക്കാനും ഒരുപാടു ശ്രമങ്ങളുണ്ടായിട്ടും റേഷൻകാർഡ് ലഭ്യമാക്കാനാകാത്തവർ പോലും നമ്മുടെ ഇടയിലുണ്ടെന്നു വരുമ്പോൾ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലേയ്ക്ക് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി എത്തിക്കുകയും പദ്ധതികളുടെ യഥാർത്ഥ ഫലപ്രാപ്തി ജനങ്ങളുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കാനാകുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ടെന്നതാണ് അതു മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ടുതന്നെ വീടിന്റെ താക്കോൽ കൈമാറുന്നതോടെ കഴിയുന്നതല്ല LIFE മിഷന്റെ സേവനം. ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ജീവിതത്തിന് വിളക്കാവാനും മിഷൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം LIFE ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. അർഹമായ എല്ലാ കേന്ദ്ര-

സംസ്ഥാന സർക്കാർ ക്ഷേമപദ്ധതികളും സേവനങ്ങളും LIFE ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായിരുന്നു അത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒന്നിച്ച് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് വളരെ വേഗത്തിൽ ആ സേവനങ്ങൾ ലഭ്യമാക്കാനായി എന്നതിനു പുറമേ വിവിധ സർക്കാർ സംവിധാനങ്ങളുടെ മുൻഗണനയിൽ LIFE ഗുണഭോക്താക്കളെ കൊണ്ടുവരാനും അതു സഹായിച്ചു. 20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഒറ്റ ദിവസത്തിൽ ലഭ്യമാക്കിയത്. റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയ്ക്കുള്ള അപേക്ഷ മുതൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ, ബാങ്ക് അക്കൗണ്ട്, വായ്പകൾ തുടങ്ങി നിരവധിയായ സേവനങ്ങൾ അദാലത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിച്ചു. ഒരു മണിക്കൂറിൽ റേഷൻ കാർഡ് ലഭ്യമാക്കിയ സ്ഥലങ്ങളുമുണ്ട്.

152 ബ്ലോക്കു പഞ്ചായത്തുകളിൽ ഹരിപ്പാട് ഒഴികെയുള്ള 151 ബ്ലോക്കു പഞ്ചായത്തുകളിലും 93 നഗരസഭകളിൽ ആലപ്പുഴയും ഹരിപ്പാടും ഒഴികെയുള്ള 91 നഗരസഭകളിലും 14 ജില്ലകളിലും ഇത്തരത്തിൽ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും നടന്നു. LIFE മിഷന്റെ മൂന്നു ഘട്ടത്തിലേയും ഗുണഭോക്താക്കളിൽ നിന്ന് 125312 പേരാണ് ഈ സംഗമങ്ങളിൽ എത്തിയത്. വിവിധ സേവനങ്ങൾക്കായി ഈ ഗുണഭോക്താക്കൾ സമർപ്പിച്ച 40258 അപേക്ഷകളിൽ 26087 എണ്ണവും അന്നേ ദിവസം തന്നെ പരിഹരിച്ചു നൽകുന്നതിനായി. ബാക്കിയുള്ള 13903 അപേക്ഷകൾക്കുമേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

LIFE മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെ ഭവന സമുച്ചയങ്ങളിലാകട്ടെ ഉറപ്പായ വൈദ്യുതി, വെള്ളം, ശുചിത്വസൗകര്യങ്ങൾ, തുണികഴുകുന്നതിനും ഉണക്കുന്നതിനും സ്ഥലസൗകര്യം, സുരക്ഷാ സംവിധാനങ്ങൾ എന്നീ അടിസ്ഥാനാവശ്യങ്ങൾക്ക് പുറമേ മീറ്റിംഗ്ഹാൾ, പൊതു വിനോദ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്ക് പൊതുപഠനമുറി, മെഡിക്കൽ ക്ലിനിക്, ക്രഷ്/ അങ്കണവാടി, വൃദ്ധജന പരിചരണ സംവിധാനം തുടങ്ങിയവ ലഭ്യമാക്കുകയും അന്തേവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു സഹായകമായ തൊഴിൽ പരിശീലനം, സ്വയം തൊഴിലുകൾ സ്വീകരിക്കാനുള്ള സഹായങ്ങൾ, നൈപുണ്യവികസന പരിപാടികൾ തുടങ്ങിയവയും ലക്ഷ്യമാക്കിയിട്ടുണ്ട്. ഇതൊക്കെ ചേർന്നാണ് LIFE മിഷനെ ജീവസ്സുറ്റ സമഗ്ര പുനരധിവാസ പദ്ധതിയാക്കുന്നത്.

## ഇനിമുന്നോട്ട്

ഇനി ബാക്കിയുള്ള അംഗീകൃത ഗുണഭോക്താക്കളിൽ എല്ലാവർക്കും എത്രയും വേഗം വീടുകൾ ലഭ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. എന്നാലതിന് കൂടുതൽ ഭൂമിയും സ്പോൺസർഷിപ്പുകളും ലഭ്യമാക്കേണ്ടതാവശ്യമാണ്. റെഡ് ക്രസന്റ് പോലെയുള്ള വലിയ സംഘടനകളും സംരംഭകരും മുതൽ സാധാരണക്കാരനായ കടയ്ക്കലിലെ അബ്ദുള്ള എന്ന സുമനസ്കനായ വ്യക്തിവരെ LIFE മിഷനുമായി സഹകരിക്കാൻ സ്വമേധയാമുന്നോട്ടു വരുന്നത് നമുക്കു വലിയ ഊർജ്ജമാണ് നൽകുന്നത്.

നിലവിലുള്ള ഗുണഭോക്തൃപട്ടികയ്ക്കു പുറത്ത് സാങ്കേതികകാരണങ്ങളാൽ പട്ടികയിൽ പെടാതെ പോയ ഭവനരഹിതരുണ്ട് എന്നതും കാണേണ്ടതാണ്. ഇത്തരം ആളുകളെ കണ്ടെത്തി പട്ടികയിൽപ്പെടുത്താൻ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. എന്നാൽ നമുക്കു ലഭ്യമായ ധനവിഭവവും പ്രകൃതി വിഭവങ്ങളും പരിമിതമാണെന്നതിനാൽ അനർഹരായവർ അതിൽ കടന്നു കൂടാതിരിക്കാനുള്ള ജാഗ്രതയും ആവശ്യമാണ്.

ഇത്തരം ജനോപകാരപ്രദമായ പദ്ധതികളിൽ രാഷ്ട്രീയവിവേചനമോ വിവാദമോ പാടില്ലെന്നാണ് സർക്കാരിന്റെ നിലപാട്. ജനപക്ഷത്തു നിൽക്കുന്ന ഒരു സർക്കാരിന് അങ്ങനെ മാത്രമേ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവൂ. എല്ലാ തർക്കത്തിനുമപ്പുറം എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായി തലചായ്ക്കാൻ ഒരു വീടുണ്ടോയെന്നത് മാത്രമാണ് സർക്കാർ പരിശോധിക്കുന്നത്. അവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുക മാത്രമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ ഉദ്യമത്തോടൊപ്പം കൈകോർക്കാൻ എല്ലാവരും ഒരുമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.